# മഗ്ദലനമറിയത്തിന്റെ സുവിശേഷം

*ഒരപഗ്രഥനം*

**A BIBLE FOR THE NEW MILLENNIUM**

# മഗ്ദലനമറിയത്തിന്റെ സുവിശേഷം

ഒരപഗ്രഥനം

**A BIBLE FOR THE NEW MILLENNIUM**

**ആൻഡ്രൂസ് സി.**

**ഗ്രേസ് പബ്ലിക്കേഷൻസ്**
ന്യൂയോർക്ക്, യു.എസ്.എ.

Malayalam

**Magdalanamariyathinte**
**Suvisesham - Orapagradhanam**

**(Gospel according to Mary Magdalene - an analysis)**

by **Andrews C.**

Rights Reserved

*First Published*
July 2008
*Copies* 1000

*Cover & layout*
Right Perspective, Kottayam

*Printed*
Alois Graphics, Kottayam

*Publishers*
**GRACE PUBLICATIONS**
New York, USA

Price :Rs.150.00
US $. 10.00

001/2008 gp 18.6 spb ns 1000/0708

സമർപ്പണം

എന്റെ അമ്മയുടെ മഹനീയസ്മരണയ്ക്ക് മുൻപിൽ

# വെളിപാട്

**പ**ത്രോസ് എന്ന പാറമേൽ പണിയപ്പെട്ട ക്രിസ്തീയസഭയുടെ നെടുംതൂണുകളാണ് മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവരെഴുതിയ സുവിശേഷങ്ങൾ; ഇവ കാനോനികസുവിശേഷങ്ങൾ എന്നറിയപ്പെടുന്നു. എന്നാൽ കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളിൽ കണ്ടെടുക്കപ്പെട്ട ഇതര സുവിശേഷങ്ങൾ സ്വതന്ത്രമായി ചിന്തിക്കുന്നവരുടെ ധാരണകളെ വിപ്ലവകരമായി തന്നെ മാറ്റാൻ പര്യാപ്തമായിരുന്നു. മഗ്ദലനമറിയത്തിന്റെയും തോമായുടെയും സുവിശേഷങ്ങളാണ് ഇവയിൽ പ്രധാനം.

ആദിമനൂറ്റാണ്ടുകളിൽ സഭ പണിതുയർത്തുന്നതിനും അതിനൊരു വ്യവസ്ഥാപിതചട്ടക്കൂടുണ്ടാക്കുന്നതിനും സഹായകരമായ വിധത്തിൽ യേശുവിന്റെ ദർശനങ്ങളെ വളച്ചൊടിച്ചിരുന്നു എന്നത് അവിതർക്കിതമായ വസ്തുതയാണ്. ആരായിരുന്നു യഥാർത്ഥയേശു? എന്തായിരുന്നു യേശുവിന്റെ ദർശനങ്ങൾ അവയുടെ നിയതരൂപത്തിൽ?

തമസ്കരിക്കപ്പെട്ടിരുന്ന സുവിശേഷങ്ങളെയും ക്രിസ്ത്യൻ തത്വശാസ്ത്രങ്ങളെയും ആസ്പദമാക്കി യേശുദർശനങ്ങളുടെ ഒരു നേർക്കാഴ്ചയ്ക്കുള്ള ശ്രമത്തിന്റെ ഭാഗമായുള്ള ഗ്രന്ഥപരമ്പരയിൽ ആദ്യത്തേതാണിത്: മഗ്ദലനമറിയത്തിന്റെ സുവിശേഷം-ഒരപഗ്രഥനം. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ സത്യവേദപുസ്തകമായി കരുതാവുന്ന ഇത് മുൻവിധികളില്ലാതെ വായിക്കുവാൻ അഭ്യർത്ഥിക്കുന്നു.

ന്യൂയോർക്ക്, **ആൻഡ്രൂസ് സി.**
20.06.2008

# മഗ്ദലനമറിയത്തിന്റെ സുവിശേഷം

(1 മുതൽ 6 വരെയുള്ള പുറങ്ങൾ കണ്ടുകിട്ടിയിട്ടില്ല)

**പുറം 7**

ഭൗതികവസ്തുക്കൾ എന്താണ്? അവ എക്കാലവും നിലനിൽക്കുമോ?

ഗുരു മറുപടി പറഞ്ഞു:

*എല്ലാ ജനിച്ചവയും എല്ലാ സൃഷ്ടിക്കപ്പെട്ടവയും പ്രകൃതിയിലെ എല്ലാ മൂലകങ്ങളും പരസ്പരം നെയ്ത് ഇണക്കിയവയും ചേർക്കപ്പെട്ടവയും ആകുന്നു. എല്ലാ കൂട്ടിച്ചേർക്കപ്പെട്ടവയും അഴിക്കപ്പെടും. എല്ലാം അവയുടെ പ്രാഥമികാവസ്ഥയിലേക്ക് തിരികെപ്പോകും. ഭൗതികവസ്തുക്കൾ (matter) അവയുടെ മൂലമായ ഭൗതികാവസ്ഥയിലേക്ക് തിരികെപ്പോകും.*

*ചെവിയുള്ളവൻ കേൾക്കട്ടെ!*

പത്രോസ് അവനോടുപറഞ്ഞു:

പ്രകൃതിയിലെ മൂലകങ്ങളുടെയും സംഭവങ്ങളുടെയും ഉള്ളിലെ അർത്ഥം (പൊരുള്) തെളിയിക്കുന്നവൻ നീ ആയിരിക്കുന്നതിനാൽ ഞങ്ങളോട് പറയുക.

ലോകത്തിന്റെ(ലെ) പാപം എന്താണ്?

ഗുരു മറുപടി പറഞ്ഞു:

*പാപം എന്നതില്ല. പാപം നിലനിൽക്കുന്നത് നിന്റെ (മനുഷ്യന്റെ) ഉള്ളിൽ മാത്രമാണ്. നീ ചിന്തിക്കാതെ പ്രവർത്തിക്കുന്ന പ്രവർത്തനങ്ങളിലൂടെ (reflexive responses) പാപത്തെ നിലനിർത്തുന്നു. അത്തരം പ്രവർത്തനരീതി പാപം നിലനിർത്തുന്നു. അതുകൊണ്ടാണ് നന്മ നിങ്ങളുടെ മദ്ധ്യത്തിലേക്ക് വന്നിരിക്കുന്നത്. നന്മ നിന്റെ സ്വഭാവരീതിയുടെ മൂലകങ്ങളോട് പരിവർത്തിക്കുന്നു. കാരണം നന്മയ്ക്ക് അതിന്റെ മൂലമായ അവസ്ഥയോട് കൂടിച്ചേരണം.*

അവൻ തുടർന്നുപറഞ്ഞു:

*അതുകൊണ്ടാണ് നീ രോഗിയാകുന്നത്, മരിക്കുന്നതും. കാരണം നിന്നെ സുഖപ്പെടുത്താൻ കഴിവുള്ളവൻ നിന്റെ കൂടെയില്ല. ചെവിയുള്ളവൻ കേൾക്കട്ടെ!*

**പുറം 8**

*ഭൗതികതയോടുള്ള ബന്ധുത യഥാർത്ഥസ്വഭാവത്തോട് വൈരുദ്ധ്യാത്മകമായ പീഢനം ഉയർത്തുന്നു. അങ്ങനെ ശരീരമാകെ പ്രശ്നം ഉണ്ടാകുന്നു. അതുകൊണ്ടാണ് ഞാൻ നിങ്ങളോട് പറയുന്നത്, താദാത്മ്യം പ്രാപിക്കുക. നിന്നെ സൃഷ്ടിച്ച നന്മയിലേക്ക് തിരികെ പോകുക. ആർക്ക് ചെവി ഉണ്ടോ അവൻ കേൾക്കട്ടെ.*

അതിനുശേഷം അനുഗ്രഹിക്കപ്പെട്ടവൻ, അവരെ അഭിവാദ്യം ചെയ്തുകൊണ്ടിങ്ങനെ പറഞ്ഞു:

*സമാധാനം നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ. ഉയർന്ന് നിങ്ങളുടെ ഉള്ളിൽ നിറയട്ടെ. ജാഗരൂകർ ആയിരിക്കുക, ഇതാ ഇവിടെ, അതാ അവിടെ എന്ന് പറഞ്ഞ് ആരും നിങ്ങളെ തെറ്റായ രീതികളിലേക്ക് നയിക്കാൻ അനുവദിക്കാതിരിക്കുക. കാരണം നിങ്ങൾക്കുള്ളിൽ തന്നെയാകുന്നു മനുഷ്യപുത്രൻ വസിക്കുന്നത്. അവനിലേക്ക് പോകുക. അവനെ അന്വേഷിക്കുന്നവർ അവനെ കണ്ടെത്തും. മുന്നോട്ട് നടക്കുക. രാജ്യത്തിന്റെ സുവിശേഷം അറിയിക്കുക.*

**പുറം 9**

*ഞാൻ സാക്ഷ്യപ്പെടുത്തിയതിൽ ഉപരിയായി ഒരു നിയമവും ഏൽപിക്കരുത്. നിയമപുസ്തകങ്ങളിൽ (യഹൂദതോറ) തന്നിട്ടുള്ള നിയമങ്ങളിൽ ഉപരിയായി കൂട്ടരുത്. അങ്ങനെ ചെയ്താൽ നിങ്ങൾ അവയാൽ ബന്ധിക്കപ്പെടും.*

ഇവയൊക്കെ പറഞ്ഞതിനുശേഷം അവൻ പോയി. ശിഷ്യന്മാർ ദുഃഖിതരായി. കണ്ണീർ വാർത്ത് ഇങ്ങനെ പറഞ്ഞു:

നമ്മൾ എങ്ങനെ അവിശ്വാസികളുടെ ഇടയിൽപോയി മനുഷ്യപുത്രന്റെ രാജ്യത്തിന്റെ സുവിശേഷം അറിയിക്കും. അവർ അവന്റെ ജീവനെ വെറുതെ വിട്ടില്ല. പിന്നെ അവർ എങ്ങനെ നമ്മുടെ ജീവനെ വെറുതെ വിടും?

അപ്പോൾ മറിയം എഴുന്നേറ്റ് തന്റെ സഹോദരരെ ആലിംഗനം ചെയ്തുകൊണ്ട് സംസാരിച്ചു:

*നിങ്ങൾ സംശയാലുക്കളും ദുഃഖിതരും ആയിരിക്കരുത്. അവന്റെ കരുണ (മഹത്വം) നമ്മെ രക്ഷിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യും. അവന്റെ മഹത്വത്തെ നമുക്ക് പുകഴ്ത്താം. കാരണം അവൻ നമ്മെ ഇതിനുവേണ്ടി തയ്യാറാക്കി. അവൻ നമ്മളെ മനുഷ്യരാക്കി.*

മറിയത്തിന്റെ വാക്കുകൾ അവരുടെ ഹൃദയങ്ങളെ നന്മയിലേക്ക് തിരിച്ചു. അപ്പോൾ അവർ ഗുരുവിന്റെ വാക്കുകൾ ചർച്ച ചെയ്യുവാൻ തുടങ്ങി.

**പുറം 10**

പത്രോസ് മറിയത്തോട് പറഞ്ഞു:

സഹോദരി, ഗുരു മറ്റു സ്ത്രീകളിൽനിന്നും വ്യത്യസ്തമായി നിന്നെ സ്നേഹിച്ചിരുന്നു.

ഗുരു നിന്നോട് പറഞ്ഞതായി നീ ഓർക്കുന്നവയും ഞങ്ങൾ കേട്ടിട്ടില്ലാത്തതുമായ വാക്കുകൾ ഞങ്ങളോട് പറയുക.

മറിയം അവരോടു പറഞ്ഞു:

*നിങ്ങളോട് പറയാത്തവാക്കുകൾ ഞാൻ പറയാം. ഞാൻ ഗുരുവിനെ ദർശനം ചെയ്തു.*

*ഞാൻ അവനോട് പറഞ്ഞു: ഗുരോ ഞാൻ നിന്നെ ഇപ്പോൾ ദർശിക്കുന്നു*

ഈ ദർശനത്തിൽ അവൻ പറഞ്ഞു:

*എന്നെ ദർശിച്ചപ്പോൾ നീ പതറി പോകാഞ്ഞതിനാൽ നീ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. കാരണം നിധി എവിടെയാണോ അവിടെയായിരിക്കും മനസ്സും.*

അപ്പോൾ ഞാൻ അവനോടു ചോദിച്ചു:

*ഗുരോ ഒരുവൻ നിന്നെ ദർശിക്കുമ്പോൾ അവൻ കാണുന്നത് ചേതനയിലൂടെയോ അതോ ആത്മാവിലൂടെയോ?*

ഗുരു മറുപടി പറഞ്ഞു:

*ചേതനയിലൂടെയും അല്ല, ആത്മാവിലൂടെയും അല്ല, രണ്ടിനും ഇടയിൽ സ്ഥിതി ചെയ്യുന്ന മനസ്സിലൂടെ ദർശിക്കുന്നു, അത് ...*

*(ശേഷം ഭാഗം 11 മുതൽ 14 വരെ പുറങ്ങൾ കണ്ടുകിട്ടിയിട്ടില്ല.)*

**പുറം 15**

*മോഹം പറഞ്ഞു: നീ താഴേക്ക് വരുന്നത് ഞാൻ കണ്ടില്ല.*

*എന്നാൽ നീ ഉയരുന്നത് ഞാനിപ്പോൾ കാണുന്നു. നീ എന്റെ സ്വന്തമല്ലേ, നീ എന്തിന് എന്നോട് കള്ളം പറഞ്ഞു?*

ആത്മാവ് പറഞ്ഞു:

*ഞാൻ നിന്നെ കണ്ടിരുന്നു. എന്നാൽ നീ എന്നെ കാണുകയോ തിരിച്ചറിയുകയോ ചെയ്തില്ല.*

*വസ്ത്രം പോലെ നിന്നെ ഞാൻ സേവിച്ചിട്ടും നീ എന്നെ അറിഞ്ഞില്ല.*

*ഇപ്രകാരം പറഞ്ഞതിനുശേഷം വളരെ സന്തോഷത്തോടെ ആത്മാവ് പോയി.*

*പിന്നീടത് അജ്ഞത എന്നറിയപ്പെടുന്ന മൂന്നാമത്തെ ശക്തിയിലെത്തി. അജ്ഞത ആത്മാവിനോട് ആരാഞ്ഞു:*

*നീ എവിടേയ്ക്കു പോകുന്നു? തിന്മയാൽ നീ അടിമപ്പെട്ടിരിക്കുന്നു. നിനക്ക് വേർതിരിവിന്റെ വിവേകം ഇല്ലാതെയായിരിക്കുന്നു. അതിനാൽ നീ വിധിക്കാൻ പാടില്ല.*

ആത്മാവ് മറുപടി പറഞ്ഞു:

*ഞാൻ നിന്നെ വിധിച്ചില്ലല്ലോ. പിന്നെ എന്തിന് നീ എന്നെ വിധിക്കുന്നു? എന്നിൽ ആധിപത്യം നടത്തുന്നു? ഞാൻ ഭരിക്കപ്പെടുന്നു, എന്നാൽ ഞാൻ ആരെയും ഭരിക്കുന്നില്ല.*

*എന്നെ ആരും അംഗീകരിച്ചില്ല (മനസ്സിലാക്കിയില്ല), എന്നാൽ ഞാൻ അംഗീകാരം നൽകി (മനസ്സിലാക്കി). ഭൂമിയിലും സ്വർഗത്തിലും. കൂട്ടിച്ചേർക്കപ്പെട്ടവയെല്ലാം വേർതിരിക്കപ്പെടും*

**പുറം16**

*ഈ മൂന്നാമത്തെ ശക്തിയുടെ മേൽ ആധിപത്യം സ്ഥാപിച്ചതിനുശേഷം സ്വാതന്ത്ര്യത്തോടെ ആത്മാവ് മേൽപോട്ടുയർന്ന് നാലാമത്തെ ശക്തിയിലെത്തി. ഈ ശക്തിക്ക് ഏഴ് മൂർത്തീകരണങ്ങൾ ഉണ്ടായിരുന്നു. ഒന്നാമത്തേത് അന്ധകാരം, രണ്ടാമത്തേത് അഭിവാഞ്ഛ, മൂന്നാമത്തേത് അജ്ഞത, നാലാമത്തേത് മരണത്തോട് ബന്ധപ്പെട്ട വെപ്രാളം, അഞ്ചാമത്തേത് അടിമത്തം (ശരീരത്തിന്റെ), ആറാമത്തേത് വിഡ്ഢിത്തപൂർണ്ണമായ വിജ്ഞാനം (ശരീരത്തിന്റെ), ഏഴാമത്തേത് കോപാക്രാന്തമായ വിജ്ഞാനം.*

(മറ്റൊരു വിവർത്തനം):

*ഒന്നാമത്തെ രൂപം അന്ധകാരം, രണ്ടാമത്തെ രൂപം ആഗ്രഹം, മൂന്നാമത്തെ രൂപം അജ്ഞത, നാലാമത്തെ രൂപം മരണത്തെക്കുറിച്ചുള്ള വെപ്രാളം, അഞ്ചാമത്തെ രൂപം മാംസശരീരം, ആറാമത്തെ രൂപം മാംസത്തിന്റെ വിഡ്ഢിത്തപൂർണ്ണമായ ജ്ഞാനം, ഏഴാമത്തെ രൂപം കോപാകുലമായ ജ്ഞാനം (മതഭ്രാന്ത്).*

*ഇവയാണ് കോപത്തിന്റെ ഏഴ് രൂപാവസ്ഥകൾ*

*അവ ചോദ്യങ്ങൾ കൊണ്ട് ആത്മാവിനെ ഞെരുക്കി:*

*കൊലപാതകി നീ എവിടെനിന്നു വന്നു? സ്ഥലരാശിയെ കീഴ്പ്പെടുത്തിയ നീ എവിടേയ്ക്കു പോകുന്നു?*

*ആത്മാവ് മറുപടി പറഞ്ഞു:*

*എന്നെ ഞെരുക്കിയത് ഛേദിക്കപ്പെട്ടിരിക്കുന്നു. എന്നെ ചുറ്റിവളഞ്ഞവ മറഞ്ഞുപോയി.*

*എന്റെ അഭിവാഞ്ഛ മങ്ങിപ്പോയി. ഞാൻ എന്റെ അജ്ഞതയിൽ നിന്നും സ്വതന്ത്രമായിരിക്കുന്നു.*

**പുറം 17**

*മറ്റൊരു ലോകത്തിന്റെ സഹായത്തോടെ ഞാൻ ലോകത്തെ വിട്ടിരിക്കുന്നു. രൂപഭാവങ്ങൾ മാറ്റപ്പെട്ടിരിക്കുന്നു, മേന്മയേറിയ രൂപഭാവങ്ങളാൽ (designs). അപ്പോൾ മുതൽ ഞാൻ വിശ്രമത്തിലേക്ക് യാത്രയായിരിക്കുന്നു. അവിടെ സമയം നിത്യതയുടെ സമയത്തിൽ വിശ്രമിക്കുന്നു.*
*ഞാൻ നിശ്ശബ്ദതയിലേക്ക് പോകുന്നു.*

ഇത്രയും പറഞ്ഞതിനു ശേഷം മറിയം നിശബ്ദയായി, കാരണം ഗുരു അവളോട് ഇത്രമാത്രമെ സംസാരിച്ചിരുന്നുള്ളു.

അപ്പോൾ അന്ത്രയോസ് അവന്റെ സഹോദരന്മാരോട് സംസാരിക്കുവാൻ തുടങ്ങി:

ഇവൾ നമ്മോട് പറഞ്ഞകാര്യങ്ങളെക്കുറിച്ച് നിങ്ങൾ എന്ത് ചിന്തിക്കുന്നു? ഗുരു ഇതുപോലെ ഇവളോട് സംസാരിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നില്ല.

നമുക്ക് അറിയാവുന്നവയിൽനിന്നും വളരെ വ്യത്യസ്തമായ ആശയങ്ങളാണിവ.

അപ്പോൾ പത്രോസും അതിനോട് യോജിച്ചു:

നമ്മോട് പറയാതിരുന്ന ഇതുപോലെയുള്ള രഹസ്യങ്ങൾ ഗുരു ഒരു സ്ത്രീയോട് രഹസ്യത്തിൽ പറഞ്ഞിരിക്കാൻ എന്താണ് സാധ്യത?. നമ്മൾ നമ്മുടെ രീതി മാറ്റണമോ? എന്നിട്ട് ഈ സ്ത്രീ പറയുന്നത് കേൾക്കണമോ? നമ്മളെക്കാൾ ഉപരിയായി അവൻ ഇവളെ കരുതിയിരുന്നോ?

**പുറം 18**

അപ്പോൾ മറിയം കരഞ്ഞുകൊണ്ട് പറഞ്ഞു:

എന്റെ സഹോദരാ, പത്രോസേ, നീ എന്തു ചിന്തിക്കുന്നു? ഇത് എന്റെ ഭാവനയാണ് എന്ന് നീ ചിന്തിക്കുന്നുവോ? ഈ ദർശനം ഞാൻ കൃത്രിമമായി മെനഞ്ഞെടുത്തതോ? അതോ ഞാൻ ഗുരുവിനെക്കുറിച്ച് കള്ളം പറയുന്നതായി നീ ചിന്തിക്കുന്നുവോ?

അപ്പോൾ ലേവി പറഞ്ഞു:

പത്രോസേ, നീ എപ്പോഴും ഒരു ക്ഷിപ്രകോപിയാണ്. ഇപ്പോൾ നീ ഒരു സ്ത്രീയെ അപമാനിക്കുന്നു. നമ്മുടെ എതിരാളികളും (ആശയച്ചേർച്ചയില്ലാത്തവർ) അതുതന്നെയല്ലേ ചെയ്യുന്നത്? എന്നാൽ ഗുരു ഇവൾക്ക് നമ്മെക്കാൾ ശ്രേഷ്ഠത നൽകി എങ്കിൽ ഇവളെ തള്ളിപ്പറയുവാൻ നീ ആര്? തീർച്ചയായും ഗുരു ഇവളെ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. നമ്മെക്കാൾ ഉപരിയായി അവൻ ഇവളെ സ്നേഹിച്ചിരുന്നു. നമ്മൾ ലജ്ജിക്കേണ്ടിയിരിക്കുന്നു. നമുക്ക് പൂർണ്ണമനുഷ്യരാകാം. അവൻ നമ്മോട് കൽപിച്ചതുപോലെ നമുക്ക് വളരാം. സുവിശേഷം പ്രചരിപ്പിക്കാൻ മുന്നോട്ട് പോകാം. അവൻ നമ്മോട് സാക്ഷ്യപ്പെടുത്തിയതിൽ ഉപരിയായി നിയമങ്ങളും ചട്ടങ്ങളും നടപ്പാക്കാൻ ശ്രമിക്കണ്ടതില്ല.

**പുറം 19**

ലേവി ഇപ്രകാരം പറഞ്ഞപ്പോൾ ഗുരുവിന്റെ സുവിശേഷം ഘോഷിക്കുന്നതിന് അവർ യാത്രയായി.

---

*ഈ തർജ്ജമയിലെ വാക്യങ്ങൾക്ക് ചിലയിടങ്ങളിൽ പരസ്പരബന്ധം ഇല്ലാത്തതുപോലെ തോന്നാം; തർജ്ജമയ്ക്കായി രണ്ട് മൂലങ്ങളെ ആശ്രയിച്ചതുകൊണ്ട് സംഭവിച്ചതാണത്*

**മ**ഗ്ദലനമറിയത്തിന്റെ സുവിശേഷം ആധുനികലോകത്ത് വെളിച്ചം കണ്ടത് 1896-ൽ കെയ്റോയിലാണ്. തോമായുടെ സുവിശേഷം ഈജിപ്തിലെ നാഗ്ഹമാദി മലഞ്ചെരുവിൽ 1945-ൽ കണ്ടെടുത്ത വേദപുസ്തക ചുരുളുകളിൽ പെടുന്നു. പൗരാണിക ക്രിസ്തുമതത്തെ കുറിച്ച് മത്തായി, മർക്കോസ് ലൂക്കോസ്, യോഹന്നാൻ എന്നീ സുവിശേഷങ്ങളിൽനിന്നും വ്യത്യസ്തമായ ഒരു കാഴ്ചപ്പാട് മറിയത്തിന്റെയും തോമായുടെയും സുവിശേഷങ്ങൾ നൽകുന്നു. പാരമ്പര്യസുവിശേഷങ്ങൾ പരസ്പരവിരുദ്ധങ്ങളായ ആശയങ്ങളും സംഭവങ്ങളും കൂട്ടിച്ചേർത്ത് - പഴംതുണിയിൽ പുതിയ തുണിക്കഷണങ്ങൾ കൂട്ടിച്ചേർത്തതുപോലെ -"പുതിയനിയമം" എന്ന വിശുദ്ധ കൃത്രിമത്വത്തിലൂടെ യേശു എന്ന യെഹൂദനെ ദൈവമായി ചിത്രീകരിക്കാൻ പണിപ്പെടുമ്പോൾ, മറിയവും തോമായും യേശുവിന്റെ യാഥാർഥചിത്രം നൽകുന്നു. പാരമ്പര്യസുവിശേഷങ്ങളിൽ യേശു പറഞ്ഞതായി ചിത്രീകരിക്കുന്ന വാക്കുകളിൽ ഏതാണ്ട് 15 - 20 ശതമാനം മാത്രമേ യേശു പറഞ്ഞവയോ, പറയാൻ സാധ്യതയുള്ളവയോ ആയിട്ടുള്ളൂ. മറ്റുള്ളവ കാലഘട്ടത്തിന്റെ ആവശ്യത്തിനനുസരിച്ച് മൂലഭാഷയിൽനിന്നും തെറ്റായി തർജ്ജമ ചെയ്ത് കൂട്ടിച്ചേർക്കപ്പെട്ടവയാണ്.

എല്ലാ ആത്മീയചിന്തകളും ദൈവികമാണ് എന്ന് എല്ലാ മതങ്ങളും പഠിപ്പിക്കുന്നു, എന്നാൽ ആത്മീയചിന്ത മനുഷ്യന്റെ ഉള്ളിൽ നിന്നും ഉളവാകുന്നു എന്ന് യേശു മറിയത്തിന്റെയും തോമായുടെയും സുവിശേഷങ്ങളിലൂടെ പറയുന്നു. "സ്വർഗ്ഗരാജ്യം നിങ്ങളുടെ ഉള്ളിൽ തന്നെ അല്ലോ", എന്ന വചനം ഓർക്കുക. പാരമ്പര്യസുവിശേഷങ്ങളിലും യേശു ഇങ്ങനെ തന്നെ പറയുന്നു. മതങ്ങളും സുവിശേഷഘോഷകരും ഇതൊക്കെ പലവിധത്തിൽ തർജ്ജമ ചെയ്യുന്നു എന്നുമാത്രം. അറയിൽ കടന്ന് വാതിൽ അടച്ച് രഹസ്യത്തിൽ കാണുന്ന പിതാവിനോട് സംസ്സർഗം ചെയ്യുന്ന പ്രക്രിയയാണ് പ്രാർത്ഥന. മനുഷ്യൻ തന്റെ ആത്മീയപാത ഇങ്ങനെ തേടുമ്പോൾ മതങ്ങൾക്കും പുരോഹിതർക്കും എന്താണ് പ്രസക്തി? മനുഷ്യൻ സ്വന്തം നിലനിൽപിനുവേണ്ടി വേദങ്ങളെ ഉപയോഗിക്കുകയും അവയുടെ പൊരുള് തിരിക്കുകയും ചെയ്യുന്നു. മോശ തന്ന ന്യായപ്രമാണങ്ങളോട് കൂടുതൽ ചേർക്കരുത്. കാരണം കൂടുതൽ നിയമങ്ങൾ മനുഷ്യനെ കൂടുതൽ ബന്ധനസ്ഥനാ

ക്കുന്നു. മാത്രമല്ല, നിയമങ്ങളുടെ കുറവല്ല അധാർമ്മികതയുടെ കാരണം. ധാർമ്മികത, നീതി, സ്നേഹം ഇവയെല്ലാം മനുഷ്യന്റെ ഉള്ളിൽ ഉരുവായി വെളിയിലേക്കു പ്രസരിക്കേണ്ടവയാണ്. അല്ലാതെ നിയമം കൊണ്ട് അടിച്ചേൽപ്പിക്കാവുന്നവയല്ല. പ്രകൃതിയിൽ വിരിയുന്ന പൂവിൽ തേൻ സ്വയം ഉളവാകുന്നു. എന്നാൽ കൃത്രിമമായ പ്ലാസ്റ്റിക് പൂവിൽ തേൻ ഉളവാകുന്നില്ല. അതുപോലെ നിന്നെപ്പോലെതന്നെ നിന്റെ അയല്ക്കാരനെയും സ്നേഹിക്കുക എന്ന ധാർമ്മികബോധം മതത്തിനോ കോടതിക്കോ മനുഷ്യനിൽ ഉളവാക്കാനാവില്ല. ഉള്ളിൽനിന്നും (self) ഉയരേണ്ടുന്ന വികാരമാണ് അത്. തന്നെ മാത്രം സ്നേഹിക്കുന്ന അവസ്ഥ സ്വാർത്ഥതയുടെ പരമമായ അവസ്ഥയാണ്. തന്നെമാത്രം സ്നേഹിക്കുന്ന സ്വാർത്ഥതയുടെ വികാരത്തിനു പകരം വേദനിക്കുന്നവന്റെ വേദന അവനെപ്പോലെ തന്നെ അനുഭവിച്ച് അപരനെ സ്നേഹിക്കുന്നതിന് നിയമങ്ങളുടെ നിബന്ധന വേണ്ട. ആ നിസ്വാർത്ഥ വികാരം ഉള്ളിന്റെ ഉള്ളിൽ നിന്നും ഉരുത്തിരിയേണ്ടതാണ്. അതാണ് യേശു മറിയത്തിന്റെയും തോമായുടെയും സുവിശേഷങ്ങളിലൂടെ പറയുന്നത്. എല്ലാ നിയമത്തേക്കാളും ഉപരിയായ ധാർമ്മികതയാണ് നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക എന്നത്.

ജനിക്കുക, ജനിപ്പിക്കുക, തിന്നുക, മരിക്കുക - ഇതെല്ലാം എല്ലാ ജീവജാലങ്ങളോടും ബന്ധപ്പെട്ടിരിക്കുന്ന സാധാരണ പ്രകൃതിനിയമമാണ്. എന്നാൽ മനുഷ്യൻ അതിലുപരിയായി സ്വയം മനസ്സിലാക്കുന്ന (self realisation) ഒരു ജീവി കൂടിയാണ്. ആ അവസ്ഥ കൈവരിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുന്നു മറിയത്തിന്റെ സുവിശേഷം. പ്രകൃതിയിൽ സാധാരണ നടക്കുന്ന ജീവിതചക്രത്തിലും ഉപരിയായി സ്വയത്തെ മനപൂർവ്വം മനസ്സിലാക്കി പ്രവർത്തിക്കുന്ന അവസ്ഥ. പേ പിടിച്ച് ഓടുന്ന പട്ടി ഓടുന്നത് ഭയം കൊണ്ടാണ്. റേബിസിന്റെ അണുക്കൾ തലച്ചോറിൽ വിഭ്രാന്തി സൃഷ്ടിക്കുന്നു. ഏതെല്ലാമോ ഭീകരരൂപങ്ങൾ തന്നെ ആക്രമിക്കുവാൻ ചുറ്റുംകൂടുന്നതായി പട്ടിക്കുതോന്നുന്നു. അതിനാൽ അവയെ ആക്രമിക്കുന്നു. എന്നാൽ പേ പിടിച്ചത് തനിക്കാണ് എന്നു ചിന്തിക്കുവാനുള്ള മാനസികാവസ്ഥ പട്ടിക്കില്ല. അതു തന്നെയാണ് സ്വയം മനസ്സിലാക്കാത്ത മനുഷ്യന്റെയും അവസ്ഥ. ജീവിതപ്രാരാബ്ധങ്ങളിൽ പേ പിടിച്ച് ഓടി നടക്കുന്ന മനുഷ്യാ, നീ ഒരു നിമിഷം നില്ക്കു, നിന്നിലേക്കു നോക്കു. അതാണ് മറിയത്തിന്റെ സുവിശേഷം ഉദ്ബോധിപ്പിക്കുന്നത്. സ്വർഗം ഇവിടെയും അല്ല, അവിടെയും അല്ല. യെരുശലേമിൽ അല്ല, കാശിയിൽ അല്ല, മക്കയിലും മേരുവിലും അല്ല. നിങ്ങൾക്കുള്ളിൽ തന്നെയാണ്. അതാണ് മറിയത്തിന്റെ സുവിശേഷത്തിന്റെ കാതൽ. 4000 വർഷങ്ങൾക്ക് മുൻപ് മുതൽ മനുഷ്യനോടു പറയുന്ന നിയമം. അവതാരകഥകളിലൂടെ, ബുദ്ധനിലൂടെ, നബിയിലൂടെ, യേശുവിലൂടെ, ഉപനിഷത്തുകളിലൂടെ, ശങ്കരനിലൂടെ, ഓംകാരനാദത്തിലൂടെ മനുഷ്യനോടു പറയുന്ന നിയമം. എല്ലാ നിയമത്തിലും ഉപരിയായ നിയമം. നിന്നിലേക്കു തന്നെ

നോക്കൂ, അപ്പോൾ നീ പേ പിടിച്ച പട്ടിക്കു പകരം സുഗന്ധം വമിക്കുന്ന കസ്തൂരിമാനായി മാറും. അനേകകാലം ആഹാരവും കിടപ്പാടവും ഇല്ലാതെ അലഞ്ഞു നടന്നശേഷം സ്വന്തം വീട്ടിലേക്കു തിരികെവരുന്ന സുഖം. തിരികെവരുന്ന മുടിയനായ പുത്രനെ പിതാവ് ആലിംഗനം ചെയ്തു സ്വീകരിക്കുന്ന അവസ്ഥ. അതാണ് മറിയത്തിന്റെ സുവിശേഷം അറിയുമ്പോൾ ലഭിക്കുന്ന സ്വാസ്ഥ്യം.

ഇത്രമാത്രം ഉന്നതമായ ധാർമ്മികചിന്താഗതി സത്യവേദപുസ്തകത്തിൽ മറിയത്തിന്റെ സുവിശേഷം എന്ന പേരിൽ ചേർക്കാത്തതിന്റെ കാരണങ്ങൾ നിരവധി ആകാം. പത്രോസ് പറയുന്നു, ''ഗുരു നമ്മെക്കാൾ ഉപരിയായി ഒരു സ്തീയെ സ്നേഹിച്ചിരുന്നു".പുരുഷമേധാവിത്തം നിലനില്ക്കുന്ന യെഹൂദമതത്തിന്റെ സന്തതിയായ ക്രിസ്തുമതത്തിന് അത്തരമൊരവസ്ഥ നീതികരിക്കാനാവില്ല തന്നെ. മാത്രമല്ല, പാരമ്പര്യസുവിശേഷങ്ങൾ - മത്തായി മർക്കോസ്, ലുക്കോസ്, യോഹാന്നാൻ - വ്യത്യസ്ഥചിന്താഗതികൾ വെച്ചു പുലർത്തിയിരുന്ന പ്രസ്ഥാനങ്ങളുടെ (different schools) ഉൽപന്നങ്ങളാണ്. മറിയത്തിന്റെ സുവിശേഷത്തിനോ തോമായുടെ സുവിശേഷത്തിനോ അത്തരം മുൻഉദ്ദേശങ്ങൾ ഉണ്ടായിരുന്നതായി തോന്നുന്നില്ല. ക്രിസ്തുമതം പ്രചരിപ്പിക്കുക എന്നതായിരുന്നില്ല മറിച്ച് യേശുവിന്റെ (ഗുരുവിന്റെ) ആശയങ്ങൾ പ്രചരിപ്പിക്കുക എന്നതായിരുന്നു ഈ പുസ്തകങ്ങൾ രചിച്ചവരുടെ/ക്രോഡീകരിച്ചവരുടെ ഉദ്ദേശം. കെട്ടുകഥകളും ചരിത്രവും വിശ്വാസവും എല്ലാംകൂടി കൂട്ടികുഴച്ച അവസ്ഥയിലാണ് ഇന്നത്തെ സത്യവേദപുസ്തകം. വിശുദ്ധകൃത്രിമത്വത്തിലൂടെ സ്ഥാപിതമതം നിർമ്മിച്ച ഒരുൽപന്നം.

മറിയത്തിന്റെയും തോമായുടെയും സുവിശേഷം മതത്തിന്റെ ബന്ധനങ്ങളിൽ പെടാതെ നിൽക്കുന്നു. ഇവയിൽ മനുഷ്യൻ സ്വതന്ത്രനാണ്. സ്വയം അറിയുന്ന മനുഷനെ ദൈവവുമായി സംസ്സർഗം ചെയ്യാൻ കഴിവുള്ളനാക്കുന്നു. അവൻ ദിവ്യരഹസ്യങ്ങളുടെ ഊരാക്കുടുക്കുകളാൽ ബന്ധിതനല്ല. നിയമങ്ങളില്ല. അവിടെ മന്ത്രങ്ങളും ജലങ്ങളുമില്ല. കൂദാശകൾ ഇല്ല. മനുഷ്യൻ മനസ്സിലാക്കേണ്ടുന്ന വലിയൊരു രഹസ്യം വളരെ ലളിതമായി നമുക്കു കാട്ടിത്തരുന്നു. ഇത്തരം സുവിശേഷത്തിനു മതത്തിൽ എന്തു സ്ഥാനം? സ്വർഗ്ഗരാജ്യം നിങ്ങൾക്കുള്ളിലല്ലോ (The Kingdom of God is within you). പിന്നെ മതത്തിന്റെ ആവശ്യം എന്ത്?

കാനോനികസുവിശേഷങ്ങൾ എന്നറിയപ്പെടുന്ന സുവിശേഷങ്ങൾ (മത്തായി, മർക്കോസ്, ലൂക്കോസ് , യോഹന്നാൻ) എല്ലാ ക്രിസ്തീയവിഭാഗങ്ങളും അംഗീകരിക്കുന്നില്ല. അതു കൊണ്ടാണ് തുടക്കത്തിൽ പാരമ്പര്യസുവിശേഷങ്ങൾ (Traditional) എന്ന വാക്കുപയോഗിച്ചത്.

C.E.-50-മാണ്ടിനു ശേഷം എഴുതിയതാണ് മർക്കോസിന്റെ സുവിശേഷം. പിന്നീട് C.E.70-നു ശേഷം എഴുതപ്പെട്ട മത്തായിയുടെ സുവിശേഷത്തിൽ

മർക്കോസിന്റെ സുവിശേഷത്തിലെ തെറ്റുകൾ തിരുത്തി പുതിയോരു യേശു വിനെ സൃഷ്ടിച്ചു. പിന്നീട് ഉണ്ടായവയാണ് ലൂക്കോസിന്റെയും യോഹന്നാന്റെയും സുവിശേഷങ്ങൾ. ഇവയുടെ രചയിതാക്കൾ യേശുവിന്റെ ശിഷ്യന്മാർ ആയിരുന്നു എന്ന് ക്രിസ്തീയവിഭാഗങ്ങൾ തെറ്റായി അനുയായികളെ പഠിപ്പിക്കുന്നു. ഇവയെ 'കാനോനികം' ആക്കിയത് C.E.325 ൽ നടന്ന നൈസിയ (നിഖ്യ) സുന്നഹദോസിൽ ആണ്. റോമൻ ചക്രവർത്തി ക്രിസ്ത്യാനി ആകുകയും അന്നുവരെ നിലനിന്നിരുന്ന യേശുചിന്താഗതിയെയും ക്രിസ്തുചിന്താഗതിയെയും കോൺസ്റ്റന്റെയിൻ ക്രിസ്ത്യൻ മതമായി രൂപാന്തരപ്പെടുത്തുകയും ചെയ്തു. ഉദാഹരണമായി മദ്യവും മഹിളയും വെടിഞ്ഞ ജീവിതരീതി നയിച്ച യേശു ഒരിക്കലും കാനായിലെ കല്യാണത്തിൽ വീഞ്ഞു വാറ്റുകയില്ല. കുസ്തന്തിനോസ് ചക്രവർത്തിയുടെ വീഞ്ഞുകുടിയെ ന്യായീകരിക്കാൻ പിന്നീട് ഉണ്ടാക്കിയ കള്ളക്കഥയാവാം ഇത്. യേശുവിനെ ക്രിസ്തുവായി ചിത്രീകരിക്കാത്ത എല്ലാ ചിന്താഗതികളും എഴുത്തുകളും അടിച്ചമർത്തുകയും ചെയ്തു. കുസ്തന്തിനോസ് ചക്രവർത്തിക്ക് എതിരുനിന്നവരെ സ്ഥാനഭ്രഷ്ടരാക്കുകയും നാടുകടത്തുകയും മാത്രമല്ല നിഖ്യയിലെ കൗൺസിലിൽ അംഗീകരിക്കാത്തവരെ നശിപ്പിക്കുകയും ചെയ്തു. അത്തരം അടിച്ചമർത്തപ്പെട്ട പുസ്തകങ്ങളിൽ പെട്ടവയാണ് തോമായുടെയും മറിയത്തിന്റെയും സുവിശേഷങ്ങൾ. ഇവയെ പൊതുവായി gnostic എന്നു വിളിക്കുന്നു. ആന്തരികതയെ അറിയുക; സ്വയം മനസ്സിലാക്കുക എന്ന് അർത്ഥമുള്ള gnosos ഗ്രീക്ക് വാക്കിൽനിന്നും ഉത്ഭവം. മഗ്ദലനമറിയത്തിന്റെ സുവിശേഷം വായിച്ചപ്പോൾ മറിയം ജീവനുള്ള മനുഷ്യരൂപത്തിൽ എന്റെ അടുക്കൽ നിൽക്കുന്നതുപോലെ തോന്നി. എന്നാൽ മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവരുടെ പേരിൽ അറിയപ്പെടുന്ന സുവിശേഷങ്ങൾ പലതവണ വായിച്ചിട്ടും അങ്ങനെയൊരനുഭവം ഉണ്ടായില്ല. കാരണം ഈ നാല് സുവിശേഷങ്ങൾ ഓരോന്നും മറ്റൊന്നിന്റെ തെറ്റുകൾ തിരുത്താൻ വേണ്ടി എഴുതിയവയും പ്രാദേശികചിന്താഗതികൾ അനുസരിച്ച് എഴുതിയവയും ആകുന്നു. വസ്തുതകൾക്കല്ല ഈ സുവിശേഷകർ പ്രാധാന്യം കൊടുത്തത്. പിന്നെയോ അവരുടെ ചിന്താഗതിയെ പ്രചരിപ്പിക്കുക എന്നതായിരുന്നു ഉദ്ദേശ്യം. എന്നാൽ മറിയത്തിന്റെ സുവിശേഷം ഒരു ആത്മഗതചിത്രീകരണം പോലെ തോന്നുന്നു. മാത്രമല്ല ഇതായിരിക്കാം യേശുവിന്റെ തത്വശാസ്ത്രവും. മറ്റു സുവിശേഷങ്ങളിലെ അത്ഭുതങ്ങളും പീഢാനുഭവവിവരണങ്ങളും ഒരു സങ്കൽപം അല്ലെങ്കിൽ ഭാവനയുടെ ചിത്രീകരണം (fiction) മാത്രമാണ്. അല്ലായെങ്കിൽ സാരാംശകഥകൾ (symbolic) മാത്രം. എന്തുകൊണ്ട് മറിയത്തിന്റെ മഹത്തായ ഈ സുവിശേഷം ആദിമ സഭകൾ മറച്ചു വെച്ചു? കാരണം വളരെ വ്യക്തം. പുരുഷമേധാവിത്തം നിലനിന്നിരുന്ന ഒരു സമൂഹത്തിൽ സ്ത്രീയായ മറിയത്തെ മറ്റു പുരുഷന്മാരേക്കാൾ ശ്രേഷ്ഠയായി അംഗീകരിക്കുവാൻ ആവില്ല എന്നതു തന്നെ. അതു

കൊണ്ടാണ് പത്രോസ് പറയുന്നത് "ഗുരു ഒരു സ്ത്രീയോട് ഇതേ രീതിയിൽ സംസാരിച്ചു എന്നത് എങ്ങനെ സാദ്ധ്യമാകുന്നു? നമ്മൾ അറിഞ്ഞിട്ടില്ലാത്ത രഹസ്യങ്ങൾ ഇവൾക്ക് എങ്ങനെ വെളിവായി? നമ്മൾ നമ്മുടെ രീതി മാറ്റി ഈ സ്ത്രീയെ ചെവിക്കൊള്ളണമോ? അവൻ നമ്മേക്കാൾ ഉപരിയായി ഇവളെ കരുതുന്നുവോ?" അതുകൊണ്ടാണ് മറിയത്തിന്റെ സുവിശേഷം വെളിച്ചം കാണാതെ വന്നത്. ഈ രണ്ടു സുവിശേഷങ്ങളിലും അത്ഭുതങ്ങളില്ല. മാനുഷികം അല്ലാത്തതൊന്നുമില്ല അതുകൊണ്ടാണ് മറിയത്തിന്റെ സുവിശേഷം തമസ്കരിക്കുകയും മറിയത്തെ ഒരു വേശ്യയായി ചിത്രീകരിക്കുകയും ചെയ്തത്.

കോൺസ്റ്റന്റയിൻ ചക്രവർത്തിയും ആദിമസഭാപിതാക്കന്മാരും നിഖ്യ (NICAEA) സുന്നഹദോസിൽ അംഗീകരിക്കാത്തവയെ നശിപ്പിച്ചുവെങ്കിലും എല്ലാം നശിപ്പിക്കപ്പെട്ടില്ല. പലകാലഘട്ടങ്ങളിലായി അവയുടെ ശേഷിപ്പുകൾ പലയിടങ്ങളിൽ നിന്നും ലഭിച്ചു. എങ്കിലും പൂർണ്ണകൃതികൾ ലഭ്യമായിരുന്നില്ല. എന്നാൽ C.E.1945-ൽ ഈജിപ്റ്റിലെ നാഗ് ഹമാദി (NAG HAMMADI) എന്ന മരുഭൂവിൽ അനേകം ചുരുളുകൾ കണ്ടെത്തി, പ്രധാനമായും ജ്ഞാനവാദത്തിൽ (gnostic) പെട്ടവ. അവയിൽ പ്രധാനപ്പെട്ടതാണ് തോമായുടെ സുവിശേഷം. മറിയത്തിന്റെ സുവിശേഷം 1896 ഈജിപ്റ്റിൽ നിന്നും കണ്ടെടുത്തതാണ്. സ്വയം അറിയുക, ആത്മീയവളർച്ചയും മോക്ഷവും (രക്ഷയും) സ്വന്തം വ്യക്തിത്വത്തിന്റെ വളർച്ചയിലൂടെ നേടുക, സ്വയം മനസ്സിലാക്കി നന്നാവാത്തവൻ മതത്തിന്റെ അംഗമായിരുന്നാലും നന്നാകുന്നില്ല എന്ന ചിന്താഗതിയാണ് ഇവയുടെ സാരം. ഇതുതന്നെയാണ് ഭാരതീയതത്വചിന്തയും. അതിനാൽ യേശുവിന്റെ പഠിപ്പിക്കലുകളും ആദിമക്രിസ്തീയസഭാപിതാക്കന്മാരുടെ തത്വചിന്തയും ഭാരതീയവേദങ്ങളിൽനിന്നും പുരാണങ്ങളിൽ നിന്നും ബുദ്ധമതത്തിൽനിന്നും ഒക്കെ ചോർത്തിയാതാണ് എന്നനുമാനിക്കാം.. അതിനാൽ ഹൈന്ദവരാഷ്ട്രത്തിന്റെ പേരിൽ ഭാരതത്തിലെ ഹൈന്ദവർ ക്രിസ്തുമതക്കാരെ വിദേശീയരായി കാണുമ്പോൾ ഒരു കാര്യം ഓർക്കുക. ഇന്നുകാണുന്ന ക്രിസ്തുമതതത്വം ഹൈന്ദവതത്വചിന്തയുടെ അനുകരണം മാത്രമാണ്. എല്ലാം ഉൾക്കൊള്ളാൻ തക്ക വിശാലമനസ്ഥിതിയുള്ള ഭരതാംബക്ക് ക്രിസ്ത്യൻ ചിന്താധാരയെ മാത്രമല്ല മറ്റു ചിന്താഗതികളെയും അംഗീകരിക്കാൻ സാധിക്കും.

നാഗ് ഹമാദിയിലെ ഭരണികളിലെ ചുരുളുകൾ ഏകദേശം C.E.250-നോടടുത്ത കാലഘട്ടത്തിൽ ഉളവായതാകാമെന്നാണ് പണ്ഡിതമതം. മറിയത്തിന്റെയും തോമായുടേയും സുവിശേഷങ്ങളും മറ്റു ജ്ഞാനവാദികളുടെ കൃതികളും C.E.50-നും 70-നും ഇടയ്ക്ക് എഴുതപ്പെട്ടവയും ആയിരിക്കാം. അതിനാൽ ഇവ കാനോനികസുവിശേഷങ്ങൾക്ക് മുൻപ് ഉണ്ടായവയും ആദിമസുവിശേഷത്തിന്റെ സമകാലീനത ഉള്ളവയും ആകുന്നു. നാല്

കാനോനികസുവിശേഷങ്ങളും എഴുതുന്നതിനു മുമ്പു നിലനിന്നിരുന്ന ആദ്യസുവിശേഷം (ഉത്ഭവസുവിശേഷം) പുസ്തകരൂപത്തിൽ നിലനിൽക്കുന്നില്ല. എങ്കിലും നാല് കാനോനികസുവിശേഷങ്ങളും ഈ ആദിമസുവിശേഷത്തിൽ നിന്നും രൂപം പ്രാപിച്ചവയാണ്.

നാലു കാനോനികസുവിശേഷകരുടെയും ചിത്രീകരണങ്ങളെ ആസ്പദമാക്കി നൂറ്റാണ്ടുകളിലൂടെ മറിയത്തെ പല രൂപത്തിൽ ചിത്രകാരന്മാരും എഴുത്തുകാരും ചിത്രീകരിച്ചിരിക്കുന്നു. സുവിശേഷങ്ങൾ പല തവണ വായിച്ചപ്പോൾ അവയിലെ കൃത്രിമത്വം എനിക്ക് കൂടുതൽ, കൂടുതലായി വെളിപ്പെട്ടു കൊണ്ടിരുന്നു. മറിയവും ഭാരതീയപുരാണത്തിലെ വാസവദത്തയും തമ്മിൽ നല്ല സാദൃശ്യം തോന്നുന്നു. ഭാരതീയ തത്വശാസ്ത്രം കടമെടുത്ത യേശുമതം വാസവദത്തയെയും കടമെടുത്തതല്ലേ? അതുപോലെതന്നെ ബുദ്ധൻ വെള്ളം ചോദിച്ച ചണ്ഡാലസ്ത്രീ അല്ലേ യേശു വെള്ളം ചോദിച്ച ശമരിയക്കാരി സ്ത്രീയും? കംസന്റെയും കൃഷ്ണന്റെയും കഥയല്ലേ യേശുവിന്റെയും ഹേരോദാവിന്റെയും കഥ. അതിനാൽ സുവിശേഷങ്ങളിൽ കാണുന്ന മഗ്ദലനമറിയത്തിന്റെ രൂപം നിങ്ങളുടെ മനസ്സിൽ നിന്നും മാറ്റിവയ്ക്കുക. ഞാൻ മനസ്സിലാക്കിയത് നിങ്ങളും മനസ്സിലാക്കാൻ ശ്രമിക്കുക. മറിയത്തെക്കുറിച്ചുള്ള എല്ലാ മുൻവിധികളും മനസ്സിൽ നിന്നും മായിച്ചുകളഞ്ഞിട്ട് വായിക്കുക.

നാല് കാനോനികസുവിശേഷങ്ങളിലും മറിയത്തിന്റെ പേര് പലതവണ കാണാം എന്നാൽ പേര് ഉവയോഗിച്ചിട്ടില്ലാത്തിടത്തും അത് മറിയമാണ് എന്ന് ധ്വനിപ്പിക്കുന്നു. ഉദാഹരണം: മഗ്ദലനമറിയവും ബഥനിയിലെ ലാസറിന്റെ സഹോദരി മറിയവും ഒരാളാണ് എന്ന തോന്നൽ; ലൂക്കോസിന്റെ സുവിശേഷത്തിൽ യേശുവിന്റെ കാലിൽ പരിമളതൈലം പൂശിയ സ്ത്രീ മഗ്ദലനമറിയം ആണ് എന്ന തോന്നൽ. (ലൂക്കോ: 7: 36-50). ഈ ചിന്താഗതിക്ക് വഴിയൊരുക്കിയത് C.E 591-ൽ പോപ്പ് ഗ്രിഗറി ഒന്ന് ചെയ്ത പ്രസ്താവനയാണ്. യോഹന്നാൻ (സുവിശേഷത്തിൽ) മറിയം എന്നു വിളിക്കുന്നവളും ലൂക്കോസ് പാപിണി എന്നു വിളിക്കുന്നവളും ഏഴ് ഭൂതങ്ങളെ പുറത്താക്കപ്പെട്ട മറിയവും (മർക്കോസിന്റെ സുവിശേഷം) സ്വന്തം മാംസത്തിൽ പരിമളം പൂശി വിലക്കപ്പെട്ട പ്രവർത്തികൾ ചെയ്തിരുന്നവളും ഒരാളാണ് എന്ന് വളരെ വ്യക്തം. എന്നാൽ പോപ്പിന് തെറ്റു പറ്റില്ല എന്ന് റോമൻ കത്തോലിക്കാസഭ വിസ്വസിക്കുന്നു. 1569-വരെ ഭൂമി സൗരയൂഥത്തിന്റെ കേന്ദ്രമാണെന്നും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം ഭൂമിക്കു ചുറ്റും കറങ്ങുന്നു എന്നും തെറ്റായി വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്ത റോമാസഭയുടെ അനേക അബദ്ധവിശ്വാസങ്ങളിൽ ഒന്നാണ് പോപ്പ് ഗ്രിഗറി ഒന്നാമന്റെ പ്രസ്താവനയും. ലൂക്കോസിന്റെ സുവിശേഷത്തിൽ പറയുന്ന പാപിണി എന്ന (barmartolos) ഗ്രീക്ക് വാക്കിന് പല അർത്ഥങ്ങൾ ഉണ്ട്. നിയമലംഘനം നട

ത്തുന്നവൻ, നികുതി കൊടുക്കാതിരിക്കുന്നവൻ എന്നൊക്കെ തർജ്ജമ ചെയ്യാമെങ്കിലും തെരുവുവേശ്യ എന്ന അർത്ഥം ഇതിനില്ല. അതിനുള്ള ഗ്രീക്ക് വാക്ക് porin എന്നാണ്. അത് ലൂക്കോസ് ഉപയോഗിച്ചിട്ടില്ല. എന്നുമാത്രമല്ല നാല് സുവിശേഷങ്ങളിൽ ഒരിടത്തും മഗ്ദലനമറിയത്തെ വേശ്യ എന്ന് നേരിട്ട് ചിത്രീകരിച്ചിട്ടുമില്ല. അതിനാൽ യേശുവിനോടു ചെയ്ത വലിയ അപരാധമാണ് പോപ്പ് ഗ്രിഗറിയുടെ പ്രസ്താവന എന്നു വേണം മനസ്സിലാക്കേണ്ടത്. മറ്റുള്ളവരെക്കാൾ ഉപരിയായി യേശു കണക്കാക്കിയ മറിയം, യേശുവിന്റെ പഠിപ്പിക്കലിനെ അതിന്റെ ആന്തരികാർത്ഥത്തിൽ മനസ്സിലാക്കിയ മഗ്ദലനമറിയമാണ് യേശുവിന്റെ യഥാർത്ഥ അനുയായി. കൊന്തയും തലമുണ്ടും ഇട്ടല്ല അവൾ യേശുവിനെ സ്വീകരിച്ചത്. മനസ്സു മുഴുവൻ നിറഞ്ഞുനിൽക്കുന്ന ഗുരു. അതാണ് അവളുടെ യേശു. അവളെ ഞാൻ കണ്ടത് ശരീരത്തിൽ പരിമളം പൂശി വേശ്യാവൃത്തി നടത്തിയവളായിട്ടല്ല. യേശുവിന്റെ യഥാർത്ഥസുവിശേഷത്തിന്റെ പരിമളം പരത്തുന്നവളാണ് മഗ്ദലനമറിയം. അവളെ ഞാൻ കണ്ടെത്തിയത് തെരുവിലല്ല, കാനോനികസുവിശേഷങ്ങളിൽ തന്നെയാണ് അവളെ കണ്ടെത്തിയത്. ക്രിസ്തുവിന്റെ ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട സംഭവങ്ങൾ പരാമർശിക്കപ്പെടുമ്പോഴും യേശുവിന്റെ അമ്മ മറിയത്തിനൊപ്പം ചേർത്തു കാണുന്ന ഒരേ ഒരു പേര് മഗ്ദലനമറിയത്തിന്റേതാണ്. നാല് കാനോനികസുവിശേഷങ്ങളിലും മഗ്ദലനയമറിയത്തിന്റെ പേര് എടുത്തുപറഞ്ഞിരിക്കുന്നു. എന്നുമാത്രമല്ല, മറ്റു സ്ത്രീകളുടെ പേര് പറയുന്നിടത്ത് ഒരിക്കലൊഴികെ എല്ലായിടത്തും മറിയത്തിന്റെ പേരാണ് ആദ്യം പറഞ്ഞിരിക്കുന്നത്. (മർക്കോസ് 16:9; ലൂക്കോസ് 8:2). ഏഴു ഭൂതങ്ങളെ പുറത്താക്കിയ മഗ്ദലനക്കാരത്തി മറിയം എന്ന് പരാമർശിച്ചിട്ടുണ്ട്. "ഏഴുഭൂതങ്ങൾ" ഏഴു ചെകുത്താന്മാർ അല്ല. ഭാരതീയതത്വശാസ്ത്രവും ബുദ്ധമത തത്വശാസ്ത്രവും അറിയാവുന്നവർക്ക് മനസ്സിലാകും എന്താണ് മനുഷ്യശരീരത്തിൽ ഉൾക്കൊള്ളുന്ന ഭൂതങ്ങൾ എന്ന്. ഗ്രിഗറി ഒന്നാമൻ പോപ്പിന്റെ തത്വശാസ്ത്രത്തിലുള്ള അറിവില്ലായ്മയാണ് ആ പ്രസ്താവനയിൽ കാണുന്നത്. യേശുവിന്റെ കുരിശിൻ ചുവട്ടിൽ വെറും മൂന്നുപേരേ ഉണ്ടായിരുന്നുള്ളു – യേശുവിന്റെ അമ്മ മറിയം, പ്രിയശിഷ്യൻ യോഹന്നാൻ (ഈ ശിഷ്യനെ കുറിച്ചാണ് 'ക്രിസ്തുവിന്റെ വലതുഭാഗത്ത് ഇരിക്കും' എന്ന് വിശ്വസിച്ചിക്കപ്പെട്ടിരുന്നത്. യേശു ഏതുനിമിഷവും സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെടും എന്ന് യേശുമതക്കാർ വിശ്വസിച്ചിരുന്നു. അതുകൊണ്ടാകാം യോഹന്നാൻ അവിടെ ചുറ്റിപ്പറ്റി നിന്നരുന്നത്.) മൂന്നാമത് മഗ്ദലനമറിയം (യോഹന്നാൻ 19:25). എല്ലാത്തിലും ഉപരിയായി യേശുവിന്റെ ഉയിർപ്പ് ആദ്യം കണ്ട വ്യക്തി മഗ്ദലനമറിയമാണ്. (യോഹന്നാൻ 20:11-18; മർക്കോസ് 16:9; മത്തായി 28:19-10). യേശു ഉയർത്തെഴുന്നേറ്റിട്ടില്ലായെങ്കിൽ ക്രിസ്തുമതം ഇല്ല. റോമൻ ഭരണരീതിയിൽ ക്രിസ്തുമതം സ്ഥാപിച്ച പൗലോസ് ( St. Paul )പറയുന്നു, ക്രിസ്തു ഉയർത്തെഴുന്നേറ്റിട്ടില്ല എങ്കിൽ

എന്റെ വിശ്വാസം വ്യർത്ഥം. ആ ക്രിസ്തുമതത്തിന്റെ പരമോന്നതമായ സുവിശേഷം "അവൻ ഉയർത്തെഴുന്നേറ്റിരിക്കുന്നു" ആ സുവിശേഷം ആദ്യമായി പ്രചരിപ്പിച്ചത് ശിഷ്യന്മാരിൽ തലവനായ പത്രോസ് അല്ല. പിന്നെയോ മഗ്ദലനക്കാരത്തി മറിയമാണ്. അതുകൊണ്ടു തന്നെയാണ് മറിയത്തെ "അപ്പോസ്തോലന്മാരുടെ അപ്പോസ്തോലിക" എന്നു വിശേഷിപ്പിച്ചത്. അതുകൊണ്ടു തന്നെയാണ് മഗ്ദലനക്കാരത്തി മറിയത്തിന്റെ സുവിശേഷം പ്രസക്തമാകുന്നത്. അതു മനസ്സിലാക്കിയാലേ "യേശുവിന്റെ" സുവിശേഷം എന്താണ് എന്നു മനസ്സിലാകൂ. കനോനികസുവിശേഷങ്ങളിലെ ക്രിസ്തു അഥവാ യേശു അഥവാ മിശിഹാ കെട്ടുകഥകളും അനുകരണകഥകളും സ്ഥാപിതതാൽപര്യങ്ങളും ഒക്കെ കൂടി മെനഞ്ഞെടുത്ത ഒരു സങ്കൽപരൂപമാണ്. ആ യേശു നൂറ്റാണ്ടുകളിലൂടെ ക്രിസ്തുമതത്തിന്റെ രക്ഷകനായി ജീവിക്കുന്നു. മറിയത്തിന്റെ യേശു മനുഷ്യഹൃദയങ്ങളിൽ ജനിക്കുന്നു. അത് അത്ഭുതപൊരുൾ കാട്ടുന്നു, മരിക്കുന്നു. രൂപാന്തരം പ്രാപിച്ച മനുഷ്യനായി ജീവിക്കുന്നു. ആ യേശുവിനെ മറിയത്തിന്റെ സുവിശേഷത്തിലൂടെ വെളിവാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

കാനോനികസുവിശേഷങ്ങളിൽ വളരെയേറെ പ്രതിപാദിക്കുന്ന സംഭവങ്ങളാണ് രോഗികളെ സൗഖ്യമാക്കുക, വിശക്കുന്നവർക്ക് അപ്പം കൊടുക്കുക തുടങ്ങിയവ. യേശുവിന്റെ സുവിശേഷവും ഏതാണ്ട് ഇവിടെ അവസാനിക്കുന്നു എന്നു പറയാം. ലോകത്തിലെ ക്രിസ്തുമതവിഭാഗങ്ങളും പ്രത്യേകിച്ച് ഭാരതത്തിലെ ക്രിസ്തുമതക്കാരും ഇതേരീതിയിൽ ചിന്തിച്ചാൽ ലോകസമാധാനം താനേ ഉണ്ടാകും. നിഷ്കാമകർമ്മം അഥവാ ഫലം ഇച്ഛിക്കാത്ത സേവനം, ഈ തത്വചിന്ത എല്ലാ മതങ്ങളുടെയും പ്രബോധനങ്ങളിൽ കാണാം. സഹായം കൊടുക്കുന്നു എന്നതിന്റെ പേരിൽ മതപരിവർത്തനം നടത്തുകയും സുവിശേഷം പ്രചരിപ്പിക്കുകയും ചെയ്താൽ അത് സുവിശേഷം അല്ല. മറിച്ച് സ്വാർത്ഥമായ ചൂഷണം ആണ്. മുസ്ലീംരാഷ്ട്രങ്ങളെ ക്രിസ്തീയവൽക്കരിക്കാൻ സമ്പന്നഭരണകൂടങ്ങൾ ശ്രമിച്ചത് ഇതിനൊരുദാഹരണമാണ്. ക്രിസ്ത്യാനികൾക്ക് ആതുരസേവനം നടത്താം, കൂടെ മതപരിവർത്തനം ആകരുത്. അത് തെറ്റാണ്, ചൂഷണമാണ്, സ്വാർത്ഥതയാണ്. മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി എന്ന സിദ്ധാന്തം ഇവിടെ പ്രസക്തമാണ്. അതിനാൽ മതപരിവർത്തനത്തിനുവേണ്ടി വെമ്പൽ കൊള്ളുന്ന ക്രിസ്തീയനേതാക്കൾ ഓർക്കുക, ലോകത്തിൽ ഹിന്ദുമതം നിലനിൽക്കുന്ന പ്രധാനരാജ്യം ഇന്ത്യയാണ്. ഇന്ത്യയുടെ ചരിത്രത്തിൽ ഹിന്ദുമതം എല്ലാമതങ്ങളെയും പ്രോത്സാഹിപ്പിച്ചിരുന്നു. അതിനാൽ ഹിന്ദുമതത്തിന്റെ മുറത്തിൽ കയറിക്കൊത്താതെ സുവിശേഷം പ്രചരിപ്പിച്ചാൽ ക്രിസ്തുമതത്തെ ആരും ആക്രമിക്കാൻ വരില്ല, അവിടെയും ഇവിടെയും ഒക്കെയായി ഉണ്ടാകുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ താനേ അവസാനിക്കുകയും ചെയ്യും. കേരളത്തിലെ പുരാതനപള്ളികൾ ഒന്നും ക്രിസ്ത്യാനികൾ പണി

തവയല്ല. ഹിന്ദുരാജാക്കന്മാർ പണിതവയാണ്. ഹിന്ദുതത്വശാസ്ത്രത്തിൽനിന്നും ഉത്ഭവിച്ച ക്രിസ്തുമതം വിദേശിയല്ല എന്ന് ഹിന്ദു നേതാക്കൾക്കുമറിയാം. മറ്റുമതങ്ങളോടും സംസ്കാരങ്ങളോടും ചിന്താഗതികളോടും ഹിന്ദുസംസ്കാരം കാണിച്ചിട്ടുള്ളത്ര സഹിഷ്ണുത ലോകചരിത്രത്തിൽ മറ്റാരും കാട്ടിയിട്ടില്ല. അതിനാൽ ഇന്ത്യയിലെ ക്രൈസ്തവനേതാക്കളോട് ഒരഭ്യർത്ഥന: ആദിവാസിയെയും ഹിന്ദുവിനെയും രക്ഷിക്കുന്നതിനായുള്ള മുതലക്കണ്ണീർ ഒഴുക്കൽ നിർത്തുക. മതപരിവർത്തനങ്ങൾ നടത്താതിരിക്കുക. വിശക്കുന്നവനു ഭക്ഷണം കൊടുക്കുക, രോഗികളെ ശുശ്രൂഷിക്കുക, നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക. അവനെ ക്രിസ്ത്യാനിയാക്കാൻ ശ്രമിക്കാതിരിക്കുക, അവൻ നിന്നെ ഹിന്ദുവാക്കാൻ ശ്രമിക്കുന്നില്ലല്ലോ.

കാനോനികസുവിശേഷങ്ങളിൽ മറ്റാർക്കും ലഭിക്കാത്ത ഒരു പ്രത്യേക ശാന്തി ശുശ്രൂഷയാണ് മഗ്ദലനമറിയത്തിനു ലഭിച്ചത്. ഏഴ് ഭൂതങ്ങളെ അവളിൽനിന്നും പുറത്താക്കി. ഭൂതം എന്നാൽ ദുരാത്മാവ്, ചെകുത്താൻ എന്ന തെറ്റിദ്ധാരണയിലൂടെ നോക്കുമ്പോഴാണ് മറിയത്തെ ദുർമാർഗ്ഗിണിയായി കാണുന്നത്. എന്നാൽ ഈ സംഭവത്തിന് അനേക മാനങ്ങളുണ്ട്. ഏഴ് എന്ന അക്കം വേദപുസ്തകത്തിൽ 300-ൽ പരം പ്രാവശ്യം പ്രതിപാദിക്കപ്പെടുന്നുണ്ട്. സുദൃശ്യവാക്യങ്ങളിലെ ഏഴ് തൂണുകൾ (9-ാം അദ്ധ്യായം); യോർദാനിലെ ഏഴ് ശുദ്ധീകരണം (2 രാജാക്കന്മാർ :5), ജെറിക്കോ നഗരം വീഴ്ത്തിയ ഏഴു കാഹളങ്ങൾ (യോശുവ: 6), യോശുവായുടെ മുന്നിലെ ഏഴ് കണ്ണുള്ള കല്ല് -ദേശത്തിന്റെ അകൃത്യം ഇല്ലാതാക്കുന്നത് - (സെഖര്യാവ് 3:9) എന്നിങ്ങനെ ധാരാളം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. ഇവയ്ക്കു പുറമെയാണ് സാധാരണ സങ്കൽപങ്ങളിലെ ഏഴ് സ്വർഗ്ഗങ്ങൾ. മനുഷ്യൻ താത്വികമായി ചിന്തിക്കുവാൻ തുടങ്ങിയ കാലഘട്ടം മുതൽ മനസ്സിലാക്കിയതാണ് മനുഷ്യശരീരത്തിലെ ഏഴ് ചക്രങ്ങൾ അഥവാ ഏഴ് ഊർജ്ജസ്രോതസ്സുകൾ. ഈ ആശയം പൗരാണിക ഇന്ത്യ, ബാബിലോൺ, അസീറിയ എന്നീ സംസ്കാരങ്ങളിലൂടെ പകർന്ന് ഈജിപ്തിലെത്തി. പിന്നീട്, യെഹൂദന്റെ അടിമത്തകാലത്ത്, യെഹൂദസംസ്ക്കാരവും തത്വചിന്തകളും അവ കടമെടുത്തു. ഇന്നും ശാസ്ത്രീയം എന്നു തോന്നുന്ന രീതിയിലുള്ള രോഗശാന്തി നടത്തുന്നവരും ഇവയെ തന്നെ ഉപയോഗിക്കുന്നു. യെഹൂദന്റെ ആന്തരിക ഉദ്ധാരണത്തിന്റെ ഏഴ് തിരിവിളക്കിനെ ബുദ്ധമതചിന്തയിൽ കാണുന്ന ഏഴ് ബുദ്ധാവസ്ഥകളുമായി ബന്ധിപ്പിക്കാവുന്നതാണ്. ഇതുപോലെ വളരെ മഹനീയമായ അർത്ഥവിശേഷങ്ങൾ ഉള്ള് ഏഴ് എന്ന അക്കത്തെ മറിയത്തിന്റെ കാര്യത്തിൽ വളരെ തെറ്റായി പ്രചരിപ്പിച്ചതിന്റെ ഉത്തരവാദിത്വം ബൈബിൾ ചരിത്രകാരന്മാർക്കും ആദിമക്രിസ്തുമതത്തിനും ഉള്ളതാണ്.

ലൈംഗികമായ ദുർമ്മാർഗ്ഗത്തിലൂടെ ജീവിച്ചു നശിച്ച സെയിന്റ് അഗസ്റ്റിനാണ് ലൈംഗികത തെറ്റാണ് എന്ന് പ്രചരിപ്പിച്ചത്. തന്നെ രോഗിയാക്കിയ ലൈംഗികതയെ അഗസ്റ്റിൻ മോശമായി കണ്ടു. ഇതിനെ കുറിച്ച് പ്രത്യേകിച്ചു ധാരണയൊന്നും ഇല്ലാതിരുന്ന ക്രിസ്തുമതം അതേറ്റു പാടി, വേദവാക്യമാക്കി. അതുകൊണ്ടാകാം പോപ്പ് ഗ്രിഗറി ഒന്നാമനും കൂടുതൽ ചിന്തിക്കാതെ മറിയത്തെയും വേശ്യയായി ചിത്രീകരിച്ചത്. നൂറ്റാണ്ടുകളിലൂടെ കാത്തലിക്കാസഭ പല വിഢ്ഢിത്തങ്ങളും പ്രചരിപ്പിക്കുകയും കാട്ടിക്കൂട്ടുകയും ചെയ്തു. 1969-ൽ കത്തോലിക്ക സഭ കുമ്പസാരിച്ച്, മുൻപ് കാട്ടിക്കൂട്ടിയ തെറ്റുകൾ പലതും തിരുത്തി. ആ കൂട്ടത്തിൽ ഗ്രിഗറിയുടെ വിഢ്ഢിത്തവും. എന്നാൽ സാമൂഹികമായി വലിയ ചലനമൊന്നും അതുളവാക്കിയില്ല. മറിയം ഇന്നും മനുഷ്യഹൃദയങ്ങളിൽ വേശ്യയായി നിലനിൽക്കുന്നു. നമ്മുടെ മാധ്യമങ്ങളിൽ കൊട്ടിഘോഷിച്ചു പ്രചരിപ്പിക്കുന്ന നുണകൾ വൻവാർത്താപ്രധാന്യം നേടും. എന്നാൽ പിന്നീടൊരിക്കൽ അതു തെറ്റാണെന്നു മനസ്സിലാക്കി തിരുത്തോമ്പോൾ ചെറിയതലക്കെട്ടു മാത്രമായിരിക്കും ഉണ്ടാകുക. അതാകട്ടെ ആരും ശ്രദ്ധിക്കുകയുമില്ല. ആദ്യം പ്രചരിപ്പിക്കപ്പെട്ട അസത്യത്തിനു തന്നെയാകും ജനഹൃദയങ്ങളിൽ സ്ഥാനം. ഇതു തന്നെയാണ് മഗ്ദലനമറിയത്തിന്റെ കാര്യത്തിലും സംഭവിച്ചത്. മനുഷ്യഹൃദയങ്ങളിൽ നിന്നും ആ തെറ്റിദ്ധാരണ മാറ്റി, യഥാർത്ഥമറിയത്തെ അറിയുക.

യേശു മറിയയിൽ നിന്നും ഏഴ് ദുരാത്മാക്കളെ പുറത്താക്കി എന്നു കാനോനികസുവിശേഷങ്ങളിൽ പറയുന്നു. നാല് സുവിശേഷങ്ങളും നാല് കാലഘട്ടങ്ങളിൽ നാല് വ്യത്യസ്ത്യപ്രദേശങ്ങളിൽ ജീവിച്ചിരുന്ന വ്യത്യസ്ത്യചിന്താഗതിക്കാരായ ആളുകൾ അവരുടെ വിശ്വാസം പ്രചരിപ്പിക്കുവാനും മുൻ സുവിശേഷങ്ങളിലെ തെറ്റുകൾ തിരുത്തുവാനും വേണ്ടി സങ്കൽപ്പങ്ങളും കെട്ടുകഥകളും അൽപം സത്യവും ചേർത്തെഴുതിവയാണ് എന്ന വസ്തുത പ്രത്യേകം ഓർക്കുക. ഈ കാര്യം വിശദമായി പിന്നീട് പ്രതിപാദിക്കാം. മറ്റു തത്വശാസ്ത്രങ്ങളിൽ നിന്നും കടമെടുത്ത ആശയങ്ങൾ, അവസരം മനസ്സിലാക്കാതെ ഉപയോഗിച്ചപ്പോൾ ധാരാളം തെറ്റുകളും കടന്നുകൂടി. സുവിശേഷങ്ങൾ എഴുതിയവരും തർജ്ജമ ചെയ്തവരും വചനം പൊരുളുതെളിയിക്കുന്ന വേദപുസ്തകതൊഴിലാളികളും കഥയറിയാതെ ആട്ടം കാണുകയായിരുന്നു. 2000 വർഷങ്ങളായി ഈ അബദ്ധം തുടർന്നുകൊണ്ടുമിരിക്കുകയായിരുന്നു. അതിനാൽ മുൻവിധികൾ ഇല്ലാതെ വായിച്ചാൽ മറിയത്തിന്റെ സുവിശേഷത്തിന്റെ മഹത്വം മനസ്സിലാക്കാം.

സ്വർഗ്ഗരാജ്യം ഇവിടെയും അല്ല, അവിടെയും അല്ല. പിന്നെയോ നിങ്ങളുടെ ഉള്ളിലാകുന്നു എങ്കിൽ ആ സ്വർഗ്ഗരാജ്യത്തെ പ്രാപിക്കുവാൻ പ്രാകൃതനായ മനുഷ്യന്റെ പ്രാഥമികവികാരങ്ങളെ ഓരോ ഘട്ടങ്ങളിലായി തരണം ചെയ്യണം. മനുഷ്യന്റെ ആത്മാവ് ആത്മീയമായ ഉദ്ധാരണത്തിലേക്ക്

പടിപടിയായി ഉയരണം. ഒന്നാം സ്വർഗത്തിൽ നിന്നും 2,3,4,5,6 എന്ന ക്രമത്തിൽ ഏഴാം സ്വർഗത്തിലേക്ക് ഉയരുമ്പോൾ അതായത്, ഊർജ്ജത്തിന്റെ ഏഴ് ചക്രങ്ങളിലൂടെ അഥവാ ഏഴ് ബുദ്ധാവസ്ഥകളിലൂടെ ആത്മാവ് കടന്നുപോകുമ്പോൾ മഹത്വത്തെ മറയ്ക്കുന്ന മൂടൽമഞ്ഞ് ഉരുകിമാറും. അപ്പോൾ നീതിയുടെ സൂര്യനെ കാണാം. അഹന്ത, ആഗ്രഹം, അസൂയ, അരിശം, കാപട്യം, അമിതഭക്ഷണം, മടി എന്നീ ദുർഭൂതങ്ങളെ കീഴടക്കി, ഞാൻ എന്ന ഭാവത്തെ ഇല്ലാതാക്കുന്നു. ഞാൻ നിന്നിൽ (പരബ്രഹ്മത്തിൽ) ലയിക്കുമ്പോൾ ഞാൻ ഇല്ല; ഞാൻ പരബ്രഹ്മത്തിന്റെ ഭാഗമാണ് എന്ന അവസ്ഥ കൈവരുന്നു.

ദുരാഗ്രഹങ്ങളെ മാറ്റി ആത്മീയമായ ഉന്നമനത്തിനു വേണ്ടിയുള്ള വാഞ്ഛ. തലമുറകൾക്കു വേണ്ടി വാരിക്കൂട്ടിസമ്പാദിച്ചു വയ്ക്കാതെ നിലനിൽപ്പിനുവേണ്ടി മാത്രം സമ്പാദിക്കുന്ന അവസ്ഥ. അപരനെ അവജ്ഞയോടെ വീക്ഷിക്കാതെ എല്ലാവരെയും ജീവിക്കാൻ അനുവദിക്കുന്ന അവസ്ഥ. അസൂയയുടെ സ്ഥാനത്ത് സ്നേഹം, അനുകമ്പ മുതലായ ഗുണങ്ങൾ വളരുന്ന അവസ്ഥ. അജ്ഞതയിൽനിന്നും അറിവിന്റെ മണ്ഡലങ്ങളിലേക്കുള്ള യാത്ര. അടിമത്തത്തിൽനിന്നും സ്വാതന്ത്ര്യത്തിലേക്കുള്ള യാത്ര. അഹങ്കാരത്തിൽനിന്നും എളിമയിലേക്കുള്ള യാത്ര. പ്രാകൃതമായ, അടിസ്ഥാന വികാര, വിചാരങ്ങളിൽനിന്നും ആത്മീയമായ പ്രചോദനത്തിലേക്കുള്ള യാത്ര. അതാണ് മഗ്ദലനമറിയത്തിന്റെ സുവിശേഷത്തിൽ കാണുന്നത്. ലോകതത്വചിന്തകളും മതങ്ങളും എല്ലാം ഉദ്ബോധിപ്പിക്കുന്ന ധർമ്മപാതയും ഇതുതന്നെയാണ്.

ബുദ്ധചിന്തയിലെ മഹായാന, ഹീനയാന വിഭാഗങ്ങളും ഇതുതന്നെയാണ് ഉദ്ദേശിക്കുന്നത്. ഫറവോന്റെ അടിമത്തത്തിൽനിന്നും യിസ്രയേലിനെ മോചിപ്പിച്ച് മോശ നയിച്ചതും ഈ പാതയിലൂടെയാണ്. പുരോഹിതവർഗ്ഗത്തിന്റെ കുത്തകയായിരുന്ന യെരുശലേം ദേവാലയത്തെ ശുദ്ധീകരിച്ച യേശു ജനമദ്ധ്യത്തിലേക്ക് കൊണ്ടുവന്ന മോചനത്തിന്റെ യാത്രയും ഇതുതന്നെയാണ്. യേശു പഠിപ്പിച്ച സ്വർഗ്ഗരാജ്യം എന്താണ് എന്നുമനസ്സിലാക്കിയ വ്യക്തിയാണ് മഗ്ദലനമറിയം. അതിലുപരി ഒരു സ്ഥാനം യേശുവിന്റെ അനുയായികൾക്കാർക്കും തന്നെ ലഭിച്ചിട്ടില്ല.

ഹിന്ദുമതത്തിലും ബുദ്ധമതത്തിലും വളരെയേറെ പ്രതിപാദിച്ചിരിക്കുന്ന ഒരാശയമാണ് ആയിരം ദളങ്ങളുള്ള താമരയിൽ ഇരിക്കുന്ന അവതാരങ്ങൾ. ഈ അവസ്ഥ മനസ്സിലാക്കണമെങ്കിൽ താമരയുടെ ഓരോ ഇതളുകളെയും മനസ്സിലാക്കുന്നതുപോലെ ഓരോ സൃഷ്ടിയേയും മനസ്സിലാക്കണം. അവിടെയെല്ലാം നിറഞ്ഞൊഴുകുന്ന ആത്മീയാനുഭൂതി സൃഷ്ടിയിൽ എല്ലാം നിറഞ്ഞിരിക്കുന്ന അവസ്ഥ മനസ്സിലാക്കണം. മറിയത്തിന്റെ സുവിശേഷത്തിൽ നിന്നും എനിക്കു മനസ്സിലായതും ഇതു തന്നെയാണ്. ഈ അനുഭൂതി ഉണ്ടാ

കുവാൻ തത്വചിന്തകൾ പഠിക്കണം എന്ന ചിന്താഗതിയും തെറ്റാണ്. തത്വ ചിന്തകൾ മാർഗ്ഗങ്ങൾ മാത്രമാണ്. ആത്മീയാനുഭൂതിയിലേക്കുള്ള യാത്രയിലെ അനേകവഴികളിൽ ചിലത് മാത്രം. സൂര്യൻ, ദൈവം, പ്രപഞ്ചം എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടുന്ന പൊരുൾ ഒന്നു തന്നെ. സൃഷ്ടിപ്രക്രിയ യ്ക്കു ശേഷം സൃഷ്ടിയും സൃഷ്ടാവും വേർതിരിഞ്ഞിരിക്കുന്നു എന്നു തോന്നുന്നത് തോന്നൽ മാത്രമാണ്. സൃഷ്ടി എന്നും സൃഷ്ടാവിന്റെ ഭാഗ മായിരിക്കുന്നതിനാൽ സൃഷ്ടി സൃഷ്ടാവിൽ നിന്നോ, സൃഷ്ടാവ് സൃഷ്ടിയിൽ നിന്നോ വേർപിരിയുന്നില്ല. എന്നാൽ സൃഷ്ടിക്കൽ എന്ന പ്രക്രിയ പൂർണ്ണമാകുമ്പോൾ സൃഷ്ടിയുടെ പരിണാമം ആരംഭിക്കുന്നു. പരി ണാമം വാഞ്ഛിക്കാത്ത സൃഷ്ടി മൂഢബുദ്ധിയായി തന്നിഷ്ടം, അലസത, സ്വാർത്ഥത എന്നിങ്ങനെയുള്ള പൈശാചികാവസ്ഥകളിൽ തന്നെ നില്ക്കു ന്നു. എന്നാൽ പരിണാമത്തിന് വിധേയനാകുന്ന ഒരു സൃഷ്ടി തന്റെ ഇഷ്ടം അല്ല അവന്റെ ഇഷ്ടം (ദൈവഹിതം) നടപ്പിലാക്കപ്പെടുവാൻ സമ്മതിക്കു ന്നു. സൃഷ്ടാവ് സൃഷ്ടിയിൽനിന്നും ഉദ്ദേശിക്കുന്നതും അതു തന്നെയാണ്. സൃഷ്ടിക്കപ്പെട്ട അടിസ്ഥാനാവസ്ഥയിൽനിന്നും അടുത്ത അവസ്ഥയിലേക്കു പരിണമിക്കപ്പെടണം. ഇത് ജീവിതകാലം മുഴുവൻ തുടരേണ്ട ഒരു യാത്ര യാണ്. ഓരോ അവസ്ഥ കഴിയുമ്പോഴും അവിടെ വിശ്രമിക്കയോ സ്വർഗ്ഗം കാണുകയോ ചെയ്യാതെ യാത്ര തുടരുന്നു. മനുഷ്യപുത്രനു തല ചായ്ക്കാൻ ഇടമില്ല എന്നു പറഞ്ഞതും അതു തന്നെ. മനുഷ്യപുത്രൻ എന്നും ഒരു യാത്രക്കാരനാണ്. യാത്രക്കാരൻ സഞ്ചരിക്കുന്ന സ്ഥലമൊന്നും അവനു സ്വന്തമാകുന്നില്ല. സ്വന്തമാക്കാൻ ശ്രമിച്ചാൽ സ്വാർത്ഥത, ആഗ്രഹം, അജ്ഞത എന്നിങ്ങനെയുള്ള ദുർഭൂതങ്ങൾക്ക് അടിമയാകുന്നു. അതിനാൽ യേശുവും ബുദ്ധനും നബിയും പരമഹംസനും ഉപനിഷത്തുകളും വേദ ങ്ങളും ഒരേ മധുരസ്വരത്തിൽ നമ്മോടു പറയുന്നു – മുന്നോട്ടുനടക്കുക; ദുഃഖി തരേ, മുന്നോട്ടു നടക്കുക; പീഡിതരേ, മുന്നോട്ടു നടക്കുക. സുവിശേഷ ത്തിലെ ഗിരിപ്രഭാഷണത്തിൽ, ദുഃഖിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ എന്ന തർജ്ജമ തെറ്റാണ്. ഇതൊരു താത്കാലികാവസ്ഥ മാത്രം. നീ മുന്നോട്ടു പോകുക എന്നു വിശക്കുന്നവനോടു പറയുന്നു. കുചേലന്റെ യാത്ര എല്ലാം തികഞ്ഞ കൃഷ്ണനിലേക്കുള്ള യാത്രയാണ്.

ക്രിസ്തുവും കൃഷ്ണനും ചരിത്രപുരുഷന്മാരല്ല, പരിണാമപൂർത്തിയുടെ മൂർത്തികളാണ്. പായലും പൂപ്പലും കൂണുകളും സൃഷ്ടിക്കപ്പെട്ട ഉടനെ സൃഷ്ടിയുടെ പരിപൂർണ്ണതയായില്ല. അവ അവയുടെ പ്രാഥമികാവസ്ഥ യിൽ നിന്നും തലമുറകളിലൂടെ കാലക്രമേണ പരിണമിക്കപ്പെട്ടു. തവള ജനി ച്ചതും മരിച്ചതും തവളയായിട്ടു തന്നെയായിരിക്കും. (നമ്മുടെ അജ്ഞതയുടെ കണ്ണുകൾ കൊണ്ടു നോക്കുമ്പോൾ) എന്നാൽ ആദ്യതവള അതിന്റെ അടുത്തതലമുറയ്ക്കു കൊടുത്തത് കുറേക്കൂടെ ദൂരം ചാടാനുള്ള വാഞ്ഛ

ആയിരിക്കണം. അങ്ങനെ കുണ്ടിൽ കിടന്നിരുന്ന തവള തലമുറകളിലൂടെ രൂപാന്തരം പ്രാപിച്ചു. മനുഷ്യൻ സൃഷ്ടിയുടെ പരിപൂർണ്ണതയാണ് എന്നു ചിന്തിക്കുന്നത് അജ്ഞതയും അഹങ്കാരവുമാണ്. ദൈവങ്ങൾ മനുഷ്യരായി അവതരിച്ചു, മനുഷ്യരൂപത്തിൽ ജീവിച്ചു, മരിച്ചു എന്നൊക്കെയുള്ള തോന്ന ലുകളിൽ നിന്നാണ് ആ ചിന്താഗതിയും ഉരുത്തിരിഞ്ഞത്. എല്ലാ സൃഷ്ടിയും ഈശ്വരമയമാണ്. വിശേഷബുദ്ധിയില്ലാത്തവയെന്നു നാം കരുതുന്ന വൃക്ഷ ങ്ങളും മൃഗങ്ങളുമെല്ലാം അവയുടെ സൃഷ്ടാവിനോട് ആശയവിനിമയം ചെയ്യുന്നു. അതു മനസ്സിലാക്കാനുള്ള കഴിവ് മനുഷ്യന് കുറച്ചു മാത്രമെ ലഭിച്ചിട്ടുമുള്ളൂ. ഇലക്ട്രോൺ മൈക്രോസ്കോപ്പ് കല്ലിലും ലോഹങ്ങളി ലും വാതകങ്ങളിലും ഒക്കയുള്ള ജീവനെ നമുക്കു കാണിച്ചു തരുന്നു. കല്ല് രൂപാന്തരം പ്രാപിക്കാതെ അടിസ്ഥാനാവസ്ഥയിൽ നിൽക്കുന്നു എന്നു തോന്നാമെങ്കിലും അവയും വളരെ മന്ദഗതിയിലാണെങ്കിലും പരിണാമത്തിന് വിധേയമാണ്. അതുതന്നെയായിരിക്കാം സൃഷ്ടാവും അവയിൽനിന്നും ഉദ്ദേ ശിച്ചിരിക്കുന്നത്. പരിണാമം എന്ന യാത്രയ്ക്ക് മടി കാണിച്ചവ മരിക്കുന്നു. മരണം പാപത്തിന്റെ ശമ്പളം എന്നു പറഞ്ഞത് അതാണ്. അല്ലാതെ പാപം എന്ന ഒന്നില്ല. അത് പുരോഹിതവർഗ്ഗം മെനഞ്ഞെടുത്ത ഒരു അബദ്ധധാരണ മാത്രമാണ്. പാപം, പാപത്തിനു മോചനം, പാപം തൂക്കി നോക്കുവാൻ ത്രാസ്, പാപിയെ ദഹിപ്പിക്കുവാൻ ചൂള, വേർതിരിക്കുവാൻ ന്യായവിധി ഇവയെല്ലാം മനുഷ്യന്റെ സങ്കൽപസൃഷ്ടികൾ മാത്രം. പുരോഹിതവർഗ്ഗത്തിന്റെ ജീവി തമാർഗ്ഗവും. ദൈവം തന്റെ മാതൃകാസ്നേഹത്തിൽ സൃഷ്ടിച്ച സൃഷ്ടിയെ തീച്ചൂളയിൽ വെന്തെരിക്കില്ല. മൂലാവസ്ഥയിൽ നിന്നുള്ള പരിണാമം ഒന്നു മാത്രമാണ് എല്ലാ സൃഷ്ടിയിൽനിന്നും സൃഷ്ടാവ് ഉദ്ദേശിക്കുന്നത് . അടുത്തതലമുറയ്ക്ക് നമ്മേക്കാൾ ഉപരിയായ ആത്മീയ ഉന്നമനം എന്ന ഗുണമായിരിക്കണം നാം കൊടുക്കേണ്ടത്. അതുകൊണ്ടാണ് യാത്ര പൂർത്തി യാക്കാതെ വരുമ്പോൾ വീണ്ടും ജനിക്കുന്നത്. ആത്മീയമായി വീണ്ടും വീണ്ടും ജനിക്കുമ്പോൾ ജീവന്റെ പുസ്തകത്തിൽ നിങ്ങളുടെ പേര് ചേർക്കപ്പെടുന്നു. അത് ന്യായവിധി അല്ല, അംഗീകാരമാണ്. വ്രതാനുഷ്ഠാ നിയായി, കാടും മലയും പുഴയും താണ്ടി പമ്പയിൽ കുളിച്ചു പാപം കള ഞ്ഞ്, വീണ്ടും ജനിച്ച്, ജീവിതത്തിലെ ഓരോ ദുരാഗ്രഹങ്ങളുടെയും പടി കളെ ഒന്നൊന്നായി ചവുട്ടി കീഴടക്കി, സർവ്വലോകനന്മക്കായി നിത്യവ്രതം അനുഷ്ഠിക്കുന്ന അയ്യപ്പനെ ദർശിക്കുന്ന അവസ്ഥ. സ്രഷ്ടാവ് നമ്മിൽ നിന്നും ആഗ്രഹിക്കുന്നതും അതുമാത്രമാണ്. സർവ്വലോകനന്മക്കായി നിന്റെ ദുരാഗ്രഹങ്ങളെ പമ്പയിൽ കഴുകി പതിനെട്ടുപടികൾ ചവുട്ടി കീഴടക്കുക. അപ്പോൾ നീ സർവ്വലോകത്തിന്റെയും നന്മയ്ക്കായി ജീവിക്കുന്ന അയ്യപ്പ നായി രൂപാന്തരം പ്രാപിക്കുന്നു. മഗ്ദലനമറിയവും അതുതന്നെയാണ് ചെയ്തത്. തന്റെ ഉള്ളിലെ ദുർഭൂതങ്ങളെ കീഴടക്കിയപ്പോൾ സർവ്വലോകനന്മ യുടെ ദൈവരാജ്യം അവൾക്ക് വെളിവായി.

യേശുവിന്റെ ശിഷ്യന്മാരെന്ന അഹങ്കാരത്തിലൂടെ നടന്നവർക്ക്, പുരുഷൻ സ്ത്രീയേക്കാൾ ഉയർന്നവൻ എന്ന അജ്ഞതയിലൂടെ നടന്നവർക്ക് യേശു സുവിശേഷിച്ച ദൈവരാജ്യം മനസ്സിലായില്ല. മാത്രമല്ല, ദൈവം തെരഞ്ഞെടുത്ത ജനം എന്ന അഹന്തയുടെ മതത്തിൽ ജനിച്ച ശിഷ്യന്മാർ അസൂയയുടെ തിമിരം ബാധിച്ച കണ്ണുകളിലൂടെ യേശുവിനെ വീക്ഷിച്ചു. അതുകൊണ്ടാണ് യേശുവിന്റെ സുവിശേഷത്തിന്റെ അർത്ഥം അവർക്കു മനസ്സിലാകാതെ പോയത്. അതിനാലാണ് യോഹന്നാൻ യേശുവിന്റെ കുരിശിനെ ചുറ്റിപ്പറ്റിനിന്നത്. യേശു പെട്ടെന്ന് മഹത്വം പ്രാപിച്ച് രാജാധിരാജാനായി വരുമ്പോൾ യോഹന്നാന് വലത്തു ഭാഗത്ത് ഇരിക്കണം. യോഹന്നാന് യേശുവിന്റെ സ്വർഗരാജ്യം എന്താണ് എന്നു മനസ്സിലായില്ല. എന്നാൽ മറിയത്തിന് മനസ്സിലായി. അതിനാൽ അവൾ പറഞ്ഞു, നമുക്ക് യാത്ര തുടരാം. യേശു പറഞ്ഞു തന്ന മാർഗ്ഗത്തിലൂടെയുള്ള യാത്ര. അതുതന്നെയാണ് മറിയത്തിന്റെ സുവിശേഷം. മോക്ഷയാത്രയാണിത്, പരദേശി മോക്ഷയാത്ര. നാം ജനിച്ചനാടും വളർന്നനാടും നമുക്കു സ്വന്തമല്ല. നാമെല്ലാം പരദേശികൾ. നമ്മുടെ യാത്ര താഴ്ചയുടെ യാത്ര (പാപത്തിന്റെ, കുറ്റബോധത്തിന്റെ, അപകർഷതയുടെ) അല്ല, വിശ്വാസത്തിന്റെ യാത്രയാണ്. സൃഷ്ടാവിന്റെ മാതൃസ്നേഹത്തിന്റെ യാത്ര. സൃഷ്ടാവാം അമ്മയുടെ ആഗ്രഹവും അതുതന്നെ. എന്നിൽനിന്നും ഉരുവായ പ്രാഥമികാവസ്ഥയിൽനിന്നും പരിണമിക്കുക. ധർമ്മാനുഷ്ഠാനം എന്ന മാർഗ്ഗത്തിലൂടെ പല ബുദ്ധാവസ്ഥകൾ തരണം ചെയ്യുന്നതു പോലെ ഉള്ളിലെ ദുർഭൂതങ്ങളെ ഒന്നൊന്നായി കീഴടക്കിയുള്ള പരിണാമഗതി. മനുഷ്യരെല്ലാം സഹോദരങ്ങൾ എന്നു മനസ്സിലാക്കിയും ദൈവം മനുഷ്യന്റെയെല്ലാം ഉറവിടം അഥവാ അമ്മ എന്നു തിരിച്ചറിഞ്ഞുമുള്ള യാത്ര. അതാണ് നൂറ്റാണ്ടുകളിലൂടെ വേദങ്ങൾ ഘോഷിച്ച സുവിശേഷം.

നാം ജനിച്ചനാട് മാത്രമല്ല നാം നിൽക്കുന്നിടവും പരിശുദ്ധമാണ് എന്നു മോശയോട് ദൈവം പറഞ്ഞു. നാം എവിടെ നിൽക്കുന്നുവോ അവിടമെല്ലാം പരിശുദ്ധമായിരിക്കണം, പരിശുദ്ധമല്ലാത്തിടത്ത് നാം നിൽക്കരുത്. തലചായ്ക്കാൻ ഇടമില്ല എന്നു കരുതി ഒരു സ്ഥലവും സ്വന്തമാക്കാൻ ശ്രമിക്കാതെ സ്വർഗ്ഗയാത്ര തുടരുമ്പോൾ നാം നടന്ന ഭൂമിയെല്ലാം പരിശുദ്ധമാകുന്നു. നമുക്കു ജന്മം തന്ന മാതൃഭൂമി. നമ്മുടെ അമ്മ. അവൾ എല്ലായിടത്തും പരിശുദ്ധയാണ്. യെരുശലേമും കാശിയും മക്കയും മാത്രമല്ല, നാം എവിടെയാണോ അവിടമെല്ലാം പരിശുദ്ധമാണ്. ഈ ഭൂമി മുഴുവൻ പരിശുദ്ധമാണ്. ഈ പ്രപഞ്ചം മുഴുവനും പരിശുദ്ധമാണ്. കാരണം പരിശുദ്ധനായ ദൈവം സൃഷ്ടിച്ചവയെല്ലാം പരിശുദ്ധമാണ്. അതിനാൽ മതത്തിന്റെ പേരിലോ, ജാതിയുടെ പേരിലോ, വംശത്തിന്റെ പേരിലോ, ജനിച്ചനാടിന്റെ പേരിലോ ആരെങ്കിലും അവർ മറ്റുള്ളവരെക്കാൾ ഉയർന്നവരാണ് എന്നുചിന്തിച്ചാൽ അത് ദൈവദൂഷണമാണ്. അതുപോലെയാണ് മറ്റുള്ളവർ നമ്മെക്കാൾ കുറഞ്ഞ

വരാണ് എന്ന ചിന്താഗതിയും. പരിശുദ്ധനായ ദൈവം സൃഷ്ടിച്ചവയെല്ലാം പരിശുദ്ധമാണ്. ഈ ഭൂമിയിലെ നിലനിൽപിന്റെ ആവശ്യവും ഉദ്ദേശവും നമുക്കു മനസ്സിലാകാത്തതുകൊണ്ടാണ് നാം മറ്റുള്ളവരോട് വിവേചനം കാണിക്കുന്നത്. നിങ്ങൾ വിധിക്കപ്പെടാതിരിക്കാൻ നിങ്ങൾ വിധിക്കരുത് എന്ന് യേശു പറഞ്ഞത് അതുകൊണ്ടാണ്. ദൈവം സൃഷ്ടിച്ചവയെ വിധിക്കരുത്. അജ്ഞത, അഹങ്കാരം എന്നീ ദുർഭൂതങ്ങൾ നമ്മെ കീഴടക്കുമ്പോൾ നാം മറ്റുള്ളവരെ വിധിക്കുന്നു; കുറവുള്ളവർ, കറുത്തവർ, വെളുത്തവർ എന്നൊക്കെ തോന്നുന്നു. ആ ദുർഭൂതങ്ങളെ കീഴടക്കിയ മറിയം നമ്മെ വിളിക്കുന്നു: "എഴുന്നേൽക്കുക, നടക്കുക." യേശുവിന്റെ വാക്കുകളിൽ എപ്പോഴും മുഴങ്ങിക്കേൾക്കുന്നതും അതുതന്നെ. തിരിഞ്ഞുനോക്കാതെ നടക്കുക. കലപ്പയിൽ കൈ വച്ച് മുന്നോട്ടു പോകുക. മാതാവ്, പിതാവ്, കുടുംബം, കളപ്പുരയിൽ കൂട്ടിവെച്ച ധാന്യം ഇവയെല്ലാം വിട്ട് മുന്നോട്ടു നടക്കുക. സൃഷ്ടാവാം അമ്മ മാടിവിളിക്കുന്നു. അമ്മയുടെ സ്നേഹത്തിന്റെ ദിവ്യാനുഭൂതി ആനന്ദത്തിലേക്ക് നയിക്കുന്നു. പ്രപഞ്ചത്തിലെ ദിവ്യശക്തിയുടെ ഭാഗമായി നാം മാറുന്നു.

ഭൗതികവസ്തുക്കൾ ദൈവശക്തിയിൽ (മാതൃസ്നേഹം) ഉളവായി പരിണാമം പ്രാപിച്ച് ജീവചൈതന്യമായി. ഈ ചൈതന്യം പരിണാമത്തിലൂടെ വൃക്ഷവും മൃഗവും മനുഷ്യനുമായി. ഈ ഭൗതികാവസ്ഥയിൽനിന്നും മനുഷ്യൻ രൂപാന്തരം പ്രാപിച്ച് പൂർണ്ണമായും ആത്മീയ ജീവികളായി മാറണം. അതാണ് യേശു പറഞ്ഞത്, 'സാത്താനേ നീ എന്നെ വിട്ടുപോകുക'. 'ഭൗതികാവശ്യങ്ങളായ ധനം, കുടുംബം, ഭക്ഷണം, കീർത്തി എന്നിവയെല്ലാം ദുർഭൂതങ്ങൾ, എനിക്കവ ആവശ്യമില്ല.' ഇവിടെ യേശു വീണ്ടും ജനിക്കയാണ്, യോർദാൻ നദിയിലെ സ്നാനത്തിൽ രൂപാന്തരം പ്രാപിച്ച് ആദിമരൂപമായി. അതാണ് സ്വർഗ്ഗം തുറന്ന് പരിശുദ്ധാത്മാവ് ആവസിച്ചു എന്നു പറയുന്നത്. ഇവയെയൊന്നും ചരിത്രവസ്തുതകളായി നോക്കാതെ ആത്മീയ ഉണർവിന്റെ പ്രതീകങ്ങളായി തിരിച്ചറിയണം. അതാണ് യേശുവിന്റെ സുവിശേഷം.

യേശുവിനെ ചരിത്രപുരുഷനായി കാണാൻ ശ്രമിക്കുകയും യേശുവിന്റെ ജനനം, മരണം, ഉയിർപ്പ് ഇവയെയെല്ലാം ചരിത്രവസ്തുതകളായി തെറ്റിദ്ധരിക്കുകയും ചെയ്യുമ്പോഴാണ് അനേകം ക്രിസ്തുമതവിഭാഗങ്ങൾ ഉണ്ടാകുന്നത്. സുവിശേഷങ്ങളുടെ ഉദ്ദേശം അതല്ല. നാലു കാനോനികസുവിശേഷങ്ങളും വ്യത്യസ്തകാലഘട്ടങ്ങളിൽ വിഭിന്നപ്രദേശത്ത് അതാതു ജനതയെ ലക്ഷ്യമാക്കി എഴുതപ്പെട്ടവയാണ്. ഈ സുവിശേഷങ്ങൾ യേശുവിന്റെ ശിഷ്യന്മാർ എഴുതിയതാണെന്നും അവയിൽ പറഞ്ഞിരിക്കുന്നവയെല്ലാം അതുപോലെ സംഭവിച്ചവയാണെന്നും ഒക്കെയുള്ള ധാരണകൾ അബദ്ധങ്ങളാണ്. യേശുവിന്റെ ജീവിതകാലത്ത് സംഭവിച്ചു എന്നുപറയുന്നവയും പറഞ്ഞ വചനങ്ങൾ എന്നു പറയുന്നവയും തമ്മിൽ പല വ്യത്യാസങ്ങളുമുണ്ട്. ഇത്തരം സങ്കു

ചിത ചിന്തയുടെ ചിലന്തിവലയിൽ കുരുങ്ങിക്കിടക്കുന്ന മനസ്സുകൾ ഒരിക്കലും സത്യം മനസ്സിലാക്കുകയില്ല. യേശു ചരിത്രപുരുഷൻ അല്ല എന്നു തന്നെ സങ്കൽപിക്കുക. എന്നാൽ 'യേശുവിന്റെ സുവിശേഷം', യഥാർത്ഥമാണ്. ക്രിസ്ത്യാനികളുടെ വേദപുസ്തകം ഒരു പുസ്തകമല്ല. ഒരു വ്യക്തിയുടെയോ ഒരു ദൈവത്തിന്റെയോ കഥയല്ല. അനേകം നൂറ്റാണ്ടുകളിലൂടെ പരിപാലിച്ചുപോന്ന അനേകം ചിന്താഗതികളുടെയും അനേകം ചെറുകഥകളുടെയും അനേകം മനുഷ്യരുടെയും സഞ്ചിതകഥകൾ ആണ്. ആദം, മോശ, യെരുശലേം ദേവാലയം, യേശു ഇവയെയൊക്കെ ചരിത്രമായി ചിന്തിച്ച് അതിനനുസരിച്ചു പ്രവർത്തിക്കുമ്പോൾ സത്യം നമ്മിൽനിന്നും അകലുന്നു. എന്നാൽ ആദവും ഏദൻതോട്ടവും യാഥാർത്ഥ്യമല്ല. മനുഷ്യനെ ദൈവവുമായി ബന്ധപ്പെടുത്തുവാൻ, മനുഷ്യൻ രൂപാന്തരം പ്രാപിച്ച വെറും കുരങ്ങനല്ല എന്നു കാണിക്കുവാൻ ഉണ്ടാക്കിയ ഒരു കഥ മാത്രം. മോശയും പുറപ്പാടും 40 വർഷം മരുഭൂമിയിൽ കറങ്ങിയതും ഒരു കഥ മാത്രമാണെന്നും അത് ചിന്തയുടെ, ധനത്തിന്റെ, വിശ്വാസത്തിന്റെ അടിമത്തത്തിൽനിന്നും മനുഷ്യൻ മോചനം പ്രാപിച്ച് സ്വാതന്ത്ര്യത്തിന്റെ കനാനിലേക്കു നടത്തിയ മഹായാനത്തെ സൂചിപ്പിക്കാൻ മെനഞ്ഞെടുത്ത ഒരു ധ്വന്യാത്മകകഥയാണെന്നും മനസ്സിലാക്കുമ്പോൾ  നാം ബൗദ്ധികമായി മാത്രമല്ല ആത്മീയമായും ഉണരുന്നു. മരുഭൂമിയിൽ പകൽ മേഘത്തിന്റെ തണലും രാത്രിയിൽ ദീപസ്തംഭത്തിന്റെ പ്രകാശവും നൽകി നയിക്കുന്ന ദൈവത്തിന്റെ ആത്മാവ് നമ്മെ ആനന്ദത്തിലേക്കു നയിക്കുന്നു.

ശലോമോന്റെ ദേവാലയം യെഹൂദന്റെ സങ്കൽപമാണെന്നും യെഹൂദപുരോഹിതന്റെ കുത്തക നിലനിർത്തുവാനുള്ള ഒരു സങ്കേതമാണെന്നും മനസ്സിലാക്കിയാൽ ദൈവം പരിശുദ്ധനായി സൃഷ്ടിച്ച മനുഷ്യൻ പാപിയല്ല എന്നും പാപം എന്നൊന്നില്ലെന്നും പുരോഹിതൻ നൽകുന്ന പാപമോചനം ഒരു മൂഢധാരണ മാത്രമാണെന്നും മനസ്സിലാകും. നിൽക്കുന്നസ്ഥലങ്ങൾ എല്ലാം പരിശുദ്ധം എന്നുതോന്നിയാൽ, ദൈവം സൃഷ്ടിച്ച ഭൂമി എല്ലായിടവും പരിശുദ്ധം എന്നുതോന്നിയാൽ ശലേമേന്റെ ദേവാലയം പരിശുദ്ധമായിരുന്നു. എങ്കിൽ തന്നെയും C.E. 72-ൽ ദേവാലയം കല്ലിൻമേൽ കല്ലു ശേഷിക്കാതെ നിലംപരിശായപ്പോൾ ശുദ്ധതയുടെ ശുദ്ധതയിൽ പുരോഹിതന്മാർ കുടിയിരുത്തിയ ദൈവം മനുഷ്യഹൃദയത്തിലേക്ക് ഇറങ്ങിവന്നു. ദൈവമില്ലാത്ത ദേവാലയചുമരിൽ തല ഇടിക്കേണ്ട കാര്യമില്ല. യെരുശലേം യെഹൂദന്റെ സ്വന്തമല്ല എന്നും അതു മാത്രമല്ല പരിശുദ്ധനാട് എന്നും തിരിച്ചറിഞ്ഞു കഴിയുമ്പോൾ അവിടുത്തെ മുസൽമാനെയും ക്രിസ്ത്യാനിയെയും കൊന്ന് പുതിയ ദേവാലയം പണിയണം എന്ന മോഹം ഇല്ലാതെയാകും. ക്രിസ്ത്യാനിയുടെയും മുസൽമാന്റെയും മാത്രമല്ല അതുപോലെ തന്നെയുള്ള മറ്റു വാദഗതികളും അവസാനിക്കും. യേശു ഒരിക്കൽ പോലും പുരോഹിതവേഷം അണിഞ്ഞ് യെരുശലേം ദേവാലയത്തിൽ ബലി അർപ്പിച്ചില്ല

(യേശുവിനെ ചരിത്രപുരുഷനായി കണക്കാക്കിയാൽ), പകരം യേശു ദേവാലയബലികൾക്ക് എതിരായിരുന്നു. അതിന്റെ പ്രതീകമാണ് അഞ്ചപ്പവും മീനും കൊണ്ട് ആയിരങ്ങളെ തീറ്റി തൃപ്തരാക്കുന്നത്. ഇവിടെ ദേവാലയത്തിലെ ബലി ജനമദ്ധ്യത്തിലേക്ക് കൊണ്ടുവരുന്നു. ഉപനിഷത്തിലെയും വേദങ്ങളിലെയും മഹനീയമായ ചിന്തകൾ ഒരു വ്യക്തിയിൽ നിന്നും ഉളവായിട്ടുള്ളവയല്ല. പല കാലഘട്ടങ്ങളിലൂടെ ഉരുത്തിരിഞ്ഞ മനുഷ്യചിന്തയുടെ പരിണാമത്തിന്റെ ഫലമാണ്. ഗീതയുടെ സന്ദേശം മനസ്സിലാക്കുവാൻ കൃഷ്ണനെ ചരിത്രപുരുഷനാക്കേണ്ട കാര്യമില്ല. കുചേലനും കൃഷ്ണനും യാഥാർത്ഥ്യം ആയിരിക്കേണ്ട ആവശ്യമില്ല. കുചേലന്റെ തത്വശാസ്ത്രം മനസ്സിലാക്കാൻ ഒരിക്കലും ഒന്നും ചോദിക്കാത്ത കുചേലനെ അറിഞ്ഞാൽ മതി. അതാണ് ഈശ്വരസാക്ഷാത്കാരം. ഈ സ്വർഗീയമായ അറിവ് നമുക്ക് തരുന്നത് ചരിത്രപുരുഷന്മാരായ കൃഷ്ണനെയും കുചേലനെയും അല്ല. അവരുടെ സ്വർഗീയമായ അനുഭൂതിയാണ്. ബുദ്ധൻ പറഞ്ഞവയായി നാം അറിയുന്നവയെല്ലാം ബുദ്ധൻ പറഞ്ഞവയല്ല. ബുദ്ധൻ ചരിത്രപുരുഷനെങ്കിലും ബുദ്ധവചനങ്ങൾ എല്ലാം ചരിത്രമല്ല. ഈ രണ്ട് അവസ്ഥയിൽ യേശുവിനെ കാണാൻ സാധിച്ചാൽ രണ്ട് വ്യത്യസ്തമായ അനുമാനങ്ങളിൽ നമുക്കെത്തിച്ചേരാൻ കഴിയും:

1) യേശു ചരിത്ര പുരുഷൻ ആണ്; എന്നാൽ യേശു പറഞ്ഞതായി എഴുതിയിരിക്കുന്നവയെല്ലാം യേശു പറഞ്ഞതല്ല.
2) യേശു ചരിത്ര പുരുഷൻ അല്ല; എന്നാൽ യേശു പറഞ്ഞതായി പറയുന്നവ കാലഘട്ടത്തിലൂടെ പലരും എഴുതി കൂട്ടിച്ചേർത്തവയാണ്.

രണ്ടാമത്തെ അനുമാനത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കാൻ സാധിച്ചാൽ മഞ്ഞപ്പിത്തം ബാധിച്ച മതഭ്രാന്തന്റെ മഞ്ഞക്കണ്ണാടിക്കു പകരം തുറന്ന മനസ്സും വിവേകപൂർണ്ണമായ കാഴ്ചപ്പാടും ലഭിക്കും.

യേശു പറഞ്ഞവ എന്നു പറയുന്നത് ബുദ്ധന്റെയും യെഹൂദന്റെയും ഉപനിഷത്തകളുടെയുമൊക്കെ പഠിപ്പിക്കലുകളിൽ നിന്ന് കടം എടുത്തിട്ടുള്ളവയാണ്. അതിന്റെ കൂടെ അപ്പോളോനിയോസ് എന്ന തത്വചിന്തകന്റെ കുറെ ഗ്രീക്ക് കഥകളും കൂടി ചേർത്ത് സുവിശേഷം എന്ന അവിയൽ തയാറാക്കി. യേശുവിന്റെ സുവിശേഷം എന്നു പറയുന്നത് യേശു എന്ന ചരിത്രപുരുഷന്റെ സുവിശേഷമല്ല. യേശുവിന്റെ എന്നു പറയപ്പെടുന്ന സുവിശേഷം ഒരു വ്യക്തിയുടെ മാത്രം സംഭാവനയല്ല. പല വ്യക്തികൾ, പല യേശുമാർ ഈ സുവിശേഷങ്ങളുടെ പിതാക്കന്മാർ ആണ്. മറിയത്തിന്റെയും തോമായുടെയും സുവിശേഷങ്ങൾ കാനോനികസുവിശേഷങ്ങളിൽ നിന്നും വളരെ വ്യത്യസ്തമാണ്. അവിടെ അത്ഭുതജനനം ഇല്ല. പീഢാനുഭവമരണമില്ല. ജഢികമായ ഉയിർപ്പില്ല. രോഗശാന്തിയും അത്ഭുതങ്ങളും ഇല്ല. യേശുവിന്റെ പഠിപ്പിക്കൽ മാത്രം. ഈ കാഴ്ചപ്പാടിൽ മറിയത്തിന്റെ സുവിശേഷം വിശകലനം

ചെയ്താൽ യേശുവിന്റെ സുവിശേഷം മനസ്സിലാകും. അത് പല കാലഘട്ട ങ്ങളിൽ പ്രവാചകരും ഉപനിഷത്തുകളും ബുദ്ധനും കൃഷ്ണനും യെഹൂ ദന്റെ മതവും ഒക്കെ പറഞ്ഞവ തന്നെ.

ദൈവം സർവ്വശക്തനും സർവ്വവ്യാപിയും ആയിരിക്കെ സ്വർഗത്തിൽ നിന്നും ഇറങ്ങിവരണമോ മനുഷ്യജാതിയെ രക്ഷിക്കാൻ? സർവ്വവ്യാപിയായ ദൈവം ഒരു സ്ഥലത്തു നിന്ന് മറ്റൊരു സ്ഥലത്തേക്ക് നീങ്ങുന്നതെന്തിന്? സൃഷ്ടിയുടെ തുടക്കം മുതലേ ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മേൽ പരിവർത്തിച്ചു. എങ്കിൽ ദൈവത്തിന്റെ ആത്മാവ് എല്ലാ സൃഷ്ടിയിലും വ്യാപ രിക്കുന്നു. ആ സ്ഥിതിയിൽ ദൈവത്തിന് പിന്നീട് സ്വർഗത്തിൽനിന്നും ഇറങ്ങിവരേണ്ട ആവശ്യമില്ല. മറിയയുടെ ഉദരത്തിൽ അസാധാരണമായ വിധ ത്തിൽ കയറിപ്പറ്റേണ്ട ആവശ്യവുമില്ല. മറിയയുടെ പുത്രനായി ദൈവപു ത്രൻ ജനിക്കേണ്ട ആവശ്യവും വരുന്നില്ല. മാത്രമല്ല, ദൈവം ഇല്ലാതിരുന്ന ഒരു ഭൂമി എന്ന അവസ്ഥ നിലനിന്നിരുന്നില്ല. സർവ്വവ്യാപിയായ ദൈവം എപ്പോഴും എല്ലായിടത്തും നിലനിൽക്കുന്നു. മാത്രമല്ല, സർവ്വശക്തനായ ദൈവം എവിടെ ആയിരുന്നാലും എന്തും ചെയ്യാൻ സാധിക്കും. എങ്കിൽ പിന്നെ എന്തിന് കന്യകയുടെ ഉദരത്തിൽ ജനിക്കണം? മാലാഖയുടെ അറി യിപ്പും കന്യകയുടെ പ്രസവവും പീഢാനുഭവവും ഉയർത്തെഴുന്നേൽപ്പും എല്ലാം നൂറ്റാണ്ടുകൾക്കു ശേഷം രൂപം കൊണ്ട കെട്ടുകഥകളാണ്. അതു കൊണ്ടാണ് തോമായുടെയും മറിയത്തിന്റെയും സുവിശേഷത്തിൽ ഈ കഥ കൾ ഇല്ലാത്തത്. യേശുവിന്റെ സുവിശേഷം പ്രചരിപ്പിക്കുവാൻ ദിവ്യജനന ത്തിന്റെ ആവശ്യമില്ല. യേശു പറഞ്ഞു എന്നു പറയുന്നവ യേശു പറഞ്ഞവ യല്ല എന്ന് യേശുവിന്റെ യഥാർത്ഥസുവിശേഷം വായിക്കുമ്പോൾ നമുക്കു മനസ്സിലാകും. കാനോനികസുവിശേഷങ്ങളിലെ യേശു ക്രിസ്ത്യൻസഭകൾ മെനഞ്ഞെടുത്ത ഒരു ഹീറോ മാത്രമാണ്. യേശു പ്രവചനങ്ങളുടെ പൂർത്തീ കരണമല്ല. കാരണം യെഹൂദന്റെ പുസ്തകങ്ങളിലെ പ്രവചനങ്ങൾ യേശു വിനു മുൻപ് തന്നെ പൂർത്തീകരിക്കപ്പെട്ടവയോ പൂർത്തീകരിക്കപ്പെട്ടിട്ടില്ലാത്ത തെറ്റായ പ്രവചനങ്ങളോ ആയിരുന്നു. മാത്രമല്ല യെഹൂദന്റെ പ്രവചനങ്ങ ളിലെ മശിഹ അല്ല യേശു. പല മശിഹമാർ പല കാലഘട്ടങ്ങളിൽ ഉണ്ടായി രുന്നു എങ്കിലും ആരും തന്നെ മശിഹയുടെ എല്ലാ ഗുണങ്ങളും പൂർത്തീക രിച്ചിട്ടില്ല. യെഹൂദമശിഹയുടെ ഗുണങ്ങൾ യേശുവിന് ഇല്ലതാനും. അതു കൊണ്ടാണ് യെഹൂദരിലെ മശിഹ ഗ്രൂപ്പ് ഇന്നും യേശുവിനെ അംഗീകരി ക്കാത്തതും.

യെഹൂദന്റെ മശിഹ ഇന്നും യെഹൂദന്റെ സ്വപ്നമാണ്. മശിഹയുടെ കാലത്ത് യിസ്രയേൽ ദാവീദിന്റെ രാജ്യമായി പുനസ്ഥാപിക്കപ്പെടും. യേരുശലേം ദേവാലയം വീണ്ടും പണിയും. നീണ്ടസ്വപ്നങ്ങളുടെ പരമ്പര യിൽ ഉണ്ടായ ഭാവനാസൃഷ്ടിയാണ് യെഹൂദന്റെ മശിഹ. ഭാവനയുടെ

സൃഷ്ടിയായ യെഹൂദന്റെ മശിഹയെ യെഹൂദൻ ക്രിസ്ത്യാനിയായപ്പോൾ കൂടെ കൊണ്ടുപോന്നു. ആ ഭാവന പിന്നീടുണ്ടായ കാലഘട്ടങ്ങളിൽ പരി പോഷിപ്പിക്കപ്പെട്ടു. അങ്ങനെ യെഹൂദന്റെ മശിഹ ക്രിസ്ത്യാനിയായി. യേശു എന്ന ചരിത്രപുരുഷൻ മാനുഷികരീതിയിൽ ജനിച്ചു., മരിച്ചു. ആ യേശു അല്ല സുവിശേഷങ്ങളിലെ യേശു. കാരണം കാനോനികം എന്ന പേരിൽ അറിയപ്പടുന്ന സുവിശേഷങ്ങളിലെ യേശു ഭാവനകളിലൂടെ മശിഹയും ക്രിസ്തുവും ദൈവത്തിന്റെ ഏകപുത്രനും ഒക്കെയായി പുനർജ്ജനിച്ചു. അതുകൊണ്ടാണ് ഈ ഭാവനകളും അത്ഭുതങ്ങളും ഒന്നും തന്നെ മറിയത്തിന്റെയും തോമയുടെയും സുവിശേഷങ്ങളിൽ കാണാത്തത്.

ക്രിസ്തുമതത്തിലെ അനേകം വിഭാഗങ്ങൾ പോലെ യെഹൂദമതത്തിലും പരസ്പരവിരുദ്ധങ്ങളായ ആശയങ്ങൾ പുലർത്തിപ്പോരുന്ന അനേകം വിഭാ ഗങ്ങൾ നിലനിൽക്കുന്നു. യെഹൂദന്റെ വാഗ്ദത്തനാടായ യിസ്രയേൽ, മശി ഹയുടെ രാജ്യം, ദേവാലയപുനരുദ്ധാരണം ഇവയെ ഒക്കെ നിത്യസത്യ ങ്ങളായി വിശ്വസിച്ച് നൂറ്റാണ്ടുകളായി മതഭ്രാന്തിൽ രക്തപ്പുഴകൾ ഒഴുക്കുന്നു യെഹൂദർ. എന്നാൽ വാഗ്ദത്തനാട്, ദൈവം തെരഞ്ഞെടുത്തജനം ഇവ യൊക്കെ ഭാവനാത്മകമായ അടയാളങ്ങൾ മാത്രം. അതുപോലെ സുവി ശേഷകഥകളും ഭാവനാസൃഷ്ടികൾ എന്ന ചിന്താഗതിയിൽ ജീവിക്കാൻ ശ്രമി ക്കുന്നവന് ആത്മീയ ഉദ്ധാരണം ഉണ്ടാകുന്നു. അതാണ് യേശു പറഞ്ഞ സ്വർഗരാജ്യം. കാനോനികം എന്നറിയപ്പെടുന്ന സുവിശേഷങ്ങൾ ഉൽപ്രേക്ഷാ അലങ്കാരരൂപത്തിൽ എഴുതപ്പെട്ടവയാണ്. C.E. 60-400 കാലഘട്ടത്തിൽ പല രീതിയിലുള്ള അനേകം ലേഖനങ്ങൾ ഉണ്ടായെങ്കിലും മത്തായി, മർക്കോ സ്, ലൂക്കോസ്, യോഹന്നാൻ എന്നിവ മാത്രം തെരഞ്ഞെടുക്കുവാനുള്ള കാര ണവും അതാണ്. യേശുവിന്റെ ഉപമകളും അതുപോലെ ശ്രേഷ്ഠമായ, ഉയർന്ന നിലവാരത്തിലുള്ള ആശയങ്ങൾ സാധാരണ മനുഷ്യനു മനസ്സിലാ ക്കാനായി ചിത്രീകരിക്കപ്പെട്ടവയാണ്. അതുപോലെ തന്നെയാണ് സുവിശേ ഷങ്ങളിലെ ഭാവനകളും. അവ ചരിത്രവസ്തുതകൾ എന്ന രീതിയിൽ ചിന്തി ക്കുകയോ കണക്കാക്കുകയോ പുരാവസ്തുഗവേഷണത്തിലൂടെ യേശു വിന്റെ കല്ലറയും കുരിശും ഒക്കെ അന്വേഷിച്ചു നടക്കുകയോ ചെയ്താൽ മരീചികയുടെ പിന്നാലെയുള്ള ഓട്ടമായി മാറും. പകരം സുവിശേഷങ്ങളിലെ കഥകളെ പ്രതീകങ്ങൾ മാത്രമായി കണ്ടാൽ ദൈവികജനനം നിങ്ങൾക്കും കാണാം. മലിനപ്പെടാത്ത കന്യകാഹൃദയം (മറ്റു ചിന്താഗതികളുടെ പ്രേരണ യാൽ ഉണ്ടാകുന്ന മനോഭാവം ഇല്ലാത്ത അവസ്ഥ) നിങ്ങൾക്കുള്ളിൽ ഉണ്ടാ കുമ്പോൾ ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ പരിവർത്തിക്കുന്നു. അവിടെ മനുഷ്യവർഗത്തിന്റെ നന്മ മാത്രം, പ്രപഞ്ചത്തിന്റെ നന്മമാത്രം ആഗ്രഹിക്കുന്ന ദൈവികമായ അവസ്ഥ ജനിക്കുന്നു. അതാണ് മറിയത്തിന്റെയും തോമായു ടെയും സുവിശേഷങ്ങൾ. അതാണ് പല സുവിശേഷങ്ങളിലും ആവർത്തി

ക്കപ്പെടുന്ന 'ചെവി ഉള്ളവൻ കേൾക്കട്ടെ' എന്ന വാക്യം. ചെവി ഉണ്ടെങ്കിൽ കേൾക്കാൻ താത്പര്യമില്ലെങ്കിലും ശബ്ദമുണ്ടായാൽ കേൾക്കും. അതല്ല ഇവിടെ ഉദ്ദേശിക്കുന്നത്  ചെവിക്കൊള്ളുവാൻ, കേട്ടു മനസ്സിലാക്കുവാൻ താൽപര്യം ഉള്ളവർ ശ്രദ്ധിച്ചു മനസ്സിലാക്കുക എന്ന് അർത്ഥം.

മതങ്ങൾ തരുന്ന ആത്മീയ ചിന്താഗതി കുപ്പിയിൽ നിറച്ച വെള്ളം പോലെയാണ്. എവിടെ നിന്നോ കോരി നിറച്ച വെള്ളം ലേബൽ ഒട്ടിച്ച് നമുക്കു നൽകുന്നു. പല നിലവാരത്തിലുള്ള വില കൊടുത്ത് നാം വെള്ളം വാങ്ങുന്നു, കുടിക്കുന്നു. ദാഹിക്കുമ്പോൾ വെള്ളം എവിടെ നിന്നു കോരി എന്നു ശ്രദ്ധിക്കാതെ നാം വാങ്ങി കുടിക്കുന്നു. കാരണം ആത്മീയദാഹം മാത്രമല്ല.

സാമുദായികനിലനിൽപ്, ഭാവിയെക്കുറിച്ചുള്ള ആകാംക്ഷ മുതലായ കാരണങ്ങൾ കൂടി ഉണ്ട്. ഇന്നത്തെ സമൂഹം മതം, രാഷ്ട്രം, കുടുംബം എന്നിങ്ങനെ അനേകം ചിലന്തിവലകളിൽ കുരുങ്ങിക്കിടക്കുന്ന അവസ്ഥയിലാണ്. ഇവകളിൽ ഒന്നും പെടാതെ സ്വതന്ത്രമായി ജീവിക്കാൻ വളരെ പ്രയാസമുള്ള ഒരു അവസ്ഥയാണ് ഇന്നു നിലനിൽക്കുന്നത്. മരിക്കുമ്പോൾ കുഴിച്ചിടാൻ സ്ഥലം വേണം, വിവാഹം നടത്താൻ പള്ളിയോ അമ്പലമോ വേണം. അങ്ങനെയുള്ള ആവശ്യങ്ങൾ മൂലം മതവിശ്വാസിയായി ജീവിക്കാൻ മനുഷ്യൻ നിർബന്ധിതനാകുന്നു. എന്നാൽ ഇന്നത്തെ സമൂഹം ആത്മീയമായി ഉണർന്ന്, ശ്രേഷ്ഠമായ ചിന്താഗതിയിലൂടെ മുന്നോട്ടു പോകുന്ന ഒരു ആത്മീയപരിണാമത്തിന് വിധേയമാകുമ്പോൾ പള്ളിയും പട്ടക്കാരനുമൊക്കെ പുരാതനകോലങ്ങൾ മാത്രമായി മാറും. ഈ സാമുദായിക അടിമത്തത്തിൽ നിന്നും എഴുന്നേറ്റ് മുന്നോട്ടു നടക്കുക (get up and walk forth). അതു തന്നെയാണ് മറിയവും തോമായും സുവിശേഷിക്കുന്നതും.

മനുഷ്യൻ ജനിക്കുമ്പോൾ ആഘാതത്തോടും ആകാംക്ഷയോടും (shock and anxiety) കൂടി ജനിക്കുന്നു. അമ്മയുടെ ഉദരത്തിലെ രാജകീയമായ സുഖത്തിൽ നിന്നും രാജ്യഭ്രഷ്ടനാക്കപ്പെട്ട അവസ്ഥ ആഘാതം ഉണ്ടാക്കുന്നു. ഇനി എന്റെ ഭാവി എന്ത്? എന്തു ഭക്ഷിക്കും? എവിടെ തല ചായ്ക്കും? ഈ ആകാംക്ഷ ഭാവിയെക്കുറിച്ചുള്ള ഒരു ഭയമായി ചുടല വരെ മനുഷ്യനെ ഭരിക്കുന്നു.

എല്ലാ ജീവജാലങ്ങളും കാലഘട്ടങ്ങളിലൂടെ ശാരീരകവും ബുദ്ധിപരവും ആത്മീയവുമായ  (biological, intellectual and spiritual) പരിണാമത്തിലൂടെ കടന്നു പോകുന്നു. ആത്മീയപരിണാമത്തിന് മനുഷ്യനെ പ്രേരിപ്പിക്കുന്ന ഘടകമാണ് ഭാവിയെക്കുറിച്ചുള്ള ഭയം. മരണത്തിനു ശേഷമുള്ള അവസ്ഥയെ കുറിച്ചുള്ള ഉത്കണ്ഠയും മനുഷ്യനെ ഭയപ്പെടുത്തുന്നു. ഇവയിൽ നിന്നും രക്ഷ നേടുന്നതിന് കണ്ടുപിടിച്ച ഒരു മാർഗ്ഗമാണ് ദൈവവിശ്വാസം. ഈ ദൈവവിശ്വാസത്തെ ഒരു റിട്ടയർമെന്റ് ഫണ്ട് എന്ന രീതിയിലോ പരിണാമത്തെ ഉത്തേജിപ്പിക്കുന്ന ഒരു ത്വരകമായോ കാണാവുന്ന

താണ്. അങ്ങനെയാകുമ്പോൾ ദൈവരാജ്യത്തേക്കുള്ള പാത അല്ല ഇത്. വെറും ഇരുകാലിജീവിയായി ജനിച്ച് ബാല്യം, കൗമാരം, യൗവനം, വാർദ്ധക്യം എന്നിങ്ങനെയുള്ള ശാരീരികാവസ്ഥകളിലൂടെ കടന്ന് മരിക്കുന്നതിനല്ല മനുഷ്യനെ സൃഷ്ടിച്ചത്. മനുഷ്യന്റെ സൃഷ്ടാവ് അതി ലൊക്കെ ഉപരിയായ ശ്രേഷ്ഠമായ പുരോഗമനം ആണ് അവനിൽ നിന്നാഗ്ര ഹിക്കുന്നത്.

മതം, സമുദായം, വിഭാഗീയ ചിന്താഗതി ഇവകൾക്ക് ഉപരിയായി മനു ഷ്യൻ ഉയരണം. ഏതെങ്കിലും ഒരു സമുദായത്തിന്റെ അംഗം ആയാലേ മനു ഷ്യന്റെ സാമൂഹികവും വ്യക്തിപരവുമായ ആവശ്യങ്ങൾ നടപ്പാകൂ എന്ന അവസ്ഥ മാറണം. ഗവർമെന്റ് തലത്തിൽ തന്നെ പൊതുശ്മശാനവും വിവാ ഹവേദികളും സാമൂഹിക കൂട്ടായ്മാസ്ഥലങ്ങളും ഉണ്ടാകണം. അപ്പോൾ സാമൂഹിക, സാമുദായിക അടിമത്തം അനുഭവിക്കുന്ന മനുഷ്യന് സ്വതന്ത്രമായി ചിന്തിക്കുവാനുള്ള പ്രേരണ ഉണ്ടാകും. അപ്പോൾ മതത്തിന്റെ ലേബൽ ഒട്ടിച്ച കുപ്പിവെള്ളത്തിനു പകരം നിറഞ്ഞൊഴുകുന്ന പുഴയിലെ വെള്ളം കുടിക്കുവാൻ ഉള്ള പ്രേരണ മനുഷ്യന് ഉണ്ടാകും. മതത്തിന്റെ ലേബൽ ഒട്ടിച്ച സങ്കുചിതമായ ദൈവവിശ്വാസത്തിനു പകരം നിലയ്ക്കാത്ത പ്രവാഹമുള്ള, സ്വതന്ത്രവും വിസ്തൃതവുമായ ജീവന്റെ ജലം അവന് ലഭ്യ മാകും. ഇതാണ് ശമരിയക്കാരിക്ക് യേശു നിർദേശിക്കുന്ന ജീവജലം. ആ മനുഷ്യൻ ജാതിമതവർണ്ണങ്ങൾക്ക് ഉപരിയായി ചിന്തിക്കുന്നവനായി മാറും. യെരുശലേമോ, കാശിയോ, മക്കയോ മാത്രമല്ല പുണ്യസ്ഥലങ്ങൾ. ഈ ഭൂമി മുഴുവൻ പുണ്യമാണ്. പ്രപഞ്ചം മുഴുവൻ പുണ്യമാണ്. നാം നിൽക്കുന്നിടം നാം തന്നെ പുണ്യമാക്കണം. പുണ്യമല്ലാത്ത ഭൂമിയിൽ, അവസ്ഥയിൽ നിൽക്കരുത് എന്നിങ്ങനെയുള്ള ചിന്താഗതി പരക്കും. ദൈവരാജ്യം, മോക്ഷം എന്നിവയൊക്കെ ഏതാനും കുറെ മതവിഭാഗങ്ങളുടെ കുത്തകയല്ല എന്ന് മനസ്സിലാകും. മതഭ്രാന്തിന് പകരം സർവ്വലോകനന്മയ്ക്കായി പ്രവർത്തി ക്കുന്ന വികാരവിചാരങ്ങൾ ഉളവാകും. അതാണ് തോമായുടെയും മറിയത്തിന്റെയും സുവിശേഷം.

അതിനാൽ ജാതി, മതം, വർണ്ണം, രാഷ്ട്രം, പുരുഷമേധാവിത്തം, സമു ദായം ഇവയൊക്കെ മനുഷ്യനിൽ അടിച്ചേൽപ്പിക്കുന്ന വിഭാഗീയചിന്താഗതി കളിൽനിന്നും മോചനം പ്രാപിച്ച്, തുറന്ന മനസ്സോടെ കേൾക്കാൻ താൽപ ര്യമുള്ളവർ ശ്രദ്ധിച്ചു കേൾക്കുക, എഴുന്നേറ്റ് മുന്നോട്ടു നടക്കുക. ഇപ്പോൾ നിങ്ങൾ എന്തായിരിക്കുന്നുവോ ആ അവസ്ഥയിൽ നിന്നെഴുന്നേറ്റ് മുന്നോട്ടു നടക്കുക. മരിച്ച അവസ്ഥയിൽ കിടന്ന ബാലികയോട് യേശു പറഞ്ഞു: ”ബാലേ എഴുന്നേൽക്കുക...” ബ്രഹ്മാണ്ഡത്തിന്റെ ദിവ്യശക്തി നമ്മോടു പറ യുന്നു, നീ മരിച്ച അവസ്ഥയിൽ നിന്ന് എഴുന്നേറ്റ് മുന്നോട്ടു നടക്കുക. നഷ്ട പ്പെടുവാൻ മരണത്തിന്റെ അവസ്ഥ, വളർച്ച നിലച്ച അവസ്ഥ, അടിമത്ത

ത്തിന്റെ അവസ്ഥ മാത്രം. ലഭിക്കുന്നതോ പുരോഗതിയുടെ, പരിപൂർണ്ണത യുടെ, പരിശുദ്ധതയുടെ പുതിയ രാജ്യം. ക്രിസ്തുമതത്തിന്റെ വീക്ഷണ ത്തിന്റെ തുടർച്ചയിൽ തന്നെ മറിയത്തെ വിശകലനം ചെയ്യാം. യേശുവിന്റെ ജനനത്തിന്റെയും മരണത്തിന്റെയും എല്ലാം പ്രാഥമികമായ ഉദ്ദേശ്യം മനു ഷ്യവർഗത്തെ പാപവിമോചിതമാക്കുക എന്നതാണ്. എങ്കിൽ യേശുവിന്റെ ജനനം ആദ്യമായി സഫലീകരിക്കുന്ന വ്യക്തിയും മറിയം തന്നെയല്ലേ? യേശു ഏഴ് ഭൂതങ്ങളെ പുറത്താക്കി ശുദ്ധീകരിച്ച മറിയത്തെ വീണ്ടും വേശ്യ യായി ചിത്രീകരിച്ചാൽ യേശുവിന്റെ പാപമോചനം കൊണ്ട് എന്ത് ഫലം? യേശുവിന്റെ മനുഷ്യാവതാരം കൊണ്ട് എന്ത് ഫലം? കാനോനികസുവിശേ ഷങ്ങളിലെ അനേകം അബദ്ധങ്ങളിൽ ഒന്നാണ് തെറ്റിദ്ധരിക്കപ്പെട്ട മറിയ വും. അതിനാൽ സുവിശേഷത്തിലെ മറിയത്തെ വാക്കുകളുടെ വാച്യാർത്ഥ ത്തിൽ തന്നെ എടുക്കുക. യേശു ശുദ്ധീകരിച്ച മറിയം. അവളിൽ നിന്നും ഏഴ് ഭൂതങ്ങൾ പുറത്താക്കപ്പെട്ടു. അതിലുപരി എന്ത് ഭാഗ്യം ലഭിക്കാൻ? സുവിശേഷങ്ങളിൽ വീണ്ടും മറിയത്തെ ചിത്രീകരിക്കുന്ന ഭാഗങ്ങൾ ഉണ്ട്. യേശുവിനെ പരിമളതൈലം പൂശുന്നതിന് മറിയം ഉപയോഗിക്കുന്ന (ഒരു സ്ത്രീ... - മത്തായി - 26:7, മർക്കോസ് - 14:3) സ്വച്ഛജടാമാംസിതൈലം (therapeutic oil) ദേവാലയത്തിലെ അഭിഷേകത്തിൽ ഉപയോഗിക്കുന്ന തൈലങ്ങ ളിൽ ഒന്നാണ്. ദേവാലയത്തിൽ അഭിഷേകം ചെയ്യുന്നത് പുരോഹിതനെയും രാജാവിനെയുമാണ്. യെഹൂദന്റെ മശിഹ ദാവീദിന്റെ വംശത്തിൽപ്പെട്ട രാജാവും ലേവ്യവർഗ്ഗത്തിൽപ്പെട്ട പുരോഹിതനും ആയിരിക്കണം. യൗസേപ്പ് ദാവീദുവംശജൻ ആയതിനാലും യേശുവിന്റെ അമ്മ മറിയം ലേവ്യഗോത്ര ക്കാരി ആയതിനാലും രണ്ടു ഘടകങ്ങളും യേശുവിൽ പൂർത്തീകരിക്കപ്പെ ടുന്നു. എന്നാൽ യേശുവിനെ ഔദ്യോഗികമായി അഭിഷേകം ചെയ്യുന്ന അവ സരമാണ് കുഷ്ഠരോഗിയായ ശീമോന്റെ വീട്ടിലെ വിരുന്ന്. യേശുവിനെ പുരോഹിതനും രാജാവും ആയി അഭിഷേകം ചെയ്യുന്നതോ മഗ്ദലനമറിയം. യേശുവിന്റെ അമ്മയായ മറിയയുടെ സ്ഥാനം എന്താണ്? യേശുവിന്റെ പിതൃത്വം ഇവിടെ യൗസേപ്പിന്റെ വംശാവലിയിൽ വരുന്നുവെങ്കിലേ ദാവീദുഗോത്രക്കാരൻ ആകുന്നുള്ളു. മത്തായിയുടെ സുവിശേഷത്തിൽ പറ യുന്നതു പോലെ മറിയയുടെ ഉദരത്തിൽ ജനിച്ചത് പരിശുദ്ധാത്മാവിനാലാണ് എങ്കിൽ യേശു എങ്ങിനെ ദാവീദുപുത്രൻ ആകും? യേശുവിന്റെ പൗരോ ഹിത്യം ലേവ്യഗോത്രക്കാരിയായ മറിയയിൽ നിന്നായിരുന്നു എങ്കിൽ പുരു ഷമേധാവിത്തത്തിന് വിധേയമായി നിൽക്കുന്ന യെഹൂദപൗരോഹിത്യം യേശു മാറ്റി എന്നു വാദിക്കേണ്ടി വരും. അപ്പോൾ എന്തുകൊണ്ട് സഭകൾ സ്ത്രീകളെ പുരോഹിതർ ആക്കുന്നില്ല? ആദിമസഭയിൽ പുരോഹിതകൾ ഉണ്ടായിരുന്നു. സ്ത്രീയുടെ പൗരോഹിത്വം അംഗീകരിക്കാൻ സാധിക്കുന്നി ല്ല എങ്കിൽ യേശു മശിഹ അല്ലാതെയാകുന്നു. യേശുവിന് പൗരോഹിത്വം നല്കിയത് യോഹന്നാൻ ആണെങ്കിൽ അതൊരു തെറ്റിദ്ധാരണയല്ലേ?

യോഹന്നാൻ യേശുവിനെ സ്നാനപ്പെടുത്തിയതായേ സുവിശേഷത്തിൽ പറയുന്നുള്ളു. സഭ വിണ്ടും സ്ത്രീകളെ പുരോഹിതരാക്കുക മാത്രമല്ല, മഹാപുരോഹിതരാക്കുകയും പുരോഹിതർക്ക് വിവാഹം അനുവദിക്കുകയും വിവാഹിതപുരോഹിതരെ മേൽപ്പട്ടക്കാർ ആക്കുകയും വേണം. പള്ളികളിൽ പുരുഷനു തുല്യമായ അവകാശം (പൊതുയോഗത്തിൽ അംഗത്വം, ഭരണസ്ഥാനങ്ങൾ ഇവയൊക്കെ) സ്ത്രീകൾക്ക് ലഭ്യമാക്കേണ്ടുന്ന കാലം പണ്ടേ അതിക്രമിച്ചിരിക്കുന്നു. യേശുവിന്റെ കൂടെ നടന്നവർ ഭൂരിഭാഗവും സ്ത്രീകൾ ആയിരുന്നു. യേശുവിന്റെ മരണത്തിൽ കൂടെനിന്നതും രണ്ടു സ്ത്രീകൾ ആണ്. (യേശു കുരിശിൽ വെച്ചുതന്നെ മശിഹ ആയിവരും എന്ന് യോഹന്നാൻ വിശ്വസിച്ചിരുന്നു. അപ്പോൾ യേശുവിന്റെ കൂടെ ഇരിക്കുവാനുള്ള അവസരം കാത്താണ് യോഹന്നാൻ കുരിശിന്റെ അടുത്തുതന്നെ ചുറ്റിപ്പറ്റി നിന്നത്.) അതുപോലെ യേശു മരിച്ചതിനുശേഷം പുരുഷശിഷ്യന്മാർ യേശുവിലുള്ള വിശ്വാസം നശിച്ച അവസ്ഥയിൽ ആയിരുന്നു. എന്നാൽ യേശുവിൽ വിശ്വാസം നശിക്കാതെ യേശുവിന്റെ കല്ലറയിൽ പോകുന്നതും യേശു ഉയിർത്തെഴുന്നേറ്റു എന്ന സുവിശേഷം ആദ്യമായി പ്രഖ്യാപിച്ചതും മഗ്ദലന എന്നറിയപ്പെടുന്ന മറിയമാണ്. അതിനാലാണ് പിന്നീട് കത്തോലിക്കാസഭ മുൻതെറ്റു തിരുത്തുകയും മറിയത്തെ അപ്പോസ്തോലരുടെ അപ്പോസ്തോലിക എന്ന് നാമകരണം ചെയ്യുകയും ചെയ്തത്.

ഈ അപ്പോസ്തോലിക മറിയത്തിന് അതിമഹത്തായ ഒരു സ്ഥാനം കൂടി ഉണ്ട്. ബഥനിയിലെ ലാസറിന്റെ സഹോദരി മറിയവും മഗ്ദലനമറിയവും ഒരാൾ തന്നെയാണ് എന്ന് വിശ്വസിക്കപ്പെടുന്നു. ഈ മറിയത്തിന്റെ ഗാഢമായ വിശ്വാസമാണ് സഹോദരൻ ലാസറിനെ മരിച്ച അവസ്ഥയിൽനിന്നും തിരികെ കൊണ്ടു വരുന്നത്. അതേ വിശ്വാസമാണ് മറിയയിൽ വീണ്ടും കാണുന്നത്. യേശുവിന്റെ കല്ലറയിൽ പോകുന്നത് സുഗന്ധദ്രവ്യം പൂശുവാൻ ആണെന്നാണ് സുവിശേഷങ്ങൾ പറയുന്നത്. യെഹൂദന്റെ ശുദ്ധീകരണ സമ്പ്രദായപ്രകാരം മരിച്ച ശരീരം അശുദ്ധമാണ്. അതിനാൽ മറിയം പോയത് യേശുവിന്റെ ജഡത്തിൽ തൈലം പൂശുവാനല്ല, സഹോദരൻ ലാസർ ഉയർത്തതു പോലെ യേശുവും ഉയർക്കും എന്ന വിശ്വാസത്തോടെ യേശുവിന്റെ മുറിവുകൾ ഉണങ്ങുവാനുള്ള മരുന്നുകളുടെ തൈലവുമായിട്ടാണ്. യേശു ഉയർക്കും, യേശു മരിച്ചിട്ടില്ല എന്നു പൂർണ്ണമായി വിശ്വസിച്ച ഒരേ ഒരു വ്യക്തി മറിയമാണ്. അതുകൊണ്ടാണ് മറ്റാർക്കും ലഭിക്കാത്ത പരമോന്നതബഹുമതി മറിയത്തിന് ലഭിച്ചത്. യേശുവിനെ രാജാവും പുരോഹിതനും ആയ മശിഹയായി അഭിഷേകം ചെയ്യുവാനുള്ള മഹത്വവും അവസരവും മറിയത്തിന് ലഭിച്ചു. യേശുവിന്റെ ജീവിതം മുഴുവനും പ്രവചനങ്ങളുടെ പൂർത്തീകരണമാണെന്നു സുവിശേഷങ്ങൾ വാദിക്കുന്നു. എങ്കിൽ ഇതാ ഒരു പ്രവചനപൂർത്തീകരണം. (നീയോ... മിഖാ - 4:8.) ഇതിലുപരി എന്ത് സ്ഥാനം?

മഗ്ദലന എന്ന പേരുണ്ടായത് മഗ്ദല എന്ന പട്ടണത്തിൽ ഉള്ളവൾ എന്നതിൽ നിന്നല്ല. ഹീബ്രൂവിൽ മഗ്ദല എന്ന വാക്കിന്റെ അർത്ഥം ഉയർന്ന സ്ഥലം, ഗോപുരം എന്നൊക്കെയാണ്. താഴ്വരയിൽ മേയുന്ന ആടുകളെ മുഴുവൻ കാണത്തക്ക രീതിയിൽ ആട്ടിടയർ നിൽക്കുന്ന ഉയർന്ന സ്ഥലം, മറ്റുള്ളവയിൽനിന്നും ഉയർന്നത്, രാജഭവനം പണിതിരിക്കുന്ന ഉയർന്നസ്ഥലം എന്നിങ്ങനെയുള്ള അർത്ഥങ്ങളും ഇവിടെ പ്രസക്തമാണ്. ഇവയെല്ലാം മറിയത്തിന് യേജിച്ച പേരുകൾ തന്നെ.

അതിനാൽ നമ്മെക്കാൾ ഉയർന്ന അവസ്ഥയിലുള്ള മറിയത്തിന്റെ വാക്കുകൾ ശ്രദ്ധിച്ചു മനസ്സിലാക്കുക. യേശുവിന്റെ ശിഷ്യന്മാർക്ക് മറിയത്തിന്റെ വാക്കുകളെ അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നു. അതിനാൽ മറിയം സംസാരിച്ചു കഴിഞ്ഞപ്പോൾ അന്ത്രയോസ് പറഞ്ഞു: “ഇവൾ പറയുന്ന ഈ കാര്യങ്ങളെക്കുറിച്ച് നിങ്ങൾക്ക് എന്ത് തോന്നുന്നു? ഗുരു പറഞ്ഞ ആശയങ്ങളിൽ നിന്നും തീർത്തും വ്യത്യസ്തങ്ങളാണ് ഇവ. അതിനാൽ ഞാൻ വിശ്വസിക്കുന്നില്ല.” പത്രോസും അന്ത്രയോസിന്റെ അഭിപ്രായത്തോടു യോജിച്ചു: “ഒരു സ്ത്രീയോട് ഗുരു ഇതേ രീതിയിൽ സംസാരിക്കാൻ സാദ്ധ്യതയുണ്ടോ? ഈ രഹസ്യങ്ങൾ നമുക്ക് തീർത്തും അജ്ഞാതമല്ലെ? നമ്മുടെ രീതി മാറ്റി ഈ സ്ത്രീ പറയുന്നത് കേൾക്കണമോ? ഗുരു നമ്മേക്കാൾ ഉപരിയായി ഒരു സ്ത്രീയെ തെരഞ്ഞെടുത്തോ?” പത്രോസും പൗലോസും കൂടി തുടങ്ങിയ ക്രിസ്തീയസഭകൾക്ക് അന്നും ഇന്നും പറ്റിയ അബദ്ധവും അതു തന്നെ. അജ്ഞതയിൽ നിന്നും ഉളവായ പുരുഷമേധാവിത്തം, സ്ത്രീ പറയുന്നത് കേൾക്കാനുള്ള ബുദ്ധിമുട്ട്, പുരുഷനേക്കാൾ ഉപരിയായി യേശു സ്ത്രീയോട് രഹസ്യം പങ്കിട്ടു എന്ന് അംഗീകരിക്കാനുള്ള കഴിവുകേട്.

ബുദ്ധിശൂന്യമായ പുരുഷമേധാവിത്തത്തിന്റെ ശക്തികൊണ്ടാണ് ഈ സുവിശേഷം വെളിച്ചം കാണാതെ നൂറ്റാണ്ടുകൾ മൺഭരണിയിൽ മറഞ്ഞിരുന്നത്. മൂടപ്പെട്ടിരുന്ന സത്യം തണ്ടിൻമേലെ ദീപം പോലെ മഗ്ദല എന്ന ഉയർന്ന ഗോപുരത്തിൽ നിന്നും അജ്ഞതയുടെ താഴ്വാരങ്ങളിലേക്ക് പരക്കുന്നു. ഉയർന്നസ്ഥലത്ത് നിന്ന് ഇടയൻ തന്റെ ആടുകളെ വീക്ഷിക്കുന്നതു പോലെ മറിയത്തിന്റെ സുവിശേഷം നമ്മെ വീക്ഷിക്കുന്നു. മറിയവും യേശുവും ഈജിപ്തിലെ Therapute എന്ന ഗ്രൂപ്പുകാരുടെ പരിശീലനം ലഭിച്ചവർ ആയിരുന്നിരിക്കാം. തെറാപുട്ടേ എന്ന വാക്കിന് ശമനം നൽകുന്നത്, സുഖം നൽകുന്നത് എന്നൊക്കെ അർത്ഥം കൽപിക്കാം. ഈജിപ്തിൽ നിലവിലുണ്ടായിരുന്ന അനേകം ശമനഗ്രൂപ്പുകളിൽ ഏതെങ്കിലും ഒന്നിൽ മറിയവും യേശുവും പരിശീലനം നേടിയിരുന്നതിനാലായിരിക്കാം രണ്ടു പേർക്കും വളരെ ഗാഢമായ ബന്ധം ഉണ്ടായതും മറ്റുള്ളവർക്ക് അത് മനസ്സിലാക്കാൻ സാധിക്കാതെ പോയതും. ജിവിച്ചിരിക്കുമ്പോൾ തന്നെ മരണാനന്തരലോകത്തിലേക്ക് യാത്രചെയ്യുവാനും തിരികെ വരുവാനുമുള്ള

തന്ത്രം ഈജിപ്തിലെ ഗൂഢസങ്കേതങ്ങളിൽ പരിശീലിച്ചിപ്പിച്ചിരുന്നു. വളരെ താഴ്ചയിലുള്ള നീണ്ട ഗുഹകളിൽ ഈജിപ്ഷ്യൻ പുരോഹിതർ (ആണും പെണ്ണും) ഇരുളടഞ്ഞ ഏകാന്തതയിൽ അധോലോകത്തിലേക്ക് യാത്രചെയ്യുന്ന രീതി പരിശീലിച്ചിരുന്നു. അതാണ് യേശു പാതാളത്തിൽ പോയി പാതാളസ്ഥരെ വിടുവിച്ചു എന്നു പറയുന്നതിന്റെ അർത്ഥം (പുസ്തകം അഞ്ച് കാണുക). ഈ ഗൂഢമായ അറിവ് മറിയത്തിന് ഉണ്ടായിരുന്നതു കൊണ്ടാണ് സഹോദരനായ ലാസറിനെ തിരികെ കൊണ്ടുവരാൻ സാധിക്കും എന്നു മറിയം വിശ്വസിച്ചതും യേശുവിനെ കാത്തിരുന്നതും. ക്രിസ്തുമതവിശ്വാസപ്രകാരം തന്റെ രണ്ടാമത്തെ വരവിൽ മാത്രമെ യേശു മരിച്ചവരെ ഉയിർപ്പിക്കുകയുള്ളു. മറിയത്തിന്റെ ജീവിതത്തിൽ അത് എന്നേ പൂർത്തീകരിച്ചു. ക്രിസ്ത്യാനികളുടെ വിശ്വാസത്തിന്റെ പൂർത്തീകരണമല്ലേ മറിയം? ഇന്ത്യയിൽ ആരാധിക്കുന്ന ദേവീശക്തിയുടെ മൂർത്തികരണം അല്ലേ മറിയം? സർവ്വം സഹ ഭൂമീദേവിയോ? സർവ്വജ്ഞാനി സരസ്വതിയോ? യേശു മരിച്ചാലും ജീവിക്കും എന്ന വിശ്വാസത്തിലാണ് മറിയം സുഖശമന (therapeutic) തൈലവുമായി കല്ലറയിൽ പോകുന്നത്. അവന്റെ മുറിവുകളെ ഉണക്കുവാനുള്ള ശമനതൈലവുമായി, പുനർജീവിതം നൽകുന്ന തൈലവുമായി മറിയം കല്ലറയിൽ പോകുന്നു. ഈ ശക്തിയുടെ ഉറവിടമായ മറിയം ദിവ്യശക്തികളുടെ സ്രോതസ്സുകൾ തുറന്ന് നമുക്കൊരു സുവിശേഷം നൽകിയിരിക്കുന്നു.

യേശുവും മറിയവും ഈജിപ്തിലെ mystic group (therapeutic group) -ൽ പരിശീലിക്കുകയോ യേശു മറിയത്തെ പരിശീലിപ്പിക്കുകയോ ചെയ്തിരിക്കണം. അതുകൊണ്ടാണ് കുരിശിൽ തറയ്ക്കപ്പെട്ട യേശു മരിക്കാതെ പുനർജീവിക്കും എന്ന വിശ്വാസത്തോടെ മറിയം ശമനതൈലവുമായി കല്ലറയിൽ വരുന്നത്. യേശുവിനെ സംബന്ധിച്ചിടത്തോളം മരിക്കുന്നതും അധോലോകത്തിൽ പോകുന്നതും തിരികെ വരുന്നതും പുതുമയായിരുന്നില്ല. അതാണ് താൻ മരിച്ചാലും ജീവിക്കും എന്ന് യേശു പലപ്പോഴും പറഞ്ഞിരുന്നത്. യേശു പലതവണ പരിശീലിച്ച ഒരു രഹസ്യതന്ത്രം ആയിരുന്നു Egyptian mystic practice. യേശു മരിച്ചില്ല എങ്കിൽ ഉയർത്തിട്ടില്ല. യേശു മരിച്ചു എങ്കിൽ ദൈവപുത്രനുമല്ല. കുരിശിൽ തറയ്ക്കപ്പെട്ടു എങ്കിലും മരിക്കാത്തയേശു രൂപാന്തരം പ്രാപിച്ച അവസ്ഥയിൽ, അധോലോകത്തിൽ നിന്നും തിരികെവരുന്ന അവസ്ഥയിലാണ് മറിയം കാണുന്നത്. അതുകൊണ്ടാണ് മറിയത്തോട് ഇപ്പോൾ എന്റെ അടുത്ത് ചുറ്റിപ്പറ്റി നിൽക്കേണ്ട എന്നു പറയുന്നത്. അല്ലാതെ ക്രിസ്തുമതക്കാർ പഠിപ്പിക്കുന്നതുപോലെ മറിയം അശുദ്ധയായതു കൊണ്ടല്ല. യേശു ശുദ്ധീകരിച്ച മറിയം, യേശുവിനെ ശുദ്ധീകരണതൈലം കൊണ്ട് അഭിഷേകം ചെയ്ത മറിയം അശുദ്ധയെങ്കിൽ യേശുവിന്റെ ശുദ്ധീകരണം കൊണ്ട് എന്ത് ഫലം? ഈജിപ്ഷ്യൻ ഗൂഢജ്ഞാനപ്രകാരം

അനുമാനിച്ചാൽ ഉയർത്തയേശു യഹൂദിയായിലെ കോളിളക്കത്തിൽ നിന്നും സ്വസ്ഥതയുള്ള സ്ഥലത്തേക്ക് പോയിക്കാണണം. ഒപ്പം യേശുവിന്റെ സന്ത തസഹചാരിയായ മറിയവും. അതുകൊണ്ടാകാം പെന്തക്കോസ്തിൽ മറിയത്തെ നാം കാണാത്തത്. യേശുവിന്റെ മരണശേഷം നിരാശരായി സ്വന്തം തൊഴിലുകളിലേക്ക് തിരികെപ്പോയ ശിഷ്യരെ യേശുവിന്റെ സുവിശേഷക രായി തിരികെ കൊണ്ടുവന്നതും മറിയമാണ്. യേശുവിന് സ്വന്തം ശിഷ്യരെ വിശ്വസിപ്പിക്കാൻ സാധിച്ചില്ല, എന്നാൽ മറിയത്തിന് അത് സാധിച്ചു. മറിയവും ഉയർത്തയേശുവും എവിടെപ്പോയി? (പുസ്തകം അഞ്ച് കാണുക).

തോമയുടെ കൂടെ കിഴക്കൻ നാടുകളിലേക്ക്, വിശിഷ്യ ഇന്ത്യയിലേക്ക് പോയോ?

യേശു യഥാർത്ഥത്തിൽ കുരിശിൽ മരിച്ചോ?

എന്തുകൊണ്ട് മുഴംകാലുകൾ ഒടിക്കാതെ വളരെ വേഗം യേശുവിനെ കുരിശിൽ നിന്നും ഇറക്കി?

യേശുവിന് കുടിക്കാൻ കൊടുത്തത് മരവിപ്പിക്കുന്നതിനുള്ള മരുന്നായി രുന്നോ?

ഉയർത്തയേശു താൻ പരിശീലിച്ച ഈജിപ്തിലേക്ക് തിരികെ പോയോ? കൂടെ മറിയവും ഉണ്ടായിരുന്നോ?

അതോ ഐതിഹ്യങ്ങളിൽ പറയുന്നതു പോലെ മറിയവുമായി തെക്കൻ ഫ്രാൻസിലെ നീണ്ടഗുഹകളിൽ താമസമാക്കിയോ?

യേശുവും മറിയവും തമ്മിലുള്ള ബന്ധം Egyptian mysticism ആയി രുന്നോ?

എന്തുകൊണ്ട് മറ്റു സുവിശേഷകരുടെ കൂടെ മറിയത്തെ പിന്നീട് കാണു ന്നില്ല?

പുരുഷമേധാവിത്തം മറച്ചു വെച്ചതാണോ മറിയത്തിന്റെ പിന്നീടുള്ള പ്രവർത്തികളും ജീവിതവും?.

സഭ പറയുന്ന ക്രിസ്തുവിന്റെ മണവാട്ടി എന്ന സങ്കൽപത്തിന്റെ മൂർത്തീ കരണമോ മറിയം?

യേശുവും മറിയവും തമ്മിലുണ്ടായിരുന്ന ബന്ധം രതിയിൽ അടിസ്ഥാ നപ്പെടുത്തിയതായിരുന്നു എന്നതിന് പ്രത്യേക തെളിവുകൾ ഒന്നുമില്ല. അതിന് താത്വികതെളിവുകൾ മാത്രമെയുള്ളു. യെഹൂദ സിന്നഗോഗിൽ പഠിപ്പി ക്കണമെങ്കിൽ റാബി എന്ന നാമത്തിൽ അഭിസംബോധന ചെയ്യപ്പെടണം. വിവാഹിതർക്കു മാത്രമുള്ള അവകാശമാണത്. യേശു പൂർണ്ണമനുഷ്യൻ എന്ന് ക്രിസ്തുമതം പഠിപ്പിക്കുന്നു. അപ്പോൾ യേശു വിവാഹിതനായിരുന്നി രിക്കണം. അവിവാഹിതൻ പൂർണ്ണനല്ല. സ്വർഗ്ഗരാജ്യത്തിനുവേണ്ടി സ്വയം

ആർക്കുന്നവർ എന്നാണ് ഷണ്ഡന്മാരെ യേശു വിളിക്കുന്നത്. ലൈംഗിക മായി എന്തോ കുറവുള്ളവരാണല്ലോ ഷണ്ഡന്മാർ. യേശു അവിവാഹിതൻ ആയിരുന്നു എങ്കിൽ ഷണ്ഡൻ ആയിരുന്നു. അതല്ല പൂർണ്ണമനുഷ്യൻ ആയി രുന്നു എങ്കിൽ  വിവാഹിതൻ ആയിരുന്നിരിക്കണം. എന്നാൽ യേശുവിന്റെ ഭാര്യയായിരുന്നു മഗ്ദലനമറിയം എന്നതിന് സാഹചര്യത്തെളിവുകൾ മാത്രമെയുള്ളു. മറിയം മാത്രമായിരുന്നില്ല യേശുവിനെ സന്തതം അനുഗ മിച്ച സ്ത്രീ. യേശുവിന്റെ കൂടെ മറ്റു പല സ്ത്രീകളും ഉണ്ടായിരുന്നു. എന്നാൽ യേശു ബഹുഭാര്യാത്വം ഉള്ളവനായിരുന്നു എന്നതിനും തെളിവു കളില്ല.

യേശു പൂർണ്ണമനുഷ്യനും പൂർണ്ണദൈവവും ആയിരുന്നു എന്നു ക്രിസ്തു മതം വാദിക്കുന്നു. എല്ലാ ഇന്ദ്രിയങ്ങളും ഉപയോഗിക്കുന്ന ഒരുവൻ മാത്രമെ പൂർണ്ണത പ്രാപിക്കുന്നുള്ളു. ആ അടിസ്ഥാനത്തിൽ നോക്കുമ്പോൾ യേശു വിനും മാനുഷികമായ ലൈംഗികബന്ധങ്ങൾ ഉണ്ടായിരുന്നിരിക്കണം. ആരാ യിരുന്നിരിക്കാം യേശുവിന്റെ ലൈംഗികപങ്കാളി? പുരുഷന്മാരെക്കാൾ കൂടു തലായിരുന്നു യേശുവിന്റെ ശിഷ്യകൾ. യേശു സിന്നഗോഗിൽ പഠിപ്പിച്ചു എങ്കിൽ യെഹൂദ സമ്പ്രദായപ്രകാരം വിവാഹിതൻ ആയിരുന്നിരിക്കണം. യേശു ജനിച്ചതും ജീവിച്ചതും മരിച്ചതും യെഹൂദനായിട്ടായിരുന്നു എന്ന കാര്യം ഓർക്കുക. യെഹൂദന്റെ അടിസ്ഥാനജീവിതമാണ് ഗൃഹസ്ഥാശ്രമം. നൂറ്റാണ്ടുകൾക്കു ശേഷമാണ് യേശുവിനെ ക്രിസ്ത്യാനിയാക്കിയത്. യേശു ഒരിക്കലും ഒരു മതവും സ്ഥാപിച്ചില്ല. പത്രോസും പൗലോസും യേശുവിന്റെ സഹോദരൻ ജെയിസും തെത്തുല്യനും ഐസേബിയോസും ആത്താനാ സിയോസും നിഖ്യ, കുസ്തന്തിനോസ് തുടങ്ങിയ സുന്നഹദോസുകളും ഒക്കെ കൂടിയാണ് ക്രിസ്തുമതം പടുത്തയർത്തിയത്.

എന്നാൽ മഗ്ദലനമറിയത്തിന്റെ സുവിശേഷം പഠിക്കുമ്പോൾ മനസ്സി ലാകുന്ന ഒരു വസ്തുതയുണ്ട്. ഗുരുവും മറിയവും തമ്മിലുള്ള ബന്ധം സാധാ രണ മാനുഷികലൈംഗികബന്ധം ആയിരുന്നില്ല.  മറിയത്തിന്റെ സുവിശേ ഷത്തിന്റെ കാതൽ തന്നെ മനുഷ്യൻ സൽഗുണസമ്പൂർണ്ണൻ ആയി പരി വർത്തനം ചെയ്യപ്പെടണം എന്നതാണ്. പുരുഷൻ, സ്ത്രീ എന്നിങ്ങനെയുള്ള ലൈംഗികവീക്ഷണത്തിന് ഉപരിയായി സ്ത്രീയെയും പുരുഷനെയും പൂർണ്ണ തയിൽ വീക്ഷിക്കുന്ന അവസ്ഥ. അവിടെ സ്ത്രീയും പുരുഷനും ഇല്ല. പൂർണ്ണമനുഷ്യൻ മാത്രം. അതാണ് ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ. ആ ദൈവം പുരുഷനല്ല. ലിംഗവിവേചനം ഉണ്ടെ ങ്കിൽ തന്നെ ദൈവം സ്ത്രീ ആയിരിക്കും. കാരണം ഉത്ഭവം എപ്പോഴും അമ്മയിൽ നിന്നാണ്. എന്തിൽ നിന്ന് ഉത്ഭവിച്ചാലും അത് അമ്മയാകുന്നു. യേശു പിതാവാം ദൈവത്തിൽനിന്ന് പുറപ്പെട്ടു എങ്കിൽ പിതാവാം ദൈവം സ്ത്രീ ആയിരിക്കണം. അതല്ല പിതാവാം ദൈവവും പുത്രനായ യേശുവും

വിവേചനത്തിന് അതീതർ എങ്കിൽ അതായത് സ്ത്രീയുമല്ല, പുരുഷനുമല്ല എങ്കിൽ യേശു പുരുഷൻ ആയിരുന്നില്ല. യേശു പുരുഷൻ ആയിരുന്നില്ല എങ്കിൽ യേശു പൂർണ്ണമനുഷ്യൻ ആയിരുന്നു എന്നുള്ള ക്രിസ്തുമതത്തിന്റെ വാദവും തെറ്റാണ്. ഇതു തെളിയിക്കേണ്ടത് എന്റെ കടമയല്ല. ഇത്തരം ചിന്താ ഗതികളെ പ്രചരിപ്പിക്കുകയും അതു കൊണ്ട് ഉപജീവനം കഴിക്കുകയും ചെയ്യുന്നവരുടെ കടമയാണ്. അതല്ല എങ്കിൽ എളുപ്പവഴി തെറ്റു തിരുത്തുക എന്നതാണ്. പുരുഷമേധാവിത്തത്തിന്റെ അംശവടിയും സിംഹാസനവും വെടിഞ്ഞ് സ്ത്രീയ്ക്ക് പുരുഷന്റെ ഒപ്പം തുല്യഅവകാശവും മഹത്വവും കൊടുക്കുക. ദൈവങ്ങൾ എല്ലാം പുരുഷന്മാർ അല്ല എന്ന് അംഗീകരിക്കുക. പിതാവും പുത്രനും റൂഹായും എല്ലാം പുരുഷൻ ആയാൽ സൃഷ്ടി ഉള വാകുന്നില്ല. പിതാവിൽ നിന്നാണ് എല്ലാം പുറപ്പെടുന്നതെങ്കിൽ പിതാവ് സ്ത്രീയാണ്, അമ്മയാണ്. സ്വർഗസ്ഥനായ പിതാവേ, ഞങ്ങളുടെ അമ്മ എവിടെ എന്ന് ഈ തലമുറ ചോദിക്കുന്നു. തെറ്റു തിരുത്തുവാൻ ഇനിയും സമയമുണ്ട്. എന്നാൽ തെറ്റുകളെ അംഗീകരിക്കുമ്പോൾ ക്രിസ്തുമതത്തിന്റെ വേദശാസ്ത്രം മുഴുവൻ തിരുത്തി എഴുതണം. പഴംതുണിയിൽ പുതിയതുണി കണ്ടം തയിച്ചു പിടിപ്പിക്കണോ? C.E. 70-400 കാലഘട്ടത്തിൽ എഴുതിയ വേദപുസ്തകം കാലഹരണപ്പെട്ടില്ലേ? ഈ പഴയനിയമങ്ങളും ആചാരങ്ങളും പഴയകാലഘട്ടത്തിനു വേണ്ടിയുള്ളതായിരുന്നു. അന്നത്തെ വിശ്വാസമനു സരിച്ച് ഭൂമിയായിരുന്നു പ്രപഞ്ചത്തിന്റെ കേന്ദ്രം. സൂര്യനും നക്ഷത്രങ്ങളും ഭൂമിയെ ചുറ്റുന്നു. മനുഷ്യൻ ദൈവത്തിന്റെ പ്രത്യേകസൃഷ്ടിയാണ്. ദൈവം സ്വന്തം കൈകൊണ്ട് മണ്ണു കുഴച്ചുണ്ടാക്കിയ മനുഷ്യൻ, ആദം. എന്നാൽ ആദവും ഏദൻതോട്ടവും എല്ലാം സാങ്കൽപികകഥകൾ ആണെന്ന് എല്ലാ വേദാശാസ്ത്രനിപുണരും സമ്മതിക്കുന്നു. അപ്പോൾ ആദത്തിന്റെ പാപവും കെട്ടുകഥയണ് എന്നു വരുന്നു. അങ്ങനെ ഒരു പാപം ഉണ്ടായിട്ടില്ലാത്ത സ്ഥിതിക്ക് ആദ്യപാപം പോക്കാൻ യേശു ജനിച്ചതും വെറുതെയല്ലെ? അതും കെട്ടകഥയല്ലെ? മതവും അതിന്റെ ദൈവശാസ്ത്രവും വഴിമാറി പോകുകയോ പുരാവസ്തുശാലകളിൽ സൂക്ഷിക്കുകയോ ചെയ്യേണ്ട കാലം അതിക്രമി ച്ചില്ലേ? എത്ര നാൾ മനുഷ്യനെ കള്ളം പറഞ്ഞ് കബളിപ്പിക്കണം?

തെറ്റ് ചെയ്യുക എന്നത് പ്രാകൃതമാണെങ്കിലും തെറ്റിനു മാപ്പ് ചോദി ക്കുക എന്നത് പ്രാകൃതമല്ല. എന്നാൽ തെറ്റ് ചെയ്യാതെ സൂക്ഷിക്കുക എന്നത് മഹനീയമത്രെ. എങ്കിലും തെറ്റ് മനസ്സിലാകുമ്പോൾ തന്നെ അത് തിരുത്ത ണം. അതു കൊണ്ടാണ് പുതിയ ഒരു വേദപുസ്തകം ആവശ്യമായി വരു ന്നത്.

ഇവിടെയാണ് മറിയത്തിന്റെ സുവിശേഷത്തിന്റെ പ്രസക്തി. മതവും മത ചിന്തയും പുരുഷന്റെ മാത്രം കുത്തകയല്ല. ചുവന്നകുപ്പായവും കഴുത്തിലെ കുരിശും സ്വർഗരാജ്യത്തേക്കുള്ള വിസയും അല്ല. സ്വർഗരാജ്യം ലഭി

ക്കണമെങ്കിൽ ജന്മാനായുള്ള പ്രാകൃതാവസ്ഥയിൽ നിന്നും പരിണമിച്ച് സമ്പൂർണ്ണമനുഷ്യനായി തീരണം. സൽഗുണനായ മനുഷ്യൻ മതം, വർണ്ണം, ജാതി, ലിംഗം മുതലായ സ്വാർത്ഥ അവകാശവാദങ്ങൾക്ക് അതീതനാണ്. ആ മനുഷ്യൻ നന്മതിന്മകൾക്ക് അതീതനാണ്. സാർവ്വലോകമനുഷ്യന്റെ നന്മ മാത്രമല്ല അവന്റെ ലക്ഷ്യം. സർവ്വചരാചരങ്ങളുടെയും നന്മ. പൂവിന്റെയും പുഴുവിന്റെയും സർവ്വവൃക്ഷലതാദികളുടെയും സർവ്വപക്ഷിമൃഗാദികളുടെയും നന്മ. അതാണ് ഏദൻതോട്ടം, പറുദീസ. യേശുവും ബുദ്ധനും ഉപനിഷത്തുക്കളും നമ്മെ നയിക്കുന്ന സ്വർഗരാജ്യം. ആ മനുഷ്യൻ ജീവിക്കുന്നത് ലോകനന്മയ്ക്കു വേണ്ടിയാണ്. അങ്ങനെയുള്ള മനുഷ്യനിൽ നിന്നും സ്വാർത്ഥത, ദുരാഗ്രഹം, പക, അസൂയ, അക്രമം, മതവിദ്വേഷം മുതലായ ഭൂതങ്ങൾ പുറത്താക്കപ്പെടുന്നു. ഒരു പ്രത്യേകസ്ഥലം മാത്രമല്ല അവനു പുണ്യസ്ഥലം. ലോകം മുഴുവൻ പുണ്യഭൂമിയാണ്. ആ ലോകത്തിന്റെ ഒരു ഭാഗത്തും അവൻ രക്തം ചൊരിയുകയില്ല. വിഷവസ്തുക്കൾ കൊണ്ട് മലീമസമാക്കുകയില്ല. ആ മനുഷ്യൻ ആറ്റംബോംബുകൾ സൃഷ്ടിക്കില്ല. സ്നേഹം മാത്രം സൃഷ്ടിക്കുന്നു. ആ മനുഷ്യൻ നിൽക്കുന്നിടം മാത്രമല്ല സർവ്വഭൂമിയും അവന്റെ സ്വന്തമാണ്. ആ ഭൂമിയിൽനിന്നാണ് ആ മനുഷ്യൻ ജനിച്ചത്. ആ ഭൂമി അവന്റെ അമ്മയാണ്. ആ അമ്മയെ സ്നേഹിക്കുകയും ബഹുമാനിക്കുകയും സേവിക്കുകയും ചെയ്യുമ്പോൾ ഏദൻതോട്ടം സൃഷ്ടിക്കപ്പെടുന്നു. എല്ലാ ചരാചരങ്ങളും സമാധാനമായി ഒരുമിച്ചു കഴിയുന്ന അവസ്ഥ. അതാണ് ഏദൻതോട്ടം.

മണ്ണിൽനിന്നും ജനിച്ച മനുഷ്യാ, നീ മണ്ണിലേക്കു തന്നെ തിരികെ പോകേണ്ടവൻ ആണ്. നിന്റെ ജോലി നന്മയും തിന്മയും തിരിച്ചറിയുക മാത്രമല്ല. അതിലുപരിയായി സാർവ്വലോകനന്മക്കായി ജീവിക്കുക എന്നതു കൂടിയാണ്.

ഏദൻതോട്ടത്തെ ഒരു പ്രതീകമായി കണക്കാക്കുന്നതിനു പകരം C.E. 200-400 കാലഘട്ടത്തിലെ മതചിന്തകന്മാർ അതിനെ ചരിത്രമായി തെറ്റിദ്ധരിച്ചു. അപ്പോൾ സാത്താൻ പാമ്പിന്റെ രൂപത്തിൽ വന്നു. സാത്താനെ ആര് സൃഷ്ടിച്ചു എന്ന ചോദ്യം വന്നു. അതിന്റെ പേരിൽ വേദതർക്കങ്ങൾ ഉണ്ടായി. തെറ്റ് മുഴുവൻ ആദത്തെക്കൊണ്ട് സ്ത്രീയുടെ മേൽ അടിച്ചേൽപിച്ചു. അങ്ങനെ സ്ത്രീ മനുഷ്യരാശിയുടെ അമ്മ എന്ന മഹനീയ പദവിയിൽനിന്നും മനുഷ്യവർഗത്തിന്റെ മുഴുവൻ നാശത്തിന് കാരണക്കാരി എന്ന തലത്തിലേക്ക് അധപതിച്ചു. പുരുഷമേധാവിത്വത്തിൽ വിശ്വസിച്ച വേദപുസ്തക എഴുത്തുകാർ അതേറ്റുപാടി. അങ്ങനെ അബദ്ധവേദശാസ്ത്രത്തിന്റെ പരമ്പര ഉളവായി.

ദൈവത്തിന്റെ ഗുണഗണങ്ങളിൽ ഒന്നാണ് മനസ്സിലാക്കാൻ കഴിയാത്തവൻ (incomprehensible) എന്നത്. മനുഷ്യന്റെ ജ്ഞാനത്തിനും അതീതനായവൻ. പക്ഷെ വേദശാസ്ത്രജ്ഞന്മാർ ഒരു കാര്യം കണ്ടെത്തി. ദൈവം പുരുഷ

നാണ്. ഈജിപ്തുകാരുടെ ഏകദൈവവിശ്വാസം യെഹൂദൻ കടമെടുത്തു. ഞാൻ ഒഴികെ അന്യദൈവങ്ങൾ പാടില്ല എന്ന കൽപന കൊടുത്ത യാഹിനെ യെഹൂദൻ സൃഷ്ടിച്ചു. ഈ യാഹിനെ, സൈന്യങ്ങളുടെ ദൈവമായ യഹോവയെ, ക്രിസ്തുമതം മാമോദീസ മുക്കിയപ്പോൾ യേശുക്രിസ്തു യേശുവാം മശിഹ യെന്ന പുത്രനാം ദൈവം ആയി. കൂടാതെ പിതാവിനെയും റൂഹായേയും സൃഷ്ടിച്ചു. ഈ തത്വം ഹൈന്ദവതത്വത്തിലെ ത്രിമൂർത്തി സങ്കൽപത്തിൽ നിന്ന് വളരെ ശോചനീയമായ രീതിയിൽ പകർത്തിയതാണ് എന്ന വസ്തുത പാലസ്തീൻകാർക്കോ യൂറോപ്യൻ ക്രിസ്ത്യാനികൾക്കോ അറിയില്ല.

മനുഷ്യന് മനസ്സിലാക്കാൻ കഴിയാത്ത ദൈവം തൃത്വം ആണ്, പിതാവും പുത്രനും പരിശുദ്ധറൂഹായും ആണ് എന്ന് എങ്ങനെ മനസ്സിലായി? മനുഷ്യന്റെ തലച്ചോറിന്റെ ബൗദ്ധികപരിണാമത്തിന്റെ ഫലമാണ് തത്വശാസ്ത്രവും വേദശാസ്ത്രവുമൊക്കെ. ആദ്യം പ്രപഞ്ചശക്തികളെയും പ്രകൃതിശക്തികളെയും ആരാധിച്ച മനുഷ്യന്റെ വിശ്വാസം ബഹുദൈവങ്ങളിലേക്കും പ്രപഞ്ചത്തിലെ അദൃശ്യശക്തിയായ ദൈവത്തിലേക്കും ആത്മാവായ ദൈവത്തിലേക്കും ഒക്കെ പരിണമിച്ചു. പരിണാമം അവസാനിച്ചിട്ടില്ല. ഇനിയും തുടരും. ഇനിയും അനേകം ആകാശഗംഗകളും നെബൂലകളും കണ്ടുപിടിക്കപ്പെടും. പ്രപഞ്ചത്തിന്റെ അപാരതയും അഗാധതയും അവർണനീയത്വവും മനസ്സിലാക്കുന്ന മനുഷ്യന്റെ തലച്ചോറ് വീണ്ടും പരിണമിക്കും. നാം പുതിയ ആകാശവും പുതിയ ഭൂമിയും കാണും. എന്നാൽ മനുഷ്യവർഗത്തിന്റെ മാത്രമല്ല സർവ്വചരാചരങ്ങളുടെയും നിലനിൽപ്പ് മനുഷ്യൻ അവന്റെ പ്രവർത്തികളിലൂടെ നിയന്ത്രിക്കുന്നു.

മനുഷ്യൻ ഉണരണം. മരണാവസ്ഥയിൽനിന്നും അവൻ ഉയർത്തെഴുന്നേൽക്കണം. സർവ്വലോക രക്ഷകനായി മനുഷ്യൻ തന്റെ തീർത്ഥയാത്ര, മോക്ഷയാത്ര തുടരണം. അതാണ് ബുദ്ധമതത്തിലെ മഹായാനം ഉദ്ദേശിക്കുന്നത്. ഒരു മനുഷ്യൻ മാത്രം നന്നായാൽ പോര. മനുഷ്യരാശി മുഴുവൻ നന്നാവണം. നന്മതിന്മകളുടെ അറിവിന് അതീതമായി വളരണം. ആദമിന്റെയും ഹൗവ്വയുടെയും തെറ്റുകുറ്റങ്ങൾ എന്ന അർത്ഥത്തിലല്ല ഇത്. തീർത്ഥയാത്രയിൽ വന്ന വ്യതിയാനം അറിയണം. നന്മതിന്മകളുടെ അറിവിന്റെ ഫലം അവർ തിന്നു എന്നു പറയുമ്പോൾ വളരെ ഉയർന്ന ചിന്താഗതിയെയല്ല സൂചിപ്പിക്കുന്നത്. ചുടുചോറ് വാരിയാൽ കൈ പൊള്ളുമെന്ന് കുരങ്ങന് അറിയില്ല. മൃഗങ്ങളെ പലവിദ്യകൾ അഭ്യസിപ്പിക്കാം. വലിയ ആനയെക്കൊണ്ട് തടി വലിപ്പിക്കുന്നതും ആ വിദ്യയാണ്. നന്മതിന്മയെക്കുറിച്ചുള്ള അറിവ്. ഉൽപത്തി പുസ്തകം എഴുതിയ പൗരാണിക തത്വചിന്തകൻ ഉദ്ദേശിക്കുന്നതും അതുതന്നെ. നന്മതിന്മയെക്കുറിച്ചുള്ള അറിവിൽ ഉപരിയായി മനുഷ്യൻ വളരണം. അപ്പോൾ നന്മമാത്രം പ്രവർത്തിക്കുന്ന, ആത്മീയമായി പരിണമിക്കുന്ന ജീവിയായി മാറി, തിന്മ അറിയാത്ത പൂർണ്ണമനുഷ്യൻ ആക

ണം. നിങ്ങൾ ശിശുക്കളെപ്പോലെ (child like) തിന്മ അറിയാത്തവൻ (innocent) ആകുവിൻ. അതുതന്നെയാണ് മറിയത്തിന്റെ സുവിശേഷം.

ലോകത്തിൽ മുഴുവൻ നന്മ നിറയുമ്പോൾ തിന്മകൾക്ക് സ്ഥാനമില്ല. തിന്മ ഇല്ലാതെയാകുന്നു. നന്മ മാത്രം അറിയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഉയർന്ന നിലവാരത്തിൽ തിന്മയെ അറിഞ്ഞിട്ടു കാര്യമില്ല. നന്മതിന്മകളുടെ ഫലം തിന്നേണ്ട ആവശ്യമില്ല. അതാണ് യേശുവിന്റെ ദൈവരാജ്യം. യേശു പറഞ്ഞു, എന്റെ രാജ്യം ഐഹികമല്ല. ദൈവരാജ്യം എന്റെ ഉള്ളിലും നിങ്ങളുടെ ഉള്ളിലും സർവ്വലോകത്തിലും നിറഞ്ഞുനിൽക്കുന്നു. അത് സ്വയം മനസ്സിലാക്കുക. അതിൽ ജീവിക്കുക. അതാണ് മനുഷ്യന്റെ സൃഷ്ടിയുടെ ഉദ്ദേശവും. അസത്യത്തിൽനിന്നും സത്യത്തിലേക്കും തിന്മയിൽനിന്നും നന്മയിലേക്കും അജ്ഞതയുടെ അന്ധകാരത്തിൽനിന്നും ജ്ഞാനത്തിന്റെ വെളിച്ചത്തിലേക്കും നടത്തുന്ന തീർത്ഥയാത്ര. ആ സ്വർഗരാജ്യം മരണത്തിനു ശേഷമുള്ള അവസ്ഥയല്ല. ഈ ഭൂമിയിലെ ജീവിതത്തിൽ നിങ്ങൾക്ക് സ്വർഗരാജ്യം മനസ്സിലാക്കാൻ സാധിക്കുന്നില്ല എങ്കിൽ ഒരിക്കലും നിങ്ങൾക്ക് സ്വർഗരാജ്യം ലഭിക്കില്ല. സ്വർഗരാജ്യം നിങ്ങൾക്കുള്ളിലുണ്ട്. അതിനെ മനസ്സിലാക്കിയാൽ കടുകുമണി വളർന്ന് നൂറ് മടങ്ങ് വലിപ്പമുള്ള ചെടിയായി മാറുന്നതു പോലെ സ്വർഗരാജ്യം നിങ്ങൾക്കുള്ളിൽ വളരും. അത് വളർന്ന് നിങ്ങൾക്കുള്ളിൽ നിറയുമ്പോൾ നിങ്ങൾ സ്വർഗത്തിലാകുന്നു. നിങ്ങൾ ക്കുള്ളിലെ സ്വർഗരാജ്യം നിങ്ങളിൽനിന്നും വെളിയിലേക്ക് വളർന്നു പന്തലിക്കുന്നു. മറ്റുള്ളവരിലേക്ക് പടരുന്നു. ആ പ്രക്രിയയിൽ മറ്റുള്ളവരിലെ സ്വർഗരാജ്യത്തെ അംഗീകരിക്കുമ്പോൾ രക്തപ്പുഴയുടെ സ്ഥാനത്ത് സ്നേഹത്തിന്റെ പുഴകൾ ഒഴുകുന്നു. അതാണ് സ്നേഹത്തിൽ നിറയുന്ന അഖിലസാഗരം. ആ സ്നേഹത്തിൽ നിർവൃതി കൊള്ളുന്നതാണ് നിർവാണം. അതു തന്നെയാണ് ബുദ്ധനും പറഞ്ഞത്.

ചെറിയ കടുകുമണി പോലെ മനുഷ്യമനസ്സിൽ കുടികൊള്ളുന്ന ദിവ്യശക്തി, ഓംകാരം വളർന്ന് വ്യക്തിയിൽ നിന്ന് വ്യക്തിയിലേക്കും സമൂഹത്തിലേക്കും ലോകത്തിലേക്കും വ്യാപിക്കുമ്പോൾ നാം പ്രപഞ്ചഹേതുവും നിലനിൽപും പരിപാലകനും ആയ ഓംകാരത്തിൽ (cosmic power) ലയിക്കുന്നു. പിന്നെ ഞാൻ എന്ന ഭാവം ഇല്ലാതെയാകുന്നു. ഞാൻ ദൈവം ആകുന്നു. ഞാനും നീയും ദൈവമാകുന്നു. നാം പ്രപഞ്ചദൈവത്തിൽ ഒന്നാകുന്നു. എന്നിലെ ഞാൻ മരിക്കുന്നു. അവിടെ ദൈവം ജനിക്കുന്നു. അതാണ് പൗലോസ് പറഞ്ഞത്, ഒരുവൻ ക്രിസ്തുവിൽ ആയാൽ പിന്നീട് ജീവിക്കുന്നത് അവൻ അല്ല, ക്രിസ്തു അത്രേ എന്ന്. ഇന്ത്യൻ തത്വശാസ്ത്രം പൗലോസിനു മാത്രമല്ല യഹൂദ്യ, ഈജിപ്ത്, സിറിയ എന്നീ പ്രദേശങ്ങളിലെല്ലാം സുപരിചിതമായിരുന്നു. നൂറ്റാണ്ടുകൾക്കുമുമ്പ് ഇന്ത്യയും മദ്ധ്യധരണ്യാഴി, മെഡിറ്ററേനിയൻ സ്ഥലങ്ങളും തമ്മിൽ വാണിജ്യത്തിൽ

ഏർപ്പെട്ടിരുന്നു. യേശുവിന്റെ പഠിപ്പിക്കലുകളിൽ അനേകം ബുദ്ധതത്വങ്ങൾ കാണുന്നതിന്റെ കാരണം അതാണ്. ഈജിപ്ഷ്യൻ തത്വശാസ്ത്രവും ഗ്രീക്ക് തത്വശാസ്ത്രവും ഇന്ത്യൻ തത്വശാസ്ത്രവും തമ്മിൽ അടുത്ത ബന്ധമുണ്ട്. യേശുവിന്റെ ജീവിതത്തിലെ അജ്ഞാതകാലത്ത് (12-27 വയസ്സിൽ) ഇന്ത്യയിൽ വന്ന് തത്വശാസ്ത്രം പഠിച്ചു എന്നു പറയുന്നതും അതുകൊണ്ടാണ്. യേശു ഇന്ത്യയിൽ വന്ന് തത്വശാസ്ത്രം പഠിച്ചിരുന്നു എങ്കിൽ തിരികെ പോകുമായിരുന്നില്ല. കാരണം അത്ര മഹനീയം ആണ് ഇന്ത്യൻ തത്വശാസ്ത്രം. അലക്സാണ്ടർ ചക്രവർത്തി ഇന്ത്യയെ ആക്രമിച്ചു. കാര്യമായ എതിർപ്പുകളൊന്നും ഉണ്ടായില്ല. എങ്കിലും ചക്രവർത്തി യുദ്ധം നിർത്തി തിരികെ പോയി. കാരണം ചക്രവർത്തിയ്ക്കു കീഴടക്കാൻ ഒന്നുമില്ലായിരുന്നു ഇവിടെ. ഒന്നും ആരുടെയും സ്വന്തമല്ല എന്നദ്ദേഹത്തിനു മനസ്സിലായി. ആരും അവകാശം ഉന്നയിക്കുന്നുമില്ല. ഇവിടെയെല്ലാവരും തീർത്ഥാടകർ മാത്രം. അദ്ദേഹം തിരികെപ്പോയി. ഇന്ത്യയിലെ സന്യാസിമാരുമായി സംസാരിച്ചപ്പോൾ അദ്ദേഹത്തിന്റെ പടയാളികൾക്കു യുദ്ധം ചെയ്യാൻ വിരക്തി തോന്നി. അലക്സാണ്ടറുടെ കാലത്തിനു മുൻപുതന്നെ ഇന്ത്യൻ തത്വശാസ്ത്രം മെഡിറ്ററേനിയൻ പ്രദേശവുമായി സമ്പർക്കം പുലർത്തിയിരുന്നു. യേശു ഈജിപ്തിൽ താമസിച്ചിരുന്ന കാലഘട്ടത്തിലാകാം ഇന്ത്യൻ തത്വചിന്ത പഠിച്ചത്. അതാണ് തിരികെ വന്ന് സ്വന്തം ജനമായ യെഹൂദരെ പഠിപ്പിക്കാൻ ശ്രമിച്ചത്. അതുപോലെ ഇന്ത്യൻ തത്വചിന്ത അറിയാവുന്നതു കൊണ്ടാണ് പൗലോസും തത്വമസിക്കു പകരം ക്രിസ്തുവിനെ ഉപയോഗിച്ചു സംസാരിച്ചത്.

മറിയത്തിന്റെ സുവിശേഷവും അതു തന്നെ പറയുന്നു. സ്വാർത്ഥത, അസൂയ, പക, ദ്രവ്യാഗ്രഹം, അമിതഭക്ഷണം, അഹന്ത എന്നിങ്ങനെയുള്ള പ്രാകൃതഭൂതങ്ങളോടു കൂടി ജനിച്ച മനുഷ്യൻ റൂസോയുടെ സംസ്കാരശൂന്യനും പുരോഗതിയില്ലാത്തതും കാടനുമായ മനുഷ്യനാണ്. മനുഷ്യനെ സൃഷ്ടിച്ചപ്പോഴുണ്ടായിരുന്ന പ്രാഥമികാവസ്ഥകളെ കീഴടക്കി സൽഗുണ സമ്പൂർണ്ണനാകുക. അപ്പോൾ നിങ്ങൾ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നു.

കാനോനികസുവിശേഷങ്ങളിലെ കഥകളിൽ ഒന്നാണ് അരിമത്യ ജോസഫ് സ്വന്തം തോട്ടത്തിൽ തനിക്കു വേണ്ടിയുണ്ടാക്കിയ കല്ലറ യേശുവിനു വേണ്ടി കൊടുക്കുന്നത്. ഇവിടെ ചരിത്രമല്ല ഞാനുദ്ദേശിക്കുന്നത്. നാം നമുക്കു വേണ്ടി സ്വന്തം തോട്ടത്തിൽ മരണശേഷം നിത്യവിശ്രമത്തിന് കല്ലറ ഒരുക്കുന്നു. കല്ലറയിൽ യേശുവിനെ പ്രവേശിപ്പിക്കുക. ലോകനന്മയെ പ്രവേശിപ്പിക്കുക. അപ്പോൾ നമ്മുടെ സ്വാർത്ഥതയുടെ കല്ലറയിൽനിന്ന് യേശു ഉയർത്തെഴുന്നേൽക്കും. അതാണ് ഇവിടുത്തെ സുവിശേഷം, അതാണ് മറിയത്തിന്റെ സുവിശേഷം.

യെഹൂദൻ പറയുന്നതു പോലെ അവൻ മാത്രമല്ല ദൈവം തെരഞ്ഞെടുത്ത ജനം. ദൈവം നമ്മെയെല്ലാം തെരഞ്ഞെടുത്തതു കൊണ്ടാണ് നാം എല്ലാം ഇവിടെ നിലനിൽക്കുന്നത്. യെഹൂദമതത്തിന്റെ തുടർച്ചയായ ക്രിസ്തുമതവും ഇസ്ലാംമതവും അതുതന്നെ വിശ്വസിക്കുന്നു. ഈ അബദ്ധവിശ്വാസം നിമിത്തം മറ്റാരും നിരാശരാകരുത്. സ്വർഗരാജ്യവും ദൈവവും ഏതെങ്കിലും പ്രത്യേകമതത്തിന്റെ ജന്മാവകാശമോ കുത്തകയോ അല്ല. ഓരോ മതത്തിന്റെയും നോതാക്കന്മാർക്കുള്ള ജീവിതമാർഗം മാത്രമാണ്. എല്ലാ മതങ്ങളുടെയും ധാർമ്മികലക്ഷ്യം ഒന്നാണ്. എന്നാൽ മതങ്ങൾ തമ്മിൽ വ്യത്യാസമുണ്ട് എന്നുള്ള കള്ളം പ്രചരിപ്പിച്ചാൽ മാത്രമേ ഒരോ മതത്തിനും നിലനിൽപ്പുള്ളു.

സ്വർഗരാജ്യം ഭൂമി മുഴുവനും പരന്ന് നിറഞ്ഞു നില്ക്കുന്നു. എല്ലാ ചരാചരങ്ങളും അതിന് അവകാശികളാണ്. സ്വർഗരാജ്യം വാഗ്ദാനം ചെയ്ത് ഏതെങ്കിലും വിഭാഗം മറ്റുള്ളവരെ മതപരിവർത്തനം ചെയ്യുന്നത് ദൈവികമല്ല, ക്രിസ്തീയവുമല്ല. യേശു ഒരിക്കലും ക്രിസ്തുമതം സ്ഥാപിച്ചില്ല. ഒരിക്കലും ക്രിസ്ത്യാനി ആയിരുന്നില്ല. മതം ഏതായാലും മനുഷ്യൻ നന്നാകണം എന്ന മഹനീയതത്വം ഓർക്കുക.

മതങ്ങൾ ആശുപത്രികളും വിദ്യാലയങ്ങളും പണിതുയർത്തുന്നത് മഹനീയമാണ്, ദൈവികമാണ്. രോഗികളെ ശുശ്രൂഷിക്കുന്നതും വിശക്കുന്നവന് അപ്പം കൊടുക്കുന്നതും അതുപോലെ മഹനീയമാണ്. എന്നാൽ അത് മതം പ്രചരിപ്പിക്കാനുള്ള മാധ്യമമായി ഉപയോഗിക്കുമ്പോൾ ആ മതത്തിന്റെ കാസായിൽ പുളിവീഞ്ഞു പകരുകയല്ലെ? ഇന്ന് കേരളത്തിലെ ജനങ്ങൾ ആത്മീയമായി ഉണർന്നാൽ കേരളത്തിലെ പട്ടിണി ഇല്ലാതെയാക്കാം. ഒരു കേരളീയൻ പോലും ആഹാരമില്ലാതെ ഉറങ്ങാൻ പോകരുത് എന്ന് മതങ്ങളും സമുദായങ്ങളും രാഷ്ട്രീയപാർട്ടികളും കേരളനിയമസഭയും പ്രതിജ്ഞയെടുക്കണം. ഓരോ കേരളീയനും അവന്റെ അയൽക്കാരിൽ ഒരു ദരിദ്രനു ഭക്ഷണം കൊടുത്താൽ, ഓരോ ഇടവകയും ആ പ്രദേശത്തെ ദരിദ്രരെ പരിരക്ഷിച്ചാൽ, ഓരോ ക്ഷേത്രവും പള്ളിയും അവയുടെ ചുറ്റുപാടുമുള്ള ദരിദ്രരെ പരിരക്ഷിച്ചാൽ, വലിയ ശമ്പളം വാങ്ങുന്ന ഓരോ ഉദ്യോഗസ്ഥനും അവന്റെ പ്രദേശത്തെ ദരിദ്രനെ പരിരക്ഷിച്ചാൽ, ഓരോ വിദേശമലയാളിയും അവന്റെ മാതൃദേശത്തെ ദരിദ്രരെ പരിരക്ഷിച്ചാൽ, ഇല്ലാത്തവന്റെ ആവശ്യം പരിഹരിക്കാൻ ശ്രമിച്ചാൽ കേരളത്തിൽ ദരിദ്രർ കാണില്ല. ദാരിദ്ര്യം ഉന്മൂലനം ചെയ്യുക. അപ്പോൾ കേരളം ക്ഷേമരാജ്യം, ദൈവരാജ്യമായി മാറുന്നു. പലവിധ കുറ്റകൃത്യങ്ങളുടെയും മൂലകാരണം ദാരിദ്ര്യമാണ്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് എന്നും കാണും. എങ്കിലും അതിന്റെ ആഴം കുറയ്ക്കുവാൻ നമുക്കു കഴിയും. ദിവസം ഏഴുവട്ടം പ്രാർത്ഥിക്കുന്നതിനേക്കാൾ മഹനീയമാണ് മനസ്സിൽ ഗുണങ്ങൾ വളർത്തി ദരിദ്രരെ പരിരക്ഷി

ക്കുന്നത്. കേരളം ഈ ലക്ഷ്യവുമായി മറ്റുള്ളവർക്ക് മാതൃകയായി ഭവിക്കട്ടെ. തമിഴ്നാടും ആന്ധ്രയും എന്നു വേണ്ട, ഇന്ത്യ മുഴുവനും നമ്മെ മാതൃകയാക്കട്ടെ. ഇന്ത്യയെ ലോകം മുഴുവനും മാതൃകയാക്കട്ടെ. ലോകത്തിനു മുഴുവൻ മാതൃകയായി തത്വശാസ്ത്രം വിതരണം ചെയ്യുവാൻ ഇന്ത്യയ്ക്കു സാധിക്കും. ലോകദാരിദ്ര്യനിർമ്മാർജനത്തിനു കാഹളമൂതുവാൻ ഇന്ത്യക്കു കഴിയും. (മഗ്ദലനമറിയത്തിന്റെ സുവിശേഷം മലയാളീകരിക്കുവാൻ എന്നെ പ്രേരിപ്പിച്ചതും ഈ വികാരമാണ്).

മതം, ജാതി, സമുദായം, പാർട്ടി എന്നീ ഇടുങ്ങിയ ചിന്തകളിൽനിന്നും ലോകവിശാലതയിലേക്ക് നമുക്ക് തീർത്ഥയാത്ര ആരഭിക്കാം. ദുഃഖിതരെയും പീഢിതരെയും നമുക്ക് ആശ്വസിപ്പിക്കാം. അപ്പോൾ മനസ്സിലെ ദുർഭൂതങ്ങൾ പുറത്താകുന്നു. സൽഗുണസമ്പൂർണതയിലേക്ക് നമ്മൾ പരിണമിക്കുന്നു. നാം നിൽക്കുന്ന ഭൂമി പുണ്യഭൂമിയായി മാറുന്നു. പുണ്യഭൂമിയിൽ രകതം ഒഴുകില്ല. നമ്മിലെ ഓംകാരശക്തി പ്രപഞ്ചത്തിന്റെ ഓംകാരത്തിൽ ലയിക്കട്ടെ.

അയ്യപ്പഭക്തനെ നോക്കുക. വ്രതം അനുഷ്ഠിക്കുന്ന ദിവസങ്ങളിൽ അവൻ എത്ര നല്ലവൻ. കറുത്ത വസ്ത്രവും തുളസിമാലയുമിട്ട് ലാളിത്യവും എളിമയും ദൈവികചിന്തയുമായി തീർത്ഥാടനം ചെയ്യുന്നവൻ. അയ്യപ്പഭക്തനെ എനിക്ക് ബഹുമാനമാണ്. അവൻ പന്ത്രണ്ട് മാസവും അയ്യപ്പഭക്തൻ ആയിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കാറുണ്ട്. (പരിശുദ്ധതയിൽ നിന്നും അവധിയില്ല. പരിശുദ്ധൻ എല്ലായ്പോഴും പരിശുദ്ധൻ ആയിരിക്കണം.) നോമ്പ് നോക്കുന്നവൻ സദാനേരവും സ്വർഗത്തിലാകുന്നു. അവൻ നന്മയുടെ ഗുണങ്ങളിൽ നിറഞ്ഞുനിൽക്കുന്നു. അയ്യപ്പൻ ലോകനന്മയ്ക്കായി കൊടുംകാട്ടിൽ തപസ്സു ചെയ്യുമ്പോൾ ലക്ഷങ്ങൾ നന്മനിറഞ്ഞ അയ്യപ്പഭക്തന്മാരായി മാറുന്നു. ആ നന്മ നമ്മിലെല്ലാം നിറയട്ടെ. കേരളം മുഴുവൻ നിറയട്ടെ, ഭാരതം മുഴുവൻ നിറയട്ടെ, ലോകം മുഴുവൻ നിറയട്ടെ. അതാണ് മറിയത്തിന്റെ സുവിശേഷം.

ഭൗതികവസ്തുക്കൾ (matter) എന്താണ്? അവ എല്ലാക്കാലവും നിലനിൽക്കുമോ? മനുഷ്യന് ചിന്താശക്തി ഉണ്ടായപ്പോൾ തന്നെ തുടങ്ങിയ സന്ദേഹങ്ങളാണ് ഇവ. ഇന്നും എന്നും ചോദിക്കുന്ന ചോദ്യം. ഉത്തരം ലഭിച്ചിട്ടുമില്ല. ആദിമതത്വചിന്തകരും മതചിന്തകരും ഭൗതികവാദികളും ശാസ്ത്രജ്ഞരും സാധാരണമനുഷ്യരും എല്ലാം ഒരുപോലെ ചോദിക്കുന്ന ചോദ്യം. ഇതിന്റെ ഉത്തരം ഗുരു പറഞ്ഞിട്ടുണ്ട്. എല്ലാ ജനിച്ചവയും സൃഷ്ടിക്കപ്പെട്ടവയാണ്. പ്രകൃതിയിലെ എല്ലാ മൂലകങ്ങളും പരസ്പരം കൂട്ടി ഇണക്കപ്പെട്ടതും യോജിക്കപ്പെട്ടതും ആകുന്നു. എല്ലാ കൂട്ടിച്ചേർക്കപ്പെട്ടവയും വേർതിരിക്കപ്പെടും. എല്ലാം അവയുടെ പ്രാഥമികാവസ്ഥകളിലേയ്ക്ക് മടങ്ങിപ്പോകും. ഭൗതികവസ്തുക്കൾ എല്ലാം അതിന്റെ മൂലാവസ്ഥകളിലേക്ക് മടങ്ങിപ്പോകും. കേട്ട് മനസ്സിലാക്കാൻ താൽപര്യമുള്ളവൻ മനസ്സിലാക്കട്ടെ.

തുടക്കം മുതൽക്കുതന്നെ മറിയത്തിന്റെ സുവിശേഷം സാധാരണയിലും ഉപരിയായ ചിന്തകളെ പ്രോത്സാഹിപ്പിക്കുന്നു. നാം ആര്? എന്ത്? എവിടെ നിന്നു വന്നു? എവിടേക്കു പോകുന്നു? ജീവിതത്തിന് കാര്യമായ അർത്ഥമുണ്ടോ? അതോ ജനനമരണപ്രക്രിയകളിലൂടെ കടന്നുപോകുന്ന വെറും അവസ്ഥയോ നമ്മുടേത്? ഈ ചോദങ്ങൾക്ക് വ്യക്തമായ ഉത്തരങ്ങൾ ലഭിച്ചാൽ മനുഷ്യന് ധാർമ്മികതയുടെ ആവശ്യമുണ്ടോ എന്ന പ്രശ്നത്തിനും ഉത്തരം ലഭിക്കുന്നു. മറിയത്തിന്റെ സുവിശേഷം അറിവിന്റെ സുവിശേഷമാണ്, വേദശാസ്ത്രങ്ങളിൽ കുരുങ്ങിക്കിടക്കുന്ന കെട്ടുകഥകളുടെ സമാഹാരമല്ല. ഇവിടെ ചോദ്യകർത്താവ് ദൈവികജ്ഞാനത്തെ തേടുന്നു. ചോദിക്കുന്നതോ ഗുരുവിനോട്. ദൈവപുത്രനോടല്ല (യോഹന്നാൻ 20:17). "എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവും", ഇത് മറിയത്തോട് യേശു പറഞ്ഞ വാക്കുകളാണ്. ഇവിടെ യേശുവിനും നമുക്കും ഒരേ സ്ഥാനമാണ്. അതാണ് നമ്മുടെ ഉത്ഭവം. അതിലേക്ക് നാം തിരികെപ്പോകുന്നു. അതു പോലെ ഭൂമിയിലെ ഭൗതികവസ്തുക്കളുടെ സംയോജനമാണ് മനുഷ്യൻ. മനുഷ്യൻ ഭൂമിയിലേക്ക് മടങ്ങുന്നു. മനുഷ്യനെ സൃഷ്ടിച്ച മൂലഘടകങ്ങളിലേക്ക് മനുഷ്യൻ തിരികെപ്പോകുന്നു. 2000 വർഷങ്ങൾക്കു മുമ്പ് കണ്ടുകിട്ടിയ സത്യം ഇന്ന് ശാസ്ത്രീയാപഗ്രഥനങ്ങളിലൂടെ തെളിയിക്കപ്പെട്ടിരിക്കുന്നു. അന്ന് മനുഷ്യന് ശാസ്ത്രം അറിയില്ലായിരുന്നു. മനുഷ്യൻ പലതും മനസ്സിലാക്കിയത് അതീന്ദ്രിയജ്ഞാനത്തിലൂടെയാണ്. ഗുരു എന്നതിനു പകരം രക്ഷകൻ എന്ന തർജ്ജമ പലരും ഉപയോഗിക്കുന്നു. അതും ശരി തന്നെ. അജ്ഞതയിൽ നിന്നും രക്ഷിക്കുന്ന രക്ഷകൻ. നാം മറന്നുപോയപാതയിൽ കൂടി, തെറ്റിപ്പോയപാതയിൽ കൂടി വീണ്ടും നമ്മെ നയിക്കുന്ന രക്ഷകൻ. തൊണ്ണൂറ്റിയൊൻപതിനെയും വിട്ടിട്ട് കാണാതെപോയ ഒരാടിനെ തേടുന്ന സ്നേഹമാണ് ഇതിനുള്ള പ്രചോദനം. .

മറിയത്തിന്റെ സുവിശേഷം നിങ്ങളുടെ മുന്നിൽ അവതരിപ്പിച്ചതിന്റെ ഉദ്ദേശം ഇതുതന്നെ. കാനോനികസുവിശേഷങ്ങളിലെ കെട്ടുകഥകളിൽ നിന്നും നിങ്ങൾ മോചനം നേടണം. അതല്ല ചരിത്രത്തിലെ യേശു. ചരിത്രത്തിലെ യേശു പറയുന്നത് ബുദ്ധചിന്തയാണ്. ഉപനിഷത്തിലെ തത്വചിന്തയാണ്. എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവും. അതാണ് യേശുവിന്റെ സുവിശേഷം. പുത്രനാം ദൈവമായ ക്രിസ്തു എന്നുള്ളത് മൂന്നാം നൂറ്റാണ്ടിൽ മെനഞ്ഞെടുത്ത കഥയാണ്. അതല്ല യേശു.

അജ്ഞതയിൽനിന്നും നമ്മെ രക്ഷിക്കാൻ രക്ഷകൻ ശ്രമിക്കുന്നു. ഈ ലോകം ഉളവായതാണ്. ഇത് നിത്യമല്ല. ഈ കാണുന്ന ആകാശവും ഭൂമിയും ഒരിക്കൽ ഒഴിഞ്ഞുപോകും. ഈ ലോകം പ്രപഞ്ചസൃഷ്ടാവിന്റെ മുൻപിൽ, കോസ്മിക് ശക്തിയുടെ മുൻപിൽ കടന്നുപോകുന്ന ഒരു അവസ്ഥമാത്രമാ

ണ്. രാത്രിയും പകലും സമയവും എല്ലാം ഭൂമിയിലെ ആപേക്ഷിക (relative) അവസ്ഥകൾ മാത്രമാണ്. പ്രപഞ്ചത്തിൽ ഇന്നലെ, ഇന്ന്, നാളെ എന്നിവയൊന്നുമില്ല. എല്ലാം വർത്തമാനകാലമാണ്. മനുഷ്യൻ ഭൂമിയെ ആധാരമാക്കി ചിന്തിക്കുമ്പോൾ ഉളവാകുന്ന തോന്നലുകളാണ് സമയവും കാലവും. പ്രപഞ്ചത്തിൽ സമയമില്ല. അതിനാൽ ഭൂമിയിൽ നിന്നു കാണുന്നരീതിയിൽ ഉത്ഭവിച്ചവയാണ് മതചിന്തകളും തത്വചിന്തകളും. സത്യം വെളിവാകുമ്പോൾ നിരാശയുണ്ടാകും. നിരാശ വേദനയിലേക്കു നയിക്കുന്നു. ബന്ധങ്ങൾ ആവശ്യത്തെ ഉളവാക്കുന്നു എന്ന് ബുദ്ധൻ പറഞ്ഞു. മതി വരാത്ത ആഗ്രഹം നിരാശയിലേക്ക് നയിക്കുന്നു. അതിനാൽ തോന്നലുകളിൽനിന്ന് രക്ഷപ്പെടുക. ലോകവസ്തുക്കൾ ശാശ്വതമല്ല. അവ നീങ്ങിപ്പോകും. മരണശേഷമുള്ള സ്വർഗം മോഹിച്ച് ഭൂമിയിലെ ജീവിതം പാഴാക്കിയാൽ സ്വർഗരാജ്യം ലഭിക്കില്ല. മരണശേഷം സ്വർഗത്തിലേക്ക് പ്രത്യേകപാതയില്ല. നാം ഇപ്പോൾ ചരിക്കുന്ന പാത തന്നെയാണ് സ്വർഗത്തിലേക്കുള്ളതും. അതിനാൽ സ്വർഗരാജ്യം ഇവിടെ തന്നെ കണ്ടെത്തുക. നീ നിൽക്കുന്ന സ്ഥലം സ്വർഗമാക്കുക. എന്റെ മതം എന്നെ സ്വർഗത്തിലേക്ക് നയിക്കും എന്ന ചിന്താഗതിയിൽ നിന്നും മോചനം നേടുവാൻ രക്ഷകൻ ആഹ്വാനം ചെയ്യുന്നു. ഭൂമിയിലെ ക്ഷണികമായ, നശിച്ചു പോകുന്ന വസ്തക്കളുമായി സ്വന്തം എന്ന ബന്ധം ഉണ്ടാക്കിയാൽ അവ മാറിപ്പോകുമ്പോൾ നാം നിരാശരാകുന്നു. നിരാശ നരകത്തിലേക്ക് നയിക്കുന്നു. നാം സ്നേഹിക്കുന്ന എല്ലാ വസ്തുവിനോടും നമുക്ക് ബന്ധം ഉണ്ടാകണമെന്നില്ല. ലോകവുമായി ബന്ധിക്കപ്പെടാതെ നമുക്ക് ലോകത്തെ സ്നേഹിക്കാൻ കഴിയും. സ്വന്തമായതിനെ സ്നേഹിക്കുന്ന അവസ്ഥ സ്വാർത്ഥതയാണ്. അത് ഉയർന്ന ചിന്താരീതിയുമല്ല. നിരാശ അസുഖത്തിലേക്ക് നയിക്കുന്നു. എന്നാൽ സ്വന്തമാക്കണം എന്ന ആഗ്രഹമില്ലാത്ത സ്നേഹം (detached love) നിരാശയിലേക്ക് നയിക്കുന്നില്ല. ഈ സ്നേഹം എല്ലാ വസ്തുക്കളെയും അതിന്റെ പൂർണ്ണതയിൽ സ്നേഹിക്കാൻ നമ്മെ സഹായിക്കുന്നു. മാത്രമല്ല അവയെ പൂർണ്ണമായി അംഗീകരിക്കുവാനും സാധിക്കും. ഇത് വളരെ വിസ്തൃതമായ ഒരു ആശയമാണ്. അപ്പോൾ ശത്രുവിനെ സ്നേഹിക്കാൻ സാധിക്കും. സ്വന്തം അയൽക്കാരനെ സ്നേഹിക്കാൻ സാധിക്കും. അയൽക്കാരൻ ആരായിരിക്കുന്നുവോ ആ അവസ്ഥയിൽ അവനെ സ്നേഹിക്കണം. മറ്റുള്ളവർ ഏതവസ്ഥയിൽ ആയിരിക്കുന്നുവോ ആ അവസ്ഥയിൽ അവരെ സ്നേഹിക്കണം. അവരെ നമ്മുടെ ചിന്താഗതിയിലേക്ക്, നമ്മുടെ മതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടല്ല സ്നേഹിക്കേണ്ടത്. നിഷ്കാമസ്നേഹം. തിരികെ ഒന്നും ആഗ്രഹിക്കാത്ത സ്നേഹം. അതാണ് ദൈവികസ്നേഹം.

സ്തുതിഗീതങ്ങളും ബലികളും ആവശ്യപ്പെടുന്ന ദൈവം സ്വാർത്ഥതയുടെ ദൈവമാണ്. ആ ദൈവം മനുഷ്യൻ ഉണ്ടാക്കിയ ദൈവമാണ്. അതിനാൽ നിങ്ങൾ ദൈവത്തെ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കണം. ചില ദൈ

വങ്ങൾ ആരാധന ആവശ്യപ്പെടുന്നു, ബലി ആവശ്യപ്പെടുന്നു. ഈ ദൈവങ്ങൾ നിരാശയിലേക്ക് നയിക്കും. എന്നാൽ പ്രപഞ്ചഹേതുവായ ദൈവം ഇത്തരം മാനുഷികാവശ്യങ്ങൾ ഉള്ള ദൈവമല്ല. ആ ദൈവം ശക്തിയാണ്. ആ ദൈവികശക്തിയെ മനസ്സിലാക്കാൻ സാധിച്ചാൽ നമ്മുടെ ജീവിതയാത്ര ആരോഗ്യപരമായി മുൻപോട്ടുപോകുന്നു. Soteria എന്ന വാക്കിന് ഗ്രീക്കിൽ പൂർണ്ണ ആരോഗ്യം എന്നും രക്ഷ എന്നും അർത്ഥമുണ്ട്. കേരളത്തിൽ വളരെ സുപരിചിതമായ ഒരു കാഴ്ചയാണ് വേദപുസ്തക ചുമട്ടുതൊഴിലാളികൾ. ചുമന്നുകൊണ്ടു നടക്കുന്ന പുസ്തകത്തിലെ ആശയങ്ങളുടെ ശരിയായ അർത്ഥം അറിയാതെ അവ ചുമക്കുകയും അതിൽ നിന്നും ഉപജീവനം തേടുകയും ചെയ്യുന്നതിനാലാണ് അവരെ 'ചുമട്ടുതൊഴിലാളികൾ' എന്ന് വിശേഷിപ്പിച്ചത്. ഇവരെ കൂട്ടിമുട്ടിയാൽ തുടക്കത്തിൽ തന്നെ ചോദിക്കുന്ന ഒരു ചോദ്യം ഉണ്ട്. 'രക്ഷിക്കപ്പെട്ടോ?' വളരെ കാലമെടുത്തു എനിക്ക് ചോദ്യത്തിന്റെ അർത്ഥം മനസ്സിലാക്കാൻ. അവർ ചോദിക്കുന്നത് ഇതാണ്, നിങ്ങൾ ഞാൻ ചൂണ്ടി കാട്ടുന്ന രക്ഷകനിൽ കൂടി രക്ഷപെട്ടോ? ഇത്തരം ചൂഷകരെ രക്ഷയുടെ മാർഗദർശിയായോ ഉപദേശിയായോ സ്വീകരിച്ചാൽ ഇവർ കാട്ടിത്തരുന്ന മാർഗം മരീചികയിലേക്കുമാത്രം നയിക്കുന്നവയായിരിക്കും. യാഥാർത്ഥ്യം മനസ്സിലാക്കുന്നത് വളരെ താമസിച്ചായിരിക്കുകയും ചെയ്യും. അതിനാൽ നിഴലുകൾ കാട്ടി വശീകരിക്കുന്നവരിൽ നിന്നും രക്ഷപ്പെടുക. അതാണ് രക്ഷയുടെ ആദ്യമാർഗം. രക്ഷയുടെ മാർഗം ആത്മീയമായ പുനരുദ്ധാരണത്തിന്റെ മാർഗമാണ്. നന്മ മാത്രം ചെയ്യുന്ന അവസ്ഥ. എല്ലാത്തിനേയും പ്രതിഫലം അർഹിക്കാതെ സ്നേഹിക്കുന്ന അവസ്ഥ. ഇതാണ് ആത്മീയപരിണാമം (spiritual evolution) എന്ന അവസ്ഥ.

എല്ലാ വസ്തുക്കളും അവയുടെ മൂലാവസ്ഥയിലേക്ക് തിരികെപ്പോകുന്നു എന്നു പറയുന്നത് സൃഷ്ടികർത്താവിലേക്ക് തിരികെപ്പോകുന്നു എന്ന അർത്ഥത്തിലാണ്. അല്ലാതെ തുടക്കത്തിലേക്ക് തിരികെപ്പോകുന്നു എന്നല്ല. ക്ലോക്കിന്റെ പെൻഡുലം മുന്നോട്ട് ആടിയിട്ട് പുറകോട്ടു വരുന്നു. ഓരോ പ്രാവശ്യവും പെൻഡുലം പുറകോട്ടു വരുമ്പോൾ സൂചി മുൻപോട്ടു പോകുന്നു, പുരോഗതിയിലേക്ക് നീങ്ങുന്നു. അതുപോലെ എല്ലാ ജീവജാലങ്ങളും പരിണാമപരിവർത്തനത്തിൽ മുന്നോട്ടു നീങ്ങുന്നു. സ്വർഗീയ അനുഭൂതി നഷ്ടപ്പെട്ട ഏദനിലേക്കുള്ള തിരിച്ചുവരവല്ല, പകരം പുതിയ ജീവിയായി, പുതിയ ഉണർവോടുകുടി മുന്നോട്ടു സഞ്ചരിച്ച് പരിണാമപ്രക്രിയയുടെ ഭാഗമായി മാറുന്നു. അത് ഒന്നുമില്ലാത്ത അവസ്ഥയിലേക്കുള്ള പരിവർത്തനമല്ല. രൂപാന്തരം പ്രാപിച്ച പുതിയജീവി ആയി മാറുന്നു. പൂർണ്ണവിളവായ നെന്മണി അത് ഉത്ഭവിച്ച നെൽച്ചെടിയിൽ നിന്നും വേർപിരിയുന്നു. ഈ നെൽവിത്തിൽ പുതിയ ഒരു ചെടിക്കു വേണ്ട ഇല, തണ്ട്, വേര്, വളരുവാനുള്ള ശക്തി എല്ലാം അടങ്ങിയിരിക്കുന്നു. നെല്ലിൽനിന്നും പുതിയ ചെടി മുളയ്ക്കുന്നു, വീണ്ടും നെന്മണി ഉണ്ടാകുന്നു. ഈ പ്രക്രിയ ആവർത്തിക്കുന്നു. പക്ഷെ

ഓരോ പ്രാവശ്യവും ജനിക്കുന്നത് ഒരു പുതിയ ചെടിയാണ്. യേശുവിന്റെ പുനരുദ്ധാരണവും അതുപോലെയാണ്. പുനരുദ്ധാരണത്തിൽ പുതിയ ഒരു ജീവിയായി പുതിയ അവസ്ഥയിലേക്ക് മാറിയ പഴയ ഗുരുവിനെ റബി എന്നു വിളിച്ച് തൊടാൻ ശ്രമിച്ച മറിയത്തെ യേശു തടഞ്ഞതും അതു കൊണ്ടാണ്. അത് പുതിയൊരു അവസ്ഥയാണ്. പഴയ അവസ്ഥയിലൂടെ നോക്കിയാൽ, പഴയ യേശുവിനെ നോക്കിയാൽ പുനരുദ്ധരിച്ച യേശുവിനെ കാണില്ല.

യോഹന്നാന്റെ സുവിശേഷവും മറിയത്തിന്റെ സുവിശേഷവും ഏതാണ്ട് ഒരേ കാലഘട്ടത്തിൽ എഴുതപ്പെട്ടവയാണ്. എല്ലാം അവനിലൂടെ ഉളവായി' (യോഹന്നാൻ 1:3). തിരികെ മൂലാവസ്ഥയിലേക്കു പോയി എന്നു പറയുന്നതും അതാണ്. തിരകെ ഉത്ഭവസ്ഥാനത്തേക്ക്. അത് പിതാവാകാം (logos), ദൈവമാകാം (cosmic power). അതാണ് യേശു പറഞ്ഞത്, ഞാൻ പിതാവിന്റെ അടുക്കൽ പോയിട്ടില്ല എന്ന്. ഞാൻ ആ വഴിയിലേക്കു പോകുന്നു. ഏത് ഉത്ഭവത്തിൽ നിന്നുളവായോ ആ അവസ്ഥയിലേക്ക് പോകുന്നു. അവസാനമില്ലാത്ത, രൂപാന്തരമില്ലാത്ത നിത്യത (eternity). ഇത് മനസ്സിലാക്കാൻ പുതിയൊരു ഇന്ദ്രിയം ആവശ്യമാണ്. അനന്തതയിലെ ഓംകാര ശബ്ദം കേൾക്കാൻ മാംസളമായ ചെവികൾ പോര, ആന്തരികചെവികൾ തുറക്കണം. നിന്റെ മനസ്സും ബുദ്ധിയും ഇരുളടഞ്ഞ കല്ലറയിൽ നിന്നും വിടുതൽ പ്രാപിക്കണം. സൃഷ്ടാവിനോട് യോജിക്കുവാനുള്ള വാഞ്ഛ (craving) ഉണ്ടാകണം. പ്രപഞ്ചശക്തിയിൽ ലയിക്കണം. നിന്റെ മനസ്സിന്റെ വാതിലിൽ മുട്ടി വിളിക്കുന്ന ഈ ശബ്ദം ആന്തരികചെവികൾ തുറന്നവൻ മാത്രമേ കേൾക്കൂ. അതാണ് മോശയും ഇസ്രായേൽ ജനത്തോടു പറയുന്നത്. മനുഷ്യന്റെ മനസ്സാക്ഷിക്കും ബുദ്ധിക്കും കേൾക്കുവാൻ ചെവിയും കാണുവാൻ കണ്ണും മനസ്സിലാക്കാൻ താത്പര്യവും ഇല്ലെങ്കിൽ തോമസ് 1:13 പറയുന്നതു പോലെ, 'അവന്റെ ശിഷ്യന്മാർ അവനോടു ചോദിച്ചു, 'എന്നാണ് രാജ്യം പ്രാവർത്തികമാകുന്നത്?'. യേശു പറഞ്ഞു, 'ദൈവരാജ്യത്തെ നോക്കിയിരുന്നാൽ അത് ഭാവിയിൽ വരുവാനുള്ളതല്ല. ഇതാ ഇവിടെ അതാ അവിടെ എന്നു പറയുവാനുള്ളതുമല്ല. എന്നാൽ പിതാവിന്റെ രാജ്യം ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്നു. മനുഷ്യൻ അത് കാണുന്നില്ല.'

# സുവിശേഷം - ഏഴാംപുറം

**പ**ത്രോസ് അവനോടു ചോദിച്ചു: “ലോകത്തിലെ വസ്തുക്കളുടെയും (elements) സംഭവങ്ങളുടെയും പൊരുളു തിരിക്കുന്നവൻ നീ ആയിരിക്കുന്നതിനാൽ നീ ഞങ്ങളോടു പറയുക എന്താണ് ലോകത്തിലെ പാപം?”

ഗുരു പറഞ്ഞു: ”ലോകത്തിൽ സ്വയമേവ പാപം എന്നത് ഇല്ല. എന്നാൽ പാപത്തെ നിലനിർത്തുന്നത് നീ ആണ്. നിന്റെ അഴിമതി നിറഞ്ഞ മനസ്ഥിതി അനുസരിച്ച് നീ പ്രവർത്തിക്കുമ്പോൾ അവിടെ പാപം നിലനിൽക്കുന്നു”.

അന്ന് സമൂഹത്തിൽ നിലനിന്നിരുന്ന ചിന്താഗതി പ്രകാരമാണ് പത്രോസ് ഗുരുവിനെ ചോദ്യം ചെയ്യുന്നത്. മാനുഷികപാപം എന്ന വാക്ക് വളരെക്കാലം മുതൽക്കേ പല നിർവചനങ്ങളാൽ തരം തിരിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും വ്യക്തമായ ഒരു ആശയം ഇതുവരെ ഉളവായിട്ടില്ല. പാപസങ്കൽപം കാലഘട്ടം, സമൂഹ്യാവസ്ഥ, വിശ്വാസരീതികൾ, മതം എന്നിങ്ങനെ പല ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. ധാർമ്മികതത്വശാസ്ത്രം (moral philosphy) പാപത്തിന് ‘അസ്ഥാനത്തുള്ള’ എന്ന നിർവചനമാണ് കൊടുക്കുന്നത്. വേറൊരുവന്റെ പോക്കറ്റിൽ ഇരിക്കേണ്ട പണം മോഷ്ടിച്ച് സ്വന്തം പോക്കറ്റിൽ വെച്ചാൽ അത് പാപം ആകുന്നു. പണം അല്ല അവിടെ പാപം സൃഷ്ടിക്കുന്നത്. മോഷണചിന്തയാണ് പാപം ഉണ്ടാക്കുന്നത്. പൊതുവെ എല്ലാവർക്കും ഒരുപോലെ സാമൂഹികമായി അംഗീകരിക്കുവാൻ നിവൃത്തിയില്ലാത്ത പ്രക്രിയകളെ എല്ലാം പാപം എന്നു നിർവചിക്കാം. പാപപരമായി പ്രവർത്തിക്കുമ്പോൾ മാത്രമേ പാപം നിലനിൽക്കുന്നുള്ളു. അതുപോലെ പൈശാചികമായി പ്രവർത്തിക്കുമ്പോൾ മാത്രമെ പിശാച് നിലനിൽക്കുന്നുള്ളു. പിശാച് സ്വയം നിലനിൽക്കുന്നില്ല. മനുഷ്യനെ ഭീഷണിപ്പെടുത്തി വലയിൽ കുടുക്കി ഇടാനുള്ള തന്ത്രം മാത്രമാണ് പാപം, പാപമോചനം, പിശാച്, നരകം, അഗ്നിച്ചൂള, ന്യായവിധി, രണ്ടാം വരവ് മുതലായ ആശയങ്ങൾ. ഇവയൊന്നും ഭൗതികമായി നില നിൽക്കുന്നവയല്ല. പിശാചും നരകവും മതങ്ങളുടെ സൃഷ്ടിയാണ്, ദൈത്തിന്റെയല്ല. അതിനാൽ ദൈവം എന്തിനാണ് പിശാചിനെ സൃഷ്ടിച്ചത് എന്ന യുഗങ്ങളുടെ പഴക്കമുള്ള ചോദ്യത്തിന് പ്രസക്തിയില്ല. മനസ്സിൽ പുണ്യചിന്ത നിലനിൽക്കുമ്പോൾ അവിടെ പിശാചിന് സ്ഥാനമില്ല. പാപം ഉണ്ടാകുന്നില്ല. അതാണ് ഏദൻതോട്ടത്തിലെ ആദിമപാപത്തിന്റെ സാരാംശം.

ഹൗവ്വ മനുഷ്യസ്ത്രീയുടെ മുഴുവൻ പ്രതീകമാണ്, ചരിത്രവ്യക്തിയല്ല. പാമ്പ് പ്രേരണയെ (temptation) പ്രതിനിധാനം ചെയ്യുന്നു. ഏദൻ എല്ലാനന്മകളും നിറഞ്ഞ തോട്ടം. അതിനെ നനയ്ക്കുവാൻ നദികൾ. പൂർണ്ണസ്വാതന്ത്ര്യത്തിന്റെ പ്രതീകമായ വെള്ളം ധാരാളം. ജ്ഞാനതൃഷ്ണ ശമിപ്പിക്കുന്നതിനുള്ള വിജ്ഞാനസാഗരവും അവിടെയുണ്ട്. അവിടെ പരീക്ഷണം മൂലം, പ്രേരണ മൂലം നന്മതിന്മകളുടെ ഫലം മാത്രം ഭക്ഷിച്ചാൽ പോര. സ്വതന്ത്രമായ അറിവിനെയാണ് സ്വീകരിക്കേണ്ടത്. വിജ്ഞാനം സ്വാതന്ത്ര്യത്തിലേക്ക് നയിക്കും. അപ്പോൾ നന്മ മാത്രം നിറഞ്ഞ വ്യക്തിയായി മാറും. അവിടെ തിന്മയുടെ സർപ്പം തല ചതഞ്ഞ് മരിക്കും.

ഏദനിലെ കഥയ്ക്ക് മറ്റൊരു പാഠഭേദം കൂടിയുണ്ട്. സ്ത്രീയെ എന്നും മനുഷ്യൻ ദർശിക്കുന്നത് ലൈംഗികതയുടെ മൂർത്തീകരണമായിട്ടാണ്. സ്ത്രീ പുരുഷനെ രമിപ്പിക്കുകയും സ്വന്തമാക്കണം എന്ന ആഗ്രഹം ജനിപ്പിക്കുകയും ചെയ്യുന്നു. അത് ജന്തുലോകത്തിലെ എല്ലാ ആണിനുമുള്ള വികാരമാണ്. പാമ്പ് പല സംസ്കാരത്തിലും പുരുഷലിംഗത്തിന്റെ പ്രതീകവും ആണ്. രതിയിലേർപ്പെടാനുണ്ടായ തോന്നലാണ് പാപം ചെയ്യാൻ ഹൗവ്വയെ പ്രേരിപ്പിച്ചത്. പരപുരുഷനുമായുള്ള രതിബന്ധം പാപമാണ് എന്ന് മാത്രമെ ഇവിടെ ഉദ്ദേശിക്കുന്നുള്ളു. വ്യഭിചാരം യെഹൂദജനതയിൽ വളരെയധികം കാലം നിലനിന്നിരുന്നു. വ്യഭിചാരം വ്യാപകമായാൽ സമൂഹത്തിന്റെ നിലനിൽപ് അപകടത്തിലാകും. അതിനാലാണ് വ്യഭിചാരത്തെ പാപമായി കണക്കാക്കുന്നത്. പാപം എന്നാൽ സാർവ്വജനികമായി തുടരുവാൻ സാധിക്കാത്ത പ്രവൃത്തി എന്നർത്ഥം. ആദം ഇല്ലാതിരുന്ന സമയത്ത് ഉണ്ടായ പരപുരുഷസംഗമം എന്നർത്ഥം. ആ രതിയുടെ പഴം ആണ് ഹൗവ്വ എന്ന സാങ്കല്പികസ്ത്രീ ആദം എന്ന സാങ്കൽപികപുരുഷന് കൊടുത്തത്. സ്വന്തം ലൈംഗികാവയവങ്ങളുടെ ഉപയോഗം മനസ്സിലാക്കിയപ്പോഴാണ് അവർക്കു നഗ്നത തോന്നിയത്. ഇതാണ് കഥയുടെ സാരാംശം. കഥ വെറും കെട്ടുകഥ. ആദമിൽ തുടങ്ങിയ യേശുവിന്റെ വംശാവലിയും ഒരു അബദ്ധകഥ. അതിലും വലിയ ഒരു അബദ്ധകഥയാണ് ആദമിന്റെ പാപം പോക്കാൻ ദൈവപുത്രൻ ജനിച്ചകഥ. ഈ കഥകൾക്ക് കുട്ടികളെ ഉറക്കാൻ പറയുന്ന മുത്തശ്ശിക്കഥകളുടെ പ്രാധാന്യം മാത്രം കൽപിച്ചാൽ മതിയാകും. ആദ്യപാപം എന്നൊന്നില്ല. ആ പാപത്തിൽ നിന്നും മനുഷ്യവർഗത്തെ രക്ഷിക്കാൻ ഒരു ദൈവപുത്രനും ജനിച്ചിട്ടില്ല. ഈ കഥകളുടെ പേരിൽ എത്ര മനുഷ്യരെ മതങ്ങൾ കുരുതി കഴിച്ചു? എത്ര രാജ്യങ്ങളെ ആക്രമിച്ചു? എത്ര സ്ത്രീകളെ വിധവകളാക്കി? എത്ര കുട്ടികളെ അനാഥരാക്കി? അതാണ് പാപം. മതങ്ങൾ കാട്ടിക്കൂട്ടിയ പാപം. പക്ഷെ മതങ്ങൾ അതംഗീകരിക്കില്ല. ഈ ഘോരപാപങ്ങൾ നടത്തിയവർ മതത്തിന്റെ പരിശുദ്ധന്മാരും രക്ഷകരുമാണ്. ഇത് സൂര്യന്റെ കീഴിലെ പുതിയൊരു അനീതിയല്ല. മനുഷ്യസംസ്കാരം നില

വിൽ വന്നകാലം മുതലേ ഉള്ളതാണ്. ഇന്നും തുടരുന്നു. ഏതു ധാർമ്മികനിയമത്തിലും കൊലപാതകം പാപമാണ്. അതിലും വലിയ പാപം ഇല്ല. എന്നാൽ മതത്തിന്റെ പേരിലുള്ള കൊലപാതകം കൊലപാതകിയെ പരിശുദ്ധനാക്കുന്നു. അത്ര ശക്തമാണ് പാപത്തെക്കുറിച്ചു മതം പ്രചരിപ്പിക്കുന്ന കെട്ടുകഥകൾ. ലോകത്തിലെ മഹായുദ്ധങ്ങളിൽ മരിച്ചവരെക്കാൾ എത്രയോ കൂടുതലാണ് മതപ്രചരാണാർത്ഥം കൊല്ലപ്പെട്ടവരുടെ എണ്ണം. മനുഷ്യക്കുരുതി എന്ന രക്തബലിയ്ക്കു വേണ്ടി ദാഹിക്കുന്ന മതകോലങ്ങളെ തിരസ്കരിച്ചിട്ട് മനസ്സിൽ ലോകനന്മയുടെ സ്നേഹം നിറയ്ക്കുക. അവിടെ പാപമില്ല. അതാണ് സ്വർഗരാജ്യം.

ലളിതമായി പറയുകയാണെങ്കിൽ, പാപം ഇല്ല, പാപികളേയുള്ളു. സ്നേഹവീണ മീട്ടുമ്പോൾ ലോകം മുഴുവൻ നന്മ നിറയും. അവിടെ മനുഷ്യൻ മതങ്ങൾക്കുപരിയായി വളരും. അവിടെ മതഭ്രാന്ത് ഇല്ലാതാകും. പകരം പരസ്പരസ്നേഹം ഉളവാകും. മതം പ്രചരിപ്പിക്കാനുള്ള കൊലപാതകം ഇല്ലാതെയാകും. പാപം ഇല്ലാതെയാകും. മനുഷ്യശരീരം പാപം ഉൽപാദിപ്പിക്കുന്ന ഒരു യന്ത്രമല്ല. മനുഷ്യന്റെ ലൈംഗികത പാപമല്ല. ഊണും ഉറക്കവും പോലെ ശരീരത്തിന് ആവശ്യമായ ഒരു വികാരം മാത്രമാണത്. 'ശുദ്ധിയുള്ളവർക്ക് എല്ലാം ശുദ്ധം തന്നെ. എന്നാൽ മലിനന്മാർക്കും അവിശ്വാസികൾക്കും ഒന്നും ശുദ്ധമല്ല. അവരുടെ ചിന്തയും മനസ്സാക്ഷിയും മലിനമായി തീർന്നിരിക്കുന്നു' (തിത്തോസ് 1:15).

യെഹൂദവിധിപ്രകാരം പുരുഷൻ സ്ത്രീയോട് ഇണ ചേരാത്തതാണ് പാപം. ലൈംഗികത പാപമാണ് എന്ന ചിന്ത ക്രിസ്തുമതത്തിൽ എങ്ങനെ കടന്നുകൂടി എന്നു വിശദമായി ചിന്തിക്കേണ്ടിയിരിക്കുന്നു. അമിതഭോഗം മൂലം ലൈംഗികരോഗം പിടികൂടിയ അഗസ്റ്റീന്റെ സിദ്ധാന്തമോ? ആയിരിക്കാം. എത്രമാത്രം സ്ത്രീകളെയും പുരുഷന്മാരെയും രതിയിൽ നിന്നും വിലക്കി. കന്യാസ്ത്രീകളെയും പുരോഹിതരെയും സന്യാസികൾ ആക്കി മാറ്റി. ദൈവം സൃഷ്ടിച്ച ഇന്ദ്രിയങ്ങളുടെ ഉപയോഗം പാപമാണെന്നുള്ള ചിന്ത ദൈവനിന്ദയല്ലേ? അതല്ലേ പാപം? ലൈംഗികത പാപമായിരുന്നുവെങ്കിൽ ദൈവം മനുഷ്യനെ നപുംസകങ്ങളായി സൃഷ്ടിച്ചേനെ! മതപ്രേരണയാൽ സന്യാസം സ്വീകരിച്ചവരേ, നിങ്ങൾ എത്ര സ്വർഗങ്ങൾ നഷ്ടപ്പെടുത്തി. അതിനാൽ ചിന്തിക്കുക. മതം തരുന്ന കുപ്പിവെള്ളം കുടിക്കാതെ പാലും തേനും നിറഞ്ഞൊഴുകുന്ന ഏദനിലെ നദികളിലേക്ക് ഇറങ്ങിക്കുടിക്കുക. ദൈവം മനുഷ്യനെ ആണും പെണ്ണുമായി സൃഷ്ടിച്ചു. മതങ്ങൾ അവരെ നപുംസകങ്ങളാക്കി.

ഗ്രീക്ക് മൂലത്തിൽ പാപം എന്ന വാക്കിന് (hamartia), 'ലക്ഷ്യം തെറ്റിയത്' എന്നാണർത്ഥം. മനുഷ്യന്റെ ആഗ്രഹങ്ങൾ പാപമുണ്ടാക്കുന്നില്ല വഴി തെറ്റിയ ആഗ്രഹങ്ങളാണ് പാപം സൃഷ്ടിക്കുന്നത്. ഇന്ദ്രിയങ്ങളെയും ചിന്തകളെയും പ്രവൃത്തികളെയും തെറ്റായ വഴിയിലൂടെ നടത്തുമ്പോൾ പാപം

ഉളവാകുന്നു. ഹിറ്റ്ലറുടെ ചിന്ത തെറ്റായ വഴിക്ക് തിരിഞ്ഞപ്പോൾ യെഹൂദനെ മുഴുവൻ കൊല്ലണമെന്ന് തോന്നി.  ഇന്നും പരിശുദ്ധയുദ്ധങ്ങളുടെ പേരിൽ ദിവസേന എത്ര മനുഷ്യർ കുരുതികൊടുക്കപ്പെടുന്നു! അതാണ് പാപം. ഭൂമിയല്ല പാപപങ്കിലം, നമ്മുടെ ചിന്താഗതിയാണ്. ഈ ഭൂമി പരിശുദ്ധമാണ്. ഇതിന്റെ പരിശുദ്ധത കാത്തു സൂക്ഷിക്കേണ്ടത് മനുഷ്യന്റ പ്രാഥമികകടമയാണ്. ഈ കടമ പാലിക്കാത്തതാണ് പാപം. അതാണ് ഗുരു പറയുന്നത് അഴിമതി നിറഞ്ഞ നിന്റെ മനസ്സിന്റെ പ്രവർത്തനരീതിയിൽ പാപം നിലനിൽക്കുന്നു എന്ന്. മനുഷ്യന്റെ അഴിമതിയ്ക്ക് ലൈംഗികത എന്ന അർത്ഥമില്ല. ലൈംഗികവികാരത്തെ തെറ്റായ പാതയിലേക്ക് നയിക്കുന്നതുകൊണ്ടും സമൂഹവ്യവസ്ഥിതിയെ തകിടം മറിക്കുന്നതുകൊണ്ടുമാണ് വ്യഭിചാരം പാപമാകുന്നത്. സ്ത്രീയെ ലൈംഗിക ഉപഭോഗവസ്തുവായി കാണുന്നത് തെറ്റായ കാഴ്ചപ്പാടാണ്. വ്യഭിചാരം എന്നു പറയുന്നത് ശാരീരികം മാത്രമല്ല, സ്ത്രീയെ ഭോഗവസ്തു മാത്രമായി വീക്ഷിക്കുന്നതും വ്യഭിചാരമാണ്. അതായത്, നിയമങ്ങളോ തത്വങ്ങളോ മതങ്ങളോ അല്ല പാപങ്ങളെ നിയന്ത്രിക്കുന്നത്, മനുഷ്യചിന്തയാണ്. പ്രവൃത്തിയിൽ മാത്രമല്ല വികാരവിചാരങ്ങളിലും വ്യഭിചാരം പാടില്ല.

മനുഷ്യൻ നിയമങ്ങൾക്ക് ഉപരിയായി ഉയരണം. നിയമങ്ങൾ ശൈശവാവസ്ഥയിലുള്ള മനുഷ്യനും സമൂഹത്തിനും ഉള്ളതാണ്. നിയമാനുസൃതം ചെയ്യുന്നവയെല്ലാം ശരിയാകണമെന്നില്ല. സാംസ്കാരികമായി പരിണമിച്ച മനുഷ്യനും സമൂഹവും സദാചാരത്തിന്റെ താണപടികളിൽ നിന്നും പലപടികൾ ചവുട്ടിക്കയറി സ്വയം ശുദ്ധനാകുന്നു. മനുഷ്യൻ ശാബദിന്റെയും നാഥനായി മാറണം. മനുഷ്യൻ നന്മ മാത്രം പ്രവർത്തിക്കുന്ന അവസ്ഥയിലേക്ക് മാറുമ്പോൾ മതം, കോടതി എന്നിവകളൊക്കെ അപരിഷ്കൃതമായി മാറുന്നു. സൽഗുണസമ്പൂർണനായ മനുഷ്യൻ ഇവകൾക്ക് അതീതനാകുന്നു. ഹീബ്രൂ ഭാഷയിൽ രക്ഷിക്കപ്പെടുക എന്ന വാക്കിന്റെ പര്യായം സ്വതന്ത്രമായി ശ്വസിക്കുക എന്നാണ്. സ്വതന്ത്രമനസ്സിന്റെ, പരിശുദ്ധമായ മനസ്സിന്റെ റൂഹ (കാറ്റ്)നമ്മുടെ ജീവിതനൗകയുടെ പായിൽ അടിക്കുമ്പോൾ മാത്രമെ വിശാല വിജ്ഞാനത്തിന്റെ തുറന്ന സാഗരത്തിലേക്കുള്ള മോക്ഷയാത്ര ആരംഭിക്കാനാകുകയുള്ളു.

മരിച്ച അവസ്ഥയിൽ നിന്നും ഉയർക്കുക എന്നത് പ്രകൃതിനിയമത്തിന് വിപരീതമാണ്. അതാണ് പൗലോസ് ഉയിർപ്പിന്റെ ആത്മാവ് എന്നു പറയുന്നത്. നിയമങ്ങൾ അനുസരിച്ച് ജീവിച്ചതുകൊണ്ടു മാത്രം മനുഷ്യൻ ശ്രേഷ്ഠനാകുന്നില്ല. നല്ല ശമരിയക്കാരന്റെ ഉപമയിലെ ലേവ്യനും പുരോഹിതനും യെഹൂദ നിയമപ്രകാരം ശാബദിനെ അനുസരിച്ചു. അതാണ് മുറിവേറ്റവനെ ശുശ്രൂഷിക്കാതെ കടന്നുപോയത്. പക്ഷേ മനുഷ്യന്റെ ധാർമ്മിക ബോധം നിയമങ്ങൾക്കതീതമായിരിക്കണം. നിയമങ്ങൾ ഉള്ളതു കൊണ്ടു

മാത്രം ധാർമ്മികത പാലിക്കുന്നത് ശ്രേഷ്ഠമായ ജീവിതം അല്ല. ഇവർ പകൽ മാന്യന്മാരാണ്. രഹസ്യമായും ഇരുട്ടിലും ഇവർ കുറ്റകൃത്യങ്ങൾ ചെയ്യുന്നു. നല്ല ശമരിയക്കാരൻ ചെയ്ത പ്രവൃത്തി സാധാരണ മനുഷ്യനിയമങ്ങൾക്ക് ഉപരിയായിരുന്നു. മുറിവേറ്റവനെ ശുശ്രൂഷിക്കാൻ ഒരു നിയമത്തിന്റെയും പിന്തുണ അയാൾക്കാവശ്യമില്ലായിരുന്നു. അവനിലെ സ്നേഹമാണ് അവനെ ആ നല്ല കൃത്യത്തിന് പ്രേരിപ്പിച്ചത്. (freedom from law and above the law). അതാണ് ഉയർത്തക്രിസ്തുവിനെ പൗലോസ് സാക്ഷിക്കുന്നതിന്റെ സാരം. അതുതന്നെ മറിയവും ഉറപ്പിച്ചു പറയുന്നു (റോമ:7:2-6) ന്യായപ്രമാണത്തിൽ നിന്നും ഒഴിവുള്ളവർ എന്ന പ്രയോഗം ശ്രദ്ധിക്കുക. അതാണ് മറിയത്തിന്റെ സുവിശേഷവും പറയുന്നത്."നിങ്ങൾ പുതിയ നിയമങ്ങൾ അടിച്ചേൽപിക്കാതെ മനുഷ്യപുത്രന്റെ അനുയായികൾ ആകുക".

ന്യായപ്രമാണം കൂടാതെ പാപം നിർജീവമാകുന്നു (റോമ: 7:8). അതാണ് മറിയത്തിന്റെ ഗുരുവും പറയുന്നത്, പാപം എന്നൊന്നില്ല.

മറിയം പറയുന്നു, നിന്റെ ആത്മാവിന്റെ തെറ്റായ വഴിയിലുള്ള ചിന്ത നിന്നെ രോഗിയാക്കുന്നു. അങ്ങനെ നീ മരിക്കുന്നു. പൗലോസും പറയുന്നു, ജഢത്താലുള്ള ചിന്തയെ, ആത്മാവിലുള്ള നിന്നിലെ ദൈവികചിന്തയെ വളർത്തുക. നീ ജഢത്താൽ മരിച്ചു, ആത്മാവിൽ വീണ്ടും ജനിക്കുന്നു. ഈ ആത്മാവിലുള്ള മരണവും ഉദ്ധാരണവുമാണ് കാനോനികസുവിശേഷങ്ങളിൽ ഭൗതികമരണവും ഉദ്ധാരണവുമായി തെറ്റിദ്ധരിച്ചിരിക്കുന്നത്.

അതുകൊണ്ടാണ് നന്മ നിങ്ങളുടെ നടുവിലേക്ക് വന്നിരിക്കുന്നത്. നന്മ നിന്റെ മനസ്സിന്റെ പ്രാഥമികചിന്തയെ നിന്റെ ഉത്ഭവാവസ്ഥയുമായി കൂട്ടിച്ചേർക്കുന്നു. അതാണ് ആത്മാവിന്റെ ദാഹം എന്നു പറയുന്നത്. ഇല്ലാത്തതിനു വേണ്ടിയുള്ള ദാഹം. ഇടയനുവേണ്ടിയുള്ള ദാഹം, നന്മയ്ക്കുവേണ്ടിയുള്ള ദാഹം. മനുഷ്യന്റെ മനസ്സിലെ ശൂന്യത നിറയ്ക്കുവാൻ നന്മ നമ്മുടെ നടുവിലേക്ക് ഇറങ്ങിവന്നിരിക്കുന്നു. ഏദനിലേക്ക് വറ്റാത്ത വിജ്ഞാനവുമായി നാല് നദികൾ ഒഴുകുന്നു. ആ നദികളിലെ വെള്ളം നീ ആവോളം കുടിക്കുക. ആ വിജ്ഞാനം നിന്നെ നന്മതിന്മകളുടെ അറിവിന്റെ ഉപരിയായ മണ്ഡലത്തിലേക്ക് ഉയർത്തും. നന്മ മാത്രം നിറഞ്ഞ അവസ്ഥയായി മാറും. അവിടെ തിന്മ മരിച്ചു വീഴുന്നു. അതാണ് ഉൽപത്തി പുസ്തകത്തിന്റെ ഗ്രന്ഥകർത്താവ് ആദം, ഹൗവ്വ എന്നീ സാങ്കൽപികകഥാപാത്രങ്ങളിലൂടെ നമ്മെ കാണിക്കുന്നത്. എല്ലാ നന്മകളും നിറഞ്ഞ ഏദൻതോട്ടം. ആ നന്മകൾ ആജീവനാന്തം ആസ്വദിക്കുന്നതിനു പകരം തിന്മയുടെ പ്രതീകമായ പാമ്പിന്റെ ഉപദേശത്തിലൂടെ കുറുക്കുവഴി നോക്കി നന്മതിന്മകളുടെ ഫലം തിന്നുന്ന വ്യതിചലനം. അതാണ് ആദ്യപാപം. ആദത്തിന്റെയും ഹൗവ്വയുടെയും ആത്മദാഹം. നന്മതിന്മകളെക്കുറിച്ചുള്ള അറിവുകൊണ്ട് തൃപ്തരാകാൻ അവർ വലിയ അവസരങ്ങളെ പാഴാക്കുന്നു. അതല്ല സൃഷ്ടാവിന്റെ ഉദ്ദേശ്യം. സൃഷ്ടി

സൃഷ്ടാവിന്റെ നന്മകൾ മുഴുവനും ആസ്വദിക്കണം. തോട്ടത്തിലെ എല്ലാം അവനുള്ളതാണ്. അതാണ് മനുഷ്യപുത്രന് തല ചായ്ക്കാൻ ഇടമില്ലാത്തത്. അവൻ തല ചായ്ച്ച് വിശ്രമിക്കേണ്ടവനല്ല. അവന്റേത് തുടരേണ്ട യാത്രയാണ്. എഴുന്നേറ്റു നടക്കുക, അതാണ് യേശുവിന്റെ സുവിശേഷം. യോനയെപ്പോലെ കപ്പലിന്റെ അടിത്തട്ടിൽ തലചായിച്ചാൽ, ചെടിയുടെ ചുവട്ടിൽ വിശ്രമിച്ചാൽ നീ നിന്റെ പാത വിട്ട് വഴിതെറ്റുന്നു. അതാണ് ആദം ചെയ്ത പാപവും. സൃഷ്ടാവിന്റെ കൽപന ലംഘിച്ചു. നിന്നെ കുറവുള്ളവനായി കണ്ടതിനാൽ സൃഷ്ടാവ് നിനക്ക് നന്മകൾ തരികയാണ്, അവകൾ കൊണ്ട് നിറയുവാൻ. ഹീബ്രുവിൽ ആദം എന്നാൽ കുശവന്റെ ചെളി എന്നർത്ഥം. അതാണ് സൃഷ്ടാവ് നമ്മിൽ ചെയ്യുന്നതും. മണ്ണിൽ നിന്നും കുഴച്ച ചെളിയിൽ ജീവന്റെ, നന്മയുടെ ശ്വാസം ഊതുന്നു. മനുഷ്യൻ പിറക്കുന്നു. ആ മനുഷ്യൻ തിരികെ ചെളിയിലേക്കു പോകുക എന്നതല്ല സൃഷ്ടാവിന്റെ ഉദ്ദേശ്യം. മറിച്ച് ഏദനിലെ എല്ലാ നന്മകളും സുഖങ്ങളും അറിയുന്ന മനുഷ്യനായി ജീവിക്കുക എന്നതാണ്. എല്ലാം നിറഞ്ഞ തോട്ടത്തിൽ പഴം തിന്നുവാനുള്ള ആഗ്രഹം അനാവശ്യം അല്ലായിരുന്നോ? സൃഷ്ടാവിന്റെ നിയമം ലംഘിക്കുവാനുള്ള അവന്റെ ആഗ്രഹം ദുഖത്തിലേക്ക് നയിക്കുന്നു. അതാണ് ധർമ്മപാതയും പറയുന്നത്, desire leads to sorrow. ആദം ഇവിടെ ആത്മീയമായി മരിച്ചു വീഴുന്നു.

നമ്മുടെ ഉള്ളിൽ ഞാൻ എന്ന ഭാവം നിറഞ്ഞാൽ അവിടെ നന്മകൾക്കിടമില്ലാതെ വരുന്നു. ഞാൻ എന്ന ഭാവത്തെ മാറ്റുമ്പോൾ അവിടെ നന്മ പ്രവേശിക്കുന്നു. നിന്നിൽ നിന്നും നിന്നെ ഇറക്കി വിട്ടാൽ അവിടെ നന്മ വളരുന്നു. മറിയത്തിന്റെ ഭാഷയിൽ, ഗുരു വന്നത് നമ്മെ അജ്ഞതയിൽ നിന്നും വിമോചിപ്പിക്കുവാനാണ്. നമ്മുടെ അറിവിന്റെ പ്രകാശമായ ഗുരു നമ്മിൽ പ്രവേശിക്കണം. അപ്പോൾ നമ്മുടെ മനസ്സിൽനിന്നും ദുർചിന്ത, അജ്ഞത, സ്വാർത്ഥത, കാപട്യം, അതിമോഹം, തന്നിഷ്ടം എന്നിങ്ങനെയുള്ള ദുർഭൂതങ്ങൾ പുറത്താക്കപ്പെടും. പണ്ടേയുള്ള വാതിലുകളെ, ഉയരുവിൻ അവിടെ മഹത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ. ജഢികചിന്തകളുടെ കാരാഗ്രഹങ്ങളിൽ നിന്നും വിടുതൽ പ്രാപിക്കാൻ, മതങ്ങളുടെ തോന്നലുക്കളുടെ കാരാഗ്രഹത്തിൽ നിന്നും രക്ഷ പ്രാപിക്കാൻ നിങ്ങളുടെ മനസ്സിലെ പഴയചിന്തകളുടെ വാതിലുകളെ ഉയർത്തുക. അവിടേക്ക് നീതിയുടെ സൂര്യന്റെ വെളിച്ചം കടന്നുവരും. അജ്ഞതയുടെ അന്ധകാരം മാറി ജ്ഞാനത്തിന്റെ പ്രകാശം നിറയ്ക്കപ്പെടും.

നിന്റെ പ്രവൃത്തികളാണ് നിന്നെ നന്മയിൽ നിന്നും അകറ്റുന്നത്. അതാണ് നീ രോഗിയാകുന്നതും മരിക്കുന്നതും. തിന്മയോടുള്ള ബന്ധം, വിജ്ഞാനത്തെ വർദ്ധിപ്പിക്കാനുള്ള തോന്നലിന്റെ അഭാവം, അലസത, മടി, ദുർവാശി, സഹിഷ്ണുതയില്ലായ്മ ഇവയെല്ലാം കൂടുതൽ അറിവിൽനിന്നും നിന്നെ അക

റ്റുന്നു. അജ്ഞത അപകടത്തിലേക്കും അന്ധകാരത്തിലേക്കും ആത്മഹത്യ യിലേക്കും നയിക്കുന്നു. ഇതാണ് അധോലോകം, വെളിച്ചം കാണാത്ത സ്ഥലം, നരകം. അതിന്റെ നാഥൻ സാത്താൻ. സാത്താൻ സ്വയം നില നിൽക്കുന്ന ഒരു ജീവിയല്ല. കൊമ്പും കൂർത്തവാലും കുന്തവും ഏന്തി നിൽക്കുന്ന ഒരു ജീവിയല്ല. മനുഷ്യന്റെ മാനസികാവസ്ഥയാണ്. നമ്മുടെ ചിന്തകൾ നമുക്കു മാത്രമല്ല നരകം സൃഷ്ടിക്കുന്നത്. മനുഷ്യവർഗത്തിനു മുഴുവൻ നരകം സൃഷ്ടിക്കുന്നു. അപ്പോൾ ഒരു കുറ്റവും ചെയ്യാത്തവർ കഷ്ട പ്പെടേണ്ടി വരുന്നു. അവരുടെ നരകം ഉണ്ടാക്കിയത് അവരല്ല. ദുർചിന്തകൾ വഹിച്ച ഏതോ സാത്താനാണ്. ജർമ്മനിയിലെ നാസി ക്യാമ്പുകൾ യെഹൂ ദന്റെ നരകം ആയിരുന്നു. ആ നരകം സൃഷ്ടിച്ചത് യെഹൂദന്റെ പ്രവൃത്തി കൾ അല്ല. പിന്നെയോ ഹിറ്റ്ലറും നാസികളുമാണ്.

അജ്ഞതയിൽനിന്നും ജ്ഞാനത്തിലേക്കും തിന്മയിൽനിന്നും നന്മയി ലേക്കും അന്ധകാരത്തിൽനിന്നും പ്രകാശത്തിലേക്കുമുള്ള മനുഷ്യന്റെ യാത്രയ്ക്ക് തടസ്സം ഉണ്ടാക്കുന്നവൻ, വഴിയിൽ പിളർപ്പ് ഉണ്ടാക്കുന്നവൻ എന്നൊക്കെയാണ് സാത്താൻ എന്ന പരികൽപന കൊണ്ടുദ്ദേശിക്കുന്നത്, Satan എന്ന വാക്കിന് ഹീബ്രുവിൽ obstacle എന്നും ഗ്രീക്കിൽ diabdos - divider - എന്നും അർത്ഥം. ഈ സാത്താനെ നമ്മുടെ മനസ്സിൽനിന്നും ഇറക്കി നന്മ നിറച്ചാൽ സാത്താന് ഇടമില്ലാതാകുന്നു. ഈ ചിന്താഗതി ലോകവ്യാപ കമാകുമ്പോൾ ഒരുവൻ മറ്റൊരുവന്റെ നന്മയ്ക്കു വേണ്ടി പ്രവർത്തിക്കുന്ന അവസ്ഥ സംജാതമാകുന്നു. ലോകം മുഴുവൻ നന്മ നിറയുന്നു. സാത്താൻ മരിച്ചുവീഴുന്നു. ദൈവരാജ്യം സൃഷ്ടിക്കപ്പെടുന്നു.

ഇത് മനുഷ്യമനസ്സിൽ സ്വയം ഉളവാകേണ്ട അവസ്ഥയാണ്. മതങ്ങൾ കാട്ടിത്തരുന്ന തെറ്റായ മാർഗത്തിലൂടെ നടത്തുന്ന കൂട്ടായ മോക്ഷയാത്ര വഴിതെറ്റിയ യാത്രയാണ്. ഒരു സമൂഹത്തിന്റേയോ, മതത്തിന്റേയോ അംഗ മാകുക എന്നത് സ്വർഗരാജ്യത്തേയ്ക്കുള്ള പാസ്പോർട്ടല്ല. കൂദാശകളും വഴിപാടുകളും നിവേദ്യങ്ങളും താൽകാലികമനസ്സുഖം മാത്രം തരുന്നു. ഓരോ വ്യക്തിയുടെയും ഉള്ളിലാണ് സ്വർഗരാജ്യം വളരേണ്ടത്. അതാണ് ഗുരുവിന്റെ അത്ഭുതകഥകൾ സാക്ഷിക്കുന്നത്. അത് യഥാർത്ഥമായി സംഭവിച്ചവ ആയി രിക്കണം എന്നില്ല. കാനോനികസുവിശേഷകർ യേശുവിന്റെ പഠിപ്പിക്കലിനെ തെറ്റായി മനസ്സിലാക്കിയതിന്റെ ഫലമാണത്. കുരുടനായിരുന്നവൻ നന്മയുടെ വഴി കാണാൻ അവന്റെ കണ്ണു തുറന്നു. ചെകിടൻ നന്മകൾ കേൾക്കാൻ ചെവി തുറന്നു. മുടന്തൻ നന്മയുടെ മാർഗത്തിൽ നടക്കാൻ പ്രാപ്തനായി. ഭൗതികശരീരത്തിൽ മരിച്ചവനെ ആത്മീയമായി ഉയർത്തി. ഈ തത്വചി ന്താപരമായ സൂചനകളെ സുവിശേഷകർ തെറ്റിധരിച്ചു എന്നുമാത്രം. രോഗ ശാന്തിശുശ്രൂഷ കൊണ്ട് ഉപജീവനം നടത്തുന്ന, സത്യത്തെ മറയ്ക്കുന്ന സാത്താന്മാരെ സൂക്ഷിക്കുക. ഇവർ കാണിക്കുന്നത് മാനസികവിഭ്രാന്തി

മാത്രമല്ല, ദൈവദൂഷണം കൂടിയാണ്. രോഗി സുഖപ്പെടുന്ന അവസ്ഥ രോഗിയുടെ ഉള്ളിൽ ഉണ്ടാകുന്ന അവസ്ഥയാണ്. മനുഷ്യന്റെ തലച്ചോറ് അവന്റെ നിലനിൽപിന് ആവശ്യമായ ശക്തി ഉൽപാദിപ്പിക്കാൻ കഴിവുള്ളതാണ്. പരിണാമത്തിലെ സാഹചര്യമനുസരിച്ച് വ്യതിയാനങ്ങൾ ഉൾക്കൊള്ളാൻ കഴിവുള്ള അവസ്ഥ. ഈ പരിണാമത്തെ ഉത്തേജിപ്പിക്കുന്ന വികാരം എല്ലാ ജീവജാലങ്ങളുടെയും പ്രവർത്തനത്തെ നിയന്ത്രിക്കുന്നു. രോഗിയായിരിക്കുന്ന അവസ്ഥയിൽ നിന്നും സുഖത്തിലേക്കുള്ള അവസ്ഥയിലേക്ക് മാറുവാനുള്ള വാഞ്ഛ മനുഷ്യനിൽ പ്രവർത്തിക്കുമ്പോൾ മരുന്നുകൾ ഇല്ലാതെ രോഗം മാറുന്ന സ്ഥിതിവിശേഷം ഉളവാകുന്നു. മരുന്നുകൾ ചെയ്യുന്നതും അതു തന്നെ. ശരീരത്തിന്റെ കഴിവിനെ പ്രചോദിപ്പിക്കുക, സഹായിക്കുക. അത് ആത്മവിശ്വാസത്തിലൂടെയും ആർജിക്കുവാൻ സാധിക്കും.

ഭൗതികമായ സുഖം മാത്രമല്ല ആത്മീയമായ സുഖത്തിലേക്കും മനുഷ്യമനസ്സിനെ നയിക്കുവാനുള്ള വാഞ്ഛ നമ്മളിൽ ശക്തമായാൽ ആത്മീയവളർച്ച ഉണ്ടാകുന്നു. ഇതിന് പ്രചോദിപ്പിക്കേണ്ടത് മറ്റാരുമല്ല, വ്യക്തി തന്നെയാണ്. അതിനാൽ നിന്റെ കുറവുകളുടെ കാരണക്കാരൻ നീ തന്നെയാണ് എന്ന സത്യം മനസ്സിലാക്കി സ്വയം പരിഹരിക്കുക. നിന്റെ പ്രശ്നങ്ങൾക്ക് കാരണക്കാരൻ സമൂഹമോ മാതാപിതാക്കളോ അദ്ധ്യാപകരോ അല്ല. അങ്ങനെ പലരിലും പഴിചാരാൻ ശ്രമിക്കാതെ ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കുക. മറ്റുള്ളവരെ വിധിച്ച് (മത്തായി 7:7; ലൂക്കോസ് 6:37) സ്വന്തം ഉത്തരവാദിത്വത്തിൽ നിന്നും പിന്മാറുന്ന അവസ്ഥ പൈശാചികമാണ്. നിന്റെ പുരോഗതിയ്ക്ക് തടസ്സം നിൽക്കുന്ന നിന്റെ വിധി, നിന്റെ ചിന്താഗതി എന്ന സാത്താനെ മാറ്റി അവിടെ രക്ഷകന്റെ സഹായം തേടുക. അതാണ് ന്യായവിധി എന്നു പറയുന്നത്. നിന്റെ വിധി നിന്നെ വിധിക്കാതിരിക്കാൻ (നിന്റെ ഭാവി നിർണ്ണയിക്കാതിരിക്കാൻ) മറ്റുള്ളവരെ വിധിക്കാതിരിക്കുക (പഴി ചാരാതിരിക്കുക) എന്നർത്ഥം. വെളിപാടിലെ ന്യായവിധി ഒരു സ്വപ്നാടനം മാത്രമാണ്. ഈ വെളിപാടും ന്യായവിധിയും കാണിച്ച് നമ്മെ ഭയപ്പെടുത്തുന്ന മതങ്ങൾ നമ്മെ യാഥാർത്ഥ്യത്തിൽ നിന്നും വേർതിരിച്ചു വിടുന്നവയാണ്. അത് പൈശാചികമാണ്. സാത്താന്റെ നിഴൽനാടകം മാത്രമാണ്. അതിനാൽ സ്വയം നന്നാകാൻ ശ്രമിക്കുക. രോഗിയായിരിക്കുന്ന അവസ്ഥ മറ്റാരുടെയെങ്കിലും കുറ്റമാണ് എന്ന ചിന്ത വെടിഞ്ഞ് മനസ്സിന്റെ ഉജ്ജ്വലതയുടെ സ്രോതസ്സുകളെ തുറക്കുക. ശക്തിയുടെ കുണ്ഡലിനി ഊർജത്തിന്റെ മണ്ഡലങ്ങളിലൂടെ ഉയരട്ടെ. മതമോ മനുഷ്യനോ നമ്മെ നന്നാക്കും എന്ന ചിന്ത ആത്മാവിന്റെ ദാരിദ്ര്യമാണ്. സ്വയം ഉയരുക. മറ്റുള്ളവരെ പഴിചാരാൻ ഉപയോഗിക്കുന്ന ഊർജ്ജം സ്വയം നന്നാകാൻ ഉപയോഗിക്കുക. അപ്പോൾ മരണം അല്ലെങ്കിൽ മരണം പോലെ തോന്നുന്ന അവസ്ഥയിൽ നിന്നും ഉയർത്തെഴുന്നേൽക്കാൻ കഴിയും.

നിങ്ങൾ തിരിഞ്ഞ് ശിശുക്കളെപ്പോലെ ആകുന്നില്ല എങ്കിൽ നിങ്ങൾക്ക് സ്വർഗരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കാത്തതും അതു കൊണ്ടു തന്നെ. ആദിമനൂറ്റാണ്ടുകളിൽ മനശ്ശാസ്ത്രപരമായ വിശകലനമൊന്നുമില്ലായിരുന്നു. ശിശുക്കൾ നിർമ്മലഹൃദയർ എന്നായിരുന്നു പൊതുവെയുണ്ടായിരുന്ന ധാരണ. എന്നാൽ ആധുനികകാലത്ത് മനുഷ്യസ്വഭാവത്തെയും പ്രവർത്തനത്തെയും ശാസ്ത്രീയമായി വിശകലനം ചെയ്യാൻ തുടങ്ങിയപ്പോൾ നമുക്കു മനസ്സിലായി ശിശുക്കൾക്ക് പാരമ്പര്യഗുണങ്ങൾ അച്ഛൻ വഴിയും അമ്മ വഴിയും പകർന്നു കിട്ടുന്നു എന്ന്. ശരീരം വെള്ളവസ്ത്രത്തിൽ പൊതിഞ്ഞാലും കാവിയിൽ പൊതിഞ്ഞാലും അടിസ്ഥാനസ്വഭാവങ്ങൾ ഇടയ്ക്കിടെ, പ്രത്യേകിച്ച് പ്രകോപനം ഉണ്ടാകുമ്പോൾ, വെളിയിൽ വരും. അത് നിലനിൽപിന്റെ അടിസ്ഥാനചോദനകളിൽ ഒന്നാണുതാനും. ആക്രമിക്കപ്പെടുമ്പോഴും ചോദ്യം ചെയ്യപ്പെടുമ്പോഴും വിമർശിക്കപ്പെടുമ്പോഴും രക്ഷപെടുന്നതിനും സ്വയം ന്യായീകരിക്കുന്നതിനും  പ്രതിരോധതന്ത്രങ്ങൾ ചമയ്ക്കുന്നത് മനുഷ്യൻ മാത്രമല്ല;  പ്രകൃതിയിലെ എല്ലാജീവജാലങ്ങളിലും കണ്ടുവരുന്ന ഒരു പ്രാഥമികസ്വഭാവമാണത്. പ്രതിരോധതന്ത്രത്തിന്റെ ഭാഗമായ മുഷ്ടി ചുരുട്ടി വെല്ലുവിളിക്കുക എന്ന ആക്രമണോത്സുകത വ്യക്തിയിൽ നിന്ന് വളർന്ന് വലുതായി രാഷ്ട്രതലത്തിൽ എത്തുമ്പോൾ അത് അന്യരാഷ്ട്രത്തോടുള്ള യുദ്ധമായി മാറുന്നു.

പാമ്പ് വർഗത്തിലെ മിക്കവാറും എല്ലാ പാമ്പുകളും പ്രകോപനം ഉണ്ടാകുമ്പോൾ മസിലുപിടിച്ച് തല ഉയർത്തി ശബ്ദം പുറപ്പെടുവിക്കുന്നു, പത്തി വിടർത്തുന്നു. എന്നാൽ ചില ജീവികളാകട്ടെ അക്രമാസക്തി കാണിക്കുന്നതിന് പകരം ചത്തതു പോലെ മലർന്നുകിടക്കുന്നു. പൊളിച്ച വായിൽനിന്നും ദുർഗന്ധം വമിപ്പിക്കുന്നു. ശത്രുക്കൾ ഓടി അകലുന്നു. മനുഷ്യനും ചിലയവസരങ്ങളിൽ ഇതുപോലെ കാണിക്കാറുണ്ട്. ആക്രമിക്കപ്പെടുമ്പോൾ ചിലർ ഓടി അകലുന്നു. ചിലർ എതിരാളിയെ തിരിച്ചാക്രമിക്കുന്നു. ചിലർ ദുർഗന്ധം വമിക്കുന്നു. ശിശു ജനിക്കുന്നതിനു മുൻപുതന്നെ അതിന്റെ മാതാപിതാക്കളിൽനിന്നും പല സ്വഭാവരീതികളും നേടിയെടുക്കുന്നു. ആ സ്വഭാവരീതികൾ ശാരീരികമായി വളരുന്നതിനനുസരിച്ച് വളരുന്നു. എന്നാൽ പലതും നിയമം കൊണ്ടും പരിശീലനം കൊണ്ടും നിയന്ത്രിക്കാവുന്നവയാണ്. എങ്കിലും കമ്പ്യൂട്ടറിന്റെ ഓർമ്മ പോലെ മറഞ്ഞുകിടക്കുന്ന ഈ സ്വഭാവങ്ങൾ ആവശ്യമായ അവസരം വരുമ്പോൾ ഉപയോഗിക്കപ്പെടുന്നു. അതിനാൽ മനുഷ്യൻ അടുത്തതലമുറയ്ക്ക് നൽകാവുന്ന ധനം ഭൂസ്വത്തുകളും ബാങ്കുനിക്ഷേപവുമല്ല, നന്മയുടെ ജീനുകളാണ്. അപ്പോൾ വരുംതലമുറകൾ നന്മ നിറഞ്ഞവരാകും. അവരിൽ തിന്മയ്ക്ക് സ്ഥാനം ഇല്ലാത്തതിനാൽ പഴയകാലത്തെ ചിന്താഗതിപോലെ നിർമ്മലഹൃദയം ഉള്ള ശിശുക്കൾ ഉണ്ടാകുന്നു. (അതുകൊണ്ടാണ് കേരളത്തിലെ സമ്പ്രദായത്തിൽ ഗർഭിണികൾ ദൈവചിന്തയിൽ ജീവിക്കണം എന്നു പറയുന്നത്). അപ്പോൾ സൃഷ്ടി തന്റെ

അടിസ്ഥാനപരമായ മൂലാവസ്ഥയിലേക്ക് തിരികെപ്പോകുന്നു. മനുഷ്യൻ ജീവിതപ്രക്രിയയിലൂടെ നേടിയെടുത്ത കാപട്യം നിറഞ്ഞ മനസ്സിനെ ശുദ്ധീകരിച്ച് നിർമ്മലഹൃദയത്തോടെ ജനിച്ച അവസ്ഥയിലേക്ക് തിരികെപ്പോകണം എന്നാണ് ഉദ്ദേശിക്കുന്നത്. അല്ലാത്ത പക്ഷം വ്യക്തി പ്രാഥമികമായി മാതാപിതാക്കളിൽനിന്നും (പാരമ്പര്യമായി) നേടിയെടുത്ത സ്വഭാവരീതികളോടൊപ്പം അവൻ ജീവിക്കുന്ന ചുറ്റുപാടുകളിൽനിന്നും സ്വാംശീകരിക്കുന്ന ഗുണങ്ങളുമായി വളരുന്നു. അസൂയ, കാപട്യം, കോപം, നിന്ദ, ജ്ഞാനത്തെ സ്വീകരിക്കുവാനുള്ള വിമുഖത, മറ്റുചിന്താഗതികളോടും ആശയങ്ങളോടും കാട്ടുന്ന അസഹിഷ്ണുത എന്നിവയൊക്കെ അതിന്റെ ഫലമാണ്.

മതപരമായ അസഹിഷ്ണുത യെഹൂദർക്കുമുണ്ടായിരുന്നു. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജാതി എന്ന ചിന്താഗതി. എന്നാൽ യെഹൂദരുടെ ധാർമ്മികപാഠങ്ങൾ, വ്യക്തിയോട് സ്വയം പിന്നേട്ടുനോക്കി 'നീ വന്ന പാതയേത്? നീഎവിടേയ്ക്ക് നയിക്കപ്പെടുന്നു? നീ ആര?' എന്ന് സ്വയം വിശകലനം ചെയ്യാനും ആഹ്വാനം ചെയ്യുന്നുണ്ട്. Teshuva എന്ന വാക്കിന് ഹീബ്രൂവിൽ തിരികെ നോക്കുക, ഉള്ളിലേക്ക് നോക്കുക എന്നാണർത്ഥം. അതാണ് മുടിയനായ പുത്രന്റെ ഉപമ കൊണ്ടുദ്ദേശിക്കുന്നത്. പന്നികളോടൊപ്പം ജീവിച്ച മുടിയനായ പുത്രൻ തിരിഞ്ഞു നോക്കുന്ന അവസ്ഥ. അവനെ തന്നെ വിശകലനം ചെയ്യുന്ന അവസ്ഥ. അപ്പോൾ നഷ്ടപ്പെട്ടതെന്താണെന്ന് അവന് മനസ്സിലാകുന്നു. ആ മനസ്സിലാക്കൽ സ്വയം ഉണ്ടായപ്പോൾ മാത്രമാണ് അവന് തിരികെ മഹത്വത്തിലേക്ക്, അവന്റെ പ്രാഥമികാവസ്ഥയിലേക്ക് പോകുവാൻ സാധിച്ചത്. അതാണ് ഗുരു മറിയത്തിന്റെ സുവിശേഷത്തിൽ സാക്ഷിക്കുന്നത്. നിന്റെ ഉത്ഭവത്തിലേക്ക്, നിന്റെ പിതാവിന്റെ അടുത്തേക്ക് തിരികെ പോകുക. അത് പരാജിതന്റെ തിരിഞ്ഞോട്ടമല്ല, മഹത്വത്തിലേക്കുള്ള തിരിച്ചുവരവാണ്. അതാണ് സ്വർഗരാജ്യം. അത് മനസ്സിലാക്കാൻ അവന്റെ സഹോദരന് സാധിക്കുന്നില്ല. കാരണം അവന്റെ പ്രവൃത്തികളെല്ലാം 'പിതാവിന്റെ ഇഷ്ടം' എന്ന നിയമത്തിന് വിധേയമായാണ്. അവന്റെ നോട്ടത്തിൽ അവൻ പൂർണ്ണനാണ്. പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനാണ്. അതു തന്നെയാണ് നല്ല ശമരിയക്കാരനിലെ ലേവ്യനും പുരോഹിതനും ചിന്തിക്കുന്നതും.

എന്നാൽ അതുപോര എന്നാണ് ഗുരു പറയുന്നത്. മനുഷ്യൻ സാധാരണ നിയമാനുഷ്ഠാനജീവിതരീതിയിൽ നിന്നും ഉയരണം. അറിവിനും അപ്പുറം, മാനുഷികനിയമങ്ങൾക്കും അപ്പുറം. നാം മാത്രം രക്ഷപ്പെട്ടാൽ പോര എന്ന് അപ്പോൾ നമുക്കു മനസ്സിലാകും. ലോകം മുഴുവൻ രക്ഷപ്പെടണം. നമ്മിലെ നന്മ മറ്റുള്ളവരിലേക്ക് പകരണം. ലോകത്തിന്റെ ഏതു ഭാഗത്തെ നീതികേടും ദാരിദ്ര്യവും യുദ്ധവും നമ്മുടെ കൺമുന്നിലെ അവസ്ഥയായി കാണണം. മനുഷ്യൻ അമ്പും വില്ലുമായി യുദ്ധം ചെയ്തിരുന്ന സമയത്ത് യുദ്ധം പ്രാദേശികം മാത്രമായിരുന്നു. എന്നാൽ ഇന്ന് ലോകത്തിന്റെ വിശാലത ചുരുങ്ങി.

നാം ഏതു ഗുഹയിൽ താമസിച്ചാലും ലോകത്തിന്റെ ഏതു ഭാഗത്തു നടക്കുന്ന അനിഷ്ടവും നമ്മുടെ ജീവിതത്തെയും ബാധിക്കുന്നു. ലോകം മുഴുവൻ നന്മ നിറഞ്ഞാലും ഒരുവൻ നന്നാവാതെ ആറ്റംബോംബ് ഉണ്ടാക്കാൻ തുടങ്ങിയാൽ ലോകത്തിന്റെ ഗതിയെന്ത്? അതിനാൽ ഞാൻ നന്നായാൽ മാത്രം പോര ലോകം മുഴുവനും നന്നാവണം. ലോകത്തിന്റെ ഏതുഭാഗത്തെ ദാരിദ്ര്യവും എന്റെ ദാരിദ്ര്യം ആണ്. ലോകത്തിന്റെ ഏതു ഭാഗത്തെ രക്തച്ചൊരിച്ചിലും എന്റെ രക്തച്ചൊരിച്ചിലാണ് എന്ന ചിന്തയുള്ള ലോകപൗരനായി വളരണം.

കുറച്ചുമാത്രം അറിഞ്ഞിട്ട് എല്ലാം അറിഞ്ഞു എന്നുള്ള മിഥ്യാബോധം മനുഷ്യൻ കൈവെടിയണം. നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ ഫലം ഭക്ഷിച്ച് സംതൃപ്തൻ ആകാം എന്ന സ്വാർത്ഥമനോഭാവം വിട്ടിട്ട് വിശാലമായ വിജ്ഞാനത്തെ തേടുക. അതാണ് ഗുരു പറയുന്നത് കാഴ്ചപ്പാടിനും അപ്പുറം കാണുക എന്ന്. അതാണ് കുരുടന്റെ കണ്ണു തുറക്കൽ. നടക്കാത്ത പാതകളിൽ നടക്കുന്നതിന് മുടന്ത് നിവരണം. കേൾക്കാത്ത ശബ്ദം കേൾക്കാൻ ബധിരത മാറണം. നിവർന്ന് നിന്ന് ചുറ്റുപാടും കാണാൻ കൂന് മാറണം. സുവിശേഷങ്ങളിലെ അത്ഭുതപ്രവർത്തികളെ ഇങ്ങനെ അടയാളങ്ങളായി കണ്ടിരുന്നുവെങ്കിൽ ഗുരുവിന്റെ ഉപദേശം ലോകത്തിനു മനസ്സിലാകുമായിരുന്നു. ക്രിസ്തുമതം യേശുവിനോട് ചെയ്ത ഏറ്റവും വലിയ അപരാധം അതാണ്. 2000 വർഷങ്ങൾ ആയിട്ടും മതം ഇവയെ കാണുന്നത് ദൈവപുത്രന്റെ അത്ഭുതമായിട്ടാണ്, ചരിത്രസംഭവമായിട്ടാണ്. അതാണ് അവയുടെ മൂല്യശോഷണത്തിന്റെ കാരണവും. ദൈവപുത്രൻ എന്തിന് അത്ഭുതങ്ങൾ കാണിക്കണം? ഇവകളെ ചരിത്രസംഭവമായി കാണാതെ, ദൈവപുത്രന്റെ അത്ഭുതമായി കാണാതെ ഗുരു കാണിച്ച അടയാളമായി കാണുക. അപ്പോൾ നിന്റെ കണ്ണുകൾ തുറക്കപ്പെടും, നീ കാണാത്തവ കാണും; ചെവികൾ തുറക്കപ്പെടും, നീ കേൾക്കാത്ത അനേകം ശബ്ദങ്ങൾ കേൾക്കും;. നിന്റെ മുടന്തു നിവരുമ്പോൾ നീ നടക്കാത്ത പാതകളിൽ നടക്കും; നിന്റെ കൂന് നിവരുമ്പോൾ നീ കാണാത്ത ലോകത്തിലേക്ക് നോക്കും. അതാണ് ഗുരു നമ്മോട് പറയുന്ന സാക്ഷ്യം.

മതം, ജാതി, രാജ്യം, ഞാനെന്ന ഭാവം എന്നിവയ്ക്കെല്ലാത്തിനുപരിയായി നമുക്കു വളരാൻ കഴിയും. അതാണ് ഗുരുവിന്റെ സുവിശേഷം. അതാണ് സ്വർഗരാജ്യം. കാണുന്ന ആകാശവും ഭൂമിയും ഒഴിഞ്ഞുപോകണം. കാണുന്നതിനും മനസ്സിലാക്കുന്നതിനും അപ്പുറമുള്ള പുതിയ ലോകം, പുതിയ ആകാശം നാം കാണണം. സർവ്വലോകനന്മ കാണണം. അതാണ് ഗുരു ഉപമകളിലൂടെ പറയുന്നത്. 'ഞാൻ ഉപമ പ്രസ്താവിക്കാൻ വായ് തുറക്കും. ലോകസ്ഥാപനം മുതൽ ഗൂഢമായത് ഞാൻ ഉച്ചരിക്കും.' (മത്തായി: 13:35)., ഗുരുവിന്റെ ഉപദേശങ്ങളുടെ സാരാംശം ഇന്നും മനുഷ്യനു ഗൂഢമാണ്.

'നിങ്ങൾ ചെവിയാൽ കേൾക്കും...' (മത്തായി: 13:14). അതിനാണ് ഗുരു നിന്റെ കണ്ണു തുറക്കുകയും ബധിരത മാറ്റുകയും മുടന്ത് നിവർക്കുകയും കൂന് മാറ്റുകയും ചെയ്തത്. അപ്പോൾ നീ എഴുന്നേൽക്കും, മുന്നോട്ട് നടക്കും. അപ്പോൾ ലോകത്തിന്റെ ആരംഭം മുതൽ ഗൂഢമായിരുന്ന രഹസ്യം മനസ്സിലാകും. അത് സ്വയം അനുഭവിക്കേണ്ട അവസ്ഥയാണ്. ആ അവസ്ഥ സ്വയം അനുഭവിക്കുമ്പോൾ നാം നമുക്കായി ഉണ്ടാക്കിയ എന്റെ മതം, എന്റെ സമുദായം, എന്റെ സ്വത്ത്, എന്റെ വിശ്വാസം എന്നിങ്ങനെയുള്ള കല്ലറകളിൽ ലോകരക്ഷയെ വെയ്ക്കും. അതാണ് അരിമത്യ ജോസഫിന്റെ സുവിശേഷം. അപ്പോൾ യേശു നിങ്ങളിൽ ഉയർത്തെഴുന്നേൽക്കും. അതുതന്നെയാണ് പൗലോസും സാക്ഷിക്കുന്നത്.

ഗുരു വീണ്ടും പറയുന്നു, സകലവിധ അശുദ്ധികളും നിറഞ്ഞ കല്ലറകളെ, കപടഭക്തിയും അധർമ്മവും നിറഞ്ഞ കല്ലറകളെ, വെള്ള പൂശിയ ശവക്കല്ലറകളെ വെടിപ്പാക്കൂ. (മത്തായി: 23:27,28) അവിടെ നീതിയുടെ സൂര്യൻ പ്രവേശിക്കട്ടെ

ഗുരു പക്ഷവാതക്കാരനോട് പറയുന്നു, 'എഴുന്നേറ്റ്... പോകുക' (ലൂക്കോസ്: 5:24). നീ ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയിൽ നിന്നും എഴുന്നേറ്റ് മുന്നോട്ട് നടക്കുക. 'എന്റെ വിശ്വാസം വലുത്, ഞാൻ ഓട്ടം തികച്ചു.' പോര അത് നിനക്കു തോന്നുന്ന ഭാവമാണ്. നിന്നിലെ പക്ഷവാതമാണ് പറയുന്നത്. ഇപ്പോഴത്തെ എന്റെ അവസ്ഥ എനിക്ക് വളരെ സുഖം, ഞാൻ ക്രിസ്തുവിന്റെ സഭയിലെ അംഗം, ഞാൻ ദൈവം തെരഞ്ഞെടുത്ത ജാതി, എന്നുള്ള മടിപിടിച്ച ചിന്താഗതി വിടുക. നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു (മത്തായി: 5:13-16). സർവ്വഭൂമിയുടെയും ഉപ്പ്. അത് സ്വന്തം സമുദായത്തിലോ, മതത്തിലോ മാത്രം ലയിച്ചാൽ പോര. ലോകത്തിൽ മുഴുവനും പരക്കണം. നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു, അത് പറയിൻ കീഴിലല്ല വെക്കേണ്ടത്. എന്റെ സ്വത്ത്, എന്റെ ജാതി, എന്റെ മതം എന്ന സങ്കുചിതചിന്തയുടെ പറയിൻ കീഴിൽ ഒളിക്കാതെ ഉയർന്ന തണ്ടിൽ പ്രകാശിച്ചാൽ ചുറ്റുപാടും പ്രകാശപൂരിതം ആകും. മനുഷ്യർ നിങ്ങളുടെ നല്ലപ്രവൃത്തികളെ കണ്ട്... നീ നന്മ പ്രവർത്തിക്കുന്നവനായി മാറുമ്പോൾ നിന്റെ ദൈവം മഹത്വപ്പെടും. അതിനാൽ മതപരിവർത്തനത്തിനു മുതിരാതെ അതിന് ഉപയോഗിക്കുന്ന ഊർജ്ജം നന്മ ചെയ്യുന്നതിനുപയോഗിക്കുക. അതാണ് യഥാർത്ഥസുവിശേഷം. അപ്പോൾ നിങ്ങൾ യേശുവിനെ ശരിയായി സാക്ഷിക്കുന്നു.

'ഞാൻ രക്ഷിക്കപ്പെട്ടവനാണ്, ഞാൻ മതവിശ്വാസിയാണ്, എന്റെ സഭ പത്രോസ് സ്ഥാപിച്ചതാണ്, മാർത്തോമ്മ സ്ഥാപിച്ചതാണ്' എന്ന തൃപ്തിയുടെ അവസ്ഥ നിനക്ക് മതനേതാക്കന്മാർ തന്ന വ്യർത്ഥമായ മരീചികയുടെ സുവിശേഷമാണ്. നീ ന്യായവിധിയിൽ സ്വർഗത്തിൽ പോകാൻ നോക്കിയിരുന്നാൽ സ്വർഗരാജ്യം ഇവിടെയുമല്ല, അവിടെയുമല്ല എന്ന നാള് വരുന്നു.

സ്വർഗരാജ്യം നിങ്ങൾക്കുള്ളിലാണ്. ആ സ്വർഗരാജ്യത്തെ ഭൂമിയുടെ ഉപ്പ് പോലെ പ്രചരിപ്പിക്കുക. തണ്ടിന്മേലെ വെളിച്ചമായി പ്രകാശിപ്പിക്കുക. അതിനാൽ നല്ലമനുഷ്യൻ തന്റ ഹൃദയത്തിലെ നല്ലനിക്ഷേപത്തിൽ നിന്ന് നല്ലത് പുറപ്പെടുവിക്കുന്നു (ലൂക്കോസ്: 6:27-45.). അതാണ് നിങ്ങൾക്കുള്ളിലെ സ്വർഗരാജ്യം. ഈ സ്വർഗരാജ്യം ഇന്നാണ്, ഇന്ന് നിന്റെ ഉള്ളിലാണ്. ഈ സ്വർഗരാജ്യത്തെ മനസ്സിലാക്കാതെ യേശു വീണ്ടും വരും, അപ്പോൾ ഞാൻ, എന്റെ കുടുംബം, എന്റെ ഇടവക, മതം ഈവാനിയോസിന്റെയും ബസേലിയോസിന്റെയും ഗ്രിഗേറിയോസിന്റെയും കൂടെ പത്രോസിന്റെ മുന്നിൽ നിൽക്കും. വളരെ ലാഘവമായി ഇമിഗ്രേഷനിൽ പൗരന്മാർ കടന്നുപോകുന്ന മട്ടിൽ സ്വർഗരാജ്യത്തിൽ കയറും. നിങ്ങൾ അങ്ങനെ ചിന്തിക്കുന്നുവോ? അഥവാ 'എന്റെ പാസ്റ്റർ അവിടെ നിൽക്കുന്നുണ്ടാവും, എന്നെ റെക്കമെന്റ് ചെയ്യും' എന്ന് തോന്നുന്നുവോ? എന്നാൽ വെറും തോന്നൽ മാത്രം. ഇത് മണ്ടന്മാർക്കുള്ള സ്വർഗമാണ് (fool's paradise).

ഗുരു പറയുന്നു, ദരിദ്രരായ നിങ്ങൾ ഭാഗ്യവാന്മാർ... (ലൂക്കോസ്: 6:20-23), ഇവിടെ ഭാഗ്യവാന്മാർ എന്നുള്ളത് തെറ്റായ പൊരുൾ തിരിക്കലാണ്. അത് ഇന്നും മതം ഉപയോഗിക്കുന്ന ഒരു തന്ത്രമാണ്. അതാണ് കവിയും പറയുന്നത് സ്വർഗരാജ്യം ദുഖിതർക്കൊരു പഴയ വാഗ്ദാനം എന്ന്. നീ ദരിദ്രനായി ഇരിക്കുന്ന അവസ്ഥയിൽ ഇരുന്നാൽ അതിൽ സ്വർഗരാജ്യം കണ്ടെത്തിയാൻ നീ എന്നും ദരിദ്രൻ ആയിരിക്കും. നിനക്ക് ദൈവരാജ്യം ലഭിക്കും എന്ന മോഹത്തിൽ ദരിദ്രനായി ഇരുന്നാൽ നിനക്ക് ഭാവിയിൽ സ്വർഗരാജ്യം ലഭിക്കും എന്ന് നിന്നോട് സുവിശേഷിക്കുന്നവൻ നിന്നെ വിഡ്ഢികളുടെ സ്വർഗത്തിലേക്കാണ് നയിക്കുന്നത്. ഇത് ധനികന്റെ സുവിശേഷമാണ്. നീ ദരിദ്രനായി കഴിഞ്ഞു കൊള്ളൂ നിനക്ക് സ്വർഗം കിട്ടും എന്റെ സമ്പത്ത് എനിക്കുള്ളത്, നിനക്ക് തരാനുള്ളതല്ല. ഭാവിയിൽ തൃപ്തരാകും എന്ന് വിശ്വസിച്ച് എന്തിന് വിശന്നിരിക്കണം, ഭാവിയിൽ ചിരിക്കും എന്ന് വിശ്വസിച്ച് എന്തിന് കരഞ്ഞുകൊണ്ടിരിക്കണം. ഭാവിയിലെ സ്വർഗത്തിലെ പ്രതിഫലം നോക്കിയിരിക്കരുത്. ഇത് ലൂക്കോസിന് പറ്റിയ തെറ്റാണ്. അതിനാൽ ഗുരു പറഞ്ഞതു പോലെ, നീ സ്വർഗരാജ്യത്തെ ബലാൽക്കാരമായി പിടിച്ചു പറ്റുക. എന്നാലേ നിനക്ക് സ്വർഗം കിട്ടൂ. നിന്റെ സഭ പത്രോസ് സ്ഥാപിച്ചാലും മാർത്തോമ്മ സ്ഥാപിച്ചാലും നീ എല്ലാ ഞായറാഴ്ചയും യേശുവിന്റെ ശരീരം ഭക്ഷിച്ചാലും നിന്റെ ഉള്ളിൽ സ്വർഗരാജ്യം ഉണ്ടാകണമെങ്കിൽ നിന്റെ ആത്മശക്തി മുഴുവൻ ഉപയോഗിച്ച് സ്വർഗരാജ്യത്തെ നിന്റെ ഉള്ളിൽ ബലാൽക്കാരമായി പിടിച്ച് കയറ്റണം. അത് പൂർണ്ണമായും വ്യക്തിപരമായി ഉണ്ടാകേണ്ട പരിവർത്തനമാണ്.

അതുകൊണ്ടാണ് മത്തായി (5:3-12.) ലൂക്കോസിന്റെ അബദ്ധം ഒഴിവാക്കി ഭാഷാശൈലിക്ക് വ്യത്യാസം വരുത്തിയത്. അത് ഗുരുവിന്റെ ഉപദേശത്തോട്

കുറച്ചൊക്കെ പൊരുത്തപ്പെടുന്നുണ്ട്. ആത്മാവിൽ പൂർണ്ണതയുടെ ദാരിദ്ര്യം ഉള്ളപ്പോൾ അവിടെ ഇടം ഉണ്ട്, അവിടെ നന്മ നിറയ്ക്കാം. വിശക്കുന്നവർക്ക് മാത്രമേ ഭക്ഷണത്തോട് ആഗ്രഹവും, അത് ഉൾക്കൊള്ളാൻ ഉദരത്തിൽ ഇടവും കാണുകയുള്ളൂ. അതുപോലെ ആത്മാവിൽ ദാരിദ്ര്യം നന്മയ്ക്കുവേണ്ടിയുള്ള ആഗ്രഹം ജനിപ്പിക്കുന്നു. അതിനാൽ വിശക്കുന്നവനായി ഇരിക്കാതെ എഴുന്നേറ്റ് മുന്നോട്ട് നടക്കുക.

ദുഃഖിക്കുന്നവർ, അപൂർണ്ണതയെ പ്രതി ദുഃഖിക്കുന്നവർ, നന്മയുടെ കുറവിനെ ഓർത്ത് ദുഃഖിക്കുന്നവർ അവർ ആ അവസ്ഥയിൽനിന്നും എഴുന്നേറ്റ് നടക്കുമ്പോൾ അവർക്ക് നന്മ ലഭിക്കുന്നു. നന്മയുടെ കുറവിനെ ഓർത്ത് ദുഃഖിക്കുന്നവരെ ആശ്വസിപ്പിക്കാനാണ് നന്മ നമ്മുടെ ഇടയിലേക്ക് ഇറങ്ങി വരുന്നത്. കോപം അജ്ഞതയിൽ നിന്നും ഉളവാകുന്നു. അതിനാൽ കോപം ഒഴിവാക്കുക. അജ്ഞതയുടെ സ്ഥാനത്ത് വിജ്ഞാനം നിറയുമ്പോൾ അവിടെ ശക്തി നിറയുന്നു. കഴിവ് ഉണ്ടാകുന്നു. അവർക്ക് ഭൂമിയെ അവകാശമാക്കുവാനുള്ള കരുത്തുണ്ടാകുന്നു. ഭൗതികതയെ കീഴടക്കുവാനുള്ള ശക്തി ഉണ്ടാകുന്നു. നീതിക്കു വേണ്ടി വാഞ്ഛിക്കുന്നവർ നിതിയെ തേടുന്നു. നീതി വിതരണം ചെയ്ത് ഭൂമിയിൽ നന്മ നിറയ്ക്കുന്നത് കണ്ടിട്ട് അവർ തൃപ്തരാകുന്നു.

പകയുടെയും അസൂയയുടെയും അക്രമത്തിന്റെയും സ്ഥാനത്ത് കരുണ നിറയ്ക്കുമ്പോൾ അവരുടെ പ്രവൃത്തികൾ മുഴുവൻ കരുണാമയമാകുന്നു. തിന്മയെ, ക്രൂരതയെ കരുണ കീഴടക്കുന്നു. ഹൃദയം ശുദ്ധിമയമാകുമ്പോൾ പരിശുദ്ധമായത് അവിടെ സ്ഥലം പിടിക്കുന്നു. അവർ ശുദ്ധീകരണത്തിന്റെ ഓരോ മണ്ഡലങ്ങളിലൂടെയും ഓരോ ചക്രത്തിലൂടെയും കടന്ന് ഏഴ് ദുർഭൂതങ്ങളെ പുറത്താക്കുന്നു. അവർ ഏഴ് ബുദ്ധമണ്ഡലങ്ങളെ കീഴടക്കുന്നു, സഹസ്രപത്മദളങ്ങളിൽ ഉപവിഷ്ടരാകുന്നു. അവർ ദൈവികാവസ്ഥയിലേക്ക് ഉയരുന്നു. ആധുനികലോകത്തിന് വേണ്ടത് സൈന്യങ്ങളുടെ ദൈവത്തെയല്ല. സമാധാനത്തിന്റെ ദൈവമാണ്. പരിശുദ്ധയുദ്ധങ്ങൾക്കു വേണ്ടി മനുഷ്യക്കുരുതി നടത്തുന്ന ദൈവവിശ്വാസമല്ല. യെരുശലേം സ്വന്തം മതത്തിന്റെ മാത്രം പുണ്യഭൂമിയാക്കുവാൻ മറ്റുമതങ്ങളെ രക്തപ്പുഴയിൽ ഒഴുക്കുന്ന ദൈവവിശ്വാസമല്ല, പകരം സർവ്വചരാചരങ്ങൾക്കും ഏദൻതോട്ടം വാഗ്ദാനം ചെയ്യുന്ന സമാധാനത്തിന്റെ പ്രവാചകരെയാണ് നമുക്ക് ആവശ്യം. ലോകസമാധാനത്തിനു വേണ്ടി പരിശ്രമിക്കുകയും അദ്ധ്വാനിക്കുകയും ചെയ്യുന്നവരാണ് ദൈവപുത്രന്മാർ, പുത്രിമാർ. സമാധാനത്തിനു വേണ്ടി അദ്ധ്വാനിക്കുകയും ഭാരം ചുമക്കുന്നവരെയും ആണ് ഗുരു വിളിക്കുന്നത്, എന്റെ രാജ്യത്തിലേക്ക് വരിക, ഐഹികമില്ലാത്ത എന്റെ രാജ്യം പ്രചരിപ്പിക്കുക. സമാധാനത്തിന്റെ പ്രവാചകൻ ഒരിക്കലും ഹിംസയെ പ്രോത്സാഹിപ്പിച്ചില്ല. പക്ഷെ ക്രിസ്തുമതം കാട്ടിക്കൂട്ടിയ ഹിംസകൾക്ക് ആര് പ്രചോദനം നൽകി? യേശുവിന്റെ മതം അഹിംസയുടെ മതമാണ്. ബുദ്ധന്റെ മതം അഹിംസയുടെ മതമാണ്. വേദങ്ങളിലെ

മതവും ഉപനിഷത്തുകളിലെ മതവും അള്ളാഹുവിന്റെ മതവും ശ്രേഷ്ഠത യുടെ മതമാണ്, അഹിംസയുടെ മതമാണ്. എന്നാൽ മതങ്ങളുടെ പേരിൽ ഹിംസ നടത്താൻ ആര് പ്രചോദനം നൽകുന്നു? പ്രാകൃതനായ മനുഷ്യനിലെ വേട്ടയാടാനുള്ള വാസനയാണോ നരഹത്യയിലേക്ക് നയിക്കുന്നത്? നരഹത്യയെ ന്യായീകരിക്കാൻ മതത്തെ കൂട്ടുപിടിക്കുന്നതോ? അതാണ് ശ്രീ നാരായണഗുരു പറയുന്നത്, മതം ഏതായാലും മനുഷ്യൻ നന്നാവണം. മനു ഷ്യനെ നന്നാക്കാത്ത മതങ്ങൾ പൈശാചികമതങ്ങൾ ആണ്. ആ മതങ്ങൾ ഭൂമിയിൽ തുടരാൻ പാടില്ല. സമാധാനം നടത്തി ദൈവപുത്രന്മാരാകേണ്ടുന്ന മനഷ്യാ, നീ ഈ പ്രാകൃതപേക്കോലങ്ങളെ വിട്ട് നന്മ നിറഞ്ഞ ദൈവത്തെ തേടണം. സകലമനുഷ്യരും സഹോദരങ്ങൾ ആണെന്ന ബോധം ഉണ്ടാക ണം. നിന്റെ സഹോദരന്റെ രക്തം ഈ പുണ്യഭൂമിയിൽ വീഴ്ത്തരുത്. അതാണ് മറിയത്തിന്റെ ഗുരു നിന്നോട് പറയുന്നത്, നിന്റെ പ്രവൃത്തികൾ നിന്നെ നന്മ യിൽ നിന്നും അകറ്റുന്നു, കരുണയിൽനിന്നും അകറ്റുന്നു. അതിനാൽ നീ നിന്റെ പ്രവൃത്തികളെ സ്വയം വിശകലനം ചെയ്യുക. അവ നിന്നെ ദൈവത്തിൽ നിന്ന് അകറ്റുന്നവ ആണോ എന്ന് നോക്കുക. മറ്റ് മനുഷ്യരോട് കരുണാപൂർവം പെരുമാറാൻ സാധിക്കാത്ത പ്രവൃത്തികൾ ആണോ എന്നു നോക്കുക. നിന്റെ മതം മറ്റുമതങ്ങളെ അംഗീകരിക്കുകയും ബഹുമാനിക്കയും ചെയ്യുന്ന മതം ആണോ എന്ന് നോക്കുക. നിന്റെ മതം, മതത്തിന്റെ നിലനിൽപ്പിന് പരി ശുദ്ധയുദ്ധം ആഹ്വാനം ചെയ്യുന്ന മതമാണോ എന്ന് നോക്കുക. ഇത് മനസ്സി ലാകണമെങ്കിൽ നീ മതനിയമങ്ങൾക്ക് ഉപരിയായി ഉയരണം. മതം തരുന്ന ജ്ഞാനത്തിന് ഉപരിയായി ഉണരണം. മതം തരുന്ന നന്മതിന്മകളുടെ അറി വിന്റെ ഫലമല്ല നിനക്കു വേണ്ടത്. നീ പൂർണജ്ഞാനത്തിനു വേണ്ടി വിശ ന്നു ദാഹിക്കമ്പോൾ തോട്ടത്തിലെ ഫലമെല്ലാം ആസ്വദിക്കണം. അനേകം നദികളിലെ സമ്പുഷ്ടമായ വെള്ളം കുടിച്ച് വിജ്ഞാനദാഹം തീർക്കണം. അതാണ് സൃഷ്ടാവിന്റെ ഉദ്ദേശ്യം. മതങ്ങൾ തരുന്ന നന്മതിന്മകളുടെ ഫലം ഭക്ഷിച്ച് തൃപ്തനാകാൻ ശ്രമിച്ചാൽ നിന്റെ നഗ്നത നിനക്ക് ലജ്ജ ഉണ്ടാക്കും. സത്യത്തിന്റെ വരവിൽ നീ ഓടി ഒളിക്കും. നിന്റെ അജ്ഞതയുടെ കാരണം, അപകർഷതയുടെ കാരണം നീ മറ്റുള്ളവരിൽ ആരോപിക്കും, (സ്ത്രീ തന്നു, ഞാൻ തിന്നു). നീ പറുദീസയിൽ നിന്നും പുറത്താക്കപ്പെടും. അന്ന് നിന്നെ സഹായിക്കാൻ ആരുണ്ടാകും? സത്യത്തിലേക്കുള്ള മോക്ഷയാത്രയിൽ നിന്ന് നിന്നെ വഴി തെറ്റിച്ച സാത്താനോ? അവനും ഭൂമിയിൽ ഇഴയുന്നു. നന്മയുടെ കൈകളിലെ കുഴച്ചമണ്ണായ നിന്നെ നന്മ അതിന്റെ സാദൃശത്തിൽ മെനയട്ടെ. നിന്നിൽ നന്മയുടെ ജീവശ്വാസം നിറയട്ടെ, നിന്നിൽ പരിവർത്തിക്കുന്ന ദൈവാ ത്മാവിന്റെ ശക്തി നിന്നെ നയിക്കട്ടെ. അതാണ് നിന്റെ അടിസ്ഥാനാവസ്ഥ. ആ അവസ്ഥയിൽ മണ്ണും വെള്ളവും ചേർത്ത് മെനഞ്ഞെടുത്ത നിന്നെ പരി ശുദ്ധാത്മാവിന്റെ തീനാവിന്റെ ചുളയിൽ ചുട്ടെടുത്തപ്പോൾ നന്മയുടെ സാദൃ

ശത്തിൽ നീ സൃഷ്ടിക്കപ്പെട്ടു. അതാണ് ആദമിന്റെ, മനുഷ്യന്റെ മണ്ണാലും വെള്ളത്താലും തീയാലും ഉള്ള വീണ്ടും ജനനം. അതാണ് സുവിശേഷ ത്തിലെ യേശു ശിഷ്യന്മാരുടെ കാലുകഴുകുന്ന കഥ. വെള്ളത്തിൽ, ശുദ്ധീക രണത്തിന്റെ വീണ്ടും ജനനം. പിന്നീട് പെന്തക്കോസ്തിയിൽ തീനാവുക ളാൽ വേവിച്ചെടുത്ത വീണ്ടും ജനനം. ഈ കഥകളെ ചരിത്രപരമായി വായി ച്ചാൽ ഗുരുവിന്റെ ഉപദേശം മനസ്സിലാകുകയില്ല. പകരം ധ്വന്യാത്മകമായി (symbolic) വായിച്ചാൽ ഗുരുവിന്റെ ഉപദേശം മനസ്സിലാകുന്നു. വെള്ളം പശ മണ്ണിൽ ചേരുമ്പോളുണ്ടാകുന്ന താഴ്മയുള്ള അവസ്ഥയാണ് കുശവന്റെ കൈയിലെ കുഴച്ച മണ്ണ്. സൃഷ്ടാവിന്റെ പൂർണ്ണഇഷ്ടത്തിന് അനുസരിച്ച് രൂപാന്തരം പ്രാപിക്കാൻ തയ്യാറാകുന്ന മണ്ണ്. അതാണ് സൗമ്യതയുള്ളവർ. അവർക്ക് സൃഷ്ടാവ് പകരുന്ന ശക്തിയുണ്ട്. അതിനാൽ അവർ നന്മയുടെ ലോകത്തെ, സ്വർഗരാജ്യത്തെ, അവകാശമാക്കുന്നു. കുശവന്റെ ഇഷ്ടത്തിന്, അവൻ ഉദ്ദേശിക്കുന്ന സാദൃശ്യത്തിന് (image-ന്) അനുസരിച്ച് രൂപാന്തരം പ്രാപിക്കാൻ തയ്യാറാകുമ്പോൾ ഞാൻ ഇന്ന മതത്തിൽ ജനിച്ചവനാണ് എന്ന മുൻവിധിയില്ലാതെ ശുദ്ധമനസ്സുള്ളവനായി നീ സൃഷ്ടാവിന്റെ രൂപത്തെ കാണുന്നു. സൃഷ്ടാവ് നിന്നിൽ ജനിക്കുന്നു. അതാണ് യേശു പറയുന്നത്, എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നടക്കട്ടെ എന്ന്. നീ എന്നെക്കുറിച്ച് എന്ത് ഭാവിച്ചിരിക്കുന്നുവോ അത് എന്നിൽ നടപ്പാകട്ടെ. അത് ഞാൻ സൗമ്യതയോ ടെ, തുറന്ന ഹൃദയത്തോടെ സ്വീകരിക്കുന്നു. ഇതേ ആശയം തന്നെയാണ് യേശുവിന്റെ അമ്മ മറിയത്തിന്റെയും കഥ. ഞാൻ കർത്താവിന്റെ ദാസി, ഞാൻ കുശവന്റെ കൈയിലെ മണ്ണ്, നീ എന്നെ മെനഞ്ഞാലും. അപ്പോൾ നിന്നിൽ ദൈവം ജനിക്കുന്നു. അതാണ് മറിയത്തിന്റെയും മാലാഖയുടെയും കഥ നമ്മോട് പറയുന്ന സുവിശേഷം. ഇത് മനസ്സിലാക്കാതെ മത്തായി എന്തെല്ലാം കഥകൾ മെനഞ്ഞു. ഇതാണ് അക്ഷരം കൊല്ലുന്നു എന്നു പറയുന്നത്. മഹ നീയമായ നന്മ മനുഷ്യനിൽ ജനിക്കണം. അവന്റെ എളിമയുടെ പുൽക്കൂട്ടിൽ മതത്തിന്റെ നിയമങ്ങളുടെയും ആചാരങ്ങളുടെയും കുദാശകളുടെയും ചിത്ര പ്പണികൾ ഇല്ലാത്ത, കീറത്തുണിയിൽ പൊതിഞ്ഞ് നന്മ -സത്യം- ജനിക്ക ട്ടെ. കൃഷ്ണന്റെ ചുണ്ടിലെ ഓടക്കുഴലായി ജനിക്കട്ടെ. സരസ്വതിയുടെ വീണ യായി ജനിക്കട്ടെ. ആ മുരളീഗാനം ലോകം മുഴുവൻ നിറയട്ടെ. ആ സരസ്വതി വീണാനാദം, പ്രപഞ്ചശക്തിയുടെ ഓംകാരം, മനുഷ്യമനസ്സുകളെ തമ്മിൽ ബന്ധിപ്പിച്ച് പരബ്രഹ്മത്തിൽ ലയിപ്പിക്കട്ടെ. ദുഃഖത്തിലേക്ക് നയിക്കുന്ന അജ്ഞ തയിൽനിന്നും മോചനം തേടി ബുദ്ധിയുടെയും വിജ്ഞാനത്തിന്റെയും മണ്ഡ ലങ്ങളിലൂടെ നീ നിന്റെ മോക്ഷയാത്ര തുടരുക.

നിന്നെ ദൈവത്തിൽനിന്നും അകറ്റുന്ന സാത്താനിൽനിന്നും മോചനം നേടുക. അല്ലെങ്കിൽ നന്മ ഉദ്ദേശിച്ചു ചെയ്യുന്നവ പോലും തിന്മയായി മാറു ന്നു (റോമ.7:17-20). അതുതന്നെയായിരിക്കാം മതങ്ങൾക്കും സംഭവിച്ചത്.

# സുവിശേഷം - എട്ടാംപുറം

**പ്ര**ത്യേകവസ്തുക്കളോടുള്ള ബന്ധം പ്രകൃത്യാലുള്ള അവസ്ഥയ്ക്ക് എതിരായുള്ള പ്രതിപത്തി ഉളവാക്കുന്നു. അതുകൊണ്ടാണ് പ്രകൃത്യാലുള്ള അവസ്ഥയുമായി നല്ല ബന്ധം പുലർത്തുക എന്നുപറയുന്നത്. ആ ബന്ധ ത്തിന്റെ സമനിലതെറ്റിയാൽ വീണ്ടും സമനിലപാലിക്കാൻ യാഥാർത്ഥ അവ സ്ഥയിൽനിന്നും ഉളവാകുന്ന അനുഭൂതിയുടെ മൂർത്തീകരണങ്ങളുടെ സഹായം തേടുക. കേട്ടു മനസ്സിലാക്കാൻ കഴിവുള്ളവർ മനസ്സിലാക്കട്ടെ.

പുതിയ അറിവിനെ സ്വീകരിക്കാനുള്ള മടി, നിർബന്ധബുദ്ധി, സങ്കു ചിതചിന്താഗതി, മതഭ്രാന്ത് ഇവയൊക്കെ മനസ്സിന്റെ അസുഖങ്ങളാണ്. ഈ അസുഖങ്ങൾ ഉണ്ടാകാനുള്ള കാരണം പ്രത്യേകവസ്തുക്കളോടുള്ള പ്രതി പത്തി, ബന്ധം എന്നിവയാണ്. ഇതാണ് ബുദ്ധൻ പറയുന്നത്, മോഹങ്ങളും ബന്ധങ്ങളും ദു:ഖകാരണമാകുന്നു എന്ന്.

ഇവിടെ ഗുരുപറയുന്ന ഒന്നോ രണ്ടോ വസ്തുക്കളോടുള്ള ബന്ധം പ്രതി പത്തിയല്ല. എല്ലാത്തിനോടുമുള്ള ബന്ധം പ്രതിപത്തിയാണ്. ഇന്ന് അല്ലെ ങ്കിൽ നാളെ അത് ദുഃഖത്തിലേക്ക് നയിക്കുന്നു. ബന്ധങ്ങൾ അഥവാ പ്രതി പത്തി നാം ഉദ്ദേശിക്കുന്ന രീതിയിൽ ഫലം തരാതെ വരുമ്പോൾ നിരാശ ഉ ണ്ടാകുന്നു. നിരാശ ദുഃഖത്തിലേക്ക് നയിക്കുന്നു. ഏതെങ്കിലും ഒരു വ്യക്തി യോടോ രാജ്യത്തോടോ മതത്തോടോ സമുദായത്തോടോ പ്രസ്ഥാനത്തോടോ ഒക്കെ നമുക്ക് സ്നേഹം ഉണ്ടാകാം. എന്നാൽ തിരികെ ലഭിക്കാത്ത സ്നേഹം ആയിരിക്കണം നാം ആഗ്രഹിക്കുന്നത്. അത് പൂർണ്ണരീതിയിൽ പ്രായോഗിക മാണോ? അല്ല. ദൈവികമായ സ്നേഹത്തിന് മാത്രമേ തിരികെ ഒന്നും ആഗ്ര ഹിക്കാതെ സ്നേഹിക്കുവാൻ സാധിക്കുകയുള്ളു. ഇവിടെ പറയുന്നത് മാനു ഷികസ്നേഹമാണ്. ഭാര്യാഭർത്തൃസ്നേഹം പരസ്പരം പ്രതിഫലം ആഗ്ര ഹിക്കുന്നു. ആ പ്രതിഫലത്തിന്റെ അളവുകൾക്ക് വ്യത്യാസം ഉണ്ടാകുമ്പോൾ സമനില (harmony) തെറ്റുന്നു. അതാണ് യേശു പറയുന്നത്, ഒരുവൻ സ്വർഗ രാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ അപ്പനെയും അമ്മയെയും വെറുക്കണം എന്ന്. വെറുക്കുക എന്നാൽ എതിരാളിയായി കാണുക എന്നല്ല പ്രതിപത്തി

യില്ലാതിരിക്കുക എന്നാണ്. വാർദ്ധക്യാവസ്ഥയിലുള്ള മാതാപിതാക്കൾക്ക് സംരക്ഷണം കൊടുക്കരുത് എന്ന അർത്ഥവുമില്ല. സ്വർഗരാജ്യത്തേക്കാൾ ഉപരിയായി എന്തിനെ സ്നേഹിച്ചാലും കുറേക്കഴിയുമ്പോൾ അത് ദുഖത്തിലേക്ക് നയിക്കുന്നു. സമൂഹത്തിൽ നാം കാണുന്ന പല തെറ്റിയസമനിലകൾക്കും കാരണം അതുതന്നെ. ഉദാഹരണം നോക്കുക: ഭാര്യാഭർത്തൃബന്ധം, മാതാപിതാബന്ധം, സഹോദരബന്ധം, അമ്മായിയമ്മയും മരുമകളും തമ്മിലുള്ള ബന്ധം, വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധം, മതങ്ങൾ തമ്മിലുള്ള ബന്ധം, രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധം എന്നിവയെല്ലാം ഇന്ന് അല്ലെങ്കിൽ നാളെ സമനില തെറ്റുന്നവയാണ്. സ്വന്തമെന്ന പദത്തിന് എന്തർത്ഥം എന്നു തോന്നുന്നതും അതുതന്നെ. സ്വന്തം, സ്നേഹം, ബഹുമാനം ഇതെല്ലാം ഭൗതികരീതിയിൽ ക്ഷണികമായ അവസ്ഥകളാണ്. ഈ ക്ഷണികാവസ്ഥകൾ എക്കാലവും നിലനിൽക്കും എന്ന് കരുതി ജീവിച്ചാൽ, ക്ഷണികതയുടെ ആഘാതം മനസ്സിലാകുമ്പോൾ, സ്വയം അനുഭവിക്കുമ്പോൾ നിരാശ ഉണ്ടാകുന്നു. നിരാശ ദുഃഖത്തിലേക്ക് നയിക്കുന്നു. അതാണ് ബുദ്ധൻ പറഞ്ഞത്, യേശു പറഞ്ഞത്, ഉപനിഷത്തുകൾ പറഞ്ഞത്; ക്ഷണികമായവയെ സ്നേഹിച്ചാൽ അത് നിരാശയിലേക്ക് നയിക്കുന്നു. അതിനാൽ പ്രതിപത്തിയില്ലാത്ത (detached) അവസ്ഥയിലേക്ക് മനസ്സിനെ കൊണ്ടുവരികയാണ് വേണ്ടത്. അതുകൊണ്ടാണ് പുരുഷാർത്ഥങ്ങളിൽ ഗൃഹസ്ഥാശ്രമം കഴിഞ്ഞാൽ സന്യാസം (detachment from attachment) സ്വീകരിക്കാൻ ഉപദേശിക്കുന്നത്. അതുതന്നെയാണ് യേശുവും പറഞ്ഞത്, നിന്റെ അപ്പനെയും അമ്മയെയും വെറുക്കുക എന്ന്. മാതാപിതാക്കളോടുള്ള ബന്ധം മാത്രമല്ല എല്ലാത്തിനോടുമുള്ള ബന്ധം അഥവാ പ്രതിപത്തി എന്ന് സാരം.

യേശു പറഞ്ഞു, സ്ത്രീയെ ആഗ്രഹത്തോടുകൂടി നോക്കുന്നത് വ്യഭിചാരമാണ് എന്ന്. സ്ത്രീയെ ആഗ്രഹത്തോടുകൂടി നോക്കുമ്പോൾ നാം കാണുന്നത് മനുഷ്യജീവിയായ സ്ത്രീയെ അല്ല, മറിച്ച് ലൈംഗികസംതൃപ്തിയ്ക്കുള്ള ഒരു ഉപഭോഗവസ്തുവിനെയാണ്. സ്ത്രീയെ സ്ത്രീയായി കാണുന്നതിന് പകരം വഴിതെറ്റിയ ചിന്താഗതിയോടെയുള്ള നോട്ടം! അതാണ് പാപം എന്ന് പറയുന്നത്.

നമ്മുടെ വിശ്വാസങ്ങളും ആചാരങ്ങളും ഭാവനകൾ നിറഞ്ഞതാണ്. നാം ദൈവം തെരഞ്ഞെടുത്ത ജാതി, ഞാൻ അംഗമായിരിക്കുന്ന മതം മാത്രം സത്യം, മറ്റ് മതങ്ങൾക്ക് എതിരായി ഞാൻ കുരിശുയുദ്ധം പ്രഖ്യാപിക്കണം, പരിശുദ്ധയുദ്ധം നടത്തണം., എന്റെ വർണ്ണമില്ലാത്തവൻ അവർണ്ണൻ, നീചൻ, അധമൻ എന്നിങ്ങനെ യുക്തിയ്ക്ക് നിരക്കാത്ത ധാരണകളുമായി ജീവിക്കുന്ന മനുഷ്യർ ആണ് ഇന്ന് ഭൂമിയിലെ പ്രശ്നം.

ഒരു മനുഷ്യനും അവനിൽത്തന്നെ നീചനോ പാപിയോ ആയിരിക്കണം എന്നില്ല. എന്നാൽ മനുഷ്യൻ ചില ശക്തമായ ധാരണകളിൽ ജീവിക്കുന്നു.

ഈ ധാരണകൾ പ്രകൃത്യാലുള്ള യാഥാർത്ഥ്യത്തിന് യോജിക്കാത്തതാകുമ്പോൾ സമനില ഇല്ലാത്ത അവസ്ഥയുണ്ടാകുന്നു. ഉദാഹരണമായി, ലോകത്തെമ്പാടും നൂറ്റാണ്ടുകളായി നിലനിൽകുന്ന ഒരു മിഥ്യാധാരണയാണ് വർണ്ണമേധാവിത്വം. നൂറ്റാണ്ടുകളായി ജീവിച്ച സാഹചര്യങ്ങൾ അനുസരിച്ച് മനുഷ്യന്റെ തൊലിയുടെ നിറത്തിന് മാറ്റമുണ്ടായി. ധ്രുവപ്രദേശത്തോടടുത്തുള്ള സ്ഥലത്തേയ്ക്ക് മനുഷ്യൻ കുടിയേറി താമസം തുടങ്ങിയപ്പോൾ സുലഭമല്ലാത്ത സൂര്യപ്രകാശത്തെ ഉൾക്കൊള്ളാൻ തക്കവണ്ണം തൊലി വെളുത്തു വന്നു. അതുപോലെ സൂര്യപ്രകാശം മാത്രമുള്ള ഭൂമദ്ധ്യരേഖയ്ക്ക് അടുത്തുള്ളവർക്ക് പരിണാമദശയിൽ കറുത്തതൊലിയും ഉണ്ടായി. മനുഷ്യൻ അറിയാതെ സംഭവിച്ച പരിണാമവ്യതിയാനമാണിത്. ഇത് മനസ്സിലാക്കുന്നവൻ വർണ്ണമേധാവിത്വം പറയുകയില്ല.

Passion എന്ന വാക്ക് ലാറ്റിൻ ഭാഷയിൽ passo, ഗ്രീക്ക് ഭാഷയിൽ pathos (suffering) ഇതിൽ നിന്നാണ് pathology എന്ന വാക്കുണ്ടായത്. അതാണ് യേശുവും ബുദ്ധനും പറയുന്നതും. ക്ഷണികമായവയെ ശാശ്വതമായത് എന്ന് കരുതി സ്നേഹിച്ചാൽ തെറ്റായ വിശ്വാസം ഉണ്ടാകുന്നു. തെറ്റായ വിശ്വാസം ഉദ്ദേശിക്കുന്ന ഫലം തരാതെ വരുമ്പോൾ നിരാശയും ദുഃഖവും ഉണ്ടാകുന്നു.

പ്രഭാതത്തിലെ തുഷാരബിന്ദുക്കൾ സൂര്യകിരണങ്ങളെ പ്രതിഫലിപ്പിക്കുമ്പോൾ സൂര്യവെളിച്ചത്തിന്റെ മഹനീയതയെയാണവ കാണിക്കുന്നത്. മഞ്ഞുതുള്ളികൾ ശാശ്വതമല്ല, കുറെക്കഴിയുമ്പോൾ അവ അപ്രത്യക്ഷമാകുന്നു. അതിനാൽ ഒരു വസ്തുവിന്റെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കി അതിനെ സ്നേഹിച്ചാൽ അഥവാ അതിനോട് ബന്ധം പുലർത്തിയാൽ നിരാശ ഉണ്ടാകുന്നില്ല. പ്രകൃതിയെ നമുക്ക് സ്വന്തമാക്കാൻ സാധിക്കില്ല, പക്ഷെ ആസ്വദിക്കാൻ സാധിക്കും. ആസ്വദിക്കാൻ വേണ്ടി പ്രകൃതിയെ സ്നേഹിച്ചാൽ നിരാശ ഉണ്ടാകില്ല. എന്നാൽ പ്രകൃതിസൗന്ദര്യം സ്വന്തമാക്കാൻ ശ്രമിച്ചാലോ?

സ്വന്തമെന്ന അവസ്ഥ ഒരു തോന്നൽ മാത്രമാണ്. നമ്മുടെ ശരീരം, ചിന്ത, ജീവിതം ഇവയൊന്നും പോലും സ്വന്തമല്ല. സ്വന്തമെന്ന തോന്നൽ ഉണ്ടാകുമ്പോൾ പ്രകൃത്യാലുള്ള മുലാവസ്ഥയിൽനിന്നും നാം വ്യതിചലിക്കുന്നു. സംഗീതം കേൾക്കാം, ആസ്വദിക്കാം, അതിൽ പങ്കുചേരാം അതിന്റെ താളത്തിൽ ലയിക്കാം. പക്ഷെ ആ സംഗീതം നമ്മുടെ സ്വന്തമല്ല. പ്രകൃതിയും നമ്മോട് ആവശ്യപ്പെടുന്നത് അതാണ്. അതിൽ ജീവിക്കുക, ആസ്വദിക്കുക അതിന്റെ താളത്തിന്റെ ഭാഗമാകുക. അതാണ് ഗുരു പറയുന്നത് വസ്തുക്കളുടെ യഥാർത്ഥതാളം മനസ്സിലാക്കുക. അത് അത്ര എളുപ്പമുള്ള കാര്യമല്ല. അതിനാണ് നിന്റെ ഇന്ദ്രിയങ്ങളെല്ലാം തുറക്കേണ്ടത്. ചെവിയും കണ്ണും മൂക്കും എല്ലാം തുറക്കണം. ഒന്നാം മണ്ഡലത്തിലെ കുണ്ഡലിനി ഉണർന്ന് ഏഴാം മണ്ഡലത്തിലെ മായയിൽ ലയിക്കണം. അതാണ് മറിയം കടന്നു

പോയ ഭൂതങ്ങൾ. അതാണ് ധർമ്മപാതയിലെ ഏഴ് ബുദ്ധമണ്ഡലങ്ങൾ. ഇവയിലൂടെ ഉയരുമ്പോൾ എല്ലാത്തിൽനിന്നും വിടുതൽ പ്രാപിച്ച് വെള്ളത്തിന്റെ നടുവിൽ നിൽക്കുന്ന സഹസ്രദളപത്മത്തിലെത്താം. അപ്പോൾ എല്ലാത്തിന്റെയും നൈമിഷികത മനസ്സിലാകും. സ്ഥിരം എന്ന് തോന്നുന്നവ നീർകുമിളകൾ മാത്രമാണ് എന്ന് മനസ്സിലാകും. അവിടെ സ്വന്തമാക്കാനുള്ള മോഹമില്ല. അതിനാൽ ദുഃഖവുമില്ല.

ലോകത്തിലെ വസ്തുക്കളുടെ ക്ഷണികത മനസ്സിലാകുമ്പോൾ യാഥാർത്ഥ്യത്തിന്റെ താളവുമായി നാം യോജിക്കുന്നു, (in tune with or in harmony with reality). നാം സഹോദരനുമായി താളത്തിലല്ല (harmony), അത് സാധിച്ചാൽ ശത്രുവിനെ സ്നേഹിക്കാൻ സാധിക്കും. അവനെ സ്വന്തമാക്കുന്ന അവസ്ഥയല്ല. നിന്നിൽ അവനോട് ശത്രുത ഇല്ലാതെ വരുമ്പോൾ പിന്നെ ശത്രുക്കളല്ല (മത്തായി: 5:43-48). ഈ പൂർണ്ണത വരിച്ചാൽ മാത്രമെ ഈ പ്രക്രിയ സാധിക്കുകയുള്ളു താനും. മത്തായി പരിപൂർണ്ണത അഥവാ സൽഗുണസമ്പൂർണതയെ കുറിച്ചു പറയുമ്പോൾ ലൂക്കോസ് പറയുന്നത് കരുണയാണ് (ലൂക്കോസ്: 6:27,28; 32 -36). എന്നാൽ യേശു പറഞ്ഞത് എന്താകാം? കരുണ ഇല്ലാത്ത സൽഗുണസമ്പൂർണ്ണത എന്ത്? രണ്ടും ഒന്നു തന്നെ ശത്രുവിനെ സ്നേഹിക്ക എന്നാൽ അവന് കീഴടങ്ങുക, തന്റെ ഇഷ്ടം പോലെ നമ്മോട് പ്രവർത്തിക്കാൻ അവനെ അനുവദിക്കുക എന്നർത്ഥമില്ല. ശത്രുവിനെ മനസ്സിലാക്കി, ശത്രുതയുടെ കാരണം കണ്ടെത്തി കൂടുതൽ ശത്രുതയ്ക്കുള്ള അവസരങ്ങൾ ഒഴിവാക്കുക. ശത്രുവിനെ അവഗണിക്കുക. അഗ്നിയെ നോക്കുക, അഗ്നിക്ക് മാത്രമെ സ്വയം മലിനമാകാതെ മറ്റൊന്നിനെ ശുദ്ധീകരിക്കാൻ സാധിക്കുകയുള്ളു. അതാണ് തീയിൽ സ്നാനം ഏൽക്കണം എന്ന് പറയുന്നത്. നമ്മിൽ ശത്രുത ഉണ്ടാക്കാതെ ശത്രുവിനെ നേരിടുമ്പോൾ, കാര്യകാരണസഹിതം ശത്രുതയെ വിശകലനം ചെയ്യുമ്പോൾ ശത്രുത ഇല്ലാതാകുന്നു. കണ്ണിന് പകരം കണ്ണ്, പല്ലിന് പകരം പല്ല് എന്നത് ഉയർന്ന ചിന്താഗതിയല്ല. വേദപുസ്തകത്തിൽ എഴുതിയിരിക്കുന്നത് കൊണ്ടുമാത്രം ശരിയും ആകുന്നില്ല. മനുഷ്യസംസ്കാരം സൈന്യങ്ങളുടെ ദൈവങ്ങളിൽ വളരുന്ന കാലഘട്ടങ്ങളിലെ ചിന്താഗതിയാണത്; 2500 വർഷം പഴക്കമുള്ള അധമചിന്താഗതി. ആ അവസ്ഥയിൽനിന്നും മനുഷ്യൻ വളരെയേറെ പുരോഗമനപരമായി പരിണമിച്ചുകഴിഞ്ഞു, ചിന്താഗതിയിൽ മാത്രമല്ല ആത്മീയമായും. ആധുനികസംസ്കാരത്തിന് വേണ്ടത് പ്രശ്നപരിഹാരമാണ്. ശത്രുവിന്റെ ശത്രുതയുടെ കാരണം മനസ്സിലാക്കി കാരണത്തെ ഒഴിവാക്കുന്ന അവസ്ഥ. ശത്രുവിനെ ബോംബിട്ടു നശിപ്പിക്കുന്നതല്ല പരിഹാരം. അത് പല്ലിന് പകരം പല്ല് എന്ന രീതിയിലുള്ള ചിന്താഗതിയാണ്. എന്നാൽ ശത്രുതയുടെ കാരണം മനസ്സിലാക്കി കാരണത്തെ ഇല്ലാതെയാക്കുമ്പോൾ ശത്രുവും ഇല്ലാതെയാകുന്നു. അതാണ് ശത്രുക്കളെ സ്നേഹിക്കുക എന്ന്

പറയുന്നതിന്റെ കാതൽ; keep in harmony അതാണ്. വസ്തുതകളുടെ സമനില തെറ്റുമ്പോൾ അതിന്റെ മൂലാവസ്ഥയിലേക്ക് പോകുക. അവിടെ ബന്ധം സ്ഥാപിക്കുമ്പോൾ സമനില തിരികെ ലഭിക്കുന്നു.

പട്ടിണികൊണ്ട് മോഷ്ടിക്കുന്നവൻ ഉണ്ട്. പട്ടിണിയാണ് കാരണം, പട്ടിണിയുടെ കാരണം കണ്ടുപിടിച്ച് പരിഹരിക്കുമ്പോൾ മോഷണം ഇല്ലാതെയാകുന്നു. നിന്റെ ഒരു കരണത്ത് അടിക്കുന്നവന് മറ്റെ ചെകിടും കാണിക്കുക എന്നത് അക്ഷരാർത്ഥത്തിൽ വിഡ്ഢിത്തമാണ്. അതല്ല അതിന്റെ അർത്ഥം. സുവിശേഷങ്ങൾ എഴുതിയിരിക്കുന്നത് ഉപമ-ഉൽപ്രേക്ഷ എന്ന അലങ്കാര രീതികളിലാണ്.

ഈജിപ്തിലെ ആശ്വാസദായകർ (Herapute) എന്ന പ്രസ്ഥാനം വേദപുസ്തകം വായിച്ചു മനസ്സിലാക്കുന്നത് ചരിത്രവസ്തുതകൾ ആയിട്ടല്ല, സാരാംശം എന്ന രീതിയിലാണ്. ഗൂഢമായ മറ്റൊന്നിന്റെ രൂപത്തിനുള്ളിൽ അന്തർലീനമായിരിക്കുന്ന ആശയം വേറെയാണ് എന്ന് മനസ്സിലാക്കണം. അതുപോലെ തന്നെയാണ് സുവിശേഷങ്ങളെയും മനസ്സിലാക്കേണ്ടത്. യഥാർത്ഥയേശുവിനെ കാണാൻ, യേശുവിന്റെ സുവിശേഷം മനസ്സിലാക്കാൻ കാനോനികസുവിശേഷങ്ങളെ ചരിത്രമായി വായിച്ചാൽ ഒരിക്കലും സാധിക്കില്ല. യേശുവിന്റെ സുവിശേഷത്തിന്റെ അന്തസ്സാരസത്യം മനസ്സിലാക്കാൻ കന്യകയുടെ ഉദരത്തിൽ ജനിച്ച ദൈവപുത്രനെ തേടിയത് കൊണ്ട് ഫലമില്ല. ഗലീലയിലെ ഏതോ ഗ്രാമത്തിൽ ജനിച്ച യേശുവിന്റെ സുവിശേഷം ശ്രദ്ധിച്ചാലെ മനസ്സിലാകൂ. അതിനാൽ സുവിശേഷത്തിലെ ചരിത്രവും ദിവ്യത്വവും മാറ്റി മനുഷ്യനായ യേശുവിനെ ശ്രദ്ധിക്കുക. മറ്റെ ചെകിട് കാണിക്കുക എന്നത് കൊണ്ടുദ്ദേശിക്കുന്നത് പ്രശ്നപരിഹാരത്തിന് മറ്റ് രീതിയിലുള്ള പരിഹാരമാർഗം തേടുക എന്നാണ്. പകൽ പട്ടിണി കിടക്കുന്നവൻ രാത്രിയിൽ മോഷ്ടിക്കാൻ പോകുന്നതിന് മുമ്പ് പകൽ തന്നെ അവന് ഭക്ഷണം കൊടുക്കുന്ന അവസ്ഥ, എങ്കിൽ അന്ന് രാത്രി അവൻ മോഷ്ടിക്കാൻ പോകില്ല ശത്രുവിനെ അവന്റെ തന്നെ രീതിയിലുള്ള ശത്രുതയുമായി നേരിട്ടാൽ തോക്ക് ചൂണ്ടി നിൽക്കുന്ന ശത്രുവിന്റെ നേരെ തോക്കുമായി ചെന്നാൽ ഉന്നം പിഴയ്ക്കാത്തവനും ആദ്യം വെടി പൊട്ടിക്കുന്നവനും ആയിരിക്കും മരിക്കാതെ ശേഷിക്കുക. പക്ഷെ അത് പരിഹാരമല്ല. ശത്രുവിനെ ശത്രുത കൊണ്ട് നേരിടാതെ ശത്രുതയുടെ കാരണം കണ്ടുപിടിച്ച് കാരണത്തെ പരിഹാരപ്രദമായ രീതിയിൽ നേരിടുക. അതാണ് മറുചെകിട് കാണിക്കുക എന്നത്. ഇത് മനസ്സിലാക്കാതെ യേശുവിന്റെ സുവിശേഷത്തെ മതങ്ങൾ പൊരുള് തിരിക്കുന്നതിനനുസരിച്ച് മനസ്സിലാക്കിയത് കൊണ്ടാണ് ഇത് യേശുവിനെക്കൊണ്ടേ സാധിക്കൂ എന്ന് പറഞ്ഞ് നാം പിൻതിരിയുന്നത്. യേശുവിനോട് ക്രിസതുമതം ചെയ്ത പല അപരാധങ്ങളിൽ ഒന്നാണിത്.

സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത് എന്ന വാക്യത്തെ പ്രതി എത്ര പുസ്തകങ്ങൾ? എത്ര മതപ്രസംഗങ്ങൾ? വിഭാഗങ്ങൾ? ചെറുപ്പത്തിൽ മതം തന്ന കുപ്പിയിലെ വെള്ളം കുടിച്ച് ഞാനും ഇതൊക്കെ നേര് എന്ന് വിശ്വസിച്ചിരുന്നു. മതം തന്ന നന്മതിന്മകളുടെ പഴം തിന്ന് ഞാനും ജീവിച്ചു. പക്ഷേ ഇന്ന് സത്യം മനസ്സിലാക്കിയപ്പോൾ ഏത് അത്ഭുതവും കാണിക്കാൻ കഴിവുള്ള ദൈവപുത്രന് പകരം യഥാർത്ഥയേശുവിനെ ഞാൻ കണ്ടു. ആ യേശു പറയുന്നു, ഹിംസയെ ഹിംസ കൊണ്ട് നേരിട്ടാൽ പരിഹാരം ആകുന്നില്ല. അത് കൊണ്ടാണ് ഗത്സമനയിൽ പടയാളികൾക്കെതിരെ വാളെടുത്ത് വെട്ടിയവനോട് വാള് ഉറയിലിടാൻ പറഞ്ഞത്. എന്നാൽ നിന്റെ വസ്ത്രം വിറ്റ് വാള് വാങ്ങാൻ യേശു അതിനു മുൻപ് പറയുന്നുണ്ട്. (കൂടുതൽ വിശദീകരണങ്ങൾക്ക്  പുസ്തകം അഞ്ച്  വായിക്കുക.)

ഇനി ഈ ചെകിടത്തടി ഭാവനയിൽ ഒന്നു വീക്ഷിക്കുക. മത്തായിയുടെ ഇടത്തെ ചെകിടത്ത് മർക്കോസ് അടിക്കുന്നു. മത്തായി 180 ഡിഗ്രി തിരിഞ്ഞാലെ മർക്കോസിന് മത്തായിയുടെ വലത്തെ ചെകിടത്ത് അടിക്കാൻ കഴിയൂ. മത്തായി തിരിയുന്നില്ല എന്ന് വിചാരിക്കുക സുവിശേഷനിവൃത്തിക്ക് മർക്കോസ് മത്തായിയുടെ വലത്തെ ചെകിടത്ത് അടിക്കണമെങ്കിൽ പുറംകൈ കൊണ്ടേ അടിക്കാൻ സാധിക്കൂ.

ഒന്നാമത്തെ സാഹചര്യത്തിൽ മർക്കോസിനെ അഭിമുഖീകരിക്കുന്ന മത്തായി 180 ഡിഗ്രി അതായത് തീർത്തും വ്യത്യസ്തമായ നേരെ എതിർദിശയിലേക്ക് തിരിയുന്നു. അതായത് 'ക്രൂരത'യുടെ എതിര് 'കരുണ, 'ഹിംസ' യുടെ എതിര് 'അഹിംസ' ഇതാണ് ഇതിന്റെ അർത്ഥം. അല്ലാതെ നിന്ന് തല്ല് കൊള്ളുന്നതല്ല.

രണ്ടാമത്തെ സാഹചര്യം നോക്കുക: മത്തായി തിരിയുന്നില്ല. മർക്കോസിന് ഉള്ളം കൈ കൊണ്ട് അടിക്കണമെങ്കിൽ ഞെളിഞ്ഞ് പിരിയണം, അതല്ലെങ്കിൽ പുറംകൈ കൊണ്ട് അടിക്കണം. പുറംകൈ കൊണ്ട് തട്ടുക എന്നാൽ വാത്സല്യത്താലാകാം അല്ലെങ്കിൽ ശ്രദ്ധ നേടാനാകാം. ഏതായാലും ശത്രുതാമനോഭാവത്തോടെ അല്ല എന്ന് ചുരുക്കം.

ശത്രുവിനെ അഹിംസ കൊണ്ട് നേരിടണമെങ്കിൽ ഉള്ളിൽ അഹിംസാമനോഭാവം ഉണ്ടായിരിക്കണം. താളത്തിൽ ശ്രുതി മധുരമായി സംഗീതം ആലപിക്കാൻ താളവും അറിയണം, ശ്രുതിമധുരമായ ശബ്ദവും ഉണ്ടായിരിക്കണം. വീണയുടെ കമ്പിയിൽനിന്നും ഉദ്ദേശിക്കുന്ന രാഗം ഉയരാൻ വീണ ട്യൂൺ ചെയ്തിരിക്കണം. പൊട്ടിയ വീണക്കമ്പികളിൽ നിന്നും താളനിബദ്ധമായ രാഗം ഉയരുകയില്ല. അതാണ്  ഗുരു പറഞ്ഞത്, വസ്തുതകളുമായുള്ള ബന്ധം ഉലയുമ്പോൾ അഥവാ താളം തെറ്റുമ്പോൾ ആദ്യം താളം ശരിയാക്കുക; മറ്റൊരു വിധത്തിൽ പറഞ്ഞാൽ സമനില വീണ്ടെടുക്കുക.

ട്യൂൺ ചെയ്യാത്ത സംഗീതോപകരണങ്ങളുമായി സംഗീതക്കച്ചേരി നടത്താൻ സാധിക്കുമോ? കച്ചേരി നടത്തുന്നതിന് മുമ്പ് ഓരോ ഉപകരണവും അതുപയോഗിക്കുന്നവൻ പരിശീലിച്ച് താളാത്മകമാകണം. ഒരോ ഉപകരണവും അതാതിന്റെ വഴിക്ക് പോയാൽ കച്ചേരി ശരിയാകില്ല. പങ്കെടുക്കുന്ന എല്ലാ ഉപകരണങ്ങളും ഒരേ ശ്രുതിയിലും താളത്തിലും (harmony) എത്തി സമരസപ്പെടണം. അതാണ് ഗുരു പറയുന്നത്, സ്വന്തം മനസ്സിലും ഹൃദയത്തിലും ബുദ്ധിയിലും എല്ലാം harmony ഉള്ളവനുമാത്രമേ harmony പകരാൻ സാധിക്കൂ. പരിശുദ്ധനായവനു മാത്രമേ പരിശുദ്ധത പകരാൻ കഴിയൂ. സ്നേഹം ഉള്ളിൽ ഉള്ളവനേ സ്നേഹം കൊടുക്കാൻ സാധിക്കൂ. സമാധാനം ഉള്ളിൽ ഉള്ളവനുമാത്രമേ സമാധാനം പകരാൻ കഴിയൂ. അവനാണ് ആചാര്യൻ അഥവാ ഗുരു അഥവാ തന്ത്രി. അതുകൊണ്ടാണ് പഴയനിയമ പുസ്തകത്തിലെ ബലിയിൽ യഹോവ ഇറങ്ങിവന്ന് ചുട്ട മാംസത്തിന്റെ മണം ആസ്വദിച്ചു എന്ന് പറയുന്നത്. ഏലിയാവിന്റെ ബലിയിൽ ശുദ്ധീകരിക്കുന്ന അഗ്നി ഇറങ്ങിയതും അതാണ്. ഉള്ളിൽ നിറഞ്ഞ പരിശുദ്ധി ബലിയിൽ പകരാൻ അവർക്ക് കഴിയുമായിരുന്നു. അതാണ് പഴയ തന്ത്രികളുടെ ബലിയോട് ചേരാൻ ദൈവങ്ങൾ ഇറങ്ങിവന്നു എന്ന് പറയുന്നത്. (ഈ നൂറ്റാണ്ടിലെ പുരോഹിതരുടെ ബലിയിൽ ദൈവം പങ്കുചേരാത്തതും അതുതന്നെ. പൗരോഹിത്യം ഉപജീവനമാർഗമായപ്പോഴുണ്ടായ അധഃപതനം.)

അതാണ് ബലിയെ (communion) സംസർഗ്ഗം, സംയോജനം (harmonial inter-connection) എന്ന് പറയുന്നത്. പരിശുദ്ധനായ, സൽഗുണസമ്പൂർണ്ണനായ ദൈവത്തിനുള്ള ബലി സമാധാനത്തിന്റെ ബലിയാകുവാൻ ബലി അർപ്പിക്കുന്ന പുരോഹിതനും ജനങ്ങളും ഒരുപോലെ സമാധാനം കാംക്ഷിക്കുന്നവർ ആകണം. ബലിപീഠത്തിൽ കുറുവടി ചാരി ബലി അർപ്പിച്ചാൽ കുറുവടി കണ്ട് ദൈവങ്ങൾ ഭയന്നോടുന്നു. അതാണ് "എനിക്ക് വേണ്ടത് ബലിയല്ല, കാസയേന്തും കൈകളിൽ വേണ്ടത് കരുണയാണല്ലോ" എന്ന് പാടുന്നത്. സമാധാനം ഇല്ലാത്ത സഭയിൽ ഞാൻ പത്രോസിന്റെ പിൻഗാമി, ഞാൻ മാർത്തോമയുടെ പിൻഗാമി, ഞാൻ പോപ്പിന്റെ അനുയായി എന്ന ഞാൻ ഭാവത്തോടെ പുരോഹിതർ കോടതികളിൽ കയറിയിറങ്ങുമ്പോൾ ഉള്ളിൽ സമാധാനമില്ലാത്ത പുരോഹിതനും ജനങ്ങളും കൂടി ബലിയർപ്പിക്കുമ്പോൾ "നിങ്ങൾക്ക് സമാധാനം ഉണ്ടാകട്ടെ" എന്ന് പറഞ്ഞാലും സമാധാനം ഉണ്ടാകാത്തത് അതുകൊണ്ടാണ്. യേശു പുരോഹിതരെ നോക്കി വെള്ളപൂശിയ കല്ലറകളേ! എന്ന് വിളിച്ചത് അതുകൊണ്ടാണ്. നിങ്ങളുടെ ഉള്ളിലെ ചീഞ്ഞളിഞ്ഞ ഞാൻ എന്ന ഭാവവും അഹങ്കാരവും ദുർബുദ്ധിയും സഹിഷ്ണുതയില്ലായ്മയും ക്രൂരതയും കഴുകി വെടിപ്പാക്കി വെള്ളത്തിലും തീയിലും സ്നാനമേറ്റ് ആ കല്ലറകളിൽ സ്നേഹത്തിന്റെ, കരുണയുടെ യേശുവിനെ പ്രതിഷ്ഠിക്കുക. അപ്പോൾ നിങ്ങളുടെ ബലി മറിയത്തിന്റെ ബലി

പോലെ സുഗന്ധം വമിക്കുന്ന ബലിയായി മാറും. അപ്പോൾ മാത്രമെ ഉയർത്ത യേശുവിനെ നിങ്ങൾക്കു കാണാൻ കഴിയൂ. ഇന്നും നിങ്ങളുടെ യേശു സ്വാർത്ഥതയുടെ, ക്രൂരതയുടെ കല്ലറയിൽ ഉറങ്ങുന്നു. നിങ്ങൾ പൊടിപ്പും തൊങ്ങലുമുള്ള വസ്ത്രങ്ങളും സിംഹാസനങ്ങളും അങ്ങാടിയിലെ വന്ദനവും ഉപേക്ഷിച്ച് കരുണയുടെ സുവിശേഷകരായി, ദാരിദ്ര്യനിർമ്മാർജനത്തിനായി, രോഗശുശ്രൂഷയ്ക്കായി, ലോകനന്മയ്ക്കായി പോരാടുക. അപ്പോൾ ഗുരുവിന്റെ ശ്രുതിമധുരമായ ഗാനം താളവും രാഗവും ഒന്നുചേർന്ന സ്വർഗ്ഗീയഗാനം പോലെ നിങ്ങൾക്ക് കേൾക്കാം. അന്ധന്മാരുടെ നാട്ടിൽ ഒറ്റക്കണ്ണൻ രാജാവ്! ഈ ഒറ്റക്കണ്ണൻ സിംഹാസനത്തിലിരുന്ന് അന്ധന്മാരെ ഭരിച്ചാൽ എങ്ങനെ യാഥാർത്ഥ്യം കാണും? എങ്ങനെ സമാധാനം വരും? അതിനാലാണ് ഗുരു പറയുന്നത്, നീ യാഥാർത്ഥ്യവുമായി സമനിലയിൽ അല്ല എങ്കിൽ, താദാത്മ്യം പ്രാപിച്ചിട്ടില്ല എങ്കിൽ, നിന്റെ സഹോദരനോട് പകയുണ്ട് എങ്കിൽ പോയി നിരപ്പാകുക എന്ന്. നീ സമനില തെറ്റിയവനാണ് എന്ന് സ്വയം അംഗീകരിക്കുക. യേശുവേ, ഞാൻ കുരുടനാകുന്നു, ഞാൻ മുടന്തനാകുന്നു, ചെകിടനാകുന്നു, കൂനനാകുന്നു, കുഷ്ഠരോഗിയാകുന്നു എന്നെ സൗഖ്യമാക്കണേ എന്ന് സൗമ്യതയോടെ, ഹൃദയശുദ്ധിയോടെ സമാധാനം നടത്തുന്നവർ ആയിത്തീരട്ടെ, അപ്പോൾ നിങ്ങളിൽ സമാധാനം ഉളവാകും. നിങ്ങളിലെ സമാധാനം നിറഞ്ഞുകവിഞ്ഞ് നിങ്ങളുടെ ജനങ്ങളിലും രാജ്യത്തിലും ലോകത്തും വ്യാപിക്കും. അതാണ് ഗുരുവിന്റെ സുവിശേഷം. അല്ലാതെ ചരിത്രപുസ്തകങ്ങളുമായി കോടതി കയറാൻ ഒരു സുവിശേഷത്തിലും എഴുതിയിട്ടില്ല.

ചെന്നായ് വേഷധാരികളായ ഇടയന്മാരെ സൂക്ഷിച്ചുകൊള്ളുവാൻ യേശു പറഞ്ഞത് ഇത്തരം ഇടയന്മാരെ നേതാക്കളായി സൃഷ്ടിക്കുവാനല്ല, എന്നാലോ ഇവരിൽ നിന്നും വിടുതൽ പ്രാപിക്കുന്നതിനും ഇവരുടെ പിന്നാലെ പോകാതിരിക്കുന്നതിനും വേണ്ടിയാണ്. നേതൃസ്ഥാനത്ത് ഇരിക്കുന്നവർ സൽഗുണസമ്പന്നരോ അതിനുവേണ്ടി പ്രയത്നിക്കുന്നവരോ ആയിരിക്കണം. എന്നാലേ നന്മ കൈവരികയുള്ളു. അഴിമതിയും അക്രമവുമായി നേതൃസ്ഥാനങ്ങളിൽ കയറിപ്പറ്റിയാൽ അതുമാത്രമേ അവർക്ക് ജനങ്ങൾക്ക് കൊടുക്കുവാൻ ഉണ്ടായിരിക്കുകയുള്ളു. അതുകൊണ്ടാണ് നേതൃസ്ഥാനങ്ങളിൽ കയറുന്നവർ നന്മ നിറഞ്ഞവർ ആയിരിക്കണം, സൽഗുണങ്ങൾ ഉള്ളവർ ആയിരിക്കണം എന്ന് പറയുന്നത്. നേതാവിൽ നിന്ന് നിറഞ്ഞ നന്മ നാട്ടിലേക്ക് പ്രവഹിക്കുമ്പോൾ അത് ക്ഷേമരാജ്യമായി മാറുന്നു. നന്മനിറഞ്ഞവയുമായി നാം സമ്പർക്കം പുലർത്തുമ്പോൾ അതിന്റെ പ്രതിഫലനം നമ്മളിൽ നല്ലതിനെ ഉണർത്തുന്നു. അതാണ് പുണ്യസ്ഥലങ്ങളിലേക്കുള്ള തീർത്ഥാടനം കൊണ്ടുദ്ദേശിക്കുന്നത്. പുണ്യം എന്ന് തോന്നിക്കുന്ന സ്ഥലത്ത് നിൽക്കുമ്പോഴെങ്കിലും പുണ്യചിന്തകൾ ഉണ്ടാകുന്നു. അതാണ് യാഥാർത്ഥ്യവുമായുള്ള ബന്ധം ഉലയുമ്പോൾ, സമനില തെറ്റുമ്പോൾ, സമനിലവീണ്ടെടുക്കുക എന്ന് പറയുന്നത്.

യേശു വന്നില്ലായിരുന്നു എങ്കിൽ പാപം എന്നാലെന്തെന്നറിയുമായിരുന്നില്ല (റോമ. 7:7). ശരിയാണ്, നല്ലതുമായി അടുത്ത് ജീവിച്ചാലേ ചീത്ത എന്താണെന്ന് മനസ്സിലാകൂ. പട്ടണത്തിൽ താമസിക്കുന്ന കുട്ടിക്ക്  പശു നമുക്ക് പാല് തരുന്നു എന്ന ഒന്നാം പാഠപുസ്തകം മനസ്സിലാകില്ല. കുപ്പിയിലെ പാല് മാത്രമേ കുട്ടി കണ്ടിട്ടുള്ളു. നഗരത്തിലെ വീടിനു മുമ്പിൽ പാൽകുപ്പി കൊണ്ടു വരുന്ന പാൽക്കാരനാണ് പശു എന്ന് കുട്ടി മനസ്സിലാക്കുന്നതും അത് കൊണ്ടാണ്. അതാണ് എല്ലാ മതത്തിന്റെയും ധാർമ്മികചിന്ത പഠിപ്പിക്കുന്നത്. നാം എപ്പോഴും നന്മ, ബുദ്ധി, കരുണ, സ്നേഹം എന്നിങ്ങനെയുള്ള സൽഗുണങ്ങളോടടുത്ത് ജീവിക്കണം. അതാണ് സംസ്കാരം എന്ന് പറയുന്നത്. അപ്പോഴാണ് ദൈവത്തിന്റെ മഹത്വത്തിന്റെ പ്രകാശത്തിൽ നാം നടക്കുന്നത്. അപ്പോൾ നാം സമാധാനം നടത്തുന്നവരായി മാറുന്നു. അപ്പോൾ നാം ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടുന്നു. അല്ലാതെ പത്രോസിന്റെ സിംഹാസനത്തിൽ കയറിയിരിക്കുമ്പോഴല്ല നമ്മളെ ദൈവത്തിന്റെ പ്രതിപുരുഷൻ എന്ന് ജനത്തിന് തോന്നേണ്ടത്. എന്നാലോ നിങ്ങളിൽ സൽഗുണസമ്പൂർണത നിറയുമ്പോൾ മനുഷ്യർ നിങ്ങളുടെ പ്രവൃത്തികൾ കണ്ട് ദൈവത്തെ മനസ്സിലാക്കണം. നിങ്ങളുടെ കഴുത്തിലെ കുരിശ് കണ്ടല്ല യേശുവിനെ ഓർക്കേണ്ടത്, നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ടാണ്.  അതാണ് പൗലോസും സാക്ഷിക്കുന്നത്. നല്ല മാർഗത്തിൽ ജീവിച്ചവരുടെ ജീവിതരീതികളും ചിന്തകളും പ്രവർത്തനങ്ങളും അറിയുന്നതിന്റെ  പ്രസക്തി ഇവിടെയാണ്. കച്ചേരിക്ക് മുമ്പ് സംഗീതോപകരണങ്ങൾ ട്യൂൺ ചെയ്യുമ്പോൾ  ഉപകരണങ്ങളിൽ അന്തർലീനമായ, അവയ്ക്ക് പുറപ്പെടുവിക്കാൻ കഴിവുള്ള ശ്രുതിയുടെ മഹത്വം നമുക്ക് മനസ്സിലാകും. അതാണ് വ്യക്തിയുടെ പാരമ്പര്യവും ജീവിതചുറ്റുപാടുകളും വ്യക്തിയെ വാർത്തെടുക്കുന്നു എന്ന് മനശാസ്ത്രം പറയുന്നത്. ദരിദ്രനെ ഉദ്ധരിക്കാൻ അവന് ഭക്ഷണം മാത്രം കൊടുത്താൽ പോര. അവന്റെ ചുറ്റുപാടുകളെ കൂടി മാറ്റണം. ദാരിദ്ര്യത്തിൽനിന്നും മോചനം നേടാനുള്ള  മാർഗ്ഗം കാട്ടിക്കൊടുക്കണം. രോഗിയെ ശുശ്രൂഷിച്ചാൽ മാത്രം പോര രോഗം ഉണ്ടാകുന്ന ചുറ്റുപാടുകളിൽനിന്നും അവരെ മുക്തരാക്കുകയും വേണം. അതാണ് ധാർമ്മികത, അത് തന്നെയാണ് മതങ്ങളുടെ അടിസ്ഥാനവും. ആ അടിസ്ഥാനത്തിൽനിന്നും വ്യതിചലിച്ച മതം അതിന്റെ മൂലാവസ്ഥയിലേക്ക് പോകണം. ധാർമ്മികതയിൽനിന്നും താളം തെറ്റിയ മതം (out of harmony) താളത്തിലേക്ക് തിരികെ പോകണം. ചെവി ഉള്ളവർ കേൾക്കട്ടെ, മനസ്സിലാക്കട്ടെ.

ഇതു പറഞ്ഞതിനു ശേഷം അനുഗ്രഹിക്കപ്പെട്ടവൻ പറഞ്ഞു, നിങ്ങൾക്കു വന്ദനം, നിങ്ങൾക്ക് സമാധാനം ഉണ്ടാകട്ടെ. എന്റെ സമാധാനം ഉയർന്ന് നിങ്ങളിൽ നിറയട്ടെ.

ഇത് തന്നെയാണ് മുൻപേജുകളിൽ പരാമർശിച്ച നിങ്ങളിലെ സമാധാനം. മറിയത്തിന്റെ സുവിശേഷത്തിൽ ഒരിക്കൽ മാത്രമേ അനുഗ്രഹിക്കപ്പെട്ടവൻ

(blessed one) എന്ന പദം ഉപയോഗിച്ചിട്ടുള്ളു. അനുഗ്രഹിക്കപ്പെട്ട ഈ അവസ്ഥ തന്നെയാണ് പരമാനന്ദം, ( blessed - filled with bliss)! യേശുവും ബുദ്ധനും പരമഹംസനും നാരായണഗുരുവും ആദിശങ്കരനും വിവേകാനന്ദനും ഒക്കെ തേടിയ പരമാനന്ദം (bliss). സുഖം ശരീരത്തിന്റെ ഒരു അനുഭൂതിവിശേഷമാണ്. അതിൽനിന്നും സന്തോഷം ഉണ്ടാകുന്നു. സന്തോഷം ബുദ്ധിയുടെ അനുഭൂതിയാണ്. ഇവ രണ്ടുംകൂടി ധാർമ്മികമായി ഉളവാക്കുന്ന അനുഭൂതിയെ പരമാനന്ദം എന്ന് വിളിക്കാം. അതുകൊണ്ടാണ് ശരിരത്തെ പീഡിപ്പിക്കുന്നതാണ് പരമാനന്ദത്തിലേക്കുള്ള കുറുക്കുവഴി എന്ന് പലരും തെറ്റിദ്ധരിക്കുന്നത്. എങ്കിലും സുഖപ്രദമായ ഒരു ശാരീരികാവസ്ഥയിൽ നിന്നുമാത്രമേ സുഖപ്രദമായ ചിന്തകൾ ഉണ്ടാകൂ. സുഖവും സന്തോഷവും ഉള്ള മനുഷ്യനിൽ നിന്നു മാത്രമേ പരമാനന്ദത്തിന്റെ കിരണങ്ങൾ പുറപ്പെടുകയുള്ളു, പ്രകാശം നിറഞ്ഞ സൂര്യനിൽ നിന്നുള്ള വെളിച്ചം പോലെ.

സുഖവും സന്തോഷവും സമഞ്ജസമായി സംയോജിക്കുമ്പോഴാണ് സമാധാനം ഉണ്ടാകുന്നത്. അപ്പോൾ മാത്രമേ ലോകസമാധാനം ഉണ്ടാകുകയുള്ളൂ. ലോകത്തിന്റെ ഏതെങ്കിലും ഭാഗത്തെ ദാരിദ്ര്യം നമ്മുടെയും ദാരിദ്ര്യമാകുന്നു എന്നും ലോകത്തിന്റെ ഏതെങ്കിലും ഭാഗത്തെ അക്രമം, അഴിമതി, യുദ്ധം ഇവയെല്ലാം നമ്മെയും ബാധിക്കും എന്നും ചിന്തിക്കേണ്ടതുണ്ട്. അതാണ് നമ്മൾ സമാധാനം നിറഞ്ഞവരായി ലോകം മുഴുവൻ സമാധാനം പരത്തേണ്ടതിന്റെ ആവശ്യം. അസമാധാനം അജ്ഞതയിൽനിന്നും ഉത്ഭവിക്കുന്നു. അവിടെയാണ് വിദ്യാഭ്യാസത്തിന്റെ സ്ഥാനം. നന്മനിറഞ്ഞവരുമായി അടുത്തിടപഴകുമ്പോൾ നന്മ പ്രവർത്തിക്കാൻ നമ്മൾ പ്രേരിതരാകുന്നു. അപ്പോൾ നാം നന്മയിൽ നിൽക്കുന്നു. വിദ്യാഭ്യാസത്തിലൂടെയാണ് അജ്ഞതയെ, ഇരുട്ടിനെ നിർമ്മാർജ്ജനം ചെയ്ത് ജ്ഞാനത്തിന്റെ വെളിച്ചം പകരേണ്ടത്.

സമാധാനം എന്നാൽ നല്ലസംയോജനം എന്ന് കണക്കാക്കാം. അവിടെയാണ് സ്വാർത്ഥത ഒഴിവാക്കി കരുണയും സ്നേഹവും ഉണ്ടാകേണ്ടതിന്റെ ആവശ്യം. ഇല്ലാത്തവനും ഉള്ളവനും തമ്മിലുള്ള വിടവ് കുറയ്ക്കണം. ഭക്ഷണം ഇല്ലാതെ ഉറങ്ങുന്നവനോട് ഭാവിയിൽ നീ സ്വർഗത്തിൽ പോകും എന്ന് പറയുന്നതല്ല സുവിശേഷം. സുവിശേഷം പൊരുത്തപ്പെടലിന്റെ സന്ദേശമായിരിക്കണം. ശരീരത്തിന്റെയും മനസ്സിന്റെയും സംയോജിതസുഖത്തിൽ നിന്ന് മാത്രമേ സമാധാനം ഉണ്ടാകുകയുള്ളൂ. രോഗശരീരത്തിൽനിന്നും രോഗചിന്തകളെ ഉത്ഭവിക്കൂകയുള്ളു എന്ന് വൈദ്യശാസ്ത്രത്തിൽ പറയുന്നുണ്ട്. നല്ലപ്രവൃത്തികളും നല്ലചിന്തകളും സമാധാനം നൽകുന്ന വ്യക്തിയിൽനിന്നു മാത്രമേ ഉണ്ടാകുകയുള്ളു.

അതാണ് ഹീബ്രുവിൽ ശാലോം (shalom). സുഖത്തിന്റെയും സന്തോഷത്തിന്റെയും പൂർണ്ണമായ സംയോജനം ശരീരസുഖം മാത്രമല്ല മാന

സികസുഖവും തൻനിമിത്തമുണ്ടാകുന്ന കുറവുകൾ ഇല്ലാത്ത ആനന്ദ വുമാണ്. അതാണ് യെഹൂദർ വന്ദനമായി ശാലോം എന്ന് പറയുന്നത്. അതാണ് bliss. അത് ദൈവികമാണ്. അത് കൊണ്ടാണ് ചികിത്സാരംഗത്ത് രോഗങ്ങളെ മാറ്റാൻ ശരീരത്തിൽ രാസവസ്തുക്കൾ ഉപയോഗിക്കുന്നത്. ആദ്യം ശരീരം ആരോഗ്യം ഉള്ളതായിരിക്കണം. അപ്പോൾ ആരോഗ്യപൂർണ്ണമായ മനസ്സും അതിൽനിന്നും ആരോഗ്യകരമായ ചിന്തകളും ഉണ്ടാകുന്നു. അതുകൊണ്ടാകാം പല മതാചാര്യന്മാരും നോമ്പും തപസ്സും ചെയ്ത് ശരീരത്തെ പീഡിപ്പിച്ച് അനാരോഗ്യപരമായ അവസ്ഥയിൽ എടുത്ത തീരുമാനങ്ങളും ചിന്താഗതികളും ഗുണത്തേക്കാൾ ദോഷം ചെയ്യുന്നത്. രോഗിയായ അഗസ്റ്റിനിൽ നിന്നും ഉണ്ടായ ക്രിസ്തുമതധാർമ്മികതയും രോഗം പിടിച്ച ചിന്താഗതിയായി തോന്നുന്നതും അതുകൊണ്ടുതന്നെ. അതാണ് നേതാക്കന്മാർ, ഗുരുക്കന്മാർ, ഭരണകർത്താക്കൾ എന്നിവരൊക്കെ മാനസികവും ശാരീരികവുമായ ആരോഗ്യം ഉള്ളവരായിരിക്കണം എന്ന് പറയുന്നത്.

പുരോഹിതർ ഊനമില്ലാത്തവർ ആയിരിക്കണം എന്നുള്ള നിബന്ധന ഓർക്കുക. ശാരീരികമായ പ്രവൃത്തികൾ മാത്രമല്ല മാനസികമായ പ്രവൃത്തികളും (ചിന്തകൾ) സ്വഭാവരീതികളും എല്ലാം ഊനമില്ലാത്തവയായിരിക്കണം. അമിതഭക്ഷണപ്രിയനായ ഒരു നേതാവിന്റെ അല്ലെങ്കിൽ പുരോഹിതന്റെ ചിന്താഗതികൾ ഭക്ഷണത്തെ ചുറ്റിപ്പറ്റിയുള്ളതായിരിക്കും. കാലിൽ ആണിരോഗം ഉള്ള നേതാവിനെ അലട്ടുന്നത് ആണിയുടെ വേദനയായിരിക്കും. ആരോഗ്യകരങ്ങളായ തീരുമാനങ്ങളാടുക്കാൻ അയാൾ അശക്തനായിരിക്കും.

എന്നാൽ ഗുരു പറയുന്ന സമാധാനം ഇതിലും ഉപരിയായതാണ്. ഇതിനെ ചരടുകൾ ഇല്ലാത്തത്, ഒന്നിനോടും ബന്ധപ്പെടാത്തത് എന്ന് വിശേഷിപ്പിക്കാം. അതായത് ദൈവികസമാധാനം (യോഹന്നാൻ: 14:27). ഇത് നിത്യമായ സമാധാനമാണ് (അതായത് eternal peace അഥവാ kingdom of God). ഈ സമാധാനം അനേകം ജന്മങ്ങളിലൂടെ നേടാവുന്നതല്ല, ശുദ്ധീകരണസ്ഥലങ്ങളിൽ നിന്ന് നേടാവുന്നതുമല്ല. സമാധാനം ഇന്ന് നിങ്ങളിൽ ഉണ്ടായിരിക്കണം, മരണശേഷമല്ല. പൂർണ്ണമായ മാനസിക, ശാരീരിക ആരോഗ്യത്തോടുകൂടി ഇരിക്കുമ്പോൾത്തന്നെ ഉണ്ടാകേണ്ട അവസ്ഥയാണത്.

നിങ്ങൾക്കു സമാധാനം! ഇതിനുവേണ്ടി കാത്തിരിക്കാതെ നീ നിന്നെത്തന്നെ തൂക്കിനോക്കുക, നിന്നിലേക്കുതന്നെ തിരിഞ്ഞുനോക്കുക. ഈ സമാധാനത്തിൽനിന്നും നിന്നെ അകറ്റുന്നത് എന്താണ് എന്ന് സ്വയം മനസ്സിലാക്കുക. നീയും സമാധാനവും തമ്മിലുള്ള വിടവ് നികത്തുക അപ്പോൾ സമാധാനം നിന്നോടുകൂടെ എക്കാലവും വസിക്കും.

നിനക്ക് സമാധാനം ഇല്ല എങ്കിൽ, നീയും സമാധാനവും തമ്മിൽ ഇടർച്ച ഉണ്ട് (മറിയം: 8:13, ലൂക്കോസ്: 24:36, യോഹന്നാൻ: 20:19).

ജാഗ്രതയോടെ സൂക്ഷിക്കുക. ആരും നിന്നെ വഴിതെറ്റിക്കാതിരിക്കട്ടെ (മറിയം: 8:15-16).

ആരും നിങ്ങളെ തെറ്റിദ്ധരിപ്പിക്കാതിരിക്കാൻ സൂക്ഷിക്ക ഞാൻ ക്രിസ്തു... (മത്തായി: 24:4,5)

ഇതാ ഇവിടെ, അതാ അവിടെ (മറിയം: 8:16-18 , മത്തായി: 24:3, മർക്കോസ് 13:5, ലൂക്കോസ്: 21:18, ലൂക്ക് 17:23).

എന്തെന്നാൽ മനുഷ്യപുത്രൻ വസിക്കുന്നത് നിങ്ങളിൽ അല്ലോ (മനുഷ്യപുത്രൻ = സമാധാനത്തിന്റെ പ്രകാശം) (മറിയം: 8:19-20, ലൂക്കോസ്:17:21).

അവനിലേക്ക് (മനുഷ്യപുത്രനിലേക്ക്) തിരിയുക (മറിയം: 8:21, മത്തായി 16:24, മർക്കോസ് 8:34, ലൂക്കോസ്: 8:23).

അവനെ (മനുഷ്യപുത്രനെ, നിത്യസമാധാനത്തെ) അന്വേഷിക്കുന്നവൻ കണ്ടെത്തും (മറിയം: 8:22, മത്തായി: 7:7, ലൂക്കോസ്: 11:19).

എഴുന്നേറ്റ് മുന്നോട്ട് നടക്കുക. രാജ്യത്തിന്റെ സുവിശേഷം വിളിച്ചു പറയുക (മറിയം: 8:23-24, മത്തായി: 24:24, മാർക്കോസ് 13:10, മാർക്കോസ് 16:15)

ഞാൻ നിങ്ങളോടു സാക്ഷ്യപ്പെടുത്തിയതിൽ ഉപരിയായി ഒരു നിയമവും ഉണ്ടാക്കരുത്. നിയമപുസ്തകങ്ങളിൽ മോശ പറഞ്ഞതിൽ കൂടുതൽ ചേർക്കരുത്, നിങ്ങളും അവയാൽ ബന്ധിക്കപ്പെടും (മറിയം: 9:1-4).

നാം ന്യായപ്രമാണങ്ങളിൽനിന്നും ഒഴിവുള്ളവരായിരിക്കുന്നു കാരണം അവൻ ക്രിസ്തുവിൽ ആയാൽ (പൂർണ്ണ സമാധാനത്തിൽ ആയാൽ) ക്രിസ്തുവോ ന്യായപ്രമാണത്തിനും അതീതൻ ആകുന്നു (റോമർ: 7:6).

സമാധാനം തേടി, മനുഷ്യൻ പാലും തേനും ഒഴുകുന്ന വാഗ്ദാത്തനാട് തേടി മരുഭൂമിയിൽ 40 വർഷം ഉഴന്നു. ഇതാണ് ഇസ്രായേലിന്റെ പാലായനത്തിന്റെ കഥ. ഇത് വെറും ഒരു കഥ. സാരാംശം മനസ്സിലാക്കാതെ വായിച്ചവർ അതിനെ ചരിത്രമായി എണ്ണി. ഫറവോന്റെ തേരും തേരാളികളെയും തേടി ചെങ്കടലിൽ മുങ്ങിത്തപ്പി. എന്നാൽ പുറപ്പാടിന്റെ സാരാംശം മനുഷ്യൻ തെറ്റിദ്ധരിച്ചു.

ദൈവം യെഹൂദന്റെ ഇടയിൽ സമാഗമനകൂടാരത്തിൽ വസിച്ചു. നിത്യസമാധാനം അവന്റെ ഇടയിൽ പാർത്തു. വചനം ജഡമായി കൃപയും സത്യവും നിറഞ്ഞതായി അവന്റെ കൂടെ പാർത്തു, അവനോ തിരിച്ചറിഞ്ഞില്ല. നിത്യഭക്ഷണമായ മന്നാ (അന്നം) ജീവൻ നിലനിർത്തുന്ന അഗ്നിശക്തി അവനു കൊടുത്തു. പാറ പിളർന്ന് കുടിക്കാൻ കൊടുത്തു. പകൽ തണലിന് മേഘം, രാത്രി വെളിച്ചത്തിന് ദീപസ്തംഭം. മരുഭൂമിയിലെ ഇസ്രായേൽ ജനം ഫറവോന്റെ അടിമ അല്ല. സുഖഭക്ഷണത്തിന് സ്വർഗീയമന്ന, കുടിക്കാൻ നിത്യതയുടെ ജലം, ജനത്തിനു നടുവിൽ ദൈവം. എന്നിട്ടും അവൻ പിറുപിറുത്തു. എന്തിനുവേണ്ടി? കാനാൻദേശത്തിനുവേണ്ടി. അവ

രുടെ നടുവിലെ നിത്യസമാധാനത്തെ മനസ്സിലാക്കാൻ അവന്റെ നിർബന്ധ ബുദ്ധി, അവന്റെ അജ്ഞത അവനെ അനുവദിച്ചില്ല. ദൈവത്തിനും മനുഷ്യ നുമിടയിൽ വലിയൊരു പിളർപ്പുണ്ടായി. അതാണ് അവർ വാഗ്ദാത്തനാട്ടിൽ പ്രവേശിക്കാതിരുന്നത്. അവരുടെ ഉള്ളിലെ സ്വർഗരാജ്യം അവർ കണ്ടില്ല. അതാണ് പുറപ്പാടിന്റെ സാരാംശം. ഭക്ഷിക്കുവാൻ സ്വർഗീയമന്ന, കുടിക്കു വാൻ യാഹ് എന്ന ശാശ്വതപാറയിൽ നിന്നും പ്രവഹിക്കുന്ന നിത്യതയുടെ ജലം, പകൽ യാഹിന്റെ മേഘസ്തംഭം, രാത്രിയിൽ വെളിവ് നിറഞ്ഞ യാഹിന്റെ ദീപസ്തംഭം, ജനത്തിന്റെ നടുവിലെ സമാഗമന കൂടാരത്തിൽ എന്നും സന്ദർശിക്കുന്ന ദൈവം. 24 മണിക്കൂറും യാഹ് കൂടെ വസിച്ചിട്ടും പിറുപിറുത്ത ജനം, തൃപ്തി വരാത്ത ജനം. ഈ ദിവ്യദാനം മനസ്സിലാക്കാ നാണ് യിസ്രായേലിനെ 40 വർഷം ഏതാനും മൈൽ ചുറ്റളവിൽ നടത്തിയ ത്. എന്നിട്ടും അവന് മനസ്സിലായില്ല. അതാണ് വാഗ്ദാത്തനാട്, സ്വർഗരാജ്യം അവർക്ക് ലഭിക്കാതെ വന്നത്. അവിടെ ദാരിദ്ര്യം ഇല്ലായിരുന്നു, എല്ലാ ആവ ശ്യങ്ങളും നിവർത്തിക്കപ്പെട്ട മോക്ഷയാത്രയായിരുന്നു അത്. അതാണ് ദുഖി ച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ എന്ന് പറയുന്നതിന്റെ സാരം. ഭക്ഷണം, വസ്ത്രം, പാർപ്പിടം ഇവയെല്ലാം ദൈനംദിന ജീവിതത്തിൽ അത്യാവശ്യമായതുപോലെ സ്വർഗരാജ്യവും ജീവിതത്തിന്റെ അടിസ്ഥാനവാഞ്ഛകളിൽ ഒന്നായി മാറണം. അപ്പോൾ സ്വർഗരാജ്യം സ്വർഗവാതിൽ തുറന്ന് പ്രാവെന്ന പോലെ അവനിൽ ആവസിക്കും. ഇവൻ എന്റെ പ്രിയപുത്രൻ എന്നും പറയും. അതാണ് യോർദാ നിലെ സ്നാനത്തിന്റെ സാരാംശം. അതാണ് യോഹന്നാൻ പറഞ്ഞത് സ്വർഗ രാജ്യം ഭാവിയിലെ ഒരു വാഗ്ദാനമല്ല, അതാ അടുത്തിരിക്കുന്നു എന്ന്. അതു ലഭിക്കാൻ ശുദ്ധഹൃദയമുള്ളവനായി മാറണം. യോർദാനിൽ മുങ്ങണം, പമ്പ യിൽ മുങ്ങണം, പാപനാശിനിയിൽ കുളിക്കണം. അപ്പോൾ മനസ്സ് ഭഗവാ നിൽ സമർപ്പിക്കുന്ന അവസ്ഥയിൽ സൽഗുണസമ്പൂർണതയ്ക്കുവേണ്ടി വാഞ്ഛിക്കുമ്പോൾ സ്വർഗരാജ്യം ലഭിക്കുന്നു.

(സ്വർഗരാജ്യം) ഇതാ ഇവിടെ, അതാ അവിടെ എന്ന് പറഞ്ഞ് പലരും നിങ്ങളെ തെറ്റിദ്ധരിപ്പിക്കാതിരിക്കാൻ ജാഗ്രത പാലിക്കുക. കാരണം മനുഷ്യപുത്രൻ വസിക്കുന്നത് നിങ്ങൾക്കുള്ളിലല്ലോ. അവനെ നിങ്ങളുടെ മനസ്സിന്റെ ഉള്ളിൽ അന്വേഷിക്കുക. അന്വേഷിക്കുന്നവർ കണ്ടെത്തും. ഈ വാക്കുകൾ ഉത്ഭവിച്ചത് C.E. 30-200 കാലഘട്ടത്തിൽ ആയിരിക്കാം. ഇതൊരു പ്രവചനം അല്ലെങ്കിലും പ്രവചനം പോലെ പൂർത്തീകരിക്കപ്പെട്ട ഒന്നാണ്. സ്വർഗരാജ്യത്തെ ഏറ്റവും കൂടുതൽ തെറ്റിദ്ധരിക്കപ്പെട്ട ഒരു കാലഘട്ടമാണ് 20-ാം നൂറ്റാണ്ട്. ആയിരക്കണക്കിന് ക്രിസ്തീയവിഭാഗങ്ങൾ, ആയിരക്കണ ക്കിന് യോഗികൾ മനുഷ്യനെ സ്വർഗരാജ്യം ഇതാ ഇവിടെ, അതാ അവിടെ എന്ന് തെറ്റിദ്ധരിപ്പിക്കുന്നു. യഥാർത്ഥസ്വർഗരാജ്യം എന്താണ് എന്ന് ഇവർക്കും അറിയാത്തതിനാലാണ് അനേകം പേർ തെറ്റിദ്ധരിക്കപ്പെടുന്നത്. ഭൂരിഭാഗവും നല്ല സമ്പൽസമൃദ്ധിയുള്ള ഉപജീവനമാർഗ്ഗമായി സ്വർഗരാജ്യ

ത്തിന്റെ സുവിശേഷത്തെ സ്വീകരിച്ചിരിക്കുന്നു. ഇവർ സാമൂഹ്യചൂഷകർ മാത്രമാണ്. മനുഷ്യമനസ്സിന്റെ ലോലതയേയും കുറവിനെയും ചൂഷണം ചെയ്യുന്നു. ഈ ചൂഷകരെപ്പോലെതന്നെ സമൂഹത്തിനും വ്യക്തിക്കും അനീതി ചെയ്യുന്ന മറ്റൊരു വർഗ്ഗമാണ് മതഭ്രാന്തന്മാർ. ഇവർ മറ്റ് മതങ്ങ ളോടും വിശ്വാസങ്ങളോടും സഹിഷ്ണുത ഇല്ലാത്തവർ മാത്രമല്ല മറ്റുള്ള വരെ പീഡിപ്പിക്കുന്നവർ കൂടിയായിത്തീരുന്നു. ഈ ചിന്താഗതി അജ്ഞത മാത്രമല്ല മാനസികരോഗം കൂടിയാണ്. ഇതാണ് കൊലപാതകരാഷ്ട്രീയം. കൊലപാതകത്തിന് മതവിശ്വാസത്തിന്റെ പിന്തുണയും ലഭിക്കുന്നു. ഇത്തരം കൊലപാതകികൾ രാജ്യസ്നേഹികൾ (patriot), പരിശുദ്ധൻ (saint) എന്നൊക്കെ നാമകരണം ചെയ്യപ്പെടുന്നു. എങ്കിലും പ്രവൃത്തിയിൽ ഇവർ കൊലപാതകികൾ തന്നെ.

യേശു ചരിത്രപുരുഷനോ എന്ന് നമുക്കറിയില്ല. എന്നാൽ യേശുവിന്റെ സുവിശേഷം ആദിമനൂറ്റാണ്ടുകളിൽ തന്നെ ഉയർന്നുവന്ന ഒരു ചിന്താഗതി യായിരുന്നു. യേശുമാർഗ്ഗം (jesus movement) എന്നു വിളിക്കാം അതിനെ. ഒരേരീതിയിലുള്ള ഇത്തരം അനേകം ചിന്താഗതികൾ B.C.E. 500-C.E.200 കാലഘത്തിൽ ഉയർന്നുവന്നു. എന്നാൽ യേശുചിന്തയെ പിടിച്ച് യേശുവിനെ ചരിത്രപുരുഷനാക്കി ക്രിസ്തുശാസ്ത്രവും (Christology) ക്രിസ്തുമതവും ഉണ്ടായപ്പോൾ മുതലാണ് പ്രശ്നങ്ങൾ ആരംഭിക്കുന്നത്. സോക്രട്ടീസിന്റെയും ബുദ്ധന്റെയും ഫിലോയുടെയും ആദിശങ്കരന്റെയും നാരായണഗുരുവിന്റെയും ഒക്കെ ചിന്തകൾ ഉണ്ടാവുകയും വളരുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഉപജ്ഞാതാക്കളായ വ്യക്തികൾക്കു പ്രാധാന്യം നഷ്ടപ്പെടാതെതന്നെ ഈ ചിന്താഗതികൾ വളർന്നു. എന്നാൽ ഈ ചിന്താഗതികളുടെ ഉപജ്ഞാതാ ക്കളെ ദൈവങ്ങളായി കണക്കാക്കുമ്പോഴാണ് പ്രശ്നം ഉദിക്കുന്നത്. ഈ ചിന്താഗതികൾ ദൈവികമാണ്, പക്ഷെ ഈ വ്യക്തികൾ ദൈവങ്ങളല്ല. അതു പോലെതന്നെ യേശുവിനെയും കണക്കാക്കിയിരുന്നുവെങ്കിൽ ക്രിസ്തുമത ത്തിന് ഇന്നുകാണുന്ന തത്വജ്ഞാനദാരിദ്ര്യം ഉണ്ടാകുമായിരുന്നില്ല. ക്രിസ്തു മതം ഇന്ന് യേശുവിന്റെ മതമല്ല. യേശു യെഹൂദനായി ജനിച്ചു, യെഹൂദ നായി ജീവിച്ചു, യെഹൂദനായി മരിച്ചു. കുരിശിൽ തറയ്ക്കപ്പെട്ടിരിക്കാം. ഇതൊക്കെ ചരിത്രസത്യങ്ങളായിരിക്കാം. പക്ഷെ ബാക്കിഭാഗങ്ങൾ സാങ്കൽപികം മാത്രമാണ്. അതാണ് ക്രിസ്തുമതത്തിന് ഇന്ന് നാൽക്കവല യിൽ, മാർഗ്ഗനിർദ്ദേശമില്ലാതെ നിസ്സഹായതയോടെ ഭക്തജനങ്ങളെ കാത്തു നിൽക്കേണ്ടി വരുന്നത്. അപ്പോസ്തോലപിൻതുടർച്ചയും സിംഹാസനവാദ വുമൊക്കെ കാപട്യത്തിന്റെയും സ്വാർത്ഥതയുടെയും അജ്ഞതയുടെയും ദുർവാദം മാത്രമാണെന്ന് പൊതുജനം മനസ്സിലാക്കുന്ന കാലഘട്ടം വിദൂരത യിലല്ല. (സ്വർത്ഥത അജ്ഞതയിൽനിന്നും ഉളവാകുന്നതാണ്; ജ്ഞാനി ഒരി ക്കലും സ്വാർത്ഥൻ ആയിരിക്കുകയില്ല.) അതിനാലാണ് ചരിത്രഗവേഷകരും

ആർക്കിയോളജിസ്റ്റുകളും യേശുവിന്റെ കബറ് തേടുമ്പോൾ ക്രിസ്തുമതം കിടിലംകൊള്ളുന്നത്, പുതിയ അറിവുകളെ നഖശിഖാന്തം എതിർക്കുന്നത്. ക്രിസ്തുമതം പണിതിരിക്കുന്നത് യേശു എന്ന ചരിത്രപുരുഷനിലല്ല, ചഞ്ച ലഹൃദയനും ക്ഷിപ്രകോപിയും സഹിഷ്ണുതയില്ലാത്തവനും അവസരവാ ദിയുമായ പത്രോസ് എന്ന പാറയിലാണ് എന്നതിനാലാണീ എതിർപ്പ്. എന്നാൽ ഇത് പാറയെന്ന തോന്നലേയുള്ളു. യേശുവിനെ ഒരു പ്രാവശ്യമല്ല പലതവണ 'ഞാൻ അവനെ അറിയുന്നില്ല' എന്ന് തള്ളിപ്പറഞ്ഞ പത്രോസ് എന്ന അടിസ്ഥാനത്തിലാണ് സഭ പണിതിരിക്കുന്നത്. യേശുവിനെ ഒരി ക്കൽപ്പോലും കണ്ടിട്ടില്ലാത്ത പൗലോസാണ് മറ്റൊരു സ്ഥാപകൻ. യേശു വിനെ മശിഹായായി അഭിഷേകം ചെയ്യാതെ യേശുചിന്തകളെ പ്രചരിപ്പിച്ചി രുന്നു എങ്കിൽ ക്രിസ്തുമതത്തിന് ഈ ഗതികേട് ഉണ്ടാകുമായിരുന്നില്ല. ഈ കാര്യത്തിൽ സഹാനുഭൂതിയുടെ ആവശ്യമില്ല. ഇതുതന്നെയായിരിക്കാം യേശു വീണ്ടും വരും എന്ന് പറയുന്നത്. മതം പ്രചരിപ്പിച്ചു കൊണ്ടിരി ക്കുന്ന കെട്ടുകഥകളുടെ യേശുവിന് പകരം യഥാർത്ഥയേശു വീണ്ടും വ രും.

ഇന്ന് അറിവിന്റെ പാതകൾ അനേകമാണ്. അടുത്തകാലഘട്ടം വരെ ഇത് മതത്തിന്റെ മാത്രം കുത്തകയായിരുന്നു. മതം തരുന്നവ മാത്രം സത്യ മായി വിശ്വസിച്ചുജീവിച്ച അജ്ഞതയുടെ, അന്ധകാരത്തിന്റെ കാലഘട്ടം. ഇന്നത് മാറുകാണ്. സത്യത്തിന്റെ, ജ്ഞാനത്തിന്റെ പുതിയ വെളിച്ചം പുതിയ ആകാശം പുതിയ ഭൂമി! ഇതാ വചനം ജഡമാകുന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ നടുവിലേക്ക് വന്നിരിക്കുന്നു. ഇതു മനസ്സിലാക്കുവാൻ നീ നിന്റെ ഉള്ളിലേക്ക് നോക്കുക. അവനെ അന്വേഷി ക്കുക, കണ്ടെത്തും.

യേശു ചരിത്രപുരുഷനോ അല്ലയോ എന്നത് നമുക്ക് പ്രശ്നമല്ല, ഈ സത്യാന്വേഷണത്തിൽ യേശുവിന്റെ ചിന്താഗതി അഥവാ മനുഷ്യപുത്രന്റെ സ്നേഹത്തിന്റെ സുവിശേഷം മാത്രമാണ് പ്രസക്തമായത്. മുടിയനായ പുത്ര നിലെ സ്നേഹവത്സലനായ പിതാവിന്റെ സുവിശേഷം. അജ്ഞതയുടെയും ദുർഗുണങ്ങളുടെയും കുഴിയിൽനിന്നും എഴുന്നേറ്റ് "എന്റെ പിതാവിന്റെ മഹ ത്വത്തിലേക്ക് മടങ്ങുവാനുള്ള" വാഞ്ഛയുടെ സുവിശേഷം. (എഴുന്നേറ്റ് മുന്നോട്ട് നടക്കുക.) ഇതാണ് യേശുവിന്റെ സുവിശേഷം. ഈ സുവിശേ ഷത്തെ നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിച്ചാൽ നിങ്ങൾക്കുള്ളിലെ സ്വർഗ്ഗ രാജ്യം നിങ്ങൾക്ക് കാണാം. അപ്പോൾ യേശു നിങ്ങൾക്കുള്ളിൽ വീണ്ടും വരും. അതിനാൽ സ്വർഗരാജ്യം ഇതാ ഇവിടെ, അതാ അവിടെ എന്ന് നിങ്ങളെ തെറ്റിദ്ധരിപ്പിക്കാതിരിക്കാൻ ജാഗ്രത പാലിക്കുക.

യേശുവിന്റെയും മഗ്ദലനമറിയത്തിന്റെയുമൊക്കെ അസ്ഥികൾ ഒരിക്കൽ ഗവേഷകർ കണ്ടെത്തിയേക്കാം. അത് യെരുശലേമിൽത്തന്നെ ആയിരിക്ക

ണമെന്നില്ല. ചിലപ്പോൾ ഈജിപ്തിലാകാം, ഫ്രാൻസിലാകാം. ചിലപ്പോൾ പത്രോസിന്റെ തലയോട്ടി വത്തിക്കാനിൽ കണ്ടെത്തിയേക്കാം. ചിലപ്പോൾ മാർത്തോമായുടെ അവശിഷ്ടം കേരളത്തിലോ ചെന്നയിലോ കണ്ടെത്തിയേക്കാം. യേശുവിന്റെ സുവിശേഷവുമായി ഇതിനൊന്നും ബന്ധമില്ല.

യേശുവിനെ ക്രിസ്തുവാക്കിയപ്പോഴാണ് പ്രശ്നങ്ങൾ ആരംഭിക്കുന്നത്. പൊള്ളയായ നുണകളെ സ്വീകരിക്കുവാൻ തയ്യാറാകുമ്പാൾ നുണകളുടെ കഥകൾ ഒന്നിനുപുറകെ ഒന്നായി സൃഷ്ടിക്കപ്പെടുന്നു, മതഭ്രാന്തന്മാർ ഉണ്ടാകുന്നു, കൊലപാതകികൾ ഉണ്ടാകുന്നു. അതിനാൽ ക്രിസ്തുമതത്തിന് എന്ത് തിരിച്ചടി കിട്ടിയാലും അത് അർഹിക്കുന്നതുതന്നെ, കർമ്മഫലം മാത്രം. 'യേശു മരിച്ചവരുടെ ഇടയിൽനിന്നും ഉയർത്തിട്ടില്ല എങ്കിൽ എന്റെ വിശ്വാസം വ്യർത്ഥം' എന്നുപറഞ്ഞ പൗലോസിന്റെ വിശ്വാസം പണ്ടേ വ്യർത്ഥമാണ്. അതിനെ പ്രതിനിധീകരിക്കുന്ന ക്രിസ്തീയവിഭാഗങ്ങളും വ്യർത്ഥമാണ്. ഈ അടിസ്ഥാനപരമായ അപകർഷതയെ മൂടിവെക്കുവാൻ ശ്രമിക്കുന്നതിന്റെ ഭാഗമാണ് പത്രോസിന്റെ സിംഹാസനം, അപ്രമാദിത്യം, അപ്പോസ്തോലികപിൻതുടർച്ച, പാപമോചനത്തിനുള്ള അധികാരം എന്നിവയെല്ലാം. രാജകീയവേഷവിധാനം, കിരീടം, അംശവടി ഇങ്ങനെ എന്തെല്ലാം കൂട്ടിച്ചേർക്കാമോ അതെല്ലാം കൂട്ടിച്ചേർത്ത് കോമാളിവേഷം കെട്ടി പൊതുജനത്തെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നതും ഇതിന്റെ ഭാഗം തന്നെയാണ്. ഈ വസ്ത്രാലങ്കാരങ്ങളെല്ലാം വിഡ്ഢിവേഷങ്ങൾ. യേശുവിന്റെ അനുയായികൾക്കെന്തിനാണിത്തരം വേഷങ്ങൾ? മനുഷ്യർ നിങ്ങളെ മനസ്സിലാക്കുന്നത് നിങ്ങളുടെ വേഷവിധാനം കൊണ്ടല്ല, നിങ്ങളുടെ പ്രവൃത്തികൾ കൊണ്ടത്രേ. അതാണ് യേശുവിന്റെ സുവിശേഷം. നിങ്ങൾ പത്രോസിന്റെയും തോമായുടെയും സിംഹാസനങ്ങളിൽ നിന്നിറങ്ങി നിങ്ങളുടെ വിലയേറിയ വസ്ത്രങ്ങൾക്ക് ചിലവാകുന്ന പണം കൊണ്ട് വസ്ത്രമില്ലാത്തവനു വസ്ത്രം വാങ്ങി നൽകിയിട്ട് സാധാരണ മനുഷ്യനെപ്പോലെ വസ്ത്രധാരണം ചെയ്യുക. ദരിദ്രന്റെയും പീഡിതന്റെയും രോഗിയുടെയും ശുശ്രൂഷകരായി മദർ തെരേസയെപ്പോലെ യേശുവിന്റെ സുവിശേഷത്തെ കാണുക. അപ്പോൾ നിങ്ങൾക്കുള്ളിലെ സ്വർഗ്ഗരാജ്യം നിങ്ങൾ കാണും. ഇതെത്രയും വേഗം ചെയ്യുന്നുവോ അത്രയും നന്ന്. കാരണം യേശുവിന്റെ സുവിശേഷം യഥാർത്ഥത്തിൽ മനസ്സിലാക്കുമ്പോൾ ഇത്രയും കാലം മനുഷ്യനെ കബളിപ്പിച്ചതിന്റെ കർമ്മഫലം നിങ്ങൾക്കു തിരികെ കിട്ടും. നിങ്ങളെ അവജ്ഞയോടെ മനുഷൻ വീക്ഷിക്കുന്ന കാലം വിദൂരതയിൽ അല്ല. അതിനാൽ പൊടിപ്പും തൊങ്ങലും ഉള്ള വസ്ത്രങ്ങൾ ഉണ്ടാക്കുന്നതിനുപകരം അവയുടെ ചിലവിനു വസ്ത്രമില്ലാത്തവനു വസ്ത്രം ഉണ്ടാക്കിക്കൊടുക്കുക. സ്വർണ്ണകുരിശും വടിയും വിറ്റ് ദരിദ്രനു കൊടുക്കുക. ആഡംബരരഹിതരായി സാധാരണമനുഷ്യനെ പോലെ അവരുടെ വേദനയും പ്രയാസവും കണ്ടു മനസ്സിലാക്കി "എനിക്കു മനസ്സാകുന്നു" എന്നു യേശു പറഞ്ഞതുപോലെ ദാരിദ്ര

നിർമ്മാർജനത്തിന് 'എനിക്കു മനസ്സാകുന്നു' എന്നുള്ള സുവിശേഷവുമായി മുന്നോട്ടു പോകുക. അതാണ് യേശുവിന്റെ സുവിശേഷം. രാഷ്ട്രീയ പ്രസംഗങ്ങളും നിരാഹാരസമരങ്ങളും ഒന്നും യേശുവിന്റെ സുവിശേഷമല്ല. പള്ളിപിടിച്ചടക്കലും അലങ്കാരഭൂഷിതമായ കെട്ടിടങ്ങൾ ദേവാലയം എന്ന നാമത്തിൽ പണിയിക്കുന്നതും യേശുവിന്റെ സുവിശേഷമല്ല. കാരണം സ്വർഗ്ഗരാജ്യം യെരുശലേമിലും അല്ല, റോമിലും അല്ല, അന്ത്യോഖ്യയിലും അല്ല കോട്ടയത്തെ ദേവലോകത്തുമല്ല. സ്വർഗരാജ്യം നിങ്ങൾക്കുള്ളിൽ തന്നെ. അതിനെ അന്വേഷിക്കുക, നിങ്ങൾ കണ്ടെത്തും.

മദ്ധ്യധരണ്യാഴി പ്രദേശങ്ങളിൽ ആദിമനൂറ്റാണ്ടുകളിലുണ്ടായിരുന്ന വിഡ്ഢികളുടെ വേഷം ധരിച്ച് തൊപ്പിയും വെച്ച് യേശുവിനെ ദിനംതോറും വിറ്റ്, അവനെ കുരിശിൽ തറക്കുന്ന പുരോഹിതരെ എത്രയും വേഗം ഈ വിഡ്ഢിവേഷത്തിൽനിന്നും വിമോചിതരാകുക. നഷ്ടപ്പെടുവാൻ വിലങ്ങുകൾ മാത്രം, കിട്ടാനുള്ളതോ മോചനത്തിന്റെ സ്വർഗരാജ്യം. നിന്റെ കുപ്പായങ്ങൾ നിനക്ക് വിമുഖത ഉണ്ടാക്കുന്നു എങ്കിൽ അടിമത്തത്തിന്റെ കുപ്പായങ്ങളിൽ കിടന്ന് ഞെളിപിരി കൊള്ളാതെ അവയെ വലിച്ചെറിയുക. സാധാരണമനുഷ്യന്റെ ജീവിതത്തിലേക്ക് ഇറങ്ങിവരിക. അപ്പോൾ നിങ്ങളുടെ മനസ്സ് മോചിതമാകും. മനുഷ്യന്റെ സുവിശേഷം അവിടെ ഉത്ഭവിക്കും. മുള്ളുകളും പാറകളും ഉണങ്ങിയ നിലവുമായ മനസ്സിൽ നല്ല വിത്ത് വളരുവാൻ നനവുള്ള നല്ലമണ്ണ് വേണം. നല്ല ഹൃദയത്തിൽ മാത്രമേ മനുഷ്യന്റെ സുവിശേഷത്തിന്റെ സൽഗുണസമ്പൂർണ്ണതയുടെ വിത്തുകൾ വളരുകയുള്ളു. അതാണ് വിത്ത് വിതക്കുന്നവന്റെ ഉപമയുടെ സാരാംശം. സ്വർഗരാജ്യത്തിനുവേണ്ടി ലൈംഗികമായി പീഡിപ്പിക്കുവാൻ യേശു എവിടെ എങ്കിലും പറഞ്ഞിട്ടുണ്ടോ? അമിതഭോഗത്തിലൂടെ രോഗിയായി മാറിയ അഗസ്റ്റിന്റെ ചിന്താഗതി മാത്രമാണത്. വചനം പൂർണ്ണമനുഷ്യനും പൂർണ്ണദൈവവുമായി. ജനമദ്ധ്യത്തിൽ വസിച്ചുവെങ്കിൽ പൂർണ്ണതയുടെ സ്വർഗരാജ്യം അനുഭവിക്കുവാൻ പൂർണ്ണമനുഷ്യനായി ജീവിക്കുക. മനുഷ്യനെ ദൈവം സൃഷ്ടിച്ചുവെങ്കിൽ മനുഷ്യന്റെ ഉള്ളിലെ ലൈംഗികവികാരവും ദൈവം സൃഷ്ടിച്ചതാണ്. ഉറക്കം, വിശപ്പ് എന്നിങ്ങനെയുള്ള പ്രാഥമികവികാരങ്ങളിൽ പെട്ട ലൈംഗികത മാത്രമെങ്ങനെ പാപമാകും? പുതിയനിയമം പഴയനിയമത്തിന്റെ തുടർച്ചയെങ്കിൽ പഴയനിയമത്തിൽ പാപമല്ലാത്ത ലൈംഗികവേഴ്ച പുതിയനിയമത്തിൽ എങ്ങനെ പാപമാകും? ലൈംഗികബന്ധത്തിൽ ഏർപ്പെടാത്ത പുരുഷനും സ്ത്രീയും യെഹൂദനിയമപ്രകാരം പാപികളാണ്. മാത്രമല്ല പലപ്പോഴും യഹോവ നേരിട്ടുതന്നെ അവരെ ശിക്ഷിക്കുന്നതും കാണാം. ദൈവം മനുഷ്യനെ അവന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ചുവെങ്കിൽ ദൈവികമായ അനുഭൂതി അഥവാ പരമാനന്ദം (bliss) അനുഭവിക്കുവാൻ ദൈവം മനുഷ്യനിൽ ലൈംഗികവികാരവും നിക്ഷേപിച്ചിരിക്കുന്നു. അടിസ്ഥാനവികാരമാണ് ലൈംഗികത. ലൈംഗികവേഴ്ചയിൽ ഉണ്ടാകുന്ന സ്വർഗീയാനുഭൂതി സ്വർഗരാജ്യത്തിനു വേണ്ടി മനു

ഷ്യനെ ഉത്തേജിപ്പിക്കുന്ന ദൈവികവികാരമാണ്. യേശുവിന്റെ രക്തശരീരങ്ങൾ ഭക്ഷിച്ച് സ്വർഗീയാനുഭൂതി അനേകായിരങ്ങൾക്ക് ഒരേ സമയത്ത് ലഭിക്കുന്ന അവസ്ഥ ഇതാണ്. യേശുവിന്റെ രക്തശരീരങ്ങൾ തിന്നുക, കുടിക്കുക എന്നതിന്റെ സാരാംശം യേശുവിനെ ഉള്ളിൽ പ്രവേശിപ്പിക്കുക എന്നാണ് (എന്റെ ഓർമ്മക്കായി ഇപ്രകാരം ചെയ്യുവിൻ എന്നും പറഞ്ഞു യേശു.) അല്ലാതെ കൊട്ടും മേളവുമായി കുർബാന അർപ്പിക്കുക എന്നതല്ല. യേശു നിങ്ങൾക്കുള്ളിൽ നിക്ഷേപിക്കപ്പെടുന്ന അവസ്ഥ ഇതാണ്. നീ ആകുന്ന നല്ലനിലത്ത് സൽഗുണസമ്പൂർണ്ണതയുടെ വിത്ത് വളരുമ്പോൾ അതാണ് സ്വർഗരാജ്യം. വചനം ജഢമാകുന്ന അവസ്ഥ. അപ്പോൾ നിനക്കുള്ളിൽ സ്വർഗരാജ്യം വളരുന്നു. 'സ്വർഗരാജ്യം ഇന്ന്' എന്നു സുവിശേഷിച്ച് യോഹന്നാൻ ഉദരത്തിൽ പോലും തുള്ളിച്ചാടും. അതാണ് മറിയ ഏലിശുഭായെ കാണുന്ന കഥയുടെ സാരാംശം. അവിടെ ചരിത്രത്തിന് പ്രാധാന്യമില്ല. അതാണ് സുവിശേഷം എഴുതിയത് ചരിത്രമായിട്ടല്ല എന്ന് നേരത്തെ പറഞ്ഞത്. പകരം ഉപമയും ഉൽപ്രേക്ഷയും പോലെയുള്ള അലങ്കാരങ്ങളാലാണ്. സാധാരണമനുഷ്യന് മനസ്സിലാക്കാൻ കൃപനിറഞ്ഞ ഉൽകൃഷ്ടചിന്തകൾ ഉപമകളായും ഉൽപ്രേക്ഷകളായും പറഞ്ഞിരിക്കുന്നു. നിങ്ങളിൽ സൽഗുണങ്ങളുടെ പൂർത്തീകരണമായ വചനം ജഢമാകുന്ന അവസ്ഥയെ പ്രാപിക്കുക, ലഭിക്കുന്നതോ സമാധാനം. അതാണ് സ്വർഗരാജ്യം. അതാണ് യേശു സാക്ഷിക്കുന്ന സ്വർഗരാജ്യം. സ്വർഗരാജ്യം നിങ്ങൾക്കുള്ളിലല്ലോ! അതാണ് ഗബ്രിയേൽ മറിയയോടു പറയുന്ന വചനത്തിന്റെ സാരാംശം. അല്ലാതെ ദൈവം മറിയയുടെ ഉദരത്തിൽ മാംസവും രക്തവും ആയി എന്നല്ല. ഇതു ചരിത്രമല്ല. ഇതു ചരിത്രമായി തെറ്റിദ്ധരിക്കുമ്പോൾ വീണ്ടും അതിനെ ന്യായീകരിക്കുവാൻ കള്ളക്കഥകൾ ഉണ്ടാക്കണം. അതിനായി സുന്നഹദോസുകൾ കൂടണം. ദൈവശാസ്ത്രം (theology) ഉണ്ടാക്കണം. (ശാസ്ത്രം അറിവിന്റെ കാര്യകാരണത്തെ പരസ്പരം തെളിയിക്കുന്ന അവസ്ഥാവിശേഷമാണ്.). അതിനാൽ ദൈവശാസ്ത്രം ശാസ്ത്രമല്ല. മതം മനുഷ്യനെ അങ്ങനെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു എന്നുമാത്രം. ഒരു ദീപം രണ്ട് കണ്ണാടികൾക്കുള്ളിൽ വെച്ചാൽ അനേകായിരം പ്രതിഫലനങ്ങൾ കാണാം. നടുവിൽ വെക്കുന്ന ദീപം മാത്രമാണ് സത്യം. ഒരു കണ്ണാടിയിലെ പ്രതിഫലനം മറ്റെ കണ്ണാടി പ്രതിഫലിപ്പിക്കുമ്പോൾ, ഈ പ്രതിഫലനങ്ങൾ പലപ്രാവശ്യം തുടരുമ്പോൾ അനേകം പ്രതിഫലനങ്ങൾ കാണുന്നു. ഇതു തന്നെയാണ് ക്രിസ്തുമതവും ചെയ്തത്. ഒരു പ്രതിഫലനം മറ്റൊന്നിനെ ഉളവാക്കുന്നു, അതിനെ ന്യായീകരിക്കുന്നു. പഴയനിയമത്തിൽ മശിഹാ വരും എന്ന് എഴുതിയിരിക്കുന്നതിനാൽ പുതിയനിയമത്തിൽ യേശു മശിഹാ ആയി. ഇത് തിരിച്ചും മറിച്ചും ന്യായീകരിച്ച് മനുഷ്യനെ കബളിപ്പിക്കുന്നു. ഇതാണ് ക്രിസ്തുമതം യേശുവിനോടു ചെയ്ത തെറ്റും. മനുഷ്യകുലത്തോടു ചെയ്ത തെറ്റും (കൂടുതൽ വിശാംദശങ്ങൾക്ക് പുസ്തകം അഞ്ച് 'യേശു എന്ന ചരിത്രപുരുഷൻ' വായിക്കുക)

വലിയ യുക്തിവാദങ്ങൾ ഒന്നുംകൂടാതെ, സാധാരണ രീതിയിൽ ചിന്തിച്ചു നോക്കുക. യേശുമതത്തിന്റെ ഉത്ഭവം ഗബ്രിയേൽ മറിയയോടു പറയുന്ന, കൃപ നിറഞ്ഞവളേ... എന്ന വചനത്തിൽ നിന്നുമാണ്. മാലാഖ, മനുഷ്യമനസ്സിന്റെ ഭാവനയുടെ മാത്രം സൃഷ്ടിയാണ്. ഈ മാലാഖ മറിയ യോടു പറഞ്ഞത് മറ്റാരും കേട്ടിട്ടില്ല. മറിയ ആരോടും പറഞ്ഞിട്ടുമില്ല. ഈ മാലാഖ തന്നെയാണ് തിരുകുടുംബത്തെ ഈജിപ്റ്റിലേക്കു കൊണ്ടുവരു ന്നത്. പിന്നീട് തിരികെകൊണ്ടുവരുമ്പോൾ യഹൂദ്യയിൽ ഹേറോദാവിന്റെ മകൻ ഭരിക്കുന്നു എന്ന കാര്യം മാലാഖ മറന്നു. (കൂടുതൽ വിശദാംശങ്ങൾക്ക് പുസ്തകം നാല് 'സുവിശേഷങ്ങളിലെ വിഡ്ഢിത്തങ്ങളും കെട്ടുകഥകളും' വായിക്കുക). മാത്രമല്ല റോമൻ ഭരണത്തിനുള്ളിൽ ഒരു ഗവർണ്ണറുടെ സ്ഥാനം പോലും ഇല്ലാതിരുന്ന ഹെറോദിന് കുട്ടികളെ കൊല്ലാനുള്ള അധി കാരം ഇല്ലായിരുന്നു, (അങ്ങനെ സംഭവിച്ചുമില്ല). യെഹൂദരെ തൃപ്തിപ്പെടു ത്തുവാൻ വേണ്ടി മാത്രം നിലനിന്ന ഒരു സ്ഥാനം മാത്രമായിരുന്നത്. ഒരു യെഹൂദരാജാവ് റോമൻചക്രവർത്തിയുടെ ഒരു കളിപ്പാട്ടം മാത്രം. മാത്രമല്ല റോമൻ ചരിത്രം വളരെ വ്യക്തമായി എഴുതപ്പെട്ടിരുന്ന ഒരു കാലഘട്ടമാ ണത്. വരവ്-ചിലവ് കണക്കുകൾ പോലും വളരെ വ്യക്തമായി എഴുതപ്പെ ട്ടിരുന്നു. അവിടെ എങ്ങും ഒരു ശിശുവധം രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല ഗലീലയിലെ zealots എന്ന വിപ്ലവകാരികളെയും യെഹൂദരെയും ഒരുവിധ ത്തിലും പ്രകോപിക്കാതിരിക്കാനും ഭരണകൂടം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതുകൊണ്ട് തന്നെയാണ് യേശുവിനെ കുരിശിൽ തറച്ചതും. പീലാത്തോ സിന് പറ്റിയ അബദ്ധം ആയിരുന്നു അതെന്ന് മനസ്സിലാക്കിയ ഉടനെ തന്നെ യേശുവിനെ (മരിക്കുന്നതിനു മുമ്പുതന്നെ) കുരിശിൽ നിന്നുമിറക്കി മുറിവു കൾ സുഖപ്പെടുവാൻ മരുന്നുകൾ പുരട്ടി. മരിച്ച യേശുവിനെ അരിമത്യ ജോസ ഫിന്റെ കല്ലറയിൽ വെച്ചു എന്നും അവിടെനിന്നും സുഖം പ്രാപിച്ച് യേശു ഉയർത്തെഴുന്നേറ്റു എന്നും പിന്നീട് ഈജിപ്റ്റിലോ ഫ്രാൻസിലോ താമസം മാറ്റി എന്നുമൊക്കെയുള്ള വാദങ്ങൾ ഉടലെടുത്തു. റോമൻചരിത്രത്തിൽ പിലാ ത്തോസിനെ സ്ഥലം മാറ്റുകയും തരംതാഴ്ത്തുകയും ചെയ്തു. യേശു തിരികെ യെരുശലേമിൽ വന്നു എന്നും അവിടെനിന്നും യേശുവിന്റെ അസ്ഥി കൾ കണ്ടെടുത്തു എന്നും പറയുന്നതിൽ യുക്തിയില്ല. യെരുശലേമിലെ (zealots) വിപ്ലവകാരികളുടെ പ്രേരണയിലാണ് യേശു ക്രൂശിക്കപ്പെട്ടത്. യേശു ഒരിക്കലും തിരികെ അവിടെ വരാൻ സാദ്ധ്യതയില്ല. പിൽക്കാലത്ത് യേശുവിന്റെ അസ്ഥികൾ യെരുശലേമിൽ നിക്ഷേപിച്ചതാകാം. മത്തായി എന്ന എഴുത്തുകാരന്റെയോ എഴുത്തുകാരന്മാരുടേയോ ഭാവന മാത്രമാണ് യേശുവിനെ ക്രിസ്തുവാക്കിയത് എന്ന് ബോദ്ധ്യപ്പെടുത്തുന്നതിനാണ് ഇത്രയും ചുരുക്കി പറഞ്ഞത് (മത്തായിയുടെ സുവിശേഷം ചരിത്രമല്ല, മത്താ യി എന്നത് തൂലികാനാമം മാത്രവുമാണ്).

മാത്രമല്ല, സുവിശേഷങ്ങളിൽ തന്നെ പറയുന്നത് നോക്കിയാൽ യേശുവിന്റെ അമ്മ മറിയയ്ക്ക് എന്ത് സമാധാനമാണ് ലഭിച്ചത്? സ്വന്തം മകൻ ചാട്ടവാറിനടി കൊണ്ട് കുരിശിൽ തൂങ്ങിക്കിടക്കുന്ന കാഴ്ച മറിയക്ക് എന്ത് സമാധാനം കൊടുത്തു? ഗബ്രിയേൽ മറിയയെ തെറ്റിദ്ധരിപ്പിക്കയല്ലേ ചെയ്തത്?. അത് തന്നെയാണ് മതം നമ്മളോടും ചെയ്തത്. യേശുവിന്റെ ജനനം ദിവ്യമാക്കി ദൈവത്തെ കുരിശിൽ തറച്ച് ഉയിർപ്പിച്ച് തിരികെ സ്വർഗത്തിൽ വിട്ടു. അപ്പോൾ മാത്രമാണ് മത്തായിക്ക് സമാധാനം വരുന്നത്. സുവിശേഷത്തെ ചരിത്രപരമായി വീക്ഷിച്ചാൽ അബദ്ധങ്ങളുടെ കുണ്ടുകളിൽ നാം വീഴുന്നു. അപ്പോൾ നമുക്ക് വിസ്താരമായ ആകാശത്തിലെ സത്യത്തിന്റെ സൂര്യനെ കാണാൻ കഴിയാതെ വരുന്നു. പകരം സുവിശേഷം ഒരു തത്വത്തെ, ഒരു ചിന്തഗതിയെ പ്രചരിപ്പിക്കുവാൻ എഴുതിയ കഥയാണ് എന്ന് കണക്കാക്കുന്നതാണ് കൂടുതൽ നല്ലത്. അപ്പോൾ യേശുവിന്റെ സുവിശേഷം അതിന്റെ സാരാംശത്തിൽ മനസ്സിലാകും. സ്വർഗരാജ്യം നിങ്ങൾക്കുള്ളിലല്ലോ എന്ന് മഗ്ദലനമറിയത്തിന്റെ സുവിശേഷം മാത്രമല്ല നമ്മോടു പറയുന്നത്. മത്തായി, ഗബ്രിയേൽ എന്ന സങ്കൽപരൂപത്തിലൂടെ പറയുന്നതും ഇതുതന്നെ, (കൃപ നിറഞ്ഞവളേ... നിനക്ക് സമാധാനം, നിന്റെ ഉള്ളിൽ സ്വർഗരാജ്യം ഉളവായിരിക്കുന്നു, നിനക്കു സമാധാനം).

തെറ്റായതും പൊള്ളയായതുമായ നിഴലുകൾ കാട്ടിയാണ് സ്വർഗരാജ്യം നിത്യസമാധാനം വാഗ്ദാനം ചെയ്യുന്നത്. മതം മാത്രമല്ല രാഷ്ട്രീയസിദ്ധാന്തങ്ങളും രോഗശമനവാദികളും സിദ്ധന്മാരും ദൈവരാജ്യം ഇതാ ഇവിടെ, അതാ അവിടെ എന്ന് നമ്മെ തെറ്റിദ്ധരിപ്പിക്കുന്നു. മറിയത്തോട് പറഞ്ഞ സമാധാനത്തിന്റെ സുവിശേഷത്തെ നല്ലവണ്ണം മുതലെടുപ്പ് നടത്തുമ്പോഴാണ് മാതാവ് പല സ്ഥലത്തും കരയുന്നവളായും കൊന്തയിട്ടവളായും ഹൃദയം തുറന്നവളായും ഒക്കെ പ്രത്യക്ഷപ്പെടുന്നത്. കൊന്തയും കാശുരൂപവും ഒക്കെ ഉണ്ടാക്കി കുറെ പേർക്ക് ഉപജീവനം കഴിക്കാം എന്ന ഗുണം മാത്രം. എന്നാൽ യേശുവിന്റെ സുവിശേഷം അതല്ല. ജീവിതം ആസ്വദിക്കുവാനുള്ളതാണ്. നിന്നിലേക്കുതന്നെ തിരികെനോക്കി നിന്റെ ഉള്ളിലെ സ്വർഗരാജ്യത്തെ തേടുക അപ്പോൾ അവിടെ സ്നേഹം, കൃപ എന്നിങ്ങനെയുള്ള നന്മകൾ വിളയും. ജീവിതത്തിന്റെ ക്ഷണികത മനസ്സിലാകും. മറ്റുമനുഷ്യനെ ചൂഷണം ചെയ്ത്, പിടിച്ചു പറിച്ച്, കൊലപാതകം ചെയ്ത് ജീവിക്കുന്നതല്ല ജീവിതം എന്നുമനസ്സിലാകും. വളരെ കുറച്ചുമാത്രം പ്രവർത്തിക്കുവാൻ അവസരമുള്ള മനുഷ്യജീവിതം ആഗ്രഹിക്കുന്ന നന്മ ചെയ്യുവാൻ മതിയാകാത്തതാണ് എന്ന് മനസ്സിലാകും. അതിനാലാണ് മനുഷ്യൻ അവനിലേക്കു തിരികെ നോക്കണം. അവന്റെ മൂലമായ തുടക്കത്തിലേക്കു തിരികെ വരണം എന്നുപദേശിക്കുന്നത് (ലൂക്കോസ്:. 17:21; തോമാ: 3). അപ്പോൾ നമ്മുടെ സമാധാനം നമ്മുടെ വെളിയിൽ സ്ഥിതിചെയ്യുന്ന ഒരു വ്യക്തിയോ സമൂ

ഹമോ സമുദായമോ അല്ല എന്നുമനസ്സിലാകും. ഉള്ളിൽ സമാധാനം ഇല്ലാത്തവന് ഒരിക്കലും സമാധാനം ലഭിക്കില്ല. വഴിപാടുകളും പുണ്യസ്ഥലങ്ങളും ഒക്കെ മനുഷ്യമനസ്സിനെ പ്രചോദിപ്പിക്കുന്നവ മാത്രമാണ്. നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് വാതിലടച്ച് രഹസ്യത്തിൽ നിന്നെ കാണുന്ന ദൈവവുമായി സംസർഗ്ഗം ചെയ്യുക എന്ന് യേശു പറഞ്ഞത് അത് കൊണ്ടാണ്. അതാണ് യേശുപ്രസ്ഥാനക്കാർ ഗുഹകളിൽ കയറി ധ്യാനനിർവൃതരായിരുന്നത്. അതാണ് യേശുവിന്റെ സുവിശേഷം. പള്ളി പൂട്ടിക്കലും പൂട്ടിയപള്ളി പൊളിക്കലും അമ്പലങ്ങളും മോസ്ക്കുകളും പണിയാൻ മനുഷ്യനെ കൊലപാതകം ചെയ്യുന്നതും സമാധാനത്തിന്റെ സുവിശേഷമല്ല. നിങ്ങൾക്കു സമാധാനം ലഭിക്കുന്നത് പള്ളിയിലും അമ്പലത്തിലും മോസ്ക്കിലും അല്ല. അത് നിങ്ങൾക്കുള്ളിലല്ലോ. നിങ്ങൾക്കുള്ളിൽ സമാധാനം ഇല്ലായെങ്കിൽ സമാധാനം മറ്റുള്ളവർക്കു നൽകാനും നിങ്ങൾക്കു സാധിക്കില്ല. അതുകൊണ്ടാണ് ആരാധനാസ്ഥലങ്ങളിൽ സമാധാനം നടപ്പാക്കാൻ കോടതികളെ ആശ്രയിക്കേണ്ടുന്ന ഗതികേടും ഉണ്ടാകുന്നത്. അതിനാൽ പണ്ടെങ്ങോ ജീവിച്ച, 2000 വർഷങ്ങൾക്കു മുൻപ് ജീവിച്ച പത്രോസിന്റെയും തോമായുടെ ഇല്ലാത്ത സിംഹാസനത്തെ പ്രതി തലതല്ലിപ്പൊളിക്കാതെ മനുഷ്യാ, നീ സ്വയം സമാധാനം കണ്ടെത്തുക. നിങ്ങളെ നയിക്കുന്നവർക്ക് സമാധാനം നൽകാൻ കഴിവില്ല എങ്കിൽ അവരെ ആ സ്ഥാനങ്ങളിൽ നിന്നും മാറ്റുക. അവിടെ സമാധാനം നടത്തുവാൻ കഴിവുള്ളവരെ അവരോധിക്കുക. അപ്പോൾ സമാധാനം കൈവരും. ജനമദ്ധ്യത്തിലേക്കിറങ്ങിവന്ന് യെഹൂദരെ നയിച്ച യാഹ് എന്ന ദൈവത്തെപ്പോലെ, വിപ്ലവപൂരിതമായ ഗലീലയിൽ സമാധാനത്തിന്റെ ദൂതുമായി വന്ന യേശുവിനെപ്പോലെ ഉള്ള മതനേതാക്കൾ അവർക്കുള്ളിലെ സമാധാനം ജനങ്ങളിലേക്ക് പകരുമ്പോൾ സമാധാനം കൈവരും. കോടതിയും പോലീസും നടപ്പാക്കുന്ന സമാധാനം ശാശ്വതമല്ല. പ്രേരണയും പ്രലോഭനവും മാത്രമാണ്. മാത്രമല്ല, യേശുവിന്റെ പേരിൽ ജനങ്ങളെ അടക്കിഭരിക്കുന്ന പുരോഹിതനേതാക്കൾക്കു പകരം സാധാരണ ജനങ്ങൾ കൈകാര്യം ചെയ്യുന്ന മതഭരണമായി മാറിയാലേ സമാധാനം വരൂ. രാജവാഴ്ചകളും സ്വേച്ഛാധിപത്യപ്രഭുക്കളുടെ കാലവും കഴിഞ്ഞിട്ടും ക്രിസതുമതത്തിൽ മാത്രം എന്തിന് ഈ കുട്ടിരാജാക്കന്മാരെ പുലർത്തുന്നു? ജനാധിപത്യഭരണം ഏറ്റവും ശ്രേഷ്ഠമായ ഭരണരീതി അല്ലെങ്കിലും മറ്റുള്ളവയെക്കാൾ ശ്രേഷ്ഠമായതിനാൽ പുരോഹിതവർഗ്ഗത്തിൽ നിന്നും സഭാഭരണം നീക്കം ചെയ്യുകയും അത് സാധാരണജനങ്ങളുടെ ഭരണപ്രക്രിയായി മാറ്റുകയും ചെയ്യണം. പുരോഹിതൻ ബലി അർപ്പിക്കുന്നവനും പൂജാകർമ്മങ്ങൾ ചെയ്യുന്നവനും മാത്രമായിരിക്കണം. പൗരോഹിത്യവും രാജഭരണവും യെഹൂദന്റെ സ്വപ്നമായ മശിഹാ വാഴ്ചയുടെ ബാക്കിപത്രമാണ്. അത് മിഥ്യയും അപ്രായോഗികവും ആണെന്ന് ചരിത്രം പലതവണ തെളിയിച്ചു. യെഹൂദൻ തന്നെ മശിഹായുടെ നിർവ്വചനം മാറ്റിയെഴു

തി. അത് ഐഹികമല്ല ആത്മീയമായ അവസ്ഥയാണ് എന്ന് യെഹൂദറാബിമാർ പണ്ടേ പഠിപ്പിച്ചു തുടങ്ങിയിരുന്നു. ക്രിസ്തുമതം മാത്രം എന്തിന് യെഹൂദനിൽ നിന്നും കടമെടുത്ത മശിഹാഭരണവുമായി മുന്നോട്ടു പോകുന്നു?

സമാധാനത്തിനു തടസ്സം സൃഷ്ടിക്കുന്നത് വ്യക്തികൾ ആണെങ്കിൽ അവരെ മാറ്റണം, നിയമമാണെങ്കിൽ നിയമം മാറ്റണം, നേതാക്കന്മാർ ആണെങ്കിൽ അവരെ മാറ്റണം. നിന്റെ കണ്ണ് നിനക്ക് തടസ്സം ഉണ്ടാക്കുന്നു എങ്കിൽ അതിനെ തുരന്ന് കളയുക. യാഥാർത്ഥ്യം മനസ്സിലാക്കുവാൻ, നന്മകൾ വളരുവാൻ തടസ്സം നിൽക്കുന്നവ എന്തോ അവയെ മാറ്റുക എന്നു മാത്രമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. മനുഷ്യർ തമ്മിൽ മതത്തിന്റെ പേരിലും രാഷ്ട്രീയത്തിന്റെ പേരിലും തമ്മിൽ തല്ലിയാലേ ഈ വ്യർത്ഥനേതാക്കന്മാർക്ക് സ്ഥാനമുള്ളു. മനുഷ്യൻ സമാധാനം നടത്തുന്നവർ ആകുമ്പോൾ ഈ മതനേതാക്കളും രാഷ്ട്രീയനേതാക്കളും ഇല്ലാതെയാകും. അതാണ് സമൂഹസ്വർഗരാജ്യം. പരിശുദ്ധാത്മാവാണ് പുരോഹിതരേയും മഹാപുരോഹിതരേയും തെരഞ്ഞെടുക്കുന്നത് എന്ന ശുദ്ധകള്ളപ്രചരണത്തിൽ വിശ്വസിക്കരുത്. ഇവർ സ്വയം തെരഞ്ഞെടുക്കപ്പെട്ടവരും സ്ഥാനങ്ങൾക്കുവേണ്ടി വോട്ടു പിടിക്കുന്നവരും ആകുന്നു. വോട്ടുപിടിക്കുന്ന റൂഹായെ ഏതെങ്കിലും വേദശാസ്ത്രത്തിൽ കണ്ടിട്ടുണ്ടോ?

നമ്മൾ എന്തായിരിക്കുന്നുവോ, എന്താഗ്രഹിക്കുന്നുവോ അതാണ് സത്യം. പൂർണ്ണനല്ലാത്ത മനുഷ്യൻ നന്മകളുടെ പൂർണ്ണതയെ ആഗ്രഹിക്കണം ഇവകൾ തമ്മിലുള്ള വിടവിനെ നികത്തണം. പൂർണ്ണതയുടെ മൂർത്തീകരണം അതാണ്. വചനം ജഢമായി കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു എന്നതിന്റെ അർത്ഥം അതാണ്. ചിന്തകളിൽ പ്രാകൃതനായ മനുഷ്യൻ ധാർമ്മികമായ ചിന്തകളിലേക്ക് ഉയരണം. അപ്പോൾ മനുഷ്യമൃഗം മാലാഖയായി മാറുന്നു. സ്ത്രീയും പുരുഷനും ആയ അവസ്ഥയിൽനിന്നും ഉയർന്ന് ദിവ്യമനുഷ്യൻ ആകുന്നു. ശങ്കരനും ബുദ്ധനും ഒക്കെ കൈവരിച്ച അവസ്ഥ. സ്വർഗരാജ്യത്തിനു വേണ്ടി ഷണ്ഡൻ ആകുന്ന അവസ്ഥ ഇതാണ്. ശ്രേഷ്ഠമായ ചിന്താഗതിയിൽ ശിഖണ്ഡിയാകുന്ന അവസ്ഥ. മനസ്സു മുഴുവൻ നന്മകൊണ്ടു നിറയുമ്പോൾ സ്ത്രീ X പുരുഷൻ, നന്മ X തിന്മ എന്നീ വിധത്തിലുള്ള വൈരുദ്ധ്യാവസ്ഥ മാറി സ്ത്രീയും പുരുഷനും അല്ലാതെ ആത്മീയനപുംസകം ആകുന്ന അവസ്ഥ. സ്വർഗരാജ്യത്തിനു വേണ്ടി സ്വയം ശിഖണ്ഡികൾ ആകുക എന്നു പറയുന്നതും ഇതാണ്. അല്ലാതെ ലൈംഗികത പാപമാണ് എന്ന ധാരണയിൽ അതുപേക്ഷിച്ച് ശാരീരികനപുംസകം ആയാൽ അടിസ്ഥാന ശാരീരികാവസ്ഥകളെ നിയന്ത്രിക്കാൻ ശ്രമിക്കയോ ഇല്ലാതാക്കുന്നതിന് ശ്രമിക്കയോ ആണ്. വിവാഹജീവിതം ഉപേക്ഷിച്ചാൽ മാത്രമേ സ്വർഗരാജ്യം ലഭിക്കയുള്ളൂ എന്നത് ലൈംഗികത പാപമാണ് എന്ന ചിന്താഗതിയിൽ നിന്നും തെറ്റായി ഉത്ഭവിച്ച ആശയമാണ്. ആ

സത്യം മനസ്സിലാക്കിയിട്ടാവാം “ഞങ്ങൾക്കും പെണ്ണുകെട്ടണം” എന്ന അവകാശവാദവുമായി പുരോഹിതർ തെരുവിലിറങ്ങിയതും. പുനരുദ്ധാനത്തിൽ സ്ത്രീയും പുരുഷനും ആയിട്ടല്ല, വിവാഹിതരോ അവിവാഹിതരോ ആയിട്ടല്ല സ്വർഗരാജ്യത്തിൽ പ്രവേശിപ്പിക്കപ്പെടുന്നതെങ്കിൽ എന്തിനു സമൂഹമദ്ധ്യേ ഈ കാപട്യം കാണിക്കണം? അതാണ് സ്വർഗരാജ്യം ഇവിടെയും അല്ല അവിടെയും അല്ല, സന്യാസിമഠങ്ങളിലും കന്യാമഠത്തിലും അല്ല, സ്വന്തം വിയർപ്പൊഴുക്കി അപ്പം ഭക്ഷിക്കുന്ന സാധാരണമനുഷ്യന്റെ ഉള്ളിലാണ് എന്ന് പറയുന്നത്. അവിടെയാണ് ഗാന്ധിജിയുടെ ഹരിജനങ്ങളുടെ പ്രസക്തി. ദൈവത്തിന്റെ ജനം. അവിടെയാണ് ദൈവം വസിക്കുന്നത്. ഭരണഘടനയുടെ ഏറ്റവും ശ്രേഷ്ഠമായ ഭാഗവും അതാണ്. പട്ടികജാതി, പട്ടികവർഗ്ഗങ്ങളെ ഉദ്ധരിക്കാൻ ഉള്ള നിയമങ്ങൾ. ആ നിയമങ്ങൾ ലോകനന്മയെ ലാക്കാക്കിയ നേതാക്കന്മാരുടെ ഗുണസമ്പൂർണ്ണരായ കർമ്മഫലമാണ്. അത് ഇല്ലാതാക്കാൻ ശ്രമിക്കുന്നത് നന്മ അല്ല, തിന്മയാണ്. അതുപോലെ തന്നെയാണ് അതിനെ ചൂഷണം ചെയ്യുന്നതും. സംവരണത്തിന്റെ ഗുണങ്ങൾ സാമ്പത്തികമായി ഉയർന്നവൻ സ്വീകരിക്കാതിരുന്നാൽ സമൂഹത്തിൽ അവശത അനുഭവിക്കുന്നവർക്ക് ലഭ്യമാകും. അതിനാൽ ജാതിസംവരണം നല്ലതുതന്നെ പക്ഷേ അതിന് പരിധി ഉണ്ടാക്കുകയും ജാതിമതഭേദമെന്യേ ദരിദ്രനെ ഉദ്ധരിക്കുവാൻ അതുപയോഗിക്കുകയും വേണം.

സ്വർഗരാജ്യത്തിനു വേണ്ടി നപുംസകം ആകുന്നതിനെ പലവിധത്തിൽ പൊരുളുതിരിക്കാം. മനുഷ്യൻ ഞാൻ എന്ന ഭാവത്തിൽ സ്വയം പുകഴുന്നവൻ ആകുന്നു. അവിടെ വിനയമില്ല, അഹന്ത മാത്രം. സ്നേഹത്തിനു പകരം സ്വാർത്ഥത, അറിവിനു പകരം അഹന്ത. ഇതാണ് പാറപ്പുറത്തു വീണ വിത്തുകളും മുള്ളുകൾക്കുള്ളിലെ വിത്തുകളും. എന്നാൽ ഞാൻ കർത്താവിന്റെ ദാസി നിന്റെ ഇഷ്ടം എന്നിൽ നിറവേറട്ടെ എന്ന് പറയുമ്പോൾ അത് വിനയത്തിന്റെ സ്വരമായി നാം തിരിച്ചറിയുന്നു. ഇതുതന്നെ യേശുവും പറയുന്നു ഗത്സമനയിൽ, “എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം. നടപ്പാകട്ടെ“ അതാണ് നല്ലനിലം 'ഞാൻ' എന്ന പാറയും 'ഞാൻ' എന്ന മുള്ളും ഇല്ലാത്ത നല്ലനിലം ആ നല്ലനിലത്ത് ഗബ്രിയേൽ സൽഗുണസമ്പൂർണ്ണതയുടെ വിത്ത് വിതക്കുന്നു. അതാണ് സ്വർഗരാജ്യത്തിനു വേണ്ടി സ്വയം താണിറങ്ങുന്ന അവസ്ഥ. സ്ത്രീ എന്ന ഭാവം, പുരുഷൻ എന്ന ഭാവം വെടിഞ്ഞ് ഷണ്ഡനാകുന്ന അവസ്ഥ. അതിനെ മറിയത്തിന്റെ സുവിശേഷത്തിൽ 'ദിവ്യമനുഷ്യൻ' എന്ന് വിളിക്കുന്നു. ആണും പെണ്ണുമല്ലാത്ത അവസ്ഥയല്ലിത്.

യാക്കോബ് ദർശനം ചെയ്ത ഗോവണി, മൃഗമനുഷ്യനെ ദിവ്യമനുഷ്യനുമായി ബന്ധിപ്പിക്കുന്ന പാലമാണ്. അതാണ് സുവിശേഷങ്ങളിലെ പൊതുവായ സാരാംശം. ദൈവം ദിവ്യമായ സ്നേഹത്തിൽ മനുഷ്യന്റെ ഇടയിലേക്ക് വന്നു, മൃഗമനുഷ്യനെ ദിവ്യമനുഷ്യനാക്കാൻ, തിന്മയുടെ

പ്രതീകമായ ആദമിന്റെ സന്തതിയെ ദിവ്യമനുഷ്യനാക്കാൻ. ഈ സാരാംശം ഉൽപ്രേക്ഷയിൽ മനസ്സിലാക്കു ന്നതിനുപകരം ആദമിനെ ചരിത്രപുരുഷ നാക്കി. ഏദൻതോട്ടവും പഴവും കല്പനാലംഘനവും ഏദൻതോട്ടത്തിൽ നിന്നുള്ള വീഴ്ചയും അതിൽനിന്നും രക്ഷപെടുത്തുവാൻ ദൈവം തന്റെ പുത്രനെ അയച്ചതും ആ പുത്രൻ കഷ്ടം അനുഭവിച്ച് കുരിശിൽ മരിച്ചതും ഉയർത്തതും ഒക്കെയായി എത്രയെത്ര കഥകൾ! ഇനിയും വരും ഇത്തരം കഥകൾ. 2000 വർഷങ്ങൾക്കു മുൻപുള്ള മനുഷ്യനു മനസ്സിലാക്കാൻ എഴുതിയ സാരാംശകഥകൾ ആണിവയൊക്കെ. അതു ചരിത്രമായി തെറ്റിദ്ധരിപ്പിച്ച് അതിനെ ന്യായീകരിക്കുന്നതിന് മനസ്സിലാക്കാൻ അസാദ്ധ്യമായ ദൈവശാസ്ത്രം ഉണ്ടാക്കി. പിന്നീട് പത്രോസിന് സിംഹാസനവും അതിൽ വാണരുളുന്നവർക്ക് അപ്രമാദിത്വവും നൽകി. ഇതെല്ലാം പരിശുദ്ധസിംഹാസനങ്ങളിൽ ഇരുന്നരുളുന്നവരുടെ കപടനാടക ങ്ങൾ മാത്രം. ദൈവം ഭൂമിയിലേക്ക് അയച്ചത് ദൈവികഗുണമായ നന്മയെയാ ണ്. അത് നമ്മുടെ ഉള്ളിൽ തന്നെ ഉണ്ട്. അത് അന്വേഷിച്ച് പുണ്യസ്ഥലങ്ങളി ലും പള്ളികളിലും കയറി ഇറങ്ങേണ്ടതില്ല. അത് ഭാവിയിലെ വാഗ്ദാനമല്ല, മരിച്ചതിനുശേഷമുള്ള രക്ഷയുമല്ല. അതിനാൽ നിങ്ങൾക്കുള്ളിൽ ഇപ്പോൾ തന്നെ സ്ഥിതിചെയ്യുന്ന നന്മയെ അന്വേഷിച്ച് കണ്ടെത്തുക.

എഴുന്നേറ്റ് മുന്നോട്ടു നടക്കുക, രാജ്യത്തിന്റെ സുവിശേഷം പ്രസ്താവിക്കുക.

യേശു......... രാജ്യത്തിന്റെ സുവിശേഷം (മത്തായി: 4: 23)

യേശു......... രാജ്യത്തിന്റെ സുവിശേഷം (മത്തായി: 9: 35)

ഞാൻ മറ്റുള്ള പട്ടണങ്ങളിലും ദൈവരാജ്യം സുവിശേഷിക്കേണ്ടുന്ന താകുന്നു (ലൂക്കോസ്: 4:43)

അനന്തരം അവൻ ദൈവരാജ്യം.........(ലൂക്കോസ്: 8:1)

എന്നാൽ ദൈവം രാജ്യത്തെയും..... (അപ്പോ: 8:12)

അവർ എല്ലാം സുവാർത്ത പ്രചരിപ്പിക്കാൻ ..........(മറിയം: 19:2)

ലോകത്തിലെ ഏതു മതചിന്തയിലും തത്വചിന്തയിലും കാണുന്ന ഒരാശയമാണ് മനുഷ്യജീവിതം ചുട്ടമുതൽ ചുടലവരെയുള്ള ഒരു യാത്ര യാണ് എന്നത്. ഈ യാത്രയെ പലരീതിയിൽ പല അനുഭവങ്ങളുടെ വെളിച്ചത്തിൽ പലരീതിയിലുള്ള യാത്രയായി കാണാം. ജീവിതയാത്രകൾ പടയാളിയുടെ യാത്ര, രോഗിയുടെ യാത്ര,കവർച്ചക്കാരന്റെ യാത്ര, ചൂഷകന്റെ യാത്ര, അടിമയുടെ യാത്ര, സുഖം മാത്രം തേടുന്ന യാത്ര എന്നിങ്ങനെ പല വിധത്തിൽ ആകാം. മതങ്ങൾ, ചിന്തകൾ പൊതുവെ ഈ യാത്രയെ കഷ്ടപ്പാടിന്റെയും ദുരിതത്തിന്റെയും യാത്രയായി കാണുന്നു. ഇതാണ് മതത്തിന്റെ കൃഷിഭൂമിയും. ഈ കഷ്ടപ്പാടിൽനിന്നും മോചനം വാഗ്ദാനം

ചെയ്യുന്നതിനാണ് മതങ്ങളും രാഷ്ട്രീയവും തമ്മിൽ ദ്വന്ദയുദ്ധം നടത്തുന്നത്. എന്നാൽ മനുഷ്യന്റെ സ്ഥിതിക്ക് എന്തെങ്കിലും മാറ്റമുണ്ടോ?

നാം അറിയാതെ ചുമക്കുന്ന എത്രയെത്ര ഭാരങ്ങൾ! മതവും സമൂഹവും രാഷ്ട്രവും ഒക്കെ അടിച്ചേൽപിക്കുന്ന അടിമത്തത്തിന്റെ ഭാരങ്ങൾ. ദൈനം ദിനജീവിതത്തിന്റെ ദുരിതങ്ങളുടെ ഭാരങ്ങൾ. ഈ വലിയഭാരവുമായി ജീവിത യാത്ര നടത്തുമ്പോൾ നാം വഴിയിൽ തളർന്നുവീഴുന്നു, കിതയ്ക്കുന്നു, ചുമയ്ക്കുന്നു. അപ്പോൾ മതം ഓടി അടുക്കുന്നു, ഭാവിയിൽ സ്വർഗരാജ്യം വാഗ്ദാനം ചെയ്യുന്നു. രാഷ്ട്രീയവും അതുതന്നെ ചെയ്യുന്നു.

മനുഷ്യസംസ്കാരം ആരംഭിച്ചതുമുതൽ തുടങ്ങിയതാണ് ഈ കഷ്ടപ്പാടുകൾ എന്നവസാനിക്കും എന്ന ചോദ്യം. വളരെ ന്യായമായ ചോദ്യം. ഈ ചോദ്യം മനുഷ്യൻ ആവർത്തിച്ച് പ്രപഞ്ചശിൽപികളോടും തത്വചിന്ത കരോടും ഒക്കെ ചോദിച്ചു. അവർ പല രൂപത്തിലും ഭാവത്തിലും മറുപടി പറഞ്ഞു. എന്നാലും ചോദ്യം ഇന്നും തുടരുന്നു. തത്വചിന്തകരുടെ മറുപടിയും തുടരുന്നു. കാരണം എന്താണെന്നോ, ഈ ചോദ്യം നാം നമ്മോട് ചോദിക്കേണ്ടതാണ്. മനുഷ്യന്റെ ഉള്ളിലെ അജ്ഞത, അഹന്ത, ദുരാഗ്രഹം, ദുശ്ശീലം കപടത, സ്വന്തമാക്കാനുള്ള ആഗ്രഹം എന്നിങ്ങനെയുള്ള അനേകം ദുർഭൂതങ്ങളെക്കുറിച്ച്  പല തത്വചിന്തകരും പലകാലഘട്ടങ്ങളിലും പറഞ്ഞിട്ടുണ്ട്. നാം ഇന്നും അവയെക്കെ പേറി നടക്കുന്നു. ഇത്തരം ദുർഭൂതങ്ങളെയാണ് മഗ്ദലനമറിയത്തിൽനിന്നും യേശു പുറത്താക്കിയത്. സുവിശേഷങ്ങളിൽ പരാമർശിച്ചിരിക്കുന്ന ദുർഭൂതങ്ങളും  ഇവതന്നെ. അല്ലാതെ ഭൂതം എന്ന മറ്റൊരു ജീവി നിലനിൽക്കുന്നില്ല. ഭൂതം മനുഷ്യമനസ്സിന്റെ ചിന്താഗതികളും ഭാവങ്ങളും (attitude) ഒക്കെയാണ്. അല്ലാതെ വാലും തലയും കൂർത്തപല്ലും നഖവുമുള്ള ഒരു ജീവിയല്ല. ഇതെല്ലാം മനുഷ്യമനസ്സിലെ ചിന്തകൾ ആണ്. മനുഷ്യമനസ്സിലെ ദുർചിന്തകൾക്കെല്ലാം ഈ രൂപഭാവങ്ങൾ ഉണ്ടെന്ന് സൂക്ഷ്മമായി നിരീക്ഷിച്ചാൽ മനസ്സിലാകും. ഈ ദുർഭൂതങ്ങളെ നാം അറിഞ്ഞോ അറിയാതെയോ ചുമക്കുന്നു. കഴുതയുടെ പുറത്തെ ഭാരം അതിന്റെ ഗുണമോ നന്മയോ ശ്രേഷ്ഠതയോ ഒന്നുമറിയാതെ കഴുത വഹിക്കുന്നു. അതിനാലാണ് കഴുതയെ വിഡ്ഢികളുടെ പ്രതിരൂപമായി കരുതുന്നത്. മനുഷ്യന്റെ അവസ്ഥയും ഇതിൽ നിന്നും വ്യത്യസ്ഥമല്ല. അതുകൊണ്ടാണ് മറിയത്തിന്റെ സുവിശേഷത്തിലെ യേശു പറയുന്നത് നാം നമ്മുടെ മൂലാവസ്ഥയിലേക്ക് തിരികെ വരണം, നാം നമ്മെത്തന്നെ വിശകലനം ചെയ്യണം എന്ന്. ഇതിന് മതവും മന്ത്രവാദവും ഒന്നും സഹായകമാകില്ല. അമേധ്യം കെട്ടിവച്ചാലും അമൃതം കെട്ടിവച്ചാലും ഒരേ ഭാവത്തിൽ ചുമക്കുന്ന കഴുതയുടെ അവസ്ഥ മാറ്റണം. ചുമക്കേണ്ടത് തെരഞ്ഞെടുക്കുവാനുള്ള വിവേകവും സ്വാതന്ത്ര്യവും നമുക്കുണ്ടാകണം. നമ്മുടെ ഉള്ളിലെ ദുർഭൂതങ്ങൾ എന്താണെന്ന് മനസ്സിലാക്കണം. എന്നിട്ട്

അവയെ പുറത്താക്കണം. സുവിശേഷത്തിൽ പരാമർശിക്കുന്ന ദുർഭൂതങ്ങൾ ദുർഗന്ധം വമിക്കുന്നവയാണ്. അവ തിന്മയുടെ ദുർഗന്ധം നിറഞ്ഞവയാണ്. ഈ ദുർഭൂതങ്ങളെ നാം അറിഞ്ഞോ അറിയാതെയോ ചുമന്നാൽ വഹിക്കുന്നവനെ ദുർഗന്ധം മണക്കും. ഇവിടെയാണ് വിശകലനവും വിവേകവും വിവേചനവും വേർതിരിവും ഒക്കെ വേണ്ടത്. ഈ ദുർഭൂതങ്ങളെ ഓരോന്നായി നമ്മുടെ ഉള്ളിൽ നിന്നും പുറത്തുകളഞ്ഞാൽ ഭാരം കുറയുന്നു, ദുർഗന്ധം ഇല്ലാതാകുന്നു. വഹിക്കുവാൻ ഭാരമില്ലാതെ വരുമ്പോൾ കിതച്ചും ചുമച്ചും ഉള്ള ഭാരച്ചുമടിന്റെ യാത്രയ്ക്കുപകരം സുഖം തേടിനടക്കുന്ന സഞ്ചാരിയുടെ യാത്രയായി മാറുന്നു. ദുർഭൂതങ്ങളെ വഹിക്കുന്നവന്റെ യാത്ര മോക്ഷയാത്രയായി മാറുന്നു. ദുർഗന്ധം വഹിക്കുന്ന കുഷ്ഠരോഗിയുടെ യാത്ര സുഖമായ യാത്രയായി മാറുന്നു.

ഇതാണ് സുവിശേഷത്തിൽ പറയുന്നത് നിന്റെ സ്വർഗയാത്രക്ക് തടസ്സം എന്താണോ അതിനെ ഇല്ലാതാക്കുക എന്ന്. ബന്ധങ്ങളിൽനിന്നും വിമുക്തരാകുക. അതുതന്നെയാണ് ബുദ്ധനും പറഞ്ഞത്, ബന്ധങ്ങൾ ദുഖത്തിലേക്ക് നയിക്കുന്നു. ഭാര്യ, ഭർത്താവ്, മക്കൾ, അപ്പൻ, അമ്മ, സ്വന്തം നാട്, സമുദായം, ചിന്താഗതി, സ്വന്തം മതം ഇതെല്ലാം കഴുതകളായ നാം വഹിക്കുന്ന ഭാരമേറിയ ചുമടുകളാണ്. ഇവയെ ഓരോന്നായി ഉപേക്ഷിക്കുമ്പോൾ വിസ്താരമേറിയ പുൽമേടിലെ കുതിരകൾ ആയി നാം മാറുന്നു. അതാണ് മറിയത്തിന്റെ സുവിശേഷം. തോമായുടെ സുവിശേഷത്തിലും ഇതുതന്നെ പറയുന്നു. അതിനാൽ ദുർഭൂതങ്ങളെ വഹിച്ച് വിഡ്ഢിയായി നീ കിതച്ച് വീഴണമോ? അതോ സൽഗുണങ്ങൾ നിറഞ്ഞ, കടിഞ്ഞാൺ ഇല്ലാത്ത, ഞരമ്പുകളിൽ പുതുരക്തം ത്രസിക്കുന്ന കുതിരയായി രൂപാന്തരം പ്രാപിക്കണമോ? ഇത് തീരുമാനിക്കേണ്ടത് നീ തന്നെ. നീ നിസ്സഹായൻ, കിതച്ച്, ചുമച്ച്, വിറച്ച് വീണെങ്കിൽ മാത്രമെ മതത്തിനും മന്ത്രത്തിനും മരുന്നിനുമൊക്കെ മോഹനവാഗ്ദാനങ്ങൾ നൽകി നിന്നെ ചൂഷണം ചെയ്യാൻ സാധിക്കുകയുള്ളു. നിന്റെ വഴി തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നിന്റേതാണ്. ജീവിതയാത്രയെ വളരെ ഭംഗിയായി ചിത്രീകരിച്ചിരിക്കുന്നത് നാം ദർശിക്കുന്നത് കുചേലന്റെ യാത്രയിലാണ്. എല്ലാം തികഞ്ഞ കൃഷ്ണനെ കാണുവാൻ പുലർകാലെ പുറപ്പെടുന്നു കുചേലൻ. യാത്രയുടെ മർമ്മഭാഗം കുചേലനും കൃഷ്ണനും തമ്മിലുള്ള ബന്ധത്തേക്കാൾ ഉപരി കുചേലന്റെ യാത്രയിലെ ഭാരം എന്താണ് എന്നതാണ്. ഭഗവാന്റെ പ്രിയഭക്ഷണം, അവിലും മലരും. ഇത് കുചേലനുള്ളതല്ല. വളരെ ഭാരം കുറഞ്ഞ പൊതിക്കെട്ട് എന്ന് മാത്രമല്ല ആ പൊതി ഭഗവാനുള്ളതുമാണ്. മറ്റൊന്ന് ഗുണചിന്തകൾ നിറഞ്ഞ പുസ്തകം. മൂന്നാമത്തേത് കുചേലന്റെ സ്വന്തം എന്ന് തോന്നിക്കുന്ന കീറിപ്പറിഞ്ഞ ഓലക്കുട. ആ കുട പോലും കുചേലന്റെ സ്വന്തമല്ല. കാരണം ആ ഓലക്കുടയ്ക്കുള്ളിൽ ഒളിച്ചിരിക്കുന്നത് ഭഗവാൻ ചെറുപ്പത്തിൽ ഒളിച്ചുവെച്ച മയിൽപ്പീലിയാണ്. ആ മയിൽപ്പീലി

ക്കണ്ണിലൂടെ എപ്പോഴും ഭഗവാൻ തന്റെ ബാല്യകാലസതീർത്ഥ്യനെ നോക്കിക്കാണുന്നു. ഇതിലും വലിയ ഭാഗ്യം ആർക്കുണ്ട്?.നമ്മുടെ ജീവിതയാത്രയും കുചേലന്റെ യാത്രയാക്കാൻ സാധിച്ചാൽ! അതാണ് എഴുന്നേറ്റ് മുന്നോട്ടു നടക്കുക എന്ന ആഹ്വാനം കൊണ്ടുദ്ദേശിക്കുന്നത്. കുചേലൻ തന്റെ ദാരിദ്ര്യത്തിന്റെ കഥ പറയുവാനല്ല കൃഷ്ണനെ കാണുവാൻ പോകുന്നത്. കല്ലും മണലും ഉണ്ടെങ്കിലും ആർത്തിയോടെ തന്റെ അവിലും മലരും വാരിത്തിന്നുന്ന ഉണ്ണിക്കണ്ണനെ കാണുവാനാണ്. ഈ കൃഷണനെ ചരിത്രപുരുഷനായി ഗവേഷണം നടത്തുമ്പോൾ ഭഗവാന്റെ ദൂത് നമുക്ക് നഷ്ടപ്പെടും. കൃഷ്ണന്റെ ചരിത്രം ഉൽപ്രേക്ഷയിൽ കണ്ടെത്താൻ സാധിച്ചാൽ നമ്മുടെ ജീവിതയാത്രയുടെ അർത്ഥം മനസ്സിലാകും. അതുതന്നെയാണ് ബുദ്ധന്റെ ഹീനയാനയും മഹായാനവും.

ജൈനമതവും ബുദ്ധമതവും ആരംഭഘട്ടത്തിൽ സന്യാസജീവിതത്തിന് പ്രാമുഖ്യം കൊടുത്തിരുന്നു. ലോകത്തെ ഉപേക്ഷിച്ച് ലോകബന്ധങ്ങളിൽ നിന്നും മോചനം പ്രാപിച്ച് നിർവ്വാണം പ്രാപിക്കുന്ന അവസ്ഥ. ഇത് B.C.E. 563-483 കാലഘട്ടത്തിൽ. B.C.E. 1-.C.E. 300 കാലഘട്ടത്തിൽ ഇന്ത്യയുടെ തെക്ക്-വടക്ക് ഭാഗത്ത് ഇതിൽനിന്നും വേറൊരു തത്വമതം ഉദ്ഭവിച്ചു, അതാണ് ക്രിസ്തുമതം. ബുദ്ധമതത്തിന്റെ മറ്റൊരു നാമമാണ് തേറാവാട (പരിശുദ്ധൻമാരുടെ വാക്കുകൾ). മറ്റൊരുപേര് ഹീനയാന (ഒരു ചെറിയ വള്ളത്തിൽ തനിയെയുള്ള യാത്ര). അതാണ് പാലസ്തീനിൽ ക്രിസ്ത്വബ്ദം ആദ്യഘട്ടത്തിൽ ഉണ്ടായ ജ്ഞാനവാദികളും യേശുപ്രസ്ഥാനങ്ങളും. ഈ പ്രസ്ഥാനത്തിലെ അവശേഷിക്കുന്ന രണ്ട് സുവിശേഷങ്ങൾ ആണ് മറിയത്തിന്റെയും തോമായുടെയും. തിരിച്ച് കുചേലനിലേക്കു വരിക (കുചേലൻ = ദരിദ്രൻ). ഈ കുചേലൻ എല്ലാം തികഞ്ഞ സഹപാഠിയെ കാണുവാൻ പോകുന്നത് ധനികനാകുവാനല്ല. കുചേലനെ സംബന്ധിച്ചിടത്തോളം ദരിദ്രാവസ്ഥയും ദാരിദ്ര്യം ഇല്ലാത്ത അവസ്ഥയും തമ്മിൽ വ്യത്യാസമില്ല. ഇത് വളരെ സൂക്ഷ്മമായി മനസ്സിലാക്കേണ്ട ഒരു തത്വമാണ്. സ്വച്ഛത (tranquility) നേടുന്ന അവസ്ഥ. ദാരിദ്ര്യവും സമ്പത്തും തമ്മിൽ വ്യത്യാസം ഇല്ലാത്ത അവസ്ഥ, സുഖവും ദുഃഖവും തമ്മിൽ വ്യത്യാസം ഇല്ലാത്ത അവസ്ഥ, വൈരുദ്ധ്യങ്ങളെ ഒന്നായി കാണുന്ന അവസ്ഥ, എല്ലാത്തിനെയും നിർമ്മമതയോടെ കാണുന്ന അവസ്ഥ. സ്വാർത്ഥത തെല്ലുമില്ലാതെ എല്ലാത്തിനെയും നിസ്വാർത്ഥതയോടെ കാണുന്ന അവസ്ഥ. അപ്പോൾ ലോകത്തിലെ ദുഃഖവും (നിർവ്വാണ) ആനന്ദമൂർച്ഛയും തമ്മിൽ വ്യത്യാസമില്ല, രണ്ടും ഒന്നുതന്നെ എന്ന അവസ്ഥ. അതാണ് യോഗികൾ ചുട്ടുപഴുത്ത കനലിലൂടെ നടക്കുകയും കൂർത്ത ആണികളിൽ കിടക്കുകയും ഒക്കെ ചെയ്യുന്നത്. അതായത് സുഖദുഃഖങ്ങൾ ഒന്നായി മൂർത്തീകരണം ഉണ്ടാകുന്ന അവസ്ഥയാണ് ലോകജീവിതം. അതിനെ മനസ്സിലാക്കുന്നത് നിർവ്വാണം. ഇതാണ് ബുദ്ധചിന്ത. സ്വമനസ്സാൽ കുരിശുമരണം നടത്തുന്ന അവസ്ഥ.

യേശുവിനെ 40 ദിവസത്തെ ഉപവാസത്തിനുശേഷം പരീക്ഷിക്കുന്ന സാത്താൻ ചെയ്യുന്നത് ഈ ബുദ്ധാവസ്ഥയെ വൈരുദ്ധ്യമായി കാണുവാൻ പ്രേരിപ്പിക്കുകയാണ്. സാത്താൻ എന്നാൽ വിരുദ്ധത ഉണ്ടാക്കുക എന്നർത്ഥം. ആഗ്രഹങ്ങളിൽനിന്നും ഭയത്തിൽനിന്നും മുക്തി നേടിയ യേശുവിനെ തിരികെ പോകുവാൻ പ്രേരിപ്പിക്കുകയാണ് സാത്താൻ. ഇതുതന്നെയാണ് കാമൻ ബുദ്ധനോടും ചെയ്യുന്നത്. ആഗ്രഹം, പ്രതിപത്തി, മോഹം, സുഖം, ആനന്ദം ഇവയെയെല്ലാം പതിനിധീകരിക്കുന്നു കാമൻ. ഈ കാമൻ സുന്ദരിമാരായ തന്റെ മൂന്നു പുത്രികളെ ബുദ്ധന്റെ അടുക്കൽ കൊണ്ടുവരുന്നു അവരുടെ പേരാണ് മോഹം, സംതൃപ്തി, കുറ്റബോധം അല്ലെങ്കിൽ ഭൂതം, വർത്തമാനം, ഭാവി. മോഹം താല്ക്കാലികസംതൃപ്തി നൽകുന്നു പിന്നീട് കുറ്റബോധത്തിലേക്ക് നയിക്കുന്നു. എന്നാൽ ബുദ്ധന് ഇവരെ കണ്ടിട്ട് യാതൊരു ചലനവും ഉണ്ടാകുന്നില്ല. കാരണം ഭൗതികശാരീരികാവസ്ഥയിൽനിന്നും ബുദ്ധൻ വിടുതൽ പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. ദുഃഖിതനായ കാമൻ മാരനായി രൂപാന്തരം പ്രാപിക്കുകയാണ്. മരണത്തിന്റെ ദൈവം. എന്നിട്ട് മാരകമായ അനേകം ആയുധങ്ങൾ കൊണ്ട് ബുദ്ധനെ ആക്രമിക്കുന്നു. പക്ഷേ ഈ ആക്രമണം കൊണ്ട് യാതൊരു പ്രയോജനവുമില്ല. കാരണം ബുദ്ധന്റെ ശാരീരികസാന്നിദ്ധ്യം അവിടെയില്ല. ഭൗതികാവസ്ഥയിൽനിന്നും ബുദ്ധൻ മുക്തി പ്രാപിച്ചുകഴിഞ്ഞു. അതുകൊണ്ട് മാരന്റെ ആയുധങ്ങൾ താമരപ്പൂക്കളായി മാറുകയാണ്. ബുദ്ധൻ രൂപാന്തരം പ്രാപിച്ച അവസ്ഥ. ഈ അവസ്ഥയാണ് യേശുവിന്റെ ഉയിർപ്പ് കഥയിലും കാണുന്നത്. ഉയർത്തയേശുവിനെ ഭൗതികമായി തൊടാൻ ശ്രമിച്ച മറിയത്തെ വിലക്കുന്നതും അതാണ്. കാരണം ഭൗതിക ഉദ്ധാരണമല്ല, ഒന്നുമല്ലാത്ത അവസ്ഥ (noneity) അല്ല,. ശൂന്യതയല്ല മായാവസ്ഥ. കിഴക്കൻ തത്ത്വശാസ്ത്രത്തിന്റെ സാരാംശം മനസ്സിലാക്കാതെ പൗരസ്ത്യർ ബുദ്ധനെ അനുകരിച്ച് കഥ മെനഞ്ഞെടുത്തതിനാലാണ് യേശുവിന്റെ ഉയിർപ്പിന്റെ സന്ദേശവും സാരാംശവും ഇന്ന് മനസ്സിലാക്കാനാവാത്തത്. ബുദ്ധനെ പരീക്ഷിച്ച് പരാജയമടഞ്ഞ മാരൻ (കാമൻ) ആണ് പീന്നീട് ക്രിസ്തീയധർമ്മമായി രൂപാന്തരം പ്രാപിക്കുന്നത്. ഈ ബുദ്ധാവസ്ഥ പഠിപ്പിക്കാവുന്ന ഒരു തന്ത്രമല്ല. സ്വയം അനുഭവത്തിലൂടെ ആർജ്ജിക്കേണ്ടതായ ഒരു ജീവിതരീതിയാണ്. ആദിമക്രിസ്തുമതവും ഇതേരീതിയിൽ തുടങ്ങിയതാണ്. വിശ്വാസങ്ങളും ആചാരങ്ങളുമായിരുന്നില്ല, ഒരു ജീവിതരീതി (a way of life) ആയിരുന്നു യേശു പ്രസ്ഥാനങ്ങൾ (jesus movement). യേശുപ്രസ്ഥാനങ്ങൾ പിന്നീട് മാരന്റെ പ്രേരണയാൽ ഒരു സാമൂഹികധർമ്മമായി മാറി, മതത്തിന്റെ അനുഷ്ഠാനവും, കുദാശകളും നിബന്ധനകളുമായി. ക്രിസ്തുമതം രൂപം കൊണ്ടു. അങ്ങനെ സത്യാന്വേഷണജീവിതരീതി വിട്ട് നിയമത്തിന്റെയും ആചാരാനുഷ്ഠാനങ്ങളുടെയും വലയിൽ വിണു. മാരന്റെ ഈ മരണപാശങ്ങളിൽനിന്നും മോചനം നേടാൻ സ്വയം എഴുന്നേറ്റ് മുന്നോട്ടു നടക്കണം. സർവ്വജ്ഞപീഠത്തിലേക്ക് ഒരുവനെ നയിക്കാം. പക്ഷേ സ്വയം ചിന്തിപ്പിക്കാൻ ഒരു തത്വശാസ്ത്രത്തിനും സാധിക്കില്ല.

ഇന്ദ്രനും ബ്രഹ്മാവും ബുദ്ധന്റെ അടുക്കൽ ഇറങ്ങിവന്ന് മനുഷ്യവർഗ്ഗത്തിന് രക്ഷ പഠിപ്പിച്ചു കൊടുക്കാൻ ആവശ്യപ്പെടുകയാണ്. മറുരൂപം പ്രാപിച്ച യേശുവിന്റെ അടുക്കൽ മോശയും ഏലിയാവും എത്തുന്ന കഥയും ഇതുതന്നെ. ബുദ്ധൻ പറഞ്ഞു, ബുദ്ധാവസ്ഥ പഠിപ്പിക്കാൻ സാധിക്കില്ല, പക്ഷെ അത് പ്രാപിക്കാനുള്ള മാർഗ്ഗം (യാത്ര) പറഞ്ഞുകൊടുക്കാം. അതിനാലാണ് ബുദ്ധമതത്തെ യാത്ര എന്ന് വിളിക്കുന്നത്. സുഖദുഃഖങ്ങളുടെ തീരത്തുനിന്നും മോഹങ്ങളുടെയും മോഹഭംഗങ്ങളുടേയും തീരത്തുനിന്നും നഷ്ടങ്ങളുടെയും ലാഭങ്ങളുടേയും തീരത്തുനിന്നും ഭയത്തിന്റെയും രോഗത്തിന്റെയും തീരത്തുനിന്നും ഞാൻ, നീ എന്ന ഭാവങ്ങളുടെ തീരത്തുനിന്നും എഴുന്നേറ്റ് മുന്നോട്ടു പോകുന്ന അവസ്ഥ. അക്കരയ്ക്ക് പോകുന്ന സിയോൻ സഞ്ചാരിയുടെ യാത്ര, പരദേശി മോക്ഷയാത്ര, ലോക വൈരുദ്ധ്യങ്ങളിൽ നിന്നും പ്രപഞ്ചത്തിന്റെ ഏകത്വമായ നിശ്ചലതയിലേക്കുള്ള യാത്ര. ഇതാണ് യേശു പറഞ്ഞത്, സർവ്വവും ഉപേക്ഷിച്ചു എന്റെ പിന്നാലെ വരിക എന്ന്. കലപ്പയിൽ കൈവെച്ചിട്ട് തിരികെ നോക്കുന്നവൻ സ്വർഗയാത്രക്ക് യോജിച്ചവനല്ല. നാം മുന്നോട്ട് 'പോകുന്നു' പുതിയതീരങ്ങൾ, പുതിയകാഴ്ചകൾ പുതിയമനുഷ്യർ ആർക്കും പ്രത്യേകിച്ച് ഒന്നും തന്നെ ചെയ്യുവാനില്ല. ഇത്രനാളും അറിഞ്ഞിട്ടില്ലാത്ത ഒരു പുതിയസുഖം തോന്നുന്നു. തീരംപറ്റി. ഇനി എന്തു ചെയ്യാൻ? ഏകാന്തമായ ഏതോ സന്യാസിമഠം, ജപം, രുദ്രാക്ഷം, കൊന്ത. ജീവിതത്തിന്റെ ഭാരം എവിടെയോ പോയി മറഞ്ഞു. ഭാവിയെക്കുറിച്ചുള്ള ആകാംക്ഷയോ ഭയമോ തെല്ലുമില്ല. തന്നോടുകൂടെ പോരാതെ അക്കരെ നിന്നവർ എന്തു വിഡ്ഢികൾ എന്നുതോന്നും അപ്പോൾ. ഇവിടെ, ഒന്നുമില്ലാത്ത അവസ്ഥയിലേക്കു രൂപാന്തരം പ്രാപിക്കയാണ്. ഇവിടെ സുഖദുഃഖങ്ങളില്ല, വൈരുദ്ധ്യത ഇല്ല, എല്ലാം ഒരുപോലെ. എല്ലാം മായ. ഇതാണ് തോമായുടെ സുവിശേഷം പറയുന്നത്. പിതാവിന്റെ രാജ്യം ഭൂമിയിൽ നിരന്നുനിറഞ്ഞിരിക്കുന്നു. മനുഷ്യർ അതു കാണുന്നില്ല. നിന്റെ ഉള്ളിലെ സ്വർഗരാജ്യം നീ കാണുമ്പോൾ അതിന് പരിധികളില്ല എന്ന് മനസ്സിലാകും. അതു നിന്റെ ഉള്ളിൽ മാത്രം നില്കാതെ പരന്നുവിസ്താരമായി മറ്റുള്ളവനിലെ സ്വർഗരാജ്യവുമായി ലയിക്കുന്നു, വെള്ളത്തിൽ കലരുന്ന ഉപ്പ് പോലെ. അപ്പോൾ നീ ഇല്ല, ഞാൻ ഇല്ല. എല്ലാം പരബ്രഹ്മത്തിൽ ലയിച്ച് ഒന്നായിരിക്കുന്നു. (അനാത്മൻ). ഞാൻ എന്ന ഭാവം ഇല്ലാത്ത അവസ്ഥ. ഒന്നുമില്ലാത്ത അവസ്ഥ. ഇതിനെയാണ് ബുദ്ധനും മഹാസുഖം എന്നുവിളിക്കുന്നത്. ഒന്നുമില്ലായ്മയിൽനിന്നും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഒന്നുമില്ലായ്മയിലേക്ക് തിരികെ പോകുന്ന അവസ്ഥ. അതാണ് മറിയത്തിന്റെ സുവിശേഷത്തിൽ ആദ്യം പറഞ്ഞത്, അടിസ്ഥാനാവസ്ഥയിലേക്ക് തിരികെ പോകണം എന്ന്. സ്വർഗരാജ്യം കടുകുമണിയോടു സദൃശ്യം എന്നുപറയുന്നത് ഈ അർത്ഥത്തിലാണ്. ഉള്ളിലെ കടുകുമണിക്കു സമമായ സ്വർഗരാജ്യം വളർന്ന് പടർന്ന് പന്തലിക്കണം. അപ്പോൾ ലോകത്തെ അവസ്ഥാവി

ശേഷതകളെ മറ്റുള്ളവരുമായി പങ്കിട്ട് ജീവിക്കാൻ സാധിക്കും. രോഗികളെ ശുശ്രൂഷിക്കുക, ശുശ്രൂഷിക്കാനുള്ള അവസരം ഉണ്ടാകുക. നഗ്നനെ ഉടുപ്പിക്കുക, വിശക്കുന്നവന് ആഹാരം കൊടുക്കുക; ഇതിലും വലിയ ധാർമ്മികശാസ്ത്രം ഒന്നും തന്നെയില്ല. ദൈവം മനുഷ്യവർഗ്ഗത്തിന്റെ മാത്രമല്ല എല്ലാ ചരാചരങ്ങളുടെയും പിതാവാണ്. മനുഷ്യരും, മൃഗങ്ങളും സസ്യങ്ങളും എന്നുവേണ്ട സകലചരാചരങ്ങളും പ്രകൃതിയും സഹോദരങ്ങൾ ആണെന്ന ബോധം ആ ചിന്ത ഉളവാകുമ്പോൾ കൊള്ളയും കൊലയും ഇല്ലാതെയാകും. ദാരിദ്ര്യവും പട്ടിണിയും ഇല്ലാതെയാകും. കാമന്റെ അമ്പുകൾ താമരപ്പൂക്കളായി മാറും. എനിക്കു മാത്രമല്ല എല്ലാവർക്കും ഒരുപോലെ ആശ്വസിക്കുവാനുള്ളതാണ്. ഈ ലോകം എന്നുമനസ്സിലാകും. ഇതാണ് ഭോഗയോഗം. ഇതാണ് T.S.Eliot, The Cocktail Party.-യിൽ പറയുന്നത്. ആദിമനൂറ്റാണ്ടുകളിൽ ഗ്രീക്കുകാരും പിന്നീട് യേശുമതക്കാരും ഇതിനെ സ്നേഹവിരുന്ന് എന്ന പേരിൽ അനുഷ്ഠിച്ചിരുന്നു. ഇതാണ് പിന്നീട് ക്രിസ്തുസഭയിൽ 'കുർബ്ബാന അനുഭവം' ആയി മാറിയത്. അത് കൊണ്ടാണിതിനെ രഹസ്യം എന്നു വിളിക്കുന്നത്. യിസ്രയേൽ ജനത്തിന് കിട്ടിയ സ്വർഗീയമന്ന. അത് സ്വന്തമായി കൂട്ടിവയ്ക്കുവാൻ സാധിക്കില്ലായിരുന്നു. കൂടുതൽ പെരുകിയവനും കുറച്ചുപെരുകിയവനും ഒരേ അളവിൽ അനുഭവിക്കുന്ന മന്ന അതായത് ലോകത്തിലെ അവസ്ഥാവിശേഷങ്ങൾ എല്ലാം എല്ലാവരും ഒരുപോലെ പങ്കിട്ടെടുക്കണം എന്നർത്ഥം. അതിന്റെ രൂപാന്തരം പ്രാപിച്ച ആചാരമാണ് ക്രിസ്തുമതത്തിലെ കുർബാന അർപ്പണം. ലോകരക്ഷക്കായി സ്വയം ബലിയായ യേശുവിന്റെ ഓർമ്മ. എന്റെ ഓർമ്മക്കായി ഇപ്രകാരം ചെയ്യുവിൻ എന്നത് അക്ഷരാർത്ഥത്തിൽ ക്രിസ്തുമതം ആവർത്തിച്ചപ്പോൾ യാഥാർത്ഥ്യത്തിൽ നിന്നും വളരെയേറെ വ്യതിചലിച്ചു. മുന്നിൽ പീഢനവും കുരിശുമരണവും കണക്കാക്കി യേശു പറയുന്നു, എന്റെ ഇഷ്ടമല്ല പിതാവിന്റെ ഇഷ്ടം നടക്കട്ടെ. ഞാൻ എന്ന ഭാവത്തിനല്ല സ്ഥാനം. സ്വമനസ്സാൽ കഷ്ടപ്പാട് ഏറ്റെടുക്കുന്നു. അവിടെ സുഖവും ദുഃഖവും തമ്മിൽ വൈരുദ്ധ്യമില്ല; സുഖദുഃഖങ്ങളിൽ നിന്നുള്ള പൂർണ്ണമോചനം. പൂർണ്ണമായ സമർപ്പണം. ഇവിടെ യേശു ബുദ്ധാവസ്ഥയിൽ എത്തിയിരിക്കയാണ്. മാരന്റെ അക്രമണം സുഖമുള്ള പുഷ്പങ്ങളായി മാറുകയാണ്. വേദനയെ സഹിക്കുക അല്ല. വേദനയും സുഖവും തമ്മിൽ വ്യത്യാസം ഇല്ലാത്ത അവസ്ഥ. സുവിശേഷം എഴുതിയവർക്ക് ബുദ്ധതത്വം അറിവില്ലാതിരുന്നതിനാലാണ് അവയെ യേശുവിന്റെ പീഢാനുഭവം ആയി എഴുതിയത്. അത് സ്വയം ഏറ്റുവാങ്ങിയ കാസ; സന്തോഷത്തോടെയുള്ള സഹകരണം.

ലോകം സുഖദുഃഖങ്ങൾ നിറഞ്ഞതാണ് അതിനെ അതിന്റെ മൂലാവസ്ഥയിൽ മനസ്സിലാക്കുമ്പോൾ പണക്കാരനോട് വെറുപ്പോ ശത്രുക്കളോട് വിദ്വേഷമോ തോന്നുകയില്ല. കാൽവറിയിലേക്ക് സന്തോഷത്തോടെ നടന്നു

നിങ്ങുന്ന അവസ്ഥ. അവിടെ ഭയമില്ല, വേദനകളില്ല. എന്റെ ആത്മാവ് എന്റേതല്ല; ഞാൻ പരബ്രഹ്മത്തിന്റെ ഭാഗം മാത്രമാണ്. യെഹൂദന്റെ രാജാവ് ആകാനെനിക്കാഗ്രഹമില്ല. ഞാൻ ഒന്നുമല്ലാത്ത അവസ്ഥയിൽ ആകുന്നു. ഇതാണ് കുരിശുമരണം കൊണ്ടുദ്ദേശിക്കുന്നത്. ഇവിടെ ചരിത്രം അല്ല വിവക്ഷ, കുരിശുമരണത്തിന്റെ സാരാംശമാണ്. ഇതാണ് ആദിമസഭയിലെ രക്തസാക്ഷികൾ (സഹദേന്മാർ) ചെയ്തത്. സന്തോഷത്തോടെ പീഢ അനുഭവിക്കുന്ന അവസ്ഥ. യുദ്ധത്തിനുമുൻപ് പടയാളിയെ യുദ്ധത്തിന് ഒരുക്കുന്ന തന്ത്രം. കാഹളം ഊതി അവന്റെ സിരകളെ ത്രസിപ്പിക്കുന്നു. അവൻ മറ്റൊരു ലോകത്തിന്റെ അനുഭൂതിയിലേക്ക് നയിക്കപ്പെടുന്നു. മുറിവിന്റെയോ മരണത്തിന്റേയോ ഭയമില്ലാതെ മുന്നോട്ടുകുതിക്കുന്നു. ഇതാണ് മഹായാനമാർഗ്ഗം. വേദനയെ സന്തോഷത്തോടെ ഏറ്റെടുക്കുക. സ്വയം മറക്കുന്നു. അതാണ് യേശു സാത്താനോടു 'എന്നെ വിട്ടുപോ', എന്നുപറയുന്നത്. ഇവിടെ വിശപ്പില്ല ജഡികമോഹമില്ല. പകരം മായ എന്ന അവസ്ഥയിൽ എത്തിക്കഴിഞ്ഞു.

ഇവ രണ്ടും മുന്നോട്ടുള്ള യാത്രകളാണ്. രണ്ട് മാർഗ്ഗങ്ങളിലൂടെയുള്ള യാത്ര. ഇത്തരം മാർഗ്ഗങ്ങൾ അനേകമുണ്ട്. എന്നാൽ ഈ യാത്ര യിസ്രയേൽക്കാർ മരുഭൂമിയിൽ 40 വർഷം കറങ്ങി നടന്നതുപോലെ വട്ടത്തിൽ കറങ്ങുന്ന യാത്രയല്ല. എഴുന്നേറ്റ് മുന്നോട്ടുനടക്കുന്ന യാത്രയാണത്. അപ്പോൾ മത്തായിയുടെ സുവിശേഷത്തിലെ ഗിരിപ്രഭാഷണത്തിൽ (5:310) ഭാഗ്യവാന്മാർ എന്നതിനുപകരം 'എഴുന്നേറ്റ് മുന്നോട്ടുനടക്കുന്നവർ' എന്ന് തിരുത്തി വായിക്കേണ്ടി വരും. അപ്പോൾ എഴുന്നേറ്റ് മുന്നോട്ടുനടക്കുന്നവർ ആത്മാവിൽ ദരിദ്രരായവർ (ഭാഗ്യവാന്മാർ); അവർക്ക് സ്വർഗരാജ്യം കൈക്കലാക്കാം എന്ന് വായിക്കാം. അതല്ല, സാധാരണ തർജ്ജമപ്രകാരം വായിച്ചാൽ മലമുകളിലെ പ്രഭാഷണം പഴയവാഗ്ദാനം മാത്രമായി മാറും. മാത്രമല്ല ദുഖവും പ്രയാസവും വിശപ്പും ഒക്കെ പിന്നീട് ഭാഗ്യം തരുന്ന പൊള്ളയായ വാഗ്ദാനമായി മാറുന്നു. എന്നാൽ എഴുന്നേറ്റ് മുന്നോട്ടുനടക്കുക എന്നത് ശക്തമായ ഒരു നിർദ്ദേശം, കല്പനയായി മാറുന്നു. ഇതാണ് യഥാർത്ഥത്തിൽ യേശുവിന്റെ പുതിയനിയമം, കൽപന. ഇല്ലായ്മ (ദാരിദ്ര്യം) ഉള്ളപ്പോഴാണ് കൂടുതൽ ആഗ്രഹിക്കുന്നത്. എല്ലാം തികഞ്ഞിരുന്നാൽ കൂടുതൽ ആഗ്രഹിക്കുന്നില്ല. അതിനാൽ ആത്മാവിൽ ദാരിദ്ര്യം ഉണ്ടാകുമ്പോൾ ആത്മാവിനുവേണ്ടി കൂടുതൽ ആഗ്രഹിക്കുന്നു. അപ്പോൾ അതിനുവേണ്ടി എഴുന്നേറ്റ് നടക്കുന്നു. കൂടുതൽ കൂടുതൽ ആത്മാവിനെ പ്രാപിക്കുന്നു. അതാണ് അവൻ വിശപ്പുള്ളവരെ തൃപ്തിപ്പെടുത്തുകയും സമ്പന്നന്മാരെ വെറുതെ അയയ്ക്കുകയും ചെയ്യുന്നു എന്നെഴുതിയിരിക്കുന്നത്. അതിനാൽ ഞാൻ രക്ഷിക്കപ്പെട്ടവനാണ്, ഞാൻ ക്രിസ്തുവിന്റെ സഭയിലെ അംഗമാണ്, ഞാൻ അപ്പോസ്തോലപിന്തുടർച്ചയുള്ളവനാണ് എന്നിങ്ങനെയുള്ള പൊള്ളയായ ചിന്തയിൽ പൂർണ്ണനായി സംതൃപ്തനായിരുന്നാൽ ദൈവം തെരഞ്ഞെടുത്ത ജനം എന്ന ധാരണയിൽ 40 വർഷങ്ങൾ ഏതാനും

മൈലിനുള്ളിൽ വട്ടംകറങ്ങിയ യെഹൂദജനത്തിന് തുല്യരാകും. ഒരിക്കലും വാഗ്ദാത്തനാട് കാണുകയില്ല. പകരം ആർത്തിയോടെ സ്വർഗരാജ്യത്തെ അന്വേഷിക്കണം. പരിശുദ്ധ സിംഹാസനങ്ങളിൽനിന്നും എഴുന്നേറ്റ് മുന്നോട്ടു നടക്കണം. അപ്പോൾ സഭയിൽ നന്മ വരും. സമാധാനം വരും. പള്ളിപൂട്ടി ക്കലും തുറക്കലും നിൽക്കും. സഭയിലെ സമാധാനം സമൂഹത്തിലേക്ക് പടർന്ന് പന്തലിക്കും. അതാണ് സ്വർഗരാജ്യം; ദരിദ്രന്റെ ആർത്തിയോടെ എഴുന്നേറ്റുള്ള മുന്നോട്ട് നടക്കൽ

ഇതിന് മറ്റൊരർത്ഥം കൂടിയുണ്ട്. ദരിദ്രനായവൻ അവന്റെ ജന്മത്തെയും വിധിയെയും പഴി പറഞ്ഞ്, രാഷ്ടീയക്കാരെയും അയൽക്കാരെയും പഴിപറഞ്ഞ് വട്ടത്തിൽ കറങ്ങുന്നതിനു പകരം സ്വയമെഴുന്നേറ്റ് മുന്നോട്ടു നടക്കുക. മുന്നോട്ടുനടക്കുന്നവന്റെ കൂടെ നടക്കാൻ പലരും വരും. പുറകോട്ടുനടക്കുന്നവന്റെയൊ വട്ടത്തിൽ കറങ്ങുന്നവന്റെയൊ കൂടെ ആര് വരാൻ?

ദുഖിച്ചിരിക്കുന്നവൻ ആ അവസ്ഥയിൽ നിന്നും എഴുന്നേറ്റ് മുന്നോട്ടു നടക്കണം. മുൻപ് പറഞ്ഞതുപോലെ ദുഖങ്ങൾ (ശാരീരികം, ആത്മീയം) കൊണ്ട് തളരാതെ, ആ അവസ്ഥയ്ക്ക് വിധിയെ പഴിചാരാതെ മുന്നോട്ടു നീങ്ങുക. ആത്മീയപോഷണത്തിലൂടെ ദുഖത്തെ നിർമ്മാർജനം ചെയ്യുക. സൗമ്യതയുള്ളവൻ എഴുന്നേറ്റ് മുന്നോട്ടുനടന്ന് അവരുടെ സൗമ്യതയെ മറ്റുള്ളവർക്ക് പകരുക. അപ്പോൾ അവരിൽ വളരുന്ന സൗമ്യത നിങ്ങളുടെ സ്വന്തം ലോകവും അതിലുള്ളതും സ്വന്തമാക്കാൻ ശ്രമിക്കുന്നു. വൻരാജ്യശക്തികൾ ഇത് മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു! ബോംബുകൾക്ക് പകരം സൗമ്യത പകർന്നാൽ അതാണ് സൃഷ്ടിപര മായയുദ്ധം അഥവാ പരിശുദ്ധയുദ്ധം (holy war). ആയുധങ്ങളുപയോഗിച്ച് ഭൂമിയെ സ്വന്തമാക്കാൻ ശ്രമിക്കുന്നത് പൈശാചികമാണ്.

നീതിക്കായി വിശന്നുദാഹിക്കുന്നവർ എഴുന്നേറ്റ് അതിനു വേണ്ടി പ്രവർത്തിക്കുക. സ്വന്തത്തോട് നീതി പുലർത്തുക, അത് മറ്റുള്ളവരിലേക്ക് പകരുക. നമ്മിൽ നിന്നും ഉത്ഭവിച്ച നീതിയും നന്മയും മറ്റുള്ളവരിൽ പകർന്ന്, പടർന്ന് വളരുമ്പോൾ നമുക്ക് തൃപ്തി വരും. കരുണയുള്ളവർ എഴുന്നേറ്റ് മുന്നോട്ട് നടന്ന് അവരിലെ കരുണ മറ്റുള്ളവർക്ക് മാതൃകയാക്കി മാറ്റുക. കരുണ നിസ്വാർത്ഥകർമ്മം ആയതിനാൽ അതിന് പ്രതിഫലം വേണ്ടാത്ത താകുന്നു. കരുണ ഒരു നാമമല്ല, കർമ്മമാണ്. അതിൽത്തന്നെ പ്രതിഫലം നിറഞ്ഞിരിക്കുന്നു.

ഹൃദയശുദ്ധിയുള്ളവർ മുന്നോട്ട് നീങ്ങി അവരിലെ നന്മ ലോകത്തി ലേക്ക് പകരുക. സർവ്വലോകനന്മയ്ക്കായി ഭൂമിയുടെ മദ്ധ്യത്തിൽ നാട്ടിയ മരം എന്ന പ്രയോഗത്തിന്റെ സാരാംശം അതാണ്. ഇത് പീഢനത്തിന്റെയോ കുറ്റാരോപണത്തിന്റെയോ മരമല്ല, ബുദ്ധന്റെ ബോധജ്ഞാനത്തിന്റെ

മരമാണ്. ഇത് നന്മ മാത്രം വിളിച്ചറിയിക്കുന്നു. ആ നന്മയിലൂടെ, ബോധ ജ്ഞാനത്തിലൂടെ ദൈവികമായ നിർവാണാവസ്ഥ നേടുന്നു.

സമാധാനം കാംക്ഷിക്കുന്നവർ സമാധാനത്തിന്റെ ദൂതുമായി മുൻപോട്ട് നീങ്ങുമ്പോൾ ലോകം സമാധാനത്തിലേക്ക് നീങ്ങുന്നു. മനുഷ്യരെല്ലാവരും ദൈവത്തിന്റെ പുത്രന്മാരും നാമെല്ലാം സഹോദരങ്ങളും ആണെന്ന് മനസ്സിലാകുന്നു.

നീതി നടത്തുന്നതിന്റെ പേരിൽ, ലോകസമാധാനത്തിനുവേണ്ടി പരിശ്രമിക്കുന്നതിന്റെ പേരിൽ, പട്ടിണിക്കാരന്റെ പട്ടിണി മാറ്റാൻ ശ്രമിക്കുന്നതിന്റെ പേരിൽ നിങ്ങൾ പീഡിപ്പിക്കപ്പെടുന്നുവെങ്കിൽ നിരാശരാകാതെ മുന്നോട്ട് തന്നെ നീങ്ങുക. നിങ്ങളുടെ പ്രതിഫലം മറ്റുള്ളവരിൽ നിന്നുള്ള പ്രതികരണം അല്ല. നിങ്ങളുടെ പ്രതിഫലം നിങ്ങളുടെ പ്രവൃത്തികളിൽത്തന്നെ അടങ്ങിയിരിക്കുന്നു. നീതി നിമിത്തം നിങ്ങൾ പീഡിപ്പിക്കപ്പെടുമ്പോൾ, 'പിതാവേ അവരോട് നീ ക്ഷമിക്കേണമേ' എന്ന പ്രാർത്ഥനയോടെ മുന്നോട്ട് പോകുക. എന്നാൽ മതപീഡനത്തിന്റെ പേര് പറഞ്ഞ് പിക്കറ്റിങ് നടത്തുന്നതിന്റെ ഫലമായുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഈ നീതിപീഡനത്തോട് ബന്ധമില്ല. സഭയ്ക്കുവേണ്ടി അടിയും ഇടിയും സന്തോഷത്തോടെ വാങ്ങുന്നവനു ലഭിക്കുന്നത് വിഡ്ഢികളുടെ സ്വർഗം മാത്രം. ക്രിസ്തുവിന്റെ മണവാട്ടിയാകുന്ന സഭയെ ക്രിസ്തു പരിരക്ഷിക്കട്ടെ. മണവാട്ടിയെ രക്ഷിക്കാൻ എന്ത് വിലകൊടുത്തും കുറുവടിയുമായി ഇറങ്ങുന്നത് വിഡ്ഢിത്തമല്ലാതെ മറ്റൊന്നുമല്ല. സമാധാനം നടത്തുന്നത് അക്രമത്തിലൂടെയല്ല, എന്നാലോ മനുഷ്യപുത്രന്റെ ആത്മാവ് നിങ്ങളിൽ ജനിക്കുമ്പോൾ മാത്രം. മറ്റുള്ളവരെ ഏതുകാരണത്താലും പീഡിപ്പിക്കുന്നത് പൈശാചികമാണെന്നപ്പോൾ മനസ്സിലാകും. അത് മതത്തിലായാലും രാഷ്ട്രീയത്തിലായാലും സമുദായത്തിലായാലും പൈശാചികമല്ലാതെ മറ്റൊന്നുമല്ല.

ഈ ലോകം വളരെ വിസ്താരമേറിയതാണ്. ലോകജനതയ്ക്ക് മുഴുവൻ വളരെ സന്തോഷത്തോടെ കഴിയുവാനുള്ളതെല്ലാം ഇവിടെയുണ്ട്. അത് സ്വന്തമെന്ന മട്ടിൽ ഏതാനുമാളുകൾ സ്വരൂപിക്കുമ്പോൾ അനീതിയും അക്രമവും ഉളവാകുന്നു. അതാണ് സാത്താൻ യേശുവിനോട് പറയുന്നത് ഈ കാണുന്നതെല്ലാം നിനക്കുതരാം. ഇതുതന്നെയാണ് ബുദ്ധനോടും കാമൻ/മാരൻ പറയുന്നത്. സ്വന്തമാക്കാനുള്ള മോഹം തിന്മയിലേക്ക് നയിക്കുന്നു. സൂര്യൻ ഭൂമിക്കു മുകളിൽ നിന്ന് പ്രകാശം ചൊരിയുന്നു, എല്ലാവർക്കും സുലഭമായി ലഭിക്കത്തക്ക രീതിയിൽ. അതാണ് യേശുവിന്റെ 'നീതിയുടെ സൂര്യൻ' എന്ന ഉപമാപ്രയോഗം. പ്രകൃതിഭംഗിയെ സ്വന്തമാക്കാൻ സാധിക്കില്ല, നോക്കി ആസ്വദിക്കാനെ പറ്റുകയുള്ളു. അതുപോലെ ലോകവിഭവങ്ങളെ സ്വന്തമാക്കാൻ ശ്രമിക്കാതെ ആസ്വദിച്ചാൽ എല്ലാവർക്കും സമാധാനത്തോടെ ഈ ഭൂമിയിൽ ജീവിക്കാൻ സാധിക്കും.

# സുവിശേഷം - ഒൻപതാംപുറം

**മോ**ശയുടെ ന്യായപ്രമാണത്തിനും ഞാൻ നിങ്ങളോട് സാക്ഷ്യ പ്പെടുത്തിയിട്ടുള്ളവയ്ക്കും ഉപരിയായി ഒരു നിയമവും കൂട്ടരുത്. അങ്ങനെ ചെയ്താൽ നിങ്ങളും അവയാൽ കെട്ടപ്പെടും.

യേശു സാക്ഷ്യപ്പെടുത്തിയ നിയമം ഒരു നിയമസംഹിതയല്ല. പിന്നെയോ സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സംയോജിതമായ ഒരു ജീവിതരീതിയാണ്. എല്ലാ നിയമങ്ങൾക്കും ഉപരിയായതുമാണത്. കാരണം നിയമങ്ങൾ ഉണ്ടാക്കിയത് മനുഷ്യനുവേണ്ടിയാണ്. എന്നാൽ മനുഷ്യൻ നിയമങ്ങൾക്ക് അതീതൻ ആയിരിക്കണം. മനുഷ്യപുത്രൻ ശാബദിനും കർത്താവ് ആകുന്നു. പ്രാകൃതനായ മനുഷ്യനെ സംസ്കാരത്തിലേക്ക് നയിച്ച് സ്വാർത്ഥതയും അതിമോഹവും ക്രൂരതയുമുള്ള സംസ്കാര ശൂന്യനായ മനുഷ്യനെ സാമൂഹ്യജീവിയാക്കുവാൻ ഉണ്ടാക്കിയ നടപടി ക്രമമാണ് നിയമം. എന്നാൽ മനുഷ്യൻ സംസ്കാരസമ്പന്നൻ ആകുമ്പോൾ അവൻ നിയമം ഉദ്ദേശിക്കുന്ന അവസ്ഥയിൽനിന്നും ഉയരുന്നു. അതാണ് യേശുവിന്റെ നിയമം, സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ജീവിതരീതി. ആധുനിക രാഷ്ട്രീയതത്വചിന്തയിലെ ലോകപൗരൻ. ആധുനിക ലോകസംസ്കാരം നിലനിൽക്കുവാൻ ഏതെങ്കിലും ഒരു രാജ്യത്തിന്റെ രാജ്യസ്നേഹിയായ പൗരൻ മാത്രം ആയിരുന്നാൽ പോര. അവന്റെ രാജ്യസ്നേഹം വളരണം, അത് ലോകസ്നേഹമാകണം. ലോകത്തിന്റെ ഏതെങ്കിലും ഭാഗത്തെ ദാരിദ്ര്യം സ്വന്തം നാട്ടിലെ ദാരിദ്ര്യമായും ലോകത്തിന്റെ ഏതെങ്കിലും ഭാഗത്തെ അസമാധാനം സ്വന്തം നാട്ടിലെ അസമാധാനമായും കണക്കാക്കി ലോകനന്മയ്ക്കായി പ്രവർത്തി ക്കുന്ന ലോകപൗരൻ. നിങ്ങൾ പരസ്പരം സ്നേഹിപ്പിൻ, ഇതിലുപരി മറ്റൊരു നിയമമില്ല.

നിയമങ്ങൾ മനുഷ്യസംസ്കാരത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ ഫലമല്ല. എങ്കിലും മനുഷ്യസംസ്കാരം നിലനിൽക്കാൻ നിയമം കൂടിയേ തീരു. നിയമം സംസ്കാരത്തെ പൂർണ്ണതയിലേക്ക് നയിക്കുന്ന അതിർവരമ്പുകളാണ്. അവ

അതിൽത്തന്നെ പൂർണ്ണമല്ല. അവയെ പാലിക്കുന്ന മനുഷ്യന്റെ കടമയാണ് നിയമം ഉദ്ദേശിക്കുന്ന നിലവാരത്തിൽ നിന്നും കൂടുതൽ ശ്രേഷ്ഠതയിലേക്ക് ഉയർത്തുക എന്നത്. നിയമം പാലിക്കുകയല്ല അതൊരു ജീവിതരീതി യാക്കുകയാണ് വേണ്ടത്. പകൽ മാന്യത പാലിക്കുന്ന പൗരൻ ഉത്തമപൗരനല്ല. മറ്റാരും അറിയില്ല എങ്കിലും തെറ്റുചെയ്യാത്തവനാണ് ഉത്തമപൗരൻ. അതുകൊണ്ടാണ് മറിയത്തിന്റെ സുവിശേഷത്തിൽ മനുഷ്യൻ അവന്റെ സാധാരണജീവിതത്തിൽ നിന്നും സൽഗുണസമ്പൂർണ്ണനായി ഉയരണമെന്ന് ആദിമുതൽ അവസാനംവരെ വളരെ ശക്തമായി പ്രതിപാദി ക്കുന്നത്. ലോകനന്മയെ ലക്ഷ്യമാക്കി ഉയരണം, ഏതെങ്കിലും ഒരു പ്രത്യേക സമുദായത്തിന്റെയൊ സമൂഹത്തിന്റെയൊ മാത്രം ഉയർച്ചയെ ലക്ഷ്യമാക്കി യാൽപോര. ആ കുറഞ്ഞ അവസ്ഥയിൽ നിന്നും വലിയ അവസ്ഥയിലേക്ക് വളരണം, ഉയരണം. ഈ നന്മയിലേക്കുള്ള വളർച്ചയ്ക്ക് എല്ലാ വ്യക്തികളും ഒരുപോലെ കടപ്പെട്ടിരിക്കുന്നു. ദരിദ്രരെ ഉദ്ധരിക്കുക, പട്ടിണി നിർമാർജനം ചെയ്യുക, രോഗികളെ ശുശ്രൂഷിക്കുക എന്നിങ്ങനെയുള്ള നന്മകൾ ഏതാനും ചില വ്യക്തികളുടെയൊ, പ്രസ്ഥാനങ്ങളുടെയൊ, രാഷ്ട്രത്തിന്റെയൊ മാത്രം കടമയല്ല, എല്ലാ മനുഷ്യരുടെയും പ്രാഥമികകടമയാണ്. ഓരോ പ്രാവശ്യം ഭക്ഷണം കഴിക്കുമ്പോഴും ഭക്ഷണമില്ലാതെ വാരിയെല്ലുകൾ ഉന്തിയ പട്ടിണിമനുഷ്യനെ ഓർത്താൽ നമ്മൾ കഴിക്കുന്ന ഭക്ഷണത്തിന്റെ അളവ് താനെ കുറയും. ആഹാരം കഴിക്കുവാൻ നിവൃത്തിയുള്ള ഓരോ വ്യക്തിയും ആവശ്യത്തിനു മാത്രം ഭക്ഷിക്കുകയും മിച്ചമുള്ളത് പണമായോ ഭക്ഷണമായോ വിശക്കുന്നവനുവേണ്ടി ഉപയോഗിക്കുകയും ചെയ്താൽ ലോകത്തിലെ പട്ടണി ഇല്ലാതെയാകും. ഇന്നു ലോകത്തിൽ നിലനിൽകുന്ന പല തിന്മകളും നശിക്കാതെ, സമൂഹത്തിൽ ദൂഷിതവലയങ്ങൾ ഉണ്ടാക്കി നിലനിൽക്കുന്നതിന്റെ കാരണവും പട്ടിണിയാണ്. വിശപ്പിന്റെ വിളി സാത്താന്റെ കാഹളനാദമാണ്. വിശപ്പ്, ദാരിദ്ര്യം, തലചായ്ക്കാൻ ഇടമില്ലാത്ത അവസ്ഥ, രോഗം ഇവയൊക്കെ കഴിവതും ഇല്ലാതെയാക്കിയാൽ ലോകം നന്മയിലേക്ക് പുരോഗമിക്കും. ഇത് മറിയത്തിന്റെയൊ യേശുവിന്റെയൊ മാത്രം സുവിശേഷമല്ല. എല്ലാ നല്ലചിന്തകരുടെയും സുവിശേഷമാണ്. ക്രിസ്ത്യൻതത്വങ്ങൾ മാത്രമല്ല ഓംകാരനാദത്തിന്റെ (വചനം ജഢമായത്) സുവിശേഷവും ലോകനന്മയും സ്നേഹവുമാണ്. സർവ്വജ്ഞാനത്തിന്റെ മൂർത്തീകരണമാണ് സരസ്വതി. ഈ സരസ്വതിയിൽനിന്നും പ്രവഹിക്കുന്ന ഗാനം മനുഷ്യൻ ജ്ഞാനിയാകുമ്പോൾ അവനിൽ നിന്നുളവാകുന്ന ഹൃദയത്തിന്റെ സന്ദേശമാണ്. ഇതുതന്നെയാണ് ബുദ്ധനും പറഞ്ഞത്. അഹിംസയിൽ ജീവിക്കുന്ന ബുദ്ധമതത്തിന് രാജ്യങ്ങൾ വെട്ടിപ്പിടിക്കുവാനും കുരിശുയുദ്ധങ്ങൾ നടത്തുവാനും സാധിക്കില്ല. അതാണ് ബുദ്ധമതം പ്രചരിക്കാതിരുന്നത്.

അനീതിയുള്ള മാമോനെക്കൊണ്ട് നിങ്ങൾ സഹൃത്തുക്കളെ നേടുക എന്ന വചനം ക്രിസ്തുമതം നല്ലവണ്ണം ഉപയോഗിച്ചു. യെഹൂദനായി ജനിച്ചു ജീവിച്ചു മരിച്ച യേശു ഒരിക്കലും ഒരു മതവും ഉണ്ടാക്കിയില്ല, സിംഹാസനങ്ങൾ ഉണ്ടാക്കിയില്ല, അപ്പോസ്തോലികപിൻതുടർച്ചയും ഉണ്ടാക്കിയില്ല. നിങ്ങൾ പോയി രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുവിൻ എന്നു പറഞ്ഞതിന്റെ അർത്ഥം മനുഷ്യരെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുക എന്നല്ല. യേശു ആരെയും സ്നാനപ്പെടുത്തിയിട്ടില്ല. രാജ്യത്തിന്റെ സുവിശേഷം സ്നേഹത്തിന്റെ സുവിശേഷമാണ്. പട്ടിണി ഉള്ളവന് ആഹാരം കൊടുത്ത് മതപരിവർത്തനം ചെയ്യുന്നത് യേശുവിന്റെ സുവിശേഷമല്ല, രാജ്യത്തിന്റെ സുവിശേഷമല്ല. ആദിവാസിയെയും പട്ടികജാതി - പട്ടികവർഗ്ഗത്തെയും പരിവർത്തനം ചെയ്യുമ്പോൾ അവന്റെ വർഗ്ഗത്തെയും ജാതിയെയും അപമാനിക്കുകയാണ്. അവന്റെ ജാതിയും മതവും വർഗ്ഗവും ഒക്കെ പരിവർത്തകന്റെ മതത്തെക്കാളും താണതാണ് എന്നുള്ള വാർത്ത മാത്രം പ്രചരിപ്പിക്കുന്നു. പകരം അവന്റെ മതം ഏതായാലും അവൻ നന്നാവണം എന്ന സുവിശേഷമാണ് പ്രചരിപ്പിക്കേണ്ടത്. സ്വന്തം ജാതിയിലും വർഗത്തിലും അവൻ അഭിമാനം കൊള്ളണം. ആ വർഗത്തിൽ നിന്നുകൊണ്ടുതന്നെ അവൻ ഗുണസമ്പൂർണ്ണനാകണം. അതിന് അവൻ ഹിന്ദുവോ മുസ്ലീമോ ക്രിസ്ത്യാനിയോ ആകേണ്ട ആവശ്യമില്ല. സ്നേഹമാണ് അഖിലസാരമൂഴിയിൽ. പ്രപഞ്ചം മുഴുവൻ മാറ്റൊലി കൊള്ളുന്ന ദിവ്യസ്വരമാണ് ഓംകാരം. നാം ശ്വസിക്കുന്ന വായുപോലെ തന്നെ പ്രപഞ്ചത്തിൽ മുഴുവൻ നിറഞ്ഞുനിൽക്കുന്ന ശക്തി ഉൾക്കൊള്ളാൻ ഏതെങ്കിലും പ്രത്യേകമതത്തിന്റെ അംഗമായിരിക്കേണ്ട ആവശ്യമില്ല. ഗുണസമ്പൂർണ്ണനായ മനുഷ്യൻ ജാതിമതവർഗ്ഗചിന്തകൾക്ക് അതീതനായിരിക്കണം. ഗാന്ധിജി വിശേഷിപ്പിച്ച 'ഹരിയുടെ ജനം' എന്തിന് താണപടിയിലേക്ക് ഇറങ്ങണം? നീ താഴേയ്ക്കല്ല പോകേണ്ടത് സർവ്വലോകനന്മയ്ക്കായി നിത്യതപസ്സനുഷ്ഠിക്കുന്ന അവസ്ഥയിലേക്ക് പടികൾ കയറണം. ഈ സത്യം മനസ്സിലാക്കിയാൽ വചനം ജഢമായി കൃപയും സത്യവും നിറഞ്ഞവനായി വസിച്ചത് C.E. ഒന്നാം നൂറ്റാണ്ടിൽ മാത്രമല്ല സൃഷ്ടിയുടെ തുടക്കം മുതൽ തന്നെ എന്ന് മനസ്സിലാകും. എല്ലാ ചരാചരങ്ങളിലും വചനം ജഢമായി, ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൽ പരിവർത്തിച്ചു, ദൈവത്തിന്റെ സാദൃശ്യത്തിൽ മനുഷ്യനെ ഉണ്ടാക്കി എന്നൊക്കെ ഉൽപത്തിയുടെ ഗ്രന്ഥകാരന് ഭാവന ഉണ്ടാകാൻ കാരണം അതാണ്. മനുഷ്യൻ ദൈവത്തെ അവന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ചു. അത് പൗരാണികമനുഷ്യന് അന്ന് ലഭ്യമായ അറിവാണ്. ഇത് തെറ്റാണെന്ന് പറയുന്നില്ല. കാരണം നൂറ്റാണ്ടുകൾക്ക് മുമ്പ് ദൈവത്തെ മനുഷ്യൻ അവന്റെ മനസ്സിൽ സൃഷ്ടിച്ചത് ആ കാലഘട്ടത്തിലെ അറിവിന്റെ വെളിച്ചത്തിലാണ്. അതിനാലാണ്

ദൈവങ്ങൾക്ക് മനുഷ്യാവയവങ്ങൾ ഉണ്ടായത്. എന്നാൽ ദൈവത്തിന്റെ ആത്മാവ് മനുഷ്യനിൽ വ്യാപരിക്കുമ്പോൾ അവനിലുണ്ടാകുന്ന ജ്ഞാനം ഇന്നു ശാസ്ത്രരൂപത്തിൽ നാം കാണുന്നു. ഇവിടെ ഭാവനയും കെട്ടുകഥകളും വഴിമാറുന്നു. യുക്തിയും വസ്തുതയും വളരുന്നു. പഴയ ദൈവങ്ങൾ മാർഗ്ഗങ്ങൾ മാത്രമാകുന്നു. അതാണ് യേശുവിന്റെ രണ്ടാം വരവിന്റെ സാരാംശം. അതല്ലാതെ യോഹന്നാന്റെ വെളിപാട് ഭാവിയിലെ ഒരു സംഭവമല്ല. റോമൻ അടിമത്തത്തിൽനിന്നും മോചനം നേടാനുള്ള അതിശക്തമായ ആഗ്രഹത്തിൽനിന്നും ഉടലെടുത്ത ഒരു സ്വപ്നം മാത്രമാണത്. ഇത്തരം സ്വപ്നങ്ങളും വെളിപാടുകളും യഥാർത്ഥമാണ് എന്ന് ചിന്തിച്ചാൽ അപകടമാണ്. ആര്യവംശത്തിന്റെ ശ്രേഷ്ഠത എന്ന വെളിപാട് ഹിറ്റ്ലർക്ക് ഉണ്ടായപ്പോൾ അനേകായിരങ്ങൾ കൊല്ലപ്പെട്ടു. ഇത്തരം വെളിപാടുകൾ ആരിൽ നിന്നുണ്ടായാലും ഏത് മതത്തിൽ നിന്നുണ്ടായാലും ഏത് രാഷ്ട്രത്തിൽ നിന്നുണ്ടായാലും  അപകടമാണ്. വിശുദ്ധനാട് എന്നറിയ പ്പെടുന്ന പാലസ്തീനിൽ സ്വന്തം ദേവാലയം പണിയുക എന്ന സ്വപ്നത്തിന്റെ പേരിൽ എത്ര ആയിരങ്ങൾ കൊല്ലപ്പെട്ടു? ഇനിയും എത്ര കൊല്ലപ്പെടും? അതിനാൽ സ്വപ്നാടനം നടത്തുന്ന നേതാക്കന്മാരുടെ നേതൃത്വം അല്ല നമുക്ക് വേണ്ടത്. അവർ മാനസികരോഗികളാണ്. അവർക്ക് നേതൃത്വമല്ല ചികിത്സയാണ് ആവശ്യം. നമുക്ക് വേണ്ടത് ലോകനന്മയാണ്, സമാധാനമാണ്, ഇതിൽ കൂടുതൽ മതങ്ങൾ ആവശ്യമില്ല, പുതിയ നിയമങ്ങളും ആവശ്യമില്ല. അതാണ് മറിയവും പറയുന്നത്. മോശയുടെ നിയമം പോലെ ആവശ്യത്തിൽ കൂടുതൽ നിയമങ്ങൾ ഇന്ന് സമൂഹത്തിൽ ഉണ്ട്. കൂടുതൽ നിയമം ഉണ്ടാകുമ്പോൾ നാം കൂടുതൽ സ്വാതന്ത്ര്യമില്ലാത്ത അവസ്ഥയിലേക്ക് നീങ്ങുകയാണ്. ഇതരുത്, അതരുത് എന്നിങ്ങനെ നമ്മൾ കെട്ടപ്പെടുകയാണ്. സൃഷ്ട്യാത്മകമല്ലാത്ത (negative or destructive) നിയമങ്ങളല്ല നമുക്കാവശ്യം. നിങ്ങൾ പരസ്പരം സ്നേഹിപ്പിൻ എന്നതാണ് ഗുരു സാക്ഷ്യപ്പെടുത്തി സ്വജീവിതത്തിലൂടെ കാട്ടിയ നിയമം. ഇത് കർമ്മം ചെയ്യുക എന്ന സൃഷ്ട്യാത്മകമായ (positive or constructive) നിയമം ആണ്. അതാണ് നമുക്ക് വേണ്ടത്. നല്ല ശമര്യക്കാരന്റെ ഉപമയുടെ സാദൃശ്യം അതാണ്. കള്ളന്മാരാൽ ആക്രമിക്കപ്പെട്ട് മരണപ്രായനായ മനുഷ്യനെ ലേവ്യനും പുരോഹിതനും നോക്കാതെ കടന്നുപോകുന്നു. യെഹൂദനിയമപ്രകാരം അവർ യാതൊരു തെറ്റും ചെയ്തിട്ടില്ല. എന്നാൽ ലോകനന്മയുടെ നിയമത്തിൽ, സ്നേഹത്തിന്റെ കാഴ്ചപ്പാടിൽ അവർ ചെയ്തത് തെറ്റാണ്. ഈ സ്നേഹത്തിന് പരിധികൾ ഇല്ല. സ്നേഹം പറയുന്നത് ചെയ്യരുത് എന്നല്ല. പരസ്പരം സ്നേഹിക്കുമ്പോൾ മോശയുടെ നിയമത്തിൽ വിലക്കിയിരിക്കുന്ന ഒന്നും തന്നെ ചെയ്യുകയില്ല. മാത്രമല്ല അതിലും ഉപരിയായ മണ്ഡലങ്ങളിൽ നാം വ്യാപരിക്കുന്നു. ഇതാണ് രാജ്യത്തിന്റെ സുവിശേഷം. നിങ്ങൾ പരസ്പരം സ്നേഹിപ്പിൻ എന്ന് ഘോഷി ക്കുന്ന സുവിശേഷം.

നമുക്കു ചുറ്റുപാടും പ്രകൃതിയെ സൃഷ്ടിച്ചിരിക്കുന്നത് അത് നോക്കി ആസ്വദിക്കാനും അതിനെ പരിരക്ഷിക്കാനും അതിൽ നിന്നും കണ്ടുപഠിക്കുവാനുമാണ്. അതിനാൽ പ്രകൃതിയും പരിസരവും വിഷവസ്തുക്കൾ കൊണ്ട്, മനുഷ്യരക്തം കൊണ്ട് മലിനമാക്കാതെ സൂക്ഷിക്കേണ്ടതും നമ്മുടെ പ്രാഥമികകടമയാണ്. സ്വയത്തെ സ്നേഹിക്കുന്ന ഒരു വ്യക്തി, തന്റെ കുടുംബത്തെയും സമുദായത്തെയും സമൂഹത്തെയും രാജ്യത്തെയും ലോകജനതയെയും സ്നേഹിക്കുന്ന ഒരു വ്യക്തി പരിസരവും പ്രകൃതിയും മലീമസമാക്കുകയില്ല. വ്യക്തി അവന്റെ മനസ്സും ശരീരവും ശുദ്ധിയായി സൂക്ഷിക്കുന്നതുപോലെ തന്നെ അവന്റെ ജന്മത്തിന്റെ ഉത്ഭവസ്ഥാനമായ ഭൂമിദേവിയെയും കാത്തുസൂക്ഷിക്കും. അതവന്റെ കടമയാണ്. ഓരോ വ്യക്തിയും അവന്റെ കർത്തവ്യം ചെയ്താൽ ഈ ഭൂമി എത്ര ശുദ്ധമാകും. അപ്പോൾ നാം നില്കുന്നിടമെല്ലാം പരിശുദ്ധമാകും. പിന്നെ പുണ്യസ്ഥലങ്ങൾ തേടി തീർത്ഥാടനം ചെയ്യേണ്ട ആവശ്യമില്ലാതെ വരും. നാം പരിപാവനമായി സൂക്ഷിക്കേണ്ട പ്രകൃതി നമുക്ക് അനേകം ജീവിതപാഠങ്ങൾ നൽകുന്നു. ഈ പാഠങ്ങൾ പഠിക്കാൻ നല്ല വിനയവും സഹിഷ്ണുതയും ആവശ്യമാണ്. അതിനാൽ ദൈനംദിനജീവിതത്തിലെ ബഹളങ്ങളിൽനിന്നും മുക്തമായി പ്രകൃതിയുമായി താദാത്മ്യം പ്രാപിക്കുക. ഇതാണ് ആദിവാസികളുടെ ജീവിതതത്വശാസ്ത്രം. ഈ പ്രകൃതിബഹുമാനത്തിന്റെ തത്വശാസ്ത്രം നന്നായി ശുദ്ധീകരിച്ചുണ്ടായതാണ് ഹിന്ദുമതതത്വശാസ്ത്രം.

പ്രകൃതിയിലെ ആദ്യപാഠങ്ങളിൽ ഒന്നാണ് ജീവികൾ സൃഷ്ടിപ്രക്രിയയ്ക്ക് മുൻപ് പ്രദർശിപ്പിക്കുന്ന സ്നേഹപ്രകടനം. സ്വവർഗത്തിന്റെ നിലനില്പാണ് അന്തിമലക്ഷ്യം. എങ്കിലും ചെറുതും വലുതുമായ എല്ലാജീവികളും സൃഷ്ടിപ്രക്രിയയിൽ ഏർപ്പെടുന്നതിന് മുൻപ് ഇണയെ ആകർഷിക്കാൻ വളരെ അതിശയകരമായ രീതിയിലുള്ള പ്രകടനങ്ങൾ നടത്തുന്നതുകാണാം. ജീവികളുടെ ബുദ്ധിശക്തി മുഴുവൻ പ്രയോഗിക്കുന്ന ഒരു അവസരം കൂടിയാണിത്. ക്ഷിപ്രജീവിയായ പൂമ്പാറ്റ അതിന്റെ ചിറകിന്റെ ഭംഗിയിലൂടെ ഇണയെ ആകർഷിക്കുന്നു. ക്രൂരജീവി എന്നു തോന്നിക്കുന്ന സിംഹം പോലും സ്നേഹം പ്രകടിപ്പിക്കുന്ന ഒരു അവസരമാണ് ഇണചേരൽ. ഇതേ സ്നേഹം തന്നെയാണ് ആദിമ സൃഷ്ടിയിൽ ദൈവം തന്റെ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചു എന്നതുകൊണ്ടും അർത്ഥമാക്കുന്നത്. ദൈവത്തെ മനുഷ്യരൂപത്തിൽ ഭാവന ചെയ്താലും പ്രപഞ്ചത്തിന്റെ മൂലദിവ്യശക്തി എന്ന് ഭാവന ചെയ്താലും സൃഷ്ടിക്ക് പ്രേരിപ്പിച്ച ഘടകം മാത്രമല്ല അത്. സൃഷ്ടിയുടെ ശേഷം ജീവജാലങ്ങളിൽ കാണുന്ന വളർച്ചയ്ക്കുള്ള വാഞ്ഛ അഥവാ പരിണാമത്തിനുള്ള ഉത്തേജനം കൂടിയാണത്. അതിനെ ദിവ്യസ്നേഹം എന്നോ പ്രകൃതിശക്തി എന്നോ ശിവശക്തി എന്നോ ഒക്കെ വിളിക്കാം. ഏത് പേരിൽ

അറിയപ്പെട്ടാലും ജീവജാലങ്ങളുടെ ഉള്ളിലെ വളരുവാനുള്ള ഊർജ്ജം തന്നെയാണ് ദിവ്യസ്നേഹം. ഈ ദിവ്യസ്നേഹത്തെ (cosmic energy) വർദ്ധിപ്പിക്കേണ്ടത് എല്ലാ ജീവജാലങ്ങളുടെയും കടമയാണ്. കാരണം പ്രകൃതി നമ്മെ സൃഷ്ടിച്ചത് ഈ ഉദ്ദേശത്തിലാണ്. ചിത്രശലഭം അതിന്റെ കൂടയ്ക്കുള്ളിൽ (cocoon) ഇരുന്നാൽ പോര കാലത്തികവിൽ കൂട് പൊട്ടിച്ച് വർണ്ണശലഭമായി മാറണം. ഈ പരിണാമത്തിന് വിധേയമാകാത്തവ നശിക്കുന്നു എന്നാണ് ഡാർവിന്റെ സിദ്ധാന്തം പറയുന്നതും. മനുഷ്യനും ഇതുപോലെതന്നെ അവന്റെ പ്രാഥമികാവസ്ഥയിൽനിന്നും ഉയർന്ന്, വളർന്ന് രൂപാന്തരം പ്രാപിച്ച ജീവികൾ, ദിവ്യമനുഷ്യർ (anthrops) ആകണം. അതാണ് യേശുവിന്റെ സുവിശേഷം. അനേകം നിയമങ്ങളാൽ ബന്ധിതമായ, അനേകം നൂലുകളാൽ ചുറ്റപ്പെട്ട ശലഭപ്പുഴു അതിന്റെ കൂടയ്ക്കുള്ളിൽ നിന്നും വിമുക്തമാകണം. കൂടുതൾ നിയമം ഉണ്ടാക്കിയാൽ കൂടുതൽ ബന്ധിത രാകും. ഈ ബന്ധനങ്ങളിൽനിന്നും ഉയർന്ന് ബന്ധനവിമുക്തനാകുമ്പോൾ എല്ലാവർക്കും ആനന്ദം നൽകുന്ന ചിത്രശലഭമായി നാം മാറുന്നു. ഇതാണ് സൽഗുണസമ്പൂർണ്ണനായ ദിവ്യമനുഷ്യൻ. ഇത്തരം മനുഷ്യരുടെ സമൂഹത്തിന് നിയമം വേണ്ട. ഇവർ നിയമത്തെ ബഹുമാനിക്കാത്തവരാണെ ന്നത് കൊണ്ടല്ല മറിച്ച് നിയമത്തെ അന്ധമായി അനുസരിക്കുന്നതിനേക്കാൾ നിയമാനുസരണമായ ജീവിതം ശീലമാക്കിയ ഉത്തമപൗരരാണവർ എന്നത് കൊണ്ടാണ്. ഇത്തരം സമൂഹമാണ് ബർട്രാന്റ് റസ്സൽ സ്വപ്നം കണ്ട ലോകപൗരന്റെ സമൂഹം. ആധുനികലോകം നിലനിൽക്കുവാൻ, മനുഷ്യ സംസ്കാരം നിലനിൽക്കുവാൻ ഇത്തരം സമൂഹങ്ങൾ ആവശ്യമാണ്. പ്രാദേശികചിന്തകളും സ്വാർത്ഥതയുമെല്ലാം അക്രമത്തിലേക്കും അരാജ കത്വത്തിലേക്കും സമൂഹത്തെ നയിക്കും. ഈ ജീവിതരീതി ആധുനിക സമൂഹത്തിന് യോജിക്കാത്തതിനാൽ അത് നിലനിൽക്കാതെ നശിക്കുകയും ചെയ്യും. മറ്റുജീവജാലങ്ങളെപ്പോലെ മനുഷ്യനും ശാരീരികവും മാനസി കവുമായ പരിണാമപ്രക്രിയയ്ക്ക് വിധേയനാണ്. ഈ പരിണാമം പുരോഗതിയിലേക്കും പൂർണ്ണതയിലേക്കും നയിക്കണം. അപ്പോൾ നാം സ്ത്രീയും പുരുഷനും എന്ന അവസ്ഥയിൽനിന്നും രൂപാന്തരം പ്രാപിച്ച് ദിവ്യമനുഷ്യരായി മാറുന്നു. ഈ സുവിശേഷം ആണ് എഴുന്നേറ്റ് മുന്നോട്ടുനടന്ന് (walk forth) പ്രചരിപ്പിക്കേണ്ട സുവിശേഷം.

നൂറ്റാണ്ടുകൾ നീണ്ട അനുഷ്ഠാനങ്ങളിലൂടെ അതിന്റെ അന്തസ്സത്ത നശിച്ചതുകൊണ്ടാകാം മോശെയുടെ ന്യായപ്രമാണങ്ങൾ പ്രതി ലോമനിയമങ്ങൾ ആണെന്ന് തോന്നുന്നത്. എന്നാൽ യിസ്രായേലിനെ ഈജിപ്തിന്റെ അടിമത്തത്തിൽനിന്നും മോചിപ്പിച്ച യാഹിന്റെ കൽപനകൾ മോശയോ മറ്റാരെങ്കിലുമോ എഴുതിയതാണെങ്കിലും മോചനത്തിന്റെ സുവിശേഷം അതിന്റെ ഉള്ളിലും കാണാം. കാരണം അടിമത്തത്തിൽ

നിന്നും സ്വാതന്ത്ര്യം നേടിയിട്ട് മറ്റൊരു അടിമത്തം അടിച്ചേൽപ്പിക്കുവാൻ സാദ്ധ്യതയില്ല. അടിമവീടായ മിസ്രയിം ദേശത്തുനിന്നും... (പുറപ്പാട് 20:1-17)

മനുഷ്യനെപ്പോലെ തന്നെ അസൂയാലുവായ ഒരു ദൈവമാണിതും എന്നാണ് ആദ്യമൊക്കെ ഞാൻ വിചാരിച്ചിരുന്നത്. മറ്റുദൈവങ്ങളുമായി യോജിച്ചുപോകാൻ ബുദ്ധിമുട്ടുള്ള സ്വാർത്ഥനായ ഒരു ദൈവം, വളരെ സംശയാലുവായ ദൈവം. മനുഷ്യനെക്കാൾ ഒട്ടും ഉയർന്നവനല്ല ഈ ദൈവം എന്നുതോന്നിയിരുന്നു. എല്ലാവിധ അടിമത്തത്തിൽനിന്നും സ്വതന്ത്രനാക്കുന്ന ദൈവമുള്ളപ്പോൾ മറ്റുദൈവങ്ങളെ അന്വേഷിക്കേണ്ട ആവശ്യമില്ലെന്ന് പിന്നീടെനിക്ക് മനസ്സിലായി. മാത്രമല്ല മറ്റുദൈവങ്ങളെ അന്വേഷിച്ചാൽ വീണ്ടും അടിമത്തത്തിലേക്ക് തിരികെപ്പോകും. സ്വാതന്ത്ര്യം, സ്വർഗം, നിർവാണം, രക്ഷ ഇവയെല്ലാം ഒന്നുതന്നെ എങ്കിൽ പിന്നെ എന്തിന് വേറെ ദൈവങ്ങളെ അന്വേഷിക്കണം?

വിഗ്രഹം ഉണ്ടാക്കരുത്. വിഗ്രഹം പരിമിതികൾ ഉണ്ടാക്കുന്നു. അവ അടയാളം അഥവാ ലക്ഷ്യത്തിലേക്കുള്ള ചൂണ്ടുപലക മാത്രമാണ്. എങ്കിലും സാധാരണമനുഷ്യൻ വിഗ്രഹങ്ങൾക്കപ്പുറം ചിന്തിക്കാതെ താണപടികളിൽ ആശ്വാസം കണ്ടെത്തുന്നു. അപ്പോൾ വിഗ്രഹം പ്രതിനിധീകരിക്കുന്ന ആശയത്തിലേക്ക് മനുഷ്യന്റെ ചിന്തയും ചുരുങ്ങുന്നു. അതാണ് വെറുതെ ദൈവനാമം ഉച്ചരിക്കാതെ അത് ഉള്ളിൽ അനുഭൂതിയായി മാറണം എന്നു പറയുന്നത്. മാത്രമല്ല മനുഷ്യൻ പലപ്പോഴും അവന്റെ ഭാവനയിലും സ്വപ്നത്തിലും ആഗ്രഹത്തിലും പല ദൈവരൂപങ്ങൾ ഉണ്ടാക്കുന്നു. സൽഗുണസമ്പൂർണ്ണതയെ പ്രതിനിധാനം ചെയ്യേണ്ടുന്ന ദൈവങ്ങൾ സ്വാർത്ഥതയുടെ കുട്ടിദൈവങ്ങൾ ആയി മാറുന്നു. മാത്രമല്ല മനുഷ്യനെ ആ രൂപങ്ങൾ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ആത്മീയമായി വളർച്ച പ്രാപിച്ച മനുഷ്യന് ദൈവചിന്ത ഉണ്ടാകാൻ വിഗ്രഹത്തിന്റെ ആവശ്യം ഇല്ല താനും. എന്റെ നാമം വൃഥാ എടുക്കരുത്. ചരിത്രത്തിലേക്ക് നോക്കുക, ഈ കൽപനയുടെ അർത്ഥം മനസ്സിലാകും. ലോകത്തിൽ നടന്നിട്ടുള്ള പല കൂട്ടക്കൊലകളും ദൈവനാമത്തിൽ നടന്നിട്ടുള്ളവയാണ്, ദൈവനാമം വൃഥാ എടുത്തതിന്റെ ഫലമാണ്. ഇതിന് കൂടുതൽ വിശദീകരണം ആവശ്യമില്ല.

ശാബദിനെ ശുദ്ധീകരിക്കുക. എന്നും ജോലിയും ഓട്ടവുമായി ബഹളത്തിൽ കഴിയുന്ന മനുഷ്യന്റെ ശരീരത്തിനും മനസ്സിനും വിശ്രമം ആവശ്യമാണ്. ശാബദ് എന്നാൽ വിശ്രമിക്കുക, നിശ്ചലതയിലേക്ക് വരിക എന്നർത്ഥം. ഈ വിശ്രമാവസ്ഥ എല്ലാത്തിനെയും സമനിലയി ലേക്ക് കൊണ്ടുവരുന്നു. അവിടെ ദാസനും യജമാനനും ഇല്ല, പ്രഭുവും പ്രജകളും ഇല്ല. സാമൂഹിക സന്തുലിതാവസ്ഥ. ഇതാണ് സ്വർഗരാജ്യത്തിന്റെ തുടക്കം, കമ്മ്യൂണിസം പറയുന്ന സമത്വസുന്ദരസമൂഹം. ഈ ശാബദിലാണ് എല്ലാവരും ഒരുപോലെ ദൈവമക്കൾ എന്നു തോന്നുന്നത്.

മാർട്ടിൻ ലൂഥറുടെ സ്വപ്നസമൂഹവും ഇതുതന്നെ. ഈ ശാബദിനു മറ്റൊരു പ്രത്യേകത കൂടിയുണ്ട്. ആരും ഒന്നും സ്വന്തമെന്ന് തോന്നുന്ന അവസ്ഥയില്ലാത്ത ദിവസം കൂടിയാണിത്. പഴയനിയമം എഴുതിയ കാലഘട്ടത്തിൽ യജമാനനും ദാസനും ദാസിയും ഒക്കെ ഉണ്ടായിരുന്നു എന്ന കാര്യം കൂടി കണക്കിലെടുക്കണം.

നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക. സമൂഹത്തിനു വേണ്ട സന്മാർഗം നിലനിൽക്കുവാൻ അത്യാവശ്യമായ ഒരു കൽപന തന്നെയാണിത്. അതാണ് മനുഷ്യന്റെ തുടക്കം. ഇവിടെ സ്നേഹിക്കുക എന്നതിനുപകരം ബഹുമാനിക്കുക എന്ന് തന്നെയാണ് കൽപിച്ചിരിക്കുന്നത്.

കൊല ചെയ്യരുത്. ഏത് രീതിയിലുള്ള കൊലയും, ശാരീരികം മാത്രമല്ല, മാനസികകൊലപാതകവും ഇതിലുൾപ്പെടും. ഭൗതികശക്തിയുള്ളവന്റെ സമൂഹം അല്ല നിലനിൽക്കേണ്ടത്. വീണ്ടും ചരിത്രത്തിലേക്ക് നോക്കുക. ഡൈനസോറുകളും മാമൊത്തുകളും ഒന്നും ഇന്ന് നിലനിൽക്കുന്നില്ല. മനുഷ്യന്റെ തലച്ചോറിന്റെ പരിണാമം ഉണ്ടായത് സഹജീവികളോടുള്ള സഹാനുഭൂതി, പ്രസവിച്ച അമ്മയോടുള്ള സ്നേഹം (compassion to the womb) മുതലായ വികാരങ്ങൾ സംജാതമാകുകയും വർദ്ധിക്കുകയും ചെയ്യുന്നതിനാണ്. അതാണ് സൃഷ്ടികളെ ബഹുമാനിക്കാൻ പറഞ്ഞത്. ജന്മം തന്ന പിതാക്കളോടുള്ള ബഹുമാനം സഹജീവികളോടുള്ള സ്നേഹമായി പരിണമിക്കുന്നു. കൊല ചെയ്യുവാനുള്ള മൃഗീയമായ വാസനയ്ക്ക് പകരം സ്നേഹത്തിന്റെ വികാരം വളരണം എന്നർത്ഥം.

മോഷ്ടിക്കരുത്. അക്ഷരാർത്ഥത്തിലുള്ള മോഷണം മാത്രമല്ല നമുക്ക് ആവശ്യമില്ലാത്തവയെ സ്വന്തമാക്കി വയ്ക്കുന്നതും മോഷണമാണ്. അത് മറ്റുള്ളവനാവശ്യമായതായിരിക്കാം. മോഷണം ആഗ്രഹത്തിൽ നിന്നും ഉണ്ടാകുന്നു. ആഗ്രഹം അസൂയയിൽനിന്നും ജനിക്കുന്നു. ഇതെല്ലാം സ്വർഗരാജ്യത്തെ മനുഷ്യനിൽനിന്നും അകറ്റുന്ന പൈശാചികപ്രവൃത്തികൾ ആണ്. അതിനുപകരം തൃപ്തിയും സന്തോഷവും മനുഷ്യനിൽ വളരണം.

വ്യഭിചാരം ചെയ്യരുത്. ഇത് എഴുതിയ കാലഘട്ടത്തിൽ പുരുഷനെ മാത്രമാണ് ഉദ്ദേശിച്ചിരുന്നത്. സ്ത്രീയെ, മറ്റുമനുഷ്യനെ ഉപഭോഗവസ്തുവായി കാണരുത് എന്നർത്ഥം. മനുഷ്യനിലെ ദൈവമനുഷ്യനെ കാണുന്നതിനു പകരം നമ്മുടെ ആഗ്രഹനിവൃത്തിക്കുള്ള ഒരു ഉപകരണം മാത്രമായി കാണരുത്. ലൈംഗികവേഴ്ച മാത്രമല്ല വ്യഭിചാരം. അടിമത്തവും വ്യഭിചാരം തന്നെയാണ്. ചൂഷണം വ്യഭിചാരമാണ്. സൃഷ്ടിപ്രക്രിയയുടെ പിന്നിലെ സ്നേഹം ഇല്ലാത്ത, പരസ്പരബഹുമാനം ഇല്ലാത്ത ലൈംഗികവേഴ്ച ശരിയല്ല. സൃഷ്ടിപ്രക്രിയ സ്നേഹത്തിന്റെ മൂർത്തീകരണമാണ്. സ്നേഹത്തിൽനിന്നും ഉദിക്കാത്ത വേഴ്ച സൃഷ്ടിയുടെ ആത്മാവിനെ കൊല്ലുന്നു. മനുഷ്യൻ ഇതിലൊക്കെ ഉപരിയായ സ്നേഹവേഴ്ചയ്ക്ക്

കഴിവുള്ളവനാണ്. സ്വർഗീയവേഴ്ച. ഇത്തരം മഹത്തായ ആനന്ദം ലഭ്യമാക്കുന്ന ഏതൊരു പ്രക്രിയയെയും തരം താഴ്ത്തരുത്.

കൂട്ടുകാരനെ കുറിച്ച് കള്ളസാക്ഷ്യം പറയരുത്. വളരെ ദീർഘതയിലുള്ള അർത്ഥം ഇവിടെ ഉത്ഭവിക്കുന്നു. മറ്റുള്ളവരെ അറിയാതെ തന്നെ അവരെ മുൻവിധിയോടുകൂടി കാണുന്ന അവസ്ഥ. വർണ്ണവിവേചനത്തിന്റെ അവസ്ഥ. മറ്റുമതങ്ങളോട് വിവേചനം, സഹിഷ്ണുതയില്ലായ്മ ഇതൊക്കെ മറ്റുള്ളവരെക്കുറിച്ചു കള്ളസാക്ഷ്യം പറയുന്നതിന് തുല്യമാണ്. ഏതെങ്കിലും ഒരു മതത്തിന്റെ അംഗമായതിനാൽ ഞാൻ, എന്റെ സഭ, മതം ഇതൊക്കെ ശ്രേഷ്ഠം മറ്റുള്ളതൊക്കെ കുറഞ്ഞത് എന്ന വിധിയെഴുത്തൽ. അത് കള്ളസാക്ഷ്യം ആണ്. കള്ളസാക്ഷ്യം വിജ്ഞാനത്തിന്റെ കുറവാണ്. ഇത് എഴുതിയ കാലഘട്ടത്തിൽ അക്ഷരാർത്ഥം മാത്രമായിരിക്കാം ഉണ്ടായിരുന്നിരുന്നത്. എന്നാൽ ഇന്നത്തെ കാലഘട്ടത്തിൽ വളരെ ഏറെ ആശയം ഉൾക്കൊള്ളുന്നു. കപടഭക്തി കള്ളസാക്ഷ്യം ആണ്. ഇല്ലാത്തത് ഉണ്ടെന്ന് ഭാവിക്കൽ, കപടനാട്യം, കള്ളസാക്ഷ്യമാണ്. ഒരു മതത്തിൽ പ്രത്യേകിച്ച് വിശ്വാസം ഇല്ലെങ്കിലും അതിൽത്തന്നെ തുടരുമ്പോൾ അത് നമ്മോടുതന്നെ ചെയ്യുന്ന കപടസാക്ഷ്യം ആണ്, ആത്മവഞ്ചനയാണ്. ചില പ്രസ്ഥാനത്തിന്റെ അനുയായികൾക്ക്, നേതാക്കന്മാർക്ക് അതിൽ വിശ്വാസം ഇല്ലെങ്കിലും സ്ഥാനമാനമോ നിലനിൽപ്പോ കരുതി ആ പ്രസ്ഥാനത്തിൽ തുടരുന്നത് കള്ളസാക്ഷ്യമാണ്. അടങ്ങാത്ത കാമദാഹവുമായി സന്യാസിമഠങ്ങളിൽ വെകിളി കാട്ടുന്ന സന്യാസിമാർ കള്ളസാക്ഷികൾ ആണ്. മതചരിത്രം വെറും കെട്ടുകഥയാണെന്ന് മനസ്സിലാക്കിയിട്ടും വിശ്വാസപ്രമാണവും വചനവുമായി വിശ്വാസികളെ കബളിപ്പിക്കുന്നത് കള്ളസാക്ഷ്യമാണ്. ഇങ്ങനെ ഇവയുടെ പട്ടിക നീളുന്നു.

കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുത്. ഈ മോഹങ്ങളുടെയും മോഹഭംഗങ്ങളുടെയും അനന്തരഫലമല്ലെ ഇന്ന് സമൂഹത്തിലെ പ്രശ്നങ്ങൾ അധികവും? കനകം മൂലം, കാമിനി മൂലം കലഹം കൂടുന്നു. അസ്വസ്ഥതയിലേക്കും ദുഖത്തിലേക്കും നയിക്കുന്നു അത്. വളരെ പ്രശ്നസങ്കീർണ്ണമായ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അതുകൊണ്ട് നിന്റെ ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും സ്നേഹിക്കണം.

അതുപോലെ പ്രാധാന്യമുള്ളതാണ് നിന്റെ അയൽക്കാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കുക എന്നതും. ദൈവത്തോടുള്ള സ്നേഹവും മനുഷ്യനോടുള്ള സ്നേഹവും ഒരുപോലെ പ്രാധാന്യമേറിയതാണ്. പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും സ്നേഹിക്കുന്ന അവസ്ഥ. ദൈവത്തെ മാത്രം സ്നേഹിച്ചാൽ സ്നേഹം പരിപൂർണ്ണമാകുന്നില്ല. മനുഷ്യനെ മാത്രം സ്നേഹിച്ചാൽ സ്നേഹം

പരിപൂർണ്ണമാകുന്നില്ല. ആധുനിക സംസ്കാരത്തിന്റെ ജീവശ്വാസമാണ് ഈ പരിപൂർണ്ണസ്നേഹം.

ഇമ്മാനുവേൽ എന്നാൽ ദൈവം നമ്മോടുകൂടെ. എങ്കിൽ ഇമ്മാനുവേൽ നമ്മുടെ അയൽക്കാരൻ തന്നെ. നാം നമ്മിൽത്തന്നെ അടിച്ചേൽപ്പിക്കുന്ന അടിമത്തമുണ്ട്, ചില നിയമങ്ങളുണ്ട്, പാരമ്പര്യത്തിൽനിന്നും ജീവിക്കുന്ന ചുറ്റുപാടുകളിൽനിന്നും നാം സ്വീകരിച്ചവയും പഠിച്ചവയുമായ ചിന്താഗതികളും സ്വഭാവരീതികളുമുണ്ട്. ഇവയ്ക്കെല്ലാം അടിമയായി ജീവിച്ചാൽ ഒരിക്കലും ദിവ്യമനുഷ്യൻ ആവുകയില്ല. നമ്മുടെ ചിന്താഗതിയ്ക്കും സ്വഭാവരീതിയ്ക്കും പരിവർത്തനം ഉണ്ടാകണം. നല്ല വിളവ് തരുന്ന പുഷ്ടിയുള്ള വിളനിലമായി രൂപാന്തരം പ്രാപിക്കണം. പുതിയ ജീവന്റെ, പുതിയ സൃഷ്ടിയുടെ ഉത്തേജനവുമായി ജ്ഞാനസ്നാനം നടത്തണം. ദുർചിന്തകളെ കഴുകി വെടിപ്പാക്കുമ്പോൾ ദൈവത്തിന്റെ ആത്മാവ് നമ്മിൽ ആവസിക്കും. നമ്മൾ പുതിയ സൃഷ്ടിയാകും. അതാണ് പുനർജന്മവും പുനരുദ്ധാനവും. ഇത് മരിച്ചതിന് ശേഷമുള്ള അവസ്ഥയല്ല. ചിന്തയിലും പ്രവൃത്തിയിലും വീണ്ടും ജനിക്കണം. അതാണ് ജ്ഞാനസ്നാനം. ചിന്തിക്കാതെ പ്രവർത്തിക്കുന്നത് വിഡ്ഢിത്തമാണ്. പ്രവർത്തനം ഇല്ലാത്ത ചിന്ത മടിയുമാണ്. അതുപോലെ വികാരപരമായ പ്രവർത്തനം അപലപനീയവുമാണ്. മനസ്സും ചിന്തയും ശ്രുതിമധുരമായി സംയോജിക്കുന്ന (harmonial balance) പ്രവൃത്തിയാണ് ജ്ഞാനിയുടെ ലക്ഷണം. ഇത് സ്നേഹത്തിന്റെ പ്രമാണമാണ്. ഇതാണ് മത്തായി 28:20-ൽ ഗുരു പറയുന്ന പ്രമാണവും.

ഇപ്രകാരം പറഞ്ഞതിനുശേഷം ഗുരു അവരെ വിട്ടുപോയി, ശിഷ്യന്മാർ ദുഖിതരായി കണ്ണീർ വാർത്ത് ഇപ്രകാരം പറഞ്ഞു:

“നമ്മൾ എങ്ങനെ അവിശ്വാസികളുടെ ഇടയിൽ മനുഷ്യപുത്രന്റെ രാജ്യത്തെ അറിയക്കും, അവന്റെ ജീവനെപ്പോലും അവർ വെറുതെ വിട്ടില്ല, പിന്നെ നമ്മുടെ ജീവനെ അവർ വെറുതെവിടുമോ?“

മഹാനായ ഗുരുവിനുപോലും തന്റെ ശിഷ്യന്മാരിൽ ദൈവരാജ്യത്തിന്റെ സമാധാനം നൽകാൻ സാധിച്ചില്ല. ക്രിസ്തുമതം വളർന്നു വലുതായി, പക്ഷെ ഗുരുവിന്റെ സമാധാനത്തിന്റെ സുവിശേഷം ലോകത്തിൽ വളർന്നിട്ടില്ല. സാധാരണ മനുഷ്യന് ഉണ്ടാകുന്ന വിചാരവികാരങ്ങളിലേക്ക് ശിഷ്യന്മാർ അധ:പതിക്കുന്നു. ശിഷ്യന്മാർ പ്രവർത്തിക്കാൻ വിമുഖതകാട്ടിയ രാജ്യത്തിന്റെ സുവിശേഷം ഇന്നും ലോകത്തിന് അതിന്റെ മൂലരൂപത്തിൽ മനസ്സിലാകാത്തതും അതുകൊണ്ടാണ്. ‘നീതി നിമിത്തം പീഢിപ്പിക്കപ്പെടുന്നവരെ നിങ്ങൾ എഴുന്നേറ്റ് മുന്നോട്ടുനടക്കുക’, എന്ന് ഗിരിപ്രഭാഷണത്തിൽ യേശു പറഞ്ഞു. ശിഷ്യർക്ക് ചെവി ഉണ്ടായിരുന്നെങ്കിലും അവർ കേട്ടില്ല. യേശുവിന്റെ സുവിശേഷം ഇന്നും തെറ്റായി പ്രചരിപ്പിക്കപ്പെടു

ന്നതിന്റെ കാരണവും അതു തന്നെ. ഇവിടെയാണ് പുതിയൊരു സത്യവേദപുസ്തകത്തിന്റെ പ്രസക്തി.

യേശുവിന്റെ ജീവചരിത്രം പുരുഷൻ എഴുതിയ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന രീതിയിൽത്തന്നെ നോക്കിയാലും പുരുഷന്മാരെക്കാൾ കൂടുതൽ വിശ്വാസവും ധൈര്യവും യേശുവിനോട് സ്നേഹവും ഉണ്ടായിരുന്നത് സ്ത്രീകൾക്കാണ് എന്ന് മനസ്സിലാക്കാം (മത്തായി 27:55–56). യേശുവിന്റെ ശിഷ്യരിൽ പുരുഷന്മാർ മാത്രമായിരുന്നില്ല, സ്ത്രീകളുമുണ്ടായിരുന്നു. പക്ഷെ പുരുഷമേധാവിത്തം നിലനിൽക്കുന്ന സമൂഹത്തിൽ സ്ത്രീകളെ മന:പൂർവ്വം പരാമർശിക്കാതെ വസ്തുതകൾ മറച്ചുവെച്ചു. യേശുവിന്റെ സുവിശേഷത്തെ ശരിയായ വിധത്തിൽ മനസ്സിലാക്കിയതും സ്ത്രീകൾ തന്നെ ആയിരിക്കണം, പ്രത്യേകിച്ച് മഗ്ദലനമറിയം. മറിയവും പത്രോസുമായുള്ള ഇടർച്ച മറിയത്തിന്റെ സുവിശേഷത്തിൽ മാത്രമല്ല തോമായുടെ സുവിശേഷം, സോഫിയയുടെ വചനങ്ങൾ, ഈജിപ്തുകാരുടെ സുവിശേഷം എന്നിവയിലൊക്കെ പരാമർശിച്ചിട്ടുണ്ട്. പത്രോസും അന്ത്രയോസും അന്നും ഇന്നും പുരുഷമേധാവിത്തം നിലനിൽക്കുന്ന യെഹൂദചിന്തയിൽ ജനിച്ചുവളർന്നവരാണ്. ഗുരുവിന്റെ കൂടെ അത്രകാലം കഴിഞ്ഞിട്ടും അവർക്ക് ആത്മീയപരിണാമം ഉണ്ടായില്ല. ജനിച്ചമതത്തിന്റെ ചിന്താഗതിയിൽനിന്നും വ്യത്യസ്ഥമായി ചിന്തിക്കുവാനോ മറ്റുള്ളവരെ മനസ്സിലാക്കുവാനോ അവർക്കു സാധിച്ചില്ല. എന്നാൽ മറിയത്തിന്റെ ശക്തി, ദേവീശക്തി അത് സ്വയം കണ്ടെത്തിയതിന്റെ ഫലമാണ്. അത് നല്ലനിലത്തിന് തുല്യം വചനങ്ങളെ നൂറുമേനിയായി വളർത്തി. സ്ത്രീകളിൽ മാത്രമെ ഈ ശക്തി പ്രകടമായി കാണുന്നുള്ളു. പെറ്റമ്മയുടെ സ്നേഹം (the love of the womb), അത് അപാരമാണ്. ചരടുകൾ ഇല്ലാത്തതാണ്, ദിവ്യമാണ്. മൃഗങ്ങളിൽപ്പോലും ഇത് പ്രകടമാണ്. തന്റെ കുട്ടിയെ മറ്റുമൃഗങ്ങൾ ആക്രമിച്ചാൽ അവസാനനിമിഷം വരെ പോരാടുന്നത് തള്ളമൃഗമാണ്. സ്വന്തം ജീവൻ അപകടത്തിലാണെന്ന് മനസ്സിലാക്കിയാലും തള്ളമൃഗം ഓടിപ്പോകുകയില്ല. അത് തന്നെയാണ് കുരിശിന്റെ സമിപത്തും നാം കാണുന്നത്. ഈ മാതൃസ്നേഹത്തിന്റെ മറ്റൊരു പ്രകടനമാണ് ആതുരസേവനരംഗം. അവിടെയും സ്ത്രീകൾ തന്നെ മുൻപന്തിയിൽ. മനുഷ്യന്റെ ജനനസമയത്തും മരണസമയത്തും രോഗിയായിരിക്കുമ്പോഴുമെല്ലാം പുരുഷന്മാരെക്കാൾ കൂടുതൽ ശുശ്രൂഷ നൽകുന്നത് സ്ത്രീകളാണ്. വേദന മനസ്സിലാക്കാനും സഹിക്കാനുമുള്ള കഴിവ് പുരുഷന്മാരെക്കാൾ കൂടുതൽ സ്ത്രീകൾക്കാണ് എന്നർത്ഥം. പുരുഷൻ ഭീരുവാണെന്നോ ഉത്തരവാദിത്വത്തിൽനിന്നും ഒളിച്ചോടുന്നവനാണെന്നോ അല്ല ഇതിന്റെ അർത്ഥം. ധൈര്യപ്രകടനം നടത്തേണ്ടിടത്ത്, വെല്ലുവിളിക്കേണ്ടിടത്ത്, ആയുധം ധരിക്കേണ്ട സമയത്ത്, വിദൂരതയിൽ എവിടെയാണ് നല്ല പഴം, നല്ല വേട്ടമൃഗം ഉള്ളത് എന്ന്

മനസ്സിലാക്കി സാഹസികത പ്രകടിപ്പിക്കേണ്ടിടത്ത് ഒക്കെ മുൻപന്തിയിൽ പുരുഷന്മാരാണ്.

യേശുവിന്റെ മുന്നിൽ സ്ത്രീയും പുരുഷനും തമ്മിൽ സ്ഥാനമാനങ്ങളിൽ വിവേചനമില്ല. യേശു സ്വന്തം ജീവചരിത്രം എഴുതിയില്ല. യേശു മരിച്ചതിനുശേഷം ഏതാണ്ട് 50 വർഷം കഴിഞ്ഞാണ് മർക്കോസിന്റെ പേരിലുള്ള സുവിശേഷം ഉണ്ടാകുന്നത്. പല കാലഘട്ടങ്ങളിൽ നടന്ന വെട്ടലുകളും തിരുത്തലുകളും കൂട്ടിച്ചേർക്കലും വിവിധതരത്തിലുള്ള തർജ്ജമകളും എല്ലാം കഴിഞ്ഞ് അനേകം പുനർജന്മങ്ങൾ കൈവരിച്ച സുവിശേഷങ്ങളാണ് ഇന്ന് കാണുന്നവ. ആ സുവിശേഷങ്ങളെ ആസ്പദമാക്കി ക്രോഡീകരിച്ച അപ്പോസ്തോലസഭകൾ സ്ത്രീകളോട് കാട്ടുന്ന വിവേചനം മാറ്റണം, പുരുഷനു തുല്യമായ എല്ലാ സ്ഥാനമാനങ്ങളും സ്ത്രീകൾക്കും ലഭ്യമാക്കണം. അതാണ് യേശുവിന്റെ മതം. ദൈവം ശുദ്ധീകരിച്ചതിനെ അശുദ്ധം എന്നു വിളിക്കരുത് എന്ന് പത്രോസിനോടു പറഞ്ഞ വാക്കുകൾ എപ്പോഴും ഓർക്കുക. നിങ്ങൾ ദൈവപുത്രൻ എന്നു വിശ്വസിക്കയും ഘോഷിക്കയും ചെയ്യുന്ന യേശുവിനെ പ്രസവിച്ചത് സ്ത്രീയാണ്. നീ ദീർഘായുസ്സോടുകൂടി ഇരിക്കാൻ നിന്റെ പുരുഷനായ അപ്പനെ മാത്രമല്ല ബഹുമാനിക്കാൻ എഴുതിയിരിക്കുന്നത്. സ്ത്രീയായ അമ്മയും അവിടെയുണ്ട്. രണ്ടായിരം വർഷങ്ങൾക്കുമുൻപ് നിലവിലിരുന്ന സമൂഹത്തിലെ ചിന്താഗതികളുമായി ഇരുപതാംനൂറ്റാണ്ടിൽ ജീവിക്കുന്നത് സംസ്കാര ശൂന്യതയാണ്, മാനസികവളർച്ചയുടെ കുറവാണ്, ഹൃദയവും ബുദ്ധിയും പരിണമിക്കാത്തതിന്റെ ഫലമാണ്. മനുഷ്യനെ സൃഷ്ടിച്ചത് കുറെ പഴഞ്ചൻ കഥകളുമായി, പഴയചിന്താഗതികളിലൂടെ അടിമകളായി ജീവിക്കാനും മരിക്കാനുമല്ല. പിന്നെയോ എഴുന്നേറ്റ് മുന്നോട്ടുനടന്ന് പുതിയലോകത്തിന്റെയും പുതിയചിന്താഗതിയുടെയും വക്താക്കളായി മുന്നേറാനാണ്. സ്ത്രീപുരുഷവിവേചനം ഇല്ലാത്ത ദിവ്യസ്നേഹത്തിന്റെ വക്താക്കളായി എഴുന്നേറ്റ് മുന്നോട്ടുനടക്കുക. മറിയത്തിന്റെ സുവിശേഷം വീണ്ടും മാർഗ്ഗം നിർദ്ദേശിക്കുന്നു.

അപ്പോൾ മറിയം എഴുന്നേറ്റു, അവരെയെല്ലാം ആലിംഗനം ചെയ്തു. അവളുടെ സഹോദരന്മാരോട് ഇപ്രകാരം പറഞ്ഞു: “നിങ്ങൾ ദുഖിതരും സംശയാലുക്കളും ആയിരിക്കരുത്, എന്നാലോ കരുണയും മഹത്വവും നമ്മെ വഴിനടത്തുകയും ആശ്വസിപ്പിക്കുകയും ചെയ്യും.”

ഇതാണ് ശരിയായ വിശ്വാസപ്രഖ്യാപനം. അല്ലാതെ, ‘പിതാവിൽനിന്ന് പുറപ്പെട്ട്...’ എന്നിങ്ങനെയുള്ള അനേകം ദേവതത്വങ്ങളുടെ നൂലാമാലകളിൽ കുരുങ്ങിയുള്ള വിശ്വാസം അല്ല. ‘ദുഖിതരേ, നിങ്ങൾ എഴുന്നേറ്റ് മുന്നോട്ട് നടക്കുക. സംശയാലുക്കളേ, നിങ്ങൾ ചഞ്ചലത വിട്ട് ദൃഢവിശ്വാസത്തിൽ അവന്റെ കരുണയിലും മഹത്വത്തിലും ധൈര്യം നേടി മുന്നോട്ടുപോകുക.’

ഇതാണ് യേശുവിന്റെ വിശ്വാസപ്രമാണം, ദിവ്യസ്നേഹത്തിന്റെ പ്രമാണം. ഈ പ്രമാണം മനസ്സിലാകാതെ വന്നപ്പോഴാണ് നിഖ്യയിലും കോൺസ്റ്റാന്റി നോപ്പിളിലും ഒക്കെ തമ്മിൽതല്ലി പരിശുദ്ധ സുന്നഹദോസുകൾ കൂടുകയും പരിശുദ്ധമായ വിശ്വാസപ്രമാണം സ്ഥിരീകരിക്കാൻ വോട്ടിടുകയും വിമുഖത കാട്ടിയവരെ പീഢിപ്പിക്കയും ഒക്കെ ചെയ്തത്. സത്യം ഒരിക്കൽ പറഞ്ഞാൽ സത്യമായി എന്നും നിലനിൽക്കും. എന്നാൽ കള്ളസാക്ഷ്യം അനേകം തവണ ആവർത്തിച്ചാലും സത്യമാകില്ല. അസത്യമായിത്തന്നെ നില നിൽക്കുന്നു.

സഹോദരശിഷ്യരുടെ ദുഖവും ഭയവും ചഞ്ചലതയും കണ്ട് മാതൃസ്നേഹത്തിന്റെ ഹൃദയത്തുടിപ്പിൽ മറിയം എഴുന്നേറ്റ് അവരെ ആലിംഗനം ചെയ്യുന്നു. ആലിംഗനം സ്നേഹപ്രകടനം മാത്രമല്ല അംഗീകാരം കൂടിയാണ്. ശിഷ്യരിലെ മാനുഷികവീഴ്ചകളെ മറിയം അംഗീകരിക്കുന്നു. എന്നാൽ ആ പോരായ്മകളുമായി താദാത്മ്യം പ്രാപിച്ച് പ്രവൃത്തിരഹിത മായിരിക്കുവാനല്ല മറിയം ഉദ്ദേശിച്ചത്, പകരം അവരെ ഉത്തേജിപ്പിക്കുവാനും കർമ്മത്തിലേക്ക് നയിക്കുവാനുമാണ്. ദു:ഖിച്ചിരിക്കുന്നവർ ദു:ഖിതരായി വിലപിച്ചിരിക്കാതെ മുന്നോട്ട് നടന്ന് ദു:ഖം അകറ്റുന്ന പ്രവൃത്തികളി ലേർപ്പെടുന്നു. യേശുവിന്റെ കൃപയും മഹത്വവും ശരിയാംവണ്ണം മനസ്സിലായാൽ പിന്നെ ദു:ഖമോ ഭയമോ ചഞ്ചലതയോ അല്ല മനുഷ്യ മനസ്സിനെ ഭരിക്കുന്നത്. ഒരുവൻ ക്രിസ്തുവിലായാൽപ്പിന്നെ അവനിൽ ജീവിക്കുന്നത് ക്രിസ്തുവാണ്. യഥാർത്ഥസുവിശേഷം മനസ്സിലായവർ ദിവ്യമനുഷ്യരായി മാറുന്നു. അവർക്ക് ചഞ്ചലത, അസൂയ എന്നിങ്ങനെയുള്ള ദുർഗുണങ്ങൾ ഉണ്ടാകാൻ പാടില്ല. ദുർഗുണങ്ങളിൽ ജീവിക്കുന്ന മനുഷ്യൻ ആത്മാവിന്റെ വൈരുദ്ധ്യതയിൽ ആത്മാവിനെ കൊലചെയ്യുന്നു. എന്നാൽ ആദിമ ക്രിസ്തീയസഭകളിൽ നിലനിന്നിരുന്ന ആത്മീയത ലളിതമനസ്സ് എന്ന രീതി ആയിരുന്നു. കേരളത്തിലെ ആദിമക്രിസ്ത്യാനികളും ഇതുപോലെ ലളിതമനസ്സോടെ ജീവിച്ചവരായിരുന്നു. ഈ ലളിതമനസ്സുള്ള ക്രിസ്ത്യാനി കളെ ഏത് സമൂഹത്തിലായാലും തിരിച്ചറിയുകയും ചെയ്യാമായിരുന്നു. വക്രത, ക്രൂരത, ഡംഭ് എന്നിങ്ങനെയുള്ള ദുർഗുണങ്ങൾ അവരിൽ ഇല്ലായിരുന്നു, ചുരുക്കിപ്പറഞ്ഞാൽ ഉത്തമപൗരന്മാർ ആയിരുന്നു അവർ. അതുകൊണ്ടാണ് കേരളത്തിലെ രാജാക്കന്മാർ ഇവരെ സ്നേഹവാത്സല്യ ത്തോടെ പരിരക്ഷിച്ചുപോന്നത്. കേരളത്തിലെ പഴയ ക്രിസ്തീയദേവാ ലയങ്ങൾ പണിതത് കേരളത്തിലെ ഭരണാധികാരികൾ ആയിരുന്നു. അതുകൊണ്ടാണ് 16-ാം നൂറ്റാണ്ടിൽ പറങ്കികളും മറ്റുള്ളവരും കേരളത്തിൽ എത്തിയപ്പോൾ തികഞ്ഞ ആതിഥ്യമര്യാദകളോടെ രാജാക്കന്മാർ അവരെ സ്വീകരിക്കുകയും സ്വാതന്ത്ര്യവും സ്ഥലവും ഒക്കെ അവർക്ക് നൽകുകയും ചെയ്തത്. എന്നാൽ അവരുടെ കൈയിൽ കൊലക്കയറും വാളും ഉണ്ടെന്ന്

മനസ്സിലാക്കിയപ്പോൾ ഏറെ താമസിച്ചുപോയി എന്നുമാത്രം. ചുരുക്കി പ്പറഞ്ഞാൽ ഒരു ക്രിസ്ത്യാനിയെ സ്വഭാവരീതിയും പെരുമാറ്റരീതിയും കൊണ്ട് മനസ്സിലാക്കാമായിരുന്നു. അവരുടെ എളിമയുള്ള ജീവിതരീതി അംഗീകരിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്തിരുന്നു. അതിനാ ലാണ് ഹിന്ദുഭൂരിപക്ഷമുള്ള കേരളത്തിലും ഭാരതത്തിലും ക്രിസ്ത്യാനി കൾക്ക് അകമഴിഞ്ഞ പ്രോത്സാഹനം ലഭിച്ചത്. ക്രിസ്ത്യാനികളിൽ ഇന്ന് പ്രകടമായി കാണുന്ന കപടതയും ദുരാഗ്രഹവും ഒക്കെ വിദേശീയരിൽ നിന്ന് ലഭിച്ചതാണ്. ഇത് ക്രിസ്തീയം അല്ല, യേശുവിന്റെ മാർഗമല്ല. കേരളത്തിലെയും ഭാരതത്തിലെയും ജനങ്ങൾ എന്നും ലളിതമായ ജീവിതരീതികൾ ഉള്ളവരായിരുന്നു. അതുപോലെ തന്നെയായിരുന്നു യേശുപ്രസ്ഥാനക്കാരുടെ സ്വഭാവ-പെരുമാറ്റ രീതികളും. യഹൂദരിലെ ഹസീഡിർ വിഭാഗക്കാരും ഇതുപോലെ ലളിതജീവിതം അനുഷ്ഠിക്കുന്ന വരായിരുന്നു. ആദിമസഭയുടെ കാലഘട്ടത്തിൽ യേശുവിന്റെ അനുയായി കൾക്ക് മതമോ ആചാരമോ കുദാശകളോ പെരുന്നാളുകളോ മറ്റു കോലാഹലങ്ങളോ ഒന്നുമുണ്ടായിരുന്നില്ല. പകരം ആത്മീയചിന്തകളിൽ വ്യാപരിച്ചിരുന്ന ഒരു ജീവിരീതിയായിരുന്നു അവരുടേത്. ബുദ്ധമതത്തി ലെയും ജൈനമതത്തിലെയും ഹിന്ദുമതത്തിലെയും ഒക്കെ സന്യാസി കളുടെ, ഭിക്ഷുക്കളുടെ ജീവിതരീതി. രാജ്യങ്ങൾ വെട്ടിപ്പിടിച്ച അ്ലക്സാണ്ടർ ചക്രവർത്തി യുദ്ധം മതിയാക്കി ഇന്ത്യയിൽ നിന്ന് തിരികെ പോകുവാനുള്ള ഒരു കാരണവും ഇതായിരുന്നു. ചക്രവർത്തിയും പടയാളികളും നേരിട്ടത് സന്യാസികളെയായിരുന്നു. വലിയൊരു സാമ്രാജ്യം വെട്ടിപ്പിടിക്കാൻ വന്ന ചക്രവർത്തി നേരിട്ടത് ആയുധധാരികളായ പടയാളികളെ അല്ലായിരുന്നു, പൂർണ്ണനഗ്നരായ സന്യാസികളെ ആയിരുന്നു. ആർക്കും ഒന്നും സ്വന്തമല്ല, സ്വന്തമെന്നത് തോന്നൽ മാത്രം എന്ന് അവരിൽ നിന്നും ചക്രവർത്തി മനസ്സിലാക്കി. കീഴടക്കുവാനും സ്വന്തമാക്കുവാനും ഒന്നുമില്ല. ചക്രവർത്തി യ്ക്ക് ഏറ്റ മാരകമായ മുറിവും ജീവിതത്തിന്റെ ക്ഷണികത ചക്രവർത്തിയെ ബോധ്യപ്പെടുത്തി. യേശുവിന്റെ സുവിശേഷം അതുതന്നെയാണ്. മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് ദൈവത്തിങ്കലേക്ക് തിരിയണം. പെരുന്നാളുകളും കൺവെൻഷനുകളും കവലകളിലെ സാക്ഷ്യങ്ങളുമല്ല സൽഗുണസമ്പൂർണ്ണത കൊണ്ട് സ്വയം നിറയുന്ന മനുഷ്യനാണ് ഉത്തമ സാക്ഷ്യം. ആ ഗുണങ്ങൾ സൽപ്രവൃത്തികളിലൂടെ മാതൃകയായി മറ്റുള്ളവർക്ക് കാട്ടുന്നതാണ് സുവിശേഷം. മറുഭാഷയും ഹല്ലേലൂയായും സ്തോത്രവും ഉച്ചഭാഷിണിയിലൂടെ ആക്രോശിക്കുന്നതല്ല. അവ കൃപയുടെയും മനുഷ്യത്വത്തിന്റെയും സുവിശേഷങ്ങളല്ല. പിന്നെയോ സ്വയം തൊഴിൽ കണ്ടെത്തുന്ന കുടിൽവ്യവസായങ്ങൾ മാത്രമാകുന്നു. യേശുവിന്റെ കൃപയും മഹത്വവും നമ്മിൽ നിറയുമ്പോൾ സ്വാർത്ഥതയുടെ കുട്ടിസഭകൾ നാം ഉണ്ടാക്കുകയില്ല. പകരം ദരിദ്രന്റെ ദാരിദ്ര്യം മാറ്റാനും പട്ടിണിക്കാരന്റെ

പട്ടിണി മാറ്റാനും രോഗിയുടെ രോഗം മാറ്റാനും അനേകം സൽഗുണങ്ങളുമായി സമൂഹമദ്ധ്യത്തിലേക്ക് ഇറങ്ങും. അതേ സുവിശേഷം ആണ് മറിയം ശിഷ്യർക്ക് കൊടുക്കുന്നത്.  ഭയചകിതരാകാതെ, നിരാശ വിട്ട് എഴുന്നേറ്റ് മനുഷ്യപുത്രന്റെ രാജ്യത്തിന്റെ സുവിശേഷം ഘോഷിക്കുക, അതിനാൽ എഴുന്നേറ്റ് മുന്നോട്ട് നടക്കുക.

അവന്റെ മഹത്വത്തെ നമുക്കു പുകഴ്ത്താം. അവൻ നമ്മെ അതിനു വേണ്ടി തയ്യാറാക്കി. രൂപാന്തരം പ്രാപിച്ച പൂർണ്ണമനുഷ്യനാകാൻ അവൻ നമ്മെ വിളിക്കുന്നു. അപ്പോൾ മറിയം അവരുടെ ഹൃദയത്തെ നല്ലതിലേക്കു തിരിച്ചു. അപ്പോൾ അവർ ഗുരുവിന്റെ വാക്കുകളുടെ അർത്ഥം ചർച്ച ചെയ്യുവാൻ തുടങ്ങി.  ഇതാണ് ഏതു മതത്തിന്റെയും പ്രാഥമിക ഉദ്ദേശവും ലക്ഷ്യവും. മനുഷ്യനെ നന്മയിലേക്കു നയിക്കാത്ത ഒരു മതവും ദൈവികമല്ല, പൈശാചികമാണ്. മറ്റ് മതക്കാരന്റെ കഴുത്ത് അറക്കുന്നത് സ്വർഗത്തിലേക്കുള്ള പാസ്പോർട്ടാണെന്ന് നിന്റെ മതം പഠിപ്പിക്കുന്നുവെങ്കിൽ അത് പൈശാചികമതമാണ്. ആ മതത്തിന്റെ മാർഗം നരകത്തിലേക്കു മാത്രമേ നയിക്കുകയുള്ളു.

ദൈവനാമം, സൽഗുണങ്ങൾ നിന്നിൽ മഹത്വീകരിക്കപ്പെടുമ്പോൾ സമാധാനത്തിന്റെ സന്ദേശം ലോകത്തിൽ പരക്കുന്നു.  ഭയവും നിരാശയും കൊണ്ടു മടിപിടിച്ച ശിഷ്യരിൽ അവരെ ഭരിക്കുന്ന ഞാൻ എന്ന ഭാവങ്ങൾക്കു പകരം ദൈവഭാവം നിറയ്ക്കുന്നു. ദൈവമഹത്വത്തെ അവഗണിക്കുന്നത് തിന്മയാണ്. ദൈവേഷ്ടം നമ്മിൽ പ്രവർത്തിക്കുവാൻ നാം അവസരം കൊടുക്കാത്തതിനാലാണ് തിന്മ വളരുന്നത്. പകരം, 'ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ ഇഷ്ടം എന്നിൽ നിറവേറട്ടെ' എന്ന് സ്വയം ലളിതപ്പെടുമ്പോൾ നമ്മിൽ ദിവ്യതയുദിക്കും. അതാണ് യേശു സാക്ഷ്യപ്പെടുത്തിയത് . പൂർണ്ണമനുഷ്യരായി രൂപാന്തരം പ്രാപിക്കുക. ഹെറോനിയോസ് പറയുന്നു: 'ദൈവം മനുഷ്യനായി ജനിച്ചത് മനുഷ്യൻ എന്താണെന്ന് നമ്മെ മനസിലാക്കുവാനാണ്. തോമായുടെ സുവിശേഷം പറയുന്നു: 'പുരുഷനോ, സ്ത്രീയോ അല്ല, പൂർണ്ണമനുഷ്യരായവർ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നു'.

നിങ്ങൾ തിരികെ ശിശുക്കളെപ്പോലെ ആകുന്നില്ല എങ്കിൽ സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. അതായത് മൂലാവസ്ഥയിലേക്ക് തിരിയണം. അന്നത്തെ അറിവിൻപ്രകാരം ശിശുക്കളിൽ കാപട്യമില്ല. എന്നാൽ ഒരു ശിശു ജനിക്കുന്നത് നിർമ്മലഹൃദയത്തോടെ അല്ല മറിച്ച് പാരമ്പര്യത്തിന്റെ നന്മയും തിന്മയും ആർജ്ജിച്ചുകൊണ്ടാണെന്ന് ആധുനികമനശ്ശാസ്ത്രം മനസ്സിലാക്കി. എന്നാൽ ഒന്നാം നൂറ്റാണ്ടിലെ അറിവിൻപ്രകാരം ശിശു നിർമ്മലഹൃദയനാണ്. നിർമ്മലഹൃദയം ഉള്ള ശിശുവിനെപ്പോലെ ആകണം എന്നു സാരം. എന്തെന്നാൽ ശിശു എന്ന പദത്തിന് പുരുഷൻ/സ്ത്രീ എന്ന ലിംഗവിവേചനം

ഇല്ല. സ്ത്രീയോ പുരുഷനോ ആകാം. സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത് സ്ത്രീയോ പുരുഷനോ ആയിട്ടല്ല. സ്ത്രീപുരുഷവിവേചനത്തിന് അതീതമായ പൂർണ്ണമനുഷ്യൻ, ദിവ്യമനുഷ്യൻ എന്ന അവസ്ഥയിലാണ്. പത്രോസ് എന്ന പുരുഷന്റെ കയ്യിലെ താക്കോലും ചെങ്കോലും ഒക്കെ പുരുഷമേധാവിത്തം നിലനിൽക്കുന്ന കലാസാംസ്കാരികഭാവനകളുടെ സൃഷ്ടി മാത്രമാണ്. മനുഷ്യനെ ദൈവം സ്വന്തം സാദൃശ്യത്തിൽ സൃഷ്ടിച്ചു എന്നതും ആ സൃഷ്ടി പുരുഷനായ ആദം ആയിരുന്നു എന്നതും മേൽപ്പറഞ്ഞത് പോലെയുള്ള പുരുഷഭാവനയുടെ സൃഷ്ടി മാത്രമാണ്. തള്ള കുഞ്ഞുങ്ങളെ  തന്റെ ചിറകിൻകീഴെ മറയ്ക്കുന്നതുപോലെ ദൈവം മനുഷ്യനെ കാത്തുരക്ഷിച്ചു എന്നാണ് പറയുന്നത്. തള്ള സ്ത്രീയാണ്, പുരുഷനല്ല. ദൈവികസ്നേഹം മാതൃസ്നേഹം പോലെയുള്ള സ്നേഹ മാണെങ്കിൽ ദൈവം സ്ത്രീ ആയിരിക്കണം. ഇതെല്ലാം മനുഷ്യഭാവനകൾ. ഈജിപ്ഷ്യൻ വിശ്വാസരീതികളും ഹൈന്ദവവിശ്വാസരീതികളും ബുദ്ധ-ജൈന രീതികളും കടമെടുത്ത ക്രിസ്തുമതസിദ്ധാന്തം എന്തിന് സ്ത്രീ വിദ്വേഷമായി മാറി എന്ന് മനസ്സിലാകുന്നില്ല. ഈ വിശ്വാസ രീതികളിൽ എല്ലാം തന്നെ സന്യാസിനികൾ ഉണ്ട്. മാത്രമല്ല ക്രിസ്തുമത ത്തിന്റെ ആരംഭത്തിലും പുരോഹിതകൾ ഉണ്ടായിരുന്നു. അതിനാൽ യേശുവിന്റെ ശിഷ്യർ പുരുഷന്മാർ മാത്രമായിരുന്നു എന്നത് തെറ്റായ ചിന്താഗതിയാണ്, കാനോനികസുവിശേഷങ്ങളിൽ നിന്ന് മാത്രമുള്ള അറിവാണ്. അവ പുരുഷമേധാവിത്തം ക്രോഡീകരിച്ചവയാണ്. യേശുവിന്റെ സുവിശേഷ കാലഘട്ടത്തിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ സ്ഥാനം ഉണ്ടായിരുന്നു. മാത്രമല്ല സൽഗുണസമ്പൂർണ്ണനായ ഗുരു പുരുഷന് സ്ത്രീയേക്കാൾ കൂടുതൽ സ്ഥാനം കൊടുത്തു എങ്കിൽ ആ ഗുരു ജ്ഞാനിയല്ല, സൽഗുണസമ്പൂർണ്ണനുമല്ല.

പത്രോസ് മറിയത്തോടു പറഞ്ഞു: “സഹോദരി, മറ്റു സ്ത്രീകളിൽ നിന്നും വ്യത്യസ്തമായി ഗുരു നിന്നെ സ്നേഹിച്ചിരുന്നു. ഗുരു നിന്നോട് പറഞ്ഞതായി നീ ഓർക്കുന്നവയും ഞങ്ങൾ കേട്ടില്ലാത്തവയുമായ വാക്കുകൾ നീ ഞങ്ങളോട് പറക.”

ഗുരുവിന്റെ വചനങ്ങളെ ചർച്ച ചെയ്യുവാൻ തുടങ്ങിയപ്പോൾ ക്ഷിപ്രകോപിയും സഹിഷ്ണുത ഇല്ലാത്തവനും പുരുഷമേധാവിത്തത്തിൽ വിശ്വസിക്കുന്നവനുമായ പത്രോസിൽ ഉണ്ടാകുന്ന വ്യതിയാനമാണ് ഈ വാക്കുകളിൽ പ്രകടമാകുന്നത്. മറിയം യേശുവിന്റെ ഭാര്യയായിരുന്നു എന്നും സൂചനയില്ല. ഇതും ആധുനിക കഥാകൃത്തുക്കളുടെ ഭാവനയാണ്. മറിയത്തിന്റെ സുവിശേഷത്തിലൂടെ യേശുവിനെ മനസ്സിലാക്കിയാൽ അവിടെ ഭാര്യാഭർത്തൃബന്ധമല്ല കാണുന്നത്. ദിവ്യാനുരാഗബന്ധമാണ്. അത് മാനുഷികലൈംഗികതയല്ല, സ്വർഗ്ഗീയാനുഭൂതിയുടെ ബന്ധമാണ്.

മറിയത്തിന്റെ സുവിശേഷം മനസ്സിലാക്കാൻ മറിയം യേശുവിന്റെ ഭാര്യയായിരുന്നോ എന്ന അവസ്ഥയ്ക്ക് പ്രസക്തിയില്ല. എന്നാൽ മറ്റുള്ളവരെക്കാൾ ഉപരിയായ ബന്ധം ആയിരുന്നത്. യേശുവിന്റെ സുവിശേഷം ആന്തരികമായി മനസ്സിലാക്കിയത് മറിയം മാത്രമായിരുന്നു. അതായിരിക്കാം ഈ ബന്ധത്തിന്റെ രഹസ്യം.

ഇവിടെ വളരെ ബഹുമാനത്തോടെയാണ് പത്രോസ് മറിയത്തെ സമീപിക്കുന്നത്. എന്നാൽ ചഞ്ചലഹൃദയനും ക്ഷിപ്രകോപിയുമായ പത്രോസിന് ഈ നല്ലഗുണത്തിന്റെ അവസ്ഥ അധികം ദീർഘിപ്പിച്ചുകൊണ്ടു പോകാൻ സാധിക്കുന്നില്ല എന്ന് കാണാം, പ്രത്യേകിച്ച് പത്രോസ് ആവശ്യപ്പെട്ടതുപോലെ ഗുരുവിന്റെ വചനങ്ങൾ മറിയം അവരോട് പറഞ്ഞപ്പോൾ. പത്രോസിലെ അസൂയ വളരെ വേഗം ഉയർന്നുവരുന്നതായി കാണാം.

മഗ്ദലനമറിയം യേശുവിന്റെ ഭാര്യ ആയിരുന്നു എങ്കിൽ യേശു മശിഹായും സഭ മണവാട്ടിയും ആയി മാറി എങ്കിൽ ആ മണവാട്ടിയുടെ മൂർത്തീകരണം അല്ലേ മറിയം? വചനം ജഢമായി വിജ്ഞാനത്തെ മണവാട്ടിയാക്കി എങ്കിൽ (sophia wedded to logos) ദിവ്യജ്ഞാനത്തിന്റെ മൂർത്തീകരണമല്ലേ മറിയം?

ഫിലിപ്പിന്റെ സുവിശേഷത്തിലാണ് മറിയത്തെ യേശു ചുണ്ടിൽ, വായിൽ ചുംബിക്കുന്നത്. യെഹൂദ ആചാരപ്രകാരം ഇത് ലൈംഗികമല്ല. ഒരേ ബന്ധം പങ്കിടുന്ന അവസ്ഥയാണ്. ഈ ഫിലിപ്പിന്റെ സുവിശേഷം മറിയത്തെ യേശുവിന്റെ സഹോദരി, അമ്മ, സഹചാരി എന്നിങ്ങനെ വിശേഷിപ്പിക്കുന്നു. എന്നാൽ മറിയത്തിന്റെ സംബോധനയിൽ (യോഹന്നാൻ 20:16) യേശു അവൾക്ക് വെറും ഗുരു അല്ല 'എന്റെ പ്രിയപ്പെട്ട ഗുരു' ആണ്. ഈ ബന്ധം പത്രോസിന് നിഷേധിക്കാൻ സാധിക്കുന്നില്ല.

# സുവിശേഷം - പത്താംപുറം

(പുരുഷമേധാവിത്തം ഒരുയർന്ന ചിന്താഗതിയല്ല, എല്ലാ ജീവിവർഗ്ഗങ്ങളിലും പ്രകടമായി കാണുന്ന ഒരു പ്രാകൃതവികാരമാണ്. പുരുഷമേധാവിത്തം ധാർമ്മികവും സാംസ്കാരികവുമായി ഉയർന്ന നിലവാരം പുലർത്തുന്ന ഒരു സമൂഹത്തെ സംബന്ധിച്ചിടത്തോളം തീർത്തും അപരിഷ്കൃതമായ ഒരവസ്ഥയാണ്. അത് നിലനില്ക്കുന്ന സമൂഹവും സഭയും സമുദായവും ഗവൺമെന്റും ഒക്കെ സംസ്കാരത്തിൽ വളരെ പിന്നോക്കാവസ്ഥയിലാണെന്നും കാണാം. അപ്പോസ്തോലികപിൻതുടർച്ചയുള്ള സഭയിൽ ആയാലും ക്രിസ്തുവിന്റെ മണവാട്ടി സഭയിൽ ആയാലും ഇതൊരു പ്രാകൃതവികാരം തന്നെയാണ്.)

**മ**റിയം അവരോടു പറഞ്ഞു: നിങ്ങൾക്ക് കേൾക്കാൻ ലഭിക്കാതിരുന്നവ ഞാൻ നിങ്ങളോടു പറയാം. ഞാൻ ഗുരുവിനെ ദർശനം ചെയ്തു. ഞാൻ അവനോടു പറഞ്ഞു: ഗുരോ, ഞാൻ നിന്നെ ഇപ്പോൾ ദർശനത്തിലൂടെ കാണുന്നു. അപ്പോൾ അവൻ പറഞ്ഞു: ഈ ദർശനം നിന്നിൽ ഇളക്കമോ ഭയമോ ഉണ്ടാകത്തതിനാൽ നീ അനുഗ്രഹിക്കപ്പെട്ടവളാകുന്നു. നിന്റെ നിധി എവിടെയോ അവിടെയാകുന്നു നിന്റെ മനസ്സും.

ഇവിടെ ഗുരുവിൽനിന്നും കേട്ടകാര്യമല്ല മറിയം പറയുന്നത്, ഗുരുവിന്റെ ദർശനത്തിൽനിന്നും ലഭിച്ച അറിവിൻ പ്രകാരമാണ്. യെഹൂദരീതിയിൽ ദിവ്യാനുഭൂതി പകർന്നിരുന്നത് കേൾവിയിലൂടെ ആയിരുന്നു, (ഇസ്രായേലേ കേൾക്കുക...). എന്നാൽ ഗ്രീക്ക് രീതിയും ഈജിപ്ഷ്യൻ രീതിയും ദർശനം ആയിരുന്നു. പുരോഹിതർ, ആണും പെണ്ണും, ദിവ്യസംസർഗ്ഗം നടത്തിയിരുന്നത് ദർശനത്തിലൂടെയായിരുന്നു. അതായത് കേൾവിയിലൂടെ ഉള്ള അനുഭൂതിയുടെ പൂർത്തീകരണമായി മാറി ദർശനം. ഈ പ്രവണത യോഹന്നാന്റെ ഒന്നാം ലേഖനത്തിലും (1 യോഹ 1:1-2) സുവിശേഷത്തിലും (8:56) കാണാം.

ഇവിടെ അന്തർലീനമായ ആശയം ഇതാണ്: പത്രോസും മറ്റുശിഷ്യരും യേശുവിന്റെ വാക്കുകൾ ധാരാളം കേട്ടു. പക്ഷേ വാക്കുകൾ നല്കുന്ന

ആശയം ഗഹനമാകുമ്പോൾ അതിലടങ്ങിയിരിക്കുന്ന തത്വം മനസ്സിലാകാതെ വരും. ഇത് പണ്ടുകാലം മുതലെ നിലനില്ക്കുന്ന ഒരു വീഴ്ചയാണ്. വാക്കുകളെ അവയുടെ അക്ഷരാർത്ഥത്തിൽ മാത്രം ഗ്രഹിക്കുന്നതുകൊണ്ട് പ്രയോജനമില്ല. എന്നാൽ അവ നൽകുന്ന ഗൂഢമായ അർത്ഥം മനസ്സിലാക്കണം. എല്ലാ കലകൾക്കും ഈ തത്വം ബാധകമാണ്. പഴയ നിയമത്തിലെ പ്രവാചകരെ ദർശകർ (കണ്ടവർ) എന്നാണ് വിശേഷിപ്പിക്കുന്നത്. വെളിവുനിറഞ്ഞ ഈശനെ വെളിവിൽ കാണണം എന്നു പറയുന്നതും ഇതുതന്നെ. മോശ വാഗ്ദത്തനാട് നേരിട്ടുകണ്ടില്ല. പക്ഷേ ദർശനത്തിലൂടെ മനസ്സിലാക്കി (ആവ: 34:4). ഇവിടെ ഉദ്ദേശിക്കുന്നത് ആന്തരികമായ കണ്ണുകളിലൂടെയുള്ള ദർശനമാണ്. ഇത് അനുഭൂതിയാണ്. ഈ അനുഭൂതി അഥവാ ദിവ്യദർശനം ലഭിക്കണമെങ്കിൽ മനസ്സിൽ ദിവ്യചിന്ത നിറയണം. അപ്പോൾ ദിവ്യദർശനം ഉണ്ടാകുന്നു. ദൈവങ്ങളുടെ പ്രതിമകൾ കൊണ്ടുദ്ദേശിക്കുന്നതും ഇതാണ്. കല്ല്, ലോഹം ഇവ കൊണ്ടുണ്ടാക്കിയ വിഗ്രഹരൂപങ്ങളിൽനിന്നും വിഗ്രഹം പ്രതിനിധീകരിക്കുന്ന ദിവ്യഭാവത്തിലേക്ക് നാം മനസ്സിനെ നയിക്കുമ്പോൾ മാത്രമെ ദിവ്യദർശനം ലഭിക്കകയുള്ളു. അല്ലാഞ്ഞാൽ വെറും വിഗ്രഹവന്ദനം മാത്രമായി മാറും. അതുകൊണ്ടാണ് ദൈവവചനം കേട്ടുഗ്രഹിച്ചാൽ പോരാ കണ്ടുഗ്രഹിക്കണം എന്നെഴുതിയിരിക്കുന്നത് (ജനം കാഹളധ്വനിയും ഇടിമുഴക്കവും കണ്ടു -പുറപ്പാട് 20:18). ഇതാണ് വചനം ജഢമാകുന്ന അവസ്ഥയും. ഈ ആശയം ആ കാലഘട്ടത്തിലെ തത്വചിന്തയല്ല. കലകളിലും മറ്റും പ്രത്യക്ഷരൂപത്തിൽ വ്യാപരിച്ചിരുന്ന ഒരു ആശയമാണ്. യോഹന്നാൻ വചനം ജഢമായി എന്നു സുവിശേഷത്തിൽ പറയുന്നത് ഒരു പുതിയ ആശയമല്ല എന്നു സാരം. ദൈവത്തെ മുഖാമുഖം കണ്ടാൽ മരിക്കും എന്നായിരുന്നു ഇസ്രായേലിന്റെ വിശ്വാസം. അതുകൊണ്ടാണ് കാഴ്ചയ്ക്കു പകരം കേൾവിക്ക് പഴയനിയമം പ്രാധാന്യം കൊടുത്തത് (പുറപ്പാട് 33:20).

എന്നാൽ ദൈവത്തെ കാണുവാൻ മനസ്സാലും ശരീരത്താലും തയ്യാറെടുത്തവർ ദൈവത്തെ കണ്ടു. അവർക്ക് മരണം സംഭവിച്ചില്ല (പുറ: 24:9-11). ഇതെല്ലാം രണ്ടായിരത്തിൽ അധികം വർഷങ്ങൾ പഴക്കമുള്ള ചിന്താഗതികൾ ആണ്. എ.ഡി. 1600 വരെ സൂര്യൻ ഭൂമിയെ വലംചെയ്യുന്നു എന്നും ഭൂമി സൗരയൂഥത്തിന്റെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നു എന്നും വിശ്വസിച്ചിരുന്നു. ആ ചിന്താഗതിയുടെ ഭാഗമാണ്. മനുഷ്യരൂപത്തിലും ഭാവത്തിലും സ്വഭാവത്തിലും ഉള്ള ദൈവങ്ങളും. മനുഷ്യൻ സൃഷ്ടിയുടെ പരമോന്നതമായ അവസ്ഥയാണ്. ദൈവത്തിന്റെ തെരഞ്ഞെടുത്ത ജനമാണ്. ഈ മനുഷ്യനുവേണ്ടി ദൈവം സ്വർഗത്തിൽ മന്ദിരങ്ങൾ പണിതിരിക്കുന്നു. ദൈവം മനുഷ്യനെ രക്ഷിക്കാൻ സ്വർഗത്തിൽ നിന്നും ഇറങ്ങി. ഇതൊക്കെ ചിന്തകളിലെയും ഭാവനകളിലെയും മാത്രം ദൈവമാണ്. എന്നാൽ സത്യമായ ദൈവം എന്ത്? യഥാർത്ഥദൈവം എന്ത്? അന്നുമിന്നും ആർക്കും അറിയില്ല. അറിയാം എന്ന് പറയുന്നത് അസംബന്ധവും അജ്ഞതയും ആണ്. കുറെ മനുഷ്യരെ

കബളിപ്പിക്കാം എന്നല്ലാതെ ഈ വിശ്വാസത്തിന് പ്രത്യേകത എന്തെങ്കിലുമുണ്ടോ?

എന്നാൽ ദൈവവിശ്വാസത്തിനു പകരം ദൈവികമായ ചിന്ത (ദിവ്യഗുണം) മനുഷ്യനിൽ വ്യാപരിക്കുമ്പോൾ മനുഷ്യൻ നന്മ മാത്രം പ്രവർത്തിക്കുന്നു. അല്ലാതെ ദൈവത്തിനു കാലും തലയും വായും ഒക്കെ ഉണ്ടാക്കി ആരാധിക്കാൻ തുടങ്ങുമ്പോൾ അത് വിഗ്രഹാരാധനയായി മാറുന്നു. വിഗ്രഹത്തെ പൂജിക്കുന്നതിനു പകരം വിഗ്രഹം പ്രതിനിധീകരിക്കുന്ന സൽഗുണത്തെ സ്വായത്തമാക്കണം. ആ ഗുണവുമായി നാം താദാത്മ്യം പ്രാപിക്കുമ്പോൾ നമ്മിൽ നന്മ നിറയുന്നു. ഇതാണ് ദൈവഭയം എന്നതുകൊണ്ടും ദൈവവിശ്വാസം എന്നതുകൊണ്ടും ഉദ്ദേശിക്കുന്നത്. മരണത്തിനുശേഷം ഉള്ള ഒരു സുഖവാസസ്ഥലമാണ് സ്വർഗം. അത് നേടാൻ ദൈവവിശ്വാസം വേണം ഇല്ലെങ്കിൽ അനേകജന്മങ്ങളിലൂടെ കഷ്ടപ്പെടണം. ഇതാണ് മനുഷ്യജീവിതത്തിന്റെ അർത്ഥം എങ്കിൽ എല്ലാവരും കത്തോലിക്കാസഭയിൽ ചേരുന്നതാണ് പ്രായോഗികം. കാരണം മറ്റു മതതത്വങ്ങൾ പ്രകാരം സ്വർഗം നേടാൻ വളരെ പ്രയാസമാണ്. എന്നാൽ കത്തോലിക്കർക്ക് മറ്റുള്ളവരെക്കാൾ വളരെ എളുപ്പമാണ്. അതാണ് ബുസ്പുക്കാന (ശുദ്ധീകരണസ്ഥലം) എന്ന പരിപാടി. സ്വർഗ്ഗത്തിൽ പോകാൻ തക്കവണ്ണം ഗുണപൂർണ്ണം അല്ലാത്ത ജീവിതം നയിച്ച് മരിച്ചാലും ശുദ്ധീകരണസ്ഥലത്ത് പോയി ശുദ്ധീകരിക്കപ്പെട്ടാൽ നരകത്തിൽ പോകാതെ സ്വർഗ്ഗത്തിൽ പോകാം, എസ്.എസ്.എൽ.സി. തോറ്റാലും എം.എ. ബിരുദം നേടാം എന്ന പരസ്യം പോലെ.

ദൈവത്തെ മനുഷ്യരൂപത്തിൽ കാണാൻ ശ്രമിക്കുമ്പോഴാണ് ഈ വൈരുദ്ധ്യതയുടെ പ്രശ്നങ്ങൾ ഓരോന്നായി ഉണ്ടാകുന്നത്. ഉൽപ്പത്തിയിൽ ദൈവം പകലിനെ സൃഷ്ടിച്ചു. രാത്രിയെ സൃഷ്ടിച്ചു. ഈ ചിന്താഗതി എങ്ങനെ ഉണ്ടായി? ശരിയാണ് ഭൂമിയിൽ നിന്നു നോക്കുമ്പോൾ സൂര്യൻ ഉദിക്കുന്നു, അസ്തമിക്കുന്നു. മനുഷ്യന്റെ അന്നത്തെ അറിവിൻ പ്രകാരമാണിതെഴുതിയിരിക്കുന്നത്. സൂര്യൻ ഉദിക്കുന്നില്ല, അസ്തമിക്കുന്നില്ല, ഭൂമിക്കുചുറ്റും കറങ്ങുന്നുമില്ല എന്ന് ഇന്ന് നമുക്കറിയാം. ഭൂമിക്കു മുകളിൽ നിന്നുകൊണ്ട് ദർശിച്ചാൽ ഉദയവും അസ്തമയവും ഇല്ല. ലോകത്തിലെ അനേകം തത്വചിന്തകരും മതങ്ങളും സൂര്യന്റെ ഉദയാസ്തമയങ്ങളെ അടിസ്ഥാനമാക്കിയിരിക്കുന്നു. യേശുവിന്റെ ജനനവും മരണവും ഈ സൂര്യനെ അടിസ്ഥാനമാക്കിയാണ്. യേശു കുരിശിൽ പ്രാണനെ വെടിഞ്ഞപ്പോൾ തന്റെ സൃഷ്ടാവിന്റെ നഗ്നത കാണാൻ കഴിയാതെ സൂര്യൻ സ്വയം മറഞ്ഞു, ഭൂമിയിൽ അന്ധകാരം പരന്നു എന്നു സുവിശേഷകർ രേഖപ്പെടുത്തിയിരിക്കുന്നു. ഈ സുവിശേഷകരുടെ ഭൗതികശാസ്ത്രത്തിന്റെ അറിവ് എത്രമാത്രം എന്നു നമുക്കു മനസ്സിലാക്കാം. ഈ സുവിശേഷകരെ അധികം അപമാനിച്ചിട്ടു കാര്യമില്ല. അവരുടെ അന്നത്തെ അറിവിന്റെ അടിസ്ഥാനത്തിൽ അവർ സുവിശേഷം രചിച്ചു എന്നു

മാത്രം. എന്നാൽ 16-ാം നൂറ്റാണ്ടിൽ ഭൂമി ഒരു ഗ്രഹം ആണെന്നും സൂര്യൻ സൗരയൂഥത്തിന്റെ നടുവിൽ ആണെന്നും അത് ഭൂമിക്കുചുറ്റും കറങ്ങുന്നില്ല, ഉദിക്കുന്നില്ല, അസ്തമിക്കുന്നില്ല, ചന്ദ്രനെയും നക്ഷത്രങ്ങളെയും ആകാശവിതാനത്തിൽ കെട്ടിതൂക്കി ഇട്ടിരിക്കയല്ല എന്നും മനസ്സിലാക്കി. പിന്നീട്, സൂര്യനെപ്പോലെ അനേകം സൂര്യന്മാർ ഉണ്ട്, പലതിനും സൗരയുഥമുണ്ട്, ഭൂമിയിൽ മാത്രമല്ല ജീവൻ കാണാനുള്ള സാദ്ധ്യത എന്നൊക്കെ ആധുനികശാസ്ത്രം വീണ്ടും തെളിയിച്ചു. പക്ഷെ 1969-ൽ മാത്രമാണ് ശാസ്ത്രസത്യം മതം അംഗീകരിച്ചത്. ബൈബിളിൽ അങ്ങനെ അല്ല എഴുതിയിരിക്കുന്നത് എന്നത് മാത്രമായിരുന്നു ഈ കാലതാമസത്തിന് കാരണം. ബൈബിളിലെ ദൈവവാക്യങ്ങളും അതിനെ അടിസ്ഥാനമാക്കി ഉണ്ടാക്കപ്പെട്ടിരിക്കുന്ന ക്രിസ്തീയവിഭാഗങ്ങളും പൗരാണികമനുഷ്യന്റെ അല്പജ്ഞാനത്തിന്റെ സൃഷ്ടിയാണ്. അത് പരമോന്നതസത്യം എന്ന് പ്രസംഗിക്കുന്നതും പ്രചരിപ്പിക്കുന്നതും അജ്ഞത മാത്രമല്ല പ്രപഞ്ചസൃഷ്ടാവിനെ അപമാനിക്കലും കൂടിയാണ്. അതിനാൽ ദിവ്യജ്ഞാനത്തിന്റെ വെളിച്ചത്തിൽ വളരെ അപലപനീയവും ആണ്. അതുപോലെ തന്നെയാണ് വിഗ്രഹങ്ങൾക്കു ജീവനുള്ളതുപോലെ അവയെ കുളിപ്പിക്കുകയും പാലൂട്ടുകയും ചെയ്യുന്നത്. ഈ വിഗ്രഹങ്ങൾ ഉണ്ടാക്കിയത് അവയെ അതുപോലെ ആരാധിക്കുവാനല്ല. ഏതെങ്കിലും ദിവ്യമായ ആശയത്തിലേക്കുള്ള ചൂണ്ടുപലകയോ ദിവ്യതയെ ഓർമ്മിപ്പിക്കുവാനുള്ള ഒരു അടയാളമോ ആണവ. ആരാധകന്റെ ചിന്തകൾ വിഗ്രഹത്തിൽ ഒതുങ്ങിനില്ക്കാതെ അവ പ്രതിനിധീകരിക്കുന്ന ഉത്തമാശയങ്ങളിലേക്ക് ഉയരണം.

ഈ ദർശനമാണ് മറിയം ഇവിടെ പ്രതിനിധീകരിക്കുന്നത്. ശിഷ്യന്മാർ കണ്ടാത് ജഢരൂപമായ യേശുവിനെയാണ്. പക്ഷേ  മറിയം കണ്ടത് യേശു പ്രതിനിധീകരിക്കുന്ന ദിവ്യാനുഭൂതിയുടെ കാഴ്ചയാണ്. ഇതാണ് മഗ്ദലനമറിയത്തിന് ജഢം രൂപം പൂണ്ട വചനം. അതുകൊണ്ടാണ്  മറിയത്തിന് ഭയമോ ചഞ്ചലതയോ ഉണ്ടാകാഞ്ഞത്. കാരണം ഗുരുവുമായുള്ള ബന്ധത്തിൽ അവൾ നേടിയെടുത്ത ആന്തരികസമാധാനവും ധൈര്യവും ആണ് അവളെ നയിച്ചത്. ഈ ധൈര്യം ആണ് അവളെ യേശുവിന്റെ കുരിശിന്റെ അടുക്കലേക്ക് നയിക്കുന്നത്. ഈ ധൈര്യം ആണ് അവളെ യേശുവിന്റെ കല്ലറയിലേക്ക് നയിക്കുന്നത്. അതാണ് അവൾ വീണ്ടും യേശുവിനെ ദർശിക്കുന്നതിന്റെ കാരണവും. അവിടെ മറിയം ഗുരുവിനെ അഭിസംബോധന ചെയ്യുന്നത് റാബി (ഗുരു) എന്നല്ല, റാബുനി (പ്രിയപ്പെട്ട ഗുരു) എന്നാണ്. ആ പ്രിയപ്പെട്ട ഗുരുവാണ് അവളുടെ മനസ്സു മുഴുവൻ. ആ ഗുരുവാണ് അവളുടെ സകലതും, അവളുടെ സർവ്വസ്വത്തും സർവ്വനിധിയും. അവളുടെ മനസ്സു മുഴുവൻ ആ നിധിയിലാണ്. അതാണ് അവൾ ഗുരുവിനെ ദർശിക്കാനുള്ള കാരണവും.

നിങ്ങൾ പുഴുവും ഉറുമ്പും ആക്രമിക്കുന്ന ഭൂമിയിൽ നിക്ഷേപങ്ങളെ കൂട്ടിയാൽ നിങ്ങളുടെ മനസ്സ് പുഴുവും ഉറുമ്പും പിടിക്കും. പകരം പുഴുവും ഉറുമ്പും പിടിക്കാത്ത സ്വർഗത്തിൽ (നന്മയിൽ) നിക്ഷേപങ്ങളെ കരുതിയാൽ നിങ്ങളുടെ മനസ്സും ആ സ്വർഗത്തിൽ ആയിരിക്കും. അതാണ് യഥാർത്ഥ സ്വർഗം. ഈ സ്വർഗം ഇതാ ഇവിടെ നിങ്ങളുടെ ഉള്ളിൽ. ഈ സ്വർഗം സർവ്വലോകനന്മയുടെ സ്വർഗം. ഇതു നിങ്ങളുടെ ഇടയിൽതന്നെ പരന്നുകിടക്കുന്നു. ഈ സ്വർഗം ഭാവിയിലെ സുഖവാസസ്ഥലം.

അത് പുനർജന്മത്തിലൂടെ നേടുന്ന മോക്ഷമല്ല. ശുദ്ധീകരണസ്ഥലത്തു നിന്നും ലഭിക്കുന്ന പറുദീസയല്ല. ഈ സ്വർഗം ഈ ഭൂമിയിലെ ജീവിതത്തിൽ തന്നെ ഉള്ള അവസ്ഥയാണ്. ഈ സ്വർഗത്തെ വെറുതെ കേട്ടാൽ പോരാ, സ്വജീവിതത്തിൽ ദർശിക്കണം. അങ്ങനെ ദർശിക്കാത്തവർ ഒരിക്കലും സ്വർഗം അനുഭവിക്കയില്ല. മനുഷ്യജീവിതം സുഖ-ദുഃഖ സമ്മിശ്രമാണ്. അത് ജീവിതത്തിന്റെ ഒരു ഭാഗമാണ്. നാം ജീവിക്കുന്ന സമൂഹവ്യവസ്ഥിതിയുടെ ഭാഗമാണ്. അല്ലാതെ ഈശ്വരനിശ്ചയം അല്ല. ചില മനുഷ്യർ ധനികരും ആരോഗ്യമുള്ളവരും. ചില മനുഷ്യർ ദരിദ്രരും രോഗികളും. ചിലർ ദിവസങ്ങളായി ആഹാരം ഇല്ലാതെ വലയുന്ന പട്ടിണിപ്പാവങ്ങൾ. ഇതൊന്നും ഈശ്വരന്റെ മറിമായമോ ഇച്ഛയോ അല്ല. ഇതെല്ലാം സമൂഹവ്യവസ്ഥയുടെ അനന്തരഫലങ്ങളാണ്. നാം ഓരോരുത്തരും പരിശ്രമിച്ചാൽ ലോകത്തെ നല്ല ശതമാനം പട്ടിണിയും ദുരിതവും രോഗവും ഇല്ലാതാക്കാൻ സാധിക്കും. ഇതിന് ഈശ്വരന്റെ കൂട്ട് വേണ്ട. ഈശ്വരനെ പഴിപറഞ്ഞിട്ടു കാര്യവും ഇല്ല. ലോകത്തെ കുറെ മനുഷ്യർ പട്ടിണികോലങ്ങളായി ഇരന്ന്, ഇഴഞ്ഞ് ജീവിക്കണം എന്നത് ഈശ്വരനിശ്ചയം എന്ന് തീരുമാനിക്കാൻ മനുഷ്യൻ ആര്? മനുഷ്യർ കഷ്ടപ്പെടുന്നത് ഒരുകാരണത്താലും ന്യായീകരിക്കാനാവുന്നതല്ല. ഇതു മനുഷ്യന്റെ തന്നെ ധാർമ്മികബോധത്തിന്റെ കുറവാണ്. പള്ളികളിലും അമ്പലങ്ങളിലും കൊടിയേറി വലിയ പെരുന്നാളുകളും ഉത്സവങ്ങളും ആഘോഷിക്കുമ്പോൾ വെറുതെ ധൂർത്തടിക്കുന്ന പണം ആ പ്രദേശത്തെ ദരിദ്രനുവേണ്ടി ചിലവാക്കുക. അതാണ് നന്മയുടെ ഉത്സവം. നിസ്സഹായനായ മനുഷ്യന്റെ മനസ്സിൽ ശുഭപ്രതീക്ഷകളുടെ കൊടികളുയർത്തുക. ആ നുറുങ്ങിയ ഹൃദയങ്ങൾ സന്തോഷംകൊണ്ട് തുടിക്കുന്നതിൽ ഉപരിയായി ഒരു ഉത്സവവും പെരുന്നാളും ഇല്ല. വഴിപാടുകൾക്ക് ചിലവാകുന്ന പണം കൊണ്ട് പട്ടിണിപ്പാവങ്ങളെ തീറ്റിപോറ്റുക, ഉടുതുണിയില്ലാത്തവന് വസ്ത്രം കൊടുക്കുക, പാർപ്പിടം ഇല്ലാത്തവന് പാർപ്പിടം ഉണ്ടാക്കി കൊടുക്കുക, രോഗിക്കു ചികിത്സ കൊടുക്കുക. ഇത്തരം ബലിയിലും വഴിപാടിലും ആണ് ദൈവങ്ങൾ ഇറങ്ങിവരും എന്ന് പറയുന്നത്. പാപമോചനത്തിനുവേണ്ടി, ഭാവിയിലെ മോക്ഷത്തിനുവേണ്ടി നിങ്ങളുടെ നിക്ഷേപങ്ങളെ നിങ്ങൾ ദേവാലയങ്ങൾ പണിയുവാനും വിഗ്രഹങ്ങൾ പൂശുവാനും ഉപയോഗിക്കുന്ന പണം കൊണ്ട് പട്ടിണിപ്പാവത്തിന്റെ ഹൃദ

യമാകുന്ന ദേവാലയത്തെ പണിയുക. അവന്റെ ദാരിദ്ര്യത്തെ മാറ്റി പ്രത്യാശയുടെ മാർഗ്ഗങ്ങളിലേക്ക് അവനെ നയിക്കുക. അപ്പോൾ നിങ്ങളുടെ നിക്ഷേപം സ്വർഗത്തിൽ വർദ്ധിച്ചിരിക്കുന്നതിനാൽ നിങ്ങൾ സന്തോഷിച്ചാനന്ദിപ്പിൻ. നിങ്ങൾ എളിയവനു ചെയ്യുന്നതൊക്കെയും സ്വർഗത്തിൽ നിക്ഷേപിക്കയാകുന്നു. പട്ടിണിപ്പാവത്തിനു ഭക്ഷണം കൊടുക്കുമ്പോൾ, അവന്റെ രോഗത്തിനു ശുശ്രൂഷ ചെയ്യുമ്പോൾ, അവന് ഉടുതുണി കൊടുക്കുമ്പോൾ അവന്റെ മനസ്സിൽ ഉണ്ടാകുന്ന സന്തോഷത്തിന്റെ തരംഗം ഒന്ന് മറ്റൊന്നിനോട് ചേർന്ന് മാറ്റൊലി കൊള്ളുന്നു. അത് നാം അറിയാതെ നാദബ്രഹ്മത്തിൽ ലയിക്കുന്നു. അതാണ് അപ്പോൾ നിങ്ങളുടെ പ്രതിഫലം സ്വർഗത്തിൽ വർദ്ധിച്ചിരിക്കുന്നതിനാൽ നിങ്ങൾ സന്തോഷിച്ച് ആനന്ദിപ്പിൻ എന്നു പറയുന്നത്. ഇതാണ് യഥാർത്ഥസുവിശേഷം. ഇതിലുപരി സ്വർഗം വെറെയില്ല.

ഞാൻ അപ്പോൾ അവനോട് ചോദിച്ചു/പറഞ്ഞു: പ്രഭോ, ഒരാൾ നിന്നെ ദർശനത്തിൽ അഭിമുഖീകരിക്കുമ്പോൾ അവർ കാണുന്നത് ആന്തരികമായോ, മാനസികമായോ?

ഗുരു മറുപടി പറഞ്ഞു: ആത്മാവിലൂടെയോ മനസ്സിലൂടെയോ അല്ല ഇതിന് രണ്ടിനുമിടയ്ക്കുള്ള അവസ്ഥയിലൂടെ ദർശിക്കുന്നു.

ജീവജാലങ്ങളുടെ, പ്രത്യേകിച്ച് മനുഷ്യന്റെ, തലച്ചോറും അതിന്റെ പ്രവർത്തനങ്ങളും വളരെ സങ്കീർണ്ണമാണ്. സ്വവർഗ്ഗത്തിന്റെ നിലനില്പിനു വേണ്ടി മനുഷ്യൻ പല കാര്യങ്ങളും ചെയ്യുന്നു. നാല് കാലിൽ സഞ്ചരിച്ചിരുന്ന അവൻ രണ്ട് കാലിൽ നിവർന്നുനിന്നു. ഇതായിരുന്നു മനുഷ്യന്റെ പരിണാമത്തിലെ ഏറ്റവും വലിയ നിർണ്ണായകഘടകം, അതായത് നാലുകാലിൽ ഭൂമിയോടു ചേർന്നുനിന്നവൻ രണ്ട് കാലിൽ എഴുന്നേറ്റപ്പോൾ ചുറ്റുപാടും കൂടുതൽ കാണുവാൻ സാധിച്ചു. ശത്രുക്കളെ എളുപ്പം തിരിച്ചറിയാൻ സാധിച്ചു. എന്നുമാത്രമല്ല, അപ്പോൾ മുന്നിലെ കാലുകൾ (കൈകൾ) സ്വതന്ത്രമായി. ഈ സ്വതന്ത്രമായ മുൻകാലുകൾ എങ്ങനെ ഉപയോഗിക്കണം എന്ന ചിന്ത അവന്റെ തലച്ചോറിനെ വളർത്തുന്നു. പാറമുഖത്ത് വേട്ടമൃഗങ്ങളുടെ രൂപം വരച്ച കൈകൾ ഇന്ന് ബഹിരാകാശപേടകത്തിന്റെ അറ്റകുറ്റപണികൾ നടത്തുന്നു. എത്രയോ വിപ്ലവകരമായ പരിണാമം! മനുഷ്യന്റെ ബുദ്ധി ഇന്ന് സീമകളില്ലാതെ വളരുകയാണ്. പ്രകൃതിശക്തികളെ കണ്ടുഭയന്ന് അവയെ ആരാധിക്കുവാൻ തുടങ്ങിയ പ്രാഥമികമനുഷ്യന്റെ മതതത്വശാസ്ത്രം ഇന്ന് വളരെ പഴഞ്ചനാണ്. വൻപർവ്വതങ്ങൾ ദൈവങ്ങളുടെ അധിവാസകേന്ദ്രം എന്ന ചിന്തയും വളരെ പഴയതാണ്. നാം ഇന്നു ജീവിക്കുന്നത് ബഹിരാകാശയുഗത്തിലാണ്. ബഹിരാകാശത്തിൽ മറ്റുജീവനെ തേടി നാം ഉഴലുമ്പോൾ ഇടിയും മിന്നലും ദൈവത്തിന്റെ ഗർജ്ജനം ആയി ചിത്രീകരിക്കുന്നത് പ്രാകൃതമാണ്. ദൂരദർശിനികൾ ഇല്ലാതിരുന്ന കാലഘട്ടത്തിലും ശാസ്ത്രം ഇന്നത്തെ രൂപത്തിൽ വികസിക്കുന്ന

തിനു മുൻപും ആകാശഗംഗയും പരമാണുവിന്റെ വിഭജനവും ഒക്കെ ആന്തരികാനുഭൂതിയിലൂടെ ദർശിച്ചവരാണ് ഭാരതത്തിലെ തത്വജ്ഞാനികൾ. മൈക്രോസ്കോപ്പുകൾ ഇല്ലാതിരുന്നിട്ടും കണ്ണിന്റെ കാഴ്ചകൾക്ക് അതീതമായ സൂക്ഷ്മജീവികൾ ഉണ്ടെന്ന് മനസ്സിലാക്കിയിട്ടാണ് ജൈനർ വെള്ളവും വായുവും അരിച്ച് ഉപയോഗിച്ചിരുന്നത്. കാണാത്തവയെയും കേൾക്കാത്തവയെയും സ്പർശിക്കാത്തവയെയും മണക്കാത്തവയെയും ദർശനത്തിലൂടെ മനസ്സിലാക്കാൻ സാധിക്കും എന്നത് ഭാരതീയതത്വശാസ്ത്രത്തിന് പുതുമയല്ല. ഇതാണ് മറിയത്തിന്റെ ദർശനവും. ഈ ദർശനം പാശ്ചാത്യർക്ക് മനസ്സിലാക്കാൻ പ്രയാസമാണ്, എന്നാൽ ഭാരതീയർക്കെളുപ്പമാണ്. ഈ തത്വമാണ് ഗുരു മറുപടിയായി പറയുന്നത്. മനസ്സിന്റെ ഭാവനയോ ആത്മാവിന്റെ വീക്ഷണമോ അല്ല ദർശനം. അത് പ്രത്യേക അവസ്ഥയാണ്, മനസ്സും ശരീരവും എന്തിലെങ്കിലും കേന്ദ്രീകരിക്കുമ്പോൾ ഉണ്ടാകുന്ന മാനസികാവസ്ഥ. ഇത് അതീന്ദ്രിയജ്ഞാനം എന്ന് അറിയപ്പെടുന്നു. മനുഷ്യരൂപത്തിലുള്ള ദൈവങ്ങളുടെ രൂപത്തിൽനിന്നും ഭാവത്തിൽനിന്നും ഉയർന്ന്, മനുഷ്യൻ പ്രപഞ്ചത്തിന്റെ ഏതോ കോണിലെ ഒരു ക്ഷണികവസ്തു എന്നു മനസ്സിലാക്കുന്നത് ഇന്ദ്രിയജ്ഞാനത്തിന് അപ്പുറം ആണ്. ഇന്ദ്രിയജ്ഞാനത്തിന് അപ്പുറം നമ്മുടെ ചിന്തയും യുക്തിയും ഉയർന്നാൽ മാത്രമെ പ്രപഞ്ചത്തിന്റെ രഹസ്യം കുറെയെങ്കിലും മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. ഈ സത്യം കുറേയെങ്കിലും മനസ്സിലാക്കാൻ സാധിച്ചാൽ അത് ജീവിതത്തിന്റെ ദൈനംദിനദുഃഖങ്ങളിൽനിന്നും നമ്മളെ മോചിപ്പിക്കും. മനുഷ്യജീവിതത്തിലെ ദുരിതങ്ങളും ദുഃഖങ്ങളും മുൻജന്മപാപത്തിന്റെ ഫലമാണെന്നും മുൻതലമുറക്കാരുടെ പാപത്തിന്റെ ഫലം പിന്നീടുള്ള തലമുറകൾ സഹിക്കണം എന്നുമൊക്കെയുള്ള വിശ്വാസങ്ങൾ സമൂഹത്തിന്റെ ധാർമ്മികസിദ്ധാന്തങ്ങളാണ്. തിന്മ ചെയ്യുവാനുള്ള ആസക്തിയിൽനിന്നും അവ മനുഷ്യനെ വിലക്കുകയും ചെയ്യുന്നു. എന്നാൽ ദൈവം സ്ഫടികസിംഹാസനത്തിൽ ഇരുന്ന് പ്രപഞ്ചത്തെ ഭരിക്കുന്നു എന്നത് മനുഷ്യഭാവന മാത്രമാണ്. ലോകത്തിലെ തിന്മയും ദാരിദ്ര്യവും ഇല്ലാതെയാക്കേണ്ടത് മനുഷ്യന്റെ കടമയാണ്. മനുഷ്യൻ ജീവിക്കുന്ന ചുറ്റുപാടിനെ പരിപാവനമായി സൂക്ഷിക്കേണ്ടതും മനുഷ്യന്റെ കടമയാണ്. ധനവാന്റെ സമ്പത്ത് അവന്റെ നന്മയുടെ ഫലവും ദരിദ്രന്റെ ദാരിദ്ര്യം അവന്റെ തിന്മയുടെ ഫലവുമാണെന്നുമുള്ള ചിന്താഗതിയും തെറ്റാണ്. ഇതെല്ലാം മനുഷ്യസമൂഹത്തിലെ സങ്കീർണ്ണതകളുടെ പരിണിതഫലമാണ്. ഈ സമൂഹവ്യവസ്ഥിതികളിൽ ഉണ്ടാകുന്ന വ്യത്യാസങ്ങൾ സമൂഹത്തിലെ അസമത്വവും അനീതിയും അസാമാധാനവും ഇല്ലാതാക്കും. കോടിക്കണക്കിനു ജനങ്ങൾ പട്ടിണിയിൽ കഴിയുന്നത് അവരുടെ കർമ്മഫലം അല്ല, മറിച്ച് സമൂഹവ്യവസ്ഥയുടെ പോരായ്മയാണ്. ഇത് വിധിയോ ദൈവനിശ്ചയമോ അല്ല. സമൂഹത്തിന്റെ ഇത്തരത്തിലുള്ള പോരായ്മകൾ പരിഹരിക്കേണ്ടത് നമ്മുടെ എല്ലാവരുടെയും കടമയും ആണ്.

ജീവിതത്തിലെ സുഖദുഃഖങ്ങൾ ആ വ്യക്തിയുടെ നന്മതിന്മയുടെ ഫലമല്ല. തിന്മ പ്രവർത്തിച്ചാൽ അതിന്റെ ഫലം പ്രവർത്തിക്കുന്നവനോ വിധേയൻ ആകുന്നവനോ അനുഭവിക്കുന്നു എന്നത് ശരിയാണ് താനും. പ്രവർത്തിക്കുന്നവൻ വാർദ്ധക്യദശയിൽ ആരോഗ്യവും ശക്തിയും നശിച്ച് മുൻകാലചെയ്തികളെക്കുറിച്ചു കുറ്റബോധത്തോടെ ഓർത്ത് മരിക്കുമ്പോൾ അവൻ സൃഷ്ടിച്ച നരകത്തിൽ അവൻ മരിക്കുന്നു. എന്നാൽ യാതൊരു തിന്മയും പ്രവർത്തിക്കാത്തവർ വളരെ കഷ്ടപ്പാടിൽ ജീവിക്കുന്നതും കാണാം. മാതാപിതാക്കൾ വേറിട്ടുപോയി അനാഥരായി ജീവിക്കുന്ന കുട്ടികൾ, ഭർത്താവ് മരിച്ച വിധവകൾ ഇവയൊന്നും അവരുടെ തിന്മയുടെ ഫലമല്ല. ഇതെല്ലാം ജീവിതയാഥാർത്ഥ്യങ്ങളുടെ പല അവസ്ഥകൾ മാത്രമാണ് എന്നു മനസ്സിലാക്കിയാൽ ഇതിൽനിന്നും ഉളവാകുന്ന ദുഃഖവും നിരാശയും ഒഴിവാക്കാൻ സാധിക്കും. പ്രിയപ്പെട്ടവരുടെ വേർപാട് വളരെ വേദനാജനകമാണ്. നാം എല്ലാം ഒരിക്കൽ മരിക്കും എന്നറിയാം നമുക്ക്. എങ്കിലും മരണത്തെ നേരിട്ട് അഭിമുഖീകരിക്കുമ്പോൾ ഉണ്ടാകുന്ന വികാരവിചാരങ്ങൾ വളരെ ശക്തവും ദുഃഖമയവും നൈരാശ്യത്തിലേക്ക് നയിക്കുന്നതുമാണ്. ഇതോർത്ത് എന്നും ദുഃഖിച്ചിരിക്കുന്നതും ശരിയായ പോംവഴിയല്ല. ഈ അവസ്ഥയിൽനിന്നും നാം എഴുന്നേൽക്കണം, മുന്നോട്ടു നടക്കണം. ജീവിതത്തിന്റെ ഉത്തരവാദിത്വങ്ങളെ അഭിമുഖീകരിക്കുകയും ഏറ്റെടുക്കുകയും ചെയ്ത് മുന്നോട്ട് നീങ്ങണം. ഈ ദുരിതവും ദുഃഖവും എല്ലാം ജീവിതത്തിന്റെ ഓരോ ദശയിലെ അവസ്ഥകൾ ആണെന്നു മനസ്സിലാക്കുമ്പോൾ അതുളവാക്കുന്ന മാനസികവിഭ്രാന്തിയും ഭയവും ഇല്ലാതെയാകുന്നു. ഇതാണ് മറിയത്തിന്റെ സുവിശേഷത്തിന്റെ ഗൂഢമായ മറ്റൊരു സ്വാരസ്യം.

വളരെ പ്രാധാന്യം അർഹിക്കുന്ന ക്രിസ്ത്യൻ വേദശാസ്ത്രവും ഇവിടെ വിവരിക്കുന്നു. സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നപ്രകാരം മരിച്ചവരിൽ നിന്നും ഉയർത്തയേശുവിനെ ആദ്യം ദർശിക്കുന്നതു മറിയമാണ്. ഈ യേശുവിനെ ഭൗതിക ഇന്ദ്രിയത്തിന്റെ സംതൃപ്തി എന്ന രീതിയിൽ തൊടാൻ ശ്രമിക്കുമ്പോൾ യേശു വിലക്കുന്നു. കാരണം മറിയം കാണുന്ന ഉയർത്തയേശു ശാരീരികമോ, മാനസികമോ, ഭൗതികമോ ആയ ഒരു വിശ്വാസമല്ല. എന്നാൽ ഗുരുവിൽ ഉള്ള ദൃഢവിശ്വാസത്തിന്റെ മാനസികാവസ്ഥയുടെ പൂർത്തീകരണം എന്നുപറയാം. ക്രിസ്തുമതത്തിന്റെ ഏറ്റവും പ്രാധാന്യമേറിയ വിശ്വാസം ഇതാണ്. യേശു മരിച്ചവരിൽനിന്നും ഉയർത്തുന്നത്. എന്നാൽ ഇത് ശാരീരികമായ ഉദ്ധാരണമായി തെറ്റിദ്ധരിക്കയോ ഉദ്ധാരണത്തിന്റെ സാരാംശം മനസ്സിലാകാതിരിക്കുയോ ചെയ്യുമ്പോഴാണ് ഉയർത്തയേശുവിനെ തൊടാൻ ശ്രമിക്കുന്നത്. യേശു ദൈവപുത്രൻ ആയിരുന്നു എന്നു തെളിയിക്കുവാൻ ഉള്ള തത്രപ്പാടിൽനിന്നും ജനിച്ച വിശ്വാസത്തിന്റെ ഫലമാണ് ഈ വേദശാസ്ത്രം. ഈ വേദശാസ്ത്രത്തിന്റെ ഒന്നുംതന്നെ തെളിയിക്കാൻ സാധിച്ചിട്ടില്ല താനും. നൂറ്റാണ്ടുകളിലൂടെ ഈ

ചോദ്യം ആവർത്തിക്കപ്പെട്ടു. ഉത്തരം കിട്ടാതെ അനേകം ക്രിസ്ത്യൻവിഭാഗങ്ങൾ ഉണ്ടാകുന്നു. ചിലത് കുറെക്കാലം നിലനില്ക്കുന്നു. ചിലത് ക്ഷണികമായി അവസാനിക്കുന്നു. പരസ്പരം അഭിമുഖീകരിക്കുന്ന രണ്ട് കണ്ണാടിയുടെ നടുവിലെ വസ്തു എണ്ണമറ്റരീതിയിൽ പ്രതിഫലിക്കപ്പെടുന്നതു പോലെയാണിത്.

യേശു യൂദനായി ജനിച്ചു, ജീവിച്ചു, മരിച്ചു. ഇത് ഏതാണ്ട് C.E. അമ്പതിന് അടുത്ത കാലഘട്ടിൽ സംഭവിച്ചതാകാം. C.E. 300-ന് ശേഷമാണ് യേശുവിനെ ക്രിസ്തുവും ദൈവപുത്രനും ലോകരക്ഷയ്ക്കായി വന്നവനും ആദിമപാപം പോക്കാൻ കുരിശിൽ കയറിയവനും എന്ന് ഘോഷിച്ചുകൊണ്ട് വേദതത്വങ്ങൾ ഉണ്ടാകുന്നത്.

ആദവും ഹൗവ്വയും ഏദൻതോട്ടവും എല്ലാം സാങ്കല്പികകഥകൾ എന്ന് എല്ലാം വേദശാസ്ത്രജ്ഞരും ഇന്ന് സമ്മതിക്കുന്നു. അപ്പോൾ ആദിമപാപം എന്നൊന്നില്ല എന്നുവരുന്നു. അത് സങ്കല്പമെങ്കിൽ പിന്നെ ഏത് പാപം പോക്കാനാണ് യേശു വന്നത്? സർവ്വലോകത്തിന്റെയും കാരണഹേതുവായ ദൈവം മനുഷ്യരൂപത്തിൽ ഭൂമിയിൽ വന്നു, കുരിശിൽ തറയ്ക്കപ്പെട്ടു, മരിച്ച് ഉയർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്ക് കയറി. ഇത് അജ്ഞതയിൽനിന്നും ഉളവായ വളരെ സ്വാർത്ഥമായ ഒരു ചിന്താഗതി മാത്രമല്ലേ? ദൈവം എങ്ങനെ മരിച്ചു? മരിച്ചില്ലായെങ്കിൽ എങ്ങനെ ഉയർത്തു? ലോകചരിത്രത്തിൽ ഇത്തരം കഥകൾ എത്രയെത്ര!. ദൈവങ്ങൾ അവതരിക്കുന്നു, അത്ഭുതങ്ങൾ കാട്ടുന്നു, മരിക്കുന്നു! പിന്നെ യേശു മാത്രം എങ്ങനെ യെഹൂദന്റെ മശിഹാ ആയി? യെഹൂദന്റെ മശിഹാ എങ്ങനെ ക്രിസ്ത്യാനികളുടെ തൃത്വത്തിലെ പുത്രനാം ദൈവമായി?

ഈശ്വരൻ ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും ഒന്നുമല്ല. പ്രപഞ്ചത്തിന്റെ സൃഷ്ടിഹേതു എന്ന ശക്തിയായിരിക്കാം. ഒരിക്കലും മനുഷ്യരൂപത്തിലല്ല ഈശ്വരനുള്ളത്. മനുഷ്യന്റെ ഭാവനയുടെ പരിമിതിയിൽ ഈശ്വരനെ മനസ്സിലാക്കാൻ ശ്രമിച്ചതിന്റെ ഫലം മാത്രമാണത്. അതിനാൽ പഴയനിയമം മാത്രമല്ല പഴയത് പുതിയനിയമവും പഴയതാണ്. ഇതെല്ലാം ഭൗതികശാസ്ത്രത്തിൽ തീർത്തും അജ്ഞരായിരുന്ന മനുഷ്യരുടെ സൃഷ്ടിയാണ്. അനന്തവിശാലമായ പ്രപഞ്ചത്തെ ഹബിൾ ടെലസ്കോപ്പുകൾ കാണിച്ചു തരുമ്പോൾ നൂതനമായ ജ്ഞാനത്തിന്റെ വെളിച്ചത്തിൽ നമുക്കു വേണ്ടത് പുതിയൊരു ബൈബിളാണ്.

നാൽക്കാലിയിൽനിന്നും ഇരുകാലിയിലേക്ക് ഉയർന്ന മനുഷ്യൻ അവന്റെ പരിസരം കണ്ടു മനസ്സിലാക്കിയപ്പോൾ അവനിൽ ഉയർന്ന ചോദ്യങ്ങൾ അനവധിയാണ്. കൃത്യമായ മറുപടികൾ ഇനിയും ലഭിച്ചിട്ടില്ലാത്ത ചോദ്യങ്ങൾ – ഈ പ്രപഞ്ചത്തിന്റെ സൃഷ്ടാവ് ആര്? മനുഷ്യൻ ആര്? അവനെ ആര് സൃഷ്ടിച്ചു? ഈ പ്രപഞ്ചത്തിൽ നാം ഏകരോ?

ഇനി തിരികെ മറിയത്തിന്റെ സുവിശേഷത്തിലേക്ക് പോകാം. ഗുരു, ഒരാൾ നിന്നെ കാണുന്നത് മനസിലൂടെയോ, ആത്മാവിലൂടെയോ?

ഈ ചോദ്യം ചോദിക്കുന്ന കാലഘട്ടം ആത്മാവിന്റെ ചിന്തകൾ മനുഷ്യന്റെ കലയിലും സംസ്കാരത്തിലും എല്ലാം ഉയർന്നുവന്ന ഒരു കാലഘട്ടം ആയിരുന്നു. മനുഷ്യന്റെ ശരീരത്തിനും ബുദ്ധിക്കും അതീതമായി നിലകൊള്ളുന്ന ഒരു മൂർത്തിരൂപമാണ് ആത്മാവ് എന്നു കരുതിയിരുന്നു. ഈ ആത്മാവിന്റെ ആശയത്തിൽ നിന്നുമാണ് സ്വർഗവും നരകവും പാപമോചനവും മതങ്ങളും എല്ലാം ഉടലെടുത്തത്. ഇവിടെ ഗുരു പറയുന്ന മറുപടി അവ്യക്തം മാത്രമല്ല പല രീതിയിലുള്ള ആശയത്തിലേക്ക് നയിക്കുന്നതുമാണ്. മാത്രമല്ല 11–14 വരെയുള്ള പേജുകളിൽ ഈ ചോദ്യോത്തരത്തിന്റെ വിശദാംശങ്ങൾ ഉണ്ടായിരുന്നുവോ എന്നും അറിയില്ല. അതോ മനപൂർവ്വം നീക്കം ചെയ്തോ? അതോ വായനക്കാരന്റെ ഭാവനയ്ക്കുവിട്ടുകൊണ്ട് എഴുതാത്ത പേജുകൾ ആയി തുടക്കത്തിൽ തന്നെ നിലനിന്നിരുന്നോ എന്നും അറിയില്ല. ചിലപ്പോൾ പറഞ്ഞ വാക്കുകളേക്കാൾ ഉപരിയായത് പറയാത്ത വാക്കുകൾ ആയിരിക്കാം. അതല്ല, വായനക്കാരന്റെ മനസ്സ് എളിമപ്പെട്ട് വിജ്ഞാനത്തിനുവേണ്ടി ദാഹിക്കുമ്പോൾ ലഭിക്കാൻ സാദ്ധ്യതയുള്ള സ്വയം അനുഭവിച്ചറിയേണ്ടുന്ന ദർശനം ആണ് ഇതിന് മറുപടി എന്നും ആകാം.

ഭയചകിതമായതോ വിഭ്രാന്തി പിടിച്ചതോ ആയ മനസ്സിന്റെ ദർശനം വളരെ അപകടകരമാണ്. പട്ടിക്ക് പേ പിടിക്കുമ്പോൾ ഉണ്ടാകുന്ന അവസ്ഥ ഇതാണ്. ഇത്തരം ചിന്തകൾ മനുഷ്യന്റെ തലച്ചോറിൽ കടന്നുകൂടുമ്പോൾ അവൻ ലോകത്ത് നാശം ഉണ്ടാക്കുന്നു.

പകരം വിഭാന്ത്രി കൂടാതെ എളിമപ്പെട്ട്, സ്നേഹം നിറഞ്ഞ് യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കാൻ ശ്രമിച്ചാൽ ആ അറിവ് ലോകനന്മയും സ്നേഹവും വളർത്തുന്നു. ഇതാണ് ജ്ഞാനി എന്ന അവസ്ഥ. ജ്ഞാനി വിശ്വാസിയല്ല. വസ്തുതകളുടെ സാരാംശം മനസ്സിലാക്കി ജീവിക്കുന്നവൻ ആകുന്നു. ഇപ്രകാരം ജീവിക്കുന്നവൻ യേശുവിന്റെയും ബുദ്ധന്റെയും കൃഷ്ണന്റെയും ജീവചരിത്രത്തിലോ, ദിവ്യജനനത്തിലോ, മരണത്തിലോ, ഉയർത്തെഴുന്നേൽപിലോ അല്ല വിശ്വസിക്കുന്നത് മറിച്ച് ഇവരുടെ ഉപദേശങ്ങളുടെ സാരാംശം മനസ്സിലാക്കുന്നു. ഇവർ ജാതി, മത, വർഗ്ഗ, വർണ്ണങ്ങൾക്ക് അതീതർ ആകുന്നു. ഇത്തരം ലോകപൗരന്മാരെ ആണ് ഭാവി സമൂഹത്തിന് ആവശ്യം. ഇത് ഭാവിതലമുറയുടെ നിലനില്പിന് അത്യാവശ്യം ആകയാൽ വിഭാഗീയ ചിന്താഗതികളുമായി മുന്നോട്ടു പോകുന്ന വർഗ്ഗം ക്രമേണ ഇല്ലാതെയാകും, വളരെ ഭീമാകാരന്മാരായ ദിനോസറസുകൾ ഭൂമിയിൽനിന്നും അപ്രത്യക്ഷമായതുപോലെ സംസ്കാരശൂന്യത ഒരിക്കൽ ഇല്ലാതെയാകും. ഇത് ബുദ്ധിശക്തിയുടെ പരിണാമപുരോഗതിയുടെ ഫലമാണ്. ഇതു തന്നെയായിരിക്കാം സുവിശേഷത്തിൽ യേശു പറഞ്ഞ

തായി രേഖപ്പെടുത്തിയിരിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും. ഈ സമൂഹത്തിന് സങ്കുചിതമനസ്ഥിതിയിൽ ഉളവായ സത്യ വേദപുസ്തകം വെറും 'ചവറ്' ആയി മാറുന്നു. അവിടെയാണ് പുതിയൊരു ബൈബിളിന്റെ പ്രസക്തി.

മറിയത്തിന്റെ സുവിശേഷം ഈ പരിപൂർണ്ണ സമൂഹത്തിലേക്കുള്ള ഒരു വഴിമാത്രമാണ്. 'സത്യവേദപുസ്തക' വാദികൾ അവകാശപ്പെടുന്നതുപോലെ ജീവിതത്തിലെയും ലോകത്തിലെയും എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ഇവിടെ ഇല്ല, വേദപുസ്തകത്തിൽ ഇല്ല. അതിനാൽ വേദപുസ്തകവാദികളും സഭകളും അവകാശപ്പെടുന്ന ആത്മാവ് എന്ന പ്രത്യേക ജീവി/അവസ്ഥ യാഥാർത്ഥ്യമല്ല, മനുഷ്യചിന്താഗതി രൂപം കൊടുത്ത ഒരു ആശ്വാസതോന്നൽ മാത്രമാണത്. മനുഷ്യന്റെ ശരീരം പരിണാമപ്രക്രിയയിലൂടെ രൂപം കൊണ്ട താണ്. ശാരീരികപരിണാമത്തിന് പ്രചോദനം നല്കിയത് തലച്ചോറാണ്. ഈ തലച്ചോറിന്റെ ഭാവനയുടെ ഫലമാണ് ദൈവവും ആത്മാവും പരിശു ദ്ധാത്മാവും ഒക്കെ. മനുഷ്യജീവിതത്തിന്റെ അന്ത്യം മരണമാണ്. ഈ മരണം വളരെ ആകാംക്ഷാഭരിതമാണ്. ഈ ആകാംക്ഷ ഭയം ഉളവാക്കുന്നു. ഈ ഭയത്തിന്റെ അഗാധകൂപങ്ങളിലേയ്ക്കുള്ള വീഴ്ചയിൽ ആശ്വാസം നല്കുന്ന ചിന്താഗതികൾ മാത്രമാണ് ആത്മാവ്, പരിശുദ്ധാത്മാവ്, സ്വർഗം എന്നിവ യൊക്കെ. അല്ലാതെ യാഥാർത്ഥ്യങ്ങളുമായി യാതൊരു ബന്ധവും ഇതിനി ല്ല. ഭൂമിയിലെ ഭൗതികവസ്തുക്കളിൽനിന്നും ഉളവായ മനുഷ്യൻ മരണത്തി നുശേഷം അവന്റെ മൂലാവസ്ഥയിലേക്ക് മടങ്ങി പോകുന്നു. ശരീരം ചീഞ്ഞ ളിഞ്ഞ് ഭൂമിയിൽ ലയിക്കുന്നു. ആത്മാവും സ്വർഗവും നരകവും എല്ലാം തല ച്ചോറിന്റെ പ്രവർത്തനം നില്ക്കുന്നതോടുകൂടി ഇല്ലാതാകുന്നു. അപ്പോൾ മരണത്തിനുശേഷം സ്വർഗവും നരകവും ഇല്ല. എങ്കിൽ എന്തിനു നന്മ ചെയ്തു ജീവിക്കണം എന്ന ചോദ്യത്തിന് ശരിയായ ഒരു മറുപടിയെ ഉള്ളൂ. നന്മയുടെ ഫലം അവന്റെ ജീവിതത്തിൽ തന്നെ വ്യക്തി അനുഭവിക്കുന്നു എന്നതാണാ മറുപടി. ഈ ഭൂമിയിലെ ജീവിതത്തിൽ സ്വർഗം അനുഭവിക്കു ന്നില്ല എങ്കിൽ എവിടെയോ വളരെ ഗുരുതരമായ പ്രശ്നം ഉണ്ട് എന്നു സാരം. ഭൗതികശരീരത്തിലെ തലച്ചോറിന്റെ ചിന്താഗതികളുടെ സമാഹാരമാണ് തത്വ ചിന്തകളും വേദവിശ്വാസവും ഒക്കെ. ശരീരം നിശ്ചലമാകുന്നതോടുകൂടി എല്ലാം അവസാനിക്കുന്നു. എന്നാൽ ബുദ്ധിയുടെ, ചിന്തയുടെ പരിണിതഫ ലമാണ് ആകാംക്ഷ. ഭാവിയെക്കുറിച്ച് അറിയില്ല. ആ അജ്ഞതയുടെ ഫലമാണ് ആകാംഷ. ഈ അജ്ഞതയിൽനിന്നും ഉളവായതാണ് മനസ്സിനു സുഖം നൽകുന്ന ചിന്താഗതികളായ സ്വർഗവും പുനർജ്ജന്മവും പാപമോ ചനവും പാപികളെ രക്ഷിക്കാൻ മനുഷ്യപുത്രൻ കുരിശ് മരണം അനുഭവിക്കു ന്നതും എല്ലാം. ഇതെല്ലാം മായ. മനുഷ്യമനസ്സിന്റെ ആശ്വാസത്തിന്റെ മരീ ചികകൾ മാത്രം.

മരണത്തിനുശേഷം സ്വർഗം ലഭിക്കുവാൻ വേണ്ടി നീതിമാനായി ജീവിക്കുന്നത് വളരെ ഉയർന്ന ചിന്താഗതിയോ ജീവിതരീതിയോ അല്ല. പകരം സ്വന്തം രക്ഷക്കുവേണ്ടിയുള്ള സ്വാസ്ഥമായ ഒരുപാധി മാത്രമാണ്. മരണത്തിനുശേഷം സ്വർഗം ഇല്ല, വെറും ശൂന്യത മാത്രം എന്നു മനസ്സിലാക്കിയാൽ ഇത്തരം വ്യക്തികൾ നീതിമാന്മാർ ആയിരിക്കില്ല. എന്നാൽ ഭാവിയിലെ സ്വർഗത്തെ കാംക്ഷിക്കാതെ തന്നെ, ഫലം ഇച്ഛിക്കാതെ തന്നെ നീതിമാൻ ആയിരിക്കുന്നവനാണ് യഥാർത്ഥനീതിമാൻ. ഇത്തരം മനുഷ്യരെയാണ് മറിയത്തിന്റെ സുവിശേഷത്തിൽ ദിവ്യമനുഷ്യർ എന്നു വിളിക്കുന്നത്.

പാപി എന്നു വിളിക്കപ്പെടുന്നവനോ, പാപി എന്നു തോന്നുന്നവനോ സ്വാർത്ഥമായ ചിന്താഗതികളോടുകൂടി ജീവിക്കുന്നവൻ ആകുന്നു. ഈ സ്വാർത്ഥചിന്തകൾ സ്വയം പീഢനത്തിലേക്ക് നയിക്കുന്നു. സ്വയം പിഢനത്തിൽ ജീവിക്കുന്നവൻ അവന്റെ വേദനകളിൽ കുരുങ്ങിക്കിടക്കുന്നു. അതാണ് നരകം. അല്ലാതെ മരണത്തിനുശേഷമുള്ള അവസ്ഥയല്ല. അതിനാൽ സ്വാർത്ഥതയിൽനിന്നും വിമുക്തി നേടുന്നവൻ ആണ് നീതിമാൻ.

ഇതേ രീതിയിൽ ചിന്തിച്ചാൽ ഇന്ന് യുക്തിയുടെ മുന്നിൽ നിസ്സഹായതയോടെ പിടയുന്ന മനസ്സുകൾക്ക് രക്ഷപെടാൻ സാധിക്കും. അല്ലാതെ ദൈവം മനുഷ്യനായി ജനിച്ചു, കഷ്ടതകൾ അനുഭവിച്ചുമരിച്ചു ഉയർത്തെഴുന്നേറ്റു എന്നിങ്ങനെ ഭാവനയുടെ കഥകൾ വേദശാസ്ത്രമായി പഠിപ്പിക്കയും വിശ്വസിക്കുകയും ചെയ്യുന്ന സമുദായം ഇല്ലാതെയാകും. അതിനാൽ ക്രിസ്തുമതം നിലനില്ക്കാൻ യേശുവിന്റെ ദിവ്യജനനമരണത്തിന്റെ ചരിത്രകഥ പഠിപ്പിക്കുന്നതിനു പകരം യേശുവിന്റെ ദിവ്യസ്നേഹത്തിന്റെ സുവാർത്ത പ്രചരിപ്പിക്കുകയാണ് വേണ്ടത്.

പുരുഷമേധാവിത്തം നിലനില്ക്കുന്ന ഒരു സമൂഹം യേശുവിന്റെ ദിവ്യസ്നേഹത്തിന്റെ സുവിശേഷം പ്രചരിപ്പിക്കാൻ കഴിവുള്ളതല്ല. കാരണം പുരുഷമേധാവിത്തം സംസ്കാരികമായി ഉയർന്ന ചിന്തയുടെ ഫലമല്ല എന്നതു തന്നെ. എന്നാൽ എല്ലാ ജീവികളിലും പൊതുവേ കണ്ടുവരുന്ന ഒരു പ്രവണതയാണ് താനും ഇത്. പുരുഷന്റെ ശക്തിപ്രകടനം ഇണയെ ആകർഷിക്കുവാനുള്ള ഒരു തന്ത്രം എന്നല്ലാതെ ആത്മീയമായി ഉയർന്ന വളർച്ചയല്ല. സവർഗത്തിന്റെ നിലനില്പിന് ശക്തിയുള്ള അടുത്തതലമുറയെ സൃഷ്ടിക്കുവാൻ എല്ലാ മൃഗങ്ങളും പ്രകടിപ്പിക്കുന്ന ഒരു പ്രാഥമികവികാരം മാത്രമാണ് പുരുഷമേധാവിത്തം. ഇത് അപ്പോസ്തോലികപിൻതുടർച്ചയായോ പരിശുദ്ധാന്മാവിന്റെ തെരഞ്ഞെടുപ്പായോ ചിത്രീകരിക്കുന്നത് പ്രാകൃതമായ സ്വാർത്ഥചിന്ത മാത്രമാണ്. മൃഗങ്ങൾ ഇന്നും ഈരീതിയിലുള്ള പ്രവർത്തനങ്ങൾ തുടരുന്നു. അത് അവയുടെ വർഗത്തിന്റെ നിലനിൽപിന് ആവശ്യവുമാണ്. ശക്തിമാനായ ആൺമൃഗവുമായി ഇണ ചേരാനാണ് പെൺമൃഗത്തിന്റെ വാഞ്ഛയും ഉത്തേജനവും. എങ്കിൽ മാത്രമേ ശക്തിയുള്ള

അടുത്തതലമുറയെ സൃഷ്ടിക്കുവാൻ ആ മൃഗവംശത്തിനു സാധിക്കുകയുള്ളൂ. എന്നാൽ മനുഷ്യന്റെ കാര്യത്തിൽ അവസ്ഥ വ്യത്യസ്തമാണ്. കായികബലത്തിൽ മാത്രം ശ്രദ്ധിച്ച് ഇണയെ തെരഞ്ഞെടുക്കുന്നത് കേവലം മൃഗചിന്ത മാത്രമാണ്. എന്നാൽ ഗുണസമ്പൂർണ്ണതയുള്ള ഇണയെ തെരഞ്ഞെടുക്കുന്ന പ്രക്രിയ ബുദ്ധിയുടെ പുരോഗമനപരമായ പരിണാമത്തിന്റെ ഫലമാണ്. ഈ വികാരമാണ് ഭാവിതലമുറയുടെ നിലനില്പിന് ആവശ്യവും. അതിനാൽ പുരുഷമേധാവിത്തം വളരെ പ്രാകൃതവും മൃഗീയവും സ്വാർത്ഥത നിറഞ്ഞതുമാണ്. പകരം നമുക്കു വേണ്ടത് സ്ത്രീപുരുഷചിന്താഗതിക്ക് അതീതമായി ഉയർന്ന ദിവ്യമനുഷ്യരുടെ (anthrops) ഇണചേരൽ ആണ്. ഈ ഇണചേരൽ ലൈംഗികം മാത്രമല്ല. ഉയർന്ന നിലവാരത്തിലുള്ള ഈ സംയോജനത്തെയാണ് ധാർമ്മികഗുരുക്കൾ ഉത്തമസമൂഹം എന്ന് വിഭാവനം ചെയ്യുന്നത്.

ഈ അവസ്ഥാവിശേഷം സാധാരണയുള്ള ഇന്ദ്രിയാനുഭൂതിയ്ക്കതീതമാണ്. അതായത് ഭൗതികതക്ക് അതീതമായി കാണുവാൻ സാധിക്കണം. നാമെല്ലാം പല വികാരവിചാരവിശ്വാസങ്ങളാൽ തിമിരം ബാധിച്ചവരാണ്. ഈ തിമിരം മാറ്റി മുൻവിധികൾ ഇല്ലാതെ മനുഷ്യനെ കാണുവാൻ, വസ്തുതകളെ കാണുവാൻ കഴിയണം. ഇതാണ് കുരുടന്റെ അന്ധത മാറ്റിയതിന്റെ സാരാംശം. യേശു ഭൗതികമായി, അല്ലെങ്കിൽ വൈദ്യശാസ്ത്രത്തിന്റെ ഭാഷയിൽ കണ്ണ് കാണാത്തവന്റെ, അന്ധത മാറ്റിയോ എന്നതല്ല വിഷയം. ആന്തരിക അന്ധതയെ മാറ്റി എന്നതാണ് ഇവിടുത്തെ വ്യംഗ്യം. നേരിട്ട് അനുഭൂതി ഉണ്ടാകുന്ന അവസ്ഥയ്ക്കും അപ്പുറമായി കാണണം, മനസ്സിലാക്കണം, ശ്രവിക്കണം എന്നർത്ഥം. അതുകൊണ്ട് നേരിട്ടു മനസ്സിലാക്കാവുന്ന ഭൗതികാവസ്ഥയിലൂടെ മനസ്സിലാക്കാൻ ശ്രമിച്ചാൽ യാഥാർത്ഥ്യത്തെ മനസ്സിലാക്കാൻ സാധിക്കയില്ല. അതാണ് ഉയർത്ത യേശുവിനെ തൊട്ടുനോക്കാൻ ശ്രമിച്ച മറിയത്തിനും തോമായ്ക്കും പറ്റിയ അബദ്ധം. അതീന്ദ്രിയജ്ഞാനത്തിന്റെ സുവിശേഷം എഴുതിയ മറിയവും തോമായും ഇത്തരം വിഡ്ഢിത്തം കാട്ടിയപ്പോൾ മറ്റുശിഷ്യരുടെ അവസ്ഥ പറയണമോ? ഇതുതന്നെയാണ് ക്രിസ്തുമതക്കാർക്കും പറ്റിയ അബദ്ധം. യേശുവിന്റെ പുനരുദ്ധാനത്തെ ഭൗതികപുനരുദ്ധാനമായി തെറ്റിദ്ധരിച്ചു. പകരം യേശുവിന്റെ ഉയിർപ്പിനെ അതീന്ദ്രീയജ്ഞാനത്തിലൂടെ (meta physical) മാത്രം അറിയാൻ കഴിയുന്ന ഒരു അവസ്ഥയായി കണക്കാക്കണം. ഈ ഉദ്ധാരണത്തിൽ യേശു ചരിത്രപുരുഷൻ പോലും ആയിരിക്കേണ്ട ആവശ്യമില്ല. യേശു എന്നത് സ്നേഹത്തിന്റെയും നന്മയുടെയും മൂർത്തീകരണമായ ഒരു ആശയമായി മനസ്സിലാക്കിയാൽ മതിയാകും. അത് മരിച്ചാലും ഉയിർക്കും. നന്മയെ മരണം എന്ന തിന്മ കീഴടക്കിയാലും ഒരിക്കൽ ഉയിർക്കും. അതാണ് നന്മയിലുള്ള മനുഷ്യന്റെ പ്രത്യാശ. ഈ പ്രത്യാശയാണ് നന്മ ചെയ്യാൻ നമ്മെ പ്രേരിപ്പി

ക്കുന്നതും നീതിമാനായി ജീവിക്കുവാനുള്ള ഉത്തേജനം നല്കുന്നതും. ഉയർത്തെഴുന്നേറ്റ യേശു ഭൗതിക സ്പർശനത്തിനതീതനാണ്. ഭൗതികതയിലൂടെ കാണുവാനും തൊടുവാനും ശ്രമിച്ചാൽ ഉയർത്തയേശുവിനെ നാം തരം താഴ്ത്തുന്നു. അതുപോലെ തന്നെയാണ് നന്മയുടെ പൂർത്തീകരണമായി യാതൊരു വിവേചനവും മുൻവിധികളും ഇല്ലാത്ത, ശുദ്ധിയുള്ള കന്യകയിൽ യേശു ജനിച്ചു എന്ന ആശയവും. ഈ കന്യക പുരുഷസംസർഗ്ഗം ഇല്ലാത്ത സ്ത്രീ എന്നല്ല അർത്ഥം. ശുദ്ധമായ മനസ്ഥിതിയോടുകൂടിയ, ഒന്നിനോടും വിവേചനമോ (discrimination) മുൻവിധിയോ ഇല്ലാത്ത സ്വതന്ത്രമായ ചിന്താഗതി എന്നാണുദ്ദേശിക്കുന്നത്. ഈ മനസ്ഥിതിയുടെ ഉടമ സ്ത്രീ ആയിരിക്കണം എന്നില്ല. നന്മനിറഞ്ഞ വ്യക്തിയിൽ നന്മയുടെ മൂർത്തീകരണമായ യേശു എന്നും ജനിക്കുന്നു. ഈ സാരാംശം മനസ്സിലാക്കാതെ മത്തായി സുവിശേഷം എഴുതുമ്പോഴാണ്, കന്യകാമറിയവും മാലാഖയും വിശുദ്ധന്മാരും നക്ഷത്രവും ഒക്കെ ചിത്രീകരിക്കപ്പെടുന്നത്. യാഥാർത്ഥ്യത്തെ വർണ്ണിക്കാൻ പൊടിപ്പും തൊങ്ങലും അവശ്യമില്ല. ഇല്ലാത്തതിനെ ഉള്ളതായി സ്ഥാപിക്കാൻ ശ്രമിക്കുമ്പോഴാണ് നുണയും കെട്ടുകഥയും അത്ഭുതവും ന്യായീകരിക്കാനായി ദിവ്യതാപരിവേഷം സൃഷ്ടിക്കുന്നത്. അതായത് യേശുവിനെ മനസ്സിലാക്കുവാൻ ചരിത്രഗവേഷണം നടത്തിയിട്ട് കാര്യമില്ല എന്നർത്ഥം. യേശുവിന്റെ അവശിഷ്ടം തേടി പാലസ്തീൻ മുഴുവൻ കുഴിച്ചാലും യേശുവിനെ കാണില്ല. സുവിശേഷത്തെ ചരിത്രമായി കണക്കാക്കി യേശുവിനെ തേടിയാൽ യേശുവിനെ കാണില്ല. പകരം സുവിശേഷത്തെ ഒരു ഉപമയായി കണക്കാക്കി യേശു ജനിച്ച പുൽക്കുടിൽ എളിമയുള്ള മനസ്സ് എന്നു മനസ്സിലാക്കി, കന്യകയുടെ ഉദരം നിർമലമനസ്സ് (മുൻവിധികൾ ഇല്ലാത്ത മനസ്സ്) എന്നു മനസ്സിലാക്കി, യേശുവിന്റെ അത്ഭുതപ്രവർത്തികളിലെ സാരാംശം മനസ്സിലാക്കി സുവിശേഷത്തെ വായിച്ചാൽ യേശു ചരിത്രപുരുഷനല്ല നന്മയുടെ ഉൽപ്രേക്ഷയാണ് എന്നു മനസ്സിലാക്കാം. ഈ നന്മയാണ് ക്രൂശിക്കപ്പെട്ടാലും ഉയിർക്കുന്നത്. ഈ നന്മയാണ് ലോകാവസാനത്തോളം നമ്മിൽ ഉണ്ടായിരിക്കേണ്ട നന്മയും. ഈ നന്മയെ ദർശിക്കുന്നത് ആത്മാവിലൂടെയോ മനസിലൂടെയോ അല്ല സ്വന്ത ജീവിതചെയ്തികളിലൂടെയാണ്.

*(പുറങ്ങൾ 11 മുതൽ 14 വരെ കണ്ടുകിട്ടിയിട്ടില്ല.)*

# സുവിശേഷം - പതിനഞ്ചാംപുറം

**ആ**ഗ്രഹം ആത്മവിനോട് ആരാഞ്ഞു: 'നീ താഴേക്ക് വരുന്നത് ഞാൻ കണ്ടില്ല, എന്നാൽ നീ മുകളിലേയ്ക്കുയരുന്നത് ഞാൻ കാണുന്നു, നീ എന്തിന് എന്നോടു കാപട്യം കാട്ടുന്നു? നീ എന്റെ സ്വന്തമല്ലേ?' ആത്മാവ് മറുപടിയായി പറഞ്ഞു: 'നീ എന്നെ കാണുകയോ തിരിച്ചറിയുകയോ ചെയ്തില്ല. വസ്ത്രം പോലെ ഞാൻ നിന്നോടുകൂടെ ഉണ്ടായിരുന്നു, നീ എന്നെ സ്പർശിച്ചില്ല.' ഇത്രയും പറഞ്ഞശേഷം ആത്മാവ് യാത്രയായി.

11, 12, 13, 14 എന്നീ പുറങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ല. ഈ പുറങ്ങൾ മറിയത്തിന്റെ സുവിശേഷത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു ഭാഗമാണെന്നു കരുതാം, കാരണം ഗുരുവിന്റെ ദർശനത്തിന്റെ, ഉയർത്തയേശുവിന്റെ ദർശനത്തിന്റെ സാരാംശം പൊരുളുതിരിച്ചതിനുശേഷം അതീന്ദ്രിയജ്ഞാനത്തിലേക്ക് മറിയം തിരിയുന്ന പുറങ്ങൾ ആയിരിക്കാം അവ. പത്താം പുറം അവസാനിക്കുന്നത് നന്മനിറഞ്ഞ മനസ്സിലൂടെ അതീന്ദ്രിയമായ ദർശനം കാണുവാനാകും എന്ന് പറഞ്ഞുകൊണ്ടാണ്. അത്തരത്തിലൊരു ദർശനമാണ് യേശുവിന്റെ ഉയിർപ്പും. ജഢമാംസങ്ങൾക്ക് അതീതമായ അവസ്ഥ എന്ന് മറിയം ഇതിനെ പ്രതിപാദിക്കുന്നു. ഈ ഉയിർപ്പ് ജഢമാംസങ്ങൾക്ക് അതീതം മാത്രമല്ല വർത്തമാന-ഭാവി കാലഘട്ടങ്ങൾക്കും അതീതതമാണ് - അതായത് ഭൂതകാലമായ മരണാവസ്ഥയിൽ (പാതാളം) നിന്നും വിടുവിക്കപ്പെട്ടും വർത്തമാനകാലത്തെ മരണത്തെ അതിജീവിച്ചും പിതാവിന്റെ അടുക്കലേക്ക് (എല്ലാ വസ്തുക്കളും അതിന്റെ ഉത്ഭവ മൂലാവസ്ഥയിലേക്ക്) തിരികെ പോകുന്ന അവസ്ഥ. ഈ അതീന്ദ്രിയാവസ്ഥയാണ് യേശുവിന്റെ ഉയിർപ്പിന്റെ കഥയുടെ സാരാംശം. മുൻപ് പ്രതിപാദിച്ചതുപോലെ ഈ ഉയിർപ്പിന്റെ സാരാംശം തൊട്ടുനോക്കാൻ (ഭൗതികമായി മനസ്സിലാക്കാൻ) ശ്രമിച്ചാൽ അത് അസാദ്ധ്യമാണ്. ഭൗതികതകൾക്കപ്പുറത്തുള്ള (meta physical) അതീന്ദ്രീയജ്ഞാനത്തിലൂടെ മാത്രമേ ഇത് സാധിക്കുകയുള്ളു. ഈ ജ്ഞാനം ആർജ്ജിക്കുവാൻ വേണ്ടിയാണ് ഈജിപ്റ്റിലെ പുരോഹിതർ ഭൂമിയുടെ അഗാധതയിലുള്ള ഗുഹകളിൽ പ്രവേശിക്കുകയും നിത്യതയുമായി സമ്പർക്കത്തിൽ ഏർപ്പെടുകയും ചെയ്തത്. ഇതുതന്നെയാണ്

ബുദ്ധനും ശ്രീരാമകൃഷ്ണപരമഹംസരും സ്വാമി വിവേകാനന്ദനും ശങ്കരാചാര്യരും യോഗികളും ഒക്കെ പരിശീലിച്ചിരുന്നതും. ഇവിടെ നിത്യതയുമായി ഒന്നുചേരുമ്പോൾ ഭൂതം, വർത്തമാനം, ഭാവി എന്നിങ്ങനെയുള്ള കാലഘട്ടവിവേചനം ഇല്ലാതെയാകുന്നു. കാലവും സമയവും മനുഷ്യൻ ഭൂമിയിൽ നിന്നുകൊണ്ട് രാവും പകലും ഉദയവും അസ്തമയവും ദർശിക്കുമ്പോൾ ഉണ്ടാകുന്ന തോന്നലാണ്. ഭൂമിയിൽനിന്നും ഉയർന്ന് പ്രപഞ്ചത്തെ വീക്ഷിച്ചാൽ ഉദയവും അസ്തമയവും രാവും പകലും സമയവും കാലവും ഇല്ല. പ്രപഞ്ചത്തിന്റെ ആരംഭമോ അവസാനമോ ഭൂതവർത്തമാനഭാവി കാലഘട്ടമോ ഇല്ല. പകരം നിത്യതമാത്രം. അഥവാ എല്ലാം വർത്തമാനകാലം, അതാണ് നിത്യത. ഈ നിത്യതയെ വർത്തമാനകാലമായി കാണുവാൻ യേശുവിനു സാധിച്ചിരുന്നു. അതാണ് എന്റെ രാജ്യം നിത്യം എന്നു പറയുന്നത്. എന്നാൽ യേശുവിന്റെ വാക്കുകൾ പൊരുളുതിരിച്ച മെഡിറ്ററേനിയൻ എഴുത്തുകാർക്ക് ഈ തത്വശാസ്ത്രം അജ്ഞാതമായിരുന്നു. അതാണ് സുവിശേഷങ്ങൾ നൂലാമാല കെട്ടുകഥകളായി അധപതിച്ചതിന്റെ കാരണം. എന്നാൽ യേശുവിന്റെ രാജ്യം നിത്യതയുടെ രാജ്യമാണ്. അത് ഭൗതികം അല്ല, അഭൗതികവും അല്ല. അതീന്ദ്രിയജ്ഞാനത്തിൽ ദർശിക്കുന്ന ഒരു അവസ്ഥയാണ്. മറിയത്തിന്റെ സുവിശേഷത്തിൽ ഈ അവസ്ഥയെ, ഈ സ്വർഗരാജ്യത്തെ വിളിക്കുന്നത് പൂർണ്ണവിശ്രമം, നിശബ്ദത (repose & silence) എന്നാണ്. നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് വാതിൽ അടച്ച് ഏകാന്തതയിൽ, നിശബ്ദതയിൽ കാണുന്ന ദൈവവുമായി സംസർഗ്ഗം (പരസ്പരസംഭാഷണം) നടത്തുക എന്ന് യേശു പറഞ്ഞതിന്റെ അർത്ഥം ഇതാണ്. ശാബദിനും ഇതേ അർത്ഥമുണ്ട്. ദൈനംദിനബഹളങ്ങളിൽ നിന്നും പൂർണ്ണമുക്തി നേടി വിശ്രമിക്കുന്ന അവസ്ഥ. ഈ ശാബദിന്റെ ബഹിർസ്ഫുരണമാണ് സ്വർഗീയാവസ്ഥ. ഭൗതികമായ എല്ലാ ബന്ധങ്ങളിൽനിന്നും പൂർണ്ണമായി വിച്ഛേദിക്കപ്പെട്ട് വിശ്രമിക്കുന്ന അവസ്ഥ. അപ്പോൾ എല്ലാ ദിവസവും ശാബദ് ആകുന്ന അവസ്ഥ. അതാണ് ബുദ്ധൻ ചെയ്തത്. ഈ ബുദ്ധാവസ്ഥ മോക്ഷത്തിൽ, നിത്യതയിൽ നമ്മെ എത്തിക്കുന്നു. എല്ലാവരും സന്യസിക്കാൻ പോയാൽ സമൂഹം എങ്ങനെ നിലനിൽക്കും എന്നൊരു ചോദ്യം ഉടലെടുക്കും അപ്പോൾ. എല്ലാവരും സന്യസിക്കുന്ന അവസ്ഥ ഉണ്ടാകുമോ? ഒരിക്കലുമില്ല. എന്നാൽ ഹൈന്ദവതത്വശാസ്ത്രത്തിലെ പുരുഷാശ്രമങ്ങളിൽ ഒന്നായ സന്യാസം ജീവിതത്തിന്റെ ഏത് കാലഘട്ടത്തിലും തുടങ്ങാവുന്നതാണ്. ഗൃഹസ്ഥാശ്രമം വെടിഞ്ഞു നിത്യസന്യാസിയായി മാറുന്നവർ നേരത്തെ തന്നെ ശാബദിൽ പ്രവേശിക്കുന്നു. ദൈനംദിനജീവിതത്തിലെ കുടുംബഭാരങ്ങളുടെ ദുഃഖവും ദുരിതവും ആയി ജീവിതകാലം ചിലവഴിക്കണോ അതോ അഴ്ചയിൽ ഒരു ദിവസം ശാബദ് ആചരിച്ച് ക്രമേണ ഏഴ് ദിവസവും ഗാബദാക്കി, ഭാരങ്ങളെ ഇറക്കിവെച്ച് ആത്മസംതൃപ്തിയിൽ സന്തോഷിക്കണമോ? അത് വ്യക്തിയുടെ തെരഞ്ഞെടുപ്പാണ്. ഭൗതികജീവിതം ആഗ്രഹങ്ങളുടെ,

ആവശ്യങ്ങളുടെ ഭാരവും കൂടാരവുമാണ്. ഈ ഭാരവും കൂടാരവും വിട്ട് ആഗ്രഹങ്ങൾ ലഘൂകരിച്ച്, ആവശ്യങ്ങൾ ലഘൂകരിച്ച് സന്യാസജീവിതം അല്ലെങ്കിൽ വനവാസം വാർദ്ധക്യത്തിലെങ്കിലും നേടുന്നത് എന്നും അഭികാമ്യമാണ്. അപ്പോൾ നോമ്പും ഏകാദശിയും വ്രതവും നോക്കി ശരീരവും മനസ്സും ക്രമേണ സ്വതന്ത്രമാക്കിയാൽ നാം അറിയാതെതന്നെ നിത്യതയുടെ വിശ്രമത്തിൽ പ്രവേശിക്കുന്നു. അതാണ് സ്വർഗരാജ്യം. ഈ നിത്യതയുടെ വിശ്രമത്തിലേക്ക് പ്രവേശിക്കുന്ന പ്രക്രിയയാണ് മോക്ഷയാത്ര. ലോകത്തിലെ എല്ലാ തത്വജ്ഞാനങ്ങളും മതചിന്തകളും അതിന്റെ മൂലാവസ്ഥയിൽ വിശകലനം ചെയ്താൽ കാണുന്ന സന്ദേശവും ഇതുതന്നെയാണ്. മറിയത്തിന്റെ സുവിശേഷവും മനുഷ്യനെ അവന്റെ മോക്ഷയാത്രകൾക്ക് ഒരുക്കുന്നു.

അനേകം ഭാവങ്ങളുടേയും ചിന്താഗതികളുടെയും മണ്ഡലങ്ങളിൽ ജനിച്ചു ജീവിക്കുന്ന മനുഷ്യൻ അവന്റെ പ്രാഥമികവികാരങ്ങളിൽനിന്നും ഒന്നൊന്നായി മോചനം പ്രാപിക്കുന്നു. ഇതിനെ പല മണ്ഡലങ്ങളിലൂടെ ഉള്ള യാത്രയായി ചിത്രീകരിക്കുന്നു. അനേകം ബുദ്ധമണ്ഡലങ്ങൾ തരണം ചെയ്ത് പൂർണ്ണ ബുദ്ധാവസ്ഥ നേടുന്ന യാത്ര. ഇവിടെ ഒന്നാം മണ്ഡലം മനുഷ്യന്റെ പ്രാഥമികാവസ്ഥയാണ്. മൃഗത്തിൽ നിന്ന് ഒട്ടുംതന്നെ വ്യത്യസ്തമല്ലാത്ത ജീവിതം. ഇവിടെ മനുഷ്യനെ നയിക്കുന്നത് അവന്റെ പ്രകൃതിദത്തമായ വികാരം മാത്രമാണ്. ആഹാരം, പ്രത്യുൽപാദനം തുടങ്ങിയവയ്ക്കുള്ള ചോദനകൾ മാത്രമാണ് ഈ ഘട്ടത്തിൽ അവനെ നയിക്കുന്നത്. ഇത് എല്ലാ ജീവജാലങ്ങളുടെയും നൈസർഗ്ഗികമായ വികാരമാണുതാനും. ഈ പ്രാകൃതവികാരത്തിൽനിന്നും ഉയർന്നാൽ രണ്ടാമത്തെ മണ്ഡലത്തിൽ പ്രവേശിക്കുന്നു. ഈ പ്രക്രിയയ്ക്ക് പ്രേരിപ്പിക്കുന്ന ഉത്തേജനത്തെ അഥവാ ശക്തിയെ ആണ് നാം ദൈവത്തിന്റെ ആത്മാവ് എന്നു വിളിക്കുന്നത്. ഇതാണ് പരിണാമത്തെ നയിക്കുന്ന ഊർജ്ജം. ഈ ഊർജ്ജം (energy) മനുഷ്യനിൽ ആവസിക്കുമ്പോൾ അവൻ പ്രാകൃതമണ്ഡലത്തിൽ നിന്നും ക്രമേണ ഉയരുന്നു. ഇവിടെ അവൻ എല്ലാം സ്വന്തമെന്നു കരുതുന്നു, എല്ലാം സ്വന്തമാക്കാൻ ശ്രമിക്കുന്നു. ഇവിടെ ആഗ്രഹങ്ങളും ആവശ്യങ്ങളും അവനെ ഭരിക്കുന്നു. അനേകം ബന്ധങ്ങളുടെ ചിലന്തിവലയിൽ പരിണാമവിധേയമാകേണ്ട മനുഷ്യചിന്താഗതി കുരുങ്ങിക്കിടക്കുന്നു. ഇത് പരാധീനതകളുടെ ലോകം. ഇവിടെയാണ് മനുഷ്യന്റെ ആത്മാവ് ദൈവത്തെ തേടുന്നത്. ഈ ദിശയിൽനിന്നും വിമുക്തി നേടുന്നതിന് പകരം അവന്റെ ആഗ്രഹങ്ങളെ സഫലീകരിക്കുവാൻ വഴിപാടുകളും നോമ്പും ബലിയും കൂദാശകളും ഒക്കെ അനുഷ്ഠിക്കുന്നു. എന്നാൽ ഈ ആഗ്രഹങ്ങൾ നിവൃത്തിക്കപ്പെടാതെ വരുമ്പോൾ അസ്വസ്ഥതയും ദുഃഖവും ഉണ്ടാകുന്നു. ചിലർ ഇവിടെ മരിക്കുന്നു; സ്വയം സൃഷ്ടിച്ച നരകത്തിൽ എരിഞ്ഞടങ്ങുന്നു.

രണ്ടാമത്തെ മണ്ഡലം തരണം ചെയ്ത യാത്രക്കാരൻ സ്വാർത്ഥചിന്താഗതികളുടെയും ഇടുങ്ങിയ മനസ്സിന്റെയും മൂന്നാമത്തെ മണ്ഡലത്തിൽ പ്രവേശിക്കുന്നു. എന്റെ മതം, എന്റെ വിശ്വാസം, എന്റെ വ്രതാനുഷ്ഠാനം, നോമ്പ്, കൂദാശകൾ എന്നിവ എന്നെ സ്വർഗരാജ്യത്തിൽ എത്തിക്കും എന്ന് ഈ ഘട്ടത്തിൽ മനുഷ്യൻ ചിന്തിക്കുന്നു. ഞാൻ വളരെ ശ്രേഷ്ഠമായ ഒരു മതത്തിന്റെ അംഗം ആണ്. ദൈവം തെരഞ്ഞെടുത്ത ജനം ആണ്, ഞാൻ സ്വർഗത്തിന്റെ ജന്മാവകാശിയാണ്, ഞാൻ സൃഷ്ടിയുടെ പരിപൂർണ്ണത; മാത്രമല്ല ദൈവം എന്നെ രക്ഷിക്കാൻ മനുഷ്യനായി അവതരിച്ചു കഷ്ടമനുഭവിച്ചു എന്നിങ്ങനെയൊക്കെയുള്ള ചിന്തകളാണ് ഇവിടെ മനുഷ്യനെ ഭരിക്കുന്നത്. ഇതിനെ മനപൂർവ്വം ഉണ്ടാക്കുന്ന അജ്ഞത എന്നു പറയാം. ഇവിടെ കൂടുതൽ അറിവിന്റെ അവസരങ്ങളെ മനുഷ്യൻ നിഷേധിക്കുന്നു. മറ്റു മതങ്ങളെ പുച്ഛത്തോടെ കാണക്കാക്കുന്നു. മറ്റുള്ളവരെ സ്വന്തം വിശ്വാസത്തിന്റെ കുഴിയിൽ വിഴ്ത്താൻ ശ്രമിക്കുന്നു. ഇവരാണ് കുരിശുയുദ്ധം നടത്തുന്നവർ. ദൈവത്തിന്റെ പേരിൽ മനുഷ്യക്കുരുതികൾ നടത്തുന്നവർ. ലോകത്തിലെ നല്ല ശതമാനം മനുഷ്യരും ഈ മണ്ഡലത്തിൽനിന്നും ഉയരാതെ മരിച്ചു വീഴുന്നു, സ്വർഗയാത്ര മതിയാക്കുന്നു.

മൂന്നാമത്തെ മണ്ഡലത്തിനും അതീതമായി ഉയർന്നവർ, യാത്ര നിർത്താതെ തുടർന്നവർ ആന്തരികമായ അറിവിന്റെ മണ്ഡലത്തിൽ പ്രവേശിക്കുന്നു. ഇവർക്ക് ഇവർ വിശ്വസിക്കുന്നതിന് അപ്പുറമായി ഒന്നും കാണുവാനോ മനസ്സിലാക്കാനോ സാധിക്കയില്ല. മറ്റൊന്നിനോടും സഹിഷ്ണുത ഇല്ലാത്ത, ജ്ഞാനത്തിന്റെ പൂർണ്ണത നേടി എന്ന ഭാവം (intoxicated wisdom);. എല്ലാം തികഞ്ഞവർ എന്ന തേന്നലുണ്ടിവർക്ക്. ഞാൻ ഓട്ടം തികച്ചു, വിശ്വാസം കാത്തു നീതിയുടെ കീരീടം എനിക്കായി കാത്തിരിക്കുന്നു എന്ന ചിന്താഗതിക്കാർ. ഇവരാണ് സ്വർഗത്തിലെ അപ്പച്ചനുമായി സ്ഥിരം സംസാരിക്കുന്നു എന്നു വാദിക്കുന്നവർ. ഇവർ വിവേകശൂന്യർ ആയതിനാൽ വിഡ്ഢികളുടെ സ്വർഗത്തിൽ ജീവിക്കുന്നു. മറ്റുള്ളവരെ ഈ മൂഢസ്വർഗത്തിലേക്ക് നയിക്കയും ചെയ്യുന്നു. ഇവരെ കുറിച്ചാണ് യേശു പറഞ്ഞത്: എന്റെ നാമത്തിൽ പലരും നിങ്ങളെ വഴിതെറ്റിക്കും. ഇതാ സ്വർഗരാജ്യം ഇവിടെ, അല്ല അവിടെ എന്നു പറഞ്ഞ് നിങ്ങളെ വഴിതെറ്റിക്കും. ഈ മണ്ഡലത്തിൽ അനേകം പേർ യാത്ര മതിയാക്കുന്നു, ഇവിടെ മരിക്കുന്നു.

ഈ മണ്ഡലങ്ങളിൽ എല്ലാം നമ്മെ ഭരിക്കുന്നത് ഒരിക്കലും തൃപ്തിവരാത്ത, മതി, മതി എന്നു പറയാത്ത എനിക്കു തൃപ്തിയായി എന്നു പറയാത്ത ആഗ്രഹമാണ്. അതിനാൽ ഈ ആഗ്രഹങ്ങളുടെ ജീവിതരീതി ഒരിക്കലും നമുക്ക് തൃപ്തി, ആനന്ദം (bliss) അഥവാ മോക്ഷം തരികയില്ല. അതുകൊണ്ടാണ് മറിയത്തിന്റെ ദർശനത്തിൽ ആത്മാവ് ആഗ്രഹത്തെ കീഴടക്കി യാത്ര തുടരുന്നത്. മനുഷ്യന്റെ ഭൗതിക, വികാരഭരിതമായ ശരീരത്തിൽ

നിന്നും ഊരിമാറ്റാവുന്ന വസ്ത്രംപോലെ ആത്മാവ് വിമുക്തമാകുമ്പോൾ അത് സന്തോഷത്തിൽ പ്രവേശിക്കുന്നു. മനുഷ്യശരീരത്തിന്റെ ആഗ്രഹങ്ങളിൽനിന്നും ആവശ്യത്തിൽനിന്നും ഉടലെടുക്കുന്ന വികാരങ്ങളാണ് ഭക്ഷണപ്രിയത, കാമാസക്തി, ദുരാഗ്രഹം, മോഹം, കോപം, അസൂയ, സ്വാർത്ഥത എന്നിവ. എന്നാൽ ഈ ആവശ്യങ്ങളും ആഗ്രഹങ്ങളും പൂർത്തീകരിച്ച അവസ്ഥയിൽനിന്നും ആഗ്രഹങ്ങളും ആവശ്യങ്ങളും ഇല്ലാത്തതോ ലഘൂകരിച്ചതോ ആയ അവസ്ഥയിലേക്ക് പുരോഗതി പ്രാപിച്ചാൽ ശരീരത്തിൽനിന്നും വസ്ത്രം മാറ്റുന്നതുപോലെ മനുഷ്യമനസ്സിനും മുക്തി നേടാം. അതാണ് യേശു ശിഷ്യന്മാരോട് പറഞ്ഞത്: നിങ്ങൾ രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കാൻ (അറിയിക്കാൻ) പോകുമ്പോൾ വഴിയാഹാരം പോലും കരുതരുത്, വടിയും ചെരിപ്പും ലഘൂകരിച്ച വസ്ത്രവും മതി. ഇതു മനസ്സിലാക്കാതെ ക്രിസ്തുമതനേതാക്കന്മാർ വസ്ത്രങ്ങളുടെ മുകളിൽ വസ്ത്രങ്ങൾ അട്ടിയായി ധരിച്ച് പൊടിപ്പും തൊങ്ങലും കുരിശും മാലയും ഒക്കെയായി പ്രത്യക്ഷപ്പെടുന്നു. ഇവർക്ക് രാജ്യവും ശക്തിയും മഹത്വവും വേണം. അതിനാണ് രാജാവിന്റെയും പ്രവാചകന്റെയും പുരോഹിതന്റെയും വസ്ത്രങ്ങൾ ഒരേ സമയത്ത് അണിയുന്നത്. അതുകൊണ്ടാണ് യേശുവിന്റെ യാഥാർത്ഥസുവിശേഷം ഇവർക്കു മനസിലാക്കാനോ അതനുസരിച്ച് ജീവിക്കുവാനോ സാധിക്കാത്തത്. എന്നാൽ ഈ സത്യം മനസ്സിലാക്കിയ സന്യാസിമാർ വസ്ത്രം ഉപേക്ഷിക്കയോ ഏറ്റവും പരിമിതമായ വസ്ത്രം ഉപയോഗിക്കുകയോ ചെയ്തു. ഉൽപത്തിയിലെ പാപം ചെയ്യാത്ത ആദിമമനുഷ്യൻ നഗ്നനായിരുന്നു. അവനിൽ കുറ്റബോധം (പാപബോധം) ഉണ്ടായപ്പോൾ പാപത്തെ പ്രോത്സാഹിപ്പിച്ച അവയവത്തെ മറയ്ക്കാൻ ഇലകളുടെ വസ്ത്രം ഉണ്ടാക്കി. അനേകം വസ്ത്രങ്ങൾ ഉണ്ടാക്കുന്നത് നഗ്നത മറയ്ക്കുവനോ പാപത്തെ മറയ്ക്കുവാനോ?

അതായത് പ്രാഥമികമാനുഷികവികാരങ്ങളിൽനിന്നും ആഗ്രഹങ്ങളിൽനിന്നും മനുഷ്യന്റെ ചിന്താഗതി വിമുക്തമായി ഗുണനന്മകളിലേക്ക് ഉയരുമ്പോൾ, മനുഷ്യബുദ്ധി നന്മയിലേക്ക് പരിണാമം ചെയ്യുമ്പോൾ പരിപൂർണ്ണത നേടിയില്ലെങ്കിലും ആത്മസംതൃപ്തി ഉണ്ടാകുന്നു. ഇതേ സന്ദേശമാണ് ഗിരിപ്രഭാഷണത്തിലും നാം കാണുന്നത്.

ആത്മാവ് അപ്പോൾ മൂന്നാമത്തെ മണ്ഡലത്തിലായി. അത് അജ്ഞത എന്നറിയപ്പെടുന്നു. അജ്ഞത ആത്മാവിനോട് ആരാഞ്ഞു: നീ എവിടേയ്ക്കു പോകുന്നു? തിന്മയോടുള്ള പ്രതിപത്തി നിന്നെ ഭരിക്കുന്നു. നിനക്കു വേർതിരിവിന്റെ വിവേചന ബുദ്ധി ഇല്ല, നീ അടിമയാകുന്നു.

നാം ഇവിടെ വെറും ആജ്ഞാനുവർത്തികളായി മാറുന്നു. രാഷ്ട്രം പറഞ്ഞതിന്റെ പേരിൽ, മതം പറഞ്ഞതിന്റെ പേരിൽ, ഡോക്ടർ പറഞ്ഞതിന്റെ പേരിൽ തെറ്റോ ശരിയോ എന്നു നോക്കാതെ നാം പ്രവർത്തിക്കുന്നു. ഇത്

ഉത്തമമായ ജീവിതരീതി അല്ല. ആത്മാവിന്റെ അടിമത്തം മാത്രമാണ്. മതവും രാഷ്ട്രവും നമ്മിൽ അടിച്ചേൽപിക്കുന്ന ചിന്താഗതി ശരിയോ എന്നു ചിന്തിക്കേണ്ട വിവേചനബുദ്ധി ഉണ്ടാകണം. അതുപോലെ ഡോക്ടർ കല്പിച്ചതിനാൽ നമ്മുടെ ശരീരത്തിൽ നിറയ്ക്കുന്ന രാസവസ്തുക്കൾ എന്താണ്? അതിന്റെ ഗുണം എന്ത്, ദോഷം എന്ത് എന്ന് മനസ്സിലാക്കണം. മനുഷ്യവർഗത്തോടു മനുഷ്യൻ തന്നെ കാട്ടിയിട്ടുള്ള ക്രൂരതയ്ക്കു പുറകിൽ ഇത്തരം വിവേചനബുദ്ധി ഇല്ലാത്ത ചിന്താഗതികൾ ആണ്. മറ്റാരെങ്കിലും പറയുന്നത് വിവേചനബുദ്ധി കൂടാതെ അനുസരിക്കുന്നത് വെറും അടിമത്തം മാത്രമാണ്. മനുഷ്യൻ മറ്റൊരു മനുഷ്യനിൽനിന്നും വ്യത്യാസമുള്ളവനായിരിക്കാനാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതിനാൽ അവൻ ജാതി, മതം, വിശ്വാസം, വർണ്ണം എന്നിങ്ങനെ പല അവസ്ഥകളിൽ വ്യത്യസ്തൻ ആയിരിക്കും. ഈ വ്യത്യസ്തനായ മനുഷ്യനെ തന്നെപ്പോലെ ആക്കാൻ ശ്രമിക്കുന്നത് സുവിശേഷമല്ല, മൂഢതയും സ്വാർത്ഥതയും ആണ്. ഈ മനഃപൂർവ്വം തെരഞ്ഞെടുക്കുന്ന അജ്ഞത (willful ignorance) യുദ്ധങ്ങളെക്കാൾ അപകടകരമാണ്. കാരണം ഈ അജ്ഞതയാണ് യുദ്ധങ്ങൾ ഉണ്ടാക്കുന്നത്, മനുഷ്യക്കുരുതികൾ നടത്തുന്നത്. മതത്തിന്റെ പേരിൽ, ദൈവത്തിന്റെ പേരിൽ സ്വന്തം സഹോദരരെ വെട്ടിവീഴ്ത്തുന്നത് നൃശംസതയും കാടത്തവുമാണ്. എന്നാൽ മറ്റുള്ളവരെ മനസ്സിലാക്കാനുള്ള തുറന്ന മനസ്സും മറ്റാശയങ്ങളെ ഉൾക്കൊള്ളാനുള്ള ഹൃദയവിശാലതയും ഉണ്ടാകുമ്പോൾ നമ്മുടെ മനസ്സിന്റെ ഉള്ളിൽ എന്നും നമ്മെ കാർന്നുതിന്നുന്ന അസൂയയുടെയും കോപത്തിന്റെയും അഹന്തയുടെയും കാൻസർ ഇല്ലാതെ ആകുന്നു. ക്രമേണ മാനസികവും ശാരീരികവുമായ സുഖത്തിലേക്ക് നാം നയിക്കപ്പെടുന്നു. അതിനാൽ മതത്തിന്റെയോ രാജ്യത്തിന്റെയോ വിശ്വാസത്തിന്റെയോ ദൈവത്തിന്റെയോ പേരിൽ മനുഷ്യക്കുരുതിയുമായി ജീവിതം നയിക്കുന്നവർ ഒരു നിമിഷം നില്ക്കുക, സ്വയം ചോദിക്കുക, നീ എവിടേയ്ക്കു പോകുന്നു? ഏതാണ് നിന്റെ വഴി? നിന്റെ ചെയ്തികളുടെ ഫലം എന്ത്? നിന്റെ ജീവിതത്തിന്റെ അർത്ഥം എന്ത്? നീ എടുക്കുന്ന വാളാൽ തന്നെ നീയും ഒരിക്കൽ മരിച്ചുവീഴും! സ്വർഗരാജ്യം വിഡ്ഢികൾക്കുള്ളതല്ല, ഭൂമിയിൽ സമാധാനം നടത്തുന്നവർക്കും നിർമ്മലഹൃദയർക്കും ഉള്ളതാണ്.

സ്വന്തം വിഡ്ഢിത്തം മനസ്സിലാക്കുന്നതുതന്നെ വിമുക്തിയിലേക്കുള്ള യാത്രയുടെ തുടക്കമാണ്. ആരോഗ്യം നശിപ്പിക്കുന്നത് എന്താണ് എന്നു മനസ്സിലാക്കി അതിനെ ചികിത്സിക്കുകയും കീഴടക്കുകയും ചെയ്യുമ്പോൾ ആരോഗ്യം ഉണ്ടാകുന്നു. അതുപോലെ എന്ത് അറിയാം എന്ന് അറിയുന്നതല്ല ജ്ഞാനം എന്ത് അറിയില്ല എന്ന് മനസ്സിലാക്കുകയും ആ അറിവില്ലായ്മയെ പരിഹരിക്കാൻ ശ്രമിക്കയും ചെയ്യുന്നതാണ് ജ്ഞാനം. ഈ ജ്ഞാനം നമ്മിൽ നിറയുമ്പോൾ ദുർചിന്തകൾ അകലുന്നു. തിന്മയ്ക്കുപകരം നമ്മിൽ

നന്മ നിറയുന്നു. ഇവിടെ നാം നമ്മെത്തന്നെ മനസ്സിലാക്കണം. ഒരു നിമിഷം ഓട്ടം നിർത്തി സ്വത്വത്തിലേക്കു തിരിഞ്ഞുനോക്കുക. നമ്മുടെ ആഗ്രഹം, വാഞ്ഛ, മോഹങ്ങൾ എന്ത്? നമ്മുടെ പ്രവൃത്തി എന്ത്? നാം ആരുടെ അടിമ? എന്നു നാം സ്വതന്ത്രർ ആകും? ഈ തിരിഞ്ഞുനോട്ടം തന്നെ വിമുക്തിയുടെ തുടക്കമാണ്. അപ്പോൾ നമ്മിൽ വിവേചനം ഉണ്ടാകുന്നു. ഈ വിവേചനമാണ് മനുഷ്യന്റെ ആഗ്രഹങ്ങളെ, മോഹങ്ങളെ അവനിൽനിന്നും വേർതിരിക്കാൻ സഹായിക്കുന്നത്. മനുഷ്യൻ ജന്മനാ പാപിയല്ല. പാപം മനുഷ്യമനസ്സിന്റെ ഒരു അവസ്ഥയാണ്. മനുഷ്യൻ സ്വയം മോഷ്ടാവല്ല. പക്ഷെ മോഷ്ടിക്കാൻ പ്രവണതയുള്ളവനാണ്. ഈ പ്രവണത ആഗ്രഹത്തിൽനിന്നും ഉളവാകുന്നതാണ്. ഈ ആഗ്രഹത്തെ അവനിൽ നിന്നും ഇല്ലാതെയാക്കുമ്പോൾ മോഷ്ടാവ് ഇല്ലാതെയാകുന്നു. നാം നമ്മെത്തന്നെ മനസ്സിലാക്കാത്തതിന്റെ കുറവാണ് ഈ പ്രവണതയും. ഈ കുറവ് ഒരു കുറ്റമല്ല. ഇതിനെ കുറ്റമായി കാണുമ്പോഴാണ് മതങ്ങൾ വിജയിക്കുന്നത്. കുറ്റബോധത്തിൽ നിന്നും രക്ഷപെടാൻ മതങ്ങൾ വളരെ താണനിലവാരത്തിലുള്ള മാർഗ്ഗങ്ങൾ (വഴിപാട്, കുമ്പസാരം മുതലായവ) മനുഷ്യനു വിൽക്കുന്നു. പാപത്തിന് പരിഹാരം ഇല്ല. നീ ചെയ്ത പാപം അത് ചരിത്രമാണ്, ഭൂതകാല അവസ്ഥയാണ്. മറ്റൊരുവനെ കൊല ചെയ്താൽ അതിന് യാതൊരു പരിഹാരവും ഇല്ല. അതാണ് കൊല ചെയ്യരുത് എന്ന് പറയുന്നത്. നീചകൃത്യം ചെയ്തു കഴിയുമ്പോൾ അത് പാപമായി നിലനിൽക്കുന്നു. പാട്ടുകുർബാനയും കുമ്പസാരവും ഒന്നും ഇതിനെ പരിഹരിക്കില്ല. ഒരുവനോട് തെറ്റുചെയ്തിട്ട് ക്ഷമ പറഞ്ഞാൽ അതു പരിഹാരമല്ല. ക്ഷമ പറയേണ്ടുന്ന പ്രവർത്തി ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുക എന്നത് മാത്രമാണാ കരണീയമായിട്ടുള്ളത്. കാരണം പ്രവർത്തി ചരിത്രമായി, വസ്തുതയായി, സത്യമായി എന്നും നിലനില്ക്കും.

തെറ്റിന് മതങ്ങൾ നല്കുന്ന പരിഹാരമാർഗ്ഗം തേടുന്ന വ്യക്തി കബളിപ്പിക്കപ്പെടുന്നു എന്നതിലുപരി തെറ്റു ചെയ്യുന്ന വ്യക്തിയെ വളരെ തെറ്റായ രീതിയിൽ വിമുക്തനാക്കുന്നു എന്നൊരു കുഴപ്പം കൂടി ഇവിടെ അന്തർഭവിച്ചിട്ടുണ്ട്. കൊലപാതകി എന്നും കൊലപതകിയും മോഷണം ചെയ്തവൻ എന്നും മോഷ്ടാവുമാണ്. അതുകൊണ്ടാണ് പഴയനിയമത്തിലെ പത്ത് കല്പനകളിൽ ഇത്തരം പ്രവൃത്തികൾ ചെയ്യരുത് എന്ന് പറയുന്നത്. കൊലപാതകി കുമ്പസാരം നടത്തി പാപപരിഹാരം നേടിയാൽ തന്റെ പാതകത്തിന്റെ ഉത്തരവാദിത്വത്തിൽനിന്നും താൻ വിമുക്തനാക്കപ്പെട്ടിരിക്കുന്നു എന്നൊരു തോന്നൽ അവനിൽ സൃഷ്ടിക്കപ്പെടുന്നു. അവൻ ചൊരിഞ്ഞരക്തം എന്നും നീതിക്കുവേണ്ടി കരയുന്നു. അതിനാൽ കൊലപതകിയെ അവന്റെ കൊലപാതകപ്രവണതയിൽനിന്നും വിമുക്തനാക്കണം. ഇത് എല്ലാ തെറ്റുകളിലും പാപങ്ങളിലും ബാധകമാണ്. പാപത്തിന് പരിഹാരം ഇല്ല എന്ന കാര്യം എപ്പോഴും ഓർക്കുക. അതിനാൽ പാപം ചെയ്യുവാനുള്ള തോന്നലിൽനിന്നും

മനുഷ്യൻ വിമുക്തി നേടണം. ഇത് വ്യക്തിയിൽ സ്വയം ഉളവാകേണ്ടതാണ്. ഏതു തെറ്റ് ചെയ്താലും അതിന് പരിഹാരം ഉണ്ട് എന്ന തോന്നലാണ് തെറ്റ് ചെയ്യുവാനുള്ള വാസന വളർത്തുന്നത്. എന്നാൽ പാപത്തിന്റെ ശമ്പളം മരണം, പരിഹാരമില്ലാത്ത അവസ്ഥ എന്നു മനസ്സിലാക്കിയാൽ പാപം ചെയ്യുവാനുള്ള പ്രവണത നശിക്കും. അതിനാൽ ഇന്നു മതങ്ങൾ വിൽക്കുന്ന വില കുറഞ്ഞ പാപപരിഹാരം നിർത്തണം. മനുഷ്യനെ കബളിപ്പിക്കുന്നതു നിർത്തണം. അപ്പോൾ മനുഷ്യൻ തിന്മയ്ക്കു പകരം നന്മയെ തെരഞ്ഞെടുക്കും. ഈ വിവേചനം ആണ് മറിയത്തിന്റെ സുവിശേഷം പറയുന്നത്.

നിനക്ക് വേർതിരിവിന്റെ വിവേചനബുദ്ധിയില്ല. മൃഗതുല്യനായ മനുഷ്യൻ ഗുണസമ്പൂർണ്ണനായ ദിവ്യമനുഷ്യൻ ആകാൻ വിവേചനം വേണം. ഇതാണ് ആദ്ധ്യാത്മിക പരിണാമം (spiritual evolution). കുരങ്ങന്റെ കയ്യിൽ ബ്രഷും പെയിന്റും കൊടുത്താൽ ചിത്രം എന്നു തോന്നിക്കുന്ന പല രൂപങ്ങളും കുരങ്ങൻ വരയ്ക്കും. സർക്കസിലെ ആനയും ചിത്രം വരയ്ക്കും. എന്നാൽ പല കുരങ്ങന്മാർ ഒരുമിച്ചുകൂടി വരച്ചാലും പല ആനകൾ ഒരുമിച്ചുകൂടി വരച്ചാലും രൂപ ഭംഗിയുള്ള, അർത്ഥമുള്ള ചിത്രം വരയ്ക്കുവാൻ കഴിയില്ല, അവയ്ക്ക് മൈക്കലാഞ്ചലോയുടെ ശൈലിയും ലഭിക്കില്ല. മനുഷ്യസമൂഹം ഇത്തരം ചിത്രകാരന്മാരായ ആനകളുടെയൊ കുരങ്ങുകളുടെയൊ കൈപ്പിടിയിലല്ല, ആകാനും പാടില്ല. എന്നാൽ നിർഭാഗ്യവശാൽ സമൂഹത്തിലെ പല പ്രവൃത്തികളും കാണുമ്പോൾ ഈ ബുദ്ധിമാന്മാരായ കുരങ്ങന്മാരുടെയും ആനകളുടെയും പ്രവർത്തനഫലത്തേക്കാൾ ഉപരിയല്ല അതെന്ന് തോന്നും. മനുഷ്യസമൂഹം കാടുമല്ല, സർക്കസുമല്ല. പകരം തെറ്റും ശരിയും നന്മയും തിന്മയും വിവേചനത്തോടെ മനസ്സിലാക്കി തെരഞ്ഞെടുത്ത് നന്മയും ശരിയും മാത്രം പ്രവർത്തിക്കുന്ന സമൂഹമായി പരിണമിക്കണം. അപ്പോൾ മാത്രമേ മൃഗതുല്യനായ മനുഷ്യൻ പ്രവർത്തിയിലും ചിന്തയിലും ഉയർന്ന നിലവാരത്തിലേക്ക് പരിണാമം പ്രാപിക്കുകയുള്ളു. ഈ പരിണാമചോദനയെ ലംഘിച്ചാൽ മനുഷ്യസമൂഹം ഇല്ലാതെയാകും. മനുഷ്യനേക്കാൾ കൂടുതൽ വിവേചനബുദ്ധി ഇന്ന് മൃഗങ്ങളിൽ പ്രകടമാണ്. നെല്ല് ഉണങ്ങാൻ വെയിലത്തിടുമ്പോൾ കാക്കയെ അകറ്റാൻ ഒരു കാക്കയെ കെട്ടിയിടുകയോ ചത്തകാക്കയുടെ തൂവൽ വയ്ക്കുകയോ ചെയ്താൽ മറ്റു കാക്കകൾ ബഹളം കൂട്ടും. നെല്ല് കോരാൻ വരികില്ല. അപകടം മനസ്സിലാക്കുന്ന കാക്കകൾ സ്വന്തം നിലനില്പിനെ കരുതി അത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നു. നിസ്സാരം എന്നു തോന്നാമെങ്കിലും ജീവിതത്തിലെ വലിയൊരു പാഠമാണിത്. മനുഷ്യൻ മാത്രം ഇത്തരത്തിലുള്ള അപകടസൂചനകൾ മനസ്സിലാക്കുന്നില്ല. മനുഷ്യൻ മറ്റുള്ളവരെ പീഡിപ്പിക്കാൻ അനേകം നരകങ്ങൾ സൃഷ്ടിക്കുന്നു. ഇന്നല്ലെങ്കിൽ നാളെ അവനും സ്വയം ഉണ്ടാക്കിയ ഈ നരകങ്ങളിലൊന്നിൽ വീണു നശിക്കും. ഈ നരകങ്ങൾ ഉണ്ടാക്കുന്ന ദുരന്തം കണ്ട് പഠിക്കുന്നതിനുപകരം ഈ നരകത്തെ ന്യായീകരിക്കാൻ കൂടുതൽ നരക

ങ്ങൾ സൃഷ്ടിക്കുന്നു. ഈ പ്രവണത വ്യക്തിയിലും സമൂഹത്തിലും രാഷ്ട്രത്തിലും ലോകത്തിൽ എല്ലായിടത്തും നിലനില്ക്കുന്നു. ഇതിനെല്ലാം കാരണം സ്വാർത്ഥമായ അറിവ് (എല്ലാം അറിയാം എന്ന ഭാവത്തിലുള്ള അറിവ്) ആണ്. അതാണ് അജ്ഞതയിൽ നിന്നുള്ള സ്വാതന്ത്ര്യം (freedom from ignorance) ആവശ്യമാണെന്ന് പറയുന്നത്.

മറ്റുള്ളവരെയും മറ്റുചിന്താഗതികളേയും മറ്റുജാതിവർണ്ണങ്ങളെയും എല്ലാം മനസ്സിലാക്കാനുള്ള അവസരം ധാരാളം ഇന്ന് നിലവിലുണ്ട്. അതിനാൽ അജ്ഞത ഭാവിക്കുന്നത് വെറും രക്ഷപെടൽ മാത്രമാണ്. നിയമം അറിയാത്തതുകൊണ്ട് നിയമം ലംഘിച്ചു എന്നു പറഞ്ഞ് രക്ഷപെടാൻ സാധിക്കില്ല. അതുകൊണ്ട് സമൂഹജീവിയായ മനുഷ്യൻ അവന്റെ അറിവ് വർദ്ധിപ്പിക്കണം. മൃഗങ്ങൾ പ്രവർത്തിക്കുന്നത് അവയുടെ നൈസർഗ്ഗികപ്രേരണയാൽ ആണ്. എന്നാൽ മനുഷ്യൻ അപ്രകാരം പ്രവർത്തിച്ചാൽ അവൻ മൃഗത്തിൽനിന്നും വ്യത്യസ്ഥൻ അല്ലാതാകും. അതുകൊണ്ടാണ് നമ്മെ ഭരിക്കുന്ന മൃഗീയമായ അജ്ഞതയിൽനിന്നും വേർതിരിവിന്റെ നന്മപ്രവൃത്തിയിലേക്ക് നാം ഉയരണം എന്നു പറയുന്നത്. തിന്മ അജ്ഞതയിൽനിന്നും ഉണ്ടാകുന്നു.

ആത്മാവ് മറുപടി പറഞ്ഞു. ഞാൻ നിന്നെ വിധിച്ചില്ലല്ലോ. പിന്നെ നീ എന്തിന് എന്നെ വിധിക്കുന്നു? ഞാൻ നിന്നെ ഭരിക്കുന്നില്ലല്ലോ! പിന്നെ നീ എന്തിന് എന്നെ ഭരിക്കുന്നു? നീ എന്നെ മനസ്സിലാക്കിയില്ല പക്ഷേ ഞാൻ മനസ്സിലാക്കി. ഭൂമിയിലും സ്വർഗ്ഗത്തിലും എല്ലാ കൂട്ടിച്ചേർക്കപ്പെട്ടവയും വേർതിരിക്കപ്പെടും.

മനുഷ്യസംസ്കാരത്തിന്റെ തുടക്കം മുതൽ കാണുന്ന പ്രവണതയാണ് മറ്റുള്ളവരെ പഴിചാരുക സ്വന്തം കുറ്റം ഏൽക്കാൻ വിമുഖത കാണിക്കുക എന്നത്. തെറ്റായ ഏത് കൃത്യവും മറ്റാരുടെയെങ്കിലും പ്രേരണയാൽ ചെയ്തതായി ചിത്രീകരിക്കുന്നതിനുള്ള പ്രവണതയാണ് പൊതുവെയുള്ളത്. ഉൽപ്പത്തിയിലെ ആദമും ചെയ്തത് അതുതന്നെ. സ്വയം വിശകലനം ചെയ്ത് തെറ്റുതിരുത്തി നല്ല മാർഗ്ഗത്തിലേക്ക് തിരിയുന്നതിനു പകരം ചെയ്ത തെറ്റിനെ ന്യായീകരിച്ച്, വട്ടംകറങ്ങുന്ന അവസ്ഥ. ആധുനികമനുഷ്യൻ അനേകം പോംവഴികളും കണ്ടെത്തിയിരിക്കുന്നു. മദ്യം, മയക്കുമരുന്ന് ഇവയുടെ ഒക്കെ പ്രേരണയിൽ ചെയ്ത കുറ്റം കുറ്റമല്ല എന്നാണ് വാദം. എന്നാൽ പ്രാഥമികമായി കുറ്റവാസന ഉള്ളവൻ മാത്രമെ മദ്യത്തിന്റെയൊ മയക്കുമരുന്നിന്റെയൊ പ്രവർത്തനം നിമിത്തം കുറ്റം ചെയ്യുകയുള്ളു. നന്മ പ്രവൃത്തിക്കുവാൻ പ്രവണത ഉള്ള മനുഷ്യൻ നന്മതന്നെ പ്രവർത്തിക്കും. മദ്യത്തിന്റെ ലഹരിയിൽ കുറ്റം ചെയ്യുമ്പോൾ രണ്ട് വിധത്തിലുള്ള കുറ്റങ്ങൾ ഉണ്ടാകുന്നു: മദ്യത്തിന് അടിമയായി എന്ന കുറ്റവും പ്രവർത്തിച്ചകുറ്റവും. മാത്രമല്ല കുറ്റം അംഗീകരിക്കുവാനുള്ള വിമുഖത ഭീരുത്വം ആണുതാനും. സ്വന്തം പ്രവൃത്തികളെ അംഗീകരിക്കാനുള്ള ഭീരുത്വം. തിന്മ ഉളവാകുന്നത് അജ്ഞതയിൽ

നിന്നും ആയതിനാൽ പരിഹാരം ഒന്നേ ഉള്ളൂ. തിന്മയെ തിരിച്ചറിയുക. പകരം ചെയ്തതിന്മയെ ന്യായീകരിക്കാൻ ശ്രമിക്കുമ്പോൾ തിന്മയുടെ ദുഷിതവലയത്തിൽ നാം അകപ്പെടുന്നു. അതാണ് മോചനമില്ലാത്ത നിത്യനരകം. ഈ നരകത്തിൽനിന്നും രക്ഷപെടുവാൻ നാം നമ്മെ തന്നെ അറിയണം. നാം പൂർണ്ണരല്ല, എല്ലാം അറിയാവുന്നവരല്ല എന്നു മനസ്സിലാക്കണം. പരിമിതമായ അറിവിൽ നാം കുറ്റത്തെ അംഗീകരിച്ച് വീണ്ടും ആവർത്തിക്കാതിരിക്കാൻ ശ്രമിക്കുമ്പോൾ നാം നന്മയുടെ പാതയിൽ ചരിക്കുന്നു.

ജ്ഞാനം എന്നാൽ വളരെക്കൂടുതൽ അറിയുന്ന അവസ്ഥ എന്ന തോന്നൽ പൊതുവെ എല്ലാവർക്കുമുണ്ട്. എന്നാൽ ജ്ഞാനം എന്നാൽ എത്രമാത്രം അറിയില്ല എന്നുള്ള അറിവാണ്. അതിലുപരിയായി അറിയാവുന്ന അറിവിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കുന്ന അവസ്ഥ കൂടിയാണ് ജ്ഞാനം. ഈ രണ്ട് അവസ്ഥകളും വളരെ സങ്കീർണ്ണമാണ്. എത്രമാത്രം അറിയത്തില്ല എന്നുള്ള ബോധം ഉണ്ടാകണമെങ്കിൽ അറിയാത്ത അറിവിനെക്കുറിച്ച് ഒരു ഏകദേശധാരണ ഉണ്ടായിരിക്കണം. ഇത് അത്ര പ്രായോഗികമല്ലാത്തതിനാൽ എന്റെ അറിവ് വളരെ പരിമിതമാണ് എന്ന എളിമ ഉണ്ടാകുന്നതാണ് എളുപ്പവഴി. അറിവ് വർദ്ധിക്കുംതോറും നമ്മുടെ അറിവ് എത്ര പരിമിതമാണ് എന്നും വളരെ വ്യക്തമായി നാം മനസ്സിലാക്കുന്നു. അതിനാൽ ഈ അറിയാവുന്ന പരിമിതമായ അറിവിൽനിന്നും മോചനം പ്രാപിക്കുമ്പോൾ നാം നമ്മെത്തന്നെ കൂടുതൽ അറിവിന് വിധേയരാക്കുന്നു. എന്റെ അറിവ് പൂർണ്ണം ഇനി എനിക്ക് ഒന്നും അറിയണ്ട എന്ന ഭാവം നമ്മെ ഭരിക്കുമ്പോൾ നാം സർവ്വജ്ഞാനിക്കു പകരം മൂഢജ്ഞാനിയായി മാറുന്നു. അതിനാൽ അറിയാവുന്ന അറിവിൽ നാം ബന്ധിതർ ആകാതെ കൂടുതൽ അറിവുതേടണം. അപ്പോൾ നമുക്ക് മറ്റുള്ളവരെ മനസ്സിലാക്കാൻ സാധിക്കും. മറ്റുള്ള ചിന്താഗതികളെയും ജീവിതരീതികളെയും ജാതികളെയും മതങ്ങളെയും എല്ലാം പൂർണ്ണമായി മനസ്സിലാക്കാൻ സാധിക്കും. ഒരു ജീവി മറ്റൊരു ജീവിയിൽനിന്നും ഒരു വ്യക്തി മറ്റൊരു വ്യക്തിയിൽനിന്നും വ്യത്യസ്തമാണെന്ന് മനസ്സിലാകുമ്പോൾ അവയെ അവയുടെ മൂലാവസ്ഥയിൽ തന്നെ അംഗീകരിക്കാനും ബഹുമാനിക്കാനും നമുക്ക് കഴിയും. ഈ സഹിഷ്ണുത നമ്മിൽ വളർന്ന് വലുതാകുമ്പോൾ അത് ലോകസ്നേഹമായി മാറുന്നു. ഈ മൂലമായ വ്യത്യാസം മനസ്സിലാക്കുമ്പോൾ നാം മറ്റുള്ളവരെ നമ്മെപ്പോലെ ആക്കുവാൻ ശ്രമിക്കുകയില്ല. ഹരിജനത്തെ ക്രിസ്ത്യാനിയാക്കിയല്ല ഉദ്ധരിക്കേണ്ടത്, അവരെ അവരായിരിക്കുന്ന അവസ്ഥയിൽ തന്നെയാണ് ഉദ്ധരിക്കേണ്ടത് എന്നു മനസ്സിലാകും. നമ്മിൽ മതസഹിഷ്ണുത ഉണ്ടാകും. ഈ സഹിഷ്ണുത സമൂഹത്തിന്റെ എല്ലാ തട്ടിലും ആവശ്യമാണ്. പ്രാകൃതവും ഇടുങ്ങിയതും ആയ ചിന്താഗതിയാണ് എന്റെ മതം, എന്റെ സമുദായം എന്നിങ്ങനെയുള്ളത്. സഹിഷ്ണുതയോടും, വിശാലമനസ്ഥിതിയോടും ചിന്തിക്കുന്നവർക്ക് പുരുഷമേധാവിത്തവും ഈ മേധാവിത്തം ഉണ്ടാക്കിയ സമൂഹ്യനിയ

മങ്ങളും തെറ്റാണ്, അജ്ഞതയാണ് എന്നു മനസ്സിലാകും. മറ്റുള്ളവരെ തുല്യ രായി കാണുന്ന അവസ്ഥയ്ക്കുപരി മറ്റുള്ളവർ നമ്മെക്കാൾ വ്യത്യസ്ഥരാ ണ് എന്ന് തിരിച്ചറിയുകയാണ് വേണ്ടത്. പക്ഷെ ഈ വ്യവസ്ഥ അംഗീകരി ക്കാനുള്ള അറിവ് നമ്മിൽ ഉണ്ടാകണം. ഈ ചിന്താഗതി മനുഷ്യസമൂഹ ത്തിന്റെ മാത്രമല്ല വ്യക്തിയുടെ ഭാവി പുരോഗതിക്കും അത്യാവശ്യമാണ്. മുസ്ളിംഭരണം നിലനില്ക്കുന്ന പ്രദേശങ്ങളിൽ ജനാധിപത്യവും യൂറോപ്യൻ ജീവിതരീതികളും അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നത് പരാജയപ്പെടുന്നതിന്റെ കാരണവും ഇതാണ്. ഈ തന്ത്രം മനുഷ്യസമൂഹം പ്രാകൃതാവസ്ഥയിൽ ആയിരുന്ന കാലഘട്ടത്തിൽ ഫലവത്തായി എന്നുള്ളതുകൊണ്ട് ഇന്ന് പ്രായോഗികമാകണമെന്നില്ല. മുസ്ലീം സാമ്രാജ്യമോഹികളും ബ്രിട്ടീഷും പോർച്ചുഗീസും ഒക്കെ മറ്റു ഭൂപ്രദേശങ്ങളെ ആക്രമിച്ച് അവിടുത്തെ ജന ങ്ങളെ മതപരിവർത്തനം നടത്തി. അത് അക്രമത്തിന്റെയും ദുഷിച്ചഅധി കാരത്തിന്റെയും അടിമത്തത്തിന്റെയും കാലഘട്ടം ആയിരുന്നു. എന്നാൽ മനുഷ്യനും മനുഷ്യസമുദായവും ഈ പ്രാകൃതചിന്താഗതിയിൽനിന്നും വളരെ വളർന്നുകഴിഞ്ഞു. അതിനാൽ ഈ തന്ത്രം ഇനി പ്രായോഗികമോ ഫലപ്രദമോ അല്ല. അതുപോലെതന്നെ ശത്രുക്കളെ സ്നേഹിക്കുക, അവ രോടു ക്ഷമിക്കുക എന്നു പറയാം എങ്കിലും പ്രായോഗികമായി എളുപ്പമല്ല എന്നു തോന്നുന്നു. ശത്രുത അനുഭവിച്ചവനോ, പിഢനം ഏറ്റവനോ മാത്രമെ പിഢനത്തിന്റെ വേദനകളും മുറിവിന്റെ ആഘാതവും മനസ്സിലാക്കാൻ സാധി ക്കുകയുള്ളൂ. കാലക്രമേണ തലമുറകൾക്കുശേഷം ഇതൊക്കെ മറക്കും എങ്കിലും നാസികളുടെ ക്രൂരവിനോദത്തിന് ഇരയായ ഒരു യൂദനോട് ശത്രു വിന് സ്നേഹിക്കുവാൻ ആവശ്യപ്പെടുന്നത് അക്ഷരാർത്ഥത്തിൽ കടുംകൈ യ്യാണ്. ശത്രുവിനോട് ക്ഷമിക്കുവാനോ ശത്രുവിന്റെ പീഢനം മറക്കുവാനോ മാനുഷികമായി അസാദ്ധ്യമാണ്. എന്ത് നീചകൃത്യം ചെയ്താലും മറ്റുള്ള വർ ക്ഷമിക്കും, മറക്കും എന്ന് തോന്നുന്നതും പൈശാചികമാണ്. എന്നാൽ ശത്രുവിനോട് ക്ഷമിക്കാനും മറക്കാനും നടത്തുന്ന ശ്രമം ഉപകാരപ്രദമാണ്. കാരണം ശത്രു നമ്മോടുകാണിച്ച നീചത്വം ഓർത്ത് പ്രതികാരം വീട്ടണ മോ അതോ ക്ഷമിക്കണമോ എന്ന ചിന്താകുഴപ്പം നമ്മെ അലട്ടുമ്പോൾ നമ്മുടെ മനസ്സിൽ സൃഷ്ട്യാത്മകമല്ലാത്ത വിഷം നിറയുന്നു അപ്പോൾ മന സിൽ നന്മ നിറയേണ്ടുന്ന അറകളിലും നമ്മുടെ പുരോഗതിക്കുവേണ്ട ഇന്ധനം നിറക്കേണ്ടുന്ന അറകളിലും പകയും വിദ്വേഷവും നിറയുന്നു. നമ്മുടെ ശ്രദ്ധയും ബുദ്ധിയും നമ്മുടെ ജീവിതപുരോഗതിക്ക് ഉപയോഗിക്കേ ണ്ടുന്നതിനു പകരം ശത്രുവിൽ നാം ശ്രദ്ധ പതിപ്പിക്കുന്നു അതുകൊണ്ടു ശത്രുവിനോടു ക്ഷമിക്കുക. അവൻ കാണിച്ച ഹീനത ഓർത്ത് ദുഃഖിച്ചിരി ക്കാതെ എഴുന്നേറ്റു മുന്നോട്ടു നടക്കുക. നാം ശത്രുത ഓർത്തിരിക്കു മ്പോഴാണ് ശത്രു നമ്മിൽ ജയം പ്രാപിക്കുന്നത്. ശത്രു ഏല്പിച്ച ആഘാതം ഓർത്ത് നാം മനസ്സ് പുണ്ണാക്കി പകയിൽ വെന്ത് ജീവിച്ചുമരിക്കണം.

അതാണ് ശത്രുവിന്റെ ഉദ്ദേശവും. അതിനാൽ ശത്രു നമ്മോടുകാട്ടിയ ക്രൂരത നമ്മുടെ ജീവിതത്തിൽ നിന്ന് മാറ്റിവച്ചിട്ട് ജീവിതവുമായി മുന്നോട്ടുപോകുക. ഇതാണ് ഹോളോകോസ്റ്റിന് വിധേയരായ പല യെഹൂദരുടെയും ജീവിതവിജയത്തിന്റെ രഹസ്യം.

അസൂയ, പക, ദ്രവ്യാഗ്രഹം, മോഹം ഇവകൾ നമ്മെ കാർന്നു തിന്നുവാൻ ശക്തിയുള്ളവയാണ്. അതിനാൽ നാം ഇവയെ അതിജീവിച്ച് മുന്നോട്ടു പോകുക തന്നെ വേണം. നാം ജീവിക്കുന്ന സാഹചര്യം, കുടുംബം, സമുദായം വ്യക്തിബന്ധങ്ങൾ ഇവയെല്ലാം പലരീതിയിൽ നമ്മെ സ്വാധീനിക്കുന്നു. സമൂഹജീവിയായ മനുഷ്യന് ഇവയിൽനിന്നും പൂർണ്ണമായി വിടുതൽ പ്രാപിക്കാനും സാധിക്കുകയില്ല. സ്വതന്ത്രരാണെങ്കിലും കാലും കൈയ്യും ബന്ധിക്കപ്പെട്ടിരിക്കുന്ന അവസ്ഥയിൽ നാം ജീവിക്കുന്നു. എങ്കിലും ഏതെല്ലാം മണ്ഡലങ്ങളിൽനിന്നും മോചനം നേടാമോ അത്രയും മോചനം നേടണം. കാരണം നാം കൂടുതൽ മനസ്സിലാക്കുന്തോറും ജീവിതത്തിന്റെ ശൂന്യതയുടെ അവസ്ഥ ('മായ') മനസ്സിലാകും. നാം ജീവിക്കുമ്പോൾ ചുരുട്ടി മുറുകെ പിടിച്ചിരിക്കുന്ന കൈകളിൽ ജീവിതതത്രപ്പാടിൽ എന്തെല്ലാം വാരിക്കൂട്ടുന്നു. പക്ഷെ മരിക്കുമ്പോൾ നാം എന്ത് കൂടെ കൊണ്ടു പോകുന്നു? ജീവിതം എത്രയോ ക്ഷണികം! ഈ ജീവിതത്തിൽ കൂടുതൽ ഒന്നും വാരിക്കൂട്ടിയിട്ട് കാര്യമില്ല. ധനികനും ദരിദ്രനും മരണശേഷം അവന്റെ മൂലാവസ്ഥയായിരുന്ന മണ്ണിലേക്ക് തിരികെ ചേരുന്നു. ഈ മരണത്തെ മുന്നിൽകണ്ടു നാം ജീവിച്ചാൽ നമ്മിൽനിന്നും അഹന്തയും ദുരാഗ്രഹവും സ്വർത്ഥതയും ക്രൂരതയും ഒക്കെ ഓടി ഒളിക്കും. മറ്റു മൃഗങ്ങളെക്കാൾ ക്രൂരത പ്രവർത്തിക്കാൻ കഴിവുള്ള മൃഗമാണ് മനുഷ്യൻ. മറ്റുള്ളവരുടെ വേദന കണ്ടു തൃപ്തി അടയുന്ന അവസ്ഥ (saddism) മൃഗങ്ങളിൽ ഉണ്ടെന്നു തോന്നുന്നില്ല. മാംസഭുക്കായ മൃഗങ്ങളെ ക്രൂരമൃഗങ്ങൾ എന്നു നാം മനുഷ്യർ വിളിക്കുന്നുണ്ടെങ്കിലും വെറുതെ വിനോദത്തിനായി അവ വേട്ടയാടുന്നില്ല. എന്നാൽ മനുഷ്യൻ അങ്ങനെ അല്ല. അവന്റെ ഉള്ളിൽ വളരെ ക്രൂരമായ, ഹീനമായ പൈശാചികത്വം ഒളിച്ചിരിക്കുന്നു. വളരെ പരിഷ്കൃതൻ എന്നു തോന്നിക്കുന്ന മനുഷ്യൻ തക്ക അവസരം കിട്ടിയാൽ സാധാരണ ചിന്തകൾക്ക് അതീതമായ ക്രൂരത കാട്ടുന്നു. ഇവർ മനുഷ്യരൂപത്തിലുള്ള പിശാചുക്കൾ മാത്രമാണ്. എന്നാൽ ഈ ക്രൂരകൃത്യങ്ങൾ കാട്ടുന്നവർ ജീവിതത്തിന്റെ ക്ഷണികത മനസ്സിലാക്കിയാൽ സഹജിവികളെ ഉപദ്രവിക്കുന്ന പ്രവണതകൾക്ക് കടിഞ്ഞാണിടാൻ സാധിക്കും. മാത്രമല്ല, മായയെ മനസ്സിലാക്കിയാൽ മനുഷ്യന് അവനെ ഭരിക്കുന്ന ദുർമോഹങ്ങളിൽ നിന്ന് മോചനം പ്രാപിക്കാനും സാധിക്കും. ഈ മോചനത്തിന്റെ മാർഗ്ഗമാണ് മതങ്ങൾ മനുഷ്യനു നൽകേണ്ടത്. എന്നാൽ ചിലപ്പോൾ മതത്തിന്റെ നേതാക്കൾ തന്നെയാണ് മറ്റുമനുഷ്യരെ പീഡിപ്പിക്കാനും കുരുതികഴിക്കാനും ആഹ്വാനം ചെയ്യുന്നതും സ്വയം ചിന്തകൾക്ക് അതീതമായി ക്രൂരത കാട്ടുന്നതും. എന്നാൽ

മരണത്തെ മുന്നിൽ കണ്ട്, ക്ഷണികജീവിതത്തെ മനസ്സിലാക്കി ജീവിതത്തിന്റെ ശൂന്യത അറിഞ്ഞാൽ ജീവിതം സൽഗുണങ്ങളിലേക്ക് തിരിയുന്നു. ഇതാണ് മോചനത്തിന്റെ യാത്ര; സ്വർഗയാത്ര.

# സുവിശേഷം - പതിനാറാംപുറം

മനുഷ്യജീവിതം മായ എന്ന അറിവിന്റെ മൂന്നാംമണ്ഡലത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ച് ആത്മാവ് അതിന്റെ മുന്നോട്ടുള്ള യാത്ര തുടർന്നു. അപ്പോൾ അത് നാലാംമണ്ഡലത്തിൽ സ്വയം എത്തിച്ചേർന്നതായി കണ്ടു. ഈ നാലാംമണ്ഡലത്തിന് ഏഴ് മൂർത്തീകരണങ്ങൾ ഉണ്ട്:

1. അജ്ഞതയുടെ അന്ധകാരം,
2. അഭിവാഞ്ച അല്ലെങ്കിൽ പ്രതിപത്തി,
3. അജ്ഞത,
4. ക്രൂരമായ അല്ലെങ്കിൽ മരണകരമായ അസൂയ,
5. ശരീരത്തിന്റെ അടിമത്തം,
6. എല്ലാം അറിയാം എന്ന തോന്നൽ (സർവ്വജ്ഞാനി എന്ന തോന്നൽ),
7. സൂത്രശാലിത്വം (കബളിപ്പിക്കാനുള്ള കഴിവ്).

ഇവയാണ് അക്രമത്തിലേക്ക് നയിക്കുന്ന ഏഴ് അമിതമായ ആഗ്രഹങ്ങൾ. ആത്മാവിനെ ഞെരുക്കി ചോദ്യങ്ങൾ കൊണ്ടു വീർപ്പുമുട്ടിച്ച കൊലപാതകി നീ എവിടെ നിന്നുവന്നു? നാടോടി, നീ എങ്ങോട്ടുപോകുന്നു?

മനുഷ്യമനസ്സ് പൂർണ്ണതയെ തേടി പരിണമിക്കുന്നു. ഈ പരിണാമത്തെ തേടുന്ന മനസ്സിന് അറിവിന്റെ അജ്ഞതയും ജീവിതനാടകത്തിന്റെ മായാസ്വഭാവവും മനസ്സിലാകുന്നു. ഈ അവസ്ഥയിൽ നിന്ന് മുന്നോട്ട് പുരോഗമിക്കുന്ന മനുഷ്യമനസ്സ് എത്തിച്ചേരുന്നത് വളരെ സുഖപ്രദമായ ഒരു മണ്ഡലത്തിൽ അല്ല, അരിശവും ആസൂയയും പീഢിപ്പിക്കുന്ന മണ്ഡലത്തിലേക്കാണ്. ആത്മാവും മനസ്സും മനുഷ്യബുദ്ധിയുടെ, ചിന്തയുടെ ഒരു വകഭേദം മാത്രമാണ്. അല്ലാതെ മാംസശരീരത്തിനുപരിയായി, മനുഷ്യശക്തികൾക്ക് അതീതമായി നിലനില്ക്കുന്ന ഒരു മൂന്നാംജീവി അല്ല ആത്മാവ്. വളരെ സങ്കീർണ്ണമായി ചിന്തിക്കുവാനും ഭാവനയെ മെനഞ്ഞെടുക്കുവാനും കഴിവുള്ള മനുഷബുദ്ധിയുടെ ഒരു സാങ്കൽപികസൃഷ്ടി മാത്രമാണ് അത്. ഭാവനയുടെ മൂർത്തികരണം മനുഷ്യന്റെ മസ്തിഷ്ക്കത്തിന് വെളിയിൽ സംഭവിക്കുമ്പോ

ഴാണ് ചിത്രങ്ങൾ, കവിതകൾ തുടങ്ങിയ കലാസൃഷ്ടികൾ ഉണ്ടാകുന്നത്. എന്നാൽ ഇതുപോലെ സൃഷ്ടിക്കുശേഷം സ്വതന്ത്രമായി നിലനില്ക്കുന്ന ഒരു അവസ്ഥയോ, ജീവിയോ അല്ല ആത്മാവ്. മറിച്ച് മൂർത്തികരണം പ്രാപിക്കാൻ കഴിവില്ലാത്ത, ഭാവനയുടെ ഒരു സാരാംശം മാത്രമാണ്. മനുഷ്യന്റെ തലച്ചോറിന്റെയും രക്തമാംസങ്ങളുടെയും സംയുക്തമായ പ്രവർത്തനത്തിന്റെ ഫലമാണ് ആത്മാവ്. ഇതാണ് മനുഷ്യന്റെ വികാരവിചാരങ്ങളായും ഭാവങ്ങളായും പ്രതിപത്തിയായും പെരുമാറ്റരീതിയായും വിശ്വാസമായും ഒക്കെ നാം ദർശിക്കുന്നത്. മനുഷ്യന്റെ സ്വഭാവരീതി പ്രകൃതിശക്തികളിൽ അന്തർലീനമായിരിക്കുന്ന ഊർജ്ജത്തിന്റെ മറ്റൊരു അവസ്ഥയല്ലാതെ സ്വർഗത്തിൽ നിന്നും ഇറങ്ങിവന്നതല്ല. മനുഷ്യൻ മരിക്കുമ്പോൾ സ്വർഗത്തിലോ നരകത്തിലോ പോകുന്ന ഒരു പ്രത്യേകം ജീവി അല്ലതാനും ആത്മാവ്. മനുഷ്യന്റെ ബുദ്ധിശക്തിയുടെ, ഭാവനയുടെ മൂർത്തികരണത്തിന്റെ ഊർജ്ജം (energy) ആണ് ആത്മാവ്, എളുപ്പവഴിയിൽ മനസ്സ് എന്നും പറയുന്നു. ഈ അറിവിന്റെ കുറവ് കൊണ്ടാണ് മതങ്ങൾ മനുഷ്യമനസ്സിനെ പന്താടുന്നത്..

മനുഷ്യന്റെ ബുദ്ധിയുടെ ഊർജ്ജം എല്ലാ വ്യക്തികളിലും വളരെ വ്യത്യസ്തമാണ്. ഈ വ്യത്യാസം മനസ്സിലാക്കാതെ ഊർജ്ജശക്തിയുള്ളവനെ അനുകരിക്കാൻ ശ്രമിച്ച് ഉദ്ദേശം സഫലികൃതമാകാതെ വരുമ്പോൾ കോപം, അസൂയ എന്നിവ വ്യക്തിയിൽ ജനിക്കുന്നു. അപ്പോഴാണ് എന്തു വില കൊടുത്തും ആഗ്രഹനിവൃത്തി ഉണ്ടാക്കണം, പരാജയത്തെ ജയിക്കണം എന്ന തോന്നൽ ഉണ്ടാകുന്നത്. ഈ തോന്നലിനു വിധേയനാകുന്ന വ്യക്തി സമൂഹത്തിലെ അവന്റെ സ്ഥാനം അനുസരിച്ച് മറ്റുള്ളവരുടെ ജീവിതത്തെ നരകമാക്കുന്നു. ഇവൻ ഒരു രാഷ്ട്രീയനേതാവാണെങ്കിൽ കാലുവാരലും കക്ഷിമാറ്റവും അക്രമരാഷ്ട്രീയവും ഒക്കെ പ്രചരിപ്പിക്കുന്നു. ഇവൻ രാഷ്ട്രത്തിന്റെ നേതാവാണെങ്കിൽ മറ്റുരാജ്യങ്ങളെ അക്രമിക്കുന്നു. പരാജയബോധത്തിൽ നിന്നും ഉളവാകുന്ന അപകർഷത വ്യക്തിജീവിതത്തെയും കുടുംബബന്ധങ്ങളെയും അപകടകരമായി ബാധിക്കുന്നു. ഈ പ്രവണത മനസ്സിലാക്കാൻ കൊച്ചുകുട്ടികളെ നിരീക്ഷിച്ചാൽ മതിയാകും. കുട്ടികൾ തങ്ങളുടെ ശക്തിയുടെ പരിമിതി അറിയാതെ മുതിർന്നവരെ അനുകരിക്കുന്നു. മുതിർന്ന ഒരു വ്യക്തി 10 കിലോ ഭാരം ലഘുവായി ഉയർത്തുന്നത് കണ്ട് കുട്ടിയും 10 കിലോ ഉയർത്തുവാൻ ശ്രമിക്കുന്നു; പരാജയപ്പെടുമ്പോൾ നിരാശയും കോപവും കുട്ടിയിൽ ഉണ്ടാകുന്നു.. ഈ സത്യം മുതിർന്നവർ മനസ്സിലാക്കിയാൽ മറ്റുള്ളവരെ അനുകരിക്കുന്ന പ്രവണത അവരിൽ ഇല്ലാതാകും. ഓരോ വ്യക്തിയും വ്യത്യസ്തമായ കഴിവിലും ഊർജ്ജത്തിലും സൃഷ്ടിക്കപ്പെട്ടവൻ എന്നറിഞ്ഞ് നാം ആരായിരിക്കുന്നുവോ അതിനെ മനസ്സിലാക്കി അതിനെ പൂർണതയിലേക്ക് നയിക്കുന്ന ജീവിതം തെരഞ്ഞെടുക്കുമ്പോൾ നമ്മളിലെ 'കുട്ടിത്തം' വിവേകത്തിന് വഴിമാറുന്നു. കൂന് അറിഞ്ഞേ ഞെളി

യാവു എന്നു പാഠം. പരാജയഭീതിയിൽ നിന്നുളവാകുന്ന കോലാഹലമാണ് നാം ഇന്നു കാണുന്ന സാമൂഹ്യഅനീതികളുടെ മറ്റൊരു കാരണം. 'ഞാൻ' എന്ന ഭാവത്തെ ഉയർത്തിക്കാട്ടുവാൻ മനുഷ്യൻ എന്തെല്ലാം വേഷങ്ങൾ, ഭാവങ്ങൾ അണിയുന്നു. ഈ അഭിനയങ്ങളുടെ ബഹിർസ്ഫുരണമാണ് യുദ്ധങ്ങളും കലഹങ്ങളും. ഓരോ വ്യക്തിയും അവന്റെ ശക്തി മനസ്സിലാക്കി അതിനനുസരിച്ച് പ്രവർത്തിച്ചാൽ സ്വച്ഛമായി ജീവിക്കാൻ കഴിയും.

പകരം കഴിവിനപ്പുറം ആഗ്രഹിക്കുകയും അത് ലഭിക്കാതെ വരുമ്പോൾ നിരാശയും വൈരാഗ്യവും കോപവും ഉണ്ടാകുകയും ചെയ്യുമ്പോൾ നാം അറിയാത്ത ഭാവങ്ങളുടെ വേഷങ്ങൾ നമ്മിൽ ഉളവാകുന്നു. നാം അറിയാത്ത മേളത്തിൽ ചെണ്ട കൊട്ടുന്നു, കാഹളം ഊതുന്നു. അവ നമുക്ക് നിയന്ത്രിക്കാൻ ആവാത്ത സ്വരമായി മാറുന്നു. ജീവിതം താളവും രാഗവും നിറഞ്ഞ ഒരു ശ്രുതിമധുരഗാനമായി തീരേണ്ടതിനുപകരം ജീവിതം ഒരു വിഡ്ഢി പറഞ്ഞ പൊരുളില്ലാത്ത കഥയായി മാറുന്നു, കുറെ ശബ്ദവും അർത്ഥശൂന്യങ്ങളായ വികാരങ്ങളും മാത്രമായി മാറുന്നു (A tale told by an idoit full of sound and fury signifying nothing). നിന്റെ ജീവിതം ഒരു ദുരന്തമായി മാറണമോ അതോ സ്വയം ആശ്വസിക്കയും രസിക്കയും മറ്റുള്ളവരെ രസിപ്പിക്കയും ചെയ്യുന്ന നല്ല ഒരു കഥയായി മാറണമോ? ഇതിന്റെ ഉത്തരവാദിത്വം നമ്മുടേതുതന്നെ. ഇത്തരം ആനന്ദകരമായ ജീവിതത്തിന് വഴിയൊരുക്കുന്നത് പരമഹംസജീവിതമോ, യോഗി ജീവിതമോ, സർവ്വജ്ഞാനജീവിതമോ അല്ല സൽഗുണസമ്പൂർണ്ണജീവിതമാണ്. ഇത്തരം സൽഗുണസമ്പൂർണ്ണജീവിതം വളരെ ലളിതരൂപത്തിൽ ജീവിക്കുന്ന വ്യക്തി അവന്റെ കർമ്മയോഗത്തിലൂടെ നന്മ പ്രവർത്തിക്കുന്നു. അവൻ സ്വയം ആനന്ദം അനുഭവിക്കുന്നതുപോലെ മറ്റുള്ളവരെയും ആനന്ദിപ്പിക്കുന്നു. ഇതുതന്നെയാണ് സുവിശേഷസാക്ഷാ ത്ക്കാരജീവിതം. ഈ ജീവിതം നയിക്കുന്നവർ തത്വജ്ഞാനികളോ പണ്ഡിതരോ ആയിരിക്കണമെന്നില്ല. അഹങ്കാരവും സ്വാർത്ഥതയും ഇല്ലാത്ത നിഷ്ക്കളങ്കമനസ്സിന്റെ മകുടമാണ് ഇത്തരം ജീവിതം. ഇവിടെ ജ്ഞാനത്തിനല്ല ജീവിതരീതികൾക്കാണ് പ്രാധാന്യം. നിങ്ങൾക്ക് എന്ത് അറിയാം, എത്ര ബിരുദങ്ങൾ ഉണ്ട് എന്നതല്ല മറിച്ച് മനുഷ്യനന്മയെ ലാക്കാക്കി പ്രവർത്തിക്കുന്ന സൽഗുണപ്രവൃത്തികളാണ് നിങ്ങളെ നീതിമാൻ, ദിവ്യമനുഷ്യൻ (anthrop) ആക്കി മാറ്റുന്നത്.

ഇവിടെയാണ് വിദ്യ അഭ്യസിച്ച മനുഷ്യനും സാധാരണജീവിതം നയിക്കുന്ന മനുഷ്യനും തമ്മിലുള്ള വ്യത്യാസം. വിദ്യ അഭ്യസിച്ച മനുഷ്യന്റെ അറിവ് കൂടുംതോറും മനസ്സും സങ്കീർണ്ണമാകുന്നു. ശരിയും തെറ്റും തമ്മിൽ വേർതിരിക്കാൻ അനേകം അപഗ്രഥനങ്ങൾ ആവശ്യമായി വരുന്നു. എന്നാൽ സങ്കീർണ്ണമനസ്സില്ലാത്ത, നാഗരികരല്ലാത്ത നാട്ടിൻപുറത്തെ സാധാരണമനുഷ്യർക്ക് ശരിയുടെയും തെറ്റിന്റെ നിർവചനം വളരെ ലഘുവാണ്.

വളരെ ലാഘവത്തോടെ പ്രകൃതിയുമായി അടുത്തു ജീവിക്കുന്നവരാണിവർ. ഇവർക്ക് നിഷ്ക്കളങ്കമായ, സങ്കീർണ്ണമല്ലാത്ത ജീവിതരീതിയിൽ വളരെ എളുപ്പം സന്തോഷം അനുഭവിക്കാൻ സാധിക്കും.

മറിയത്തിന്റെ സുവിശേഷത്തിലും കാണുന്ന വസ്തുത ഇതാണ്. ജീവിതം കൂടുതൽ സങ്കീർണ്ണമാകുന്നതു പോലെ തിന്മയുള്ള വ്യക്തിയും സങ്കീർണ്ണനാകുന്നു. മൂന്നാമത്തെ മണ്ഡലത്തിൽ നിന്നും രക്ഷ പ്രാപിച്ചാൽ കൂടുതൽ സ്വാതന്ത്ര്യം ലഭിക്കും എന്ന അവസ്ഥയ്ക്കു പകരം ആത്മ നിർവൃതി (സ്വാതന്ത്ര്യം) നേടുക എന്ന അവസ്ഥ പല ദശകളിലൂടെ കടന്നുപോകുന്ന സങ്കീർണ്ണാവസ്ഥയായി മാറുന്നു. ഇത്തരം സങ്കീർണ്ണമായ പല ദശകൾ ആണ് മറിയത്തിൽ നിന്നും പുറത്താക്കിയ ഭൂതങ്ങൾ, അല്ലാതെ പൈശാചികഭൂതങ്ങൾ അല്ല. മനുഷ്യമനസ്സിൽ സ്വാർത്ഥതയുടെയും പക യുടെയും ആഗ്രഹങ്ങളുടെയും എത്ര ഭൂതങ്ങൾ കൂടിയിരുന്നാലും അവയെ നിഷ്പ്രയാസം പുറത്താക്കാൻ കഴിവുള്ള മൃതസഞ്ജീവനിയാണ് സ്നേഹം. ഇതിന്റെ പ്രവർത്തനരീതിയാണ് നന്മ. നന്മ നിറഞ്ഞ പ്രവൃത്തികൾ സ്വർഗീയം അല്ലാതെ മറ്റൊന്നുമല്ല. പഴയനിയമത്തിലെ യാഹ് എന്ന ദൈവം ഈ മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്നു. കോപാകുലമായ അസൂയയുള്ള, മറ്റൊന്നിനെയും പരിഗണിക്കുവാൻ തക്ക വിശാലത ഇല്ലാത്ത ദൈവമാണ് യാഹ്; ഞാൻ ഒഴികെ അന്യദൈവങ്ങൾ ഉണ്ടാകരുത് എന്ന കൽപന ഓർക്കു ക. മറ്റുദൈവങ്ങൾ എങ്ങനെ ഉണ്ട് എന്ന് പരീക്ഷിച്ചുനോക്കാൻ പോലും യാഹ് സമ്മതിക്കില്ല. ഇത്തരം കോപാകുലമായ അസൂയ ഏറെ പ്രകടമാ ക്കുന്ന ഒരു സ്ഥിതിവിശേഷമാണ് കാമുകികാമുകബന്ധം. ഈ സ്വഭാവരീതി ദാമ്പത്യജീവിതത്തെയും ബാധിച്ചുകഴിയുമ്പോൾ ജീവിതം സ്വയം പീഡന മായി മാറുന്നു.

അതുകൊണ്ടാണ് മേശൈകം എന്നു പറയുന്ന പുസ്തകങ്ങളിൽ യാഹ് തന്റെ ആധിപത്യം ആവർത്തിച്ചു പ്രഖ്യാപിക്കുന്നത് (ആവർത്തനം: 6:14 15.). ഇത് ധാർമ്മികപുരോഗമനത്തിൽ വളരെ ഉയർന്ന ചിന്താഗതി അല്ലതാനും. ഇത് സ്വർത്ഥതയും അസൂയയും നിറഞ്ഞ ചിന്താഗതിയാണ്. ഇത് സംശയത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ഈ സംശയം കോപം ജനിപ്പിക്കുന്നു. സ്വന്തം നിലനില്പും അവകാശങ്ങളും വെല്ലുവിളി ക്കപ്പെടുന്നു എന്ന തോന്നൽ ഉണ്ടാക്കുന്നു, കൂടാതെ ഈ തോന്നൽ അപ കർഷതയിൽ നിന്നും ഉണ്ടാകുന്നതുമാണ്. ഭാര്യ അല്ലെങ്കിൽ കാമുകി മറ്റൊരു പുരുഷനുമായി സംസാരിക്കുകയോ ഇടപെടുകയോ ചെയ്യുമ്പോൾ ഭാര്യയെ സംശയിക്കുന്നു, തന്റെ ഭർതൃസ്ഥാനത്തിനെതിരായുള്ള വെല്ലു വിളി എന്നു തോന്നുന്നു. ഇത് കോപത്തിലേക്ക് നയിക്കുന്നു. ജീവിതം നര കമായി മാറുന്നു. ഈ പ്രവണത പുരുഷവർഗ്ഗത്തിലും സ്ത്രീവർഗ്ഗത്തിലും ഒരുപോലെ പ്രകടമാണ്. ഇത് ഉയർന്ന നിലവാരത്തിലുള്ള മനോഭാവമോ

പെരുമാറ്റരീതിയോ അല്ല. മാതാപിതാക്കൾ മറ്റുകുട്ടികളെ ലാളിക്കുമ്പോൾ ചില കുട്ടികൾ ഉണ്ടാക്കുന്ന ബഹളം മറ്റൊരു ഉദാഹരണമാണ്. പഴയനിയമത്തിലെ യാഹിന്റെ മനോഭാവവും ഇതിലുപരി അല്ല. അതുകൊണ്ടാണ് ആദിമനൂറ്റാണ്ടിലെ ജ്ഞാനവാദികൾ (gnostics) യാഹ് എന്ന ദൈവം സത്യ ദൈവം അല്ല എന്നും പ്രാകൃതവികാരങ്ങൾ ഉൾക്കൊള്ളുന്ന പൈശാചിക ദൈവം ആയിരുന്നു എന്നും ചിന്തിച്ചിരുന്നത്. യെഹൂദർ യാഹിനെ അതേപടി അംഗീകരിച്ചു. ക്രിസ്തുമതം യാഹിന്റെ തനിനിറം അറിയാതെയാണ് ദൈവമായി അംഗികരിച്ചത്. കാരണം ക്രിസ്തുമതം തുടങ്ങിയത് കുറെ യെഹൂദശിഷ്യന്മാരും അനുയായികളും ചേർന്നാണ്. അതുകൊണ്ടാണ് സ്നേഹത്തിന്റെയും കൃപയുടെയും പ്രവർത്തനങ്ങൾക്ക് പകരം അസൂയയുടെയും കോപത്തിന്റെയും പ്രകടനങ്ങൾ അന്നും ഇന്നും ക്രിസ്തുമതത്തിൽ നിലനിലക്കുന്നത്. യേശു പ്രചരിപ്പിച്ച ദൈവം ഈ സൈന്യങ്ങളുടെ ദൈവമായ യഹോവ അല്ല, കാരുണ്യവാനായ ദൈവമാണ്. മനുഷ്യനെ നരകാഗ്നിയിൽ ചുട്ടെരിക്കുന്ന, കണ്ണിനുപകരം കണ്ണും പല്ലിനുപകരം പല്ലും എന്ന് മുറവിളികൂട്ടുന്ന പ്രതികാരത്തിന്റെ ദൈവമല്ല. മുടിയനായ പുത്രനിലെ പിതാവിനെ പോലെ മകനെ ആലിംഗനം ചെയ്തു സ്വീകരിക്കുന്ന സ്നേഹത്തിന്റെ ദൈവമാണത്. ഈ ദൈവത്തിന്റെ മുമ്പിൽ പാപം എന്നൊന്നില്ല. പ്രതികാരമില്ല, പ്രായശ്ചിത്തവും പാപമോചനവും ഇല്ല. തിന്മയിൽ നിന്നും മുക്തിനേടി, തിന്മ പ്രവർത്തിക്കുവാനുള്ള പ്രവണതയെ തരണം ചെയ്ത് നന്മയിലേക്ക് നയിക്കുന്ന കാരുണ്യവാനായ ദൈവമാണത്. കുഴിയിൽനിന്നും കരകയറ്റി തോളത്തുചുമക്കുന്ന കാരുണ്യവാനായ ദൈവം. ഈ ദൈവത്തെ അന്വേഷിക്കൂ, ഈ ദൈവമാണ് നിങ്ങളുടെ ഹൃദയത്തിൽ കുടികൊള്ളുന്ന ദൈവം. ഈ ദൈവത്തെ മനസ്സിലാക്കി പ്രവർത്തിച്ചാൽ ഒരിക്കലും നിരാശപ്പെടേണ്ടി വരില്ല.

Gnostics യഹോവയെ പൈശാചികദൈവം എന്നു കണക്കാക്കിയിരുന്നത് അതുകൊണ്ടാണ്. യാഹ് എന്ന ദൈവം മോശയോടു പറയുന്നു: ഞാൻ നിന്റെ ദൈവമായ യഹോവ ആകുന്നു. ഇവിടെ മോശൈക പുസ്തകങ്ങളിൽ പ്രകടമാകുന്ന രീതിയാണ്-യാഹിന്റെ 'ഞാൻ'എന്ന ഭാവം. ഈ 'ഞാൻ' ഭാവം വളരെ ഇടുങ്ങിയ ചിന്താഗതിയാണ്. കൂടുതൽ ഒന്നിനേയും അംഗീകരിക്കാൻ ഉള്ള വിശാലത ഇല്ലാത്ത മനോഭാവം, അജ്ഞതയാണത്. അതിനാൽ അത് പൈശാചികവുമാണ്. ഈ ഞാൻ എന്ന ഭാവമുള്ള ദൈവം വളരെ പൗരാണികവും ആണ്. മനുഷ്യന്റെ പ്രവർത്തനങ്ങളും ചിന്താഗതികളും ഈ പ്രാഥമികരീതിയിൽ നിന്നും ഏറെ വളർന്നു കഴിഞ്ഞു. കുറഞ്ഞത് 2500-3000 വർഷം പഴക്കമുള്ള ചിന്താഗതിയാണിത്. ഈ ദൈവം 20-ാം നൂറ്റാണ്ടിന് ശേഷമുള്ള കാലത്തിന് പറ്റിയതല്ല. അവിടെയാണ് പുതിയൊരു സത്യവേദപുസ്തകതിന്റെ പ്രസക്തി.

യഹോവയുടെ സ്നേഹം കോപാകുലമായ അസൂയയുടെ സ്നേഹമല്ല, പ്രത്യുത പൈതൃകസ്നേഹമാണെന്ന് ചില പഴയ നിയമചിന്തകർ വാദിക്കുന്നു. ഏതു ചിന്താഗതിയുടെയും ഗുണമറിയുന്നത് ആ ചിന്താഗതി നയിക്കുന്ന പ്രവർത്തനത്തിലൂടെയാണ്. മതത്തിന്റെ മേന്മയെ അളക്കുന്നത് അവ നയിക്കുന്ന പ്രവർത്തനങ്ങളെ ആസ്പദമാക്കിയായിരിക്കണം. സ്വന്തം മക്കൾ വഴിതെറ്റിപ്പോകാതിരിക്കാനാണ് യാഹ് ഇത്ര കഠിനമായ നിയമങ്ങൾ ഒന്നൊന്നായി അടിച്ചേൽപ്പിച്ചത് എന്ന് ചിലർ വാദിക്കുന്നു. എന്നാൽ നിയമങ്ങളുടെ ബാഹുല്യം കൊണ്ട് വഴിതെറ്റാതെ നിലനിൽക്കുന്ന ഒരു വ്യക്തിയോ സമൂഹമോ ഉത്തമമല്ല. പകൽവെളിച്ചത്തിൽ മാന്യത പാലിക്കയും രാത്രിയിൽ അധമത്വം പ്രവർത്തിക്കയും ചെയ്യുന്നതു പോലെ തന്നെ നിയമങ്ങളുടെ വേലിക്കെട്ടിൽ, കാരാഗൃഹത്തിൽ അടച്ചിടുമ്പോൾ മാത്രം തിന്മ പ്രവർത്തിക്കാതിരിക്കുന്നവൻ ഉത്തമനല്ല. സ്വതന്ത്രത്തിൽ തിന്മ പ്രവർത്തിക്കാത്തവനാണ് ഉത്തമൻ. മനുഷസമൂഹത്തിന്റെ ചരിത്രം വിശകലനം ചെയ്താൽ ഓരോ കാലഘട്ടത്തിന്റെയും ചിന്താഗതി അനുസരിച്ച് അവന്റെ തത്വശാസ്ത്രവും മതവും ധാർമ്മികമനസ്ഥിതിയും മാറുന്നതായി കാണാം. ഈ ചിന്താഗതികളുടെ പ്രവർത്തനമാണ് അവന്റെ ചരിത്രം. ഈ ചിന്താഗതിയുടെ പരിണാമം അനുസരിച്ച് അവന്റെ ദൈവങ്ങളും പരിണമിച്ചു. അതാണ് ചരിത്രം. നന്മയും തിന്മയും ജയവും പരാജയവും മാറിമാറി വരുന്നു. തിന്മയുടെ ഭവിഷ്യത്തുകൾ മനസ്സിലാക്കി നന്മ മാത്രം പ്രവർത്തിക്കുന്ന സമൂഹമായി മാറുന്നതാണ് ധാർമ്മികപുരോഗതി. തിന്മയിലേക്കു നയിക്കുന്ന ഏതു ചിന്താഗതിയും ഏതു പ്രവാചകനിൽ നിന്നുത്ഭവിച്ചാലും, ഏതു ദൈവത്തിൽ നിന്നുത്ഭവിച്ചാലും മനുഷന്റെ ഭാവിക്ക് നാശകരമാണ്, അതിനാൽ പൈശാചികവുമാണ്.

പിശാചിന്റെ അസൂയയിലൂടെയാണ് മരണം ലോകത്തിൽ വന്നത്, പിശാചിന്റെ കൂട്ടുകാർ അതിനെ അനുഭവിക്കുന്നു. മനുഷ്യന്റെ ചരിത്രത്തിന്റെ തുടക്കത്തിൽ അവൻ അമ്പും വില്ലും കല്ലും ഒക്കെ ആയുധങ്ങളാക്കി വേട്ടയാടി. മറ്റുമനുഷ്യരെ ശത്രു എന്നു കരുതി കുരുതി നടത്തി. ഇത് ആദിമ ഗുഹാമനുഷ്യൻ. മനുഷ്യൻ ഇന്ന് അറിവിന്റെ പുരോഗതിയിലൂടെ, പ്രപഞ്ചത്തിന്റെ സീമകളില്ലാത്ത വിദൂരതയിലേക്ക് തീയമ്പുകൾ അയക്കുന്നു. ഇന്നത്തെ മനുഷ്യന്റെ ഗുഹ വിസ്താരമേറിയ ഭൂമിയാണ്. അവന്റെ ജിജ്ഞാസയുടെ ഊർജ്ജം അവനെ സൗരയൂഥങ്ങൾക്കുമപ്പുറം എത്തിക്കുന്നു, ആകാശഗംഗകൾ (milky way) കടഞ്ഞ് ജ്ഞാനത്തിന്റെ സരസ്വതിയെ തേടുന്നു. ഇതാണ് 20-ാം നൂറ്റാണ്ടിനുശേഷമുള്ള മനുഷ്യൻ. ഇത്രമാത്രം പുരോഗതിയിൽ മുന്നിട്ട മനുഷ്യന്റെ ഉള്ളിൽ പ്രാദേശികചിന്തകളും വിഭാഗീയചിന്തകളും കുത്തിനിറയ്ക്കുന്ന ഏതു മതവും രാഷ്ട്രവും പൈശാചികമാണ്. ഈ പിശാചിന്റെ കൂട്ടുകാർ ഭൂമിയിൽ മരണം വിതയ്ക്കുന്നു. ബഹിരാകാശത്തിൽ നിന്നും എടുത്തിട്ടുള്ള ഭൂമിയുടെ ചിത്രം നോക്കൂ, എത്ര മനോഹരമായ ഒരു ഗ്രഹം. മറ്റുമനുഷ്യന്റെ രക്തം ഒഴുക്കാൻ പകയും അസൂ

യയും കോപവും വഹിച്ചു മരണത്തിന്റെ ദൂതന്മാരായി നടക്കുന്നവർ മതത്തിന്റെയും സമുദായത്തിന്റെയും ഇടുങ്ങിയ ഗുഹകളിൽനിന്നും ഉയർന്നിരുന്നെങ്കിൽ. കോപത്തിനും അസൂയക്കും പകരം മനുഷ്യനന്മയും ലോകനന്മയും നിറഞ്ഞിരുന്നെങ്കിൽ!. ഒരു പരിശുദ്ധയുദ്ധവും പരിശുദ്ധമല്ല, പൈശാചികമാണ്. പരിശുദ്ധയുദ്ധത്തിന്റെ പേരിൽ ആയുധം ധരിക്കുന്നവൻ പിശാചിന്റെ കൂട്ടുകാരനാണ്.

ഏതോ അവ്യക്തമായ, അന്ധമായ അജ്ഞതയുടെ പ്രേരണയാൽ കൊല്ലുവാനും സ്വയം മരിക്കുവാനും വേണ്ടിയല്ല മനുഷ്യജീവിതം ഉടലെടുത്തിരിക്കുന്നത്. മനുഷ്യൻ അവന്റെ പൂർണ്ണതയിൽ ജീവിക്കണം. മറ്റുള്ളവരെ ജീവിക്കുവാനും അനുവദിക്കണം. ജീവിതം കഷ്ടപ്പാടും ദുരിതവും ദുഃഖവും നിറഞ്ഞതാണ് എന്നകാര്യം അവിതർക്കിതമാണ്. എത്ര വിസ്തൃതമായ ഘോരമരുഭൂവിലും ഇടക്കിടെ മരുപ്പച്ചയും വെള്ളവും കാണാം. മനുഷ്യജീവിതത്തിന് അപ്പുറം മറ്റൊരു ജീവിതം ഉണ്ടോ ഇല്ലയോ എന്നതല്ല പ്രശ്നം. പരലോകജീവിതത്തെ ലാക്കാകി ഈ ലോകജീവിതത്തിൽ മറ്റുള്ളവരെ കൊല്ലുന്നവൻ സ്വയം കൊല്ലുന്നു. അങ്ങനെ കൊല്ലുന്ന ഓരോ ജീവിതത്തിനും പിഴ ഒടുക്കേണ്ടി വരും. ആഗ്രഹിച്ച സ്വർഗരാജ്യം ലഭിക്കില്ല, കൊലയ്ക്കു  പ്രേരിപ്പിച്ചവർക്കും ലഭിക്കില്ല.

എന്റെ പിതാവിന്റെ ആലയത്തെ വാണിഭശാല ആക്കരുത് (യോഹന്നാൻ- 2:16). യെരുശലേം ദേവാലയത്തിൽ യേശു ഇപ്രകാരം ചെയ്തോ എന്നു വിശ്വസിക്കാൻ ബുദ്ധിമുട്ടുണ്ട് പക്ഷെ യേശുവിന്റെ ശുദ്ധീകരണത്തിന്റെ ചാട്ടവാറടിശബ്ദം കാലഘട്ടങ്ങളിലൂടെ മറ്റൊലി കൊള്ളുന്നു. ദൈവത്തിന്റെ ആലയമാകുന്ന മനുഷ്യമനസ്സിനെ വാണിഭശാലയാക്കുന്ന ഏതു മതവും സമുദായനേതാക്കളും ഓർക്കുക, യേശു വീണ്ടും വന്നാൽ ആ വരവിന്റെ പ്രധാന ഉദ്ദേശം നിങ്ങളുടെ സിംഹാസനങ്ങളെ തട്ടിമറിച്ച് നിങ്ങളെ ചാട്ടവാറു കൊണ്ടടിച്ചു പുറത്താക്കുക എന്നതായിരിക്കും.

... അനുസരണക്കേടിന്റെ ... അധിപതിയായവനേയും അനുസരിച്ചു നടക്കുന്നു... നമ്മുടെ ജഢമോഹങ്ങളിൽ നടന്ന് ജഢത്തിനും മനോവികാരങ്ങൾക്കും ഇഷ്ടമായത് ചെയ്തുകൊണ്ട് മറ്റുള്ളവരെപ്പലെ പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിരുന്നു (എഫേ.2:2-3). ഇതാണ് മറിയം പറയുന്ന ശരീരത്തിന്റെ അടിമത്തം. ഇവിടെ പൗലോസും മറിയവും പറയുന്ന ജഢം സ്വയം ചിന്തിക്കാൻ കഴിവില്ലാത്ത, വിവേകം ഇല്ലാത്ത നന്മയെ തിരിച്ചറിയാനുള്ള കഴിവു നഷ്ടപ്പെട്ട വ്യക്തിയാണ്. അതൊരു മാംസപിണ്ഡം മാത്രം. ഈ വ്യക്തി മാംസത്തിന്റെ ആഗ്രഹങ്ങളുടെ പൂർത്തികരണത്തിനു വേണ്ടി മാത്രം ജീവിക്കുന്നു, തൃപ്തി അടയുന്നു. ഇവിടെ അവൻ സൃഷ്ടാവുമായുള്ള ബന്ധം വിച്ഛേദിക്കുന്നു. നന്മകൾ നിറയ്ക്കേണ്ട സ്ഥാനത്ത് സ്വർത്ഥമോഹങ്ങൾ നിറക്കുന്നു. സമൂഹത്തിലെ നല്ല ശതമാനം ആൾക്കാരും

ഇത്തരം മാംസപിണ്ഡങ്ങളായി മാറിയിരിക്കുന്നു. ഇവർ ഒന്നിച്ചു ജീവിക്കുന്ന സമുദായവും സമൂഹവും അതിന്റെ ചിന്താഗതികളും തിന്മകളും സ്വാർത്ഥതയും പ്രചരിപ്പിക്കുന്നു. ഇത്തരം മനുഷ്യർ ജനിക്കാതിരുന്നിരുന്നെങ്കിൽ!

മതവും സമുദായവും വിഭാഗീയ ചിന്തകളുടെ വാണിഭം നടത്തുന്ന മാംസപിണ്ഡങ്ങളിൽ ഒരിക്കൽ സ്നേഹത്തിന്റെ കരുണയുടെ ചിന്തയെ പ്രവേശിപ്പിച്ചു നോക്കു, അവിടം നിർമ്മലമാകും. നമ്മുടെ ഊർജ്ജം ലോക നന്മക്കായി ഉപയോഗിക്കുക, അപ്പോൾ ധാർമ്മികതയുടെ (നന്മയുടെ) ചാട്ടവാറിന്റെ ശബ്ദം നമ്മെ ഞടുക്കുകയില്ല. മറിച്ച് ആനന്ദത്തിന്റെ രോമഹർഷങ്ങളായിരിക്കും ആ ശബ്ദം നമ്മിൽ ഉളവാക്കുക. അപ്പോൾ നമ്മിൽ ദൈവത്തിന്റെ ആത്മാവ് പരിവർത്തിക്കുന്ന കുളിർമയുടെ കാറ്റ് വീശും. നൂറുകോടി മഹത്വത്തിന്റെ നടകൾ തുറക്കപ്പെടും. ഇത് നമുക്ക് മാത്രമല്ല മറ്റുള്ളവർക്കും നിർവൃതി ഉണ്ടാക്കും.

പൗലോസ് കൊരിന്ത്യർക്ക് എഴുതിയ 1-ാം ലേഖനത്തിന്റെ പ്രധാനപതിപാദ്യമാണ് മറിയത്തിന്റെ സുവിശേഷം. യഥാർത്ഥമായ ദൈവികജ്ഞാനത്തിൽ (sophia) നിന്നും നമ്മെ അകറ്റി നിർത്തുന്നതാണ് ജഢികമായ ജ്ഞാനം അഥവാ ലോകൈകജ്ഞാനം. ഇതിന് തന്ത്രവും നിപുണതയും ആവശ്യമാണ്. അങ്ങനെയുള്ളവരെ രാഷ്ട്രതന്ത്രജ്ഞന്മാരായും മതനേതാക്കളായും ഒക്കെ നാം കാണുന്നു. ലോകൈകബഹുമാനവും അവർ നേടുന്നു. എന്നാൽ ദൈവികജ്ഞാനം നിത്യമായ സ്വസ്ഥത ഉളവാക്കുന്നതാണ്. ഈ ജ്ഞാനത്തിന്റെ പര്യായമാണ് സ്നേഹം. അതാണ് പൗലോസ് പറയുന്നത്, സ്നേഹം നിഗളിക്കുന്നില്ല...

ജഢികസ്നേഹം ഞാൻ എന്ന ഭാവത്തെ ഉളവാക്കുന്നതാണ്. ഈ ഞാൻ ഭാവത്തിന്റെ പ്രകടനമാണ് മനുഷ്യചരിത്രത്തിൽ ഉടനീളം നാം കാണുന്നത്. ഇത് ഏറ്റവും കൂടുതൽ കാണുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ചെറിയ തവളക്ക് താൻ ആനയാണെന്ന് തോന്നുന്നു; ആനയോളം വലുപ്പം വരാൻ വികസിക്കുന്നു; പൊട്ടിത്തെറിക്കുന്നു.

ജ്ഞാനികളുടെ ജ്ഞാനം ഞാൻ നശിപ്പിക്കയും... (1 കൊരി. 1:19-25). ജ്ഞാനികൾ എന്ന ഞാൻ ഭാവത്തോടുകൂടി സമൂഹത്തിന്റെ നേതൃസ്ഥാനങ്ങളിൽ കയറിക്കൂടിയവർ കാട്ടികൂട്ടുന്ന കുഴപ്പങ്ങളല്ലേ ഇന്നു ലോകത്തു നടമാടുന്ന അക്രമവും അസമാധാനവും എല്ലാം? ഇവരുടെ ജ്ഞാനം ജഢികമാണ്. അത് ശുദ്ധമല്ല. എന്നാൽ ദൈവജ്ഞാനം (സോഫിയ) നിത്യമായ കുളിർമയുള്ള ശാരോൻ താഴ്‌വരയിലെ സ്വസ്ഥതയിലേക്കു നയിക്കുന്നു. അതാണ് മനുഷ്യനെ പരിണാമപ്രക്രിയയിൽ മുന്നോട്ടു നയിക്കുന്ന ഊർജ്ജം, ദിവ്യശക്തി. ഈ ദിവ്യശക്തി നയിക്കാത്ത ഏതു പ്രസ്ഥാനവും കാലത്തിന്റെ കാറ്റേറ്റ് ക്രമേണ ഇല്ലാതെയാകുന്നു. എന്നാൽ സകലബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ചിന്തകളെയും നയി

ക്കുമ്പോൾ... (ഫിലി:4:7), അതാണ് ആത്മീയ ഉദ്ധാരണം. അതാണ് യേശുവിന്റെ കുരിശിന്റെയും ഉയർപ്പിന്റെയും സാരാംശം. ദൈവത്തിന്റെ വിഡ്ഢിത്തം മനുഷ്യരുടെ ജ്ഞാനത്തെക്കാൾ വലുത് എന്ന് പൗലോസ് (1 കൊരി.1:2) പറയുന്നുണ്ട്. B.C.E. 300-C.E.100 അനേകം തത്വചിന്തകൾ നിലനിന്നിരുന്ന കാലഘട്ടമായിരുന്നു. യെഹൂദന്റെ നടപടിനിയമങ്ങളാൽ നയിക്കപ്പെട്ടിരുന്ന ഒരു ധാർമ്മികലോകം, യവനന്റെ തത്വചിന്തകളാൽ നയിക്കപ്പെട്ടിരുന്ന ധാർമ്മികലോകം. പ്രാകൃതവികാരങ്ങളിൽ ജനിച്ചു വളർന്ന സാധാരണമനുഷ്യൻ ഏതൊക്കെ നിയമങ്ങളും നിർദ്ദേശങ്ങളും അനുസരിക്കണം എന്നറിയാതെ നാൽക്കവലയിൽ നിസ്സാഹയനായി നില്കുന്നു. ഭാരമേറിയ ചുമടുകളെ മനുഷ്യരുടെ തലയിൽ വെച്ചുകൊടുക്കുന്നു, ചെറുവിരലുകൊണ്ടുപോലും ആരും താങ്ങിക്കൊടുക്കുന്നില്ല. പരീശന്റെയും സാദുക്യരുടെയും ജ്ഞാനവാദികളുടെയും പൊള്ളയായ ഉപദേശങ്ങൾ അവർ പോലും പാലിക്കുന്നുമില്ല. ഇവിടെയാണ് ആശ്വാസത്തിന്റെ മാർഗ്ഗനിർദ്ദേശവുമായി യേശു എത്തുന്നത്, എന്റെ നുകം ലഘുവും ഭാരം കുറഞ്ഞതും എന്ന ആശ്വാസവുമായി. അരുത്, ചെയ്യരുത് എന്നിങ്ങനെയുള്ള നിർദ്ദേശങ്ങൾ പാലിക്കപ്പെടാൻ നിർബ്ബന്ധിതമായ സമൂഹം, എന്തുചെയ്താലും തെറ്റായി മാറുന്ന കാലഘട്ടം. വിലക്കുകളുടെ നിയമത്തിനുപകരം യേശു പറയുന്നു, നിങ്ങൾ പരസ്പരം സ്നേഹിപ്പിൻ! ഇതിനു നിബന്ധനകൾ ഇല്ല, അതിരുകൾ ഇല്ല, ഇതാണ് സകലബുദ്ധിയേയും കവിയുന്ന ദൈവസമാധാനം. ഇതാണ് ആത്മീയ ഉദ്ധാരണം. ഇവിടെ സ്വാർത്ഥതയും തിന്മയും മരിക്കുന്നു; ഉദ്ധരിക്കപ്പെടുന്നതോ ലോകത്തിന്റെ നന്മ, ദൈവസ്നേഹം. അതാണ് യേശുവിന്റെ കല്ലറയിൽ കണ്ട സൂര്യപ്രഭ. അത് സൂര്യനെ പോലെ പ്രകാശിക്കുന്ന നിത്യസത്യം. ലോകത്തിന്റെ ശാശ്വതനിലനില്പിനു വേണ്ടി പ്രകാശപൂർണ്ണമായ നന്മയുടെ ഉദ്ധാരണം.

മാനുഷികമായ സാധാരണ ലോകൈകജ്ഞാനത്തിനു പകരം ദൈവികജ്ഞാനം നേടണം എന്ന് ഘോഷിക്കുന്നു മറിയത്തിന്റെ സുവിശേഷം. ആദിമക്രിസ്തീയ സമൂഹത്തിൽ മഗ്ദലനമറിയത്തെ ദിവ്യസ്നേഹത്തിന്റെ, പൂർണ്ണജ്ഞാനത്തിന്റെ, വചനത്തിന്റെ (logos or sophia) അവതാരമായി കണക്കാക്കിയിരുന്നു. ഈ ജ്ഞാനം പൂർണ്ണതയിൽ ദർശിക്കുന്നു, പക്വതയെ തേടുന്നു. 'എന്നാൽ തികഞ്ഞവരുടെ ഇടയിൽ ... (1 കൊരി. 2:6-9); ഇതാണ് മറിയം ആർജ്ജിച്ച ജ്ഞാനം. ഈ ജ്ഞാനം ആരുടെയും സ്വന്തമല്ല. നാടോടി നീ എവിടേക്കുപോകുന്നു? കൊലപാതകി നീ എവിടെ നിന്നു വന്നു? വീർപ്പ് മുട്ടിക്കുന്ന ചോദ്യങ്ങളാണ് ഇവിടെ വരുന്നത്. ജനിച്ചുവീണ പരിസരങ്ങളിൽനിന്നും സങ്കുചിതമനസ്ഥിതിയുടെ സമുദായങ്ങളിൽനിന്നും മനുഷ്യമനസ്സ് മോചനം തേടുമ്പോൾ സ്വാർത്ഥത, ഇടുങ്ങിയ ചിന്താഗതി എന്നിവയൊക്കെ മാനസികഹത്യകൾക്ക് ഇരയാകുന്നു. ഈ സ്വതന്ത്രമായ മനസ്സ് തലചായിക്കാനിടമില്ലാതെ, ഒന്നും സ്വന്തമെന്നു കരുതാനില്ലാതെ,

ആരും സ്വന്തം എന്നവകാശപ്പെടാനില്ലാതെ നാടോടിയായി മാറുന്നു. സ്വർഗരാജ്യവും പാപമോചനവും രക്ഷയും മോക്ഷവും ആരുടെയും സ്വന്തമല്ലാതാകുന്നു, ആരുടെയും കുത്തകാവകാശമല്ലാതാകുന്നു. സ്വർഗരാജ്യം സ്വയം അർഹിക്കുന്ന, സ്വയം ആർജ്ജിക്കുന്ന മഹത്വത്തിന്റെ രാജകീയസിംഹാസനമായി മാറുന്നു. ഇതാണ് തത്വമസി; ഞാനും നിയും ഒന്നാകുന്നു. ഞാൻ ദൈവമാകുന്നു. ഇതാണ് ഞാനും പിതാവും ഒന്നാകുന്നു എന്ന് യേശു പറഞ്ഞത്. ഭാരതീയചിന്തകൾ അറിയില്ലാതിരുന്ന മെഡിറ്ററേനിയൻ ക്രിസ്തീയചിന്തകർ ഇത് വളച്ചൊടിച്ച് ത്രിത്വം എന്ന രഹസ്യം ഉണ്ടാക്കി. എന്നാൽ ഇവിടെ രഹസ്യം ഒന്നുമില്ല. വളരെ സങ്കീർണ്ണമായ തത്വശാസ്ത്രവും ഇല്ല. “ദൈവം സൽഗുണസമ്പൂർണ്ണനാകുന്നു. മനുഷ്യൻ സൽഗുണങ്ങൾ പ്രവർത്തിക്കുമ്പോൾ ദൈവവുമായി താദാത്മ്യം പ്രാപിക്കുന്നു. സൽഗുണസമ്പൂർണ്ണത കൈവരിക്കുന്ന മനുഷ്യൻ ദൈവമായി മാറുന്നു. ഇതിൽ ഉപരി ഒരു രഹസ്യവുമില്ല. ഒരു വേദശാസ്ത്രവും ഇല്ല.

ഇത് പൂർണ്ണമായും ആത്മീയ അവസ്ഥയോ എന്ന് ചോദിച്ചാൽ അല്ല. എന്നാൽ ഭൗതികശരീരം അതിന്റെ ക്രയവിക്രയങ്ങൾ നിയന്ത്രിക്കുന്നു. തലച്ചോറിന്റെ പ്രവർത്തനങ്ങളിലുടെ നേടിയെടുക്കുന്ന അവസ്ഥയാണിത്. അല്ലാതെ ആത്മീയത മനുഷ്യന്റെ ആകമാനപെരുമാറ്റത്തിൽ നിന്നും വേറിട്ടു നില്ക്കുന്ന മൂന്നാമതൊരവസ്ഥയല്ല. ഇത് വികാരങ്ങൾ നിയന്ത്രിച്ച് പൂർണ്ണ മനുഷ്യനായി (anthrop) രുപാന്തരം പ്രാപിക്കുന്ന പരിണാമപ്രക്രിയയാണ്. മനുഷ്യന്റെ പ്രാകൃതവികാരങ്ങളെ നാം ആർജ്ജിക്കുന്ന അറിവിലുടെ നാം ബലഹീനമാക്കുന്നു, അല്ലെങ്കിൽ കൊല്ലുന്നു. അപ്പോൾ നമ്മിലെ അസൂയ, പക, ഹിംസാവാസന, മോഷണത്വര, കാമം, അമിതഭക്ഷണമോഹം, ദ്രവ്യാഗ്രഹം എന്നിങ്ങനെയുള്ള വികാരങ്ങൾ നിയന്ത്രിക്കപ്പെടുന്നു. അപ്പോൾ നാം പൂർണ്ണമനുഷ്യരായി രൂപാന്തരം പ്രാപിക്കുന്നു. ഈ പൂർണ്ണമനുഷ്യൻ എന്ന അവസ്ഥ പ്രാപിക്കാൻ മൊണാസ്റ്ററിയും സന്യാസജീവിതവും മാത്രമെ സഹായിക്കു എന്നതും ശരിയല്ല. എല്ലാവരും സന്യാസജീവിതം നയിച്ചാൽ മനുഷ്യവർഗ്ഗം തന്നെ ഇല്ലാതാകും. സാധാരണ മനുഷ്യജീവിതത്തിൽ നിന്നും മാറി, ജീവിതത്തിന്റെ കഷ്ടപ്പാടുകളിൽ നിന്നകന്ന് മുക്തി തേടിയാൽ എല്ലാം പൂർണ്ണമാകുന്നില്ല. മാത്രമല്ല യാഥാർത്ഥ്യത്തിൽ നിന്നുമുള്ള ഒളിച്ചോടൽ കൂടിയാണത്. എന്നാൽ ദൈനംദിനജീവിതത്തിലെ സുഖദുഃഖങ്ങളിൽ ജീവിച്ച് ബുദ്ധിമുട്ടുകളും പ്രയാസങ്ങളും തരണം ചെയ്ത് പൂർണ്ണതയെ തേടുന്ന മനുഷ്യരാണ് യഥാർത്ഥപ്രശംസ അർഹിക്കുന്നത്. ഇന്ന് സമുഹത്തിൽ കാണുന്ന വളരെ തെറ്റായ ഒരു ചിന്താപ്രവണതയാണ് ദൈവവിശ്വാസവും മതവും തമ്മിലുള്ള ബന്ധം. നല്ലമനുഷൻ എന്നു പറഞ്ഞാൽ ഉടനെ അയാളെ ഏതെങ്കിലും മതവുമായി ബന്ധപ്പെടുത്തുന്നു. ദൈവവിശ്വസം ഏതെങ്കിലും ഒരു മതത്തിന്റെ കുത്തകയല്ല. ദൈവവിശ്വാസി മതവിശ്വാസി ആയിരിക്കണം എന്നുമില്ല. ഇവരിലൊക്കെ ഉപരിയാണ് നല്ലമനുഷ്യൻ. സൽഗുണങ്ങൾ

നിറഞ്ഞ ദൈവികമനുഷ്യൻ മതവിശ്വാസിയോ ദൈവവിശ്വാസിയോ ആയിരിക്കണം എന്നില്ല. പകരം ജ്ഞാനിയായ സൽഗുണമനുഷ്യൻ ഒരു മതത്തിന്റെയും ദൈവവിശ്വാസത്തിന്റെയും അടിമയല്ല. അവൻ പൂർണ്ണസ്വതന്ത്രനാണ്. ഏതെങ്കിയും ഏകാന്തസന്യാസമഠത്തിന്റെ മൂലയിൽ ലോകത്തെ മറന്ന് ജീവിതത്തിന്റെ കഷ്ടപ്പാടുകളിൽ നിന്നും മാറി വ്രതം അനുഷ്ഠിച്ച് പരിശുദ്ധൻ എന്ന പേരിൽ അറിയപ്പെട്ടാൽ പരിശുദ്ധൻ ആകണമെന്നില്ല. എന്നാൽ ഇവർ സാധാരണമനുഷ്യസമൂഹത്തിൽ ജീവിക്കട്ടെ, എന്നിട്ട് പരിശുദ്ധത നേടട്ടെ. സാധാരണ മനുഷ്യജീവിതമാണ് നമ്മുടെ മാറ്ററുരക്കുന്ന കല്ല്.

അതുപോലെ തന്നെ ഈ സന്യാസിനേതാക്കന്മാർ സാധാരണബാഹ്യലോകവുമായി ബന്ധപ്പെടാതെ ജീവിച്ചിട്ട് സാധാരണജീവിതം നയിക്കുന്ന മനുഷ്യരുടെ ജീവിതത്തെ നിർണ്ണയിക്കുന്ന തീരുമാനങ്ങൾ എടുക്കുന്നതും ഉയർന്ന ധാർമ്മികതയല്ല. ഇവർ മനുഷ്യസമൂഹത്തിന്റെ നേതൃസ്ഥാനങ്ങളിൽ ഭരിക്കുന്നതും സമൂഹത്തെ അപ്പാടെ നിയന്ത്രിക്കുന്നതും പുരോഗതി പ്രാപിച്ച സമൂഹത്തിന്റെ ലക്ഷണമല്ല. ഈ സന്യാസികൾ അവരുടെ മഠങ്ങളുടെ അധിപർ മാത്രമോ പൂജാകർമ്മങ്ങൾ അനുഷ്ടിക്കുന്നർ മാത്രമോ ആയിരിക്കണം.

ആത്മാവ് മറുപടി പറഞ്ഞു: എന്നെ ഞെരുക്കി പീഡിപ്പിച്ചിരുന്നത് ഛേദിക്കപ്പെട്ടിരിക്കുന്നു, എന്നെ വലയംചെയ്തത് അപ്രത്യക്ഷമായി, എന്റെ അഭിവാഞ്ഛ ഇല്ലാതെയായി, ഞാൻ അജ്ഞതയിൽ നിന്നും സ്വതന്ത്രമായി.

ഇതാണ് ആത്മനിർവൃതി, മോക്ഷം, നിർവ്വാണം, സ്വർഗരാജ്യം, ദൈവരാജ്യം. ഏതെല്ലാം പേരിൽ അറിയപ്പെട്ടാലും ഇതുതന്നെയായിരിക്കണം മനുഷ്യന്റെ ലക്ഷ്യം.

ഇതാണ് കാനോനികസുവിശേഷങ്ങളിൽ പറയുന്ന പരിശുദ്ധാത്മാവിന്റെ സന്തോഷം. ഈ ആത്മാവിനെയാണ് സ്വാതന്ത്ര്യവും സന്തോഷവുമായി പൗലോസ് ആവർത്തിച്ചുപറയുന്നതും. വളരെ ലളിതമായ രീതിയിൽ പറയേണ്ടകാര്യം വളച്ചുതിരിച്ചു പറഞ്ഞതിനാലാണ് സാധാരണമനുഷ്യനു മനസ്സിലാകാതെ വന്നതും പൊരുളുതിരിക്കാൻ പുരോഹിതരും ഉപദേശികളും രംഗത്തുവന്നതും. അതവർക്കൊരു ജീവിതമാർഗ്ഗമാകുകയും ചെയ്തു.

യേശു ഇത് ലളിതമായ ഭാഷയിൽ പറയുന്നു:

പുതുതായി ജനിച്ചില്ല എങ്കിൽ ...........

ആത്മാവിൽ ജനിച്ചില്ല എങ്കിൽ ...........

കാറ്റ് അതിനഷ്ടമുള്ളയിടത്തേക്ക് ഊതുന്നു (ജോൺ 3:3-9).

പ്രാകൃതസ്വഭാവങ്ങളിൽ ജനിച്ചമനുഷ്യൻ അവന്റെ സ്വാർത്ഥത, പക, അസൂയ, കോപം, ദ്രവ്യാഗ്രഹം, അമിതഭക്ഷണമോഹം എന്നിവയെ കീഴടക്കിയാൽ സ്വതന്ത്രനാകുന്നു, അവൻ പുതിയജീവിയായി മാറുന്നു, അവൻ കാറ്റ് പോലെ സ്വതന്ത്രനായി മാറുന്നു. ഇതിലുപരി ഒരു സ്വർഗ്ഗമില്ല.

ഇതുതന്നെ പൗലോസ് ആവർത്തിക്കുന്നു:

ആത്മീയനോ അവൻ സകലത്തേയും വിവേചിക്കുന്നു ...(1 കൊരി 2:10-15).

പ്രാകൃതമനുഷ്യനോ ദൈവാത്മാവിന്റെ ഉപദേശം കൈകൊള്ളുന്നില്ല, അതവന് ഗ്രഹിപ്പാൻ കഴിയുന്നതുമല്ല. ഇതാണ് പ്രാകൃതാവസ്ഥയിൽനിന്നും ഉയരേണ്ടതിന്റെ ആവശ്യം. ഈ സ്വാതന്ത്ര്യത്തിലേക്കുള്ള ഉയർച്ചയ്ക്ക് സമൂഹത്തിലെ സ്ഥാനമോ ജനിച്ച മതമോ, സമുദായമോ, ജീവിതചുറ്റുപാടുകളോ പ്രതിബന്ധമല്ല, അവയൊന്നും ഒരു വിധത്തിലും സഹായിക്കുകയുമില്ല. മനുഷ്യന്റെ സ്വയം തെരഞ്ഞെടുപ്പിന്റെ ഫലമാണ് അതൊക്ക. ദാരിദ്ര്യമോ, കഷ്ടപ്പാടോ സൽഗുണനാകാനുള്ള അഭിനിവേശത്തിന് തടസ്സമാകാൻ പാടില്ല. അതാണ് കുചേലന്റെ തത്വശാസ്ത്രം. ആധുനികമനഃശാസ്ത്രം പറയുന്നതനുസരിച്ച് പാരമ്പര്യവും ചുറ്റുപാടുകളും മാത്രമല്ല മനുഷ്യനെ നയിക്കുന്നത്. ഇവ രണ്ടും വളരെ ശക്തിയേറിയ ഘടകങ്ങളാണ് എന്നതു ശരിയാണ്. പക്ഷേ ഇവയെ അതിജീവിക്കുവാൻ കഴിവുള്ളതാണ് മനുഷ്യന്റെ വാഞ്ഛ, വളരുവാനുള്ള വാഞ്ഛ. ഈ വാഞ്ഛയാണ് പരിണാമപ്രക്രിയയിൽ മനുഷ്യനെ ഇപ്പോഴത്തെ അവസ്ഥയിൽ എത്തിച്ചത്. അല്ലാതെ ഒരു പ്രത്യേകദിവസം ദൈവം മെനഞ്ഞുണ്ടാക്കിയ ഒരു കളിമൺപാവയല്ല മനുഷ്യൻ. പരമാണുവിൽ നിന്നും പരിണമിച്ച്, ജീവിതചുറ്റുപാടുകളിൽ നിന്നും പഠിച്ച് പല അവസ്ഥകളിലൂടെ മനുഷ്യൻ ഈ സ്ഥിതിയിൽ എത്തിച്ചേർന്നു. പരിവർത്തനത്തിന്റെ ഊർജ്ജമാണ് അതിനവനെ സഹായിച്ചത്. ഈ പരിണാമം ഇവിടെ അവസാനിക്കുന്നില്ല. ഇവിടെയാണ് മനുഷ്യൻ പൂർണ്ണതയെ തേടേണ്ടത്. ഇതാണ് ആത്മാവിലും വെള്ളത്തിലും ഉള്ള വീണ്ടും ജനനം. മനുഷ്യൻ അവന്റെ ജീവിതചുറ്റുപാടുകളിൽ നിന്നും ജനിക്കണം. അവന്റെ പൈതൃകത്തിൽ നിന്നും പാരമ്പര്യത്തിൽ നിന്നും വീണ്ടും ജനിക്കണം. ഏതുദിശയിലേക്കും പോകുവാനുള്ള സ്വാതന്ത്ര്യത്തോടുകൂടിയ കാറ്റിൽ ജനിക്കണം. പൂർണ്ണസ്വാതന്ത്ര്യം അതാണ്. നാം സ്വായത്തമാക്കിയ വികാരവിചാരങ്ങളിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ (freedom from knowledge) പുതിയആകാശവും പുതിയഭൂമിയും വിശാലമായി നാം ദർശിക്കുന്നു. ഇതാണ് പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ വരുന്നത്. സ്വാതന്ത്ര്യത്തിന്റെ കാറ്റിൽ ചിറകുരുമ്മി പറക്കുവാൻ ഈ അവസ്ഥയിൽ നമുക്ക് കഴിയുന്നു. ഭൗതികതക്കുമപ്പുറം (metaphysical) എന്നത് തത്വജ്ഞാനികളുടെയും യോഗികളുടെയും കുത്തകയല്ല. എന്നാലോ വളരെ ലളിതമായ ഒരു ജീവിതരീതിയാണത്. നാം മരണം വിട്ടു ജീവനിൽ കടന്നിരിക്കുന്നു... സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു, (1. യോഹ 3:13-18). യോഹന്നാനും പൗലോസും മറിയവും എല്ലാം ഇതാവർത്തിച്ചു പറയുന്നു. ലോകജ്ഞാനം പൂർണ്ണമല്ല, അത് അസൂയയും പകയും വിദ്വേഷവും നിറഞ്ഞതാണ്. സ്നേഹം ഇല്ലാത്ത ജ്ഞാനം എന്നു ചുരുക്കം. ഇത് കൊലപാതകം കൂടി

യാണ്. കാരണം പരിപൂർണ്ണജ്ഞാനത്തിൽ (സ്നേഹംനിറഞ്ഞ ജ്ഞാനം) നിന്നും ഇത് നമ്മെ വേർതിരിക്കുന്നു. എന്നാൽ സ്നേഹമയമായ ജ്ഞാനം പൂർണ്ണസ്വതന്ത്രമായ കാറ്റുപോലെ പരിമിതികൾ ഇല്ലാത്തതാണ്. അതിന് ചരടുകളില്ല, ഒന്നിനും അടിമയല്ല, ആരുടെയും സ്വന്തമല്ല. വളരെ വിസ്താരമേറിയതായതിനാൽ ഒന്നിനും അതിനെ സ്വന്തമെന്ന പേരിൽ ഉൾക്കൊള്ളാനും സാധിക്കയില്ല. എന്നാൽ സാധാരണമനുഷ്യജീവിതത്തിൽ തീർത്തും നിസ്വാർത്ഥമായ സ്നേഹം പ്രായോഗികമോ എന്നു ചോദിച്ചാൽ അല്ല, പക്ഷെ എത്രമാത്രം നിസ്വാർത്ഥമാക്കാൻ സാധിക്കുമോ അതിനുവേണ്ടി ശ്രമിക്കുക എന്നു സാരം.

# സുവിശേഷം - പതിനേഴാംപുറം

**മ**റ്റൊരു ലോകത്തിന്റെ സഹായം കൊണ്ട് ഞാൻ ഈ ലോകത്തെ വിട്ടിരിക്കുന്നു. ഒരു രൂപത്തെ മേന്മയേറിയ മറ്റൊരുരൂപം തുടച്ചു മാറ്റി. ഇപ്പോൾ ഞാൻ സ്വസ്ഥതയിലേക്ക്, നിശ്ശബ്ദതയിലേക്ക് യാത്രയാകുന്നു. അവിടെ സമയം നിത്യതയുടെ സമയത്തിൽ വിശ്രമിക്കുന്നു. ഞാൻ നിശ്ശബ്ദതയിലേക്ക് പോകുന്നു. ഇപ്രകാരം പറഞ്ഞശേഷം മറിയം നിശ്ശബ്ദയായി, കാരണം നിശ്ശബ്ദതയിലാണ് ഗുരു അവളോട് സംസാരിച്ചത്.

മേന്മയേറിയ സ്നേഹം സാധാരണസ്നേഹത്തെ കീഴടക്കുന്നു, മേന്മ കുറഞ്ഞവയെ തുടച്ച് മാറ്റുന്നു കൂടുതൽ രൂപഭംഗിയുള്ള ഭാവനയും ചിത്രീകരണവും. മനുഷ്യന്റെ പരിണാമപുരോഗതിയുടെ കഥയും ഇതുതന്നെ. പൗരാണികലോകത്ത് മനുഷ്യജാതിയെ നയിച്ചത് രോഗങ്ങളും പ്രകൃതിശക്തികളും ഒക്കെ ആയിരുന്നു. മനുഷ്യൻ നിസ്സഹായനായി അതിന്റെ കെടുതികൾ അനുഭവിച്ചു. എന്നാൽ ആധുനികമനുഷ്യൻ ആ അവസ്ഥയിൽനിന്നും വളരെ മുന്നോട്ടുവന്നു കഴിഞ്ഞു. പല രോഗങ്ങളെയും കീഴടക്കാൻ അവന് സാധിച്ചു. പ്രകൃതിശക്തികൾ ഏൽപിക്കുന്ന പല ദുരന്തങ്ങളിൽനിന്നും രക്ഷപെടാൻ സാധിച്ചു. മനുഷ്യൻ ബുദ്ധിപരമായി പരിണമിച്ചതുപോലെ ശാരീരികമായും പരിണമിച്ചു. പഴയ ഗുഹാമനുഷ്യന്റെ ചന്തമല്ല ആധുനികമനുഷ്യന്റെ രൂപം. ഏതോ രാജശില്പി കടഞ്ഞെടുത്ത കൊത്തുപണി പോലെ ആധുനികമനുഷ്യന് എന്ത് സൗന്ദര്യം! ഈ ഭൗതികസൗന്ദര്യവും അറിവ് പോലെ തന്നെ മേന്മയിലേക്ക് പരിണമിക്കേണ്ടതാണ്. അതുപോലെ മനുഷ്യന്റെ ചിന്താഗതിയും. ഇതാണ് മറിയവും സുവിശേഷിക്കുന്നത്. അപ്പോഴാണ് പൂർണ്ണമനുഷ്യൻ (ദിവ്യമനുഷ്യൻ) ആയി സാധാരണമനുഷ്യൻ പരിണമിക്കുന്നത്. ഇവിടെയാണ് ഗുരുവിന്റെ സാദൃശ്യം മനുഷ്യനിൽ പതിയേണ്ടത്. ഇതാണ് മനുഷ്യനെ ദൈവസാദൃശ്യത്തിൽ സൃഷ്ടിച്ചു എന്നു പറയുന്നത്. ഈ ആദ്ധ്യാത്മികമനുഷ്യനാകാനുള്ള കഴിവ് അവനിൽ അന്തർലീനമായിരിക്കുന്നു. അതിനാൽ പ്രാകൃതമനുഷ്യന്റെ സാദൃശ്യം വിട്ടിട്ട് മേന്മയേറിയ ഗുരുവിന്റെ സാദൃശ്യം തെരഞ്ഞെടുക്കുമ്പോൾ നാം ദൈവമനുഷ്യരാകുന്നു. പ്രാകൃതവികാരങ്ങളുടെ പഴയലോകം വിട്ട് മേന്മയേറിയ ചിന്തകളുടെ

പുതിയലോകം തെരഞ്ഞെടുക്കണം. ഭൗതികമായ കണ്ണിലൂടെ കാണുന്നവ ആത്മീയമായ കണ്ണിലൂടെ കാണാൻ ശ്രമിക്കണം. സ്വാർത്ഥതയുടെ ലോകത്തിൽനിന്നും നിസ്വാർത്ഥയുടെ ലോകത്തിലേക്ക് സഞ്ചരിക്കണം. ഇവിടെ മറിയം ആത്മീയയാത്രയിൽ ഓരോ മണ്ഡലങ്ങളിലൂടെ യാത്രചെയ്യുമ്പോൾ ഭാരങ്ങൾ ഓരോന്നായി കുറയുകയാണ്. ഓരോ ഭാരത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കുന്നു. ഇതാണ് ഹീനയാനം. അക്കരയ്ക്ക് യാത്ര ചെയ്യുന്ന സിയോൻസഞ്ചാരി അക്കരെ എത്തിക്കഴിഞ്ഞും തന്റെ യാത്ര തുടരണം. ഈ യാത്ര പല രീതിയിലുള്ള മണ്ഡലങ്ങിൽ കൂടിയുള്ള കടന്നുപോകൽ (പെസഹ) ആണ്. ഭാരങ്ങളെ ഓരോന്നായി ഉപേക്ഷിക്കുമ്പോൾ പ്രാകൃതവികാരങ്ങളെ, സ്വഭാവങ്ങളെ, ചിന്താഗതികളെ ഓരോന്നായി ഉപേക്ഷിക്കുമ്പോൾ നാം നിശ്ചലതയുടെ, സ്വസ്ഥതയുടെ മണ്ഡലമായ ശാബദിൽ പ്രവേശിക്കുന്നു. ശാബദ് എന്ന വാക്ക് നിർത്തുക (stop) എന്ന മൂലത്തിൽനിന്നും ഉത്ഭവിച്ചതാണ്. ഇവിടെ ചെയ്യുന്ന പ്രവൃത്തി നിർത്തുക, ചിന്തിക്കുന്ന ചിന്ത നിർത്തുക എന്നാണുദ്ദേശിക്കുന്നത്. പൂർണ്ണമായും യാതൊരു പ്രവൃത്തിയും ചെയ്യാത്ത ശാബദിൽ എത്തുമ്പോൾ നാം സ്വസ്ഥതയുടെ മണ്ഡലത്തിൽ പ്രവേശിക്കുന്നു. ദൈനംദിനജീവിതത്തിലെ ബഹളങ്ങൾ ഇവിടെ ഇല്ല. ഇവിടെ വികാരം ഇല്ല, വിചാരം ഇല്ല, മോഹങ്ങൾ ഇല്ല, ആഗ്രഹങ്ങൾ ഇല്ല, ആവശ്യങ്ങൾ ഇല്ല. എല്ലാ തപസ്സും അനുഷ്ഠിക്കുന്ന മണ്ഡലം. ഇതാണ് ബുദ്ധൻ കാണിച്ചുതന്ന നിശ്ചലമായ ബിന്ദുവിൽ ഇരിക്കുന്ന അവസ്ഥ. ഇത് മാനുഷികവികാരങ്ങൾക്കെല്ലാം ഉപരിയാണ്. ഇവിടെ കാലം നിത്യതയിൽ വിശ്രമിക്കുന്നു. യോഗാവസ്ഥയിൽ എത്തിയ മനുഷ്യൻ സ്ഥലകാലങ്ങൾക്ക് അതീതനായി മാറുന്നു ഇവിടെ നിത്യത എന്നാൽ സമയം ഇല്ലാത്ത നിശ്ചലതയുടെ അവസ്ഥയാണ്. മതങ്ങൾ പറയുന്ന സ്വർഗം അല്ല ഈ സ്വർഗം; മതങ്ങളുടെ സ്വർഗത്തിൽ നിശ്ചലത ഇല്ല. അവിടം നിരന്തരസ്തുതിയുടെ ലോകമാണ്; അത് പ്രവർത്തന നിരതമാണ്. എന്നാൽ മറിയത്തിന്റെ സുവിശേഷത്തിൽ നിത്യതയിൽ ചലനമില്ല, വികാര വിചാരങ്ങളില്ല; പ്രപഞ്ചത്തിന്റെ നിത്യതയിൽ ലയിക്കുന്ന അവസ്ഥയാണത്. യിസ്രയേലിന് യാഹ് കൊടുത്ത കൽപനയുടെ അവസ്ഥ. ഏഴാം ദിവസം (സ്വസ്ഥത) യാതൊരു പ്രവൃത്തിയും ചെയ്യാത്ത ശാബദ്. അതാണ് ഉൽപത്തിയിലെ ദൈവം ചെയ്തത്. ഏഴാം ദിവസം പ്രവൃത്തികൾ എല്ലാം തികച്ച് പൂർണ്ണമായി വിശ്രമിക്കുന്ന അവസ്ഥ. അതാണ് നിത്യത. ഈ നിത്യതയെ പ്രാപിക്കുന്നതിനാണ് പരബ്രഹ്മത്തിൽ ലയിക്കുക എന്നുപറയുന്നത്.

ഭൂമിയിലെ കാലനിർണ്ണയം സൂര്യന്റെ ഉദയാസ്തമയങ്ങളെ ആസ്പദമാക്കിയാണ്. സൂര്യൻ ഉദിക്കുന്നു, അസ്തമിക്കുന്നു എന്നത് ഭൂമിയിൽ നില്ക്കുമ്പോൾ ഉണ്ടാകുന്ന തോന്നൽ മാത്രമാണ്. അതിനാൽ കാലവും വെറും തോന്നൽ മാത്രം. ഭൂമിയ്ക്ക് ഉപരിയായി ചിന്തിച്ചാൽ ഉദയവും അസ്തമയവും ഇല്ല, കാലം ഇല്ല, ഭൂതവും ഭാവിവും വർത്തമാനവും ഇല്ല. ഇതു

നിത്യതയാണ്. സൂര്യന്റെ ഉദയാസ്തമയങ്ങളെ ആസ്പദമാക്കി ഉണ്ടായിട്ടുള്ളതാണ് മനുഷ്യന്റെ മതവും തത്വശാസ്ത്രവും ഒക്കെ. സമയം എന്നത് വെറും തോന്നൽ മാത്രം. എങ്കിൽ വെറും തോന്നൽ മെനഞ്ഞെടുത്ത മത വിശ്വസങ്ങളും തത്വശാസ്ത്രങ്ങളും വെറും തോന്നൽ മാത്രമല്ലേ? ഈ തോന്നലിന്റെ മതങ്ങൾക്കും തത്വചിന്തകൾക്കും പകരം പുതിയ അറിവിൽ നിന്നും ലഭിച്ച ജ്ഞാനത്തിന്റെ പുതിയലോകവും പുതിയഭൂമിയും പുതിയആകാശവും നമുക്കു വേണം. അതായിരിക്കാം യേശുവും പറഞ്ഞത്, ഈ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എന്ന്. വേദപുസ്തത്തിലെ ആകാശവും ഭൂമിയും അല്ല യാഥാർത്ഥആകാശവും ഭൂമിയും. വേദപുസ്തകത്തിൽ ഭൂമി പ്രപഞ്ചത്തിന്റെ മദ്ധ്യത്തിലാണ്, സൂര്യനും ഗ്രഹങ്ങളും നക്ഷത്രങ്ങളും ഭൂമിക്കു ചുറ്റും കറങ്ങുകയും ചെയ്യുന്നു. ഇതാണ് പൗരാണികമനുഷ്യന്റെ ഭൂമിയും ലോകവും. എന്നാൽ ഭൂമി സൗരയൂഥത്തിലെ ഒരു ഗ്രഹം ആണെന്നും അനേകം സൂര്യന്മാർ മാത്രമല്ല അനേകം ആകാശഗംഗങ്ങളും ഉണ്ടെന്നും പുതിയ നക്ഷത്രങ്ങൾ ജനിക്കുന്നു എന്നും പഴയവ കത്തി മറ്റൊന്നായി മാറുന്നു എന്നുമൊക്കയുള്ള പുതിയ അറിവുകൾ ഓരോ ദിവസവും കൂടുതൽ കൂടുതലായി നമുക്കു ലഭിക്കുന്നു. നമ്മുടെ ചിന്താഗതിയും പ്രവർത്തനരീതിയും പുതിയ അറിവിന്റെ വെളിച്ചത്തിൽ തിരുത്തിഎഴുതണം. 2500 വർഷങ്ങൾക്കു മുൻപുള്ള അറിവിൽ ഉത്ഭവിച്ച മതവും ചിന്തയും എല്ലാം വളരെ പഴഞ്ചനാണ്. അതിനാൽ പഴയ ആകാശവും ഭൂമിയും ഇല്ലാതെയാകണം. നിത്യമായ അറിവിൽ നാം ജീവിക്കണം. ശാബദിന്റെ കല്പന തന്ന യാഹ് എന്ന ദൈവമാണ് ഉൽപത്തിയിലെ സൃഷ്ടാവും ദൈവവും. ഈ ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ദൈവസാദൃശ്യത്തിലാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ ദൈവഹിതം എന്ന വചനം ജഡമായതാണ് മനുഷ്യൻ. അപ്പോൾ, എപ്പോഴാണ് പ്രവൃത്തി നിർത്തി ശാബദ് അനുഷ്ഠിക്കേണ്ടതെന്ന് ഈ മനുഷൻ അറിഞ്ഞിരിക്കണം എന്ന് സാരം. മനുഷ്യൻ സ്വസ്ഥതയുടെ ശാബദിൽ പ്രവേശിക്കുമ്പോൾ മനുഷപുത്രൻ അവനോട് സംസാരിക്കുവാൻ തുടങ്ങുന്നു. അതാണ് മറിയത്തിന്റെ നിശ്ശബ്ദതയിൽ ആണ് ഗുരു അവളോട് സംസാരിച്ചതെന്ന് എഴുതിയിരിക്കുന്നത്. അതുതന്നെയാണ് യേശു പറയുന്നത്, നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് വാതിലടച്ച് രഹസ്യത്തിൽ കാണുന്ന നിന്റെ ദൈവവുമായി സംസാരിക്കുക എന്ന്. പഴയ ആചാരങ്ങളിൽ, വിശ്വാസരീതികളിൽ നിശ്ശബ്ദതയെ പിതാവിന്റെ മാറിൽ തലചായിക്കുന്ന പൂർണ്ണസ്വസ്ഥതയുടെ അവസ്ഥ എന്ന് വിവരിക്കുന്നു (serimty is the breast of the father). അന്ത്യോഖ്യയിലെ ഇഗ്നാത്തിയോസ് പറയുന്നു, വചനം സ്വസ്ഥതയിൽ നിന്നും ഉളവായി തിരികെ സ്വസ്ഥതയിലേക്ക് പോകുന്നു. ഇവിടെ സ്വസ്ഥത എന്ന് ഇഗനാത്തിയോസ് ഉദ്ദേശിക്കുന്നത് പിതാവാം ദൈവത്തെയാണ്. ഭാരതീയഭാഷയിൽ പരമാർത്ഥത്തിൽ ലയിക്കുന്ന അവസ്ഥ, നിത്യമായ ഓംകാരത്തിൽ ലയിച്ചുചേരുന്ന അവസ്ഥ. അലക്സാ

ണ്ടറിയായിലെ ക്ലെമന്റ് പറയുന്നു, സ്വസ്ഥത അഗാധതതയിൽനിന്നും ജനിച്ച എല്ലാത്തിന്റെയും അമ്മയാകുന്നു. വർണ്ണിക്കാൻ ആകാത്തതിനെ നിശബ്ദ തയിലൂടെ അവൾ വർണ്ണിക്കുന്നു. ഇത് മനസ്സിലാക്കിയത് മൂലം അവൾ അതിനെ മനസ്സിലാക്കാൻ ആകാത്തതിലും അധികം എന്നുവിളിക്കുന്നു.

ആദിമസഭയിലെ ജോൺ ക്രിസോസ്റ്റവും നിഖ്യയിലെ ഗ്രിഗറിയും ഇതേ ആശയക്കാർ ആയിരുന്നു. ഇവിടെ യാഹ് എന്ന ദൈവം മനുഷ്യന്റെ അറി വിനും അതീതൻ, അപ്രാപ്യൻ. നമുക്ക് ആകെ മനസ്സിലാക്കാനാകുന്നത് ദൈവ ത്തിന്റെ പ്രവൃത്തിയുടെ ഗുണങ്ങൾ മാത്രമാണ്. ഇതിനെ ഊർജ്ജം എന്നു വിളിക്കുന്നു, ഭാരതീയർ ശക്തി എന്നും. ദൈവം ശക്തിയാണ് എന്ന ആശയം ഉളവായപ്പോൾ ആണ് ഭൂമിയിലെ ഊർജ്ജത്തിന്റെ സ്രോതസ്സ് ആയ സൂര്യനെ ആരാധിക്കുവാൻ തുടങ്ങിയതും സൂര്യൻ ദൈവം ആയതും ക്രിസ്ത്യാനിയുടെ ദൈവം നീതിയിൽ സൂര്യനായി മാറിയതും. സൂര്യനെ അതിന്റെ പൂർണ്ണത യിൽ കാണാൻ സാധിക്കാത്തതു പോലെ ദൈവത്തേയും കാണാൻ സാധിക്കുന്നില്ല. എന്നാൽ സൂര്യന്റെ പ്രകാശകിരണങ്ങൾ നിശ്ശബ്ദതയിൽ ഭൂമിയിലും എല്ലാ ചരാചരത്തിലും പതിക്കുന്നതു പോലെ ഭഗവാന്റെ ശക്തി മനുഷ്യനിലും എല്ലാ ചരചരങ്ങളിലും പതിക്കുന്നു. സൂര്യഭഗവാനെ ആരാധി ച്ചാലും ഇല്ലെങ്കിലും സൂര്യന്റെ പ്രകാശം നമ്മിൽ നിർലോഭമായി, വിവേചനം ഇല്ലാതെ പതിക്കുന്നു. അതായത് എല്ലാ മനുഷ്യരെയും പ്രകാശിതർ ആക്കാ നുള്ള കഴിവ് ഭഗവാനിൽ കുടികൊള്ളുന്നു. അത് സ്വീകരിക്കുവാൻ നമ്മൾ തയ്യാറായാൽ മാത്രം മതി. നിശ്ശബ്ദമായി ആ പ്രകാശം നമ്മിൽ പതിക്കുന്നു. ഇതിൽ ഉപരി ഒരു ഉപമ ഇതിനില്ല. ഇത്തരം നിശബ്ദതയിൽ ഉള്ള സംസർഗ്ഗ മാണ് മറിയവും ഗുരുവും തമ്മിലുണ്ടായിരുന്ന ബന്ധം. ജീവിതത്തിലെ മറ്റു പ്രശ്നങ്ങളിൽ വ്യാപൃതതരായിരുന്ന മറ്റു ശിഷ്യർക്ക് ഈ സ്വസ്ഥത ലഭിച്ചിരി ക്കാൻ സാദ്ധ്യതയില്ല. എന്നാൽ ഗലീല കടലിന്റെ കുളിർകാറ്റും കൊണ്ട് നിശ്ശ ബ്ദതയിൽ യേശുവും മറിയവും മണൽപ്പുറത്തു നടന്നിരുന്നിരിക്കാം. ഈ സ്വസ്ഥതയുടെ സംസർഗ്ഗം ആയിരിക്കാം മറിയത്തെ ക്രിസ്തുവിന്റെ മണ വാട്ടി - സഭയുടെ മൂർത്തികരണം - എന്ന് വിശേഷിപ്പിക്കാനുള്ള കാരണവും.

അപ്പോൾ അന്ത്രയോസ് അവന്റെ സഹോദരന്മാരോട് ഇപ്രകാരം പറഞ്ഞു:

ഇവൾ ഇപ്പോൾ പറഞ്ഞ കാര്യങ്ങളെ കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു? എന്നെ സംബന്ധിച്ചിടത്തോളം ഗുരു ഇങ്ങനെ പറഞ്ഞു എന്ന് ഞാൻ വിശ്വാസിക്കുന്നില്ല, കാരണം ഈ ആശയങ്ങൾ നമുക്ക് അറിയാവു ന്നതിൽനിന്നും വളരെ വ്യത്യസ്തമാണ്.

പത്രോസ് അതിനോട് കൂട്ടിച്ചേർത്തുപറഞ്ഞു:

ഗുരു ഇപ്രകാരം ഒരു സ്ത്രീയോട് നമ്മൾ അറിയാത്ത രഹസ്യങ്ങൾ സംസാരിച്ചു എന്നത് എപ്രകാരം സാദ്ധ്യമാണ്? നാം നമ്മുടെ സമ്പ്രദായ

ങ്ങളെ മാറ്റി ഈ സ്ത്രീ പറയുന്നത്. കേൾക്കണമോ? അവൻ നമ്മെക്കാൾ ഉപരി ഇവളെ കണക്കാക്കിയിരുന്നുവോ?

മറിയത്തിന്റെ സംസാരം പുരുഷശിഷ്യന്മാരിൽ വളരെ ഈർഷ്യ ഉണ്ടാക്കി, എന്നു മാത്രമല്ല മറിയത്തിന്റെ നിശ്ശബ്ദതയുടെ ശാന്തതയാണ് അവർക്ക് കൂടുതൽ അരിശം ഉണ്ടാക്കിയത്. മറിയത്തിന്റെ ശാന്തത ഗുരുവിൽനിന്നും ലഭിച്ച ശാന്തതയാണ്. ലോകത്തിന്റെ ക്ഷണികതയും മായയും മനസ്സിലാക്കി കഴിഞ്ഞപ്പോൾ വലിയ ബഹളം കൂട്ടിയിട്ട് കാര്യമില്ല എന്ന് ഗുരുവിനും ശിഷ്യ മറിയത്തിനും മനസ്സിലായി. എന്നാൽ പുരുഷമേധാവിത്വത്തിന്റെ ഞാൻ ഭാവത്തിൽ ജീവിക്കുന്ന പുരുഷശിഷ്യർക്ക് ഇതംഗീകരിക്കാൻ സാധിക്കുന്നില്ല, വിശ്വസിക്കാനും സാധിക്കുന്നില്ല. മനുഷ്യചരിത്രത്തിന്റെ തുടക്കം മുതലേ കാണുന്ന രീതിയാണുതാനും ഇത്. സ്ത്രീയെ അംഗീകരിക്കുവാനുള്ള പുരുഷന്റെ ബുദ്ധിമുട്ടാണ് ഇവിടെയും പ്രകടമാകുന്നത്. സ്ത്രീയിൽനിന്നും നന്മ ഉണ്ടാകില്ല എന്ന തോന്നൽ പുരുഷന്റെ തത്വശാസ്ത്രമാണ്. അതുകൊണ്ടാണ് അവളെ പാപത്തിന്റെ ഉത്ഭവം എന്ന മുദ്ര അടിച്ചു പുറത്താക്കിയിരിക്കുന്നത്. ഇത് ലോകമെമ്പാടും ഉള്ള സംസ്കാരങ്ങളിൽ വളരെ ശക്തമായി നിലനിൽക്കുന്നു. മനുഷ്യാത്മാവ് പല മണ്ഡലങ്ങളിലൂടെ സ്വാതന്ത്ര്യം പ്രാപിക്കുന്നു എന്ന അവസ്ഥ സാധാരണക്കാരായ മുക്കുവർക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ട് ഉണ്ടായിരുന്നതിനാലാണ് മറിയവുമായി യേശു കൂടുതൽ സമയം ചിലവഴിക്കുകയും ഉയർന്നനിലവാരത്തിലുള്ള ചിന്തകൾ പരസ്പരം കൈമാറുകയും ചെയ്തത്. അതായിരിക്കാം യേശു ഉപമകളിലൂടെ സംസാരിച്ചതിന്റെ കാരണവും. എന്നിട്ടും മുക്കുവശിക്ഷ്യർക്ക് പലപ്പോഴും മനസ്സിലായില്ല (മത്തായി 13: 34,35; മർക്കോസ് 4:33,34).

വളരെ എളുപ്പം മനസ്സിലാക്കാവുന്ന ലളിതമായ ഉപമകൾ പോലും കേൾക്കുന്നവർ അവരവരുടെ കഴിവിനനുസരിച്ച് മനസ്സിലാക്കി എന്ന് ഗുരു തന്നെ പറയുന്നു. യേശുവിന്റെ വചനങ്ങൾ ഇന്നും അഭിമുഖീകരിക്കുന്ന പ്രശ്നവും ഇതാണ്. ഇതാണ് 1+1=2 എന്നതിനുപകരം പല രീതിയിലും വിവർത്തനം ചെയ്യുകയും പൊരുളുതിരിക്കുകയും ചെയ്ത് അനേകം ക്രിസ്തീയവിഭാഗങ്ങൾ ഉണ്ടാകുവാനുള്ള കാരണവും. യേശുവിന്റെ ശിഷ്യർ തന്നെ ഓരോരുത്തരും അവരവരുടെ ബുദ്ധിശക്തിയുടെയും അറിവിന്റെയും അടിസ്ഥാനത്തിലാണ് ഉപമകൾ മനസ്സിലാക്കിയത്. ഈ അവസ്ഥ ഇന്നും നിലനില്ക്കുന്നു. പ്രാഥമികവിചാര വികാരങ്ങളിൽ ജീവിക്കുന്ന മനുഷ്യന് ഈ ഉയർന്നചിന്തയുടെ സുവിശേഷം മനസ്സിലാകുകയില്ല. യേശുവിന്റെ സുവിശേഷം ഘോഷിക്കുന്ന ദൈവരാജ്യം മനസ്സിലാക്കാൻ മനുഷ്യൻ ഗുണങ്ങളിൽ ജീവിക്കുകയും നന്മയും സ്നേഹവും അവനിൽ നിറയുകയും ചെയ്യണം. ഇത് ഒരു വിശ്വാസമല്ല, ജീവിത രീതിയാണ് ആത്മീയാന്ധതയും

ബധിരതയും മുടന്തും കൂനും ഉള്ളവർക്ക് ഇത് മനസ്സിലാക്കാനോ നന്മയുടെ ജീവിതം അതിന്റെ പൂർണ്ണതയിൽ ആസ്വദിക്കാനോ സാധിക്കുകയില്ല. ഈ ആശയം യേശു തന്നെ പ്രശസ്തിയോടെ പറയുന്നു (മത്തായി-6:22-23, ലൂക്ക:-11: 34-35). യാഥാർത്ഥയേശുവിനെ കാണുവാൻ ദേവാലയങ്ങളും പുണ്യസ്ഥലങ്ങളും സന്ദർശിക്കേണ്ടതില്ല. ബൈബിൾ കാണാതെ പഠിച്ചു കവലപ്രസംഗം നടത്തിയാലും കാണില്ല. ഇവരെല്ലാം തിമിരം ബാധിച്ച കണ്ണു കളിലൂടെ മാത്രം യേശുവിനെ കാണുന്നു. എന്നാൽ പൗലോസ് പറയുന്നു, മാംസത്തിലൂടെ അല്ല ഇനി മുതൽ നാം യേശുവിനെ കാണുന്നത് പിന്നെയോ ആന്തരികമായ ആത്മീയക്കണ്ണുകളിലൂടെ മാത്രമെ യേശുവിനെ കാണാൻ കഴിയു. യേശു ഉയർത്തു എന്ന വാർത്ത വിശ്വസിക്കാൻ സാധിക്കാതെ ഭയവും വ്യാകുലതയും, കീഴടക്കിയവരായി ശിഷ്യർ ഇരുന്നതിന്റെ കാരണവും അതാണ് (മർക്കോസ് -16:9-11). യേശു ഉയർത്തു എന്ന സുവിശേഷം ഒരു സ്ത്രീയുടെ അർത്ഥശൂന്യമായ വാക്കുകൾ എന്നേ ശിഷ്യർക്കു തോന്നിയുള്ളു (ലൂക്ക - 24:10,11). യേശുവിന് പത്രോസിന്റെയും അന്ത്രയോസിന്റെയും ബധിരതയും അജ്ഞതയും മാറ്റാൻ സാധിച്ചില്ല. മാത്രമല്ല ഈ പത്രോസ് വളരെ അറിയപ്പെട്ട ഒരു സ്ത്രീവിദ്വേഷിയുമായിരുന്നു. സ്വന്തം മകൾക്ക് പക്ഷവാതം പിടിക്കുവാൻ പത്രോസ് പ്രാർത്ഥിച്ചു എന്നാണ് പറയപ്പെടുന്നത്, കാരണം സ്ത്രീയുടെ മുഖം പത്രോസിന് വളരെ ആവലാതി ഉണ്ടാക്കിയിരുന്നു. സുന്ദരിയായ മകൾ വാതം പിടിച്ച് വിരൂപയായാൽ പുരുഷന്മാരാൽ ശ്രദ്ധിക്കപ്പെടാതെ എന്നും കന്യകയായി ജീവിച്ചുകൊള്ളും എന്നാകാം പത്രോസ് ചിന്തിച്ചിരുന്നത്. ഇതേ ചിന്താഗതി കൊണ്ടാണ് മറിയത്തിൽനിന്നും വളരെ ഉയർന്ന ചിന്തകൾ ഉണ്ടായപ്പോൾ അതംഗീകരിക്കാൻ പത്രോസിന് കഴിയാതെ വന്നതും. ആദിമനൂറ്റാണ്ടിലെ പുരുഷനിൽ മാത്രമല്ല ഈ കാലഘട്ടത്തിലെ പുരുഷനിലും കാണുന്ന പ്രവണതയാണ് സ്ത്രീയിൽ നിന്നും ഉയർന്നചിന്തകൾ ഉണ്ടായാൽ അതംഗീകരിക്കാനുള്ള ബുദ്ധിമുട്ട്, സ്ത്രീയെ നേതൃസ്ഥാനത്ത് കാണുവാൻ ഉള്ള ബുദ്ധിമുട്ട്. ആദിമനൂറ്റാണ്ടിലെ പലസ്റ്റിൻ പ്രദേശത്ത് സ്ത്രീയുടെ മേധാവിത്തം ചിന്തിക്കാൻ പോലും സാധിക്കുമായിരുന്നന്നില്ല. ആ കാലഘട്ടത്തിലെ 'ദൈവഭയം' ഉള്ള പുരുഷൻ തന്നെ അംഗവിഹീനനും ദരിദ്രനും സ്ത്രീയും അല്ലാതെ സൃഷ്ടിച്ചതിന് ദൈവത്തോട് നന്ദി പറഞ്ഞിരുന്നു. ഇത്തരം പുരുഷഗണത്തിൽ പെട്ടവരായിരുന്നു പത്രോസും അന്ത്രയോസും ഭൂരിഭാഗം പലസ്റ്റിൻ പുരുഷവർഗ്ഗവും. സ്ത്രീ പുരുഷന്റെ അടിമ എന്നത് സാമൂഹ്യകർത്തവ്യം മാത്രമല്ല മതപരമായ അനുഷ്ഠാനം കൂടിയാണ് എന്നായിരുന്നു ഈ പുരുഷന്മാരുടെ മനോഭാവം. ഗുരുവിന്റെ സ്ത്രീകളോടുള്ള അടുപ്പം അവരെ എപ്പോഴും അലട്ടിയിരുന്നു. ഗുരു ശമരിയാക്കാരിയിൽ നിന്നും വെള്ളം ചോദിക്കുന്നതും മറിയം യേശുവിനെ തൈലം പുരട്ടുന്നതും ശിഷ്യർക്കിഷ്ടപ്പെടുന്നില്ല എന്നത് ഇതിന്റെ ഉദാഹരണങ്ങളാണ്. ഏറ്റവും

വലിയ സുവിശേഷമായ 'യേശു ഉയർത്തു' എന്ന വാർത്ത സ്ത്രീയിൽനിന്നും വന്നതിനാൽ വിശ്വസിക്കാൻ സാധിക്കുന്നില്ല ശിഷ്യർക്ക്. മാത്രമല്ല ഒരു വാല്യക്കാരി സ്ത്രീയുടെ മുന്നിൽപോലും പതറി കള്ളസാക്ഷ്യം ചെയ്യുന്ന ശിഷ്യന്മാരിൽ തലവനെയാണ് നാം കാണുന്നത്. ഈ പത്രോസ് എന്ന പാറയിൽ പണിത ക്രിസ്തുമതം ഇന്നും സ്ത്രീയെ കാണുമ്പോൾ വെകിളിപിടിക്കുന്നു, ശപിക്കുന്നു, നുണകൾ പറഞ്ഞ് ആണയിടുന്നു. "നിന്നോടു കൂടി മരിക്കേണ്ടി വന്നാലും നിന്നെ തള്ളിപ്പറയുകയില്ല", എന്നു പറഞ്ഞ പത്രോസ് തന്നെ ഒരു പെൺകുട്ടിയുടെ മുന്നിൽ ഒരിക്കൽ അല്ല, മൂന്നു പ്രാവശ്യം ഗുരുവിനെ തള്ളിപ്പയുന്നു (മത്തായി. 26:31-35, 26:69-75; മർക്കോസ്14:27-31, 14:66-72; യോഹന്നാൻ .13:36-38, 18:25-27).

ഈ പ്രവണത ഇന്നും നിലനില്ക്കുന്നു. അപ്പോസ്തോലികപിൻതുടർച്ച വാദിക്കുന്ന കത്തോലിക്കാസഭയും ഇതര ഓർത്തഡോക്സ് സഭകളും സ്ത്രീകളെ സഭയുടെ നേതൃത്വത്തിലേക്കും പുരോഹിത ജോലിക്കും അംഗീകരിക്കുമോ? മറ്റു പല ക്രിസ്തീയവിഭാഗങ്ങളും സ്ത്രീകൾക്ക് പുരുഷന്മാർക്കൊപ്പം സ്ഥാനം കൊടുക്കുന്നു. ഇത് വളരെ പ്രശംസനീയമായ ഒരു പ്രവണതയാണ്. മനുഷ്യജീവിതം അതിന്റെ പൂർണ്ണതയിൽ ആസ്വദിക്കാൻ സ്ത്രീയും പുരുഷനും വൈരുദ്ധ്യഘടകങ്ങളായി നിന്നാൽ സാധിക്കുകയില്ല. പകരം ഗാഢമായ ആന്തരികബന്ധം അവർക്കിടയിൽ ഉണ്ടായിരിക്കണം. അത് ലൈംഗികം എന്ന് ചിന്തിക്കാനും പാടില്ല. ലൈംഗികവേഴ്ച ഇല്ലാതെ തന്നെ വളരെ ഗാഢമായ സ്ത്രീപുരുഷബന്ധം സാദ്ധ്യമാണ്. സ്ത്രീകളെ മാറ്റി നിർത്തി രൂപം കൊടുക്കുന്ന മനുഷ്യസമൂഹവും സമുദായവും ആര് സ്ഥാപിച്ചാലും അത് പുരുഷന്റെ ബലഹീനതയെ വിളിച്ചറിയിക്കുന്നു. സ്ത്രീയെ കണ്ടാൽ സമനില തെറ്റുന്ന പുരുഷൻ പ്രാകൃതനാണ്, സംസ്ക്കാരസമ്പന്നനല്ല. നന്മ നിറഞ്ഞവനും അല്ല. അവൻ മൃഗതുല്യനായ ഒരു വികാരജീവി മാത്രം. സ്ത്രീയെ അവഗണിക്കുന്ന സമുദായവും അതിനാൽ പ്രാകൃതമാണ്, സംസ്ക്കാരശൂന്യമാണ്, പക്വത ഇല്ലാത്തതാണ്. മറിയവുമായി ഗാഢബന്ധം പുലർത്തിയ ഗുരുവിനെ അനുകരിക്കുന്നവർ, സ്വന്തം ശിഷ്യരിൽ അനേകം സ്ത്രീകൾ ഉണ്ടായിരുന്ന ഗുരുവിനെ അനുകരിക്കുന്നവർ എന്തുകൊണ്ട് സ്ത്രീകളെ മാറ്റി നിർത്തുന്നു.?

ആത്മീയ ഉദ്ധാരണത്തിന് സ്ത്രീപുരുഷബന്ധം അനിവാര്യമാണ്. സ്ത്രീയുടെ മുഖം കാണുമ്പോൾ സമനില തെറ്റുന്നവനും ഓടുന്നവനും ഒരിക്കലും പൂർണ്ണപൂരുഷൻ ആകാൻ സാധിക്കില്ല. സ്ത്രീപുരുഷസംയോജനം ആണ് ദിവ്യമനുഷ്യൻ. സ്ത്രീയും പുരുഷനും രണ്ടു വൈരുദ്ധ്യങ്ങൾ അല്ല, ഇവരുടെ ശാരീരികവും ബുദ്ധിപരവും ആത്മീയവുമായ സംയോജനമാണ് വിവാഹം. ഈ അവസ്ഥ വ്യക്തികളിൽനിന്നും ജനിച്ച് സമൂഹത്തിലേക്ക് വളരുമ്പോൾ സമത്വസുന്ദരമായ സമുദായം വാർത്തെടുക്കപ്പെടു

ന്നു. ഇതിന്റെ മറ്റൊരു അലങ്കാര ചിത്രീകരണമാണ് ക്രിസ്തുവും അവന്റെ മണവാട്ടിയായ സഭയും. ക്രിസ്തുവിന്റെ മണവാട്ടി പുരുഷൻ മാത്രമോ?

സ്ത്രീയെ മനസ്സിലാക്കാനുള്ള കഴിവ്കേട് മാത്രമല്ല പത്രോസിനും അനുയായികൾക്കും സംഭവിച്ചത്. പൂർണ്ണതയെ സ്വീകരിക്കുവാനുള്ള അവസരം നഷ്ടപ്പെട്ട അവസ്ഥ കൂടിയാണത്. അസൂയയുടെയും സ്വാർത്ഥതയുടെയും അഹംഭാവത്തിന്റെയും അജ്ഞതയുടെയും മർക്കടമുഷ്ടിയുടെയും അന്ധകാരത്തിൽനിന്നും മുക്തി നേടി സ്നേഹത്തിന്റെ മണ്ഡലത്തിലൂടെ സ്വാതന്ത്ര്യം പ്രാപിക്കുന്ന അവസ്ഥയാണ് ആത്മീയ ഉദ്ധാരണം. സ്ത്രീകളെ അംഗീകരിക്കാൻ ബുദ്ധിമുട്ട് പ്രദർശിപ്പിക്കുന്നവർ കപടനാടകം ആടുന്നു എന്നതാണ് സത്യം. ഉള്ളിൽ സ്നേഹം നിറഞ്ഞ ഒരു വ്യക്തിക്ക്, ക്രിസ്ത്യാനി എന്നല്ല ഏതു മതക്കാരൻ ആയാലും, എങ്ങനെ സ്ത്രീകളേ മാറ്റി നിർത്തുവാനും അപമനിക്കുവാനും സാധിക്കും? ഇവരെല്ലാം കപട വേഷധാരികളാണ്. ഇവരെ നേതാക്കന്മാരായി അംഗീകരിക്കുന്ന സ്ത്രീകളെ നിങ്ങൾക്ക് അയ്യോ കഷ്ടം! നിങ്ങളെ അംഗീകരിക്കാത്തവരെ നിങ്ങൾ എന്തിന് അംഗീകരിക്കുന്നു?

ഗന്നസേരത്ത് തടാകത്തിന്റെ തീരത്ത് മറിയവും ഒത്ത് നടന്ന ഗുരു നിങ്ങളെയും വിളിക്കുന്നു. നിങ്ങളുടെ ആത്മീയ ബധിരത മാറ്റി അവന്റെ വാക്കുകളെ ശ്രദ്ധിക്കുക. ആത്മീയാന്ധകാരം മാറ്റി ആന്തരിക ചക്ഷുസ്സുകൾ തുറക്കുക. അപ്പോൾ മറിയത്തിന്റെ നിശബ്ദതയുടെ സുവിശേഷം നിങ്ങൾക്കു കേൾക്കാം, അവളുടെ കണ്ണുനീർ നിങ്ങൾക്ക് കാണാം.

# സുവിശേഷം - പതിനെട്ടാംപുറം

**അ**പ്പോൾ മറിയം കണ്ണീർ വാർത്ത് ഇപ്രകാരം പറഞ്ഞു:

എന്റെ സഹോദരാ, പത്രോസേ, നീ എന്ത് ചിന്തിക്കുന്നു? ഞാൻ പറഞ്ഞത് എന്റെ ഭാവന എന്നു നീ വിശ്വസിക്കുന്നുവോ? ഇത് ഞാൻ മെനഞ്ഞെടുത്ത ദർശനമോ? അതോ ഞാൻ ഗുരുവിനെപ്പറ്റി കള്ളം പറയന്നു എന്നു നീ കരുതുന്നുവോ?

ഗുരുവിന്റെ ഉപദേശപ്രകാരം സ്ത്രീ സഹോദരിയും പുരുഷൻ സഹോദരനുമാണ്. അവിടെ കൂടിയതും കുറഞ്ഞതുമായ അവകാശങ്ങളോ സ്ഥാനമാനങ്ങളോ ഇല്ല. യേശുവിന്റെ ശിഷ്യർ എന്നാൽ സഹോദരർ എന്നാണ് അർത്ഥം. എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവർ എല്ലാം സഹോദരരും മാതാവും പിതാവും ഒക്കെ എന്നു പറഞ്ഞതിന്റെ സാരം ഇതാണ്. മറിയം ഇവിടെ പത്രോസിനെ അഭിസംബോധന ചെയ്യുന്നത് സഹോദരാ എന്നാണ്. യേശുവിലുള്ള കൂട്ടായ്മയുടെ സ്നേഹബന്ധത്തിൽ നിന്നും ഉളവാകുന്ന ബന്ധമാണത്. മറിയം ഇവിടെ ഹൃദയം കൊണ്ടു ചിന്തിക്കുമ്പോൾ പത്രോസ് ദുർബുദ്ധിയോടെ ചിന്തിക്കുന്നു. അസൂയയും അവജ്ഞയും നീരസവും അയാളെ ഭരിക്കുന്നു. അതുകൊണ്ടാണ് മറിയത്തിന്റെ ദർശനം കാണുവാനോ മനസ്സിലാക്കുവാനോ പത്രോസിന് സാധിക്കാതെ വന്നതും. കണ്ണുണ്ടായാൽ പോര, കാണണം; ചെവിയുണ്ടായൽ പോര, കേൾക്കണം; അപ്പോൾ മാത്രമെ ഭൗതികമായി കാണുകയും കേൾക്കുകയും ചെയ്യുന്നവയുടെ ആന്തരികാർത്ഥം മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ. ഇതാണ് ആശ്വാസപ്രദമായ റൂഹാ തരുന്ന ജ്ഞാനം. ഈ അവസ്ഥ പ്രാപിക്കാൻ സ്വസ്ഥതയും എളിമയും വേണം, (ഇതുരണ്ടും പത്രോസിനില്ല). ഈ അവസ്ഥയിലാണ് ഞാൻ എന്നാളും നിങ്ങളുടെ കൂടെ ഉണ്ടായിരിക്കും എന്നു പറഞ്ഞ ഗുരുവിന്റെ കൂടെ സ്വസ്ഥതയോടെ മുന്നോട്ട് പോകുവാൻ സാധിക്കുന്നത്. ഈ ദർശനത്തിന്റെ അവസ്ഥ സ്വയം ആർജിക്കേണ്ട അവസ്ഥയാണ്, ഹീനയാനയിൽ സ്വയം തുഴഞ്ഞ് അക്കരയ്ക്കു യാത്ര ചെയ്യുന്ന അവസ്ഥ. ഇതാണ് ആശ്വാസപ്രദമായ റുഹായുടെ നൽവരം. ഉയർത്ത യേശു

വിന്റെ ദർശനം, പ്രകാശത്തിന്റെ ദർശനം, നിങ്ങൾക്കു സമാധാനം എന്നു പറയുന്ന ദർശനം, ഭയം ഉണ്ടാക്കാത്ത ദർശനം, വിശ്വാസത്തിന്റെ ദർശനം. എന്റെ ഗുരോ എന്നുവിളിക്കാൻ ശക്തി തരുന്ന സ്നേഹത്തിന്റെ ദർശനം, അതാണ് യേശുവിന്റെ ഉയിർപ്പിന്റെ സാരാംശം.

ഓർത്തഡോക്സ് സഭകളിലെ കുർബാനയുടെ ഏറ്റവും കാതലായ ഭാഗം അർപ്പിച്ചിരിക്കുന്നത് അപ്പത്തിലും വീഞ്ഞിലും പരിശുദ്ധ റുഹാ ആവസിച്ച് അവയെ യേശുവിന്റെ ശരീരവും രക്തവും ആക്കി രൂപാന്തരപ്പെടുത്തുന്നതിനാണ്. ഈ രൂപാന്തരത്തിന്റെ ദർശനം ആണ് മറിയത്തിൽ കാണുന്നത്. എന്നാളും നിങ്ങളുടെ കൂടെ ഉണ്ടായിരിക്കും എന്നു പറഞ്ഞ യേശു നമ്മുടെ അടുത്തേക്ക്, നമ്മളിലേയ്ക്ക് വരുന്ന അവസ്ഥ. ഇവിടെ പുരോഹിതൻ കാണിക്കുന്നത് അനുകരണം മാത്രം. അത് മനുഷ്യമനസ്സിൽ ചലനം ഉണ്ടാക്കണം, രൂപാന്തരം ഉണ്ടാക്കണം. ഏലിശുബായുടെ ഉദരത്തിലെ യോഹന്നാൻ സന്തോഷം കൊണ്ടു തുള്ളിച്ചാടിയ അവസ്ഥ. അതുപോലെ യാക്കോബിന്റെ ഗോവണിയിലെ പടികൾ പോലെ പല മണ്ഡലങ്ങളിലൂടെ യാത്രചെയ്യുമ്പോൾ സ്വസ്ഥതയുടെ, ശാന്തതയുടെ മണ്ഡലത്തിൽ എത്തുന്നു.

മറിയത്തിന്റെ ദർശനം കളവായി തോന്നിയ പത്രോസിന് ഒരിക്കലും ഉയിർപ്പിന്റെ ദർശനം ലഭിച്ചില്ല. പത്രോസ് ഉയിർപ്പ് വിശ്വസിക്കുന്നില്ല. ഇവിടെ ഗുരുവിനോടുള്ള സ്നേഹമില്ല. സഹോദരസ്നേഹവും ഇല്ല. അതാണ് ഭയചകിതരായ ശിഷ്യരെ ധൈര്യപ്പെടുത്തുന്നതിനു പകരം അവരെ ബലഹീനരാക്കുന്നത്. അവരെ തിരികെ അവരുടെ പഴയതൊഴിലിലേക്ക് വലിച്ചിഴയ്ക്കുന്നു. അടിമകളുടെ ഉദ്ധാരകന്റെ സുവിശേഷം അവർക്ക് മനസ്സിലായില്ല. ഇവിടെയാണ് യേശുവിന് ചാട്ടവാറടി ഏൽക്കുന്നത്, മുൾമുടി ചൂടുന്നത്, കുന്തം കൊണ്ടു കുത്തേൽക്കുന്നത്. ഇവിടെയാണ് യേശുവിനെ ഒറ്റിക്കൊടുക്കുന്നത്. പാറപോലെ നിർബന്ധബുദ്ധിക്കാരനായ, എളിമയില്ലാത്ത, കഠിനഹൃദയം കാട്ടുന്ന 'കേപ്പാ' (പാറ) എന്ന പത്രോസിന്റെ ഹൃദയദേവാലയത്തിലെ പണവാണിഭക്കാരെ എത്ര പ്രാവശ്യം യേശു അടിച്ചോടിച്ചു. ആ പാറമേൽ പണിയേണ്ടുന്ന ദേവാലയത്തിനു പകരം പത്രോസ് ഇവിടെ ഗുരുവിനെ ആ പാറകൊണ്ടു കല്ലേറു നടത്തുന്നു. ഇത് തന്നെയാണ് ക്രിസ്തുമതത്തിന്റെ ചരിത്രം അവലോകനം ചെയ്താൽ ആദിമുതൽ ഇന്നുവരെ നാം കാണുന്നത്. ഒരു കെട്ടിടത്തിന്റെ അടിത്തറ അതിൽ ജീവിക്കുന്നവർ ഉപയോഗിക്കുന്നില്ല. അതുപോലെ പത്രോസ് എന്ന പാറമേൽ പണിയപ്പെട്ട ക്രിസ്തീയസഭയ്ക്കും പത്രോസ് ഉപയോഗമില്ലാത്തതാണ്. പത്രോസിന്റെ അജ്ഞതയിൽ നിന്നും നിർബന്ധബുദ്ധിയിൽ നിന്നും മേധാവിത്തത്തിന്റെ തോന്നലിൽനിന്നും ക്രിസ്തീയസഭ മോചിതമാകണം. അപ്പോൾ മാത്രമെ ക്രിസ്തീയകുടുംബത്തിൽ സഹോദരബന്ധം കാണാൻ സാധിക്കുകയുള്ളൂ. വീടിനെക്കാൾ വലിയ അടിത്തറ പണിയുന്നത് ശുംഭൻമാരാണ്. ഉപയോഗയോഗ്യമായ

സ്ഥലമാണ് വീടിനാവശ്യം. ഈ ലോകജീവിതത്തിൽ പത്രോസും മതവും അല്ല പ്രധാനം, ഇവയൊക്കെ നമുക്ക് എത്രമാത്രം പ്രയോജനകരമാണ് എന്ന താണ്. ഉപദേശങ്ങളും ആചാരാനുഷ്ഠാനങ്ങളും ആരുടേതായാലും മനു ഷ്യന്റെ ദൈനംദിനജീവിതത്തെ അവ പോഷിപ്പിക്കുന്നുണ്ടോ എന്നതാണ് പ്രധാനം. അല്ലാത്തവയെ നാം ത്വജിക്കണം. പകരം എല്ലാമനുഷ്യരുടെയും നന്മക്കായി പ്രവർത്തിക്കുന്ന ചിന്താഗതിയും ജീവിതരീതിയും നാം തെരഞ്ഞെടുക്കണം. അതുകൊണ്ടാണ് ലേവി നമ്മുടെ ഹൃദയഭാഷയിൽ സംസാരിക്കുന്നത്.

ഇതു കേട്ടപ്പോൾ ലേവി എതിർത്തു പറഞ്ഞു:

പത്രോസേ, നീ എപ്പോഴും ക്ഷിപ്രകോപിയാണ്. അതാണ് നീ ഒരു സ്ത്രീയുടെ നേരെ വഴക്കടിക്കുന്നത്. ഇത് തന്നെയാണ് നമ്മുടെ എതിരാളി കളും ചെയ്യുന്നത്. നമ്മെക്കാൾ ഉപരി ഗുരു അവൾക്ക് സ്ഥാനം കൊടുത്തു എങ്കിൽ, മഹത്വം കൊടുത്തു എങ്കിൽ അവളെ തള്ളിപ്പറയാൻ നീ ആര്? ഗുരു അവളെ നല്ലവണ്ണം അറിഞ്ഞിരുന്നു, അതാണ് അവൻ നമ്മെക്കാൾ ഉപരി അവളെ സ്നേഹിച്ചത്.

ഈ ലേവി നമ്മുക്ക് അപരിചിതനല്ല. ഈ ലേവി ചുങ്കം പിരിക്കുമ്പോൾ യേശു അവനോടു പറഞ്ഞു, "എന്റെ പിന്നാലെ വരിക", ലേവി എഴുന്നേറ്റ് അവനെ അനുഗമിച്ചു (മർക്കോസ് 2:13-14). ഇത് യേശുവിന്റെ സുവിശേഷ ത്തിന്റെ സാക്ഷ്യമാണ്. ഇതാണ് ഗിരിപ്രഭാഷണത്തിന്റെ സാരാംശവും. നീ ചെയ്യുന്ന പ്രവൃത്തി ഉപേക്ഷിച്ച് എന്റെ പിന്നാലെ വരിക. ദുഃഖത്തിന്റെ അവ സ്ഥവിട്ട്, എഴുന്നേറ്റ് എന്റെ പിന്നാലെ വരിക. പീഡിതരേ, പീഡിപ്പിക്കപ്പെ ടുന്ന അവസ്ഥയിൽ നിന്ന് വിടുതൽ പ്രാപിച്ച് എന്റെ പിന്നാലെ വരിക. ഇവിടെ ലേവി .യേശുവിന്റെ വിളി പൂർണ്ണതയിൽ ഗ്രഹിച്ചിട്ട് യാതൊരു നിബന്ധന കളും ഇല്ലാതെ, യാതൊരു കെട്ടുപാടുകളും ഇല്ലാതെ എഴുന്നേറ്റ്, സ്വതന്ത്ര നായി യേശുവിന്റെ പിന്നാലെ പോകുന്നു. ഇതാണ് യഥാർത്ഥസുവി ശേഷമർമ്മം. ഇവിടെ വലിയൊരു സത്യം അന്തർലീനമായിരിക്കുന്നു. നാം നമ്മുടെ ഭവനവും സമുദായവും സഭയും പണിയേണ്ടത് പത്രോസ് എന്ന ചഞ്ചലഹൃദയത്തിന്റെ പാറമേലല്ല. യേശുവിനേക്കാൾ വലിയവൻ എന്നു ചിന്തിക്കുന്ന പാറമേലല്ല. സ്ത്രീയെ കണ്ടാൽ വെകിളിപിടിക്കുന്ന പാറ മേലല്ല. പകരം യേശു എന്ന സ്നേഹത്തിന്റെ പാറമേൽ പണിയണം. സ്നേഹ ത്തിന്റെ പാറമേൽ പണിയാത്ത ഏതു സമൂഹവും സോദോമും ഗോമോ റയും പോലെ തകർന്നുവീഴും. ഈ പട്ടണങ്ങൾ പണിതത് ഉറപ്പില്ലാത്ത മലഞ്ചെരിവിലെ മണ്ണിലായിരുന്നു. അഗ്നിപർവ്വതങ്ങൾ പൊട്ടി ഭൂമി കുലങ്ങി ചാവുകടലിന്റെ ഉപരിതലം താഴേക്കുതാണപ്പോൾ അതിന്റെ ചെരിവിലെ ഇള കുന്ന മണ്ണിലെ പട്ടണങ്ങളും കൂടെ താഴേക്കു വീണു. ഇതു തന്നെയാണ് ക്രിസ്തുമതത്തിന്റെയും അവസ്ഥ. അതാണ് യേശുവിനെ ദിവ്യദർശനത്തിൽ

സാക്ഷിക്കുന്ന പൗലോസും ആവർത്തിച്ചു പറയുന്നത്, യേശു എന്ന അടിസ്ഥാനത്തിൽ പണിയാത്തവ എല്ലാം താഴെ വീഴും എന്ന്. ഇതു തന്നെയാണ് യെരുശലേം ദേവാലയത്തിനു സംഭവിച്ചത്. അവിടെ സ്നേഹം ഇല്ലായിരുന്നു. കുറെ ആചാരങ്ങളും നിയമങ്ങളും അനുഷ്ഠാനങ്ങളും മാത്രം. അവിടെ സ്നേഹം, നന്മ, കരുണ, എന്നിവയ്ക്കു പകരം നിയമം വിളയാടി. അതു കല്ലിന്മേൽ കല്ലു ശേഷിക്കാതെ നിലത്തു വീണു. ഇത് തന്നെയാണ് സ്നേഹത്തിലും കരുണയിലും പണിതുയർത്താത്ത ഏതു സമുദായത്തിന്റെയും സഭയുടെയും അവസ്ഥ.

ഇത്തരം വ്യക്തികളെ ഉപേക്ഷിച്ച് ലേവി എഴുന്നേൽക്കുന്നു. ശത്രുക്കളെപ്പോലെ നമ്മളോട് ഇടപെടുന്നവരുടെ കൂടെ നിന്നിട്ടു കാര്യമില്ല. പകരം പരസ്പരം സ്നേഹിക്കുന്നവരുടെ കൂടെ നിന്നതുകൊണ്ടേ ജീവിതത്തിനു പ്രയോജനമുള്ളൂ. പരീശരും സാദൂക്യരും റോമാക്കാരും എല്ലാം സ്ത്രീയെ ഉപഭോഗവസ്തുവായി മാത്രമെ കണക്കാക്കിയിരുന്നുള്ളൂ. സ്ത്രീയിൽ നിന്നും നന്മ വരും എന്നത് അവർക്ക് ചിന്തിക്കാൻ പോലും സാധിച്ചിരുന്നില്ല. പത്രോസും അവരെക്കാൾ ഉപരിയായിരുന്നില്ല. മാത്രമല്ല ഗുരു മറ്റാരെക്കാളും ഉപരിയായി കണക്കാക്കിയിരുന്നവളെ അപമാനിക്കുകയും ചെയ്യുന്നു പത്രോസ്. ഇന്നും പുരുഷമേധാവിത്തമാണ് സഭകൾ ഭരിക്കുന്നത്. ഇവിടെ ഗുരുവിനേക്കാൾ സ്ഥാനം പുരുഷന്റെ മേധാവിത്തത്തിനാണ്. ഈ പത്രോസിനെ നല്ലവണ്ണം മനസ്സിലാക്കിയ ഗുരു പത്രോസിനോടു പറയുന്നു, സാത്താനേ നീ എന്നെ വിട്ടു പോകു, നീ എനിക്ക് ഇടർച്ചയാകുന്നു (മത്തായി - 16:21-23). പത്രോസ് എന്ന പാറമേൽ പണിതു എന്നവകാശപ്പെടുന്ന സമുദായങ്ങളോടും പത്രോസിന്റെ സിംഹാസനത്തിൽ അപ്രമാദിത്വം അവകാശപ്പെട്ട് വാണരുളുന്ന അധികാരമോഹികളോടും യേശു വീണ്ടും പറയുന്നു, സാത്താനേ! നീ എന്നെ വിട്ടു പോകു, നീ മനുഷ്യസമുദായത്തിൽ വിരുദ്ധത ഉണ്ടാക്കുന്നു.

മഹാപുരോഹിതന്റെ ദാസനെ വെട്ടുന്നതിലൂടെ പത്രോസിന്റെ ചിന്താശൂന്യമായ പ്രവൃത്തിയും സ്ഥിരതയില്ലായ്മയും വെളിവാകുന്നു (യോഹ. 18:10). പിന്നീട് ശപിക്കുകയും ആണയിടുകയും ഗുരുവിനെ തള്ളി പറയുകയും ചെയ്തു. (മത്തായി -26:74). ഈ പത്രോസിനെ നേരെയാക്കുവാൻ പരിശുദ്ധാത്മാവ് തന്നെ നേരിട്ടിടപെടുന്നു (മത്തായി -16:16,17). അങ്ങനെ സംഭവിച്ചില്ലായിരുന്നെങ്കിൽ പത്രോസ് പിശാചുക്കളുടെ തലവനായി മാറുമായിരുന്നു. യേശു അവനെ 180 ഡിഗ്രി തിരിച്ചു, എന്നിട്ടു പറഞ്ഞു: ബർയോന ശീമോനേ!... സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ നിനക്ക് ഇത് വെളിപ്പെടുത്തിയത്.

മറിയത്തോടുള്ള അതേ പെരുമാറ്റരീതിയാണ് പത്രോസ് യേശുവിനോടും കാട്ടിയിരുന്നത്. അത് പത്രോസിന്റെ തീഷ്ണതയോ? അജ്ഞതയോ?

അജ്ഞതയാകാനാണ് സാധ്യത, കാരണം, അതാണ് ലേവി പത്രോസിനോടു പറയുന്നത്: നിനക്കു മനസ്സിലാകാത്തതിനെ ആക്രമിക്കുന്നതിൽ കാര്യമില്ല, നമ്മൾ ആരും മറ്റാരുടെയും വിധികർത്താക്കളല്ല, പകരം നാം നമ്മുടെ വിധികർത്താക്കൾ ആയിരിക്കണം.

യേശുവിനെക്കാൾ വലിയ തീഷ്ണതയോ ജ്ഞാനമോ ഭാവിച്ചിട്ടോ നടിച്ചിട്ടോ കാര്യമില്ല. പോപ് ജോൺ പോളിനോട് യേശു ദർശനത്തിൽ ചോദിച്ച ചോദ്യം. നമ്മളിൽ എന്നും മാറ്റൊലി കൊള്ളണം: സഭയുടെ ഭാവിയെ കുറിച്ച് വ്യാകുലപ്പെടേണ്ടത് നീയോ, ഞാനോ?

അജ്ഞത മൂലം ദൈവത്തിന്റെ സൃഷ്ടിയുടെ മഹത്വം മനസ്സിലാക്കാൻ സാധിക്കാതെ ദൈവത്തെ പുകഴ്ത്താൻ സാധിക്കുന്നില്ല എന്നു പരാതി പറയുന്ന കവി മിൽട്ടനോട് അദ്ദേഹത്തിന്റെ അന്തരാത്മാവ് പറഞ്ഞു: ദൈവത്തിന് നിന്റെ കീർത്തനവും പുകഴ്ച്ചയും അവശ്യമില്ല. ഇതുതന്നെയാണ് കാലഘട്ടങ്ങളിലൂടെ ചിന്തിക്കുമ്പോൾ മനസ്സിലാകുന്ന സുവിശേഷം. ദൈവത്തിന് മനുഷ്യന്റെ സ്തുതിയും കീർത്തനവും ബലിയും ആവശ്യമില്ല. മനുഷ്യൻ പരസ്പരസ്നേഹത്തിൽ ജീവിക്കണം, അതാണ് കാലഘട്ടത്തിന്റെ ആവശ്യം. അതിന് പകരം ദൈവത്തെക്കുറിച്ചുള്ള തീഷ്ണതയുമായി സമൂഹമധ്യത്തിൽ ഉറഞ്ഞ് മറ്റു സമുദായങ്ങളെ മനസ്സിലാക്കാനോ അംഗീകരിക്കാനോ ഉള്ള സഹനശക്തിയില്ലാത്ത പെരുമാറ്റം വിശ്വാസമല്ല, ഭ്രാന്താണ്. ശാസ്ത്രീയമായ ചികിത്സ മാത്രമാണ് ഇതിനുള്ള പോംവഴി. മനുഷ്യജീവിതത്തിന്റെ പ്രാഥമികകടമ ഈശരവിശ്വാസമോ മതവിശ്വാസമോ അല്ല, പരസ്പരം സ്നേഹിക്കാനും ബഹുമാനിക്കാനുമുള്ള ഹൃദയവിശാലതയാണ്.

മരുഭൂമിയിൽ മേഘസ്തംഭത്തിൽ തണലേകിയ ദൈവസ്നേഹം, രാത്രിയിൽ ദീപസ്തംഭം കാട്ടി വഴിതെളിച്ച ദൈവസ്നേഹം, വിശപ്പിന് മന്ന വീഴ്ത്തിയ ദൈവസ്നേഹം, ദാഹിക്കുന്നവന് പാറയിൽ നിന്ന് വെള്ളം വീഴ്ത്തിയ ദൈവസ്നേഹം, ഈ ദൈവസ്നേഹം ആരുടെയും കുത്തകയോ ജന്മാവകാശമോ അല്ല. എന്നാലോ താഴ്മയും എളിമയും ഉള്ള മനുഷ്യരുടെ അവകാശമാണ്. അതാണ് ഡസ്തയേവ്സ്കിയുടെ ഉദ്യാനവിരുന്നിൽ യേശു കള്ളന്മാരെയും സമൂഹത്തിന്റെ താണപടിയിലുള്ള മനുഷ്യരെയും ക്ഷണിക്കുന്നത്. ഇവർക്ക് സ്വർഗരാജ്യത്തിന്റെ അവകാശികൾ എന്ന ഭാവമില്ല.

ദാഹിക്കുന്നവൻ വെള്ളം തേടുന്നു, വെള്ളം ദാഹിക്കുന്നവനെ തേടിവരില്ല. ദാഹിക്കുന്നവന് എല്ലാ തൃപ്തിയും വരുത്തുന്ന സ്രോതസ്സ് ആണ് നന്മ. ഇത് തന്നെ ജീവന്റെ ജലവും. അത് കുടിക്കുന്നവന് ഒരുനാളും ദാഹിക്കില്ല. ഇതാണ് യോഹന്നാന്റെ വെളിപാട്: വരിക എന്ന് ആത്മാവും മണവാട്ടിയും പറയുന്നു... ദാഹിക്കുന്നവൻ വരട്ടെ (വെളിപാട്: 22:17).

യിസ്രായേൽ ജനതയ്ക്കുവേണ്ടി പാറ തുറന്നു പ്രവഹിച്ച വെള്ളം അതാണ്. ലോകസ്നേഹത്തിന്റെ വെള്ളം. അതു മതിവരാതെ മുത്തികുടിക്കുക,

അപ്പോൾ മഹത്വത്തിന്റെ പ്രകാശം ദീപസ്തംഭം ആയി നമ്മെ വഴിനടത്തും. എഴുന്നേറ്റു നടക്കുക, (Walk forth in the grace of eternal love). അതാണ് ലേവി പറയുന്നത്.

പരസ്പരം വിധിക്കാതെ, പകരം തമ്മിൽ പൊരുത്തപ്പെട്ട് നമുക്ക് പൂർണ്ണമനുഷ്യർ ആയിരിക്കാം. അപ്പോൾ ഗുരു നമ്മിൽ ജനിക്കുന്നു, അവൻ നമ്മിൽ നിന്നും ആഗ്രഹിച്ചതുപോലെ നമുക്കു വളരാം,. അവന്റെ സുവിശേഷം പ്രചരിപ്പിക്കാം, അവൻ നമ്മെ സാക്ഷ്യപ്പെടുത്തിയതിൽ ഉപരിയായി ഒരു നിയമവും നാം ചേർക്കേണ്ടതില്ല.

വലിയപ്രകാശം ഏന്തി നടക്കുന്നവന് മറ്റൊരു പ്രകാശത്തിന്റെ ആവശ്യമില്ല, അവൻ വഹിക്കുന്ന പ്രകാശം അവനെ നയിക്കുന്നു. പ്രകാശം ഏന്തുന്നവൻ മറ്റാരുടെയും മാർഗ്ഗദർശി ആകേണ്ട കാര്യവുമില്ല. എന്തെന്നാൽ പ്രകാശം തേടുന്നവൻ സ്വയം പ്രകാശം കണ്ടെത്തി അതിനെ പിൻതുടരുന്നു. പ്രകാശം വഹിക്കുന്നവൻ അല്ല നേതാവ്, പ്രകാശമാണ് നേതാവ്. സഭയുടെയും സമുദായത്തിന്റെയും നേതാക്കൾ ഈ മർമ്മം ഗ്രഹിച്ചാൽ നല്ലത്. ലേവി പറയുന്നതും ഇത് തന്നെ. നാം വിധികർത്താക്കൾ അല്ല, മാർഗ്ഗനിർദ്ദേശകരും അല്ല. പകരം വെളിച്ചം പകരുന്ന ജീവിതപ്രവൃത്തികളിലൂടെ മറ്റുള്ളവരും നാം പ്രതിഫലിപ്പിക്കുന്ന നന്മയിലേക്കു തിരിയുന്നു. അപ്പോൾ അടിസ്ഥാനപരമായി മാർഗ്ഗനിർദ്ദേശിക്ക് അഥവാ നേതാവിന് വേണ്ടത് പ്രകാശപൂർണ്ണമായ ജീവിതരീതിയാണ്, മെഴുകുതിരിയുടെ ജീവിതം. സ്വയമായി യാതൊരു പ്രയോജനവും ഇല്ലതെ മെഴുകുതിരി കത്തുന്നു, ശൂന്യതയിൽ ലയിക്കുന്നു. ഇവിടെ മെഴുകുതിരിയുടെ ഉദ്ദേശം സ്വയം വെളിവാക്കുക എന്നതാണ്. ഇതാണ് സ്വർഗീയമഹത്വം (divine grace). ഇതാണ് പൂർണ്ണമനുഷ്യൻ. ഇതാണ് അപ്രേം പറയുന്ന ശോഭനിറഞ്ഞ വിളക്കുകളായി കത്തിജ്വലിക്കുന്ന അവസ്ഥ. ഇതാണ് യഥാർത്ഥസുവിശേഷം. സ്വന്തം ജീവിതപ്രവൃത്തികളിലൂടെ സ്വർഗീയമായ മഹത്വം, വെളിച്ചം പരത്തുന്ന അവസ്ഥ. ഇത് ചന്തമുക്കിലെ സാക്ഷ്യം പറച്ചിലോ, കൺവെൻഷൻ യോഗത്തിലെ തീപ്പൊരിപ്രസംഗമോ, ജ്ഞാനസ്നാനമോ അല്ല. സ്വന്തം ജീവിതത്തിലൂടെ പ്രസരിപ്പിക്കപ്പെടുന്ന പ്രകാശമാണിത്. ഈ അവസ്ഥയാണ് പൗലോസ് പറയുന്നത്: ക്രിസ്തുവിനോടു ചേരുവാൻ... ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു, നിങ്ങൾ ക്രിസ്തു എന്ന പ്രകാശത്തെ വഹിക്കുന്നു (ഗലാ: 3:27,28).

മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു എന്നിൽ ബലത്തോടെ വ്യാപരിക്കുന്നു അവന്റെ വ്യാപാരശക്തിക്കൊത്തവണ്ണം... (കൊല: 1:27 29). അതാണ് വീണ്ടും പൗലോസ് തന്നെ പറയുന്നത് ഒരുവൻ ക്രിസ്തുവിൽ ആയാൽ പിന്നെ ജീവിക്കുന്നത് അവനല്ല, ക്രിസ്തുവത്രെ. അതാണ് യേശു പറയുന്നത് ഞാൻ വഴിയും സത്യവും ജീവനും ആകുന്നു. ഇതാണ് പ്രകാശത്തിന്റെ മക്കൾ എന്ന അവസ്ഥ. ഇവിടെ പ്രകാശം വ്യാപിപ്പിക്കേണ്ടതില്ല.

കാരണം അവർ തന്നെ പ്രകാശമാണ്. ഇതാണ് സുവിശേഷങ്ങളുടെ സുവിശേഷം. നിങ്ങൾ സുവിശേഷവേല ചെയ്യുന്നവൻ എന്നതിൽ നിന്നും ഉയർന്ന് സ്വയം സുവിശേഷമായി മാറുന്നു. യേശുവിന്റെ കൈപിടിച്ച്, തോളുരുമ്മി സ്വസ്ഥമായ ഗന്നസേരത്തിന്റെ തീരത്തെ മണലിൽ നടക്കുന്ന അവസ്ഥ. കുളിർകാറ്റിന്റെ രോമഹർഷങ്ങളിൽ അവന്റെ മാറിൽ തല ചായ്ക്കുന്ന അവസ്ഥ. ഈ മണൽതിട്ടയിൽ യേശുവിന്റെ കാൽപ്പാടുകൾ മാത്രമേ കാണൂ. നമ്മുടെ നിഴലുകൾ പോലും കാണില്ല. ഈ സ്വർഗീയമഹത്വത്തിന്റെ സഹൃദയബന്ധമാണ് മറിയത്തിന്റെ സുവിശേഷം; സ്നേഹത്തിന്റെ സുവിശേഷം, മഹത്വത്തിന്റെ സുവിശേഷം ( a gospel of graceful intimacy). World (ലോകം) എന്ന ഇംഗ്ലീഷ് വാക്കിന്റെ ജർമ്മൻ മൂലം wer - aldh എന്നാണ്, ഇതിന്റെ അർത്ഥം old man (വൃദ്ധനായ മനുഷ്യൻ) എന്നാണ്. ലോകത്തെ വിട്ട് പുതിയ ജീവിയായി മാറണം എന്ന് സാരം. ക്രിസ്തുയേശുവിൽ നിങ്ങൾ എല്ലവരും ദൈവത്തിന്റെ മക്കൾ ആകുന്നു. ക്രിസ്തുവിനോടുകൂടി ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു (ഗലാ: 3:26,27).

മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു (കൊലോ: 1:27,28).

മനുഷ്യന്റെ ജീവിതത്തിൽ ഇതിലുപരി വേറെ എന്താണ് വേണ്ടത്? മനുഷ്യജീവിതത്തിന്റെ പൂർത്തികരണമാണ് മഹത്വത്തിൽ ജീവിക്കുന്ന അവസ്ഥ. മനുഷ്യപുത്രൻ ദൈവപുത്രൻ ആകുന്ന അവസ്ഥ (the son of man becomes the son of God). ഇതാണ് യേശു പറഞ്ഞത്, ഇതാണ് പൗലോസും പറഞ്ഞത്. മനുഷ്യപുത്രനായ യേശു തന്റെ ജീവിതത്തിലൂടെ, അതിന്റെ പൂർണ്ണാവസ്ഥയിൽ ജീവിച്ചതിലൂടെ ദൈവപുത്രനായി നമ്മെ സാക്ഷ്യപ്പെടുത്തി കാണിച്ചുതന്നു. ക്രൂരതയും വൈരാഗ്യവും പീഡനവും ആയി നടന്ന പൗലോസിനെ 180 ഡിഗ്രി തിരിച്ച് സുവിശേഷകനാക്കി. ഇതാണ് മനുഷ്യപുത്രൻ ദൈവപുത്രൻ ആകുന്ന അവസ്ഥ. ഈ അവസ്ഥ ഏതു മതക്കാരനും ഏതു ജാതിക്കാരനും നേടിയെടുക്കാനാവുന്ന അവസ്ഥയാണ്. കാപട്യത്തിന്റെയും മൃഗീയതയുടെയും പ്രാഥമികാവസ്ഥയിൽ നിന്നും ഉയർന്ന് നന്മനിറഞ്ഞവനായി മാറുമ്പോൾ അവനിൽ ദൈവികമഹത്വം നിറയുന്നു, അവൻ മനുഷ്യപുത്രനായിരുന്ന അവസ്ഥയിൽ നിന്നും ദൈവപുത്രനായി മാറുന്നു. ഇതാണ് ബുദ്ധൻ ആർജ്ജിച്ച ബോധിവൃക്ഷത്തിന്റെ ജ്ഞാനം. ഈ ജീവവൃക്ഷം അതിന്റെ ശിഖരങ്ങളെ നീട്ടി യാതൊരു പ്രതിബന്ധവും ഇല്ലാതെ വളരുന്നു. ജീവന്റെ പ്രകാശത്തിലേക്ക് അതിരുകൾ ഇല്ലാതെ വളരുന്ന ഈ അവസ്ഥയിൽ എത്തുമ്പോൾ നാം സാധാരണയായി അറിയാത്ത ജ്ഞാനം നമുക്കു ലഭിക്കുന്നു. ലോകത്തെ പുതിയ ഒരു വീക്ഷണത്തിൽ നാം കാണുന്നു. നമ്മിലെ വൃദ്ധമനുഷ്യനു പകരം പുതുജീവനുള്ള പുതിയമനുഷ്യൻ ജ്ഞാന

സ്നാമേറ്റ് ജനിക്കുന്നു. ഇതാണ് ദൈവികമഹത്വം (grace of God) വ്യാപരിക്കുന്ന മനുഷ്യജീവിതം. ഈ ജീവിതരീതി ഇപ്രകാരം ജീവിക്കുന്ന മനുഷ്യനെ മാത്രമല്ല ദിവ്യമനുഷ്യനാക്കി മാറ്റുന്നത് അവൻ ജീവിക്കുന്ന സമൂഹവും സമുദായവും എല്ലാം തേജോമയമായി തീരുന്നു. ദൈവികമായ നന്മകളിൽ ജീവിക്കുന്നതാണ് സ്വർഗ്ഗരാജ്യം. ഈ ലോകത്തിന്റെ പോക്കിനെ നമുക്കു നിയന്ത്രിക്കാൻ സാധിക്കില്ലായിരിക്കാം. പക്ഷേ നമ്മുടെ ഓരോ ചിന്തയിലൂടെയും പ്രവൃത്തിയിലൂടെയും നമുക്കു മാത്രമല്ല മറ്റുമനുഷ്യനും ജീവിക്കാൻ സാധിക്കുന്ന അവസ്ഥ നമുക്കുണ്ടാക്കാൻ സാധിക്കും. ഇതാണ് മറിയത്തിന്റെ സുവിശേഷത്തിലൂടെ ഗുരു നമ്മോട് പറയുന്നത്. നീ നീയായിരിക്കുന്ന അവസ്ഥയിൽ നിന്നും എഴുന്നേറ്റു നടക്കുക. ക്രിസ്ത്യാനികളെ പിഡിപ്പിച്ചു ജീവിതം നയിച്ച പൗലോസിനോടും യേശു പറഞ്ഞു, ക്രൂരവിനോദത്തിന്റെ ഈ ജീവിതം നിർത്തി നേരെ തിരിയുക. പൗലോസ് ക്രിസ്തുവിന്റെ സാക്ഷിയായി മാറുന്നു. ഈ നവോത്ഥാനം, ആത്മാവിലുള്ള വീണ്ടും ജനനം, അതാണ് നമ്മെ മഹത്വത്തിലേക്ക് നയിക്കുന്നത്. ഇതാണ് യേശുവിന്റെ സുവിശേഷം. നീ എന്തായിരിക്കുന്നുവോ ആ അവസ്ഥയിൽ നിന്നും രൂപാന്തരം പ്രാപിക്കുക. പുതിയമനുഷ്യനായി പുരോഗമിക്കുക, പൂർണ്ണതയിലേക്ക് പരിണമിക്കുക.

മനുഷ്യൻ മൃഗീയവികാരങ്ങളിൽ ജനിക്കുന്നു. ഈ അവസ്ഥയിൽ മൃഗമായി നിലനില്ക്കാതെ ഉയരണം. മനുഷ്യജീവിതം വെറുതെ കടന്നുപോകുന്ന ഒരു നിഴൽരൂപമല്ല. ദൈനംദിനജീവിതത്തിലെ കഷ്ടപ്പാടുകളും ദുരിതവും ദുഃഖവും ചാട്ടവാറടിയും മുൾമുടിയും കുന്തവും ഏറ്റ് കുരിശുമരണത്തിൽ അവസാനിക്കാനുള്ളതല്ല. എന്നാലോ സൂര്യനെ വെല്ലുന്ന പ്രഭയോടെ ഉയർത്തെഴുന്നേൽക്കേണ്ടതാണ്. ഇത് നിയമങ്ങളുടെ അർത്ഥശൂന്യമായ അനുസരണമല്ല, പിന്നെയോ ജീവിതരീതിയാണ്. ഈ ജീവിതം നയിക്കുമ്പോൾ അനേകം പുഷ്പങ്ങളുടെ നറുമണം നിറഞ്ഞ പുഷ്പവൃഷ്ടി നമ്മുടെ ജീവിതത്തിൽ ഉണ്ടാകും. ഇതാണ് ദൈവമനുഷ്യന്റെ ദർശനം. ഈ ദർശനം തേടി മനുഷ്യൻ മലയിലും കാട്ടിലും പുണ്യസ്ഥലങ്ങളിലും അലയേണ്ടതില്ല, കാരണം നിങ്ങൾ തേടുന്ന സ്വർഗരാജ്യം നിങ്ങൾക്കുള്ളിൽ തന്നെയാണ്. അതിനാൽ ഉണരുക, എഴുന്നേറ്റു നടക്കുക. നിങ്ങളിലെ മനുഷ്യപുത്രൻ രൂപാന്തരം പ്രാപിക്കട്ടെ, ദൈവപുത്രനായി പരിണമിക്കട്ടെ!

നിങ്ങളുടെ ചുറ്റും ഏതോ നറുമണം പരക്കുന്ന അവസ്ഥയുണ്ടെന്ന് നിങ്ങൾക്കു തോന്നുന്നുണ്ടോ? എങ്കിൽ നിങ്ങൾ ഭാഗ്യവാനാണ്. നിങ്ങളിൽ ദൈവികമഹത്വം നിറയുന്നതിന്റെ സൗരഭ്യമാണത്. ഈ സൗരഭ്യം അതുവഹിക്കുന്ന നിങ്ങളേക്കാൾ ഉപരി ആസ്വദിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നത് മറ്റുള്ളവരാണ്. ഇതാണ് നിസ്വാർത്ഥ സ്നേഹം, സേവനം. ഇതാണ് ദൈവമഹത്വത്തിന്റെ പരിവർത്തനം നമ്മിൽ ഉണ്ടാക്കുന്ന അവസ്ഥ. ഇതാണ്

സ്വർഗ്ഗം. ഇതാണ് നമ്മുടെ ലക്ഷ്യം. ഇതാണ് യേശുവിന്റെ സുവിശേഷം മറ്റു തത്വശാസ്ത്രങ്ങളിൽ നിന്നും വ്യത്യസ്തമായി നിലനില്ക്കുന്നതിന്റെ കാരണവും. അതു വർണ്ണങ്ങൾ നിറഞ്ഞതാണ്. ആത്മീയമായി തുറന്നകണ്ണുകളുള്ളവന് അത് കാണുവാൻ സാധിക്കും. അത് സ്നേഹത്തിന്റെയും സേവനത്തിന്റെയും സൗരഭ്യം നിറഞ്ഞതാണ്. ഈ മഹത്വത്തിന്റെ പുഷ്പത്തിലെ തേൻ നുകരുമ്പോൾ ഉണ്ടാകുന്ന ദിവ്യാനുഭൂതിയാണ് നിർവാണം, പരമാനന്ദം (bliss). അതാണ് സ്വർഗരാജ്യം.

ഈ മഹത്വപുഷ്പത്തിന്റെ തേൻ നുകരുകയും ദിവ്യാനുഭൂതി ഉണ്ടാകുകയും ചെയ്തപ്പോൾ യേശുവിന്റെ ശിഷ്യരിൽ സുവിശേഷത്തിന്റെ ലഹരി നിറയുന്നു. അവർ യേശുവിന്റെയും മറിയത്തിന്റെയും സുവിശേഷത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കുന്നു.. അന്ധതയുടെയും അഹന്തയുടെയും അജ്ഞതയുടെയും അവസ്ഥയിൽ നിന്നും അവർ എഴുന്നേൽക്കുന്നു, മുന്നോട്ടു നടക്കുന്നു.

# സുവിശേഷം - പത്തൊൻപതാംപുറം

**ലേ**വി ഇപ്രകാരം പറഞ്ഞു കഴിഞ്ഞപ്പോൾ അവർ സുവിശേഷം ഘോഷിക്കാൻ മുന്നോട്ടു യാത്രയായി.

ഇവിടെ വാദപ്രതിവാദങ്ങൾ, വലുപ്പചെറുപ്പങ്ങൾ, അവകാശവാദങ്ങൾ എല്ലാം അവസാനിക്കുന്നു. ദിവ്യപുഷ്പത്തിന്റെ നറുമണം ദുർഗന്ധത്തെ അകറ്റുന്നു. ഇവിടെ സുവിശേഷത്തിന്റെ മഹിമ മറിയത്തെക്കാളും യേശുവിനെക്കാളും ഉപരിയായി അവർക്ക് മനസ്സിലാകുന്നു അതാണ് പീഢനങ്ങളും മരണവും ഏറ്റിട്ടും സുവിശേഷഘോഷകരായി അവർ മുന്നോട്ടു നീങ്ങുന്നത്. ഇതാണ് നാം മനസ്സിലാക്കേണ്ട സത്യം. ഈ സുവിശേഷം അതിന്റെ ഉത്ഭവജ്യോതിസുകളെ ദൈവികമാക്കി വന്ദിക്കുന്നില്ല. യേശുവും മറിയവും മനുഷ്യപുത്രനും പുത്രിയും ആയിട്ടാണ് ഇവിടെ പ്രതിപാദിക്കപ്പെടുന്നത്, അല്ലാതെ പിതാവിൽനിന്നും ജനിച്ചു പിതാവിനോടും പുത്രനോടും ... ഇപ്രകാരമുള്ള വിശ്വാസപ്രമാണത്തിന്റെ പുത്രനല്ല യേശു. യേശുവിന്റെ സുവിശേഷം യേശുവിനെ അതിജീവിക്കുന്നു. അതിനാലാണ് യേശുവിന്റെ മരണശേഷവും യേശു എന്ന മനുഷ്യപുത്രന്റെ സുവിശേഷം അവർ പ്രചരിപ്പിക്കുന്നത്. അത് നമ്മെ ദൈവപുത്രരാക്കി മാറ്റുന്നു.

ഇത് ഒന്നാം നൂറ്റാണ്ടിൽ അവസാനിച്ച സുവിശേഷമല്ല, ഇത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. നിങ്ങളുടെ ചെവികളെ തുറക്കുക, ഈ ദിവ്യസ്നേഹത്തിന്റെ കാൽപാടുകളുടെ പ്രതിധ്വനി നിങ്ങൾക്കു കേൾക്കാം. നിങ്ങളുടെ നാസാരന്ധ്രങ്ങളെ തുറക്കുക, ഈ ദിവ്യസ്നേഹത്തിന്റെ മഹത്വത്തിന്റെ സൗരഭ്യം ആസ്വദിക്കാം. ദിവ്യസ്നേഹത്തിന്റെ അമൃതിനെ രുചിക്കു, നിങ്ങളുടെ നാവ് ആലില പോലെ ചലിക്കും, ദൈവമഹത്വത്തിന്റെ സുവിശേഷം പ്രചരിപ്പിക്കും. ഈ ദിവ്യമഹത്വം നിങ്ങളുടെ വിരൽതുമ്പുകളിൽ നിറയുമ്പോൾ നാട് ഉണരാനായി നിങ്ങൾ തൂലിക ചലിപ്പിക്കും. ഈ ദിവ്യമഹത്വം നിങ്ങളിൽ നിറയുമ്പോൾ നിങ്ങളിലെ ചെകുത്താൻ മരിച്ചുവീഴും, മനുഷ്യപുത്രനായ നിങ്ങൾ നന്മയുടെ ദൈവപുത്രനായി വീണ്ടും ജനിക്കും.

ഈ നൂറ്റാണ്ടിലെ പ്രവണതകളെ നോക്കിയാൽ, മുന്നോട്ടു നടക്കുന്നതിനു പകരം പിന്നോട്ടു നടക്കുന്ന അവസ്ഥയാണ് നാം കാണുന്നത്. സമാധാനത്തിനു പകരം അണുബോംബുകൾ നിർമ്മിക്കുന്ന യുഗം. അജ്ഞതയുടെ അശുഭവിശ്വാസം ഈ യുഗത്തെ നയിക്കുന്നു, ഭരിക്കുന്നു. എല്ലാം അതിന്റെ ക്രമം അനുസരിച്ചു നടക്കും എന്ന പൊള്ളയായ വിശ്വാസം ഈ യുഗത്തെ നയിക്കുന്നു. ഭരിക്കുന്നു. അതിനാലാണ് ഇതിനെ കലിയുഗം എന്നു വിളിക്കുന്നത്. എന്നാൽ നാം ജീവിക്കുന്ന ചുറ്റുപാടിനെയും ലോകത്തെയും മലീമസമാക്കിയാൽ ജീവിതം ക്രമമായി പുരോഗമിക്കില്ല. മനുഷ്യർ തമ്മിൽ തല്ലിയാൽ ജീവിതത്തിന്റെ സ്വച്ഛത നഷ്ടപ്പെടും. താൽക്കാലികസുഖത്തെ പ്രദാനം ചെയ്യുന്നവയുടെ പുറകെ പോയാൽ നിത്യമായ ശാന്തി ലഭിക്കില്ല. മനുഷ്യൻ അവന്റെ ചിന്താശൂന്യമായ പ്രവർത്തികളിലൂടെ ഈ ഭൂമിയെ ക്രമേണ തരിശുഭൂമിയായി മാറ്റുന്നു.

ഇന്നു സമൂഹത്തിൽ നിലനില്ക്കുന്ന പ്രവണതകളെ അടിസ്ഥാനമാക്കി മാനവസമുദായത്തിന്റെ ഭാവിയെ ദർശിക്കുകയാണെങ്കിൽ അത് വളരെ ശോചനീയവും അപകടപൂർണ്ണവുമാണെന്ന് കാണാം. ലോകമാസകലം യുദ്ധഭീഷണി; രാജ്യം രാജ്യത്തോടും മതം മതത്തോടും മനുഷ്യൻ മനുഷ്യനോടും മല്ലിടുന്ന ഭയാനകമായ അവസ്ഥ. പ്രകൃതിയെ നോക്കിയാൽ അതിലും ഭയാനകം; മഴക്കാടുകൾ നിമിഷംതോറും അരിഞ്ഞുവീഴ്ത്തപ്പെടുന്നു, അന്തരീക്ഷത്തിൽ കാർബൺഡയോക്സൈഡ് നിറയുന്നു, ഭൂമിയുടെ അന്തരീക്ഷം കൂടുതൽ കൂടുതൽ ചൂടുപിടിക്കുന്നു, ജീവജാലങ്ങൾ ക്രമേണ ഇല്ലാതെയാകുന്നു. മനുഷ്യന്റെ നിലനിൽപ്പ് തന്നെ അധികം വിദൂരമല്ലാത്ത ഭാവിയിൽ അവസാനിക്കുമെന്ന് ആശങ്കപ്പെടേണ്ടിയിരിക്കുന്നു. ഈ അവസ്ഥയിൽ മനുഷ്യനു പൊള്ളയായ വാഗ്ദാനങ്ങൾ നല്കി അവനെ നയിക്കുന്ന നേതാക്കളും സമുദായങ്ങളും ക്ഷമിക്കാനാകാത്ത പാതകമാണ് ചെയ്യുന്നത്. ഈ രീതിയിൽ പോയാൽ ഭൂമി അധികം താമസിയാതെ തരിശുഭൂമിയായി മാറും. ഇത് മനുഷ്യന് മനസ്സിലാക്കി കൊടുക്കേണ്ടത് മതങ്ങളുടെയും സമുദായങ്ങളുടെയും ചുമതലയാണ്. യേശു ആകാശമേഘങ്ങളിൽ വരും നല്ലവരെ സ്വർഗരാജ്യത്തിലേക്ക് കൊണ്ടുപോകും മുതലായ പൊള്ളയായ വാഗ്ദാനങ്ങൾ പ്രചരിപ്പിക്കുന്ന സമയത്ത് ഈ ഭൂമിയുടെ അപകടാവസ്ഥ മനുഷ്യനു മനസ്സിലാക്കി കൊടുക്കുകയാണ് വേണ്ടത്. ഏതുവ്യക്തിയും അവനാൽ കഴിയുന്നതു ചെയ്യുകയാണെങ്കിൽ ഒരുപക്ഷെ ഈ അപകടസ്ഥിതി ഒഴിവായെന്നിരിക്കാം. ഈ ഭൂമി നശിച്ചാലും നിന്റെ കുമ്പസാരവും കുർബാനയും കണ്ട് നിന്നെ ഈ ഭൂമിയിൽനിന്നും സ്വർഗീയമണവറയിലേക്ക് യേശു കൂട്ടിക്കൊണ്ടുപോകും എന്നുള്ള പഴംകഥയിൽ വിശ്വസിച്ചു ജീവിച്ചാൽ യേശുനാഥൻ വരാത്തനാടും സ്വർഗീയമണവറയില്ലാത്ത അവസ്ഥയുമായിരിക്കും സംജാതമാകുക. ഈ യാഥാർത്ഥ്യം മനസിലാക്കുമ്പോൾ വളരെ

വൈകിയിരിക്കും. ഇതിന്റെ ഭവിഷ്യത്തുകളിൽനിന്നും രക്ഷിക്കാൻ ആരാലും സാധിക്കില്ല താനും. അതിനാൽ മനുഷ്യൻ അവന്റെ ഈ ലോകജീവിതം പൂർണ്ണമാക്കാൻ ശ്രമിക്കുക. അതിനെ കഴിയുന്നത്ര നന്മകൊണ്ട് നിറയക്കുക, നിസ്വാർത്ഥതകൊണ്ടു നിറയ്ക്കുക; മറ്റുള്ളവർക്കു തിന്മ നൽകാതെ നന്മ നൽകുക. ഈ ലോകം ക്രമേണ തിന്മയിലേക്കു നീങ്ങും. അതാണ് ഉൽപത്തിയുടെ തുടക്കത്തിലെ നന്മതിന്മകളുടെ വൃക്ഷത്തിന്റെ ഫലത്തിന്റെ കഥ. ഇവിടെ നന്മതിന്മകൾ അറിയുന്നതിലല്ല കാര്യം, നന്മയിൽ ജീവിക്കുന്നതാണ് കാര്യം. സ്വന്തം നന്മയെ വെളിവാക്കി സ്ത്രീയും പുരുഷനും എന്നുള്ള പ്രാഥമികാവസ്ഥയിൽനിന്നും ഉയരുക, അപ്പോൾ പൂർണ്ണമനുഷ്യർ (ദിവ്യമനുഷ്യർ) ആയി നാം രൂപാന്തരപ്പെടും. ഇതാണ് ഗുരുവിന്റെ സുവിശേഷം. ഇതാണ് മറിയത്തിന്റെ സുവിശേഷം. ഇത്ര മഹനീയമായ സുവിശേഷം ഇത്രയും കാലം മണൽക്കാടുകളിൽ ഒളിച്ചിരുന്നത് എന്തുകൊണ്ട്? എന്തിന് ഇപ്പോൾ വെളിച്ചത്തുവന്നു? ഇത് മൂവായിരാമാണ്ടിലെ സുവിശേഷമാണ്. മതത്തിന്റെ കെട്ടുകഥകളും അന്ധവിശ്വാസങ്ങളും എല്ലാം ദൂരീകരിച്ച സുന്ദരസുവിശേഷം. അന്ധകാരവും അന്ധവിശ്വസങ്ങളും നിറഞ്ഞിരുന്ന കാലഘട്ടങ്ങളിൽ ഈ സുവിശേഷത്തിന് പ്രസക്തിയില്ലായിരുന്നിരിക്കാം. എന്നാൽ മനുഷ്യൻ കൂടുതൽ ജ്ഞാനി ആകുകയും ലഭിക്കുന്ന വിജ്ഞാനത്തിനനുസരിച്ച് വളരുവാനും ജീവിക്കുവാനും ആഗ്രഹിക്കുകയും ചെയ്യുന്ന ഈ യുഗത്തിൽ (year 2000 and beyond) ഈ സുവിശേഷം മഴവില്ലുപോലെ മനോഹരവും ആനന്ദമയവും ആണ്. ഈ സുവിശേഷം പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും ഉദയത്തിന്റെ കാഹളമാണ്. ഈ സുവിശേഷത്തിന്റെ സൃഷ്ട്യാത്മകമായ ഭാവന ഭാവിതലമുറയെ നയിക്കട്ടെ. മനുഷ്യൻ സ്വാർത്ഥത വെടിഞ്ഞ്, അസൂയ വെടിഞ്ഞ്, അരിശം വെടിഞ്ഞ്, അജ്ഞത വെടിഞ്ഞ് അജ്ഞാനത്തിനു പകരം ജ്ഞാനം സ്വീകരിക്കട്ടെ. ഈ ഭൂമി സ്വർഗമായി മാറട്ടെ. അതേ, മനുഷ്യനു ലഭിക്കുന്ന ഏകസ്വർഗം അവന്റെ ഈ ലോകജീവിതം മാത്രമാണ് എന്നുള്ള സത്യം സൂര്യപ്രകാശംപോലെ തേജോമയമായി ഈ ഭൂമി നിറയട്ടെ. അന്ധകാരം മാറി പ്രഭാതം പൊട്ടിവിടരുമ്പോൾ ജീവജാലങ്ങളിൽ നിറയുന്ന പുതുശക്തി നമ്മിൽ നിറയെട്ടെ. നമ്മുടെ അസ്ഥികളിൽ ദിവ്യതേജസ്സിന്റെ ശക്തി നിറയട്ടെ. നമ്മിൽ ഉളവാകുന്ന നന്മയുടെ പുതുശക്തി ചിറകുവിരിച്ച് സ്വതന്ത്രമായ, വിശാലമായ ആകാശത്തേക്ക് പറന്നുയരട്ടെ. യേശുവിനെ രാജാവും മശിഹായും ആയി അഭിഷേകം ചെയ്ത മറിയത്തിന്റെ സുഗന്ധതൈലം നമ്മെ സ്വർഗരാജ്യത്തിന്റെ അവകാശികളാക്കി മാറ്റട്ടെ. മറിയത്തിന്റെ സുവിശേഷം നമ്മിലെ തിന്മകളുടെ കുരിശുമരണത്തിന്റെ സാക്ഷിയും നന്മയുടെ ഉദ്ധാരണത്തിന്റെ സാക്ഷിയും ആയി മാറട്ടെ. നന്മ ഉയർത്തു എന്ന സുവിശേഷം സാക്ഷിക്കുവാൻ നമ്മെ യോഗ്യരാക്കട്ടെ. അതാ മറിയം ഉയർന്നസ്ഥലമായ മഗ്ദലനയിൽ നിന്ന്, രാജാവിന്റെ

വാസസ്ഥലമായ ഉയർന്നസ്ഥലത്തുനിന്ന്, ഇടയൻ തന്റെ ആടുകളെ വീക്ഷിക്കുന്ന മലംചെരിവിലെ ഉയർന്ന സ്ഥലത്തുനിന്ന് നമ്മെ ചെറുപുഞ്ചിരിയോടെ വീക്ഷിക്കുന്നു. നമുക്ക് എഴുന്നേറ്റു മുന്നോട്ടു നടക്കാം. അവന്റെ മഹത്വത്തിന്റെ സുവിശേഷം പ്രചരിപ്പിക്കാം. ഈ മഹത്വത്തിന്റെ ശക്തി (ദേവീശക്തി) നമ്മിൽ നിറയുമ്പോൾ ഒരിക്കലും ഒഴിവാക്കാനാവാത്ത മരണത്തിലേക്കുള്ള യാത്ര സ്വസ്ഥതയുടെ നിശബ്ദതയിലേക്ക് ലയിക്കുന്ന നിത്യവിശ്രമമായി മാറുന്നു. മറിയത്തിന്റെ മാതൃസ്നേഹത്തിന്റെ ശക്തി നിങ്ങളെ തയ്യാറാക്കട്ടെ! ദുഃഖിതരേ, പീഢിതരേ, വിശക്കുന്നവരേ, നിങ്ങൾ എഴുന്നേറ്റ് നടക്കുവിൻ. നിങ്ങളുടെ ഉന്നമനത്തിനുവേണ്ടി ഈ ബലിയെ ദിവ്യതേജസിനു മുമ്പിൽ സമർപ്പിക്കുന്നു.

ഗ്രീക്ക് തത്വചിന്തകൻ പ്ലേറ്റോയുടെ റിപ്പബ്ളിക് എന്ന പുസ്തകത്തിൽ (VII 514A-521B) നിന്നുമുള്ള ഈ ഉപമ ശ്രദ്ധിക്കുക.

വളരെ ചെറുപ്പം മുതൽക്ക് തന്നെ ഗുഹയിൽ കൈകാലുകൾ ബന്ധിക്കപ്പെട്ട കുറേ തടവുകാർ. ഇവരുടെ തലയും ചങ്ങലകളാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഇവർക്ക് മുന്നോട്ടു മാത്രമെ കാണുവാൻ സാധിക്കയുള്ളൂ. ശരീരം വേറൊരു വശത്തേക്കും തിരിക്കുവാൻ സാധിക്കുകയില്ല.

ഈ തടവുകാരുടെ പിറകിൽ ഉയർന്ന ഒരു നടപ്പാത. അതിനു പുറകിൽക്കൂടി പല വിധത്തിലുള്ള രൂപങ്ങൾ വഹിച്ച് ആൾക്കാർ നടക്കുന്നു. ഈ രൂപങ്ങൾ യാഥാർത്ഥരൂപങ്ങളല്ല, മരം കൊണ്ടുണ്ടാക്കിയ കൃത്രിമമൃഗരൂപങ്ങളാണ്. അവ വഹിക്കുന്നവർ ചിലപ്പോൾ മൃഗത്തിന്റെ ശബ്ദം പുറപ്പെടുവിക്കും. അവരുടെ ശബ്ദം ഗുഹാഭിത്തിയിൽ പ്രതിദ്ധ്വനിക്കുമ്പോൾ അത് ഈ രൂപങ്ങൾ ഉണ്ടാക്കിയ ശബ്ദം എന്നു തോന്നുകയും ചെയ്യും. ഈ രൂപങ്ങൾ വഹിക്കുന്നവർ ഉയർന്ന നടപ്പാതയുടെ പുറകിൽ കൂടി നടക്കുന്നതിനാൽ ചലിക്കുന്ന രൂപങ്ങളുടെ നിഴലുകൾ മാത്രമെ തടവുകാർ കാണുകയുള്ളൂ. ഈ നടപ്പാതയുടെ പുറകിൽ വലിയ ആഴി കൂട്ടിയിരിക്കുന്നു.ഈ ആഴിയുടെ വെളിച്ചം രൂപങ്ങളിൽ തട്ടി തടവുകാരുടെ മുന്നിലെ ഭിത്തിയിൽ നിഴൽനാടകം സൃഷ്ടിക്കുന്നു. ഓരോ നിഴലുകൾ മുന്നിലെ ഭിത്തിയിൽ പ്രതിഫലിക്കുമ്പോഴും തടവുകാർ അതിന്റെ പേര് പറയുന്നു. ഇവർക്ക് അറിയാവുന്ന ഏക യാഥാർത്ഥ്യം ഇതു മാത്രമാണ്. ഈ നിഴൽരൂപങ്ങളുടെ പേരുകൾ കൂടുതൽ ശരിയാംവണ്ണം പറയുന്നത് തടവുകാരുടെ കഴിവായി കാണക്കാക്കുന്നു.

ഒരു തടവുകാരനെ ബന്ധനവിമുക്തനാക്കി നേരെ തിരിച്ചു നിർത്തിയാൽ പുറകിലെ വളരെ ശക്തിയേറിയ പ്രകാശത്തിന്റെ പ്രഭയാൽ അവൻ കണ്ട നിഴൽരൂപങ്ങളുടെ യാഥാർത്ഥ്യം കാണുവാൻ സാധിക്കുകയില്ല. അത്രയ്ക്കു ശക്തമാണ് പിന്നിലെ പ്രകാശം. ഇതേ അവസ്ഥയാണ് ഈ തടവുകാരനെ ഗുഹയ്ക്കു വെളിയിൽ കൊണ്ടുവന്നാലും സംഭവിക്കുന്നത്. കണ്ണഞ്ചിപ്പിക്കുന്ന

സൂര്യപ്രഭയും അവന്റെ കണ്ണുകളും തമ്മിൽ പൊരുത്തപ്പെടാത്തതിനാൽ വളരെയേറെ സമയം കൊണ്ടു മാത്രമേ ഗുഹയ്ക്കു വെളിയിലെ യഥാർത്ഥവസ്തുക്കളുടെ ഏകദേശരൂപം മനസ്സിലാക്കാൻ സാധിക്കുകയുള്ളു. സാധാരണരൂപം കാണണമെങ്കിൽ വീണ്ടും കൂടുതൽ സമയം ആവശ്യമാണ്. ഈ തടവുകാരനെ തിരികെ ഗുഹക്കുള്ളിൽ പഴയബന്ധനത്തിൽ വീണ്ടും ബന്ധിക്കുന്നു എന്നു കരുതുക. വീണ്ടും ഗുഹയിലെ രൂപങ്ങൾ മനസ്സിലാക്കാൻ അവന് വളരെയേറെ സമയം വേണ്ടിവരും. ഈ സമയമത്രയും നിഴൽരൂപങ്ങൾ വരുമ്പോൾ അവൻ തെറ്റായ പേരുകൾ പറയുന്നു, മറ്റുതടവുകാരുടെ പരിഹാസപാത്രവും ആയി മാറുന്നു. ഗുഹയ്ക്കു വെളിയിൽ പോകാത്ത തടവുകാർ ചിന്തിക്കുന്നത് വെളിയിൽ പോയ തടവുകാരന്റെ കാഴ്ചശക്തി നശിക്കാൻ കാരണം അവൻ വെളിയിൽ പോയതാണെന്നാണ്. അതിനാൽ തങ്ങൾ ഗുഹയ്ക്ക് വെളിയിൽ പോകുന്നില്ല എന്ന് മറ്റുള്ളവർ തീരുമാനിക്കുന്നു. ബന്ധനവിമുക്തരായി ശരിയായ പ്രകാശത്തിൽ യഥാർത്ഥ്യം അറിയാൻ പ്രേരിപ്പിക്കുന്നവനെ അവർ കൊല്ലുകയും ചെയ്യും.

നമ്മൾ ജീവിക്കുന്ന സമൂഹവും ഇതുപോലെയുള്ള ഒരു ഗുഹയാണ്. മതം, സമുദായം, രാഷ്ട്രം, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, അമ്പലം, പള്ളി, മോസ്ക്ക് തുടങ്ങി അനേകം ചങ്ങലകളാൽ നാം ബന്ധിതർ. ഇവിടെ നമ്മെ നിഴൽനാടകം കാട്ടി ഇതാണ് യാഥാർത്ഥ്യം എന്ന് തോന്നിപ്പിക്കുന്നു. എന്നാൽ ഈ ബന്ധനങ്ങളുടെ ചങ്ങല പൊട്ടിച്ചാൽ, തിരിഞ്ഞുനോക്കിയാൽ നമ്മുടെ പിന്നിലെ കൃത്രിമവെളിച്ചവും രൂപങ്ങളും ക്രമേണ നമുക്കു കാണുവാൻ സാധിക്കും. ഇതത്ര എളുപ്പമല്ല. മാത്രമല്ല വളരെ പ്രയാസമേറിയതുമാണ്. അതിനാൽ ഭൂരിഭാഗം ആളുകളും ഈ ബന്ധനത്തിൽ തന്നെ നില്ക്കുന്നു. ഗുഹയ്ക്കു വെളിയിൽ പോയി യഥാർത്ഥജ്ഞാനത്തിന്റെ സൂര്യനെ ദർശിക്കുമ്പോൾ അവന്റെ കണ്ണ് തുറക്കപ്പെടുന്നു. മുൻപ് കണ്ട നിഴലുകൾക്കു പകരം, കേട്ട കൃത്രിമശബ്ദങ്ങൾക്കു പകരം യാഥാർത്ഥരൂപങ്ങൾ കാണുന്നു, അവയുടെ ശരിയായ ശബ്ദം കേൾക്കുന്നു. ഈ മഹത്വത്തിന്റെ സ്വാതന്ത്ര്യം അറിയുമ്പോൾ ഗുഹയ്ക്കുള്ളിലെ തടവുകാരെ മോചിപ്പിക്കുവാനും യാഥാർത്ഥ്യം കാട്ടുവാനും നാം ശ്രമിക്കുന്നു. ഇവരാണ് സത്യാന്വേഷികൾ. ഇവർ പലപ്പോഴും ബലിയാടുകളായി മാറുന്നു. ഇതാണ് മനുഷ്യസമൂഹത്തിന്റെ ചരിത്രം.

സ്നേഹമെന്ന സത്യവെളിച്ചവുമായി വന്ന നീതിയുടെ സൂര്യന്മാരെ ഗുഹയിലെ കുരുടന്മാർ കുരിശിലേറ്റി, മുൾമുടി നൽകി. ഈ അന്ധതയിൽനിന്നും വിമുക്തരാകാൻ ഈ സ്നേഹത്തിന്റെ സുവിശേഷം നിങ്ങളെ പ്രാപ്തരാക്കട്ടെ. ■

**ഈ പരമ്പരയിൽ തുടർന്ന് പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥങ്ങൾ:**

| | | |
|---|---|---|
| പുസ്തകം 2 | : | തോമായുടെ സുവിശേഷം - സ്വയം മനസ്സിലാക്കുക |
| പുസ്തകം 3 | : | സത്യവേദപുസ്തകം - ആര്, എപ്പോൾ, എന്തിനെഴുതി?<br>ഭാഗം 1 പുതിയനിയമം<br>ഭാഗം 2 പഴയനിയമം |
| പുസ്തകം 4 | : | സുവിശേഷങ്ങളിലെ വിഡ്ഢിത്തങ്ങളും കെട്ടുകഥകളും |
| പുസ്തകം 5 | : | യേശു എന്ന ചരിത്രപുരുഷൻ ? |
| പുസ്തകം 6 | : | ചിന്താനിഘണ്ടു - വേദപുസ്തകത്തിലെ<br>സത്യങ്ങളുടെ സംഗ്രഹം |